# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

### 2018 മാർച്ച് 5, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171 - നമ്പർ 4

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

2018 മാർച്ച് 5, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

498/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 71

**II അടിയന്തരപ്രമേയം**

സുഗതന്റെ ആത്മഹത്യ–
(അവതരണാനുമതി നിഷേധിച്ചു) .. 428

**III ശ്രദ്ധ ക്ഷണിക്കൽ**

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഏറ്റെടുക്കൽ—

ശ്രീമതി ഇ. എസ്. ബിജിമോൾ ... 446

2. നാണ്യവിളകൾക്ക് താങ്ങുവില—

ശ്രീ. മോൻസ് ജോസഫ് ... 451

**IV സബ്മിഷൻ**

1. സബൂറാബീവിയുടെ മരണം–

ശ്രീ. ബി. സത്യൻ .. 458

2. പോലീസ് സേനാംഗങ്ങൾക്ക് ക്വാർട്ടേഴ്സ്–

ശ്രീ. റോജി എം. ജോൺ .. 459

3. പട്ടയ വിതരണം–

ശ്രീ. കെ. ഡി. പ്രസേനൻ .. 460

4. തുറവൂർ പ്രാദേശിക കേന്ദ്രത്തിന് കെട്ടിടം–

ശ്രീ. എ. എം. ആരിഫ് .. 461

5. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം–

ശ്രീ. ആർ. രാമചന്ദ്രൻ .. 463

പേജ്

6. തസ്തികകൾ സൃഷ്ടിക്കൽ–

ശ്രീ. എസ്. രാജേന്ദ്രൻ .. 465

7. കിടത്തി ചികിത്സ–

ശ്രീ. പി. കെ. അബ്ദു റബ്ബ് .. 467

8. റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം–

ശ്രീ. എ. പ്രദീപ്കുമാർ .. 469

9. അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ–

ശ്രീ. പി. ഉബൈദുള്ള .. 471

10. ഗ്രേസ് മാർക്ക്–

ശ്രീ. കെ. വി. വിജയദാസ് .. 473

**V ധനകാര്യം**

2018-19 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും .. 474

**VI അറിയിപ്പ്**

യോഗ ക്ലാസ്–

മി. സ്പീക്കർ .. 564

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

*2018 മാർച്ച് 5, തിങ്കൾ*


| വാല്യം 171] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 4 |
|---|---|---|


നിയമസഭ 2018 മാർച്ച് മാസം 5-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ......ഓർഡർ.......... ചോദ്യം നമ്പർ *91

### വയലുകളും തണ്ണീർത്തടങ്ങളും കായലുകളും സംരക്ഷിക്കാൻ നടപടി

1 (*91) ശ്രീ. വി. ജോയി:

ശ്രീ. കെ. സുരേഷ് കുറുപ്പ്:

ശ്രീ. എം. നൗഷാദ്:

ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റംസാർ പട്ടികയിൽ ഉൾപ്പെട്ട അതീവ പരിസ്ഥിതി പ്രാധാന്യമുള്ള വേമ്പനാട്ടുകായലും ശാസ്താംകോട്ട കായലും കയ്യേറ്റം കാരണം ആഴവും വിസ്തൃതിയും കുറഞ്ഞുവരുന്നതായു ള്ള പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കായലുകളെയും നദീതടങ്ങളെയും സംരക്ഷിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) നികത്തൽ ഭീഷണി നേരിടുന്ന വയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാനായി സ്വീകരിച്ച നടപടികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) നെൽവയലോ തണ്ണീർത്തടമോ ആയിരുന്ന സ്ഥലങ്ങളുടെ ഡാറ്റാബാങ്ക് തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; നിലവിലെ സ്ഥിതി അറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) റംസാർ തണ്ണീർത്തടങ്ങളായ വേമ്പനാട്, ശാസ്താംകോട്ട, അഷ്ടമുടി എന്നീ കായലുകളുടെ സമഗ്ര സംരക്ഷണത്തിനായി സംസ്ഥാന തണ്ണീർത്തട അതോറിറ്റി തയ്യാറാക്കിയ ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിനു വേണ്ട സാമ്പത്തിക സഹായത്തിനായുള്ള അപേക്ഷ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്നമുറയ്ക്ക് സ്റ്റേറ്റ് വെറ്റ് ലാന്റ് അതോറിറ്റി മുഖേന മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതാണ്.

(ബി) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി റവന്യൂ വകുപ്പിൽ താലൂക്ക്തലത്തിൽ പ്രത്യേകം സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നതും അനധികൃതമായി തരംമാറ്റം കണ്ടെത്തുന്ന കേസുകളിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരം ഭൂമി പൂർവ്വസ്ഥിതിയിലാക്കാനും, വകുപ്പ് 20 പ്രകാരം വാഹനം കണ്ടുകെട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ വകുപ്പ് 23, 25 എന്നിവ പ്രകാരം ഭൂവുടമയ്ക്കെതിരെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) പൂർത്തിയാക്കിയിട്ടില്ല. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകരിക്കേണ്ട ഡാറ്റാബാങ്കുകൾ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും നടപടികൾ സർക്കാർ ഊർജ്ജസ്വലമാക്കുകയുണ്ടായി. സംസ്ഥാനത്തെ 1076 കൃഷിഭവൻ പ്രദേശങ്ങളിൽ 669 ഇടത്തിൽ ഡാറ്റാബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 226 കൃഷിഭവൻ പ്രദേശങ്ങളിൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരണത്തിനായി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗവൺമെന്റ് പ്രസ്സുകളിൽ ഏൽപ്പിച്ചിട്ടുണ്ട്. 9 ജില്ലകളിലായി 22 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ/തണ്ണീർത്തടം ഇല്ലാത്തതാണ്. ഡാറ്റാബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏൽപ്പിക്കുകയും എന്നാൽ ഗസറ്റ് വിജ്ഞാപനം നടത്താനായി അവ ഗവൺമെന്റ് പ്രസ്സിലേയ്ക്ക് കൈമാറാത്തതുമായ 136 എണ്ണവും ഡാറ്റാബാങ്ക് തയ്യാറാക്കൽ പൂർത്തിയാക്കാനുണ്ടായിരുന്ന 23 എണ്ണവും ഉൾപ്പെടെ 159 പ്രദേശങ്ങളുടെ ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ പരിശോധിച്ച് കുറ്റമറ്റരീതിയിൽ പ്രസിദ്ധപ്പെടുത്തുന്നതിന് കെ.എസ്.ആർ.ഇ.സി.യുടെ സഹകരണത്തോടെ കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെ 88 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് ശാസ്ത്രീയ പരിശോധനയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് കെ.എസ്.ആർ.ഇ.സി. തയ്യാറാക്കിയിട്ടുണ്ട്. ഡാറ്റാബാങ്ക് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനുമായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും കാർഷിക

വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ കൺവീനറും കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ്, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് ഡയറക്ടർ, കെ.എസ്.ആർ.ഇ.സി. ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു ഉന്നതതല സമിതി സ.ഉ. (ആർറ്റി) നമ്പർ 47/2017/ കൃഷി (എൻ.സി.എ.) വകുപ്പ് തീയതി 18-2-2017 പ്രകാരം രൂപംനൽകിയിട്ടുണ്ട്.

ശ്രീ. വി. ജോയിക്കുവേണ്ടി ശ്രീ. എ. എം. ആരിഫ്: സർ, തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിലാക്കാൻ തുടങ്ങുന്ന സമയം മുതൽ നമ്മുടെ അശ്രദ്ധ കൊണ്ടോ, കൈകാര്യം ചെയ്യുന്നതിലെ പിഴവുകൊണ്ടോ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം ഞാനും ഈ സഭയിലെ മറ്റ് പല അംഗങ്ങളും വർഷങ്ങളായി ഉന്നയിക്കുന്നതാണ്. അങ്ങയുടെ മറുപടി പ്രതീക്ഷിച്ച് അക്കാര്യം വീണ്ടും ഉന്നയിക്കുകയാണ്. ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതോ ഉൾപ്പെടാത്തതോ ആയ ഭൂമി, വർഷങ്ങളായി നികത്തപ്പെട്ട നിലയിൽ ഉപയോഗിച്ചുവരുന്നതും ഫലവൃക്ഷങ്ങളും കെട്ടിട സമുച്ചയങ്ങളുമെല്ലാം നിൽക്കുന്നതുമായ സ്ഥലം റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയതു നിമിത്തം ബാങ്ക് വായ്പ, കെട്ടിട നിർമ്മാണ അനുമതി എന്നിവ ലഭിക്കുന്നില്ല, കൈമാറ്റം ചെയ്യാനും സാധിക്കുന്നില്ല. യഥാർത്ഥത്തിൽ ഈ വസ്തു ഉടമയ്ക്ക് കൈവശം വയ്ക്കാമെന്നല്ലാതെ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. 5 സെന്റോ, 10 സെന്റോ വീടുവയ്ക്കാൻ കൊടുക്കുന്നതിലുള്ള പ്രശ്നമല്ല ഞാൻ ഉന്നയിക്കുന്നത്, പതിനായിരക്കണക്കിന് ആളുകൾ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണിത്. ദുരുപയോഗം ചെയ്യാൻ ശ്രമിച്ചപ്പോൾ, നേരത്തെയുണ്ടായിരുന്ന ചില ഭേദഗതികൾ റദ്ദ് ചെയ്തെങ്കിലും ഇതുമായി ബന്ധപ്പെട്ട പ്രശ്നം ബാക്കി നിൽക്കുകയാണ്. ഈ ദുരവസ്ഥയ്ക്ക് പരിഹാരം കാണാൻ എന്ത് നിർദ്ദേശമാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയത്തിൽ ഡാറ്റാബാങ്കിൽ നിലമെന്ന് രേഖപ്പെടുത്തിയിട്ടുള്ളതും വളരെ നേരത്തേതന്നെ നികത്തിയിട്ടുള്ളതുമായ പല ഭൂമിയും ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. അത്തരം കേസുകളിൽ തിരുത്തൽ വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് തിരുത്തൽ അപേക്ഷകൾ നൽകുന്നതിനുള്ള സൗകര്യം നൽകിയിട്ടുണ്ട്. ആദ്യം മൂന്ന് മാസം അനുവദിക്കുകയും തുടർന്ന് മൂന്ന് മാസംകൂടി സാവകാശം വേണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മൂന്ന് മാസംകൂടി അനുവദിച്ച് ആറുമാസം അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിക്കുകയും ചെയ്തിരുന്നു. അപ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചുവരികയാണ്. നേരത്തേതന്നെ നികന്നുപോയ ഭൂമി, ഡാറ്റാബാങ്കിൽ നിലമെന്ന് രേഖപ്പെടുത്തപ്പെട്ട ഭൂമി നിലവിലുള്ളതുപോലെതന്നെ ഉപയോഗിക്കുന്നതിന് ആവശ്യമായ വിധത്തിലുള്ള സൗകര്യമുണ്ടാക്കുന്നതിനുവേണ്ടിയാണ് തിരുത്തലിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നത്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, നീർത്തടങ്ങൾ സംരക്ഷിക്കുന്നതുപോലെതന്നെ പൊതു ആവശ്യങ്ങൾക്കായും ഭൂമി ചിലപ്പോൾ ഏറ്റെടുക്കേണ്ടി വരാറുണ്ട്. അതുകൊണ്ടാണ് മാതൃനിയമത്തിൽത്തന്നെ ആവശ്യമായ എക്സംപ്ഷണൽ ക്ലോസ് ചേർത്തിട്ടുള്ളത്. പൊതു ആവശ്യങ്ങൾക്കായും പ്രാദേശിക ആവശ്യങ്ങൾക്കായും സർക്കാർ പദ്ധതികൾക്ക് വേണ്ടിയും നികത്തേണ്ടിവരുന്ന സമയത്ത് പ്രാദേശിക സമിതികൾ ശിപാർശചെയ്ത് സംസ്ഥാനതലം വരെയെത്തണം. എ.പി.സി. അദ്ധ്യക്ഷനായുള്ള സമിതിയാണ് ഇതിന് അനുവാദം നൽകുന്നത്. ഇതിനായി ഡാറ്റാസ് കളക്ട് ചെയ്ത് രേഖകൾ സംഘടിപ്പിച്ച് നൽകുക എന്നുപറയുന്നത് വലിയ കാലതാമസമുളവാക്കുന്നതാണ്. അനുവാദം ലഭിക്കാത്തതുമൂലം പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ തന്നെ നഷ്ടപ്പെട്ട് പോയിട്ടുള്ള അവസ്ഥയുമുണ്ടാകാറുണ്ട്. പൊതു ആവശ്യങ്ങൾക്കായി ഏറ്റെടുക്കേണ്ടി വരുന്ന തണ്ണീർത്തടങ്ങൾക്ക് പ്രാദേശിക ശിപാർശകളില്ലാതെ തന്നെ സർക്കാരിന് അനുമതി നൽകാനുള്ള ഭേദഗതി നിയമത്തിൽ കൊണ്ടുവരുന്നതിന് ശ്രമിക്കുന്നുണ്ടെന്ന് പത്രവാർത്തകൾ ഉണ്ടായിരുന്നു. പൊതു ആവശ്യങ്ങൾക്കായി തണ്ണീർത്തടങ്ങൾ ഏറ്റെടുക്കേണ്ടി വരുമ്പോൾ, എത്രയുംവേഗം അനുവാദം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ ഉദ്ദേശ്യംതന്നെ വ്യാപകമായ രീതിയിലുള്ള നികത്തലുകൾ തടയുക എന്നതാണ്. പൊതു ആവശ്യത്തിന് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാരിന് അടിയന്തരമായി ചെയ്തുതീർക്കേണ്ട ചില കാര്യങ്ങളിൽ, നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ചില നിർദ്ദേശങ്ങൾ എന്ന നിലയ്ക്കാണ് ഓർഡിനൻസ് മുഖേന ആ കാര്യങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളത്. നിശ്ചിത പദ്ധതിക്ക് വേണ്ടിയുള്ള കാര്യങ്ങൾ മാത്രമാണ് അതിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. വ്യാപകമായി നികത്തുന്നതിനുള്ള സാധ്യത അതുമായി ബന്ധപ്പെട്ട് ഉണ്ടാകില്ല എന്നുള്ള കാര്യം കൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, വേമ്പനാട് കായൽ നേരിടുന്ന ഏറ്റവും വലിയ ഭീഷണി നിരന്തരമായി നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ കയ്യേറ്റങ്ങളാണ്. മുപ്പത്തെട്ടായിരം ഹെക്ടറുണ്ടായിരുന്ന വേമ്പനാട് കായൽ ഇന്ന് പന്ത്രണ്ടായിരം ഹെക്ടറായി ചുരുങ്ങിയിരിക്കുകയാണ്. അധികാരികളുടെ കണ്ണുവെട്ടിച്ചും അവരെ സ്വാധീനിച്ചും ഇപ്പോഴും കയ്യേറ്റങ്ങൾ നടക്കുകയാണ്. അതുപോലെ മലിനീകരണവും ഉണ്ടാകുന്നുണ്ട്. ഈ രണ്ട് കാര്യങ്ങളും തടയണം. വേമ്പനാട് കായലിനെ പൂർവ്വ സ്ഥിതിയിലാക്കാൻ, കയ്യേറ്റങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്? ഹൗസ് ബോട്ടുകൾമൂലം മലിനീകരണം ഉണ്ടാകുന്നുണ്ട്. വേമ്പനാട്ട് കായലിലേയ്ക്ക് വന്നുചേരുന്ന തോടുകൾ മാലിന്യക്കുമ്പാരങ്ങൾ നിക്ഷേപിക്കുന്നതിൽ വലിയ പങ്ക വഹിക്കുന്നുണ്ട്. ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, തണ്ണീർത്തടങ്ങൾ പ്രത്യേകിച്ച് വേമ്പനാട് കായൽ ഉൾപ്പെടെയുള്ളവയുടെ വിസ്തൃതി കുറഞ്ഞുപോകുന്നതിനും വ്യാപകമായ തോതിൽ മാലിന്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതിനും കാരണമാകുന്നത് ഒരു പരിധിവരെ ടൂറിസം മേഖലയിലെ പ്രവർത്തനങ്ങളാണ്. തണ്ണീർത്തട സംരക്ഷണത്തിനുവേണ്ടി രൂപീകരിച്ചിട്ടുള്ള അതോറിറ്റി കേന്ദ്രഗവൺമെന്റിൽ നിന്നുള്ള സഹായത്തിനായി അഭ്യർത്ഥിക്കുകയും സഹായം ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാം എന്നുള്ളതാണ് ഇപ്പോൾ ഗവൺമെന്റിന്റെ മുന്നിലുള്ള പ്രധാന പോംവഴി.

ശ്രീ. എം. നൗഷാദ്: സർ, ശാസ്താംകോട്ട ശുദ്ധജല തടാകം ഇന്ന് മലിനമാകുകയും ജലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. കൊല്ലം നിവാസികൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് ഈ തടാകത്തെയാണ്. അതിന്റെ ഇന്നത്തെ ദുരവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ റംസാർ പട്ടികയിൽത്തന്നെ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടു ള്ള ഈ തടാകത്തിന്റെ സംരക്ഷണത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; ശാസ്താംകോട്ട ശുദ്ധജല തടാകവും അഷ്ടമുടിക്കായലും സംരക്ഷിക്കുന്നതിനായി ഒരു സ്വതന്ത്ര അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ശാസ്താംകോട്ട കായലിന്റെ സംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ശാസ്താംകോട്ട തടാകവുമായി ബന്ധപ്പെട്ട പ്രദേശത്തുണ്ടായിട്ടു ള്ള അനധികൃത കയ്യേറ്റങ്ങൾ അളന്നുതിട്ടപ്പെടുത്തുന്നതിനായി 2009-10 കാലയളവിൽത്തന്നെ സർവ്വേ നടപടികൾ തുടങ്ങുകയുണ്ടായി. എന്നാൽ ഓരോ അനധികൃത കയ്യേറ്റങ്ങളും ഒഴിവാക്കുന്ന മുറയ്ക്ക് മറ്റു ചില പ്രദേശങ്ങളിൽ കയ്യേറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്ന എന്നുള്ള ഒരു അവസ്ഥയും നിലനിൽക്കുകയാണ്. കായൽ പുറമ്പോക്ക് ഭൂമിയുടെ അതിർത്തി നിശ്ചയിക്കുന്നതിനായി പുറമ്പോക്ക് കയ്യേറിയവരുടെ ലിസ്റ്റ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലു ള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ശാസ്താംകോട്ട തടാകത്തിന്റെ ജൈവ വൈവിദ്ധ്യ പുനരുദ്ധാരണവും സംരക്ഷണവും സംബന്ധിച്ച ഒരു ജൈവ വൈവിദ്ധ്യ പരിപാലന സമിതി രൂപീകരിച്ചിട്ടു ള്ളതും ആയതുപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. അതുപോലെ മറ്റൊരു ചോദ്യത്തിന് ഉത്തരമായി ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്ര ഗവൺമെന്റിൽനിന്ന് ഇത്തരം തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനാവശ്യമായ സാമ്പത്തിക സഹായത്തിനുവേണ്ടിയുള്ള പ്രോജക്ട് സമർപ്പിച്ചിരിക്കുകയാണ്. അത് കിട്ടുന്നമുറയ്ക്ക് തുടർ നടപടികളുമായി മുന്നോട്ടുപോകും.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഡാറ്റാബാങ്ക് ഉണ്ടെങ്കിലും ഇല്ലെങ്കിലും ഇപ്പോഴത്തെ സ്ഥിതി വളരെ സങ്കീർണ്ണമാണ്. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കപ്പെടാത്ത പഞ്ചായത്തുകൾ എന്നുള്ള നിലയിൽ ഒരുവശത്ത് പ്രശ്നം നിലനിൽക്കെ അഞ്ചും പത്തും സെന്റ് ഭൂമിയുള്ളവർക്ക് വീട് വയ്ക്കുന്നതിന് ഇളവുനൽകുന്നത് സംബന്ധിച്ച് ഗവൺമെന്റ് അനുകൂല നടപടി സ്വീകരിച്ചിട്ടും ഹൈക്കോടതി ഇടപെടലിലൂടെ പ്രശ്നം വളരെയേറെ സങ്കീർണ്ണമായിത്തീർന്നിരിക്കുകയാണ്. ഇതിനുമുമ്പ് ജനകീയ കമ്മിറ്റി ശിപാർശ ചെയ്തത് സബ് കളക്ടർ ഉത്തരവിട്ടെങ്കിലേ നടപ്പിലാക്കാൻ പറ്റുകയുള്ളൂ എന്നായിരുന്നുവെങ്കിൽ ഇപ്പോൾ കോടതി ഇടപെട്ടതോടുകൂടി അത് ജില്ലാ കളക്ടർ ഉത്തരവിട്ടെങ്കിലേ പറ്റുകയുള്ളൂ എന്നായി. ഇതൊരു ഈവന്റ് മാനേജ്മെന്റ് പോലെ സബ് കളക്ടർ, ജില്ലാ കളക്ടർ എന്ന രീതിയിൽ പോയി ഇങ്ങനെ അനുവാദം കൊടുക്കാതെ നിർത്തിവച്ചിരിക്കുകയാണ്. ലൈഫ് ഉൾപ്പെടെയുള്ള പദ്ധതികൾക്ക് കരഭൂമിയിൽ ഉൾപ്പെടെ വീടുവയ്ക്കുവാൻ അനുവാദം ഇപ്പോൾ നിഷേധിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? മൂന്നാർ സംരക്ഷണത്തിനുവേണ്ടി മൂന്നാർ റിവർ മാനേജ്മെന്റ് ഫണ്ടിൽ കുറെ ആപ്ലിക്കേഷനുകൾ കൊടുത്തിരുന്നു. 5 വർഷക്കാലത്തിനുള്ളിൽ അതിൽ ഒരെണ്ണംപോലും അനുവദിച്ചിട്ടില്ല. അതിൽ അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിക്കാൻ അങ്ങ് മുൻകയ്യെടുക്കുമോ എന്നു ള്ളതാണ് എന്റെ ചോദ്യം?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വീടുവയ്ക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തിൽ 10 സെന്റും നഗര പ്രദേശങ്ങളിൽ 5 സെന്റും ഭൂമി അനുവദിക്കുന്നതിനുവേണ്ടിയുള്ള ഒരു നിർദ്ദേശം എന്ന നിലയ്ക്ക് ഗവൺമെന്റ് ഇറക്കിയ സർക്കുലർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി തടഞ്ഞിരിക്കുകയാണ്. ആവശ്യമുള്ള ആളുകൾ 1967-ലെ കെ.എൽ.യു. ആക്ടിന്റെ അടിസ്ഥാനത്തിൽ ആർ.ഡി.ഒ.യ്ക്ക് തന്നെ അപേക്ഷ നൽക ണമെന്നുള്ളതായിരുന്നു കോടതിയുടെ നിർദ്ദേശം. ഇതുസംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങളടങ്ങിയ ഓർഡിനൻസ് 30-12-2017-ൽ ഇറക്കിയിരിക്കുകയാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഭാഗമായി പദ്ധതി നടപ്പാക്കുമ്പോൾ, ഗവൺമെന്റിന്റെ അല്ലെങ്കിൽ പൊതുകാര്യത്തിനുവേണ്ടി നെൽവയലുകൾ നികത്തുന്നതിനുള്ള ഒരു ഓർഡിനൻസാണ് കൊണ്ടുവന്നതെന്ന് അങ്ങ് പറഞ്ഞു. ഇത്തരം പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് നേരത്തെ പല കോടതിവിധികളും വന്നിട്ടുണ്ട്. അവയിലൊക്കെ ഗവൺമെന്റ് അനുഭവിക്കുന്ന ആനുകൂല്യങ്ങൾ സ്വകാര്യ വ്യക്തികൾക്ക് തടയപ്പെടാൻ പാടില്ല. രണ്ട് രീതിയിൽ ഒരു നിയമം നടപ്പാക്കാൻ കഴിയുകയില്ല എന്ന് പരാമർശിക്കുന്ന സാഹചര്യത്തിൽ ഇത്തരമൊരു ഇളവുകൊടുത്താൽ അത് എങ്ങനെയാണ് ഈ രീതിയിൽ മറി കടക്കാൻ കഴിയുന്നത്; അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇത് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച കാര്യമാണ്. സർക്കാരിന്റെ പൊതു ആവശ്യമെന്ന നിലയിൽ സർക്കാരിന് നേരിട്ട് ഇടപെട്ട് ചെയ്യേണ്ട ചില പൊതുകാര്യങ്ങൾക്കായി ഈ ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓർഡിനൻസിലെ 10-ാം വകുപ്പ് പ്രകാരം പൊതു ആവശ്യത്തിനായി കർശന നിബന്ധനകൾക്ക് വിധേയമായി പരിവർത്തനപ്പെടുത്തൽ ഒഴിവാക്കി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേവലം 5 പ്രവൃത്തികൾക്ക് (3 സ്കീമുകൾക്ക്) അപ്രകാരം ഒഴിവാക്കൽ മന്ത്രിസഭയുടെ അനുമതിയോടെ അനുവദിച്ച നൽകിയിട്ടുണ്ട്. ഗെയിൽ പദ്ധതിക്കുവേണ്ടിയുള്ള 3 സ്ഥലങ്ങളിലും ടെക്നോപാർക്കിനുവേണ്ടി ഒരു സ്ഥലത്തും ബ്രഹ്മപുരത്തിനും വേണ്ടിയാണ് ഇപ്രകാരം ഒഴിവാക്കൽ അനുവദിച്ച നൽകിയത്. പൊതു ആവശ്യം എന്നതിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെയും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും പദ്ധതികളും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റ് പദ്ധതികളും പ്രോജക്ടുകളും മാത്രമാണ് ഉൾപ്പെട്ടുവരുന്നത്. അതുകൊണ്ട് ഇതിൽ വ്യാപകമായ നികത്തൽ ഉണ്ടാകും എന്നു ഭയപ്പെടേണ്ട കാര്യമില്ല.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കുളങ്ങളും ചിറകളുമൊക്കെ നവീകരിച്ച് ജലസംഭരണികൾ ഭംഗിയാക്കാനുള്ള നടപടികൾ നടക്കുന്നുണ്ട്. എന്റെ മണ്ഡലത്തിലുൾപ്പെടെ വലിയ ചിറകൾ മുഴുവൻ ചെളിമൂടി കിടക്കുകയാണ്. അത് വാരിമാറ്റുന്നതിന് ഭാരിച്ച ചെലവ് വരും. ചെളി മൂടി കിടക്കുന്ന കുളങ്ങളും ചിറകളും ചെളി വാരിമാറ്റി വൃത്തിയാക്കാനായി ടെണ്ടർ കൊടുത്താൽ അതിൽനിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് കുളങ്ങളും ചിറകളും സംരക്ഷിച്ചെടുക്കാനും സാധിക്കും. അത്തരമൊരു നടപടി നിയമാനുസൃതം ചെയ്യാൻ ജില്ലാ കളക്ടറെയോ തഹസീൽദാർമാരെയോ ചുമതലപ്പെടുത്തുകയാണെങ്കിൽ വളരെ ഫലപ്രദമാകും. അതിനു ള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം വളരെ പ്രധാനപ്പെട്ടതും പരിഗണിക്കപ്പെടേണ്ടതുമായ വിഷയമാണെങ്കിലും ഇതുസംബന്ധിച്ച ഒരു തീരുമാനം ഇപ്പോൾ സർക്കാരിന്റെ മുന്നിൽ ഇല്ലാത്തതുകൊണ്ട് പരിശോധിച്ച് തീരുമാനിക്കാം.

ശ്രീ. അടൂർ പ്രകാശ്: സർ, തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് കയ്യേറ്റങ്ങളും അനധികൃത നികത്തലും ഉൾപ്പെടെയുള്ള പല കാര്യങ്ങളും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇങ്ങനെ അനധികൃതമായി ഭൂമി നികത്തുന്നതു കണ്ടെത്തിയാൽ അവ തിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുകയാണ്

സാധാരണഗതിയിൽ ചെയ്യാറുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ജില്ലകളിൽ അനധികൃത കയ്യേറ്റം കണ്ടെത്താൻ കഴിഞ്ഞു ; അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കയ്യേറിയതും നികത്തിയതുമായ സ്ഥലങ്ങൾ സംബന്ധിച്ച് വ്യക്തമായ കണക്കുകളുണ്ട്. ഇടുക്കി ജില്ലയിൽ വയൽ നികത്തുന്ന നടപടി ഉണ്ടായിട്ടില്ല. ബാക്കി എല്ലാ ജില്ലകളിലുമുണ്ട്. 38.58 ഏക്കർ സ്ഥലം പൂർവ്വസ്ഥിതിയിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഈ കാലഘട്ടത്തിനിടയിൽ ഉണ്ടായിട്ടുണ്ട്.

ശ്രീ. കെ. വി. വിജയദാസ്: സർ, സാധാരണക്കാരായ ആളുകൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി 2220 അപേക്ഷകളാണ് പാലക്കാട് ജില്ലയിൽ മാത്രം കെട്ടിക്കിടക്കുന്നത്. അതിൽ 17 എണ്ണമാണ് അനുവദിച്ചിട്ടു ള്ളത്. വലിയ കാലതാമസമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടു ള്ളത്. ബാങ്ക് വായ്പയെടുത്ത് വീടുവയ്ക്കുന്നവർ, കച്ചവട സ്ഥാപനങ്ങൾ കെട്ടാൻ ഉദ്ദേശിക്കുന്നവർ, ലൈഫ് പദ്ധതി പ്രകാരം വീട് അനുവദിക്കപ്പെട്ടവർ എല്ലാം ഇതിനകത്തുണ്ട്. ഏതെങ്കിലും തരത്തിൽ ഈ അപേക്ഷ തീർപ്പുകൽപ്പിക്കാനും വീടിന് കെ.എൽ.യു.വി.-നുവേണ്ടി അപേക്ഷ കൊടുത്തവർക്ക് എത്രയും പെട്ടെന്ന് അനുവദിച്ചുകൊടുക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ; പ്രത്യേകിച്ച് ലൈഫ് പദ്ധതി പ്രകാരം വീട് അനുവദിക്കപ്പെട്ടവർക്ക് അടിയന്തര ഉത്തരവ് കൊടുക്കുന്ന തിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 5, 10 സെന്റ് ഭൂമിയുടെ കാര്യത്തിലുൾപ്പെടെ കോടതിയുടെ ഭാഗത്തുനിന്നുണ്ടായ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ പുതിയ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. 120 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും 400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം വരുന്ന വാണിജ്യാവശ്യത്തിനുവേണ്ടിയുള്ള കെട്ടിട ങ്ങൾക്കുമുൾപ്പെടെ സമർപ്പിച്ചിട്ടുള്ള എല്ലാ അപേക്ഷകളിന്മേലും തീർപ്പുകൽപ്പിക്കു ന്നതിനുള്ള നടപടികൾ ഈ ഓർഡിനൻസിന്റെ ഭാഗമായി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനും അത് സഹായകരമാകുമെന്നാണ് കരുതുന്നത്.

മി. സ്പീക്കർ: അത് മാർച്ച് 31-നകം തീരുമാനമാക്കണമെന്ന നിലയിലാണ് നിർദ്ദേശം കൊടുത്തിട്ടു ള്ളത്. ആയിരക്കണക്കിന് അപേക്ഷകൾ കെട്ടിക്കിടക്കുന്നു. അത് പ്രായോഗികമായി നടക്കുമോ? സമയം നീട്ടിക്കൊടുക്കേണ്ടിവരും.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സമയം നീട്ടിക്കൊടുക്കുന്ന കാര്യം പരിശോധിക്കാം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഡാറ്റാബാങ്കുകൾ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടിയുള്ള പ്രോസസ്സ് വളരെക്കാലമായി ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഡാറ്റാബാങ്ക് തയ്യാറാക്കിയ പഞ്ചായത്തുകളുടെയും വില്ലേജുകളുടെയും കണക്കുകൾ മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. അതോടൊപ്പം തണ്ണീർത്തട മാസ്റ്റർപ്ലാനുകളും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. നേരത്തെയുള്ള നിയമത്തിന്റെ അടിസ്ഥാനത്തിലാണോ ഇപ്പോഴുള്ള നിയമത്തിന്റെ അടിസ്ഥാനത്തിലാണോ ഇത് പൂർത്തീകരിക്കാൻ പോകുന്നത് ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വ്യക്തമായില്ല. ഡാറ്റാബാങ്കിലു ള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ പൂർത്തീകരിച്ച പഞ്ചായത്തുകളുടെ എണ്ണവും ഇപ്പോൾ ഗസറ്റ് വിജ്ഞാപനത്തിനുവേണ്ടി പോയിരിക്കുന്ന പഞ്ചായത്തുകളുടെ എണ്ണവും നെൽവയൽ/തണ്ണീർത്തടം ഇല്ലാത്ത സ്ഥലങ്ങളുടെ കാര്യവുമാണ് മറുപടിയിൽ സൂചിപ്പിച്ചത്. കൃത്യമായ രീതിയിൽ ഓരോ ജില്ലകളുടെയും കണക്കുകളുടെ അടിസ്ഥാനത്തിൽ ഡാറ്റാബാങ്ക് തയ്യാറാക്കുന്നുണ്ട്; അത് പൂർത്തീകരിച്ച് നടപ്പാക്കി മുന്നോട്ടുപോകുന്നതാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, വേമ്പനാട്ട് കായലിന്റെ ഉൾഭാഗങ്ങളായിട്ടുള്ള കല്ലഞ്ചേരി കായൽ, കുമ്പളങ്ങി, കുമ്പളം തുടങ്ങിയ പ്രദേശങ്ങളിലെല്ലാം എക്കൽ അടിഞ്ഞ് കായൽ നികന്നുകൊണ്ടിരിക്കുകയാണ്.മത്സ്യത്തൊഴിലാളികൾക്ക് അവിടെ വള്ളമിറക്കണമെങ്കിൽ 40 മീറ്ററോളം കയർ കെട്ടിവലിച്ച് ഇറക്കേണ്ട സ്ഥിതിയാണുള്ളത്. ഈ കായൽ റവന്യൂ വകുപ്പിന്റെകീഴിലാണെങ്കിലും ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കേണ്ടത് ഇറിഗേഷൻ വകുപ്പാണ്. ഇതിന്റെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് മത്സ്യത്തൊഴിലാളികളാണ്. ബന്ധപ്പെട്ട വകുപ്പുകൾ കൂടിയാലോചിച്ച് ഡ്രഡ്ജ് ചെയ്ത് എക്കൽ മാറ്റി മത്സ്യത്തൊഴിലാളികൾക്ക് വ ള്ളമിറക്കാൻ കഴിയുന്ന ഒരു സാഹചര്യം വേമ്പനാട്ടുകായൽ മേഖലയിലുണ്ടാക്കാൻ സാധിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2017-ൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന നിലവിലു ള്ള നിയമത്തിന്റെയും റൂൾസിന്റെയും അടിസ്ഥാനത്തിൽ ഒരു പ്രത്യേക അതോറിറ്റിയുടെ നേതൃത്വത്തിലാണ് ഇതുസംബന്ധിച്ച കാര്യങ്ങൾ നിർവ്വഹിക്കേണ്ടത്. അതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒരു പ്രത്യേക അതോറിറ്റി രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചിരിക്കുകയാണ്. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ചീഫ് സെക്രട്ടറി വൈസ് ചെയർമാനും പരിസ്ഥിതി വകുപ്പ് സെക്രട്ടറി മെമ്പർ സെക്രട്ടറിയുമാണ്. ആ അതോറിറ്റിയുടെ നേതൃത്വത്തിലാണ് ഇത്തരം കാര്യങ്ങൾ സംബന്ധിച്ച പരിശോധന ഇനി നടപ്പാക്കുന്നത്.

## പൊതുവിദ്യാഭ്യാസ സംരക്ഷണം

2 (*92) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ബാബു:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുവിദ്യാലയങ്ങളെ മികച്ചവയാക്കി മാറ്റുന്നതിന്റെ രണ്ടാംഘട്ടമായി ഗുണനിലവാരവും തുല്യതയും ഉറപ്പാക്കിക്കൊണ്ട് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി)ലിംഗസമത്വവും ജാതി മതാതീത സമത്വബോധവും വിമർശനാത്മക ജനാധിപത്യമൂല്യവും കുട്ടികളിൽ അങ്കുരിപ്പിക്കുവാൻ പര്യാപ്തമായ വിധത്തിൽ പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതി രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി)പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി ഓരോ വിദ്യാലയത്തിന്റെയും ചുറ്റുമു ള്ള പൊതുസമൂഹത്തിന്റെ സാർത്ഥകമായ ഇടപെടലിനായി ആരംഭിച്ചിട്ടുള്ള രക്ഷാകർതൃപരിശീലന പരിപാടി കാര്യക്ഷമമായി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) പൊതുവിദ്യാലയങ്ങളെ മികച്ചവയാക്കി മാറ്റുന്നതിന്റെ ഭാഗമായി 'ഗുണ നിലവാരവും തുല്യതയും ഉറപ്പാക്കുന്ന പൊതുവിദ്യാഭ്യാസം' എന്നത് ലക്ഷ്യമാക്കി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണംചെയ്ത് നടപ്പിലാക്കിവരുന്നു. കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കാൻ 'മലയാളത്തിളക്കം', 'ഹലോ ഇംഗ്ലീഷ്' തുടങ്ങിയവയും ഗണിതം, ശാസ്ത്രം എന്നിവയ്ക്കും, പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ 'ശ്രദ്ധ', 'നവപ്രഭ' തുടങ്ങിയ പ്രവർത്തന പരിപാടികൾ ഈ വർഷം നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ക്ലാസ്സ് മുറിയിലു ള്ള ഓരോ കുട്ടിയുടേയും കഴിവും പരിമിതിയും കണ്ടെത്തി കഴിവുകളെ പരമാവധിയിലേയ്ക്ക് എത്തിക്കുന്നതിനും പരിമിതികളെ മറികടക്കുന്നതിനും സഹായകമായ അക്കാദമിക് മാസ്റ്റർപ്ലാൻ ഓരോ സ്കൂളുകളും തയ്യാറാക്കിയിട്ടുണ്ട്. ഈ അക്കാദമിക് മാസ്റ്റർപ്ലാൻ അടിസ്ഥാനമാക്കി പ്രായോഗിക പദ്ധതികൾ വികസിപ്പിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കും. അദ്ധ്യാപക-അദ്ധ്യയന തലങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആധുനിക സാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ കുട്ടികൾക്ക് പരമാവധി ലഭിക്കുന്നതിന് ഡിജിറ്റൽ വിഭവങ്ങൾ ക്ലാസ് മുറികളിൽ എത്തിക്കുന്നതിനായി 'സമഗ്ര' വിദ്യാഭ്യാസ പോർട്ടൽ ആരംഭിച്ചു. അദ്ധ്യാപക പരിശീലനങ്ങളിലൂടെ പോർട്ടലിന്റെ പ്രയോഗ സാധ്യതകൾ അദ്ധ്യാപകരെ പരിചയപ്പെടുത്തുന്നു.

(ബി) ഉണ്ട്. നിലവിലുള്ള പാഠ്യപദ്ധതി വിലയിരുത്തി ലിംഗസമത്വം, ജാതി മതാതീത സമത്വബോധം, വിമർശനാത്മക ജനാധിപത്യമൂല്യം എന്നിവ കുട്ടികളിൽ ഉളവാക്കുന്നതിൽ വല്ല വിടവുകളും ഉണ്ടെങ്കിൽ അവ കണ്ടെത്തി പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളാൻ എസ്.സി.ഇ.ആർ.റ്റി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സന്ദേശം സമൂഹത്തിൽ എത്തിക്കുന്നതിനും സ്കൂളുകളുടെ അക്കാദമികവും ഭൗതികവുമായ നിലവാരം ഉയർത്തുന്നതിൽ സമൂഹപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ രക്ഷകർത്താക്കൾക്കു ള്ള പരിശീലന പരിപാടി നടത്തിയിട്ടുണ്ട്. കുട്ടികളുടെ പഠന മികവുകൾ രക്ഷകർത്താക്കളുമായും പൊതു സമൂഹവുമായും പങ്കുവയ്ക്കാൻ 'സർഗ്ഗോത്സവം' എന്ന പരിപാടി 2018 ഏപ്രിൽ മാസം ആസൂത്രണം ചെയ്തിട്ടുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളത്തിലെ ജനങ്ങൾ ഏറ്റെടുത്തിട്ടു ള്ള ഏറ്റവും മഹത്തായ ഒരു പദ്ധതിയാണ്. എന്നാൽ അദ്ധ്യാപകസമൂഹം വേണ്ടത്ര സജ്ജമല്ല എന്നതാണ് ഇവിടത്തെ പ്രധാന വിഷയം. നിരവധി ശ്രദ്ധേയവും ഭാവനാപൂർണ്ണവുമായ പദ്ധതികൾ പ്രഖ്യാപിച്ചുവെങ്കിലും പല പദ്ധതികളും സ്കൂളുകളിൽ ഫലപ്രദമായി നടക്കുന്നില്ല. അക്കാദമിക് മാസ്റ്റർപ്ലാൻ വളരെ നല്ലൊരു ഇടപെടലാണ്. പക്ഷെ പല വിദ്യാലയങ്ങളും അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത് ഒട്ടും ഗൗരവമില്ലാതെയാണ്. ഇത്തരം സാഹചര്യത്തിൽ അക്കാദമിക് മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആ പ്ലാൻ കൃത്യമായി പരിശോധിച്ചിട്ടുണ്ടോ; അത് മോണിറ്റർ ചെയ്യാനു ള്ള സംവിധാനം എത്രത്തോളം ഫലപ്രദമാണ്; അക്കാദമിക് മാസ്റ്റർപ്ലാൻ ഘട്ടംഘട്ടമായി നടപ്പിലാക്കാൻ സർക്കാർ എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടു ള്ളത് എന്ന് വ്യക്തമാക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, രാജ്യത്ത് ആദ്യമായിട്ടാണ് ഇങ്ങനെയൊരു സംരംഭം ഒരു സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നത്. അതിനാവശ്യമായ ട്രെയിനിംഗ് ഈ പദ്ധതി ആരംഭിക്കുന്നതിന് മുമ്പുതന്നെ നൽകിയിട്ടുണ്ട്. എങ്കിലും സ്വാഭാവികമായും ഈ പദ്ധതി എന്താണ് എന്നത് എല്ലാവരും ഒരുപോലെ ഉൾക്കൊണ്ടു എന്നുവരില്ല. എങ്കിലും എല്ലാ സ്കൂളുകളും അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ഓരോ പദ്ധതിയുടെയും ആക്ഷൻ പ്ലാനുകൾ തുടർന്ന് തയ്യാറാക്കേണ്ടതുണ്ട്. അതുകൊണ്ട് നിലവിലു ള്ള അക്കാദമിക് മാസ്റ്റർപ്ലാൻ വീണ്ടും പരിശോധിച്ച് കുറവുകൾ നികത്തി അതിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിന് ആക്ഷൻ

പ്ലാൻ ഇല്ലാത്തത് വീണ്ടും അതിൽ ഉൾക്കൊള്ളിക്കാനുള്ള സന്ദർഭവും ഉണ്ടാക്കിക്കൊണ്ട് അക്കാദമിക് മാസ്റ്റർപ്ലാൻ പൂർണ്ണമാക്കാൻ ശ്രമിക്കും. എന്നുമാത്രമല്ല അക്കാദമിക് മാസ്റ്റർപ്ലാൻ ആക്ഷൻ പ്ലാനാക്കുമ്പോൾ അവിടെ കൈക്കൊള്ളേണ്ട യഥാർത്ഥ ശാസ്ത്രീയമായ വീക്ഷണങ്ങൾ എന്തൊക്കെയെന്ന് പഠിപ്പിക്കുവാൻ അദ്ധ്യാപകരെ പരിശീലിപ്പിക്കാനും ശ്രമിക്കുകയാണ്. ചൈൽഡ് സെന്റർ എഡ്യൂക്കേഷനിലേയ്ക്ക് കടന്നുവന്ന സമയത്ത് അദ്ധ്യാപകർക്ക് ചിലപ്പോൾ സ്വാഭാവികമായും പൂർണ്ണമായി ഉൾക്കൊള്ളാൻ പറ്റിയില്ല എന്നുവരാം. അതുകൂടി കണക്കിലെടുത്തുള്ള മോണിറ്ററിംഗിലൂടെയാണ് ഇത് പൂർണ്ണമാക്കാനുള്ള ശ്രമം നടത്തുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചില വിദ്യാലയങ്ങൾ മതനിരപേക്ഷ ഉള്ളടക്കമില്ലാത്ത സിലബസ് പഠിപ്പിക്കുന്നു എന്ന അതീവ ആശങ്കയുളവാക്കുന്ന വാർത്തകൾ പുറത്തുവരുന്നു. ഇക്കാര്യത്തിൽ കർശനമായ നിലപാടുണ്ടാകണം. അങ്ങനെയുള്ള വിദ്യാലയങ്ങൾക്കെതിരായി എന്ത് നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; അത്തരം സിലബസ് പഠിപ്പിക്കുന്ന വിദ്യാലയങ്ങൾക്കെതിരെ മാതൃകാപരമായ നിലപാടുകൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അത്തരം നിലപാട് സ്വീകരിച്ചതുസംബന്ധിച്ച് കഴിഞ്ഞ ദിവസം പത്രങ്ങളിൽ വായിച്ചിരുന്നു. എറണാകുളത്ത് അത്തരത്തിലുള്ള സ്കൂൾ അടച്ചുപൂട്ടുവാൻ നിർദ്ദേശം കൊടുത്തതുതന്നെ അതിന്റെ ഭാഗമായാണ്. മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസം സംരക്ഷിക്കാൻ സർക്കാർ ബദ്ധശ്രദ്ധമാണ്. വർഗ്ഗീയ ചിന്തകൾ കലരുന്ന വിദ്യാഭ്യാസപ്രക്രിയ കേരളത്തിലെ ഒരു വിദ്യാലയങ്ങളിലും അനുവദിക്കില്ല എന്ന കാര്യം നിസ്സംശയം മനസ്സിലാക്കാവുന്ന കാര്യമാണ്.

ശ്രീ. കെ. ബാബു: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി ഗുണനിലവാരം ഉറപ്പുവരുത്തി വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്ന എൽ.ഡി.എഫ്. സർക്കാരിനും വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും അഭിനന്ദനം അറിയിക്കുകയാണ്. സർക്കാർ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുപോലെ എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളുടെയും അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യംവച്ച് കഴിഞ്ഞ ബജറ്റിൽ സൂചിപ്പിച്ച ചലഞ്ച് ഫണ്ട് സംബന്ധിച്ച പ്രവർത്തനങ്ങൾ എന്തെല്ലാമായി എന്ന് വിശദീകരിക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ചരിത്രത്തിലാദ്യമായാണ് എയ്ഡഡ് സ്കൂളുകളുടെ ഭൗതിക നിലവാരം മാറ്റുന്നതിനുവേണ്ടി സർക്കാർ സഹായം നൽകുന്നത്. അതിനെയാണ് കഴിഞ്ഞ ബജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി ചലഞ്ച് ഫണ്ട് എന്നുപറഞ്ഞത്. ചലഞ്ച്

ഫണ്ട് നടപ്പിലാക്കത്തക്ക രീതിയിൽ നിരവധി അപേക്ഷകൾ എയ്ഡഡ് സ്കൂളുകളിൽനിന്നും ലഭിച്ചിട്ടുണ്ട്. അതെല്ലാം പ്രോസസ്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനാവശ്യമായ മാർഗ്ഗനിർദ്ദേശം ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണ്. അതനുസരിച്ച് എയ്ഡഡ് സ്കൂളുകളുടെ ഭൗതിക സാഹചര്യം മാറ്റുന്നതിനുള്ള പ്രവർത്തനവും ആരംഭിക്കുന്നതാണ്.

ശ്രീ. കാരാട്ട് റസാഖ്: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 9 മുതൽ 12 വരെയുള്ള ക്ലാസുകൾ ഹൈടെക്കായി മാറ്റിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ ഈ പദ്ധതി വ്യാപിപ്പിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഈ വർഷത്തെ ബജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി അതിനുവേണ്ടി 300 കോടി രൂപ കിഫ്ബിയിൽനിന്ന് അനുവദിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. 45000 ഹയർ സെക്കണ്ടറി/ഹൈസ്കൂൾ ക്ലാസ്സുകൾ ഹൈടെക് ആക്കിയതിനുശേഷം 2018-19 അക്കാദമിക് വർഷത്തിൽ യു.പി./എൽ.പി. സ്കൂളുകളും ഹൈടെക് ആക്കുന്ന പ്രവർത്തനം ആരംഭിക്കും. അതിനുവേണ്ടിയാണ് 300 കോടി രൂപ ഈ വർഷത്തെ ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്. ആ പ്രവർത്തനം ഈ വർഷംതന്നെ ആരംഭിക്കും.

ശ്രീ. യു. ആർ. പ്രദീപ്: സർ, പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാൻവേണ്ടി സംസ്ഥാന സർക്കാർ നല്ല രീതിയിൽ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. കോടിക്കണക്കിന് രൂപ ഇതിനുവേണ്ടി നീക്കിവച്ചിട്ടുമുണ്ട്. സ്കൂളുകളിലെ പി.ടി.എ.-യും പൊതുജനങ്ങളും പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാൻവേണ്ടി നല്ല രീതിയിൽ ഇടപെടുന്നുണ്ട്. കേരളത്തിൽ ഒന്നര ലക്ഷത്തോളം അദ്ധ്യാപകരും കുറെയേറെ മറ്റ് ജീവനക്കാരുമുണ്ട്. അവരുടെ മക്കളിൽ പലരും സ്വകാര്യ സ്കൂളുകളിലും അൺഎയ്ഡഡ് സ്കൂളുകളിലുമാണ് പഠിക്കുന്നത്. ജനപ്രതിനിധികൾ പലരും മക്കളെ സർക്കാർ സ്കൂളുകളിൽ ചേർത്ത് ഇക്കാര്യത്തിൽ മാതൃക കാട്ടിയിട്ടുണ്ട്. സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ട് നമ്മുടെ ലക്ഷ്യം നല്ല രീതിയിൽ പൂർത്തീകരിക്കാൻവേണ്ടി എന്തെല്ലാം ഇടപെടൽ നടത്താൻ കഴിയും; എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇതിന് ഏറ്റവും പ്രധാനപ്പെട്ട ഇടപെടൽ പൊതുവിദ്യാഭ്യാസ ശൃംഖല ശക്തിപ്പെടുത്തുകയെന്നുള്ളതാണ്. ഏറ്റവും ശാസ്ത്രീയമായ വിദ്യാഭ്യാസം എവിടെയെന്ന് ചോദിച്ചാൽ, കേരളത്തിലെ എല്ലാ ജനങ്ങളും കേരളത്തിന്റെ പൊതുവിദ്യാലയങ്ങളിൽ എന്ന് ഉത്തരം പറയത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സർക്കാർ

തുടക്കത്തിൽത്തന്നെ പ്രഖ്യാപിച്ചത് നടപ്പിലാക്കുമെന്ന് ഉറപ്പുള്ളതുകൊണ്ടാണ് 145000 കുട്ടികൾ പൊതുവിദ്യാലയങ്ങളിലേയ്ക്ക് കടന്നുവന്നത്. തീർച്ചയായും അതിന്റെ ശാക്തീകരണം നേരിട്ട് കാണാനും അനുഭവിക്കാനും അവസരമുണ്ടാകുമ്പോൾ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഇപ്പോൾ അൺ എയ്ഡഡ് സ്കൂളുകളിലേയ്ക്ക് അയയ്ക്കുന്ന പല കുട്ടികളെയും എയ്ഡഡ് സ്കൂളുകളിൽ ചേർക്കുന്ന സാഹചര്യമുണ്ടാകും. അങ്ങനെ കേരളത്തിലെ എല്ലാ കുട്ടികളും പൊതുവിദ്യാലയങ്ങളിലേയ്ക്ക് വരുന്ന സാഹചര്യം മുന്നിൽക്കണ്ടുകൊണ്ടാണ് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ട് പോകുന്നത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സംസാരിക്കുന്നതുപോലെ നല്ല മലയാളം സംസാരിക്കാനും ഓരോ കാര്യത്തെയും താത്വികമായി സമീപിക്കാനുമുള്ള ധീഷ്ണ ഏത് കാലത്താണ് നമ്മുടെ കുട്ടികൾ കൈവരിക്കുന്നതെന്ന് എനിക്കറിയില്ല. ഹയർ സെക്കണ്ടറിയും ഹൈസ്കൂളും ലയിപ്പിക്കാൻ തീരുമാനിച്ചതായി കേട്ടു. അത് വിദ്യാഭ്യാസത്തിന്റെ മികവും കാര്യക്ഷമതയും നഷ്ടമാക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഈ തീരുമാനമെടുക്കുന്നതിനുപകരം പ്രിൻസിപ്പൽമാരെ ടീച്ചിംഗ് ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കാനും കുട്ടികളുടെ പഠന സമയം വൈകുന്നേരം 4.45 എന്നുള്ളത് 4.00 മണി വരെയാക്കി ചുരുക്കാനും ഹയർ സെക്കണ്ടറിയിൽ ആവശ്യത്തിന് നോൺ ടീച്ചിംഗ് സ്റ്റാഫിനെ നിയമിക്കാനും വേണ്ട നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഡീ-സെൻട്ര ലൈസേഷന്റെയും സ്പെഷ്യലൈസേഷന്റെയും കാലഘട്ടത്തിൽ എല്ലാത്തിനെയും കൂടി ജനറലൈസ് ചെയ്യുന്നത് കാലാനുസൃതമായ മാറ്റമാണെന്ന് എനിക്ക് തോന്നുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ആദ്യം ഉത്തരം പറഞ്ഞപ്പോൾ കാലാനുസൃതമായ മാറ്റത്തെ കുറിച്ചും ആധുനിക സാങ്കേതികവിദ്യയെക്കുറിച്ചും സൂചിപ്പിച്ചുവെങ്കിലും അതിനനു യോജ്യമായ പരിഷ്കാരമല്ല ഈ ലയനം എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ആ ലയനം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ സഭയിൽ ഇതിന് ഉത്തരം പറഞ്ഞതാണ്. ഹൈസ്കൂളും ഹയർ സെക്കണ്ടറിയും ലയിപ്പിക്കുന്നത് സംബന്ധിച്ച് നിരവധി മേഖലകളിൽ ചർച്ചകൾ നടക്കേണ്ടതുണ്ട്. ആ ചർച്ചകൾക്ക് ആരംഭം കുറിക്കാം. ഏതായാലും ആ ലയനം കാലത്തിന് ആവശ്യമാണ്. ഹയർ സെക്കണ്ടറിയിലും ഹൈസ്കൂളുകളിലും ഉള്ള ഇന്നത്തെ പല പ്രശ്നങ്ങളും പരിഹരിക്കുവാനുള്ള വഴികൂടിയാണ് ലയനം. അത്തരത്തിൽ ലയനം നടക്കുകയാണെങ്കിൽ അങ്ങ് സൂചിപ്പിച്ചതുപോലെ ജീവനക്കാരുടെ പ്രശ്നം ഉണ്ടാകില്ല. ഹൈസ്കൂളും ഹയർ സെക്കണ്ടറിയും ചേരുമ്പോൾ ഹയർ സെക്കണ്ടറിയിലെ ജീവനക്കാരുടെ പ്രശ്നത്തിന് ഉത്തരം കിട്ടുകയാണ്. ലയനത്തിലൂടെ പല പ്രശ്നങ്ങൾക്കും ഉത്തരം കിട്ടുമെന്നുള്ളത് കണക്കിലെടുത്തുകൊണ്ടും സമസ്ത മേഖലകളിലും ജനാധിപത്യപരമായി ചർച്ച ചെയ്തുകൊണ്ടും ലയനം നടപ്പിലാക്കുകയെന്ന ള്ളതാണ് സർക്കാരിന്റെ നിലപാട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, 5 ലക്ഷം വിദ്യാർത്ഥികളുള്ള ഹയർ സെക്കണ്ടറി മേഖലയിൽ കായികാദ്ധ്യാപക തസ്തികയില്ലെന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. യു.പി.യിലും ഹൈസ്കൂളുകളിലും കായികാദ്ധ്യാപകരുണ്ട്. കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും കായിക മേഖലയിൽ മുന്നേറ്റം ഉണ്ടാക്കുന്നതിനും ഹയർ സെക്കണ്ടറി മേഖലയിൽ കായികാദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും ഉണ്ടാകും. കായികാദ്ധ്യാപകർ മാത്രമല്ല, വിദ്യാഭ്യാസ രംഗത്ത് മൗലികമായ മാറ്റത്തോടെ സമഗ്ര വിദ്യാഭ്യാസമെന്ന സങ്കൽപ്പം വരുമ്പോൾ പല തരത്തിലുള്ള അദ്ധ്യാപകരും അധികമായി വേണ്ടിവരും. അത് മനസ്സിലാക്കി സംഗീതം ഉൾപ്പെടെയുള്ള മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള 2500 അദ്ധ്യാപകരെ കഴിഞ്ഞ വർഷം പുതിയതായി നിയമിച്ചു. അതോടൊപ്പം കായിക മേഖലയിലുള്ള അദ്ധ്യാപകരുടെ കുറവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ പ്രശ്നം പരിഹരിച്ചുകൊണ്ട് പഠനം സമഗ്രമാണെന്ന സങ്കൽപ്പം നടപ്പിലാക്കത്തക്ക തരത്തിൽ അദ്ധ്യാപക തസ്തിക അടക്കമുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കി ഭാവിയിൽ മാറ്റം വരുത്താൻ ശ്രമിക്കും.

ശ്രീ. പി. സി. ജോർജ്: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന ഗവൺമെന്റ് പരിപാടി പൊതുസമൂഹം അംഗീകരിച്ചുവെന്നുള്ളത് വസ്തുതയാണ്. എന്നാൽ എനിക്കൊരു സംശയമുണ്ട്. അൺ എയ്ഡഡ് സ്കൂളുകൾ നിർത്തുന്ന കാര്യം പറയുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ മൂന്ന് സ്കൂളുകളിൽ പോയപ്പോൾ അവിടെ 150-ന് മുകളിൽ കുട്ടികളുണ്ട്. അൺ എയ്ഡഡ് സ്കൂളുകളിൽ 4-ാം ക്ലാസ് വരെ അംഗീകാരത്തിന്റെ പ്രശ്നമില്ല. ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഇനി ഒരു ചാൻസ്കൂടി കൊടുക്കാൻ ഉദ്ദേശ്യമുണ്ടോയെന്ന് പല സ്കൂളുകളും ചോദിച്ചിരുന്നു. സ്കൂളുകൾ നിർത്താൻ അങ്ങെടുത്ത തീരുമാനത്തിൽ ഉറച്ചുനിൽക്കുകയാണോ എന്നാണ് അറിയേണ്ടത്. മാറ്റം വരുത്തുന്നെങ്കിൽ എത്രനാൾ എന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നത് ഉചിതമാണ്. ഇവിടെ പ്ലസ്ടു ഹൈസ്കൂളുമായി യോജിപ്പിക്കുന്നതിന് ചർച്ചകൾ നടക്കുന്നതായി സൂചിപ്പിച്ചു. അത് വളരെ നല്ല കാര്യമാണ്. ഇപ്പോഴും പ്രിൻസിപ്പൽമാരും ഹെഡ്മാസ്റ്റർമാരും തമ്മിൽ തർക്കമാണ്. അത് പരിഹരിക്കാൻ തൽക്കാലം ഒരു ഉത്തരവ് ഇറക്കിയാൽ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഇതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഹയർ സെക്കണ്ടറിയിലും ഹൈസ്കൂളുകളിലും നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ അവ രണ്ടും ലയിപ്പിക്കണമെന്നാണ് ഞാൻ സൂചിപ്പിച്ചത്. അങ്ങ് പ്രിൻസിപ്പലും ഹെഡ്മാസ്റ്ററും തമ്മിലുള്ള പ്രശ്നമെന്ന്

എടുത്തുപറഞ്ഞുവെന്നേയുള്ളൂ. അവർ തമ്മിലുള്ള പ്രശ്നംകൂടി പരിഹരിക്കാൻ ലയനംകൊണ്ട് കഴിയുമെന്നാണ് മനസ്സിലാക്കുന്നത്. കേരളത്തിലെ അൺ-റെക്കഗ്നൈസ്ഡ് ആയിട്ടുള്ള സ്കൂളുകൾ നടപ്പിലാക്കേണ്ടതില്ലെന്ന നിലപാട് സർക്കാർ പ്രഖ്യാപിക്കുകയും അതിന്റെ ഓർഡർ ഇറക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, മതനിരപേക്ഷത തകർക്കുന്നവിധത്തിൽ വർഗ്ഗീയതയും മതസ്പർദ്ധയും പ്രചരിപ്പിക്കുന്ന സ്കൂളുകൾ ഇന്ന് സാമാന്യവൽക്കരണം നടത്തുന്നത് ശരിയായ രീതിയല്ലെന്നാണ് തോന്നുന്നത്. അതുകൊണ്ട് ഇത്തരം പഠനരീതി നടക്കുന്ന വിദ്യാലയങ്ങളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇതുസംബന്ധിച്ച് ഞാൻ മറ്റൊരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. ഒരിക്കലും മതസ്പർദ്ധ വളർത്തുന്നതും മതനിരപേക്ഷതയ്ക്ക് അപ്പുറം പോകുന്നതുമായ വിദ്യാഭ്യാസ പ്രക്രിയ കേരളത്തിലെ ഒരു വിദ്യാലയങ്ങളിലും അനുവദിക്കില്ല. അത്തരത്തിൽ എവിടെയെങ്കിലും നടക്കുന്നുണ്ടെങ്കിൽ സംശയമില്ലാതെ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. സാമാന്യവൽക്കരിച്ചുപോലും അത് തുടരാൻ അനുവദിക്കില്ല. സ്പെസിഫിക്കായി അത് മനസ്സിലാക്കി മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസം കേരളത്തിൽ നടപ്പിലാക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വിദ്യാഭ്യാസത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം സ്റ്റാൻഡേർഡ് തന്നെയാണ്. അങ്ങ് കൊണ്ടുവന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഉള്ളടക്കവും അതുതന്നെയാണെന്നാണ് മനസ്സിലാക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തിലെ ഒരു രംഗം നോക്കിയാൽ, വിദേശ സർവ്വകലാശാലകളും നമ്മുടെ സർവ്വകലാശാലകളും തമ്മിൽ തുല്യതയില്ല. ഇവിടെ പഠിക്കുന്ന കുട്ടികൾ വിദേശ സർവ്വകലാശാലകളിൽ ഒരു ക്ലാസ് താഴെ പഠിച്ചാൽ മാത്രമേ തുല്യത ലഭിക്കുകയുള്ളൂ. ഇന്ത്യയിൽ വിദ്യാഭ്യാസ രംഗത്ത് ഏറ്റവും മുമ്പിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. അമേരിക്കയിലുള്ള കുട്ടികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് അങ്ങേയ്ക്ക് നേരിട്ടറിയാമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. തുല്യതയോടുകൂടി നമ്മുടെ വിദ്യാഭ്യാസത്തെ ഉയർത്തിക്കൊണ്ടുവരുന്നതിന് ഗുണപരമായ എന്ത് മാറ്റമാണ് വരുത്താൻ പോകുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അങ്ങ് സൂചിപ്പിച്ചത് ഉന്നത വിദ്യാഭ്യാസ മേഖലയെക്കുറിച്ചാണെന്ന് തോന്നുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഇപ്പോൾ ഊന്നൽ കൊടുക്കുന്നത് രണ്ടാം തലമുറ പ്രശ്നങ്ങൾക്കാണ്. എല്ലാ സ്ഥലത്തും സ്കൂൾ എത്തുക തുടങ്ങി കേരളത്തിലെ പ്രാഥമിക രംഗത്തെ പ്രശ്നങ്ങൾ ഒരുവിധം പരിഹരിച്ചു. രണ്ടാം തലമുറ പ്രശ്നത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ഗുണമേന്മ തന്നെയാണ്.

അത് പൊതുവിദ്യാലയങ്ങളിൽ ആരംഭിച്ചതിനെക്കുറിച്ചാണ് ഞാൻ ഉത്തരത്തിൽ വായിച്ചത്. ഇതുതന്നെ ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്കും കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. ഇപ്പോൾത്തന്നെ എഞ്ചിനീയറിംഗ് കോളേജ് അടക്കമുള്ള എല്ലാ കോളേജുകളിലും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു. ഓരോ കുട്ടിയുടെയും കഴിവെന്തെന്ന് മനസ്സിലാക്കി, ഒരേ തരത്തിലുള്ള എഞ്ചിനീയർമാരെയോ ഒരുപോലുള്ള കെമിസ്ട്രി ബാച്ച്ലേഴ്സിനെയോ പുറത്തുകൊണ്ടുവരാതെ വൈവിദ്ധ്യമാർന്ന തരത്തിലുള്ള ഡിഗ്രി ഹോൾഡേഴ്സിനെ പുറത്തുകൊണ്ടുവന്ന് അവരെ വൈവിദ്ധ്യത്തിന്റെ പൂർണ്ണതയിലേയ്ക്ക് എത്തിച്ച്, അന്താരാഷ്ട്ര തലത്തിൽ ആരുടെയും ഒപ്പം നിൽക്കാനുള്ള കഴിവുള്ളവരാക്കി മാറ്റുകയെന്നുള്ളതാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റെടുക്കുന്ന സമീപനം. അതുകൊണ്ട് നിലവിലുള്ള കോളേജുകളിൽ ഇത്തരത്തിലു ള്ള അക്കാദമിക ഇടപെടൽ നടത്തി, ലൈബ്രറിയേയും ലബോറട്ടറിയേയും ഫോക്കസ് ചെയ്ത് വലുതാക്കാനാണ് ശ്രമിക്കുന്നത്. കെട്ടിടങ്ങളേക്കാൾ പ്രാധാന്യം കൊടുക്കുന്നത് ലൈബ്രറിക്കും ലബോറട്ടറികൾക്കുമാണ്. ഒരു വിദ്യാലയത്തിന്റെ ഹൃദയം എന്നുപറയുന്നത് വായന ശാലയാണ്. ആ വായനശാലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിച്ചുകൊണ്ട് കുട്ടിയുടെ അക്കാദമിക നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കാനുള്ള കർമ്മ പദ്ധതികളാണ് നടത്തുന്നത്. അതിന്റെ തുടക്കമാണ് ഇപ്പോൾ കാണുന്നത്. അത് മുന്നോട്ടുപോവുകതന്നെ ചെയ്യും.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വലിയ ഉണർവ്വാണ് ഉണ്ടാക്കിയിട്ടുള്ളത്. എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ സാധാരണക്കാരുടെ മക്കളും പഠിക്കുന്നുണ്ട്. മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ 50 ശതമാനമാണോ, അതല്ല സർക്കാർ നിർദ്ദേശിക്കുന്ന ഒരു കോടി രൂപയാണോ സ്കൂളുകൾക്ക് സഹായം നൽകുന്നത് എന്ന കാര്യം വിശദീകരിക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, വളരെ വ്യക്തമായി ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. ഓരോ സ്കൂളിനും ഇൻഫ്രാസ്ട്രക്ചർ മാസ്റ്റർ പ്ലാനുണ്ടാകും. ആ മാസ്റ്റർ പ്ലാനിൽ അവിടത്തെ ജനങ്ങളും മാനേജരും എത്ര തുക എടുക്കുന്നുവോ അതിന് തുല്യമായ തുക നൽകാമെന്നും അത് പരമാവധി ഒരു കോടി രൂപ വരെയാകാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാനിൽ അവിടത്തെ ജനങ്ങൾ എടുക്കുന്ന തുകയ്ക്ക് തുല്യമായ തുക പരമാവധി ഒരു കോടി രൂപ എന്നതാണ് സങ്കൽപ്പം.

മി. സ്പീക്കർ: *93-ാം നമ്പർ ചോദ്യവുമായി *108-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. മഞ്ഞളാംകുഴി അലി നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു.

## സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം

3 (*93) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; ഏതൊക്കെ കോളേജുകൾക്കാണ് സ്വയംഭരണം നൽകിയിട്ടുള്ളത്;

(ബി) സ്വയംഭരണ കോളേജ് മാനേജ്മെന്റുകൾ സർക്കാരിന്റേയോ സർവ്വകലാ ശാലകളുടെയോ നിയന്ത്രണത്തിലല്ലാതെ പരിപൂർണ്ണ അധികാരത്തോടെ പ്രവർത്തിക്കുന്ന രീതി അഭികാമ്യമല്ലാത്തതിനാൽ ഇവയുടെമേൽ സാമൂഹിക നിയന്ത്രണമോ പരിശോധനയോ സാധ്യമാകുമോയെന്ന് പരിശോധിക്കുമോ;

(സി) യു.ജി.സി. പുതുതായി ഇറക്കിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കോളേജുകളിൽ നിന്നുലഭിക്കുന്ന അപേക്ഷകൾ യു.ജി.സി.-ക്ക് അയച്ചുകൊടുക്കുക, നിർദ്ദിഷ്ട സമിതികളിലേയ്ക്ക് വിദഗ്ദ്ധരെ നാമനിർദ്ദേശം ചെയ്യുക, കോളേജുകൾക്കു വേണ്ടി സർട്ടിഫിക്കറ്റുകൾ നൽകുക എന്നിവ മാത്രമായി സർവ്വകലാശാലകളുടെ അധികാരം പരിമിതപ്പെടുത്തിയിരിക്കുന്ന നയങ്ങൾ തിരുത്താൻ ഏതുതരത്തിൽ ഇടപെടാൻ സാധിക്കുമെന്ന് അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) സ്വയംഭരണാവകാശം ലഭിച്ച കോളേജുകളുടെ അക്കാദമിക് നിലവാര ത്തിലു ള്ള മാറ്റങ്ങളും അതിന്റെ പ്രവർത്തനവും വിലയിരുത്തുന്നതിന് പുനഃസംഘടി പ്പിക്കപ്പെട്ട ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. സ്വയംഭരണ കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ടി റിപ്പോർട്ട് ലഭിച്ചാലുടൻ അത് പരിഗണിച്ച് യുക്തമായ തുടർനടപടികൾ കൈക്കൊള്ളുന്ന കാര്യം പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ വാണിജ്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതും സർവ്വകലാശാലകളുടെ നിയന്ത്രണാധികാരത്തെയും സ്വയംഭരണാധികാരത്തെയും ബാധിക്കുന്ന തീരുമാനങ്ങളാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അക്കാദമിക് നിലവാരത്തെ ബാധിക്കുന്നതും സാമൂഹ്യനീതി അട്ടിമറിക്കുന്നതുമായ ഇത്തരം പരിഷ്കാരങ്ങൾക്കെതിരെ ശക്തമായ ഇടപെടൽ ആവശ്യമായി വരുന്നുണ്ട്.

**യു.ജി.സി. പുറപ്പെടുവിച്ച റെഗുലേഷൻ**

4 (*108) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എം. ഉമ്മർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകൾക്ക് സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ട് യു.ജി.സി. അടുത്തകാലത്ത് പുറപ്പെടുവിച്ച റെഗുലേഷൻ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ റെഗുലേഷൻ സർക്കാരിന്റെയും സർവ്വകലാശാലകളുടെയും നിയന്ത്രണാധികാരത്തെ പരിമിതപ്പെടുത്തുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ&ബി) യു.ജി.സി. 2018-ൽ പുറപ്പെടുവിച്ചിട്ടു ള്ള റെഗുലേഷനിലെ വ്യവസ്ഥകൾ കോളേജുകളുടെമേലുള്ള നിയന്ത്രണത്തെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ച് വരുന്നു.

(സി) സ്വയംഭരണാവകാശം ലഭിച്ച കോളേജുകളുടെ അക്കാദമിക നിലവാരത്തിലു ള്ള മാറ്റങ്ങളും പ്രവർത്തനവും വിലയിരുത്തുന്നതിന് ഈ സർക്കാരിന്റെ കാലത്ത് പുനഃസംഘടിപ്പിക്കപ്പെട്ട ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആദ്യ എക്സിക്യൂട്ടീവ് ബോഡി യോഗം ഡോ. ജോയി ജോബ് കുളവേലിൽ അദ്ധ്യക്ഷനായി ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. 'കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ ഉന്നതവിദ്യാഭ്യാസ നയരൂപീകരണവും ഭരണഘടന ഫെഡറൽ തത്വങ്ങളും' എന്ന വിഷയം അടിസ്ഥാനമാക്കി ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുവാൻ 20-2-2018-ൽ കൂടിയ ഉന്നത വിദ്യാഭ്യാസ

കൗൺസിലിന്റെ എക്സിക്യൂട്ടീവ് ബോഡി യോഗം തീരുമാനിച്ചിട്ടുണ്ട്. സെമിനാറിൽ ഉരുത്തിരിഞ്ഞുവരുന്ന നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിക്കുന്ന റിപ്പോർട്ട് സർക്കാർ പരിശോധി ക്കുന്നതാണ്.

ശ്രീ. ഐ. ബി. സതീഷ്: സർ, കേരളത്തിൽ പ്രവർത്തിക്കുന്ന ചില സ്വയംഭരണ കോളേജുകൾ സർക്കാരിന്റെയോ സർവ്വകലാശാലയുടെയോ അനുവാദമില്ലാതെ കോഴ്സുകൾ നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങൾ സമൂഹത്തിലുണ്ട്. അനുവദിക്കപ്പെട്ട കോഴ്സുകൾ തന്നെയാണോ നടത്തുന്നത്, പരീക്ഷകൾ നടത്തുന്നത് ശരിയായ രീതിയിലാണോ എന്നു ള്ള നിരവധി ചോദ്യങ്ങൾ സമൂഹത്തിൽ സംശയമായി ഉയർന്നുവരുന്നുണ്ട് എന്നു ള്ളതുകൊണ്ടാണ് സ്വയംഭരണ കോളേജുകളുടെ പ്രവർത്തനത്തിന്റെ എല്ലാ മേഖലകളെയും കുറിച്ച് ആഴത്തിൽ പഠിക്കാൻ ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റിക്ക് രൂപംകൊടുത്തിട്ടു ള്ളത്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് ഓരോ മേഖലയിലും വസ്തുനിഷ്ഠമായ കാര്യങ്ങൾ മനസ്സിലാക്കി കൃത്യമായി അതിലിടപെടുന്നതാണ്.

ശ്രീ. ഐ. ബി. സതീഷ്: സർ, സ്വയംഭരണ കോളേജുകളിലെ പരീക്ഷാ രീതികളും നടത്തിപ്പും സംബന്ധിച്ച് വിലയിരുത്തുന്നതിനായി സർവ്വകലാശാലാ സമിതികൾ തുടർച്ചയായ പരിശോധന നടത്തണമെന്ന നിയമം പാലിക്കപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ടിയു ള്ള നിർദ്ദേശം നൽകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, നേരത്തെ പറഞ്ഞതുതന്നെയാണ് ഇതിന് ഉത്തരം. സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ടതും സർവ്വകലാശാലകളും സ്വയംഭരണ കോളേജുകളും തമ്മിലു ള്ള ബന്ധവും സ്വയംഭരണ കോളേജുകളും സർക്കാരും തമ്മിലു ള്ള ബന്ധവും എത്രുകണ്ട് മാറുന്നുവെന്നു ള്ള പഠനമാണ് നടക്കാൻ പോകുന്നത്. അതിന്റെ വെളിച്ചത്തിൽ ഓരോ വിഷയങ്ങളും പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഓട്ടോണമി എന്നത് ഒരു നല്ല ആശയം തന്നെയാണ്. പക്ഷെ, ഓട്ടോണമസ് കോളേജുകൾ എന്ന സങ്കൽപ്പം സഫലമാക്കു ന്നതിന് ധൈഷണിക ഔന്നത്യമു ള്ള ആളുകളാവണം നേതൃത്വം നൽകേണ്ടത്. കഴിഞ്ഞ കാലങ്ങളിൽ കേരളത്തിൽ ഓട്ടോണമി അനുവദിച്ചത് പല നിക്ഷിപ്ത താൽപ്പര്യങ്ങളുടെയും അടിസ്ഥാനത്തിലായിരുന്നു. അതിന്റെ ഭാഗമായി കേരളത്തിൽ ഓട്ടോണമി അനുവദിച്ച്, പ്രവർത്തിച്ചിട്ടു ള്ള കോളേജുകളുടെ ഇതുവരെയു ള്ള അക്കാദമിക പെർഫോമൻസ് ഗവൺമെന്റോ സർവ്വകലാശാലകളോ ഇവാല്യുവേറ്റ് ചെയ്തിട്ടുണ്ടോ; ഞങ്ങളുടെ ഒക്കെ

അറിവിൽ ഇതുവരെയുള്ള എന്തെങ്കിലും തരത്തിലുള്ള മികവ്, പരീക്ഷ ഏതാണ്ട് കൃത്യസമയത്ത് നടത്തുന്നുവെന്നല്ലാതെ പരീക്ഷയുടെ നടത്തിപ്പിൽപ്പോലും അനാരോഗ്യകരമായ നിലയിൽ അധാർമ്മികമായി ഇടപെടുന്ന പല പരാതികളും ഈ കാലയളവിലുണ്ടായിട്ടുണ്ട്. ഈ കാര്യങ്ങളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലു ള്ള ഒരു പരിശോധന ഗവൺമെന്റ് നടത്തിയിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം ഇന്ന് പൊതുവേയു ള്ള സംശയങ്ങളാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെതന്നെ ഓരോ പ്രശ്നങ്ങൾക്കും ഇപ്പോൾ ഉത്തരം പറയുക എന്നതിനപ്പുറം അതെല്ലാം ഒരുപോലെ പഠിച്ച് പരസ്പര ബന്ധങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞ് ഉന്നതവിദ്യാഭ്യാസ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിലപാടെടുക്കാൻ കഴിയുകയുള്ളൂ. ഈ പറയുന്ന പ്രശ്നങ്ങളെല്ലാം ഇന്ന് സമൂഹത്തിൽ ചർച്ചാവിഷയമാണ്. അതുകൊണ്ടുതന്നെ ആ പ്രശ്നങ്ങൾ സംശയമില്ലാതെ പരിഹരിക്കത്തക്ക രീതിയിലാണ് ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഈ പഠന കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത്.

ശ്രീ. ആന്റണി ജോണിനുവേണ്ടി ശ്രീ. എം. സ്വരാജ്: സർ, സ്വയംഭരണ കോളേജുകളെക്കുറിച്ച് പഠിക്കാൻ ഉന്നതവിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടു ത്തിയപ്പോൾ രണ്ടുമാസത്തിനുള്ളിൽ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് കേട്ടിരുന്നത്. ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അക്കാര്യത്തിൽ ജാഗ്രത പുലർത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. സ്വയംഭരണ പദവി ലഭിക്കുന്ന കോളേജുകളിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ ജനാധിപത്യ വേദിയുണ്ടാകില്ല, വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയുമില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് സ്വാശ്രയ കോളേജുകളിലുൾപ്പെടെ ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാം സ്വീകരിച്ചിട്ടുള്ള ഒരു നിലപാടുണ്ട്. വിദ്യാർത്ഥികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഫലപ്രദമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ എന്നതാണ് ചോദ്യം.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ജനാധിപത്യ അവകാശങ്ങൾ സംരക്ഷി ക്കപ്പെടണമെന്നുതന്നെയാണ് സർക്കാരിന്റെ കാഴ്ചപ്പാട്. കാരണം ജനാധിപത്യ മതനിരപേക്ഷ വിദ്യാഭ്യാസമെന്നാണ് നമ്മൾ പറയുന്നത്. ഒരു ജനാധിപത്യ സമൂഹത്തിൽ ഒരു വിദ്യാലയത്തിനകത്തുമാത്രം ജനാധിപത്യപരമല്ലാത്ത ഇടപെടലുകൾ ശരിയല്ല. ഒരു രാജ്യത്തിന്റെ സമസ്ത മേഖലകളിലും ജനാധിപത്യ സംസ്കാരം ഉയർന്നുവരേണ്ടതുണ്ട്. സ്വാശ്രയ കോളേജുകളിലും ഓട്ടോണമസ് കോളേജുകളിലും മറ്റെല്ലാ കോളേജുകളിലും എല്ലാ ജനാധിപത്യ അവകാശങ്ങളും സംരക്ഷിക്കണം. അതിനുവേണ്ടികൂടി ഈ കമ്മീഷൻ റിപ്പോർട്ടിന്റെ വിശദാംശങ്ങളെ ഉപയോഗിക്കുന്നതാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഓട്ടോണമസ് കോളേജുകൾ തുടങ്ങുന്ന ഘട്ടത്തിൽതന്നെ വളരെ കൃത്യമായ ഡിസന്റ് രേഖപ്പെടുത്തിയവരാണ് നമ്മൾ. കേരളത്തിൽ ഇപ്പോൾ 19 ഓട്ടോണമസ് കോളേജുകളുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവിടെ പലതരത്തിലുള്ള മാൽപ്രാക്ടീസ് നടക്കുന്നു. മാനേജ്മെന്റ് കോളേജുകളിലാണെങ്കിൽ ഒരുതരത്തിലും നിയന്ത്രണം ഏർപ്പെടുത്താൻ സാധിക്കുന്നില്ല. യു.ജി.സി. പ്രതിനിധി പലപ്പോഴും വീറ്റോ ചെയ്യപ്പെടുന്നു, അതുമാത്രമല്ല വൻതുക പിരിച്ചെടുക്കുന്നു. സാധാരണ യൂണിവേഴ്സിറ്റി കോളേജുകളിൽ പഠിക്കുന്ന കുട്ടികളെക്കാൾ കൂടുതൽ മാർക്ക് ഓട്ടോണമസ് കോളേജുകളിൽ പഠിക്കുന്ന കുട്ടികൾ നേടുന്നു. പലതരത്തിലുള്ള ക്രമക്കേടുകൾ നടക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അങ്ങനെയാണെങ്കിൽ ഈ 19 ഓട്ടോണമസ് കോളേജുകളുടെയും പദവി തിരിച്ചെടുക്കാൻ സംസ്ഥാന സർക്കാരിന് സാധിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഒരു പഠനത്തിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിച്ച സമയത്ത് ആ പഠനത്തെത്തുടർന്നുണ്ടാകാൻ പോകുന്ന ആക്ഷനെന്താണെന്ന് ഇപ്പോൾ പറയാൻ പാടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സമൂഹത്തിൽ ഓട്ടോണമസ് കോളേജുകളിൽ ഇത്തരത്തിലുള്ള പല തെറ്റുകളും നടക്കുന്നുണ്ടെന്നുള്ള ധാരണയുള്ളതിനെ ശാസ്ത്രീയമായി വിലയിരുത്തി മനസ്സിലാക്കിക്കൊണ്ട് എന്ത് തുടർ നടപടികളെടുക്കണമെന്നുള്ള കാര്യമാണ് തീരുമാനിക്കാൻ പോകുന്നത്. ഏതായാലും ജനാധിപത്യ സംവിധാനം നിലനിൽക്കത്തക്ക രീതിയിലുള്ള ഇടപെടലുകളുണ്ടാകും.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇവിടെ പ്രചരണം പലതരത്തിൽ വരും. ആ പ്രചരണങ്ങൾ ഏതെങ്കിലും തരത്തിലുള്ള തെറ്റിദ്ധാരണയുടെ ഭാഗമായി വരുന്നുണ്ടോ എന്ന കാര്യവുംകൂടി പരിശോധിക്കുകതന്നെ ചെയ്യും.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, സ്വയംഭരണാവകാശം ഇല്ലാത്ത മറ്റ് കോളേജുകൾക്ക് കോഴ്സുകളുടെ ആധുനികവൽക്കരണത്തിനും അക്കാദമിക്കലായിട്ടുള്ള വികസനത്തിലും കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ച് നൽകുന്നതിന് സർക്കാരോ സർവ്വകലാശാലകളോ എന്തെങ്കിലും ആലോചനകൾ നടത്തുന്നുണ്ടോ; എങ്കിൽ എന്തെല്ലാം; ഉന്നതനിലവാരമുള്ള കോഴ്സുകൾ സംഘടിപ്പിക്കുന്നതിന് സൗകര്യമുള്ള സ്വയംഭരണാവകാശം ഇല്ലാത്ത കോളേജുകൾക്ക് ആധുനിക കാലത്തിനനുസരിച്ചുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് കൂടുതൽ ഉദാരമായ സമീപനം സർക്കാർ സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഉദാരമായ സമീപനമല്ല, ശാസ്ത്രീയമായ സമീപനമാണ് സ്വീകരിക്കുക. ഉദാരമായ സമീപനമായിരുന്നതുകൊണ്ടാണ് ഇവിടെ പല കോഴ്സുകളിലും ആളില്ലാത്തതും മറ്റ് പലതരത്തിലുള്ള പ്രശ്നങ്ങളുണ്ടായതും. അതുകൊണ്ട് ശാസ്ത്രീയമായ സമീപനമാണ് സർക്കാർ സ്വീകരിക്കുക. അഖിലേന്ത്യാ

തലത്തിലെടുക്കുന്ന നിലപാടിന് വിരുദ്ധമായൊരു നിലപാട് എ.ഐ.സി.റ്റി.ഇ. പ്രഖ്യാപിച്ചുകഴിഞ്ഞു. കേരളത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജ് വേണ്ട എന്നതാണ് ആ നിലപാട്. കഴിഞ്ഞ സഭയിൽ ഞാൻ ഇവിടെ അതിനെക്കുറിച്ച് പറഞ്ഞതാണ്. കേരളത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ശാസ്ത്രീയമായൊരു പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് അങ്ങനെയൊരു നിലപാടെടുത്തത്. എന്തുകൊണ്ട് ഇവിടെ പുതിയ കോളേജ് വേണ്ട, എന്തുകൊണ്ട് നിലവിലുള്ള കോഴ്സുകൾക്ക് ചില മാറ്റങ്ങൾ വേണം എന്നതൊക്കെ വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. അതിനെ കുറിച്ച് വിശദീകരിക്കാൻ സമയമില്ലാത്തതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. അതുകൊണ്ട് അത്തരത്തിൽ എഞ്ചിനീയറിംഗ് മേഖലയിലും ഉന്നതവിദ്യാഭ്യാസ മേഖലയിലും സർവ്വകലാശാല തലത്തിലും നിലവിൽ എന്തൊക്കെ കോഴ്സുകളുണ്ട്, അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്, അത് എങ്ങനെ മാറ്റണം, എങ്ങനെ മാറ്റണ്ട എന്നുള്ള വിശദമായ പഠനം ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ വെളിച്ചത്തിൽ വളരെ ശാസ്ത്രീയമായ നിഗമനത്തോടുകൂടി വേണ്ട കോഴ്സുകൾ കൊടുക്കും. അല്ലാത്ത കോഴ്സുകൾക്ക് അത്തരത്തിലുള്ള പരിമിതികളുണ്ടാകും.

<u>ശ്രീ. എം. ഉമ്മർ</u>: സർ, അങ്ങ് പറഞ്ഞതുപോലെ ശാസ്ത്രീയമായ പഠനത്തിനു ശേഷം തന്നെയാണ് ഈ പറയപ്പെടുന്ന യൂണിവേഴ്സിറ്റികളും സ്വയംഭരണ സ്ഥാപന ങ്ങളുമൊക്കെ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. സ്വയംഭരണ സ്ഥാപനങ്ങളിലൊക്കെത്തന്നെ കൃത്യമായി പരീക്ഷകൾ നടക്കുന്നുണ്ട്, കൃത്യമായി റിസൽറ്റും വരുന്നുണ്ട്. അതിലേറെ അടിസ്ഥാന സൗകര്യങ്ങളും സംവിധാനങ്ങളുമു ള്ള യൂണിവേഴ്സിറ്റികളിൽ കൃത്യമായി പരീക്ഷ നടക്കുന്നില്ലെന്ന് മാത്രമല്ല ഒന്നും രണ്ടും വർഷം കഴിഞ്ഞ് മൂന്നാം വർഷം തീരുമ്പോൾപോലും രണ്ടും മൂന്നും സെമസ്റ്റർ പരീക്ഷകളുടെ റിസൽറ്റ് വരാതിരിക്കുകയാണ്. ശാസ്ത്രീയ സമീപനത്തിലൂടെ അത്തരം തെറ്റുതിരുത്താനു ള്ള നടപടിയെടുക്കണം. അല്ലാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ വെറും കേട്ടുകേൾവിയുടെയും ആരോപണത്തിന്റെയും അടിസ്ഥാനത്തിൽ മാത്രം മറുപടി പറയാൻ പാടില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്ന നിലയ്ക്കും പൊതുപ്രവർത്തകൻ എന്ന നിലയ്ക്കും രണ്ടു വർഷത്തിനിടയിൽ അങ്ങൊരു പഠനം നടത്തിയിരിക്കുമല്ലോ. എല്ലാം പഠനത്തിന്റെ അടിസ്ഥാനത്തിൽ മറുപടി പറയാൻ നിൽക്കണ്ട. അഥവാ പറഞ്ഞാൽത്തന്നെ അത് contempt of court ആകില്ല. അങ്ങ് കൃത്യമായി മറുപടി പറയണമെന്നാണ് എനിക്ക് പറയാനു ള്ളത്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഞാൻ കൃത്യമായും നല്ല ധാരണയോടും കൂടിത്തന്നെയാണ് മറുപടി പറയുന്നത്. അതുകൊണ്ടുതന്നെയാണ് ശാസ്ത്രീയമായ പഠനത്തിനുശേഷം മാത്രമേ കോഴ്സുകളും കോളേജുകളും അനുവദിക്കുകയുള്ളൂ എന്നുപറഞ്ഞത്. യൂണിവേഴ്സിറ്റികളിൽ അങ്ങ് പറഞ്ഞതുപോലെയുള്ള പ്രശ്നങ്ങളുണ്ടായിരുന്നു. ഞാൻ

സഭയുടെ അറിവിനുവേണ്ടി പറയുകയാണ്, കഴിഞ്ഞ വർഷം നടപ്പിലാക്കിയ പരീക്ഷകളെല്ലാംതന്നെ മൂന്നുമാസം മുന്നോട്ട് നീക്കിക്കൊണ്ട് കാലിക്കട്ട് യൂണിവേഴ്സിറ്റി പരീക്ഷാ ടൈംടേബിൾ പ്രഖ്യാപിച്ചുകഴിഞ്ഞു. ഈ വർഷംതൊട്ട് എങ്ങനെയാണ് പരീക്ഷകൾ മുന്നോട്ടുപോകുന്നത് എന്നതിനു ള്ള ഒരു സൂചന മാത്രമാണിത്. എല്ലാ സിൻഡിക്കേറ്റുകളും എല്ലാ യൂണിവേഴ്സിറ്റി അധികൃതരും ഇതിനുവേണ്ടി ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. സർവ്വകലാശാല കോഴ്സുകൾ മാത്രമല്ല, പരീക്ഷകൾപോലും എങ്ങനെ റീ-അറേഞ്ച് ചെയ്യണം എന്നു ള്ള ശാസ്ത്രീയമായ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ വെളിച്ചത്തിൽ തന്നെയാണ് മറുപടി പറയുന്നത്. എനിക്ക് വ്യക്തിപരമായി ചില ധാരണകളുണ്ട്. പക്ഷേ അതല്ല പറയേണ്ടത്, മറിച്ച് ഒരു ജനകീയ ബോഡി പഠിച്ചതിനുശേഷം ലഭിക്കുന്ന റിസൽറ്റിന്റെ അടിസ്ഥാനത്തിലാണ് പറയേണ്ടത്. അതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, തെറ്റായ ചില പ്രചരണങ്ങളുണ്ടാകാം. അതിൽ ശരിയും തെറ്റും പരിശോധിച്ച്, അതാണ് കുറേക്കൂടി ശാസ്ത്രീയത. അത്തരത്തിലുള്ളൊരു ശാസ്ത്രീയ നിലാപാടെടുക്കും. തീർച്ചയായും സർവ്വകലാശാലകളുടെ ഈ വർഷത്തെ പരീക്ഷകളെല്ലാം സമയത്തിനുതന്നെ നടത്തുന്നതിനും കൃത്യമായി റിസൽറ്റ് വരുന്നതിനുമു ള്ള ഏർപ്പാടുകൾ ചെയ്യും.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, സ്വയംഭരണ കോളേജുകൾക്ക് അനിയന്ത്രിതമായ അധികാരങ്ങളാണുള്ളത്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഗൈഡ് ലൈൻ പ്രകാരം യൂണിവേഴ്സിറ്റികൾക്കും സർക്കാരുകൾക്കുമൊക്കെ ഒരു നിയന്ത്രണവും ഇല്ലാത്തവിധം കോഴ്സുകൾ, സിലബസ്, എക്സാം, റിസൽറ്റ്, ഡിഗ്രി തുടങ്ങിയവയൊക്കെ അവരുടെ വിവേചനമനുസരിച്ചാണ് നടക്കുന്നത്. ഇതിലൊക്കെ ഇടപെടാനും അതിൽ വല്ല വീഴ്ചകളോ, പോരായ്മകളോ, എഡ്യൂക്കേഷനിൽ ക്വാളിറ്റിയുടെ കുറവോ ഒക്കെ ഉണ്ടായാൽ യൂണിവേഴ്സിറ്റിക്കും സർക്കാരിനും ഇപെടാൻ കഴിയുമോ; അതിനുവേണ്ടി സർക്കാർ ശ്രമിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, തീർച്ചയായും സർക്കാരിന് അത് സാധിക്കും. എന്ത് ചെയ്യണമെന്നതിനല്ല, എവിടെയാണ് ഇടപെടേണ്ടത്, എവിടെയാണ് നിയന്ത്രിക്കേണ്ടത് എന്ന് കൃത്യമായി അറിയാൻ വേണ്ടിത്തന്നെയാണ് പഠിക്കുന്നത്. പക്ഷെ അങ്ങ് ഒരു കാര്യം കൂടി മനസ്സിലാക്കേണ്ടതുണ്ട്. 2018 ഫെബ്രുവരി 12-ന് യു.ജി.സി. ഒരു പുതിയ റെഗുലേഷൻ ഇറക്കിയിട്ടുണ്ട്. അത് കേന്ദ്ര സർക്കാർ ഗസറ്റ് വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുമുണ്ട്. ഇപ്പോൾത്തന്നെ ഓട്ടോണമസ് കോളേജുകൾക്ക് കൂടുതൽ അധികാരങ്ങൾ കേന്ദ്ര സർക്കാർ നൽകുകയാണ്. അതിനെതിരെ ശക്തമായ പ്രതികരണം കേരളത്തിൽനിന്നുണ്ടാകണം. യു.ജി.സി. റെഗുലേഷനെതിരെ എങ്ങനെ ശക്തമായി പ്രതികരിക്കണമെന്നതിനെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഒരു സെമിനാർ സംഘടിപ്പിച്ച് ആ സെമിനാറിന്റെ ഭാഗമായിട്ടുണ്ടാകുന്ന ആശയങ്ങൾ

ഉൾക്കൊള്ളിച്ചുകൊണ്ട് ഇത് നമ്മുടെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് എത്രുകണ്ട് എതിരാണെന്ന് മനസ്സിലാക്കണം. അക്കാദമിക് ഓട്ടോണമിക്കുവേണ്ടി മുമ്പും നമ്മൾ വാദിക്കാറുണ്ട്. പക്ഷെ അഡ്മിനിസ്ട്രേറ്റീവ് ഓട്ടോണമിക്കുവേണ്ടി ഒരിക്കലും നമ്മൾ നിലകൊണ്ടിട്ടില്ല. നിലകൊള്ളാൻ പാടില്ല. അപ്പോഴാണ് ചില കാര്യങ്ങൾ നിയന്ത്രിക്കാൻ കഴിയുമോയെന്ന് സംശയം തന്നെ വരുന്നത്. അത്തരത്തിലുള്ള സംശയമില്ലാതെ സമൂഹത്തിന് നിയന്ത്രിക്കാവുന്ന രീതിയിലുള്ള വിദ്യാഭ്യാസം കോളേജ് തലത്തിൽ നടക്കേണ്ടതുണ്ട്. ആ രീതിയിൽ 2018 ഫെബ്രുവരി 12-ന്റെ യു.ജി.സി. റെഗുലേഷൻ കേന്ദ്രസർക്കാർ ഗസറ്റ് വിജ്ഞാപനമാക്കി അംഗീകരിച്ചതിന്റെ പ്രതികരണം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

ഡോ. എം. കെ. മുനീർ: സർ, ഓട്ടോണമസ് കോളേജുകളുടെ കാര്യത്തിൽ ഗവൺമെന്റിന്റെ നയം അറിയാൻ ആഗ്രഹമുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റിയെ നിയോഗിച്ച് രണ്ട് മാസം കൊണ്ട് റിപ്പോർട്ട് നൽകാൻ പറഞ്ഞിട്ട് ഇരുപത് മാസമായിട്ടും ഇതുവരെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഇപ്പോഴെന്താണ് സംഭവിക്കുന്നതെന്നാൽ, ഓട്ടോണമസ് കോളേജുകൾ കൃത്യമായി പരീക്ഷ നടത്തിയിട്ടും യൂണിവേഴ്സിറ്റി ഇപ്പോഴും മാർക്ക് ലിസ്റ്റ് കൊടുത്തിട്ടില്ല. അവിടെ സെനറ്റും സിൻഡിക്കേറ്റുമൊക്കെ കൂടുന്നതിനുവേണ്ടി അവരുടെ സൗകര്യം കാത്തിരുന്നുകൊണ്ട് വിദ്യാർത്ഥികൾക്ക് മാർക്ക് ലിസ്റ്റ് കൊടുക്കുന്നില്ല. കൃത്യമായി പരീക്ഷ നടത്തിയിട്ടും മാർക്ക് ലിസ്റ്റ് നൽകാത്ത യൂണിവേഴ്സിറ്റിയിലല്ലേ കമ്മിറ്റിയെ നിയോഗിച്ച് എന്താണ് അവിടെ നടക്കുന്നതെന്ന് പരിശോധിക്കേണ്ടത്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അത് ഞാൻ പറഞ്ഞല്ലോ. കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് യോഗം ചേർന്നതും ഒറ്റ അജണ്ട വച്ചുകൊണ്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരീക്ഷാ സമ്പ്രദായം പരിഷ്കരിക്കുന്നതിനും കേരളത്തിലെ എല്ലാ സർവ്വകാലശാലയുടേയും അഡ്മിഷനും പരീക്ഷയുമെല്ലാം ബന്ധിപ്പിച്ചുകൊണ്ട് ഒരു പോർട്ടൽ ഉണ്ടാക്കുന്നതിനും അതുമുഴുവൻ ഡിജിറ്റലൈസ് ചെയ്യുന്നതിനുമുള്ള വലിയൊരു ശ്രമം നടന്നുകൊണ്ടിരിക്കുന്ന കാര്യം അങ്ങേയ്ക്ക് അറിയാവുന്നതല്ലേ. കേരളത്തിൽ എല്ലാ സർവ്വകലാശാലയിലും ഓൺലൈൻ അഡ്മിഷനടക്കമുള്ള ആധുനിക സംവിധാനങ്ങൾ കൊണ്ടുവന്ന് പരീക്ഷയെല്ലാം സ്ട്രീംലൈൻ ചെയ്ത് ഈ പറയുന്ന പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനുള്ള ശ്രമത്തിനാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഇപ്പോൾ തുടക്കംകുറിച്ചിട്ടുള്ളത്.

ഡോ. എം. കെ. മുനീർ: സർ, പരീക്ഷ കഴിഞ്ഞ കുട്ടികൾക്ക് മാർക്ക് ലിസ്റ്റ് ലഭിക്കാത്തതുകാരണം വിദേശത്തു ള്ള കോളേജുകളിലോ മറ്റ് സ്ഥാപനങ്ങളിലോ പോകാൻ കഴിയുന്നില്ല. പരീക്ഷ എഴുതിയ കുട്ടികൾക്ക് റിസൽറ്റ് വന്നിട്ടും കേരള സർവ്വകലാശാല മാർക്ക് ലിസ്റ്റ് കൊടുക്കുന്നില്ല എന്നത് വളരെ കഷ്ടമാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇവിടെ പറഞ്ഞ പ്രശ്നം വളരെ സീരിയസ്സാണ്. കഴിഞ്ഞ തവണത്തെയും കഴിഞ്ഞതിന് മുമ്പിലത്തെ വർഷത്തെയും മാർക്ക് ലിസ്റ്റ് കിട്ടാത്തതെന്താണെന്ന് അങ്ങേയ്ക്ക് അറിയില്ലേ. എല്ലാ യൂണിവേഴ്സിറ്റികളിലുമുണ്ടായിരുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. അടുത്ത വർഷം അങ്ങേയ്ക്ക് ഇത് പറയേണ്ടിവരില്ല. ഇതിനു മുമ്പുണ്ടായിരുന്ന പ്രശ്നം എന്തൊക്കെയാണെന്ന് ഞാൻ ഇവിടെ പറയാതിരിക്കുകയാണ്. ഇപ്പോൾ ആ പ്രശ്നം നിലവിലുണ്ട് എന്ന് അദ്ദേഹം പറഞ്ഞതുകൊണ്ട് ആ പ്രശ്നം പരിഹരിക്കാനെടുത്ത നിലപാടിനെക്കുറിച്ച് പറയാം. എല്ലാ യൂണിവേഴ്സിറ്റികളും ലിങ്കുചെയ്തുകൊണ്ട് ഒറ്റ നിമിഷംകൊണ്ട് ഓരോ യൂണിവേഴ്സിറ്റികളിലെയും മുഴുവൻ അഡ്മിഷനും പരീക്ഷകളും കൺട്രോൾ ചെയ്യാനുള്ള ഡിജിറ്റൽ സംവിധാനം വരാൻ പോവുകയാണ്. ഈ പ്രശ്നം ഇനി നമുക്ക് ചർച്ച ചെയ്യേണ്ടി വരില്ല. പൂർണ്ണമായും പരിഹരിക്കും.

ശ്രീ. പി. കെ. ശശി: സർ, നമ്മുടെ സംസ്ഥാനത്ത് സഹകരണ മേഖലയിൽ വളരെ മികച്ച നിലയിൽ പ്രവർത്തിക്കുന്ന ധാരാളം കോളേജുകളുണ്ട്. അതിൽ പല കോളേജുകൾക്കും യൂണിവേഴ്സിറ്റി അഫിലിയേഷൻ കൊടുത്തിട്ടുണ്ട്. മികച്ച ഫാക്കൽറ്റിയാണുള്ളത്. സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ നടക്കുന്നതുപോലുള്ള ഫീസ് ഘടനയല്ല അവിടെയുള്ളത്. അത്തരം കോളേജുകളെ സംരക്ഷിക്കാൻ പ്രത്യേകമായൊരു പരിഗണന കൊടുക്കാൻ മന്ത്രി തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും പരിശോധിക്കാവുന്ന കാര്യമാണ്. നന്നായി നടക്കുന്ന ഏത് മേഖലയേയും നല്ലതുപോലെ കാണുകയെന്നത് സർക്കാരിന്റെ നിലപാടാണ്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ ഓട്ടോണമസ് കോളേജുണ്ടായപ്പോൾ ഇപ്പോഴത്തെ ഭരണകക്ഷി അന്ന് പ്രതിപക്ഷമായിരുന്നപ്പോഴാണ് ഏറ്റവും ശക്തമായ എതിർപ്പ് ഉയർത്തിയത്. അതിനെ സംബന്ധിച്ച ഗവൺമെന്റിന്റെ നയം അങ്ങ് വ്യക്തമാക്കിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രായോഗികമായി കാര്യങ്ങൾ പറഞ്ഞു. അങ്ങ് ഇപ്പോഴും ആലങ്കാരികമായി കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ നന്നായി പ്രവർത്തിക്കുന്ന ഓട്ടോണമസ് കോളേജുകളുണ്ട്. ഇതിനൊക്കെ യു.ജി.സി.യുടെ നിയന്ത്രണങ്ങളുണ്ട്. വെറുതെ ആർക്കും പരീക്ഷ നടത്താനും കോളേജ് നടത്താനും കഴിയില്ല. ലോകം മാറുകയാണ്, രാജ്യം മാറുകയാണ്. ഇത്തരം കോളേജുകൾ ലോകത്തെല്ലായിടത്തും നിലനിൽക്കുന്നുണ്ട്. അമേരിക്കയിൽ അയ്യായിരം യൂണിവേഴ്സിറ്റിയുണ്ട്. അവിടത്തെ വിദ്യാഭ്യാസ നിലവാരം തകർന്നുപോവുകയാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രായോഗികമായിട്ടാണ് പറഞ്ഞത്. അങ്ങ് പറഞ്ഞത് ആർക്കും മനസ്സിലായിട്ടില്ല. ഓട്ടോണമസ് കോളേജ്

നിലനിർത്തണമെന്ന് ഈ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇനിയും പുതുതായി ഓട്ടോണമസ് കോളേജുകൾ കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇനിയും പുതുതായി ഓട്ടോണമസ് കോളേജുകൾ കൊടുക്കുന്ന കാര്യത്തിൽ ആലോചനയില്ല. ഒരുതരത്തിലും പുതിയ ഓട്ടോണമസ് കോളേജ് കൊടുക്കില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ കൊടുത്ത ഓട്ടോണമസ് കോളേജിന്റെ പദവി എന്താണ്, എന്താണ് അവിടത്തെ പ്രശ്നം, ജനങ്ങൾ എങ്ങനെ കാണുന്നു തുടങ്ങിയ പഠനത്തിനുശേഷം അതിനുള്ള തീരുമാനമെടുക്കും. അക്കാദമിക് ഓട്ടോണമി ഒഴികെ അഡ്മിനിസ്ട്രേറ്റീവ് ഓട്ടോണമി എന്നു ള്ള സങ്കൽപ്പം സർക്കാരിനില്ല. അത്തരത്തിലുള്ളൊരു ഓട്ടോണമസ് കോളേജ് കേരളത്തിൽ കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. അമേരിക്കയല്ല കേരളം. അത് മനസ്സിലാക്കണം. അമേരിക്കയിലെ സർവ്വകലാശാലയെക്കുറിച്ചും കേരളത്തിലെ സർവ്വകലാശാലയെ കുറിച്ചും നമുക്കൊരു ഡിബേറ്റ് നടത്താം. അമേരിക്കയിലെ സർവ്വകലാശാലകൾ എങ്ങനെയാണ് ആ ഹാബിറ്റാറ്റിലെ ജനങ്ങളെ കൊണ്ടുപോകുന്നതെന്നും ആ സർവ്വകലാശാല കേരളത്തിന്റെ ഹാബിറ്റാറ്റിലെ ജനങ്ങളുടെ വികസനത്തിന് പറ്റില്ലായെന്നും ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. അതുകൊണ്ട് അത്തരത്തിലുള്ള യൂണിവേഴ്സിറ്റികളും കേരളത്തിന്റെ യൂണിവേഴ്സിറ്റികളും തമ്മിൽ താരതമ്യപ്പെടുത്തരുത്. കേരളത്തിന്റെ യൂണിവേഴ്സിറ്റികളുടെ തനിമ വർദ്ധിപ്പിക്കാനാണ് നമ്മൾ ശ്രമിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ

5 (*94) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ആയിരം സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതി ഏത് ഘട്ടത്തിലാണ്;

(സി) ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലത്തിലെ എല്ലാ ക്ലാസ്സ്മുറികളും ഹൈടെക് ക്ലാസ്സ് മുറികളാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം എന്തൊക്കെ സൗകര്യങ്ങളാണ് സ്കൂളുകളിൽ ഇതിനകം ഒരുക്കിയിട്ടുള്ളത്;

(ഡി) അദ്ധ്യാപന-അദ്ധ്യയന തലത്തിൽ സമഗ്ര മാറ്റം കൊണ്ടുവരുന്നതിന് ഇതിനോടകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനായി അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ യജ്ഞത്തിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടു ള്ളതെന്ന് വിശദമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി നാളിതുവരെ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഭൗതിക സാഹചര്യ വികസനം:

- മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

- അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 229 സ്കൂളുകളിൽ 163 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും 70 സ്കൂളുകൾക്ക് കിഫ്ബി മുഖേനയുള്ള ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കൈറ്റിനെ തെരഞ്ഞെടുക്കുകയും അതിന്റെ നേതൃത്വത്തിൽ പദ്ധതി നിർവ്വഹണത്തിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു.

- മണ്ഡലാടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതിനോടകം 140 എൽ.പി./യു.പി. സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

- <u>ഹൈടെക് സ്കൂൾ പദ്ധതി:</u>

  സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള ക്ലാസ്\മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി പ്രകാരം 4775 സ്കൂളുകളിലെ 45000 ക്ലാസ്മുറികൾ ഹൈടെക് ആക്കി മാറ്റാൻ 2016-17-ൽ കിഫ്ബി 493.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018 ജൂൺ ഒന്നിന് മുമ്പ് 45000 ക്ലാസ് മുറികളിലേയ്ക്ക് ഐ.സി.റ്റി. ഉപകരണങ്ങൾ വിതരണം ചെയ്യുന്നത് പൂർത്തിയാക്കും വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. എല്ലാ അദ്ധ്യാപകർക്കും ഐ.സി.റ്റി. ഉപകരണങ്ങളുടെ സഹായത്താൽ ഐ.സി.റ്റി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രത്യേക പരിശീലനവും നൽകിവരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോജനം കൂടുതൽ കാര്യക്ഷമമായി കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് ഉതകുന്ന 'സമഗ്ര' ഇ-ലേണിംഗ് പോർട്ടലും 'കൈറ്റ്' സജ്ജമാക്കിയിട്ടുണ്ട്.

- ജൈവവൈവിദ്ധ്യ പാർക്കുകൾ: 1200 സ്കൂളുകൾക്ക് മൂന്നുകോടി രൂപയുടെള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി 1200 സ്കൂളുകൾക്ക് 10,000 രൂപ വീതം അനുവദിച്ചു.

2. <u>അക്കാദമിക മികവ്:</u>

സംസ്ഥാനത്തെ എല്ലാ കുട്ടികളുടെയും അക്കാദമിക മികവ് ലക്ഷ്യമിട്ടുകൊണ്ട് ഒരു ജനകീയ അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂൾ തലത്തിൽ തയ്യാറാക്കി അവതരിപ്പിച്ചിട്ടുണ്ട്. അക്കാദമിക മികവ് കൈവരിക്കുന്നതിലേയ്ക്കായി 'മലയാളത്തിളക്കം', 'സുരീലി ഹിന്ദി', 'ഹലോ ഇംഗ്ലീഷ്', 'ഗണിത വിജയം', 'ലിറ്റിൽ ഗലീലിയോ' തുടങ്ങിയ പ്രവർത്തനങ്ങളും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി 'നവപ്രഭ', 'ശ്രദ്ധ' തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. കൂടാതെ സാമൂഹിക ബോധവൽക്കരണത്തിന്റെ ഭാഗമായി സ്കൂളുകൾ കേന്ദ്രീകരിച്ച് വികസന സെമിനാറുകൾ, രക്ഷാകർത്തൃ പരിശീലന പരിപാടികൾ തുടങ്ങിയവയും നടത്തിവരുന്നു.

- സ്കൂൾ ഗ്രാന്റ് ഇനത്തിൽ എല്ലാ ഗവ.സ്കൂളുകൾക്കും 50,000 രൂപ വീതം അനുവദിച്ചു.

- നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 442 സ്കൂളുകൾക്ക് ഏഴ് ഇനങ്ങൾക്കായി (സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി, അഡീഷണൽ ക്ലാസ്, ടോയ്‌ലെറ്റ്, കുടിവെള്ളം) 5251 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

- ഐഡിയൽ ലാബ് സജ്ജീകരിക്കുന്നതിന് സംസ്ഥാനത്തെ ചുവടെ ചേർക്കുന്ന നാല് സ്കൂളുകൾക്ക് 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

1. ജി.എച്ച്.എസ്.എസ്. മയ്യിൽ, കണ്ണൂർ
2. എ.ജി.എച്ച്.എസ്.എസ്.കോടോത്ത്, കാസർഗോഡ്
3. ജി.എച്ച്.എസ്.എസ്. കോട്ടായി, പാലക്കാട്
4. ഗവ.ബോയ്സ് എച്ച്.എസ്.എസ്., ഹരിപ്പാട്, ആലപ്പുഴ.

(ബി) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിന്റെ ഭാഗമായി 2017-18 വർഷത്തിൽ കിഫ്ബിയുടെ അഞ്ചുകോടി രൂപ ധനസഹായത്തോടെ 141 സ്കൂളുകളുടെ പുനരുദ്ധാരണത്തിനും മൂന്ന് കോടി രൂപ ധനസഹായത്തോടെ 229 സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഞ്ചുകോടി രൂപയുടെ 138 സ്കൂളുകൾക്കും മൂന്ന് കോടി രൂപയുടെ 163 സ്കൂളുകൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ അഞ്ചുകോടി രൂപയുടെ 138 സ്കൂളുകൾക്കും മൂന്ന് കോടി രൂപയുടെ 70 സ്കൂളുകൾക്കും കിഫ്ബി മുഖേനയുള്ള ധനസഹായം ലഭ്യമായിട്ടുണ്ട്. ഭരണാനുമതി നൽകിയ മൂന്ന് കോടി രൂപയുടെ ബാക്കിയുള്ള സ്കൂളുകളെ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 47 സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി WAPCOS എന്ന സർക്കാർ അംഗീകൃത ഏജൻസിയെ ചുമതലപ്പെടുത്തുകയുണ്ടായി. മാർച്ച് മാസത്തോടെ കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ പൂർത്തിയാക്കി. ഏപ്രിൽ മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഓരോ ക്ലാസ്സിലേയ്ക്കും ലാപ്ടോപ്പ് കമ്പ്യൂട്ടർ, സീലിംഗിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടി മീഡിയ പ്രൊജക്ടർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ പെയിന്റടിച്ച ഭിത്തി/സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളും സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി, മൾട്ടി ഫങ്ഷൻ പ്രിന്റർ, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ് സംവിധാനം, ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠന

വിഭവങ്ങൾ ലഭ്യമാക്കുന്നതിന് 'സമഗ്ര' വിഭവ പോർട്ടൽ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനം തുടങ്ങിയവയാണ് ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നത്. 4478 ഹൈസ്കൂളുകൾക്കും ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും സർക്കാർ എയ്ഡഡ് മേഖലയിലെ 8704 എൽ.പി./യു.പി. സ്കൂളുകൾക്കും ഉൾപ്പെടെ ഒന്നുമുതൽ 12 വരെയുള്ള 13112 സ്കൂളുകൾക്ക് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യവും 21038 ക്ലാസ് മുറികളിലേയ്ക്കുള്ള ഉപകരണ വിതരണവും പൂർത്തി യായിവരുന്നു.

(ഡി) അദ്ധ്യാപക-അദ്ധ്യയനതലത്തിൽ സമഗ്രമായ മാറ്റം കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ഓരോ സ്കൂളിനും തനതായ ഒരു ജനകീയ മാസ്റ്റർപ്ലാൻ തയ്യാറാക്കി ഇതിനോടകംതന്നെ അവതരിപ്പിച്ചിട്ടുണ്ട്. അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിനായി പുത്തൻ പഠന ബോധന തന്ത്രങ്ങളും സാങ്കേതികവിദ്യയും ക്ലാസ്സിൽ പ്രയോഗിക്കാൻ പ്രാപ്തമാകും വിധം അദ്ധ്യാപകരുടെ ആത്മവിശ്വാസവും അറിവും കഴിവും വർദ്ധിപ്പിക്കുന്നതിനുതകുന്ന കാലാനുസൃതമായ പരിശീലനങ്ങൾ നൽകിവരുന്നു. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ (Learning outcome) ഓരോ ഘട്ടത്തിലും ഉറപ്പാക്കുന്നതിന് പഠനവിഭവ പോർട്ടലായ 'സമഗ്ര' രൂപീകരിച്ച് ക്ലാസ് റൂം വിനിമയം ഐ.സി.റ്റി. അധിഷ്ഠിതമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് നിർബന്ധ യോഗ്യത പരീക്ഷയാക്കി മാറ്റി ഗുണനിലവാരമുള്ള അദ്ധ്യാപകരെ തെരഞ്ഞെടുത്തുവരുന്നു. അദ്ധ്യാപക പരിശീലന പാഠ്യ പദ്ധതി (ഇൻസർവ്വീസ്, പ്രീസർവ്വീസ്) സമഗ്രമായി പരിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടികൾക്ക് തുടക്കംകുറിച്ചു. തൽസ്ഥല പിന്തുണയും മോണിറ്ററിംഗും ശക്തമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങളാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി 'കാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയത്തെ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് വിദ്യാർത്ഥീകേന്ദ്രീകൃതമായ പഠന പ്രവർത്തനങ്ങ ൾക്കാണ് മുൻതൂക്കം നൽകിവരുന്നത്. ഇതിന് സഹായമാകും വിധത്തിൽ 'ടാലന്റ് ലാബ്' എന്ന ആശയം നടപ്പിലാക്കിവരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോജനം എല്ലാ കുട്ടികൾക്കും ഒരുപോലെ ലഭ്യമാകുന്നതിന് ഉതകുന്ന തരത്തിലു ള്ള പഠന ബോധന പ്രവർത്തനങ്ങളും ഇതര സൗകര്യങ്ങളും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും നൽകിവരുന്നു. വിവിധ തലങ്ങളിലുള്ള കുട്ടികളുടെ എല്ലാവിധ ത്തിലുമുള്ള കഴിവുകളെയും പരിപോഷിപ്പിക്കുന്ന വിധത്തിൽ ഓരോ പ്രദേശത്തെയും സാമൂഹിക സാംസ്കാരിക പാരമ്പര്യവും തനതായ പ്രത്യേകതകളും കണക്കിലെടുത്തു കൊണ്ടും അവ അക്കാദമിക വിഷയങ്ങളുമായി സമന്വയിപ്പിച്ചുകൊണ്ടുമുള്ള സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ക്ലാസ് റൂം പ്രവർത്തനങ്ങളും പഠന രീതികളും തയ്യാറാക്കുന്നതിനാണ് ഊന്നൽ നൽകിവരുന്നത്.

**വൻകിട കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി**

6 (*95) ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. കെ. സി. ജോസഫ് :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിടകമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചെടുക്കുന്നതിന് നിയമനിർമ്മാണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) 1957-ലെ ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് നിയോഗിച്ചിരുന്ന സ്പെഷ്യൽ ഓഫീസറുടെ നടപടിക്രമങ്ങളെ ചോദ്യം ചെയ്തുകൊണ്ട് കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള റിട്ട് ഹർജി അടിയന്തരമായി തീർപ്പാക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പാടാക്കാൻ വകുപ്പ് ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്.

(ബി) കേരള ലാൻഡ് ഗ്രാബിംഗ് (പ്രൊഹിബിഷൻ) ആക്ട് 2017-ന്റെ കരട് തയ്യാറാക്കി നിയമവകുപ്പിലേയ്ക്ക് അയച്ചിരുന്നു. ഇപ്പോൾ അത് അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്.

(സി) 1957-ലെ ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് നിയോഗിച്ച സ്പെഷ്യൽ ഓഫീസറുടെ നടപടിക്രമങ്ങളെ ചോദ്യം ചെയ്തുകൊണ്ട് കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള റിട്ട് ഹർജികളിൽ വാദം അന്തിമഘട്ടത്തിലാണ്. ടി കേസുകളിൽ സർക്കാരിനുവേണ്ടി വാദിക്കുന്നതിന് സ്പെഷ്യൽ പ്ലീഡറെ നിയമിച്ചിട്ടുണ്ട്. സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനും സംസ്ഥാനത്തിനുവേണ്ടി ഹാജരാകുന്നുണ്ട്.

## സർക്കാർ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് പദ്ധതി

7 (*96) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളിലെ പശ്ചാത്തല സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇതിനായി ഒരു സ്കൂളിന് സർക്കാർ ചെലവഴിക്കാവുന്ന പരമാവധി തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിയ്ക്കായി സ്കൂളുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് ആരാണെന്നും ഇതിനകം എത്ര സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സർക്കാർ വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു :

- മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
- അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെ ട്ടിട്ടുള്ള 229 സ്കൂളുകളിൽ 163 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും 70 സ്കൂളുകൾക്ക് കിഫ്ബി മുഖേനയുള്ള ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കൈറ്റിനെ തെരഞ്ഞെടുക്കുകയും അതിന്റെ നേതൃത്വത്തിൽ പദ്ധതി നിർവ്വഹണത്തിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു.

- മണ്ഡലാടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതിനോടകം 140 എൽ.പി./യു.പി. സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.
- സംസ്ഥാനത്തെ 8 മുതൽ 12 വരെയു ള്ള 4775 സ്കൂളുകളിൽ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പി ലാക്കിവരുന്നു.
- ജൈവവൈവിദ്ധ്യ പാർക്കുകൾ: 1200 സ്കൂളുകൾക്ക് മൂന്നുകോടി രൂപയു ള്ള ഭരണാനുമതി ലഭ്യമാക്കുകയും ഇതിന്റെ ആദ്യഘട്ടമായി 10,000 രൂപ വീതം അനുവദിക്കുകയും ചെയ്തു.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻ കീഴിൽ സർക്കാർ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിവരുന്നു.

- ഭൗതിക സൗകര്യ വികസനം
- ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തൽ
- എട്ട് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള മുഴുവൻ ക്ലാസ് മുറികളും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- 1200 സ്കൂളുകളിൽ ജൈവവൈവിദ്ധ്യ പാർക്ക് സ്ഥാപിക്കുന്നതി നു ള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

<u>അക്കാദമികം:</u>

- അക്കാദമിക മികവിന്റെ ഭാഗമായി ഭാഷാ വികാസത്തിനുള്ള പ്രവർത്തനങ്ങൾ
- ഗണിതം, ശാസ്ത്രം, സാമൂഹിക ശാസ്ത്രം തുടങ്ങിയവ കൂടുതൽ മെച്ചപ്പെടുത്താനുള്ള പഠനാനുഭവങ്ങൾ ഒരുക്കൽ
- വിദ്യാർത്ഥികളുടെ കായികക്ഷമത വികസിപ്പിക്കാനു ള്ള പ്രവർ ത്തനങ്ങൾ
- എല്ലാ കുട്ടികളുടെയും സർഗ്ഗവാസനകൾ വികസിപ്പിക്കാനു തകുന്ന പ്രവർത്തനങ്ങൾ
- മതനിരപേക്ഷ ജനാധിപത്യ ബോധം, പാരിസ്ഥിതികാവബോധം,

ലിംഗാവബോധം തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന് അനിവാര്യമായ മൂല്യബോധങ്ങൾ ഉളവാക്കാനാവശ്യമായ പ്രവർത്തനങ്ങൾ

- കൃഷിയെ ഒരു സംസ്കൃതിയാക്കി മാറ്റാൻ സഹായകമായ പ്രവർത്തനങ്ങൾ
- ഹരിത പ്രോട്ടോക്കോൾ പാലിക്കാനാവശ്യമായ പ്രവർത്തനങ്ങൾ
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായുള്ള പ്രത്യേക പ്രവർത്തനങ്ങൾ
- സമൂഹത്തെ സ്കൂളുകളുമായി ബന്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ
- അദ്ധ്യാപകരെ സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

(സി) വിവിധ പ്രവർത്തനങ്ങൾക്കായി സർക്കാർ ചെലവഴിക്കുന്ന പരമാവധി തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

- മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് - 5 കോടി രൂപ
- ഭൗതിക സാഹചര്യ വികസനത്തിന് - 3 കോടി രൂപ
- 1200 സ്കൂളുകളിൽ ജൈവവൈവിദ്ധ്യ ഉദ്യാനം സ്ഥാപിക്കുന്നതിന് - ആദ്യഘട്ടമായി 10,000 രൂപ വീതം
- എട്ട് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള മുഴുവൻ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുക - ഓരോ സ്കൂളുകളുടെയും ആവശ്യങ്ങൾക്ക് ആനുപാതികമായി സാമ്പത്തിക സഹായം അനുവദിക്കുന്നു.

(ഡി) വിവിധ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി അംഗീകൃത ഏജൻസികൾ മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസിയായ 'കിറ്റ്കോ'യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള 141 സ്കൂളുകളിൽ 138 എണ്ണത്തിന് ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളിൽ 163 സ്കൂളുകൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്.

## മരാമത്ത് പണികളുടെ ഗുണനിലവാരം

8 (*97) ശ്രീ. എം. ഉമ്മർ :
ഡോ. എം. കെ. മുനീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഗുണനിലവാരം പുലർത്താത്ത കേസ്സുകളിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഗുണനിലവാര പരിശോധനാ സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉണ്ട്. പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവൃത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് മാന്വൽ പ്രകാരം നടപ്പിലാക്കുന്നുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തനം നടത്തിവരുന്നു. പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് G.O (Ms) No.01/2018/PWD dated, 5-1-2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷനിൽ പ്രവർത്തിച്ചുവരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുക, സാമ്പിളുകൾ ശേഖരിക്കുക, ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറാണുള്ളത്. ആയതിന്റെ

പരിശോധനാഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. അഞ്ച് കോടി രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് നടത്തുന്നതിന് വ്യവസ്ഥയുണ്ട്. കൂടാതെ ദേശീയപാത വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

(ബി) ഗുണനിലവാരം പുലർത്താത്ത കേസുകളിൽ പ്രസ്തുത പ്രവൃത്തികളുടെ എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരവും പൊതുമരാമത്ത് മാന്വൽ പ്രകാരവുമുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ ആയത് കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ ചെയ്യുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെകീഴില്യ ള്ള പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ഓഖി ദുരന്തം ബാധിച്ച മത്സ്യത്തൊഴിലാളികൾക്കുള്ള ആശ്വാസ നടപടികൾ

9 (*98) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന് ശേഷം മന:ശാസ്ത്രപരമായ പ്രശ്നങ്ങൾ കാരണം തൊഴിലിന് പോകുവാൻ കഴിയാതെ ഒരു വിഭാഗം മത്സ്യത്തൊഴിലാളികളും അവരുടെ കുടുംബങ്ങളും ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്കായി എന്ത് ആശ്വാസ നടപടികളാണ് നടപ്പിലാക്കിയത്; അവർക്കായി ഫാമിലി ബേസ്ഡ് പ്ലാൻ തയ്യാറാക്കും എന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവരുടെ മാനസിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ആരോഗ്യവകുപ്പും സാമൂഹ്യനീതി വകുപ്പും ദുരന്ത നിവാരണ വകുപ്പുമായി ചേർന്ന് സൈക്കോ സോഷ്യൽ കൗൺസിലിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇവർക്ക് കൗൺസിലിംഗ് നടത്തി മാനസിക പ്രശ്നം സംബന്ധിച്ച് വിവരങ്ങൾ മനസ്സിലാക്കി ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. ആദ്യ കൗൺസിലിംഗിനുശേഷം മാസത്തിൽ രണ്ട് തവണയെങ്കിലും ഇത്തരം കുടുംബങ്ങൾ സന്ദർശിച്ച് തുടർ കൗൺസിലിംഗ് നടത്തുന്നതാണ്. ഇപ്രകാരം 3-4 മാസമെങ്കിലും ആദ്യഘട്ടത്തിൽ കൗൺസിലിംഗ് ആവശ്യമായി വരും. ഇതിനുപുറമേ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡിയുമായി ചേർന്ന് സംസ്ഥാന ദുരന്ത നിവാരണ ഏജൻസിയും ദീർഘകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യ സ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധി ഒരുക്കുന്നതിന് ഓരോ കുടുംബത്തിനും 5 ലക്ഷം രൂപ വീതം നൽകുന്നതിന് സഹായകമായ പദ്ധതി ആവിഷ്കരിച്ചുവരുന്നു.

**ആഴക്കടൽ മീൻപിടിത്ത പദ്ധതി**

10 (*99) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യപ്പൻ കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിലും വിവിധ ഹൈക്കോടതികളുടെ ഇടപെടലിന്റെ ഫലമായും തീരദേശ സംസ്ഥാനങ്ങൾക്കായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച ആഴക്കടൽ മീൻപിടിത്ത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്നും എന്തൊക്കെ സഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) 1957 മുതൽ ഐ.സി.എ.ആർ.ന്റെ കീഴിൽ കൊച്ചിയിൽ പ്രവർത്തിച്ച വരുന്നതും മത്സ്യബന്ധനം, മത്സ്യസംസ്കരണം, മത്സ്യവിപണനം, മത്സ്യബന്ധന മേഖലയ്ക്ക് വേണ്ട യന്ത്രങ്ങൾ, ഉപകരണങ്ങൾ,യാനങ്ങൾ തുടങ്ങി സമസ്ത മേഖലകളിലും സമഗ്ര സംഭാവന നൽകുന്നതുമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി(സി.ഐ.എഫ്.ടി.)യുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലം നൽകണമെന്ന ആവശ്യം പരിഗണനയിലുണ്ടോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>):

(എ) രാജ്യത്തെ മത്സ്യബന്ധന വികസനത്തിന്റെ ദിശനിർണ്ണയിക്കുന്ന നയമാണ് 2017 ഏപ്രിൽ 28-ാം തീയതി ഗസറ്റ് വിജ്ഞാപനത്തിലൂടെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ആയത് പ്രകാരം മത്സ്യസമ്പത്തിന്റെ സമഗ്രമായ ഉപയോഗത്തിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുമെന്നും ടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ സഹായത്തോടെ നിലവിലുള്ള പരമ്പരാഗത ആഴക്കടൽ യന്ത്രവൽകൃത യാനങ്ങൾ നവീകരിക്കുകയും ആഴക്കടൽ മത്സ്യബന്ധനത്തിനുതകുന്ന പുതിയ യന്ത്രവൽകൃത യാനങ്ങൾ കടലിലിറക്കുകയും കൂടാതെ മത്സ്യത്തൊഴിലാളി കൾക്കാവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്യുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതോടൊപ്പം മത്സ്യവിപണന കയറ്റുമതി ശൃംഖല വികസിപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ടി വിജ്ഞാപനവുമായി ബന്ധപ്പെട്ട മത്സ്യബന്ധന മേഖലയിൽ ചില ആശങ്കകളും നിലനിൽക്കുന്നുണ്ട്. എൽ.ഒ.പി. നിർത്തലാക്കുമെന്ന് പുതിയ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പി.പി.പി മോഡലിൽ സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപം പ്രോൽസാഹിപ്പിക്കുമെന്നും അന്താരാഷ്ട്ര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയിട്ടുള്ള മത്സ്യബന്ധന യാനങ്ങൾ പ്രോൽസാ ഹിപ്പിക്കുമെന്നുള്ള നയത്തിലെ പ്രഖ്യാപനം ഈ മേഖലയിൽ മൾട്ടി നാഷണൽ കമ്പനികൾ കടന്നുവരുമെന്നുമുള്ള ആശങ്ക മത്സ്യത്തൊഴിലാളി മേഖലയിൽ നിലനിൽക്കുന്നുണ്ട്. സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യമൂലധന നിക്ഷേപവും വിദേശ സാങ്കേതികവിദ്യയും വൻതോതിൽ കടന്നുവരുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്ന ആശങ്കയും നിലനിൽക്കുന്നുണ്ട്.

(ബി) ആഴക്കടൽ മത്സ്യബന്ധനത്തിന് ഇതുവരെയും കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല. എന്നാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ 10 മത്സ്യ

തൊഴിലാളികൾ വീതമടങ്ങുന്ന ഗ്രൂപ്പുകൾക്ക് ഒന്ന് എന്ന ക്രമത്തിൽ 500 യന്ത്രവൽകൃത സ്റ്റീൽ ബോട്ടുകൾ (ലോംഗ് ലൈനർ) അനുവദിക്കുന്നതിന് പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഒരു ബോട്ടിന് 120 ലക്ഷം രൂപ എന്ന ക്രമത്തിലാണ് പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്.

(സി) കൊച്ചിയിലെ നിർദ്ദിഷ്ട പെട്രോ കെമിക്കൽ കോംപ്ലക്സിനുവേണ്ടി FACT-യുടെ വസ്തു ഏറ്റെടുക്കുമ്പോൾ 10 ഏക്കർ ഭൂമി CIFT-ന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം പരിഗണിക്കുന്നത് വ്യവസായ വകുപ്പായതിനാൽ ടി വകുപ്പിന് CIFT-യുടെ നിവേദനം തുടർനടപടികൾ സ്വീകരിക്കുവാൻ കൈമാറിയിട്ടുണ്ട്.

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ ഇളവ്

11 (*100) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വികസന പദ്ധതികൾക്കാണ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ ഇളവ് നൽകിയിട്ടു ള്ളത്;

(ബി) ഇതിന് നിയമ പ്രാബല്യം നൽകിയിട്ടുണ്ടോ;

(സി) ഇത്തരത്തിൽ ഇളവ് നൽകുമ്പോൾ ജലസംരക്ഷണത്തിന് എന്തെങ്കിലും വ്യവസ്ഥ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം ബ്രഹ്മപുരം വേസ്റ്റ് ടു എനർജി പ്രോജക്ടിനായി എറണാകുളം ജില്ലയിലും ടെക്നോപാർക്ക് 3-ാം ഘട്ട വികസനത്തിനായി തിരുവനന്തപുരം ജില്ലയിലും ഗെയിൽ എസ്.വി. സ്റ്റേഷൻ നിർമ്മാണത്തിനായി മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലും ഭൂമി രൂപാന്തരപ്പെടുത്തുന്നതിന് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ ഇളവ് നൽകിയിട്ടുണ്ട്.

(ബി) 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം നിയമ പ്രാബല്യം നൽകിയിട്ടുണ്ട്.

(സി) പരിവർത്തനത്തിന് അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികരിക്കുന്നപക്ഷം, അപ്രകാരമുള്ള ഭൂമിയുടെ 10 ശതമാനം ജലസംരക്ഷണ നടപടികൾക്കായി മാറ്റിവയ്ക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ട്.

## തീരദേശ മേഖലയുടെ സമഗ്ര വികസനത്തിന് പദ്ധതികൾ

12 (*101) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ദാസൻ :
ശ്രീ. വി. ജോയി :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം നവീന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി തീരദേശ മേഖലകൾക്കായി രണ്ടായിരം കോടി രൂപയുടെ പാക്കേജ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത തീരദേശ വികസന പാക്കേജിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) തീരദേശ മേഖലയിൽ കിഫ്ബി മുഖാന്തരം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനുദ്ദേശിക്കുന്നുവെന്നും ഇതിനായി ബജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി ഫിഷറീസ് വകുപ്പ് നേരിട്ടും വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികൾ മുഖേനയും വിവിധ നവീന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) തീരദേശത്തിന്റെ വികസനത്തിനായി 2000 കോടി രൂപയുടെ പാക്കേജ് 2018-19 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) തീരദേശ വികസന പാക്കേജിന്റെ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) ആഗോള അംഗീകാരമുള്ള ഒരു ഏജൻസിയെക്കൊണ്ട് തയ്യാറാക്കുന്നതിന് 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനുള്ള പ്രാഥമിക യോഗം 2-2-2018-ന് സർക്കാർ തലത്തിൽ ചേരുകയുണ്ടായി. തുടർ നടപടികൾ ഉടൻ ആരംഭിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) തീരദേശ മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 600 കോടി രൂപയിൽ അധികരിക്കാതെയും പദ്ധതി ഘടകങ്ങളിൽ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം, മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണം എന്നിവ മാത്രമായി ചുരുക്കി പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഇതിനായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ നിർദ്ദിഷ്ട തീരദേശ ഹൈവേയ്ക്കും മറ്റ് റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കും പുറമെ തീരദേശ മേഖലയിലെ വികസന പദ്ധതികൾക്കായി കിഫ്ബി മുഖേന 900 കോടി രൂപ നിക്ഷേപിക്കുമെന്ന് 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണം**

13 (*102) ശ്രീ. എം. സ്വരാജ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സാധാരണക്കാരുടെ കുട്ടികൾ വളരെയധികം ആശ്രയിക്കുന്നവയും ഏറെക്കുറെ പൊതുവിദ്യാലയങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്നവയുമായ എയ്ഡഡ് സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ പദ്ധതി വിഹിതം വഹിക്കുന്ന ചലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഗൗരി നേഘയുടെ മരണത്തിനിടയാക്കിയവരോടുള്ള സ്കൂൾ അധികൃതരുടെ സമീപനവും മുന്നിയൂർ സ്കൂളിലെ അധ്യാപകനായിരുന്ന കെ. കെ. അനീഷിന്റെ ആത്മഹത്യയിലേയ്ക്ക് നയിച്ചത് പോലെയുള്ള സംഭവങ്ങളും അനധികൃത സ്കൂൾ കൈമാറ്റം, സുതാര്യമല്ലാത്ത അധ്യാപക നിയമനം തുടങ്ങിയ മാനേജ്മെന്റുകളുടെ ആശാസ്യകരമല്ലാത്ത പ്രവർത്തനങ്ങളും കർശനമായി നിയന്ത്രിക്കാൻ വേണ്ട ഇടപെടൽ സാധ്യമാകുമോ;

(സി) നിരവധി എയ്ഡഡ് വിദ്യാലയങ്ങളിൽ ജാതിമത ഭിന്നതകൾ നിലനിർത്തുന്നതായും അച്ചടക്കത്തിന്റെ പേരിൽ ജനാധിപത്യമൂല്യങ്ങൾ നിരുൽസാഹപ്പെടുത്തുന്നതായും ഉള്ള ആക്ഷേപം ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ വിദ്യാലയങ്ങളെ കൂടുതൽ പ്രോത്സാഹിപ്പിക്കാൻ നടപടിയെടുക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് ചലഞ്ച് ഫണ്ട്. സ്കൂൾ മാനേജ്മെന്റ് അല്ലെങ്കിൽ സ്കൂൾ സംരക്ഷണ സമിതി മുടക്കുന്ന തുകയ്ക്ക് തുല്യമായ നിക്ഷേപം (പരമാവധി ഒരു കോടി രൂപ വരെ) നടത്തുവാനാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിലും ചലഞ്ച് ഫണ്ട് പദ്ധതി തുടരുന്നതാണ്.

(ബി) മാനേജ്മെന്റുകളുടെ ആശാസ്യകരമല്ലാത്ത എല്ലാ പ്രവർത്തനങ്ങളും കർശനമായി നിയന്ത്രിക്കുന്നതിനു ള്ള ഇടപെടൽ സാധ്യമാകുന്നതാണ്.

(സി) പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് സർക്കാർ നയം. അതിന്റെ ഭാഗമായി സർക്കാർ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നത്. എന്നാൽ എയ്ഡഡ് വിദ്യാലയങ്ങളെ മാറ്റിനിർത്തി സർക്കാർ വിദ്യാലയങ്ങളെ മാത്രം പ്രോത്സാഹിപ്പിക്കുന്ന നടപടി സ്വീകരിക്കാനുമാകില്ല. അതോടൊപ്പം ചില എയ്ഡഡ് സ്കൂളുകളിൽ പ്രകടമാകുന്ന അനഭിലഷണീയ പ്രവണതകൾക്കെതിരെ സർക്കാർ ഉചിതമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നുമുണ്ട്.

**ഭൂമിവിതരണം**

14 (*103) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമിയില്ലാത്ത പാവപ്പെട്ടവർക്ക് ഭൂമിവിതരണം ചെയ്യുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും ലാൻഡ് അസൈന്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പുകല്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 1960-ലെ കേരള ഭൂമി പതിവ് നിയമത്തിന്റെ അടിസ്ഥാനത്തിൽരൂപം കൊണ്ടിട്ടുള്ള വിവിധ ചട്ടങ്ങളുടെ അടിസ്ഥാനത്തിലും 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിന്റെ അടിസ്ഥാനത്തിലും അതത് സമയത്തെ സർക്കാർ പ്രഖ്യാപിക്കുന്ന വിവിധ പദ്ധതികളിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ഭൂമിയില്ലാത്ത പാവപ്പെട്ടവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ലാൻഡ് ട്രിബ്യൂണലുകളിൽ ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാൻ ബാക്കിയുള്ള തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ 29 സ്പെഷ്യൽ തഹസീൽദാർമാർക്ക് ജി.ഒ. (പി) നമ്പർ 8/2017 തീയതി 17-1-2017 പ്രകാരം ലാൻഡ് ട്രിബ്യൂണലിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്. ലാൻഡ് ട്രിബ്യൂണലായി നിയമിക്കുന്നവർ 2 വർഷം തഹസീൽദാരായി പരിചയമു ള്ളവരും കുറഞ്ഞത് 2 വർഷം സർവ്വീസ് കാലാവധി ശേഷിക്കുന്നവരും ആയിരിക്കണമെന്ന് ജി.ഒ (ആർ.റ്റി) നമ്പർ 2371/17 തീയതി 23-5-2017 പ്രകാരം ഉത്തരവ് നൽകുകയും നടപ്പിൽവരുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തനം ഊർജ്ജിതമായി തന്നെ നടക്കുന്നുണ്ട്. പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന ലാൻഡ് ബോർഡിന്റെ നേതൃത്വത്തിൽ താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് പരിശോധന നടത്തുകയും ടി പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ/അപാകതകൾ സംബന്ധിച്ച് ജില്ലയിലെ പ്രസക്ത ഉദ്യോഗസ്ഥരെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ലാൻഡ് ബോർഡിന്റെ അദ്ധ്യക്ഷതയിൽ പതിനാല് ജില്ലകളിലും അവലോകനങ്ങൾ നടത്തിയിട്ടുണ്ട്. വീഡിയോ കോൺഫറൻസ് വഴി ത്രൈമാസ അവലോകനം നടത്തുന്നതിന്റെ സാധ്യത പരിഗണിച്ചുവരുന്നു.

## ദുരന്തനിവാരണ പ്രവർത്തനത്തിന് ആപതാമിത്ര പദ്ധതി

15 (*104) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; അത് ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഓഖി ദുരന്തമുണ്ടായപ്പോൾ ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായില്ല എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തിരുത്തൽ നടപടികളാണ് സ്വീകരിച്ചത്;

(സി) ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന "ആപതാമിത്ര" പ്രോജക്ട് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്. ദുരന്ത നിവാരണ നിയമം 2005 അനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന അതോറിറ്റിയുടെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ, സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതികൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിച്ചു വരുന്നു. സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവരശേഖരണം, സാധ്യമായവയുടെ മുന്നറിയിപ്പ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർവ്വഹിച്ചുവരുന്നു. ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നു. ഈ സംവിധാനങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. ദുരന്ത നിവാരണ നിയമം 2005, സെക്ഷൻ 23 പ്രകാരം സംസ്ഥാന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയാണ്. പ്രസ്തുത പദ്ധതി sdma.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പ്രസ്തുത പദ്ധതിയിൽ 12 ഇന ഉപലക്ഷ്യങ്ങളും 27 പദ്ധതികളും ഉൾപ്പെട്ടിരിക്കുന്നു. (വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*) 10 ജില്ലാതല അതോറിറ്റികളിൽ പുതുതായി 10 വിദഗ്ധരെ (Hazard Analyst) നിയമിച്ചു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ. രമൺ ശ്രീവാസ്തവ. ഐ.പി.എസ് (Rtd.), Advisor to Chief Minister അദ്ധ്യക്ഷനായ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി 20th October, 2016-ന് അംഗീകരിച്ച Handbook on Disaster Management Volume 2- EMERGENCY OPERATIONS CENTRES & EMERGENCY SUPPORT FUNCTIONS PLAN KERALA, പേജ് 23-ൽ നൽകിയിട്ടുള്ള വിവര സംവേദന ഡയഗ്രം പ്രകാരം 29-11-2017-ന് ഉച്ചയ്ക്ക് രണ്ടരയ്ക്ക് INCOIS-ൽ നിന്നും ലഭിച്ച ഒരു ന്യൂനമർദ്ദ ബുള്ളറ്റിൻ, ലഭിച്ചതുപോലെ തന്നെ മാധ്യമങ്ങൾക്കും വിവിധ വകുപ്പുകൾക്കും ജില്ലാ കളക്ടർമാർക്കും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തുന്ന WhatsApp Group മുഖാന്തിരം നൽകിയിരുന്നു. ജില്ലാ കളക്ടർമാർക്ക് കേന്ദ്ര കാലാവസ്ഥാ വകുപ്പ്, INCOIS എന്നിവരിൽ നിന്നും ലഭിച്ച മഴയും കടൽ സ്ഥിതിയും സംബന്ധിച്ച SMS-ഉം അതേപടി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തുന്ന WhatsApp Group-കളിലും SMS ആയും ലഭ്യമാക്കി. കേന്ദ്ര കാലാവസ്ഥാ വകുപ്പ് പ്രവചിക്കാത്ത ചുഴലി സംബന്ധിച്ച് ഒരു തരത്തിലുള്ള മുന്നറിയിപ്പും നൽകുവാൻ സാധിക്കുമായിരുന്നില്ല. ചുഴലിക്കാറ്റ് പ്രവചിക്കുവാൻ ചുമതലയുള്ള ഏജൻസി ചുഴലിക്കാറ്റ് പ്രവചനം നടത്തിയത് (30-11-2017-ന് 8.30 am) മുതൽ പ്രസ്തുത വിവരത്തിന് അനുയോജ്യമായ ദുരന്ത സാഹചര്യം നിർവ്വചിക്കുവാനും മുൻകരുതൽ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നതിലും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കൃത്യതയോടെ പ്രവർത്തിച്ചു.

(സി) ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ഓരോ ജില്ലയിലും ഒരു സാങ്കേതിക വിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കുന്നതിന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രത്യേക അനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കി. 10 ജില്ലാതല അതോറിറ്റികളിൽ പുതുതായി 10 വിദഗ്ദ്ധരെ (Hazard Analyst) നിയമിച്ചു. മറ്റ് സംസ്ഥാനങ്ങൾക്ക് ചില ജില്ലകളിൽമാത്രം അനുവദിച്ച ഈ പദ്ധതി കേരളത്തിൽ മാത്രമാണ് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുവാൻ അനുമതി ലഭിച്ചത്. നഗര കേന്ദ്രീകൃത ദുരന്ത പ്രതികരണശേഷി വർദ്ധിപ്പിക്കുവാൻ നഗരസഭകളുടെ ശാക്തീകരണത്തിനായി ₹ 57,99,000 ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ധനസഹായം അനുവദിച്ചു. കേന്ദ്ര സഹായത്തോടെ 'ആപതാ മിത്ര' എന്ന പ്രോജക്ട് കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാന ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ കൂടാതെ വില്ലേജുതല പദ്ധതികളും സംസ്ഥാന ദുരന്ത നിവരാണ അതോറിറ്റിയുടെ സഹായത്തോടെ വിവിധ ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ട്. വകുപ്പുകളുടെ പൊതുപദ്ധതിയിൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ദുരന്ത ലഘൂകരണം എന്ന വിഷയത്തിന് കൂടുതൽ പ്രാധാന്യം ലഭിക്കുന്നതിനായി സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം എല്ലാ വകുപ്പിലും ദുരന്ത നിവാരണത്തിനായി 15 പേർ അടങ്ങുന്ന ഒരു virtual cadre രൂപീകരിക്കുന്നതിനായി ഉദ്യോഗസ്ഥരെ നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്.

(ഡി) ഉണ്ട്. കേന്ദ്ര സഹായത്തോടെ ആപതാ മിത്ര എന്ന പ്രോജക്ട് (Training of Community Volunteers in Disaster Response in Selected 30 most flood prone districts in India (Aapda Mitra) കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കുന്നതിനായി കോട്ടയം ജില്ലയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. അഗ്നിശമന സേന മേധാവി അദ്ധ്യക്ഷനായ ഒരു സമിതി പദ്ധതി നടത്തിപ്പിനായി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി ഒരു സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണസേന രൂപീകരിക്കുന്നതിനായി 200 പേരെ തെരഞ്ഞെടുത്ത് കേന്ദ്ര സർക്കാരിനെ അറിയിച്ചു. ഈ പ്രോജക്ടിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 13-10-2017-ന് നിർവ്വഹിച്ചു. രണ്ട് വർഷം നീണ്ടുനിൽക്കുന്ന ഈ പദ്ധതിക്ക് മൊത്തം 45.4 ലക്ഷം രൂപയാണ് കേന്ദ്രം വകയിരുത്തിയിരിക്കുന്നത്. നിലവിൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് 22.7 ലക്ഷം രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്.

## അംഗീകാരമില്ലാത്ത സ്കൂളുകളിലെ വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസം

16 (*105) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ പൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തുടർവിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാൻ തയ്യാറാകുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) കേന്ദ്ര സർക്കാരിന്റെ 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16-3-2016-ലെ CRMP No. 4426/05/LA1/2015/KeSCPCR നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

ആയതിൻപ്രകാരം സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അദ്ധ്യയന വർഷം മുതൽ അടച്ചുപൂട്ടുന്നതിന് സർക്കാർ തീരുമാനിക്കുകയും ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് 19-7-2017-ലെ GEDN-F1/27/2017-GEDN നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സമീപ പ്രദേശത്തുള്ള സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം തേടാവുന്നതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലേയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ അവ ഹൈടെക്കാക്കുവാനും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുവാനുമുള്ള നടപടി ക്രമങ്ങൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(സി) പൊതുവിദ്യാഭ്യാസ (സർക്കാർ/എയ്ഡഡ്) സംരക്ഷണമാണ് സർക്കാർ നയമെന്നതിനാൽ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പോളിടെക്നിക്കുകളുടെ വികസനം

17 (*106) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ബാബു :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക്കുകളിലെ അധ്യയന നിലവാരം ഉയർത്തുന്നതിനും അവയുടെ വികസനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പോളിടെക്നിക്കുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പോളിടെക്നിക്കുകളിലാണ് ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്;

(ഡി) പോളിടെക്നിക്കുകളുടെ വികസനത്തിനായി നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള പോളിടെക്നിക്ക് കോളേജുകളിലെ അദ്ധ്യയന നിലവാരം ഉയർത്താനായി അദ്ധ്യാപകർക്ക് അദ്ധ്യാപന/വ്യക്തിത്വ വികസന മേഖലകളിൽ പരിശീലന പരിപാടികൾ, സെമിനാറുകൾ, കോൺഫറൻസുകൾ എന്നിവ കളമശ്ശേരിയിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് (സിറ്റർ) എന്ന സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു വരുന്നു. ദേശീയ തലത്തിലെ പ്രശസ്തരായ അദ്ധ്യാപകരുടെയും വ്യാവസായിക രംഗത്തെ സാങ്കേതിക വിദഗ്ദ്ധരുടെയും സേവനം 'വിസിറ്റിംഗ് ഫാക്കൽറ്റി' സ്കീമിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നുണ്ട്. മഹീന്ദ്രാ പ്രൈഡ് സ്കൂൾ സി.എസ്.ആർ.-ന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 20 പോളിടെക്നിക്ക് കോളേജുകളിൽ വ്യക്തിത്വ വികസന പരിശീലനം സൗജന്യമായി നൽകിവരുന്നു. പ്രായോഗിക പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 5 പോളിടെക്നിക്ക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് സെന്ററുകളും 5 സ്ഥാപനങ്ങളിൽ റോബോട്ടിക് ലാബുകളും സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സ്വയം തൊഴിൽ സംരംഭകത്വത്തിനുള്ള പരിശീലന കളരി എന്ന നിലയിൽ പ്രൊഡക്ഷൻ സെന്ററുകളും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകളും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ പ്രവർത്തിച്ചുവരുന്നു. കേരള സ്റ്റാർട്ടപ് മിഷനുമായി സഹകരിച്ച് എല്ലാ സ്ഥാപനങ്ങളിലേയ്ക്കും ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കളമശ്ശേരി, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലുള്ള നോഡൽ പോളിടെക്നിക്ക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ പരിശോധിക്കുന്നതിനും സർട്ടിഫിക്കേഷൻ ചെയ്യുന്നതിനുമാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പോളിടെക്നിക്ക് കോളേജുകളിലെ പാഠ്യപദ്ധതി അനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളോടൊപ്പം ഈ കേന്ദ്രത്തിലൂടെ സ്വായത്തമാക്കുന്ന അറിവുകൾ വിദ്യാർത്ഥികൾക്ക് ഗുണകരമാകുന്നുണ്ട്. വിദ്യാർത്ഥികൾക്ക് അവരുടെ കോഴ്സിന്റെ ഭാഗമായിത്തന്നെ ടെസ്റ്റിംഗിന്റെ യഥാർത്ഥ പ്രക്രിയ പഠിക്കുന്നതിന് ടി സെന്റർ സഹായിക്കുന്നു.

(സി) താഴെപ്പറയുന്ന പോളിടെക്നിക്ക് കോളേജുകളിൽ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

1. കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക് കോളേജ്.
2. കളമശ്ശേരി ഗവൺമെന്റ് പോളിടെക്നിക് കോളേജ്.

3. തൃപ്രയാർ ശ്രീരാമ ഗവൺമെന്റ് പോളിടെക്നിക് കോളേജ്.

4. തൃശ്ശൂർ, നെടുപുഴ വനിതാ പോളിടെക്നിക് കോളേജ്.

(ഡി) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 29 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**കശുവണ്ടി ഫാക്ടറികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി**

18 (*107) ശ്രീ. രാജു എബ്രഹാം :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എം. മുകേഷ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറക്കുമതി ചുങ്കത്തിൽ വർദ്ധനവ് വരുത്തിയതുൾപ്പെടെയുള്ള കേന്ദ്ര സർക്കാർ നയം സംസ്ഥാനത്തെ ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറികളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത് പരിഹരിക്കാൻ നടത്തുന്ന ശ്രമങ്ങൾ അറിയിക്കാമോ;

(ബി) പര്യാപ്തമായ തോതിലില്ലെങ്കിലും സംസ്ഥാനത്ത് ലഭിക്കുന്ന മികച്ച നിലവാരമുള്ള തോട്ടണ്ടി സംഭരിച്ച് കശുവണ്ടി കോർപ്പറേഷനുകീഴിലും കാപ്പെക്സിനുകീഴിലുമുള്ള ഫാക്ടറികൾക്ക് ലഭ്യമാക്കാൻ സാധ്യമായിട്ടുണ്ടോ;

(സി) ഒന്നരലക്ഷത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്ന ചെറുകിട കശുവണ്ടി ഫാക്ടറികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ നടത്തുന്ന പരിശ്രമങ്ങൾ അറിയിക്കാമോ;

(ഡി) വിയറ്റ്നാമിൽ നിന്നുള്ള ഗുണനിലവാരം കുറഞ്ഞ കശുവണ്ടി ഇറക്കുമതിചെയ്ത് കൂട്ടിക്കലർത്തി വിറ്റ് സംസ്ഥാനത്തെ കശുവണ്ടിക്കുള്ള വിപണി തന്നെ നഷ്ടപ്പെടുത്തുന്ന വൻകിട വ്യവസായികളുടെ പ്രവൃത്തി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) നിലവിൽ കേരളത്തിൽ കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ഭൂരിഭാഗവും ഇറക്കുമതിയിലൂടെയാണ് കണ്ടെത്തുന്നത്. അതുകൊണ്ടു തന്നെ 5 ശതമാനം ഇറക്കുമതി നികുതി കശുവണ്ടി വ്യവസായത്തിന് വളരെയധികം ദോഷകരമാണെന്ന് കണ്ടതിനാൽ അത് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്

വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്ര മന്ത്രിക്ക് കത്ത് നൽകിയിരുന്നു. തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം നിലവിലെ 5 ശതമാനത്തിൽ നിന്നും 2.5 ശതമാനമായി കുറയ്ക്കുമെന്ന് കേന്ദ്ര സർക്കാരിന്റെ 2018-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇറക്കുമതി ചുങ്കം പൂർണ്ണമായും ഒഴിവാക്കിയെങ്കിൽ മാത്രമേ ഇറക്കുമതിയെ ആശ്രയിച്ച് നടത്തുന്ന പരമ്പരാഗത വ്യവസായത്തിന് ഗുണകരമാകൂ എന്നാണ് സർക്കാർ കരുതുന്നത്.

(ബി) തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി. കൃഷി വകുപ്പിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയുംകീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷൻ, കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാടുകാണി എസ്റ്റേറ്റുകൾ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ്, മറ്റ് ഗവൺമെന്റ് ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും സംയുക്തമായി 2017-ൽ തോട്ടണ്ടി സംഭരിക്കുകയും പ്രസ്തുത തോട്ടണ്ടി ഉപയോഗിച്ച് പ്രോസസ്സിംഗ് നടത്തിയിട്ടുള്ളതുമാണ്. 2018-ലും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷൻ പോലെയുള്ള ചില പൊതുമേഖലാ സ്ഥാപനങ്ങൾ തങ്ങളുടെ തോട്ടങ്ങളിലെ തോട്ടണ്ടി ലേലം ചെയ്യുന്നതിനു ള്ള നടപടിയുമായി മുന്നോട്ടുപോയിട്ടുള്ളതിനാൽ കഴിഞ്ഞ വർഷത്തെ അതേ തോതിൽ നാടൻ തോട്ടണ്ടി പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും സംഭരിക്കാൻ ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് വനം, കൃഷി, കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിമാരുടെ സംയുക്തയോഗം ചേരുകയും ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളുടെയും പ്ലാന്റേഷൻ കോർപ്പറേഷൻ ഒഴികെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സംഭരിക്കുന്ന തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനുമായി നൽകുന്നതിന് ധാരണയാകുകയും ചെയ്തിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷൻ നേരിട്ട് ടെണ്ടർചെയ്ത നടപടി ശരിയല്ലെന്നും ടെണ്ടർ എടുത്തവരിൽനിന്ന് തോട്ടണ്ടി കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കാൻ നിർദ്ദേശം നൽകണമെന്നും ടെണ്ടർ ചെയ്യാൻ ബാക്കിയുള്ള 30 ശതമാനം തോട്ടങ്ങളിലെ തോട്ടണ്ടി ശേഖരിച്ച് കോർപ്പറേഷനും കാപ്പെക്സിനും നൽകുന്ന രീതിയിൽ ടെണ്ടർ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്നും സംയുക്ത മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ലഭ്യതക്കുറവും വില വർദ്ധനയുമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി. ആയത് പരിഹരിക്കുന്നതിലേയ്ക്കായി കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിക്കുന്നതിന്

നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ആഭ്യന്തരമായി കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് കേരളത്തിലെ കശുവണ്ടി സംസ്കരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യൂ ബോർഡിന് രൂപം നൽകിയിട്ടുണ്ട്. കശുവണ്ടി വ്യവസായ മേഖലയ്ക്ക് മിതമായ നിരക്കിൽ ഗുണനിലവാരമുള്ള തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് നേരിട്ട് ലഭ്യമാക്കുന്നതിന് കേരള കാഷ്യൂ ബോർഡിന്റെ പ്രവർത്തനം പ്രയോജനകരമാകും എന്ന് കരുതുന്നു. കശുവണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും നേരിട്ട് സംഭരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു. കടക്കെണിമൂലം പ്രതിസന്ധിയിലായതും ജപ്തി ഭീഷണി നേരിടുന്നതുമായ ഫാക്ടറി ഉടമകളെ സഹായിക്കുന്നതിന്റെ ഭാഗമായി ഒരു റിവൈവൽ പാക്കേജ് നടപ്പിലാക്കുന്ന കാര്യം ബാങ്കുകളുമായി ബന്ധപ്പെട്ട് ആലോചിച്ചുവരുന്നു. ഇക്കാര്യം ചർച്ച ചെയ്യാൻ ബാങ്കുകളുടെയും ഫാക്ടറി ഉടമകളുടെയും ഒരു യോഗം മുഖ്യമന്ത്രി 15-2-2018-ൽ വിളിച്ചുചേർത്തിരുന്നു. നിലവിലുള്ള ലോൺ, പിഴപ്പലിശ, മറ്റ് ഹിഡൻ ചാർജുകൾ എന്നിവ ഒഴിവാക്കി റീഷെഡ്യൂൾ ചെയ്യുന്നതും ഭാവി ലോണുകളുടെ നിലവിലെ പലിശ നിരക്ക് കുറയ്ക്കുന്നതുമുൾപ്പെടെയു ള്ള കാര്യങ്ങൾ സംസ്ഥാന ബാങ്കേഴ്സ് സമിതിയിൽ ചർച്ച ചെയ്ത് തീരുമാനിക്കാമെന്ന് ബാങ്കുകൾ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബാങ്കുകളിൽ നിന്നും അനുകൂല നടപടിയുണ്ടാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഇക്കാര്യത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനായി റിസർവ് ബാങ്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിയറ്റ്നാമിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ ഇറക്കുമതി നിയന്ത്രിച്ചാൽ മാത്രമേ ഇത് അവസാനിപ്പിക്കാനാകൂ. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്.

**അപകടാവസ്ഥയിലായ പാലങ്ങളും കലുങ്കുകളും**

19 (*109) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. കെ. ശശി :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടാവസ്ഥയിലായ പാലങ്ങളുടെയും കലുങ്കുകളുടെയും പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇവയുടെ കാലപ്പഴക്കം സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കാലപ്പഴക്കമുള്ള പാലങ്ങൾ എന്ന് നിർമ്മിച്ചവയാണെന്നും അവയുടെ അപകടസ്ഥിതി സംബന്ധിച്ച വിവരവും വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം പാലങ്ങളുടെയും കലുങ്കുകളുടെയും പുനർനിർമ്മാണത്തിനായി നടപ്പ് സാമ്പത്തിക വർഷം എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്തെ പാലങ്ങളുടെ സ്ഥിതിവിവരങ്ങൾ പരിശോധിച്ചതിൽ 162 പാലങ്ങൾക്ക് പുനർനിർമ്മാണം ആവശ്യമാണെന്നും 208 പാലങ്ങൾ പുനഃപരിശോധനയ്ക്കുശേഷം പുനർനിർമ്മാണമോ പുനരുദ്ധീകരണമോ (ഹെവി മെയിന്റനൻസ്) ആവശ്യമുള്ളതാണെന്നും 1473 പാലങ്ങൾക്ക് സാധാരണ അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. അപകടാവസ്ഥയിലായ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിന്റെയും ഭാഗമായി പുനർനിർമ്മിക്കേണ്ടതും പുനരുദ്ധാരണം ആവശ്യമുള്ളതുമായ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ/വിശദമായ പരിശോധന എന്നിവ നടത്തി ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിനു ള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അപകടാവസ്ഥയിലായ കലുങ്കുകൾ യഥാസമയം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുമ്പോഴും അല്ലാതെയും പുതുക്കി പണിയുന്നുണ്ട്.

(ബി&സി) ഇവയുടെ കാലപ്പഴക്കം സംബന്ധിച്ചുള്ള വിവരം ശേഖരിച്ചിട്ടുണ്ട്. കാലപ്പഴക്കമു ള്ള പാലങ്ങൾ എന്ന് നിർമ്മിച്ചവയാണെന്നുള്ള വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*. കാലപ്പഴക്കമുള്ള പാലങ്ങളുടെ ബലക്ഷയത്തിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടില്ല. കാലപ്പഴക്കം, അറ്റകുറ്റപ്പണികൾ യഥാസമയം നടപ്പാക്കാത്തത് എന്നിവ ബലക്ഷയത്തിന് കാരണമാകാറുണ്ട്. ചില പാലങ്ങൾ അപകടാവസ്ഥയിലല്ലെങ്കിലും വളരെ വീതി കുറവായതുകാരണം വീതി കൂട്ടി നിർമ്മിക്കേണ്ടതുണ്ട്.

(ഡി) നടപ്പ് സാമ്പത്തിക വർഷമായ 2017-18-ൽ സ്റ്റേറ്റ് ഹൈവേയിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണത്തിനായി ഹെഡ് ഓഫ് അക്കൗണ്ട് 5054-03-101-99-ൽ 998.47 ലക്ഷം രൂപയും മേജർ ഡിസ്ട്രിക്ട് റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണത്തിനായി ഹെഡ് ഓഫ് അക്കൗണ്ട് 5054-04-101-99-ൽ 1647.45 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാദമിക മികവ് ഉയർത്തുവാൻ പദ്ധതി

20 (*110) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യവൽക്കരണവും വർഗീയതയും അരാജകത്വവുമാണ് ഇന്നത്തെ ഉന്നത വിദ്യാഭ്യാസ മേഖല നേരിടുന്ന മുഖ്യവെല്ലുവിളികൾ എന്നത് കണക്കിലെടുത്ത് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അക്കാദമിക മികവ് വർദ്ധിപ്പിച്ച് ജ്ഞാനോൽപ്പാദനം നടത്തുന്ന അതേ പ്രാധാന്യത്തോടെ സാമൂഹ്യ പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങൾ കൂടിയായി വികസിപ്പിക്കാനായി ഏതെല്ലാം തരത്തിലുള്ള ഇടപെടൽ സാധ്യമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാദമിക മികവ് ഉയർത്തുവാനായുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) അറിവ് ആർജ്ജിക്കുന്നവരെ കയറ്റുമതി ചെയ്യുന്ന നിലവിലെ രീതിയേക്കാൾ പ്രാധാന്യത്തോടെ നൂതനമായ അറിവ് ഇറക്കുമതിചെയ്ത് ജ്ഞാനോൽപ്പാദനം മികവുറ്റതാക്കുന്നതിനായി പരിപാടി ആവിഷ്കരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ സാമൂഹ്യ പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങൾ കൂടിയായി വികസിപ്പിക്കുന്നതിന് സംസ്ഥാനത്തെ കോളേജുകൾ, പ്രൊഫഷണൽ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു :

എൻ.എസ്.എസ്., എൻ.സി.സി.സി.: തുടങ്ങിയ യുവജന പ്രസ്ഥാനങ്ങൾ വഴി സംസ്ഥാനത്തെ സർവ്വകലാശാലകൾ സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങളിൽ സമൂഹത്തിലെ വിവിധ തലങ്ങളിൽ തുടർച്ചയായി സംവദിക്കുന്നുണ്ട്. സമൂഹ നന്മയ്ക്കുതകുന്ന ഗവേഷണഫലങ്ങൾ സാധാരണക്കാരുമായി പങ്കുവയ്ക്കുന്നതിന് ശാസ്ത്രയാൻ എന്ന പരിപാടി ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്നു. സർക്കാർ സ്ഥാപനങ്ങളിൽ ഉപയോഗശൂന്യമായ യന്ത്രങ്ങളും ഉപകരണങ്ങളും പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി നാഷണൽ സർവ്വീസ് സ്കീമിന്റെ ടെക്നിക്കൽ സെൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പുനർജ്ജനി എന്ന പദ്ധതി നടപ്പിലാക്കി

വരുന്നു. ഭിന്നശേഷിക്കാർക്ക് ഉതകുന്ന സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യയെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് വിദ്യാർത്ഥി കൂട്ടായ്മകൾ നടത്തുന്നുണ്ട്. ട്രാൻസ്പോർട്ടേഷൻ മേഖലയെ അവലംബിക്കുന്ന ജനതയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് ഗവേഷണ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. പാരമ്പര്യ സാങ്കേതികവിദ്യ അഭിവൃദ്ധിപ്പെടുത്തുന്നതിനായി കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രം പ്രവർത്തിച്ചുവരുന്നു. ബാർട്ടൻഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിച്ചിട്ടുള്ള സെന്റർ ഫോർ ബാംബു ടെക്നോളജി മുഖേന മുളയെ ഒരു നിർമ്മാണ, വാണിജ്യ ഉൽപ്പന്നമാക്കാവുന്ന രീതിയിൽ മൂല്യവർദ്ധനവ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

(ബി) ഉന്നത വിദ്യാഭ്യാസരംഗത്ത് അക്കാദമിക മികവ് ഉയർത്തുവാനായി താഴെപ്പറയുന്ന പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു :

1. <u>എറുഡൈറ്റ് പദ്ധതി (സ്കോളർ ഇൻറസിഡൻസ് പദ്ധതി)</u>: ദേശീയ/അന്തർദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച നോബൽ സമ്മാന ജേതാക്കളടക്കമുള്ള പ്രമുഖരെ സംസ്ഥാനത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെത്തിച്ച് അവരുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അവസരം ഒരുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

2. <u>ക്ലസ്റ്റർ കോളേജ് പദ്ധതി:</u> ഒരേ പ്രദേശത്ത് പ്രവർത്തിക്കുന്ന കോളേജുകളുടെ ഭൗതിക വിഭവങ്ങളും മനുഷ്യവിഭവശേഷിയും വിദ്യാർത്ഥികളുടെ പൊതുനന്മയ്ക്കും ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധനവിനും പ്രയോജനപ്പെടുത്തുന്നവിധത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇത്.

3. <u>ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി</u>: പ്ലസ്ടു അഥവാ തത്തുല്യപരീക്ഷയ്ക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ബിരുദ, ബിരുദാനന്തര പഠനത്തിന് സംസ്ഥാനത്തെ ഗവൺമെന്റ്/ എയ്ഡഡ് കോളേജുകളിലും സർവ്വകലാശാലകളിലും പഠിക്കുന്ന സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ്, നോൺ പ്രൊഫഷണൽ

വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്കോളർഷിപ്പുകൾ നൽകുന്നു. പ്രതിവർഷം 1000 പുതിയ സ്കോളർഷിപ്പുകൾ നൽകുകയും മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സ്കോളർഷിപ്പ് പുതുക്കി നൽകുകയും ചെയ്യുന്നു.

4. ഔട്ട്കം ബെയിസ്ഡ് എഡ്യുക്കേഷൻ ആന്റ് ഗ്രാജുവേറ്റ് ആർട്ടിബ്യൂട്ട്സ്: അക്കാദമിക് പ്രോഗ്രാമുകളുടെയും കോഴ്സുകളുടെയും ഫലങ്ങൾ (outcomes) എന്തായിരിക്കണമെന്നും ഓരോ വിഷയത്തിലും ബിരുദം കരസ്ഥമാക്കുന്ന വ്യക്തികൾ ആർജ്ജിക്കുന്ന നൈപുണ്യങ്ങൾ എന്തൊക്കെയായിരിക്കണമെന്നും (graduate attributes) മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കാൻ സംസ്ഥാനത്തെ സർവ്വകലാശാലകളെ പ്രാപ്തമാക്കുന്ന പദ്ധതിയാണ് ഇത്.

5. അദ്ധ്യാപകർക്കായി പരിശീലന പരിപാടികൾ: പുതുതായി സർവ്വീസിൽ വരുന്ന അദ്ധ്യാപകർക്ക് Moulding the Guru Programme, സർവ്വീസിൽ നിശ്ചിതകാലം പിന്നിട്ട അദ്ധ്യാപകർക്ക് Pruning the Guru Programme, അദ്ധ്യാപകർക്ക് തങ്ങളുടെ വിഷയവുമായി ബന്ധപ്പെട്ട ഐ.ഐ.റ്റി.കളടക്കമു ള്ള രാജ്യത്തെ പ്രമുഖ വിജ്ഞാന കേന്ദ്രങ്ങളുമായി ചേർന്ന് Nourishing the Guru Programme തുടങ്ങിയ പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

6. അക്കാദമിക് വോളന്റിയർ ബാങ്ക്: വിവിധ തുറകളിൽ പ്രാഗൽഭ്യം തെളിയിച്ചവരുടെയും റിട്ടയർ ചെയ്ത അക്കാദമിക്കുകളുടെയും സേവനം ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ സംസ്ഥാന തലത്തിലും മേഖലാ തലത്തിലും അക്കാദമിക് വോളന്റിയർ ബാങ്കുകൾ രൂപീകരിക്കുന്നു.

7. ഇന്റഗ്രേഷൻ ഓഫ് ബ്രെയിൻ ഗെയിൻ കൺസെപ്റ്റ് ടു എറുഡൈറ്റ് സ്കീം: കേരളത്തിൽ നിന്നും ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമുള്ള അതിപ്രഗൽഭരായ അക്കാദമിക്കുകളും അദ്ധ്യാപകരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നതുമൂലം രാജ്യത്തിനുണ്ടായിട്ടുള്ള മസ്തിഷ്ക ശോഷണം (ബ്രെയിൻ ഡ്രെയിൻ) ഒരു പരിധിവരെയെങ്കിലും പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഇത്. എജ്യൂസാറ്റ്

പദ്ധതിയുമായി സംയോജിപ്പിച്ച് വിദേശത്തുള്ള ഇന്ത്യാക്കാരെ വിവിധ സർവ്വകലാശാലകളിലും കോളേജുകളിലും എത്തിച്ച് അവരുമായി സംവദിക്കാൻ അദ്ധ്യാപകർക്കും വിദ്യാർത്ഥി കൾക്കും ഇതുവഴി അവസരം ഉണ്ടാകുന്നു.

8. <u>സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും</u>: സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു.

9. <u>പ്രബുദ്ധത (കമ്മ്യൂണിറ്റി ഹയർ എഡ്യൂക്കേഷൻ)</u>: ഉന്നത ജ്ഞാനത്തിന്റെ സത്ഫലങ്ങൾ മൾട്ടി മീഡിയ അടക്കമുള്ള നൂതന ആശയ വിനിമയ സങ്കേതങ്ങൾ വഴി പ്രയോജനപ്പെടുത്തു ന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്.

10. <u>ലേണർ എകോസിസ്റ്റം കാമ്പസുകൾ:</u> ഉന്നത വിദ്യാഭ്യാസ സ്ഥാപന കാമ്പസുകളെ വിജ്ഞാന സമ്പാദനത്തിനുള്ള സജീവ ജൈവ മേഖലകളായി പുനർനിർമ്മിക്കാനുള്ള ദൗത്യമാണ് ധൈഷണിക പര്യാവരൺ, അഥവാ ലേണർ എകോസിസ്റ്റം കാമ്പസ് പദ്ധതി.

കൂടാതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാദമിക് മികവ് ഉയർത്തുവാനായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP), ഫോസ്റ്ററിംഗ് ലിങ്കേജസ് ഇൻ അക്കാദമിക് ഇന്നവേഷൻ ആൻഡ് റിസർച്ച് (FLAIR), വിദ്യാർത്ഥികളുടെ മികവ് മെച്ചപ്പെ ടുത്തുന്നതിനുള്ള പദ്ധതി (SCHOLAR SUPPORT PROGRAMME), പണ്ഡിതനൊപ്പം/പഠിതാവിനോടൊപ്പം (WALK WITH A SCHOLAR) എന്നീ തുടർ പദ്ധതികൾകൂടി നടപ്പിലാക്കി വരുന്നുണ്ട്.

വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് ബിസിനസ് ഇൻകുബേഷൻ സെന്ററുകളും തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക വ്യാവസായിക മേഖലകളുടെ സമന്വയമായ ടെസ്റ്റ് (Trivandrum Engineering Science and Technology Research Park (TREST) പാർക്കും

പ്രവർത്തിച്ചുവരുന്നു. എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിലും കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് (KSUM) പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

റൂസ (രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ) പദ്ധതി പ്രകാരം ഉന്നത സർവ്വകലാശാലകൾക്കും കലാലയങ്ങൾക്കും അടിസ്ഥാന സൗകര്യ വികസന പദ്ധതി, അദ്ധ്യാപക പരിശീലന പദ്ധതി, പട്ടികജാതി-പട്ടികവർഗ്ഗ, വനിതാ, അംഗപരിമിത വിദ്യാർത്ഥികൾക്കായി സമത്വ സംരംഭ പദ്ധതി, പ്രവൃത്തി പരിചയ മേളകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടപ്പിലാക്കിയ 'ശാസ്ത്രയാൻ', 'ഓപ്പൺഹൗസ്' എന്നിവയും എഡ്യൂസാറ്റ് പദ്ധതിയും അക്കാദമിക മികവിനായി നടപ്പിലാക്കിവരുന്നു.

(സി) ആവിഷ്കരിച്ചുവരുന്നു.

**റീസർവ്വേ നടപടികൾ**

21 (*111) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവ്വേ നടപടികൾ പൂർത്തീകരിക്കാനാകാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ബി) നിലവിലെ സാഹചര്യത്തിൽ റീസർവ്വേ നടപടികൾ എത്രവർഷം കൊണ്ട് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) റീസർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങൾ അവലംബിക്കുമെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്ത് 1966 മുതൽ റീസർവ്വേ ജോലികൾ നടന്നുവരുന്നു. ആദ്യഘട്ടത്തിൽ 500-ൽപ്പരം വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിരുന്നുവെങ്കിലും ഇക്കാലയളവിൽ ഭൂമിയുടെ ക്രയവിക്രയങ്ങളിലും ഉടമസ്ഥാവകാശങ്ങളിലും ധാരാളം മാറ്റങ്ങൾ ഉണ്ടായത്

റെക്കോർഡുകളിൽ ഉൾപ്പെടുത്താൻ കഴിയാതിരുന്ന സാഹചര്യത്തിൽ ധാരാളം പരാതികൾ ഉണ്ടാവുകയും 1995 മുതൽ മുഴുവൻ സർവ്വേ ജോലിക്കാരെയും റീസർവ്വേ പരാതികൾ പരിഹരിക്കുന്നതിന് നിയോഗിക്കുകയും ചെയ്തു. 2011-2016 കാലഘട്ടങ്ങളിൽ റീസർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിരുന്നു. റീസർവ്വേ, എൽ.ആർ.എം. പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പുറമേ കാലാകാലങ്ങളിൽ സർക്കാരിന്റെ വിവിധ വികസന പദ്ധതികൾക്കാവശ്യമായ സർവ്വേ പ്രവർത്തനങ്ങൾ, വനാവകാശ സർവ്വേ, പട്ടയം നൽകുന്നതിനാവശ്യമായ സർവ്വേ, ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ സർവ്വേ, സീറോ ലാന്റ് ലെസ്സ് പദ്ധതിക്കാവശ്യമായ സർവ്വേ, പവർ ഗ്രിഡ് ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട സ്പെഷ്യൽ സർവ്വേ ജോലികളും സർവ്വേ ജീവനക്കാരെ നിയോഗിച്ചാണ് ചെയ്യുന്നത്. ഇക്കാരണങ്ങളാൽ റീസർവ്വേ പ്രവർത്തനങ്ങൾ നീണ്ടുപോയിട്ടുണ്ട്.

(ബി&സി) ജീവനക്കാരുടെ അപര്യാപ്തതയും കാലോചിതമായ സാങ്കേതിക വിദ്യ കൈക്കൊള്ളാത്തതും കാരണം റീസർവ്വേ തുടങ്ങി വർഷങ്ങൾ പിന്നിട്ടിട്ടും സംസ്ഥാനത്തെ 60 ശതമാനം ഭൂമിയുടെ മാത്രമേ റീസർവ്വേ നടത്താൻ സാധിച്ചിട്ടുള്ളൂ. സമയബന്ധിതമായി സംസ്ഥാനത്തെ മുഴുവൻ ഭൂമിയുടെയും റീസർവ്വേ പൂർത്തിയാക്കുന്നതിനായി ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ സർവ്വേ നടത്തുന്നതിനും അതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചിട്ടുള്ള ഏജൻസികളെക്കൊണ്ടും സർവ്വേ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സർവ്വേ ട്രെയിനിംഗ് ലഭിച്ചിട്ടുള്ളവരെയും സർവ്വേ സംബന്ധിച്ച സാങ്കേതിക വിദ്യാഭ്യാസം നേടിയിട്ടുള്ളവരെയും ഉപയോഗപ്പെടുത്തിക്കൊണ്ടും കേന്ദ്രഫണ്ട് ഉപയോഗപ്പെടുത്തികൊണ്ടും സർവ്വേ നടപടികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനും സർവ്വേ വാലിഡേഷൻ നടപടികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് സമയബന്ധിതമായി ചെയ്ത് തീർക്കുന്നതിനുമായി മന്ത്രിസഭാതലത്തിൽ തീരുമാനം എടുക്കുന്നതിനുള്ള ശിപാർശ സമർപ്പിച്ചിരിക്കുകയാണ്.

## സർവ്വകലാശാലകളുടെ പരീക്ഷകളും ഫലപ്രഖ്യാപനവും കൃത്യതയോടെ നടത്തുന്നതിന് നടപടി

22 (*112) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ പ്രവേശനം മുതൽ പരീക്ഷവരെയുള്ള പ്രവർത്തനം സംബന്ധിച്ച കലണ്ടർ പ്രസിദ്ധീകരിക്കാറുണ്ടോ;ഇതിന് ഏകീകൃത സ്വഭാവമുണ്ടോ;

(ബി) പ്രവേശനവും പരീക്ഷകളും യഥാസമയം നടത്താത്തതു കാരണം കേരളത്തിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തും പുറത്തും ഉപരിപഠനത്തിനും ജോലി ലഭ്യതയ്ക്കും തടസ്സങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകളുടെ ഫലപ്രഖ്യാപനവും ബിരുദ സർട്ടിഫിക്കറ്റുകളുടെ വിതരണവും അനന്തമായി നീളുന്നത് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്ക ഉണ്ടാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിന് പരീക്ഷകളും ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും കൃത്യതയോടെ യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പ്രവേശനം മുതൽ പരീക്ഷ വരെയു ള്ള അക്കാദമിക് പ്രവർത്തനങ്ങൾ മുഴുവൻ ഉൾക്കൊള്ളിച്ചുകൊണ്ടു ള്ള കലണ്ടർ ബന്ധപ്പെട്ട സർവ്വകലാശാലകൾ എല്ലാ വർഷവും പ്രസിദ്ധീകരിക്കാറുണ്ട്. ഇതിന് ഏകീകൃത സ്വഭാവമില്ല.

(ബി&സി) ഉണ്ട്.

(ഡി) സർവ്വകലാശാലകൾ മുൻകൂട്ടി അക്കാദമിക് കലണ്ടർ തയ്യാറാക്കുന്നതിനും നിശ്ചയിച്ച പ്രകാരം പരീക്ഷകൾ ഷെഡ്യൂൾ ചെയ്യുന്നതിനും ഇതിനോടകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബിരുദ-ബിരുദാന്തര കോഴ്സുകളുടെ പ്രവേശന നടപടികൾ മുതൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ എല്ലാ സർവ്വകലാ ശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് എം.ജി. സർവ്വകലാശാല വൈസ് ചാൻസലർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ എല്ലാ പരാതികൾക്കും ശാശ്വത പരിഹാരം കാണാനാകുമെന്ന് കരുതുന്നു.

## ദേശീയപാത വികസനം

23 (*113) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയപാത നാലുവരിയാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് ഉണ്ടായിട്ടുള്ള അനിശ്ചിതത്വത്തിന് എന്തെല്ലാം പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തി എന്നറിയിക്കാമോ;

(ബി) കേരളത്തിലെ ദേശീയപാത വികസനത്തിന് തയ്യാറാക്കിയ പദ്ധതികൾ വിഭജിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ടോ;ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; വലിയ റീച്ചുകൾ വിഭജിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കേരളത്തിലെ ദേശീയപാത നാലുവരിയാക്കുന്നതിന്റെ പുരോഗതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) കർണ്ണാടക അതിർത്തിയായ തലപ്പാടി മുതൽ കുറ്റിപ്പുറം വരെയു ള്ള ഭാഗം ആറ് പാക്കേജുകളായി ചെയ്യുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

## സർക്കാർഭൂമി കയ്യേറ്റം

24 (*114) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർഭൂമി വ്യാപകമായി കയ്യേറിയത് തടയുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സർക്കാർഭൂമി പാട്ട വ്യവസ്ഥയിൽ കൈവശം വച്ചിട്ടു ള്ളവർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഭൂമി ദുരുപയോഗം ചെയ്യുന്നതും അന്യാധീനപ്പെടുത്തുന്നതും തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർഭൂമി കയ്യേറ്റം തടയുന്നതിനും സാധാരണക്കാരുടെ ഭൂമി മാഫിയകൾ സംഘടിതമായി ഒഴിപ്പിക്കുന്നതും കയ്യേറുന്നതും തടയുന്നതിനുമുള്ള ലാൻഡ് ഗ്രാബിംഗ് (പ്രൊഹിബിഷൻ) ആക്ട് നടപ്പാക്കുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഹാരിസൺ പ്ലാന്റേഷൻ കൈവശം വച്ചിരുന്ന തോട്ടം ഭൂമിയുമായി ബന്ധപ്പെട്ട ഏതെങ്കിലും ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) കേരള ഭൂസംരക്ഷണ നിയമം 1957, ഭൂസംരക്ഷണ ചട്ടം 1958, 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമം എന്നിവ പ്രകാരം അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയ്യേറ്റങ്ങൾക്ക് നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി എ ഫോറം, ബി ഫോറം, സി ഫോറം നോട്ടീസുകളും നടപടിക്രമവും നൽകി ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ (എൽ.ആർ) ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ ഭൂരേഖാ തഹസീൽദാർമാരുടെ നേതൃത്വത്തിലും സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വില്ലേജ് തലത്തിലുള്ള ജനകീയ സമിതികളുടെ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കിയിട്ടുണ്ട്. മറ്റ് വകുപ്പുകളുടെ അധീനതയിൽ വരുന്ന ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് യഥാസമയം നിർദ്ദേശങ്ങളും സഹായങ്ങളും നൽകിവരുന്നുണ്ട്. കോടതിയുടെയും സർക്കാരിന്റെയും പരിഗണനയിലുള്ള കേസുകളൊഴികെ ബാക്കിയുള്ള എല്ലാ കേസുകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തൊട്ടാകെ 195.13.74 ഹെക്ടർ കയ്യേറ്റ ഭൂമി ഒഴിപ്പിച്ചിട്ടുണ്ട്.

(ബി) സർക്കാർ ഭൂമി പാട്ട വ്യവസ്ഥയിൽ കൈവശം വച്ചിട്ടുള്ളവർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഭൂമി ദുരുപയോഗം ചെയ്യുന്നതും അന്യാധീനപ്പെടുത്തുന്നതും ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് 1964, 1995-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പാട്ട കുടിശ്ശിക ഈടാക്കുന്നതിനും പാട്ട ഭൂമി തിരിച്ചെടുക്കുന്നതിനുമുള്ള നിയമപരമായ നടപടികൾ സ്വീകരിച്ചും പാട്ടം റദ്ദ് ചെയ്യുന്ന കേസുകളിൽ കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. പാട്ടം പുതുക്കുന്നതിന് ലഭിക്കുന്ന പ്രൊപ്പോസലുകളിൽ സ്ഥല പരിശോധന നടത്തി പാട്ട വ്യവസ്ഥകൾ ലംഘിക്കുന്നില്ലെന്ന് ഉറപ്പ് വരുത്താറുണ്ട്. പാട്ടകരാറിലെ വ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന ഭൂമി സംബന്ധിച്ച കേസുകളിൽ ഓരോ കേസിലും സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചിട്ടുണ്ട്.

സമിതിയിലെ അംഗങ്ങൾ :

1. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. സെക്രട്ടറി, നിയമ വകുപ്പ്
3. കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
4. ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
5. സെക്രട്ടറി, ധനകാര്യ വകുപ്പ്

(സി) കയ്യേറ്റം ഒഴിപ്പിക്കുന്നതിനും തടയുന്നതിനും ലാന്റ് ഗ്രാബിംഗ് (പ്രൊഹിബിഷൻ) ആക്ട് നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു.

(ഡി) ഹാരിസൺ മലയാളം പ്ലാന്റേഷൻ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നത് സംബന്ധിച്ച് സ്പെഷ്യൽ ഓഫീസർ ലാന്റ് റിസംപ്ഷൻ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ആകെ 7 ജില്ലകളിൽ ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ മുൻഗാമി എന്നവകാശപ്പെടുന്ന മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് (ഇംഗ്ലണ്ട്) ഭൂമി കൈവശം വച്ചിരുന്നു. അതിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ ഭൂമി കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് ആകെ 38,170.92 ഏക്കർ ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് സ്പെഷ്യൽ ഓഫീസർ 18 അന്തിമ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവുകളിൽ 2 എണ്ണത്തിൽ കെ.എൽ.സി. നിയമ നടപടികൾ തുടരാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിച്ചതിനാൽ കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ ആര്യങ്കാവ് വില്ലേജിൽ നിന്നും 525 ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. ബാക്കി 37,645.92 ഏക്കർ സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച സ്പെഷ്യൽ ഓഫീസറുടെ ഉത്തരവുകളുടെ തൽസ്ഥിതി തുടരാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിരുന്നതും ബഹുമാനപ്പെട്ട ഡിവിഷൻ ബഞ്ചിന്റെ സജീവ പരിഗണനയിലുമാണ്.

**ദുരന്തനിവാരണ രൂപരേഖകൾ**

25 (*115) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്തനിവാരണ ആക്ട് 2005 നിലവിൽ വന്നതിനു ശേഷം സംസ്ഥാന/ ജില്ലാതലങ്ങളിലും തദ്ദേശഭരണസ്ഥാപനങ്ങളിലും ദുരന്തനിവാരണ രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ;

(ബി) വരൾച്ച മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രതിരോധിക്കുന്നതിനും സംസ്ഥാനത്ത് വരൾച്ചാ മാനേജ്മെന്റ് മാന്വൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത് തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോ;

(സി) കെ.എസ്.ഡി.എം.എ.-യുടെ 2016-17-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി ദുരന്തനിവാരണ ആക്ട് വകുപ്പ് 70(2) അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ;ഇതുകാരണം ദുരന്തനിവാരണ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ദുരന്തനിവാരണ ആക്ട് 2005 നിലവിൽ വന്നതിനുശേഷം സംസ്ഥാന ദുരന്ത നിവാരണ രൂപരേഖയും (Kerala State Disaster Management Plan 2016) /ജില്ലാതലത്തിൽ ജില്ലാ ദുരന്ത നിവാരണ രൂപരേഖയും (District Disaster Management Plans) തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന Disaster Management Act-2015-ൽ CHAPTER VI - LOCAL AUTHORITIES, Section 41-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകം ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കണം എന്ന് നിഷ്കർഷിക്കുന്നില്ല. എന്നിരുന്നാലും സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ദുരന്ത സാധ്യതയുള്ള ചില പ്രദേശങ്ങളിൽ പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് CHAPTER VI-LOCAL AUTHORITIES, Section 41 പ്രകാരം ഒരു Statutory Requirement അല്ല. നിലവിൽ സാമൂഹികാധിഷ്ഠിത ദുരന്ത നിവാരണപദ്ധതി പ്രകാരം 14 ജില്ലകളിലായി ഏറ്റവും ദുരന്ത സാധ്യതയുള്ള 197 വില്ലേജുകളിൽ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇന്ത്യയിൽ തന്നെ അപൂർവ്വം സംസ്ഥാനങ്ങളിൽ മാത്രം നിലവിലുള്ള Emergency Supports Functions Plan-നും Standard Operating Procedures-ഉം കേരളത്തിൽ 2015 മുതൽ നിലവിലുണ്ട്. ഈ plan-ലും SOP-കളിലും ഓരോ ദുരന്ത സാഹചര്യത്തിലും ദുരന്ത തീവ്രതയെ അടിസ്ഥാനപ്പെടുത്തി വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ് വിവിധ ദുരന്തങ്ങളെ നേരിടുന്നത്. ഏത് സാഹചര്യത്തിൽ ഏത് അളവിലുള്ള പ്രതികരണം ഏതൊക്കെ വകുപ്പ് നടത്തണം എന്ന് വ്യക്തമായി ഈ plan-ലും SOP-കളിലും നിർദ്ദേശിച്ചിട്ടുണ്ട്. ഈ plan-ഉം SOP-കളും ഉൾക്കൊള്ളുന്ന Handbook on Disaster Management - Volume 2 - Emergency Operations Centres & Emergency Support Functions Plan, Kerala (Edition 2) ഇവിടെ ലഭ്യമാണ്. http://disasterlesskerala.org/wp-content/uploads/2016/04/EOCESFP2015. Pdf

(ബി) വരൾച്ചമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രതിരോധിക്കുന്നതിനും സംസ്ഥാനത്ത് വരൾച്ചാ മാനേജ്മെന്റ് മാന്വൽ നിലവിലില്ല. സംസ്ഥാന തലത്തിൽ വരൾച്ചാ മാന്വൽ തയ്യാറാക്കുവാൻ വരൾച്ചാ മാന്വൽ 2016-ലോ കേന്ദ്ര ദുരന്ത നിവാരണ നിയമത്തിലോ നിഷ്കർഷിക്കുന്നില്ല. കേരളത്തിലെ സവിശേഷ സാഹചര്യത്തിൽ ഒരു പ്രത്യേക വരൾച്ചാ മാന്വൽ സംസ്ഥാന തലത്തിലെ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾക്ക് തയ്യാറാക്കുന്നതിനായി ജലസേചന വകുപ്പ്, കൃഷി വകുപ്പ് എന്നീ വകുപ്പുകളിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരു ഹൈഡ്രോളജിസ്റ്റ്, കൃഷി വിദഗ്ധൻ എന്നിവരെ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) 2016-17 വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിശദ വിവരങ്ങൾ ജില്ലാ അതോറിറ്റികളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിക്കേണ്ടതുണ്ട്. സംസ്ഥാന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ജില്ലാ അതോറിറ്റികൾ മുഖാന്തിരമാണ് നടത്തുന്നത്. വാർഷിക റിപ്പോർട്ട് പുതിയ പദ്ധതികളുടെ ആസൂത്രണ രേഖയല്ല. ഓരോ ജില്ലയിലേയും 2016-17 ദുരന്ത നിവാരണ പ്രവർത്തന റിപ്പോർട്ടും ചെലവഴിച്ച തുകയും സംസ്ഥാന അതോറിറ്റിയുടെ കണക്കുകളുമായി താരതമ്യം ചെയ്തതിൽ ചില റിപ്പോർട്ട് അപൂർണ്ണമായതിനാൽ വിശദ വിവരങ്ങൾ ലഭ്യമാക്കി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അന്തിമ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നത് പരിശോധിച്ചുവരുന്നു.

## കാസർഗോഡ് - തിരുവനന്തപുരം ദേശീയപാത വികസനം

26 (*116) ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. സത്യൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത നാല്പത്തിയഞ്ച് മീറ്ററിൽ നാലുവരിയാക്കി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കാനു ള്ള നടപടികൾ ആരംഭിക്കുന്നതിന് മുന്നോടിയായി ദേശീയപാത അതോറിറ്റി സ്ഥലം നോട്ടിഫൈ ചെയ്തിട്ടുണ്ടോ; എത്ര സ്ഥലം ഏറ്റെടുക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;പാത വികസനത്തിനുള്ള രൂപരേഖ തയ്യാറായിട്ടുണ്ടോ;

(സി) സ്ഥലം വിട്ടുനൽകുന്നവർക്ക് ആകർഷകമായ വില നൽകി ഭൂമി ഏറ്റെടുക്കുന്നതുസംബന്ധിച്ച എതിർപ്പ് കുറയ്ക്കുന്നതിനും വീട് നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; ഏറ്റെടുക്കേണ്ട ഭൂമിയുടെ അടിസ്ഥാനവില നിശ്ചയിക്കാനു ള്ള നടപടി ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത 45 മീറ്ററിൽ നാല് വരിയായി വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ദേശീയപാത വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ കേന്ദ്രത്തിൽ നിലവിൽ വന്ന പുതിയ എൽ.എ. ആക്ട് (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act-2013) പ്രകാരം ആയിരിക്കും സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതും മറ്റ് നഷ്ടപരിഹാരം കണക്കാക്കുന്നതും. വീട് നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിന് G.O. (Ms)No. 448/2017/RD dated 29-12-2017 പ്രകാരം പുനരധിവാസ പദ്ധതി ഉത്തരവായിട്ടുണ്ട്.

**കോളേജുകൾക്ക് സ്വയംഭരണാവകാശം**

27 (*117) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഫെബ്രുവരിയിൽ യു.ജി.സി. പുറത്തിറക്കിയ റെഗുലേഷൻ അനുസരിച്ച് കോളേജുകൾക്ക് സ്വയംഭരണാവകാശം നേടുന്നതിന് സംസ്ഥാന സർക്കാരിന്റെ അനുമതി ആവശ്യമില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ടോ;

(ബി) സ്വയംഭരണാവകാശം ലഭിക്കുന്നതിന് ആവശ്യമായ എല്ലാ സ്റ്റാന്റേർഡുകളും കോളേജുകൾക്ക് ഉണ്ടെങ്കിൽ, സർക്കാരിനോ യൂണിവേഴ്സിറ്റിക്കോ പ്രസ്തുത സ്ഥാപനം സ്വയംഭരണാവകാശം നേടുന്നത് തടയുവാൻ കഴിയില്ലായെന്ന നിബന്ധന മൂലം ഉളവായിട്ടുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇക്കാര്യം ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ചർച്ച ചെയ്തിട്ടുണ്ടോ; എങ്കിൽ തീരുമാനം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) യു.ജി.സി. കൊണ്ടുവന്നിട്ടുള്ള പ്രസ്തുത നിബന്ധന ഈ സർക്കാരിന്റെ നയങ്ങൾക്ക് തിരിച്ചടിയാണോ;എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ&ബി) യു.ജി.സി. 2018-ൽ പുറപ്പെടുവിച്ചിട്ടുള്ള റെഗുലേഷനിലെ വ്യവസ്ഥകൾ കോളേജുകളുടെമേലുള്ള നിയന്ത്രണത്തെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടില്ല.

(സി&ഡി) സ്വയംഭരണാവകാശം ലഭിച്ച കോളേജുകളുടെ അക്കാദമിക നിലവാരത്തിലുള്ള മാറ്റങ്ങളും പ്രവർത്തനവും വിലയിരുത്തുന്നതിന് ഈ സർക്കാരിന്റെ കാലത്ത് പുനഃസംഘടിപ്പിക്കപ്പെട്ട ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആദ്യ എക്സിക്യൂട്ടീവ് ബോഡി യോഗം ഡോ. ജോയി ജോബ് കുളവേലിൽ അദ്ധ്യക്ഷനായി ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. കമ്മിറ്റിയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ 'ഉന്നത വിദ്യാഭ്യാസ നയരൂപീകരണവും ഭരണഘടന ഫെഡറൽ തത്വങ്ങളും' എന്ന വിഷയം അടിസ്ഥാനമാക്കി ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുവാൻ 20-2-2018-ൽ കൂടിയ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ എക്സിക്യൂട്ടീവ് ബോഡി യോഗം തീരുമാനിച്ചിട്ടുണ്ട്. സെമിനാറിൽ ഉരുത്തിരിഞ്ഞുവരുന്ന നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിക്കുന്ന റിപ്പോർട്ട് സർക്കാർ പരിശോധിക്കുന്നതാണ്.

### ഗതാഗതം സുഗമമാക്കാൻ റോഡ് മെച്ചപ്പെടുത്തൽ

28 (*118) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനപ്പെരുപ്പത്താൽ സംസ്ഥാനത്തെ റോഡുകളിൽ വരാനിരിക്കുന്ന രൂക്ഷമായ ഗതാഗതക്കുരുക്കിനെതിരെ പൊതുമരാമത്ത് വകുപ്പ്എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ;

(ബി) വാഹനപ്പെരുപ്പം കണക്കിലെടുത്ത് നിലവിലുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് വേണ്ടി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) റോഡുകളുടെ വീതി വർദ്ധിപ്പിച്ച് ഗതാഗതം സുഗമമാക്കുവാൻ, എളുപ്പത്തിൽ സ്ഥലം ഏറ്റെടുക്കാൻ കഴിയുന്ന തരത്തിൽ നിയമത്തിൽ മാറ്റം വരുത്താനും കോടതി ഇടപെടൽ ആവശ്യമില്ലാതെ ഉണ്ടാകാതിരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ഡി) ടൗണുകളിലെ ഗതാഗതക്കുരുക്കിന് ശമനം ഉണ്ടാകാൻ തിരക്കുള്ള സ്ഥലങ്ങളിൽ അടിയന്തരമായി മേൽപ്പാലങ്ങൾ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കുമോ;

(ഇ) ടൗണുകളിൽ തിരക്കുള്ള സ്ഥലങ്ങളിൽ സാധാരണക്കാരായ ജനങ്ങൾക്ക് റോഡ് മുറിച്ചുകടക്കുന്നതിന് മേൽനടപ്പാതകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്തെ റോഡുകളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന്റെ ഭാഗമായി നിലവിൽ നിർമ്മിക്കുന്ന റോഡുകളും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്ന റോഡുകളും സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയ്ക്കനുസരിച്ച് പരമാവധി വീതിയിൽ നിർമ്മിക്കുന്നുണ്ട്. കൂടാതെ മേൽപ്പാലങ്ങൾ, അണ്ടർ പാസ്സേജുകൾ, ബൈപ്പാസുകൾ, റിംഗ് റോഡുകൾ എന്നിവയും നിർമ്മിക്കുന്നുണ്ട്. സംസ്ഥാനത്തെ റോഡുകളിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഗതാഗതക്കുരുക്കുകൾ കണക്കിലെടുത്ത് മേൽപ്പറഞ്ഞ തരത്തിലുള്ളവ കൂടുതൽ സ്ഥലങ്ങളിൽ നടപ്പിലാക്കേണ്ടതുണ്ട്. സംസ്ഥാനത്ത് മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവ നിർമ്മിക്കുന്നത് മുഖേന മറ്റ് റോഡുകളിലെ ഗതാഗതം കുറയ്ക്കുവാനാകും. ദേശീയപാത വിഭാഗത്തിൽ വാഹനപ്പെരുപ്പംമൂലമു ള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ഫ്ളൈ ഓവറുകൾ, അണ്ടർ പാസ്സുകൾ, ബൈപ്പാസുകൾ എന്നിവ നിർമ്മിക്കുകയാണ് പരിഹാര മാർഗ്ഗം. കൂടാതെ വാഹന സാന്ദ്രത കണക്കിലെടുത്ത് നിശ്ചിത ഇടവേളകളിൽ വിവിധ റോഡുകളിൽ റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്തിവരുന്നുണ്ട്. ആയത് പ്രകാരം വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി റോഡിന്റെ വികസന പ്രവർത്തനങ്ങൾ നടത്താറുണ്ട്. കൂടാതെ ദേശീയപാത വിഭാഗത്തിലെ രണ്ട് വരിപ്പാതകൾ നാല്/ ആറ് വരിപ്പാതകളായും പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ട് വരിപ്പാതകളായും വികസിപ്പിച്ചുകൊണ്ടിരിക്കുന്നു.

(ബി) വാഹനപ്പെരുപ്പം കണക്കിലെടുത്ത് പുതുതായി നിർമ്മിക്കുന്ന റോഡുകളിലും പുനരുദ്ധാരണം നടത്തുന്ന റോഡുകളിലും പരമാവധി വീതിയിൽ സ്ഥലം ലഭ്യമാക്കി ആധുനിക നിലവാരത്തിലുള്ള റോഡുകൾ വകുപ്പിന്റെകീഴിൽ നിർമ്മിക്കുന്നുണ്ട്. ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ദേശീയപാത വിഭാഗത്തിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കുംവിധം ദേശീയപാത വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പാക്കിവരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതിക വിദ്യകളും ലഭ്യമായിട്ടു ള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുമുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ നിർമ്മിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതാകുന്നുണ്ട്.

(സി) റോഡുകളുടെ വീതി വർദ്ധിപ്പിച്ച് ഗതാഗതം സുഗമമാക്കുവാനും എളുപ്പത്തിൽ സ്ഥലം ഏറ്റെടുക്കുന്ന തരത്തിൽ നിയമത്തിൽ മാറ്റം വരുത്താനും കോടതി ഇടപെടൽ ആവശ്യമില്ലാതെ ഉണ്ടാകാതിരിക്കാനും സ്ഥലം ഏറ്റെടുക്കുന്നതിന് ആകർഷകമായ വിലയും പുനരധിവാസ പദ്ധതികളും നടപ്പിലാക്കേണ്ടതും അത്യാവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി നിയമങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ട്.

(ഡി) ടൗണുകളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി തിരക്കുള്ള സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി നിർമ്മിച്ചുവരുന്നുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ തിരുവനന്തപുരം ജില്ലയിൽ തമ്പാനൂർ മേൽപ്പാലം, പട്ടം മേൽപ്പാലം, ഉ ള്ളൂർ മേൽപ്പാലം, ശ്രീകാര്യം മേൽപ്പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പരിഗണനയിലാണ്. എറണാകുളം ജില്ലയിൽ ഇടപ്പള്ളി ജംഗ്ഷനിൽ മേൽപ്പാലം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ വൈറ്റില മേൽപ്പാലത്തിന്റെ പ്രവൃത്തി തുടങ്ങിയിട്ടു ള്ളതും കുണ്ടന്നൂർ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായു ള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയുമാണ്. കോട്ടയം ജില്ലയിൽ കഞ്ഞിക്കുഴി ജംഗ്ഷനിൽ മേൽപ്പാലം നിർമ്മിക്കുന്നതിനായി പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ലാന്റ് അക്വിസിഷനുള്ള ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിൽ തൊണ്ടയാട്, രാമനാട്ടുകര ഭാഗങ്ങളിൽ മേൽപ്പാലങ്ങളുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. എരഞ്ഞിപ്പാലത്ത് മേൽപ്പാലങ്ങൾ നിർമ്മിക്കാനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കണ്ണൂർ ടൗണിലെ വാഹനപ്പെരുപ്പം കണക്കിലെടുത്ത് കണ്ണൂർ തെക്കീ ബസാറിൽ ഫ്ളൈ ഓവറിനും മേലേചൊവ്വയിൽ അണ്ടർ പാസിനും കിഫ്ബിയിൽ ഉൾപ്പെടുത്തി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ഇ) ടൗണുകളിൽ തിരക്കുള്ള സ്ഥലങ്ങൾ സാധാരണക്കാരായ ജനങ്ങൾക്ക് റോഡ് മുറിച്ചുകടക്കുന്നതിന് മേൽ നടപ്പാതകൾ നിർമ്മിക്കുന്നത് ഉചിതമായിരിക്കും. ഫണ്ട്, സ്ഥലം എന്നിവയുടെ ലഭ്യതയ്ക്ക് വിധേയമായി ഇക്കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്. കൊല്ലം ജില്ലയിൽ കൊല്ലം കോർപ്പറേഷനിൽ എൻ.എച്ച്.66-ൽ മൂന്ന് മേൽ നടപ്പാതകൾ ചെയ്യുന്നുണ്ട്.

## ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ട്

29 (*119) ശ്രീ. ടി. വി. ഇബ്രാഹിം :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച ജസ്റ്റീസ് ദിനേശൻ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഈ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ അംഗീകരിക്കുകയും ടി റിപ്പോർട്ട് 22-2-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 55/2018/ഉ.വി.വ. പ്രകാരം തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു*.

(സി) തത്വത്തിൽ അംഗീകരിച്ച ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## ആധാരം രജിസ്ട്രേഷൻ ഓൺലൈൻ ആക്കിയതിനെത്തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ

30 (*120) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം രജിസ്ട്രേഷൻ ഓൺലൈൻ ആക്കിയതിനെ തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) രജിസ്ട്രേഷന് ആവശ്യമായ വിവരങ്ങൾ നൽകാനുള്ള പബ്ലിക് പേൾ സംവിധാനം ഇടയ്ക്കിടെ തടസ്സപ്പെടുന്നത് പരിഹരിക്കാൻ സത്വരനടപടി സ്വീകരിക്കുമോ;

(സി) സമയബന്ധിതമായി ആധാരങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ആധാരം രജിസ്ട്രേഷൻ ഓൺലൈൻ ആക്കിയത് ചരിത്ര പ്രധാനമായ നേട്ടമാണ്. രജിസ്ട്രേഷൻ ഓൺലൈൻ ആക്കിയതിനെത്തുടർന്ന് താൽക്കാലികമായി NIC വഴി ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് പരിഹരിക്കുന്നതിന് സത്വര നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) പബ്ലിക് പേൾ സംവിധാനം ഇടയ്ക്കിടെ തടസ്സപ്പെടുന്നത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ ആധാര രജിസ്ട്രേഷനുള്ള തീയതിയും സമയവും മുൻകൂട്ടി നിശ്ചയിക്കുന്നതിനുള്ള സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ടാണ് പൊതുജനങ്ങൾ ആധാരങ്ങൾ രജിസ്ട്രേഷനായി ഹാജരാക്കുന്നത്. അപ്രകാരം ഹാജരാക്കുന്ന ആധാരങ്ങൾ സമയബന്ധിതമായി രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട റോഡുകൾ

1 (860) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി പണിത പൊൻകുന്നം - തൊടുപുഴ റോഡ്, തിരുവല്ല ബൈപ്പാസ് തുടങ്ങിയവയിൽ ഉണ്ടായതായി പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷിക്കണമെന്ന് ലോകബാങ്കിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയോയെന്ന് വ്യക്തമാക്കാമോ;

(സി) രണ്ടാം ഘട്ട പദ്ധതിയിൽപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ നിലവിലെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു :

| നമ്പർ | | പ്രവൃത്തിയുടെ പേര് | പുരോഗതി (ശതമാനത്തിൽ) |
|---|---|---|---|
| 1 | UG-I | കാസർകോട്-കാഞ്ഞങ്ങാട് റോഡ് | 80 |
| 2 | UG-II | പിലാത്തറ-പാപ്പിനിശ്ശേരി റോഡ് | 81 |
| 3 | UG-III A | തലശ്ശേരി- കളറോഡ് | 35.45 |
| 4 | UG-III B | കളറോഡ്-വളവുപാറ റോഡ് | 45.40 |
| 5 | UG-IV | ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് | 93 |
| 6 | UG-IV A | തിരുവല്ല ബൈപ്പാസ് | 56.10 (ബാലൻസ് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.) |
| 7 | UG-V | ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് | 95.28 |
| 8 | UG-VI | പൊൻകുന്നം-തൊടുപുഴ റോഡ് | 100 |
| 9 | UG-VII | പുനലൂർ-പൊൻകുന്നം റോഡ് | PPP-യിൽ നിന്നും മാറ്റി EPC മാതൃകയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചു |
| 10 | UG-VIII | പെരുമ്പിലാവ്-പെരിന്തൽമണ്ണ | 100 |

റോഡ് സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ട കഴക്കൂട്ടം അടൂർ മാതൃകാറോഡ് സുരക്ഷാ പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത റോഡുകളുടെ ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് ലോക ബാങ്കിനോട് കെ.എസ്.ടി.പി ആവശ്യപ്പെട്ടിട്ടില്ല.

(സി) കെ.എസ്.ടി.പി രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടു ള്ള എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കോൺട്രാക്ടർക്കും, കൺസ്ട്രക്ഷൻ സൂപ്പർവൈസറി കൺസൾട്ടന്റിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. തുടങ്ങിവച്ച എല്ലാ പ്രവൃത്തികളും 2018-ൽ തന്നെ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. ഇടയ്ക്കിടെ അവലോകന യോഗങ്ങൾ കൂടി പുരോഗതി വിലയിരുത്തുന്നുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും അവലോകന യോഗങ്ങൾ നടത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## കെ. എസ്. ടി. പി. പദ്ധതികൾ

2(861) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ടി.പി. വഴി നടപ്പിലാക്കിയ പദ്ധതികളിൽ ഇനി പൂർത്തിയാക്കാനു ള്ളത് ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2016-17-ൽ ആരംഭിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(സി) കെ.എസ്.ടി.പി. പദ്ധതികളുടെ ടെണ്ടർ നടപടികൾ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ടെണ്ടറിൽ പങ്കെടുക്കുന്ന കോൺട്രാക്ടർമാർക്ക് എന്തൊക്കെ യോഗ്യതകളാണ് ഉണ്ടായിരിക്കേണ്ടതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ടി.പി.യിൽ അംഗീകരിച്ച റോഡ് വികസന പദ്ധതികളിൽ ഇനി പൂർത്തിയാക്കാനുള്ളവയുടെ നിർമ്മാണ പുരോഗതിയും ചുവടെ ചേർക്കുന്നു :

| നമ്പർ | | പ്രവൃത്തിയുടെ പേര് | പുരോഗതി (ശതമാനത്തിൽ ) |
|---|---|---|---|
| 1 | UG-I | കാസർകോട്-കാഞ്ഞങ്ങാട് റോഡ് | 80 |
| 2 | UG-II | പിലാത്തറ-പാപ്പിനിശ്ശേരി റോഡ് | 81 |
| 3 | UG-III A | തലശ്ശേരി- കളറോഡ് | 35.45 |
| 4 | UG-III B | കളറോഡ്-വളവുപാറ റോഡ് | 45.40 |
| 5 | UG-IV | ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് | 93 |
| 6 | UG-IV A | തിരുവല്ല ബൈപ്പാസ് | 56.10 |
| 7 | UG-V | ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് | 95.28 |

2013-ൽ തുടങ്ങിയെങ്കിലും കഴിഞ്ഞ സർക്കാരിന്റെ 3 വർഷക്കാലം കാര്യമായ പുരോഗതിയില്ലായിരുന്നു. ഈ സർക്കാരിന്റെ 21 മാസക്കാലത്താണ് പ്രവൃത്തികളിൽ കാര്യമായ പുരോഗതി ഉണ്ടായത്.

(ബി) കഴിഞ്ഞ സർക്കാർ കരാർ റദ്ദാക്കിയതിനെത്തുടർന്ന് 2016-17-ൽ രണ്ട് റീച്ചുകളിലായി ആരംഭിച്ച തലശ്ശേരി കളറോഡ് റോഡ് നിർമ്മാണവും, കളറോഡ്-വളവുപാറ റോഡ് നിർമ്മാണവും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ റോഡ് സുരക്ഷാ പദ്ധതിയിലുൾപ്പെട്ട കഴക്കൂട്ടം-അടൂർ മാതൃകാ സുരക്ഷാ പദ്ധതി എന്ന പ്രവൃത്തിയും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എല്ലാ പ്രവൃത്തികളും 2018-ൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ലോകബാങ്കിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് കെ.എസ്.ടി.പി. പദ്ധതികളുടെ ടെണ്ടർ നടപടികൾ നടത്തുന്നത്. ലോകബാങ്ക് അംഗീകരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് ടെണ്ടർ ഇവാല്യുവേഷൻ നടത്തി യോഗ്യത നേടിയ കോൺട്രാക്ടറുടെ ടെണ്ടർ മാത്രമെ കെ.എസ്.ടി.പി.യിൽ പരിഗണിക്കുകയുള്ളൂ. Morth Specification പ്രകാരം item rate contract ആണ് കെ.എസ്.ടി.പി. പദ്ധതികൾ നടപ്പിലാക്കുന്നതിന് അവലംബിക്കുന്നത്. ടെണ്ടർ തുറക്കുന്നതിനുമുമ്പ് പ്രി-ബിഡ്

മീറ്റിംഗ് നടത്തി കരാറുകാരുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നതാണ്. ഇങ്ങനെ വിളിക്കുന്ന ടെണ്ടർ തുറന്ന് പങ്കെടുക്കുന്ന അംഗീകരിച്ച ടെണ്ടറുകളിൽ കുറച്ച് തുക ക്വാട്ട് ചെയ്ത് കരാറുകാരന് ലോകബാങ്കിന്റെ അംഗീകാരം വാങ്ങി ടെണ്ടർ ഉറപ്പിക്കുന്നു. പ്രസ്തുത കരാറുകാർക്ക് വേണ്ട യോഗ്യത മാനദണ്ഡങ്ങളുടെ മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മലയോര ഹൈവേ**

3(862) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഈ റോഡ് കടന്നുപോകുന്ന റൂട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മലയോര ഹൈവേക്കായി എത്ര കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്; ഇതിന്റെ ഓരോ ജില്ലയിലേയും നിർമ്മാണ പ്രവൃത്തികൾ എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) റോഡ് നിർമ്മിക്കുമ്പോൾ നിലവിലുള്ള റോഡിന്റെ വീതി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എന്തൊക്കെ പ്രവൃത്തികളാണ് റോഡ് നിർമ്മാണത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാനാകും എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മലയോര ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ പ്ലാച്ചേരി മുതൽ കല്ലുംകടവ് (പത്തനാപുരം) വരെയുള്ള പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ 47.90 കി.മീ ഭാഗമാണ് മലയോര ഹൈവേയുടെ അലൈൻമെന്റിൽ ഉൾപ്പെടുന്നത്. കോട്ടയം ജില്ലയിൽ പ്ലാച്ചേരി മുതൽ കരിങ്കല്ലുമൂഴി വരെ പൊതുമരാമത്ത് നിരത്തു വിഭാഗത്തിന് കീഴിലുള്ള 7.50 കി.മീ-ഉം കരിങ്കല്ലുമൂഴി മുതൽ മുണ്ടക്കയം വരെ NH 183 A-യിലും ഉൾപ്പെടുന്നതാണ് മലയോര ഹൈവേ.

(ബി) സർക്കാർ ഉത്തരവ് (സാധാ) നമ്പർ.942/2017/പൊ.മ.വ. തീയതി 10-7-2017 പ്രകാരം മലയോര ഹൈവേയ്ക്ക് 3500 കോടി രൂപയുടെ in Principle Administrative Sanction നൽകിയിട്ടുണ്ട്. മലയോര ഹൈവേ നിർമ്മാണത്തിനുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഫണ്ട് കിഫ്ബിയിൽ നിന്നും ലഭ്യമാക്കാനാണ് ഉത്തരവായിട്ടുള്ളത്. രണ്ട് ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിലെ നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽ 26 റീച്ചുകൾ കണ്ടെത്തിയിട്ടുണ്ട്. ഒരു റീച്ച് കെ.എസ്.ടി.പി.-യുടെ കീഴിലാണ്. 16 റീച്ചുകൾ രണ്ടാം ഘട്ടമായി ഏറ്റെടുക്കുന്നതാണ്.

(സി) 12 മീറ്റർ വീതിയിൽ മലയോര ഹൈവേ നിർമ്മിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. മലയോര ഹൈവേയുടെ ഭാഗമായി നിർമ്മിക്കുന്ന റോഡുകൾ ഇൻവെസ്റ്റിഗേഷൻ നടത്തി രൂപകൽപ്പന ചെയ്ത് ആധുനിക നിലവാരത്തിൽ 7 മീറ്റർ വീതിയിൽ ബി. എം ആന്റ് ബി. സി ചെയ്ത് ആവശ്യമായ റോഡ് സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തി പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടു ള്ളത്.

(ഡി) ആദ്യ ഘട്ടത്തിലെ 4 പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ മാർച്ച് മാസത്തിൽ പൂർത്തിയാക്കിയാലുടനെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയും.

**മരാമത്ത് പ്രവൃത്തികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് നടപടി**

4 (863) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ;

(ബി) ദേശീയപാത വിഭാഗത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ ;പ്രസ്തുത നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(സി) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ സുതാര്യവും അഴിമതി മുക്തവുമാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെ സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ടോ.; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളിലാണ് അത് നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു "പരിസ്ഥിതി വിഭാഗം" പ്രവർത്തിച്ചുവരുന്നുണ്ട്. 15 കോടി രൂപയിൽ കൂടുതൽ അടങ്കൽ തുക വരുന്ന പ്രവൃത്തികൾ ടി പരിസ്ഥിതി വിഭാഗത്തിന്റെ അംഗീകാരത്തോടുകൂടി മാത്രമാണ് നടപ്പിലാക്കുന്നത്. പരിസ്ഥിതി സൗഹാർദ്ദ നിർമ്മാണം ലക്ഷ്യമാക്കിയുള്ള ഗ്രീൻ ബിൽഡിംഗ് പോളിസി [ജി.ഒ (എംഎസ്) നമ്പർ. 28/2013/പൊ.മ.വ തീയതി 7-32013] നിലവിലുണ്ട്. പൊതുമരാമത്ത് വകുപ്പിലെ വാസ്തുശില്പ വിഭാഗം തയ്യാറാക്കുന്ന എല്ലാ കെട്ടിട രൂപകല്പനകളും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസരിച്ചാണ് തയ്യാറാക്കി വരുന്നത്. ഇതിലേയ്ക്കാവശ്യമായ സാങ്കേതിക പരിജ്ഞാനം നേടുന്നതിനാവശ്യമായ പരിശീലനം സംഘടിപ്പിച്ച് കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി സൗഹാർദ്ദ കെട്ടിട രൂപകല്പനകൾ തയ്യാറാക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് ആർക്കിടെക്ചറൽ വിഭാഗത്തിലെ എല്ലാ ജീവനക്കാർക്കും പ്രാഥമിക പരിശീലനവും തെരഞ്ഞെടുക്കുന്ന 12 പേർക്ക് ഹരിത സാങ്കേതിക വിദ്യയിൽ വിദഗ്ദ്ധ പരിശീലനം നൽകുകയും 8 പേർ കേന്ദ്ര ഹരിത റേറ്റിംഗ് ഏജൻസിയായ ഗൃഹയുടെ (GRIHA) അക്രെഡിറ്റഡ് പ്രൊഫഷണൽ ആയി യോഗ്യത നേടുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഹരിത നിർമ്മാണ റേറ്റിംഗ് ഏജൻസിയായ ഗൃഹയുടെ അംഗീകാരം ലഭിക്കുന്നതിലേയ്ക്കായി രണ്ട് കെട്ടിടങ്ങൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ തുടർപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിലേയ്ക്കായി ഒരു നോഡൽ ഓഫീസറേയും നിയോഗിച്ചിട്ടുണ്ട്. റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രകൃതിദത്ത ഉൽപ്പന്നങ്ങൾ നേരിട്ടുപയോഗിക്കുന്നതിനായി റബ്ബർ, കയർ, ഭൂവസ്ത്രം തുടങ്ങിയവ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുവാനും ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്, റബ്ബർ എന്നിവ കൊണ്ടുള്ള പരിസ്ഥിതി മലിനീകരണം കുറയ്ക്കുവാനായി ടാറിനൊപ്പം ഒരു നിശ്ചിത അളവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ചേർ<u>ത്തുള്ള</u> റോഡ് നിർമ്മാണ രീതി അവലംബിക്കുകയും ചെയ്യുന്നു.

(ബി) ദേശീയപാത വിഭാഗത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിലേയ്ക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH 3044/24/2015 S&R (R) തീയതി 9-11-2015 പ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരപരിധിയിലുള്ള 50 കി.മീ ചുറ്റളവിനകത്ത് വരുന്ന ദേശീയപാതകളുടെ റീസർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട് മിക്സിൽ ചേർക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ F.No.RW/NH 33044/10/2002/S&R (R) തീയതി 11-1-2018 പ്രകാരം Hot in place Recycling Technology ദേശീയപാതയുടെ പീരിയോഡിക്കൽ റിന്യൂവൽ പ്രവൃത്തികൾക്ക് ഉപയോഗിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ സുതാര്യവും അഴിമതി മുക്തവുമാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെ സോഷ്യൽ ഓഡിറ്റിംഗ് നടപ്പി ലാക്കുന്നതിന് സർക്കാർ ഉത്തരവ് G.O(Ms) No.1/2018/PWD dated 5-1-2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിംഗ് മുഖാന്തരം പരാതികളൊന്നും ലഭിച്ചിട്ടില്ല.

## സമ്പൂർണ്ണ മലയോര ഹൈവേ

5(864) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18-ൽ 1267 km ദൈർഘ്യം വരുന്ന സമ്പൂർണ്ണ മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുമെന്നും 9 ജില്ലകളിലെ നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിവരുന്ന 350 കോടി രൂപ കിഫ്ബി നിക്ഷേപിക്കുമെന്നും പ്രസ്തുത വർഷ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നതിനാൽ പുരോഗതി വിവരം ഉൾപ്പെടെ വിശദവിവരം നൽകുമോ?

### ഉത്തരം

മലയോര ഹൈവേയുടെ നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് (സാധാ) നമ്പർ.942/2017/പൊ.മ.വ തീയതി 10-7-2017 പ്രകാരം 3500 കോടി രൂപയുടെ In Principle Administrative Sanction നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് കിഫ്ബിയിൽ ഫണ്ട് ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടു ള്ളത്. ഇതിന്റെ ആദ്യ ഘട്ടമായി തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലെ 26 പദ്ധതികൾ ആണ് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ഏറ്റെടുക്കുന്നത്. ഇതിൽ 21 പദ്ധതികളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചു. 4 പദ്ധതികളുടെ അംഗീകാരം കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ സാങ്കേതികാനുമതി പരിശോധനയുടെ അന്തിമ ഘട്ടത്തിലാണ്. സാങ്കേതികാനുമതിക്കുശേഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. മറ്റു പ്രവൃത്തികളുടെ ഡി.പി.ആർ സമർപ്പിക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒരു പദ്ധതി കെ.എസ്.ടി.പി.-യുടെ കീഴിലാണ് വരുന്നത്. രണ്ട് പദ്ധതികൾക്ക് വനം വകുപ്പിന്റെ അനുവാദം ആവശ്യമുണ്ട്. രണ്ടാം ഘട്ടത്തിലെ പദ്ധതികൾ നടപ്പിലാക്കുന്നതിന് 67 ഹെക്ടർ വനഭൂമി ആവശ്യ മാണെന്ന് കണക്കാക്കിയിട്ടുണ്ട്.

## നിർമ്മാണവസ്തുക്കളുടെയും ടാറിന്റെയും ദൗർലഭ്യം

6(865) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണവസ്തുക്കളുടെയും ടാറിന്റെയും ദൗർലഭ്യം നിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണകരാറുകൾ ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറാകാത്ത സാഹചര്യം നിലവിലുണ്ടോ; വിശദീകരിക്കുമോ;

(സി) റോഡ് നിർമ്മാണത്തിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുമ്പോൾ മുമ്പ് ഉപയോഗിച്ച നിർമ്മാണ വസ്തുക്കൾ പുനരുപയോഗിക്കുന്ന സാങ്കേതിക വിദ്യ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) നിർമ്മാണ വസ്തുക്കളുടെയും ടാറിന്റെയും ദൗർലഭ്യം കെട്ടിട വിഭാഗത്തിലും നിരത്തുകളും പാലങ്ങളും വിഭാഗത്തിലും നിർമ്മാണ പ്രവർത്തനങ്ങളുടെ സമയബന്ധിതമായ പൂർത്തീകരണത്തെ ബാധിച്ചിട്ടുണ്ട്. നിലവിൽ ക്വാറികളുടെ പ്രവർത്തനത്തിന് നിയന്ത്രണം ഏർപ്പെടുത്തുയിട്ടു ള്ളതിനാൽ മെറ്റലിന്റെയും എംസാന്റിന്റെയും ലഭ്യതയ്ക്ക് കുറവ് വന്നിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയെ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം ബാധിച്ചിട്ടുണ്ട്. വരുംവർഷം മരാമത്ത് പ്രവൃത്തികൾക്ക് കൂടുതൽ കരിങ്കല്ല്, മെറ്റൽ, ടാർ മുതലായവ കൂടുതലായി ആവശ്യം വരുമെന്നു ള്ളതിനാൽ ആയതു നിർമ്മാണ പ്രവൃത്തിയിൽ കാലതാമസം വരാൻ സാധ്യതയുണ്ട്.

(ബി) ദേശീയപാത വിഭാഗത്തിൽ നിർമ്മാണ വസ്തുക്കളുടെയും ടാറിന്റെയും ദൗർലഭ്യംമൂലം കരാറുകാർ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാതിരിക്കുന്ന സാഹചര്യം സംജാതമായിട്ടില്ല. എന്നാൽ ചില വിഭാഗത്തിന്റെ കീഴിലുള്ള നിരവധി പ്രവൃത്തികളുടെ ടെന്ററുകളിൽ കരാറുകാർ പങ്കെടുക്കുന്നില്ല. ആയതിനാൽ ഈ പ്രവൃത്തികളുടെ ടെണ്ടറുകൾ നിരവധി തവണ റീടെണ്ടർ ചെയ്യുക, ടെണ്ടർ സമർപ്പിക്കേണ്ട കാലാവധി നീട്ടുക എന്ന സാഹചര്യവും റീടെണ്ടറിലും പ്രതികരണം ലഭിക്കാത്തതിനാൽ ക്വട്ടേഷൻ വ്യവസ്ഥയിൽ പ്രവൃത്തി നടപ്പിലാക്കേണ്ട സാഹചര്യവും വന്നു.

(സി) റോഡ് നിർമ്മാണത്തിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുമ്പോൾ മുമ്പ് ഉപയോഗിച്ച നിർമ്മാണ വസ്തുക്കൾ പുനരുപയോഗിക്കുന്ന സാങ്കേതികവിദ്യ പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗത്തിന്റെ പ്രവൃത്തികളിൽ നടപ്പിലാക്കാനുള്ള നടപടികൾ നടപ്പിലാക്കിയിട്ടില്ല. ദേശീയ പാത വിഭാഗത്തിൽ ആധുനിക സാങ്കേതിക വിദ്യയായ മില്ലിങ് ആൻഡ് റീ സൈക്ലിങ് ഉപയോഗിച്ച്

ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുത്ത് അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനു ശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് പുനർ നിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ഈ സാങ്കേതികവിദ്യ സാമ്പത്തിക ലാഭത്തോടൊപ്പം ബിറ്റുമിൻ, അഗ്രിഗേറ്റ് എന്നിവയുടെ കുറഞ്ഞ ഉപയോഗം വഴി പ്രകൃതി സമ്പത്തിന്റെ സംരക്ഷണവും സാധ്യമാകുന്നു. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ Circular No.F.No.RW/NH-33044/10/2002/ S&R(R) തീയതി 11/01/2018 പ്രകാരം മില്ലിങ് ആൻഡ് റീ സൈക്ലിങ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കടമ്പാട്ടുകോണം മുതൽ മംഗലപുരം വരെയുള്ള ദേശീയപാത 47-ന്റെ റീസർഫസിങ് നടത്തുന്നതിന് ആവശ്യമായ നടപടികൾ എടുത്തുവരുന്നു. റോഡ് നിർമ്മാണത്തിൽ ടാറിനൊപ്പം പ്ലാസ്റ്റിക്, റബ്ബർ എന്നിവ ചേർത്ത ബിറ്റുമിൻ ഉപയോഗിച്ച് ടാറിങ് നടത്തുന്നതിനും റോഡ് നിർമ്മാണത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുവാനും സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റു ജില്ലകളിൽ പ്രസ്തുത പ്രവൃത്തി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം നടത്തുന്നതാണ്.

## ഒറ്റത്തവണ തീർപ്പാക്കൽ (നോൺ പ്ലാൻ) ഫണ്ട്

7(866) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് നൽകിയിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ (നോൺ പ്ലാൻ ) ഫണ്ട് ഈ സർക്കാർ തുടർന്ന് വരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ ഇക്കാര്യം ആലോചിച്ചുവരുന്നു.

## പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത റോഡുകൾ

8(867) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് പുതിയ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് പുതിയ റോഡുകൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ കരട് മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

**റോഡ് നിർമ്മാണ സാധനങ്ങളുടെ ക്ഷാമം**

9(868) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണത്തിന് ടാർ ലഭ്യമാകാത്തതും പാറയും മെറ്റലും മണലും കിട്ടാതായതും പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) മരാമത്ത് പണികൾക്ക് ടാർ വാങ്ങി നൽകുന്നതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പാറ, മെറ്റൽ, മണൽ എന്നിവയുടെ ക്ഷാമം പരിഹരിച്ച് റോഡ് നിർമ്മാണവും, അറ്റകുറ്റപ്പണികളും ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റോഡ് നിർമ്മാണത്തിന് നിർമ്മാണ വസ്തുക്കളായ ടാർ, മെറ്റൽ, മണൽ തുടങ്ങിയവ കിട്ടാത്തത് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. മണലിനു പകരം എം.സാന്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. നിലവിൽ ക്വാറികളുടെ പ്രവർത്തനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ മെറ്റലിന്റെയും എം.സാന്റിന്റെയും ലഭ്യതയ്ക്ക് കുറവ് വരുന്നുണ്ട്. ഇത് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയെ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം ബാധിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗത്തിന്റെ കീഴിലു ള്ള 100 ലക്ഷം രൂപ വരെ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് ടാർ ഡിപ്പാർട്ടുമെന്റ് വാങ്ങി സപ്ലൈ നടത്തുന്നുണ്ട്. ഇത് വകുപ്പിന്റെ കീഴിലുള്ള ഡിവിഷൻ ഓഫീസ് മുഖേന വിതരണം നടത്തുന്നു. ഇതിന്റെ വില പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്നു.

100 ലക്ഷം രൂപയുടെ മേൽ അടങ്കൽ തുക വരുന്ന പ്രവൃത്തികൾക്ക് പ്രസ്തുത പ്രവൃത്തികളുടെ കരാറുകാർ തന്നെ ടാർ ലഭ്യമാക്കേണ്ടതാണ്. ദേശീയപാത വിഭാഗത്തിലെ പ്രവൃത്തികൾക്കുള്ള ടാർ ബന്ധപ്പെട്ട കരാറുകാർ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന അംഗീകൃത റിഫൈനറിയിൽ നിന്നും വാങ്ങിക്കാറാണ് ഉള്ളത്.

(സി) പാറ, മെറ്റൽ എന്നിവയുടെ ലഭ്യതക്കുറവുള്ള സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിക്കുകയും അടിയന്തര പരിഹാരം കാണണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

## റോഡ് തകർച്ചയുടെ കാരണങ്ങൾ

10(869) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എല്ലായിടങ്ങളിലും എല്ലാ വർഷവും റോഡ് തകരുന്നതിന്റെ കാരണങ്ങൾ കണ്ടുപിടിക്കുന്നതിന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇത്തരത്തിൽ പഠനം നടത്താൻ തയ്യാറാകുമോ:

(സി) കേരളത്തിലെ അതിവൃഷ്ടിയും വാഹന സാന്ദ്രതയുമാണോ റോഡ് തകർച്ചയ്ക്ക് കാരണമെന്ന് വ്യക്തമാക്കാമോ;

(ഡി) ടാറിനും സിമന്റിനും പകരം കേരളത്തിലെ കാലാവസ്ഥയ്ക്കും വാഹന സാന്ദ്രതയ്ക്കും അനുയോജ്യമായ മറ്റെന്തെങ്കിലും നിർമ്മാണവസ്തുക്കൾ റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കാമോ എന്നതിനെക്കുറിച്ചുള്ള ആലോചന തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരളത്തിൽ എല്ലാ വർഷവും റോഡുകൾ തകരുന്നതിൽ കാരണങ്ങൾ കണ്ടുപിടിക്കുന്നതിന് പ്രത്യേകിച്ച് പഠനങ്ങൾ നടത്തിയിട്ടില്ലെങ്കിലും വകുപ്പിന്റെ പൊതുവായ നിരീക്ഷണത്തിൽ വെള്ളക്കെട്ടാണ് കേരളത്തിലെ റോഡുകൾ തകരാനുള്ള പ്രധാന കാരണമായി മനസ്സിലാക്കുന്നത്. പഴയ കാലങ്ങളിൽ വെള്ളം ഒഴുകിപ്പോയി വീഴുന്നതിനുള്ള നീർത്തടങ്ങളായിരുന്ന തോടുകൾ, വയലുകൾ, മുതലായവ വൻതോതിൽ നികത്തുകയും റോഡിന്റെ വശങ്ങളിലുള്ള താഴ്ന്ന ഭൂപ്രദേശങ്ങളെല്ലാം കോമ്പൗണ്ട് വാൾ കെട്ടി ജല നിർഗ്ഗമനം തടയുകയും ചെയ്യുന്നതാണ് റോഡ് തകരാനുള്ള പ്രധാന കാരണം. കൂടാതെ നിർമ്മാണത്തിലെ മേൽനോട്ടക്കുറവ്, ക്രമക്കേട്, അഴിമതി എന്നിവയും കാരണമാകാറുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

(സി) കേരളത്തിൽ അതിവൃഷ്ടി ഉണ്ടെങ്കിലും നിർഗ്ഗമന മാർഗ്ഗം ഇല്ലാത്തതാണ് പ്രധാന പ്രശ്നം. ദേശീയപാതയുടെ പരിധിയിൽ വികസനം പൂർത്തിയാകാത്ത വിഭാഗങ്ങളിൽ വാഹന സാന്ദ്രത അനുവദനീയമായതിലും കൂടുതലുണ്ട്. ഈ ഭാഗത്തെ റോഡുകൾ കാലയളവിനുള്ളിൽ തന്നെ റീസർഫസിംഗ് പ്രവൃത്തികൾ നടത്തിയാണ് റോഡ് ഗതാഗത യോഗ്യമാക്കാറുള്ളത്.

(ഡി) ടാറിനും സിമെന്റിനും ഒപ്പം റബ്ബർ, പ്ലാസ്റ്റിക് മുതലായവ ചേർത്ത് റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. കയർ, ഭൂവസ്ത്രം ഉപയോഗിക്കുന്നത് മുഖേന സിമെന്റിന്റെ ഉപയോഗം പരിമിതപ്പെടുത്താവുന്നതാണ്. ടാറിനും സിമെന്റിനും പകരം കേരളത്തിലെ കാലാവസ്ഥയ്ക്കും വാഹന സാന്ദ്രതയ്ക്കും അനുയോജ്യമായ നിർമ്മാണ വസ്തുക്കൾ റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിനെക്കുറിച്ചും നൂതന നിർമ്മാണ രീതികൾ അവലംബിച്ച് ഈടുറ്റതും ഗുണമേന്മയുള്ളതുമായ റോഡുകൾ നിർമ്മിക്കുന്നതിനെക്കുറിച്ചും പഠനം തുടങ്ങിയിട്ടുണ്ട്. നാച്ചുറൽ റബ്ബർ, പ്ലാസ്റ്റിക്, കയർ ഭൂവസ്ത്രം എന്നിവ റോഡ് നിർമ്മാണത്തിൽ ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ട്.

## റോഡ് വെട്ടിപ്പൊളിക്കൽ ഒഴിവാക്കാൻ നടപടി

11(870) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് <u>പൊതുമരാമത്തും</u> രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ കുടിവെള്ള പൈപ്പുകൾ ,മറ്റ് യൂട്ടിലിറ്റീസ് എന്നിവ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി നിരന്തരമായി ടാർ റോഡ് വെട്ടിപ്പൊളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിലൂടെ സർക്കാരിന് ഒട്ടേറെ ധനനഷ്ടവും യാത്രക്കാർക്ക് പ്രയാസങ്ങളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് പുതുതായി വികസിപ്പിക്കുന്ന പ്രധാന റോഡുകളിലെങ്കിലും ജലവിതരണ പൈപ്പുകൾ, കേബിളുകൾ, മറ്റു പൈപ്പുകൾ തുടങ്ങിയവ പ്രത്യേക ഡക്ടുകളിലൂടെ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് 5-1-2018-ലെ സർക്കാർ ഉത്തരവ് GO.(Rt) No.30/2018/PWD പ്രകാരം റോഡുകൾ കുഴിച്ച് യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇത് പരിഹരിക്കുന്നതിന് സംസ്ഥാനത്ത് പുതുതായി വികസിപ്പിക്കുന്ന റോഡുകളിൽ ജലവിതരണ പൈപ്പുകൾ, കേബിളുകൾ, മറ്റു പൈപ്പുകൾ തുടങ്ങിയവ പ്രത്യേക ഡക്ടുകളിലൂടെ സ്ഥാപിക്കുന്നത് പരിശോധനയിലാണ്. ഇതിന്റെ ചെലവും മറ്റു കാര്യങ്ങളും പരിശോധിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

## പിറവം നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണി

12 (871) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ പിറവം നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്യാനാണ് ലക്ഷ്യമിട്ടിരുന്നത് എന്നും അറ്റകുറ്റപ്പണി ആരംഭിച്ച റോഡുകളിൽ ഏതൊക്കെ റോഡുകളുടെ അറ്റകുറ്റപ്പണിയാണ് പൂർത്തീകരിച്ചതെന്നും ഏതൊക്കെ റോഡുകളുടെ അറ്റകുറ്റപ്പണിയാണ് പൂർത്തീകരിക്കാനുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ റോഡുകളുടെ അറ്റകുറ്റപ്പണിയാണ് ആരംഭിക്കാനുള്ളതെന്നും ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്നും അറിയിക്കുമോ;

(സി) റോഡുകളുടെ അറ്റകുറ്റപ്പണി ആരംഭിക്കാത്തതിന്/ പൂർത്തീകരിക്കാത്തതിന് ഉത്തരവാദികളായവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ പിറവം നിയോജക മണ്ഡത്തിലെ റോഡ് അറ്റകുറ്റപ്പണികളുടെ വിശദവിവരം ഇതോടൊപ്പം അനുബന്ധം 1-ൽ ചേർക്കുന്നു.*

(ബി) ഇതുസംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം II-ൽ ചേർക്കുന്നു*

(സി) എഗ്രിമെന്റ്വച്ച് നിശ്ചിത കാലാവധി പൂർത്തിയായിട്ടില്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊല്ലം ജില്ലയിലെ ടാർ ദൗർലഭ്യം

13(T* 872) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ടാർ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടാറിനാവശ്യമായ തുക ഡെപ്പോസിറ്റ് ചെയ്ത് മാസങ്ങൾ കഴിഞ്ഞിട്ടും ടാർ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ടാർ ലഭ്യത ഉറപ്പുവരുത്തി നിർമ്മാണ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടാർ ലഭിക്കുന്നതിന് മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യാറില്ല. ടാർ ലഭിച്ചതിനു ശേഷമാണ് BPCL -ന് തുക നൽകുന്നത്.

(സി) ഫെബ്രുവരി ആദ്യവാരം തന്നെ BPCL -ന് ടാർ നൽകിയ ഇനത്തിലുള്ള തുക പൊതുമരാമത്തു വകുപ്പ് നൽകുകയും തുടർന്ന് ടാർ ലഭ്യത ഉറപ്പുവരുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാത

14(873) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മുവാറ്റുപുഴ സംസ്ഥാന പാത കെ.എസ്.റ്റി.പി ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ; ഈ റോഡിന്റെ ഏതൊക്കെ ഭാഗമാണ് ഇപ്പോൾ പുനരുദ്ധരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഈ റോഡിന്റെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം പുനരുദ്ധരിക്കാൻ നടപടിയായിട്ടുണ്ടോ; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; നടപടികൾ പൂർത്തീകരിച്ച് റോഡിന്റെ നിർമ്മാണം എന്ന് ആരംഭിക്കാനാകും;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ഈ റോഡിന്റെ പുനരുദ്ധാരണത്തിനായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ ഏതൊക്കെ വില്ലേജുകളിൽ എത്ര സ്ഥലം വീതമാണ് ഏറ്റെടുക്കാനുള്ളത് എന്ന് വില്ലേജ് തിരിച്ച് അറിയിക്കുമോ; സ്ഥലം ഏറ്റെടുക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ; സ്ഥലമേറ്റെടുക്കൽ നടപടികൾ എന്ന് പൂർത്തിയാക്കാനാകും;

(ഡി) പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള പുനരുദ്ധാരണത്തിന് എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത്: ഈ ഭാഗം നിർമ്മിക്കുന്നതിന് ലോക ബാങ്ക് സഹായം ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അതോ കിഫ്ബി മുഖേന പണം ലഭ്യമാക്കാനാണോ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ ഭാഗമായ പുനലൂർ-പൊൻകുന്നം, പൊൻകുന്നം-തൊടുപുഴ റോഡ് എന്നീ ഭാഗങ്ങൾ കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയത് 2013-ൽ ആണ്. അതിൽ പൊൻകുന്നം-തൊടുപുഴ പദ്ധതി 2017 മാർച്ചിൽ പൂർത്തീകരിച്ചു. പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം കെ.എസ്.ടി.പി. ഇതുവരെ പി.ഡബ്ല്യു.ഡി റോഡ് വിഭാഗത്തിൽ നിന്നും ഏറ്റെടുത്തിട്ടില്ല.

(ബി) കെ.എസ്.ടി.പി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പുനലൂർ-പൊൻകുന്നം റോഡ് നിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കാലതാമസം നേരിടുമെന്നും വായ്പാ കാലാവധിയായ 2019 ഏപ്രിലിൽ തീർക്കുവാൻ പ്രയാസമാണെന്നും മറ്റുമുള്ള കാരണത്താൽ ലോകബാങ്ക് അനുമതി തന്നില്ല. അതിനുപകരമായി മറ്റ് നിർമ്മാണ രീതികൾ അവലംബിക്കാൻ ലോക ബാങ്ക് അഭിപ്രായപ്പെട്ടു. അതനുസരിച്ച് EPC രീതിയിൽ നിർമ്മാണം നടത്തുന്നതിന് സ്റ്റിയറിംഗ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ഡിസൈൻ അപ്ഡേറ്റ് ചെയ്യുന്നതിനും DPR റിവൈസ് ചെയ്യുന്നതിനുമായി M/s. L&T Infra Engg. എന്ന കൺസൾട്ടൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. പ്രവൃത്തികൾ നടന്നുവരുന്നു.

(സി) പുനലൂർ മൂവാറ്റുപുഴ ഹൈവേ വികസനത്തിനായി ഇനിയും ഏറ്റെടുക്കുവാനുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| നമ്പർ | ജില്ല | വില്ലേജ് | ഏറ്റെടുക്കേണ്ട വസ്തുക്കളുടെ എണ്ണം | ആകെ വിസ്തീർണ്ണം (ച.മീ) |
|---|---|---|---|---|
| 1 | കൊല്ലം | പത്തനാപുരം | 3 | 73 |
| 2 | പത്തനംതിട്ട | കൂടൽ | 1 | 280 |
| | | മൈലപ്ര | 17 | 1160 |
| | | റാന്നി | 5 | 226 |
| | | ചേത്തക്കൽ | 4 | 251 |
| | | പഴവങ്ങാടി | 3 | 1545 |

എല്ലാ വില്ലേജുകളിലും റീസർവ്വേ നടപടികൾ പൂർത്തിയാകാത്തതിനാലും ലാൻഡ് അക്വിസിഷനുവേണ്ടി സ്ഥാപിച്ചിരിക്കുന്ന അലൈൻമെന്റ് കല്ലുകൾക്ക് അനുസരിച്ചുള്ള എല്ലാ സ്ഥലങ്ങളും ഉൾപ്പെടുത്തി റവന്യൂ അധികാരികൾ ലിസ്റ്റ് നൽകാത്തതിനാലും ഏറ്റെടുക്കുവാനുള്ള സ്ഥലങ്ങൾ പിന്നീട് ശ്രദ്ധയിൽപ്പെടുകയും ആയതിന് അഡീഷണൽ റിക്വിസിഷൻ നൽകേണ്ടതായും വന്നു. ഇത് കാലതാമസത്തിന് ഇടയാക്കി. ഇതുകൂടാതെ 2013-ൽ പുതിയ എൽ.എ ആക്ട് നിലവിൽ വന്നതിനുശേഷം അക്വിസിഷൻ നടപടികൾ നടത്തുവാൻ സാധിച്ചിട്ടില്ല. Direct purchase മാത്രമാണ് ഈ സമയത്ത് നടത്തിയിട്ടുള്ളത്. പദ്ധതി ബാധിതർ സ്ഥലത്തില്ലാത്തതും Direct purchase-ന് ആവശ്യമായ രേഖകൾ കൈവശം ഇല്ലാത്തുമൂലവും Direct purchase-നും കാലതാമസം ഉണ്ടാകുന്നു.

(ഡി) ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ പുനലൂർ-പൊൻകുന്നം റോഡ് നവീകരണം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക 610 കോടി രൂപയാണ്.

### റോഡുകളിലെ അപകട സാധ്യത കുറയ്ക്കാൻ നടപടി

15(874) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ പാതകളിലും മറ്റ് റോഡുകളിലും അപകട സാധ്യത കൂടിയ മേഖലകൾ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം അപകട മേഖലകളിലെ റോഡ് അലൈൻമെന്റുകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) റോഡ് അലൈൻമെന്റുകൾ പരിഷ്കരിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള അപകട മേഖലകളിൽ അപകടം കുറയ്ക്കുന്നതിന് മറ്റെന്തെങ്കിലും പ്രായോഗിക മാർഗ്ഗങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്തെ റോഡ് വികസനത്തിൽ സുരക്ഷയ്ക്ക് മുൻഗണന നൽകിക്കൊണ്ടുള്ള വികസന രീതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയ പാതകളിലും മറ്റ് റോഡുകളിലും അപകട സാധ്യത കൂടിയ മേഖലകൾ (ബ്ലാക്ക് സ്പോട്ടുകൾ) സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ട്. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ നേതൃത്വത്തിൽ കേരള പൊതുമരാമത്ത് വകുപ്പ്, പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവയുടെ കൂട്ടായ ശ്രമത്തിൽ കേരളത്തിൽ നിലവിൽ 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടു പിടിച്ചിട്ടുണ്ട്. കൂടാതെ വർഷംതോറും റോഡ് സുരക്ഷാ കർമ്മ പദ്ധതി പ്രകാരം വിവരശേഖരണം നടത്തുന്നുമുണ്ട്.

| | | |
|---|---|---|
| ദേശീയ ഹൈവേ | - | 159 എണ്ണം |
| സ്റ്റേറ്റ് ഹൈവേ, | | |
| എം.ഡി.ആർ, | | |
| ഒ.ഡി.ആർ മുതലായവ | - | 116 എണ്ണം |

(ബി) തെറ്റായ അലൈൻമെന്റ് കാരണമുള്ള അപകടസാധ്യത കുറയ്ക്കാൻ സ്ഥലം ഏറ്റെടുക്കേണ്ടതായി വരുന്നു. ആയതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമ്പോൾ തന്നെ അതിന്റെ സുഗമമായ നടത്തിപ്പിന് ഭീമമായ ചെലവ് വേണ്ടി വരുന്നു എന്നതിനാൽ അത് നടപ്പിലാക്കാൻ പലപ്പോഴും പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഏറ്റെടുക്കുന്ന ഭൂമിക്ക് ന്യായവില ലഭ്യമാക്കുക, റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുക എന്നിവയിലൂടെ മാത്രമേ അപകട മേഖലയിലെ റോഡ് അലൈൻമെന്റുകൾ പരിഷ്കരിക്കുന്നതിന് സാധിക്കുകയുള്ളൂ.

(സി) റോഡ് അലൈൻമെന്റുകൾ പരിഷ്കരിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ പ്രസ്തുത റോഡിന് നിശ്ചയിച്ചിട്ടുള്ള വേഗതയെക്കാൾ ഉയർന്ന വേഗത്തിൽ വാഹനങ്ങൾ സഞ്ചരിച്ച് അപകടം ഉണ്ടാകുന്നു. ആകയാൽ വേഗത നിയന്ത്രിക്കാൻ ഹമ്പുകൾ/റാമ്പിൾ സ്ട്രിപ്പുകൾ, വേഗത നിയന്ത്രണ ബോർഡുകൾ എന്നിവ സ്ഥാപിച്ച് അപകടങ്ങൾ കുറയ്ക്കാൻ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ റോഡ് വികസനത്തിൽ സുരക്ഷയ്ക്ക് മുൻഗണന നൽകിക്കൊണ്ട് ഇപ്പോൾ തയ്യാറാക്കുന്ന റോഡ് പദ്ധതികളിൽ വേണ്ട റോഡ് സുരക്ഷാ സംവിധാനങ്ങൾ ഉൾക്കൊള്ളിക്കുന്നുണ്ട്. കൂടാതെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ പൊതുമരാമത്ത് വകുപ്പ്, പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നീ വകുപ്പുകൾ യോജിച്ച് റോഡ് സുരക്ഷാ നടപടികൾ കൈക്കൊണ്ടുവരുന്നു.

## റോഡുകളിലെ ഡ്രെയിനേജ് സംവിധാനം

16(875) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല റോഡുകളും ശരിയായ ഡ്രെയിനേജ് സംവിധാനം ഇല്ലാത്തത് കാരണം നിരന്തരമായി തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ;

(സി) വെള്ളം ഒഴുകുന്നതുകാരണം നിരന്തരമായി തകരുന്ന റോഡുകളിൽ ടാറിനു പകരം കോൺക്രീറ്റ് ടൈലുകൾ വിരിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പല റോഡുകളും ശരിയായ ഡ്രെയിനേജ് സംവിധാനം ഇല്ലാത്തത് കാരണം നിരന്തരമായി തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ പുനരുദ്ധാരണം നടത്തുന്ന റോഡുകളിൽ സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയ്ക്കനുസരിച്ച് ഓടകൾ നിർമ്മിക്കുന്നുണ്ട്. കൂടാതെ മഴക്കാല പൂർവ്വ പ്രവൃത്തികളിലും മഴക്കാലശേഷ പ്രവൃത്തികളിലും ഉൾപ്പെടുത്തി നിലവിലെ ഓടകളിലെ അവശിഷ്ടങ്ങൾ മാറ്റുന്നതിനുമുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

(സി) വെള്ളം ഒഴുകുന്നതുകാരണം നിരന്തരമായി തകരുന്ന റോഡുകളിൽ ടാറിനു പകരം കോൺക്രീറ്റ് ടൈലുകൾ വിരിക്കുന്ന സംവിധാനം നടപ്പിലാക്കി വരുന്നുണ്ട്. ഇത് മുഖേന വെള്ളക്കെട്ടുള്ള റോഡിന്റെ തകർച്ചയ്ക്ക് പരിഹാരം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്.

## റോഡുകളുടെ അറ്റകുറ്റപ്പണിക്ക് പുതിയ സംവിധാനം

17(876) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണിക്കുവേണ്ടി മാത്രം പുതിയ ചീഫ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ടോ; പ്രസ്തുത സംവിധാനത്തിന്റെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണിക്ക് കൂടുതൽ പ്രാധാന്യം നൽകി, സമയ ബന്ധിതമായി അത് പൂർത്തിയാക്കുന്നതിന് പുതിയ സംവിധാനംകൊണ്ട് സാധ്യമായിട്ടുണ്ടോ; നിലവിലുണ്ടായിരുന്ന സംവിധാനത്തെക്കാൾ പുതിയ സംവിധാനത്തിനുള്ള മെച്ചമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) മെയിന്റനൻസ് വിഭാഗത്തിന് 2017-18-ൽ എന്ത് തുക അനുവദിച്ചുവെന്നും അതിലെത്ര ഇതിനകം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ; 2018-19-ലെ ബജറ്റിൽ ഈ വിഭാഗത്തിന് എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി മാത്രം പുതിയ ചീഫ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിന്റെ ഘടന താഴെപ്പറയും വിധമാണ്. 140 മണ്ഡലങ്ങളിലും ഓരോ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് അറ്റകുറ്റപ്പണികളുടെ മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ്, നിരത്തു വിഭാഗങ്ങളിൽ നിന്നും SLTF, ശബരിമല വർക്കുകൾ എന്നിവയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച അറ്റകുറ്റപ്പണികളുടെ തൽസ്ഥിതി വിലയിരുത്തുന്നതിന് പുതിയ സംവിധാനമായ റോഡുപരിപാലന വിഭാഗം ചീഫ് എഞ്ചിനീയർ ടി റോഡുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും അത് സംബന്ധിച്ച വിശദവിവരം കൃത്യമായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

(സി) 2017-18-ൽ മെയിന്റനൻസ് വിഭാഗത്തിന് പ്രത്യേകമായി തുക അനുവദിച്ചിട്ടില്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ റോഡുകളുടെയും പാലങ്ങളുടെയും മെയിന്റനൻസിനായി വിവിധ ശീർഷകങ്ങളിൽ ആകെ 340.93 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശീർഷകങ്ങളിൽ 31-1-2018 വരെ ആകെ 348.69 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ ആകെ 317 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## പാലങ്ങളുടെ പുനർനിർമ്മാണം

18 (877) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. പി. ഉണ്ണി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 165 പാലങ്ങൾ പുനർനിർമ്മാണം ആവശ്യമായവയാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ, അപായങ്ങൾക്കിട നൽകാതെ ഇവ പുനർനിർമ്മിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പാലങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ എല്ലാ പാലങ്ങളുടെയും പരിശോധന നടത്താൻ സാധിക്കുമോ എന്നറിയിക്കാമോ;

(സി) ഇത്തരം പാലങ്ങൾ നിലവാരമില്ലാതെ നിർമ്മിക്കാനിടയാക്കിയ ഉദ്യോഗസ്ഥർക്കെതിരെയും ഇവ നിർമ്മിച്ച കരാറുകാർക്കെതിരെയും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പൊതുമരാമത്ത് വകുപ്പ് നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ ഗുണനിലവാരം പുലർത്തുന്നവയായിരിക്കുമെന്ന് ഉറപ്പുവരുത്താൻ സർക്കാർ പുതുതായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള 162 പാലങ്ങൾക്ക് പുനർ നിർമ്മാണം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 22 പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിലും, കിഫ്ബിയിലുമായി ഭരണാനുമതി നൽകിയിട്ടുണ്ട്. 10 പാലങ്ങളുടെ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. ബാക്കിവരുന്ന പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടത്തി, സ്ട്രക്ചറൽ ഡിസൈൻ ചെയ്ത് ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പാലങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ എല്ലാ പാലങ്ങളും പരിശോധന നടത്തുവാൻ സാധിക്കുന്നതാണ്. ഇതിനായി നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പുനർ നിർമ്മാണം ആവശ്യമായുള്ള പാലങ്ങളുടെ ബലക്ഷയത്തിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടില്ല. കാലപ്പഴക്കം, കുറഞ്ഞ വീതി, അറ്റകുറ്റപ്പണികൾ സമയത്ത് നടപ്പാക്കാത്തത്, നിർമ്മാണത്തിലെ അപാകത എന്നിവ പാലങ്ങളുടെ ബലക്ഷയത്തിന് കാരണമാകാവുന്നതാണ്. നിലവാരമില്ലാത്തത് കാരണം പാലങ്ങൾക്ക് തകരാറ് സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുന്നതിന്റെയും അഴിമതിരഹിതമാക്കുന്നതിന്റെയും ഭാഗമായി ജി.ഒ (എംഎസ്)നമ്പർ 1/2018/പി.ഡബ്ല്യു.ഡി തീയതി 5-1-2018 പ്രകാരം പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

## പാലങ്ങളുടെ ഈടും സുരക്ഷയും

19 (878) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പാലങ്ങളുടെ ഈടും സുരക്ഷയും കാലാകാലങ്ങളിൽ പരിശോധിക്കാറുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) അപകടനിലയിലായ എത്ര പാലങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) അപകട നിലയിലുള്ള പാലങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ;

(ഡി) അപകടാവസ്ഥയിലുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരളത്തിൽ പാലങ്ങളുടെ ഈടും സുരക്ഷയും സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിരുന്നില്ല. ഏനാത്ത് പാലത്തിനുണ്ടായ അപകടത്തെ തുടർന്ന് പാലങ്ങളുടെ വിശദമായ പരിശോധന നടത്തി നിജസ്ഥിതി വിലയിരുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള 162 പാലങ്ങൾക്ക് പുനർനിർമ്മാണം ആവശ്യമാണെന്നും 208 പാലങ്ങൾക്ക് പുനരുദ്ധാരണമോ/ ഹെവി മെയിന്റനൻസ്, പാലങ്ങൾക്ക് സാധാരണ അറ്റകുറ്റപ്പണി എന്നിവ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ നിലവിൽ അപകടകരമായ 162 പാലങ്ങൾ ഉണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) അപകടനിലയിലുള്ള ചില പാലങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്ന അറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) അപകടാവസ്ഥയിലുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുനർനിർമ്മാണം ആവശ്യമായുള്ള 162 പാലങ്ങളിൽ 10 പാലങ്ങളുടെ എസ്റ്റിമേറ്റ് ഭരണാനുമതി നൽകുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. കൂടാതെ 22 പാലങ്ങളുടെ പ്രവൃത്തികൾക്ക് ബജറ്റിലും കിഫ്ബി മുഖേനയും ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള പുനർനിർമ്മാണം ആവശ്യമായുള്ള പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ/വിശദമായ പരിശോധന എന്നിവ നടത്തി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാലങ്ങളുടെ സുരക്ഷ**

20 (879) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏനാത്ത് പാലത്തിന്റെ അനുഭവ പശ്ചാത്തലത്തിൽ കേരളത്തിലെ മറ്റ് പാലങ്ങളുടെ സുരക്ഷ സംബന്ധിച്ച് അവലോകനം നടത്തുമെന്ന 2017-18-ലെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

(ബി) സുരക്ഷിതമല്ലാത്ത മറ്റ് പാലങ്ങളുടെ വിശദവിവരം നൽകുമോ ;

(സി) പാലങ്ങളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഏനാത്ത് പാലത്തിന്റെ അപകടത്തെത്തുടർന്ന് സംസ്ഥാനത്തെ പാലങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന 162 പാലങ്ങൾക്ക് പുനർനിർമ്മാണം ആവശ്യമാണെന്നും 208 പാലങ്ങൾ പുനഃപരിശോധനയ്ക്കുശേഷം പുനർനിർമ്മാണമോ, പുനരുദ്ധീകരിക്കേണ്ടതോ (ഹെവി മെയിന്റനൻസ്) ആവശ്യമുള്ളതാണെന്നും, 1473 പാലങ്ങൾക്ക് സാധാരണ അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. പുനർനിർമ്മാണം ആവശ്യമായുള്ള 162 പാലങ്ങളിൽ 10 പാലങ്ങളുടെ എസ്റ്റിമേറ്റ് ഭരണാനുമതി നൽകുന്നതിനായി സർക്കാരിൽ ലഭ്യമാ

യിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. 22 പാലങ്ങളുടെ പ്രവൃത്തികൾക്ക് ബഡ്ജറ്റിലും കിഫ്ബി മുഖേന നടപ്പാക്കുന്നതിനുമായി ഭരണാനുമതി നൽകിയിരുന്നു. ബാക്കിയുള്ള പുനർനിർമ്മാണം ആവശ്യമായുള്ള പാലങ്ങളുടേയും ഇൻവെസ്റ്റിഗേഷൻ/ വിശദമായ പരിശോധന എന്നിവ നടത്തി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സുരക്ഷിതമല്ലാത്ത പുനർനിർമ്മാണം ആവശ്യമായുള്ള പാലങ്ങളുടെ വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) പാലങ്ങളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള പാലങ്ങളുടെ നിജസ്ഥിതി പരിശോധിക്കുകയും അവയിൽ പുനർ നിർമ്മാണം, പുനരുദ്ധാരണം, അത്യാവശ്യ അറ്റകുറ്റപ്പണി എന്നിവ കണ്ടെത്തി അവയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പാലങ്ങളുടെ ബലക്ഷയം പരിശോധിക്കുവാൻ സംവിധാനം

21(880) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബലക്ഷയം സംഭവിച്ചതുമൂലം ഗതാഗതത്തിന് ഉപയോഗിക്കാത്തതും ബലക്ഷയമുണ്ടായിട്ടും ഗതാഗതത്തിന് ഉപയോഗിക്കുന്നതുമായ എത്ര പാലങ്ങൾ വീതം സംസ്ഥാനത്തുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പാലങ്ങളുടെ ബലക്ഷയം പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലെ പാലങ്ങളുടെ നിജസ്ഥിതി പരിശോധിച്ചതിൽ 162 പാലങ്ങൾ ഉടൻ പുനർ നിർമ്മിക്കേണ്ടതുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി പാലങ്ങൾക്ക് ബലക്ഷയം സംഭവിച്ചിട്ടുണ്ടെങ്കിലും അവ ഗതാഗതത്തിന് ഉപയോഗിക്കുന്നുണ്ട്. മൂവാറ്റുപുഴ ഡിവിഷന്റെ കീഴിലുള്ള പുല്ലുവഴി-പി.കെ.വി റോഡിലെ പോത്തേക്കാവ് പാലം, പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ റയോൺപുരം പാലം, പിറവം നിയോജകമണ്ഡലത്തിലെ പടവെട്ടി പാലം എന്നിവയിൽ നിയന്ത്രിതമായ രീതിയിൽ ലഘു വാഹനം കടത്തിവിടുന്നുണ്ട്. കോട്ടയം 26-ാം മൈൽ പാലം, പാണമ്പാടി പാലം ഇവ താൽക്കാലികമായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കോട്ടയത്തെ മറ്റപ്പള്ളി പാലം, മുത്തേടത്തുകടവ് പാലം, മന്നാനം പാലം, കുടല്ലൂർപാലം, മൂന്നിലവ് പാലം, അഞ്ചയന പാലം എന്നിവയിൽ വാഹന ഗതാഗതം നിയന്ത്രിച്ചിട്ടുണ്ട്.

(ബി) ഗുരുതരമായി കേടുപാടുകൾ സംഭവിച്ച പാലങ്ങളുടെ ബലക്ഷയം കാഴ്ചയിൽ തന്നെ ഒരു പരിധി വരെ മനസ്സിലാക്കാവുന്നതാണ്. പാലങ്ങളുടെ ബലക്ഷയം പരിശോധിക്കുന്ന സാങ്കേതിക സംവിധാനം പൊതുമരാമത്ത് വകുപ്പിന്റെ കീഴിലില്ല. സംസ്ഥാനത്തെ ചില എഞ്ചിനീയറിംഗ് കോളേജുകളിൽ ഇത്തരം സംവിധാനങ്ങൾ ഉണ്ട്. പാലങ്ങളുടെ ബലക്ഷയം പരിശോധിക്കുന്നതിനായി ആവശ്യം വന്നതിനാൽ ഇതര സാങ്കേതിക സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കുന്നത് ശ്രദ്ധിക്കുന്നതാണ്.

## പാലങ്ങളുടെ അപ്രോച്ച് റോഡ് നിർമ്മാണം

22(881) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച പാലങ്ങൾ അപ്രോച്ച് റോഡ് നിർമ്മിക്കാത്തതുമൂലം ഗതാഗതയോഗ്യമല്ലാതെ കിടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇവ ഗതാഗതയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) അവയുടെ വിശദാംശങ്ങളും അവ ഗതാഗതയോഗ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടേയും വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

## നാലുവരി ദേശീയ പാത

23(882) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ദേശീയപാതകളെയാണ് നാലുവരി പാതയാക്കുവാൻ ഉദ്ദേശിക്കുന്നത്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത് നാലുവരി പാതയായി വികസിപ്പിക്കുന്നത് എത്ര മീറ്റർ വീതിയിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഉടമകളുടെയും മറ്റും പരാതികൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇങ്ങനെ വികസിപ്പിക്കുന്ന പാതകളിൽ ടോൾ പിരിവിനെ സംബന്ധിച്ചുള്ള സർക്കാർ നിലപാട് എന്താണ് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വാളയാർ മുതൽ ഇടപ്പള്ളി വരെയുള്ള എൻ.എച്ച് 544 (പഴയ എൻ.എച്ച് 47)-ഉം എൻ.എച്ച് 66-ന്റെ കേരള-കർണ്ണാടക അതിർത്തിയിലുള്ള തലപ്പാടി മുതൽ ഇടപ്പള്ളി വരെയും (പഴയ എൻ.എച്ച് 17), ഇടപ്പള്ളി മുതൽ കേരള - തമിഴ്നാട് അതിർത്തിയായ കാരോട് വരെയുള്ള (പഴയ എൻ.എച്ച് 47)-ഉം 4/6 വരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം തീരുമാനിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ദേശീയപാത നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് 45 മീറ്റർ വീതിയിലാണ് സ്ഥലമേറ്റെടുക്കുന്നത്.

(സി) ദേശീയപാത വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ കേന്ദ്രത്തിൽ നിലവിൽവന്ന പുതിയ എൽ.എ ആക്ട് (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013) പ്രകാരം ആയിരിക്കും സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതും മറ്റ് നഷ്ടപരിഹാരം കണക്കാക്കുന്നതും.

(ഡി) സംസ്ഥാന സർക്കാർ ടോൾ പിരിവിന് എതിരാണ്. എന്നാൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ടോൾ ആക്ട് നമ്പർ 6411 തീയതി 5-12-2008 അനുസരിച്ചാണ് പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ ടോൾ പിരിവുകൾ തീരുമാനിക്കുന്നത്.

**പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ആർക്കിടെക്ചർ വിഭാഗം**

24(883) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ ആർക്കിടെക്ചർ വിഭാഗത്തിൽ എത്ര തസ്തികകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഭരണാനുമതി ലഭിച്ച എത്ര കെട്ടിടങ്ങളുടെ സ്ട്രക്ചറൽ ഡിസൈൻ പൂർത്തിയാകുവാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഡിസൈൻ വിംഗിൽ ജീവനക്കാരുടെ അഭാവം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഭരണാനുമതി ലഭിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് കാലയളവ് നിശ്ചയിക്കപ്പെട്ടുള്ള വ്യവസ്ഥകൾ എന്തെങ്കിലും നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് കെട്ടിട വിഭാഗം ആർക്കിടെക്ചർ വിഭാഗത്തിൽ മൊത്തം 60 തസ്തികകളാണ് നിലവിലുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ചീഫ് ആർക്കിടെക്റ്റ് | - | 1 |
| ഡെപ്യൂട്ടി ചീഫ് ആർക്കിടെക്റ്റ് | - | 1 |
| സീനിയർ ആർക്കിടെക്റ്റ് | - | 4 |
| ഡെപ്യൂട്ടി ആർക്കിടെക്റ്റ് | - | 13 |
| ടെക്നിക്കൽ അസിസ്റ്റന്റ് | - | 1 |
| ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ് | - | 14 |
| ഒന്നാം ഗ്രേഡ് ഓവർസിയർ | - | 17 |
| രണ്ടാം ഗ്രേഡ് ഓവർസിയർ | - | 7 |
| മൂന്നാം ഗ്രേഡ് ഓവർസിയർ | - | 2 |

(ബി) 157 കെട്ടിടങ്ങളുടെ സ്ട്രക്ചറൽ ഡിസൈൻ പൂർത്തിയാകുവാനുണ്ട്. ഫീൽഡ് ഓഫീസുകളിൽനിന്നും ലഭിക്കുന്ന മുൻഗണനാ നിർദ്ദേശമനുസരിച്ചാണ് ഡിസൈൻ വിഭാഗത്തിൽ ജോലികൾ ചെയ്തുവരുന്നത്. 167 കെട്ടിടങ്ങളുടെ സ്ട്രക്ചറൽ ഡിസൈൻ ജോലികൾ ചെയ്യാനായി കെട്ടിട വിഭാഗത്തിൽനിന്നും നൽകിയിട്ടുണ്ട്. ഇതിൽ 2017-18-ൽ 10 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 27 പ്രവൃത്തികളുടെ ടെന്റേറ്റീവ് ഡ്രോയിംഗ് നൽകിക്കഴിഞ്ഞു. നിലവിൽ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്ന 49 പ്രവൃത്തികളുടെ ഡ്രോയിംഗുകൾ പ്രവൃത്തികളുടെ പുരോഗതി

ക്കനുസൃതമായി നൽകിവരുന്നു. ആർക്കിടെക്ചറൽ ഡ്രോയിംഗ്, മണ്ണ് പരിശോധനാ ഫലം എന്നിവ ലഭ്യമല്ലാത്തതിനാൽ 66 പ്രവൃത്തികളുടെ ഡിസൈൻ ജോലികൾ ആരംഭിച്ചിട്ടില്ല. ഡിവിഷൻ ഓഫീസുകളിൽ നിന്നും ലഭിച്ചിരിക്കുന്ന മുൻഗണനാ പട്ടിക അനുസരിച്ചുള്ള പ്രവൃത്തികൾക്ക് മുൻതൂക്കം നൽകുന്നതിനാൽ 15 ഡിസൈൻ ജോലികൾ തുടങ്ങിയിട്ടില്ല.

(സി) ഉണ്ട്. രണ്ട് മേഖലാ ഓഫീസുകൾ കോഴിക്കോട്ടും എറണാകുളത്തും പുതുതായി തുടങ്ങി. ഒഴിവുള്ള തസ്തികകളിൽ ആളുകളെ നിയമിച്ചുവരുന്നു. മരാമത്ത് ഉദ്യോഗസ്ഥ സംവിധാനം ഇന്നത്തെ നിലവിൽ വർദ്ധിച്ച വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പൂർണ്ണമായും സജ്ജമല്ല. ഈ സംവിധാനം പുതിയ കാലം, പുതിയ നിർമ്മാണം എന്ന കാഴ്ചപ്പാടുകൾക്കനുസരിച്ച് മാറിയിട്ടില്ല. മാറിയാലേ ഈ സർക്കാരിന്റെ വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ കഴിയൂ. അതിനനുസൃതമായി എഞ്ചിനീയർമാരുടേയും ഓവർസിയർമാരുടേയും അധിക തസ്തികകൾ ഉണ്ടായാലേ പൊതുമരാമത്ത് പ്രവൃത്തികളും ഉദ്ദേശ്യലക്ഷ്യങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കാനാവുകയുള്ളൂ.

(ഡി) ഭരണാനുമതി ലഭിക്കുന്ന കെട്ടിടങ്ങളുടെ വ്യാപ്തിയും ഘടനയും കാലാവസ്ഥയും പരിഗണിച്ചാണ് കാലയളവ് നിശ്ചയിക്കുന്നത്.

## കായംകുളം റസ്റ്റ്ഹൗസ്

25(884) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നഗരത്തിൽ സ്ഥിതിചെയ്യുന്ന പൊതുമരാമത്ത് വകുപ്പുവക റസ്റ്റ്ഹൗസിന്റെ മുൻഭാഗം ലാൻഡ്സ്കേപ്പിങ്ങ്, അലങ്കാര ദീപങ്ങൾ എന്നിവ സ്ഥാപിച്ച് സൗന്ദര്യവത്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

കായംകുളം നഗരത്തിൽ സ്ഥിതിചെയ്യുന്ന പൊതുമരാമത്ത് വകുപ്പ് വക റസ്റ്റ്ഹൗസ് സൗന്ദര്യവത്കരിക്കുന്ന പ്രവൃത്തിക്കായി ജി.ഒ (ആർ.റ്റി) നമ്പർ 161/2018/ പൊ.മ.വ. തീയതി 27-1-2018 പ്രകാരം 180 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആർക്കിടെക്ചറൽ ഡ്രോയിംഗ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി പ്രവൃത്തി ഉടനെതന്നെ ടെണ്ടർചെയ്ത് പണി ആരംഭിക്കാൻ കഴിയും.

## പൊതുമരാമത്ത് കരാറുകാരുടെ കുടിശ്ശിക

26(885) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് കുടിശ്ശികയായി എത്ര കോടി രൂപ കൊടുത്തുതീർക്കാനുണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ കരാറുകാർക്ക് എത്ര കോടി രൂപ കൊടുത്തു തീർക്കാനുണ്ട്;

(സി) കരാറുകാരുടെ കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ 48.26 കോടി രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1176.84 കോടി രൂപയും ദേശീയപാത വിഭാഗത്തിൽ 7.63 കോടി രൂപയും (ആകെ 1232.73 കോടി) കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തു തീർക്കാനുണ്ടായിരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ 247.92 കോടി രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 411.48 കോടി രൂപയും ദേശീയപാത വിഭാഗത്തിൽ 26.48 കോടി രൂപയും (ആകെ 685.88 കോടി രൂപ) കരാറുകാർക്ക് കൊടുത്തുതീർക്കാനുണ്ട്.

(സി) കരാറുകാരുടെ ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനായി ബിൽ ഡിസ്കൗണ്ടിംഗ് രീതി നടപ്പിലാക്കിയിട്ടുണ്ട്.

## നൂറനാട് മുക്കാട് പാലം

27(886) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച നൂറനാട് മുക്കാട് പാലം പ്രവൃത്തിയ്ക്ക് ഭരണാനുമതി നല്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പി.ഡബ്ല്യു.ഡി. ഡി- സെക്ഷനിൽ നിന്നും (ഫയൽ നമ്പർ 454/17) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 26-12-2017-ൽ ചീഫ് എഞ്ചിനീയർക്ക് നല്കിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാവേലിക്കര നിയോജകമണ്ഡലത്തിലെ എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച നൂറനാട് മുക്കാട് പാലം നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പാണ് സ്വീകരിച്ചിരുന്നത്. എന്നാൽ ബഹുമാനപ്പെട്ട മാവേലിക്കര എം.എൽ.എ.-യുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന് കൈമാറുവാൻ തീരുമാനിക്കുകയും അതിനെത്തുടർന്ന് ഈ വകുപ്പിലെ PWD-D1/454/2017-PWD നമ്പർ ഫയലിൽ നിന്നും പ്രസ്തുത പദ്ധതിയുടെ മണ്ണ് പരിശോധന റിപ്പോർട്ടും ഡിസൈനും പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട്ടും ടി പദ്ധതിയുടെ ഡിസൈൻ പുനഃപരിശോധിച്ച് പ്രൂഫ് ചെക്ക് ചെയ്ത് ആവശ്യം വേണ്ട മാറ്റങ്ങൾ വരുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറോട്ടും നിർദ്ദേശം നൽകുകയും കൂടാതെ ഇപ്രകാരമുള്ള പരിശോധനകൾക്കുശേഷം പദ്ധതിക്കുവേണ്ട പുതുക്കിയ ഭരണാനുമതികൾക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുവാൻ നിരത്തുവിഭാഗം ചീഫ് എഞ്ചിനിയർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മണ്ണ് പരിശോധന റിപ്പോർട്ടും ഡിസൈനും നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. ഇവ പ്രൂഫ് ചെക്കിംഗിനായി ഡിസൈൻ വിഭാഗത്തിന് നൽകുന്നതിനു ള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായ ഹരിപ്പാട് നിയോജകമണ്ഡലത്തിലെ റോഡുകൾ

28(887) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി 3-7-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 59/2017 പ്രകാരം ഹരിപ്പാട് നിയോജകമണ്ഡലത്തിൽ അനുവദിച്ചിരുന്ന റോഡുകളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത റോഡുകളിൽ എത്ര റോഡുകളുടെ പുനരുദ്ധാരണം പൂർത്തിയായി; ഇനി എത്ര റോഡുകൾ പൂർത്തീകരിക്കുവാനുണ്ട്; ഇതിന്റെ നിർവ്വഹണം തടസ്സപ്പെടുവാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നിർവ്വഹണതടസ്സം നേരിടുന്ന റോഡുകൾക്ക് പകരമായി, അതേ പഞ്ചായത്തിലെ മറ്റ് റോഡുകളുടെ പ്രവൃത്തികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി, ഹരിപ്പാട് മണ്ഡലത്തിൽ നിർദ്ദേശിച്ചിരുന്ന ആറാട്ടുപുഴ പഞ്ചായത്തിലെ നല്ലാണിക്കൽ കാവിൽ ഒട്ടുപ്പത്ത് കായൽവാരം റോഡ് (വാർഡ് നമ്പർ 12), ചിങ്ങോലി പഞ്ചായത്തിലെ വായനശാല-ചൂരവിള റോഡ് എന്നിവയ്ക്ക് ഭരണാനുമതി നൽകുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 3-7-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 59/2015 പ്രകാരം ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) 24 റോഡുകളുടെ പുനരുദ്ധാരണം പൂർത്തിയായി. 3 റോഡുകൾ പൂർത്തീകരിക്കുവാനുണ്ട്. പ്രാദേശികമായ ഭൂമി തർക്കങ്ങളാണ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പകരം നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ അതിന്മേൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## കല്ലടിമുഖം പാലത്തിന്റെ നിർമ്മാണം

29(888) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ൽ ഭരണാനുമതി ലഭിച്ച കല്ലടിമുഖം പാലത്തിന്റെ പ്രവൃത്തി ഏതുവരെയായി എന്ന് വിശദമാക്കാമോ;

(ബി) കല്ലടിമുഖം പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്നും, ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്നും വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം ജില്ലയിൽ നേമം നിയോജകമണ്ഡലത്തിലെ കല്ലടിമുഖം പാലത്തിന് സർക്കാർ ഉത്തരവ് നമ്പർ 1044/2009/പൊതുമരാമത്ത് വകുപ്പ് തീയതി 14-7-2009 പ്രകാരം 500 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തിക്ക് സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞു. ഭരണാനുമതി പുതുക്കി നൽകുന്നതിനായി 1-8-2017-ന് നമ്പർ സി.ഇ/ആർ & ബി/1878/2016/Tvpm കത്ത് സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും ആയത് പരിശോധനയ്ക്കുശേഷം നിലവിലെ DSR പ്രകാരം പര്യാപ്തമായ ബഡ്ജറ്റ് പ്രൊവിഷനോടെ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2005-ൽ ഡിസൈൻ ചെയ്ത പാലത്തിന്റെ രൂപകൽപ്പന പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽനിന്നും പുതുക്കി ലഭിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലും സർക്കാരിലേയ്ക്ക് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**കരമന-വെള്ളറട റോഡ് വികസനം**

30(889) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കരമന-വെള്ളറട റോഡ് വികസനം സംബന്ധിച്ച പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി കടന്നുപോകുന്ന പ്രധാന ജംഗ്ഷനുകൾ വികസിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പദ്ധതിയുടെ മാസ്റ്റർപ്ലാൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കരമന-വെള്ളറട റോഡ് സ്ഥലമേറ്റെടുത്ത് അപ്ഗ്രേഡ് ചെയ്യുന്നതിന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 15-2-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ.335/2016/പൊ.മ.വ പ്രകാരം കരമന-വെള്ളറട റോഡ് വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി 5054-04-337-80 NV എന്ന ബഡ്ജറ്റ് ഹെഡ്ഡിൽ നിന്ന് 21.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 4-7-2016-ൽ

തിരുവനന്തപുരം കളക്ടർ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച്-നെ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി ചുമതലപ്പെടുത്തി ഉത്തരവിറക്കിയിട്ടുണ്ട്. അതിൻ പ്രകാരമുള്ള തുടർ നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു. സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് തുടർ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ബി) കരമന, പൂജപ്പുര, തിരുമല, മലയിൻകീഴ്, കാട്ടാക്കട, വെള്ളറട എന്നീ ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മറ്റു ചെറിയ ജംഗ്ഷനുകൾ ബസ്ബേ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ ചെയ്യുന്നതാണ്.

(സി) പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നിലവിലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് റിവൈസ്ഡ് ഡി.പി.ആർ തയ്യാറാക്കി വരുന്നു.

(ഡി) ജംഗ്ഷൻ ഒഴികെയുള്ള ഭാഗം നിലവിലെ റോഡ് 13.50 മീറ്റർ വീതിയിൽ ആക്കി ഡബിൾ ലൈൻ ക്യാരേജ് വേയും, പേവ്ഡ് ഷോൾഡറും, ഓടയും, ഫുഡ്പാത്തും, എർത്തേൺ ബേമും ഉൾപ്പെടെ ചെയ്യാനുമാണ് ഉദ്ദേശിക്കുന്നത്. മണ്ഡപത്തിൻകടവ് പാലവും, ഒറ്റശേഖരമംഗലം പാലവും പുതുക്കി പണിയുകയും കുണ്ടമൺകടവ് പാലം ഒഴികെ മറ്റു പാലങ്ങൾ വീതി കൂട്ടുകയും നിലവിലെ കലുങ്കുകൾ വീതി കൂട്ടുകയും കാലപ്പഴക്കം ചെന്ന കലുങ്കുകൾ പുതുക്കിപ്പണിയുകയും ചെയ്യുന്നതിനുള്ള പ്രൊപ്പോസലും ഉൾപ്പെടുത്തിയിരിക്കുന്നു.

**നേമം നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പണികൾ**

31(890) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തികളാണ് നടന്നു കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

നേമം നിയോജകമണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന പൊതുമരാമത്ത് റോഡ് പ്രവൃത്തികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

1. മണക്കാട്-പെരുനെല്ലി റോഡിന്റെ കി.മീ 0/000 മുതൽ കി.മീ 1/400 വരെയു ള്ള ഭാഗത്തിന്റെ പുനരുദ്ധാരണം - 83 ലക്ഷം

2. കിള്ളിപ്പാലം-ഐരാണിമുട്ടം ബണ്ട് റോഡ് പുനരുദ്ധാരണം കി.മീ 0/000 മുതൽ 1/200 - 93 ലക്ഷം.

3. കരമന-പൂജപ്പുര റോഡിന്റെ നവീകരണവും ഓട നിർമ്മാണവും-209 ലക്ഷം

4. മണക്കാട്-കാലടി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ കി.മീ 0/000 മുതൽ 2/400 വരെ - 183 ലക്ഷം.

**നേമം നിയോജക മണ്ഡലത്തിൽ പാലങ്ങളുടെ നിർമ്മാണം**

32(891) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ 2007-08 മുതൽ പൊതു മരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ നിർദ്ദേശിച്ചിരിക്കുന്ന പാലങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പാലങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2007-08 മുതൽ നേമം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ നിർദ്ദേശിച്ചിരിക്കുന്ന പാലങ്ങൾ ചുവടെ ചേർക്കുകയാണ്.

1. കല്ലടി മുഖം പാലം
2. മധുപാലം-കരുമം-തിരുവല്ലം റോഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം.
3. പ ള്ളത്തുകടവ് പാലം
4. മുടവൻമുഗൾ പാലം
5. പനത്തുറ പാലം
6. തിരുവല്ലം-ഇടയാർ പാലം
7. കീഴാറന്നൂർ പാലം
8. മാങ്ങോട്ടുകടവ് സ്റ്റീൽ പാലം.

(ബി) മേൽപ്പറഞ്ഞ പാലം പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുടെ വിശദീകരണം ചുവടെ ചേർക്കുന്നു :

1. കല്ലടിമുഖം പാലം: കിള്ളിയാറിന് കുറുകെ തിരുവല്ലം-കൊഞ്ചിറവിള റോഡും കാലടി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം. ഈ പദ്ധതിക്ക് 14-7-2009-ലെ G.O(Rt)No. 1044/2009/ PWD പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 1894-ലെ എൽ.എ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള റിക്വിസിഷൻ 5-6-2010-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. 22-12-2014-ന് നടന്ന ഡി.എൽ.പി.സി മുഖേന തീരുമാനിച്ച സ്ഥലത്തിന്റെ വില 28-5-2015-ൽ നടന്ന എസ്.എൽ.ഇ.സി അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് ഓർഡർ ഇറങ്ങിയതും ആണ്. എന്നാൽ സമയബന്ധിതമായി ഫണ്ട് ലഭ്യമാകാത്തതിനാൽ അത് ഡിനോവ ആയ സാഹചര്യത്തിൽ 2013-ലെ പുതിയ എൽ.എ ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി പുതുക്കിയ റിക്വിസിഷൻ 15-12-2017-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പാലം 30 മീറ്ററിന്റെ സിംഗിൾ സ്പാൻ പാലമാണ്. ആയതിന്റെ ഡിസൈൻ ലഭിച്ചിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി നൽകുന്നതിലേക്കായി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയാണ്.

2. മധുപാലം-കരുമം-തിരുവല്ലം റോഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം: ഈ പദ്ധതിക്ക് 30-5-2013-ൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് (എ.ഡി.എഫ്) നിന്നും G.O(Rt)No. 733/2013/PWD പ്രകാരം 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തിരുവല്ലം-നേമം വില്ലേജുകളിലായി 50.28 സെന്റ് സ്വകാര്യഭൂമി ടി പ്രവൃത്തിക്കായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. 1894-ലെ എൽ.എ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള റിക്വിസിഷൻ 13-8-2015-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിക്കുവേണ്ട സ്ഥലം ലഭ്യമല്ലാത്തതിനാൽ ഭരണാനുമതി റദ്ദുചെയ്യണമെന്ന മുൻ എം.എൽ.എ ശ്രീ. വി. ശിവൻകുട്ടിയുടെ 10-12-2015-ലെ അപേക്ഷ പ്രകാരം 30-10-2016-ലെ G.O. (Rt)No.1495/2016/PWD ഉത്തരവ് പ്രകാരം പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഭരണാനുമതി റദ്ദുചെയ്തു.

3. പള്ളത്തുകടവ് പാലം: കരമനയാറിനു കുറുകെ പള്ളത്തുകടവിൽ 22.32 m-ന്റെ 3 സ്പാനുകളോട് കൂടിയ പാലം. ഈ പദ്ധതിക്ക് 14-8-2010-ലെ G.O.(Rt)No.1185/2009/PWD പ്രകാരം

850 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 1894-ലെ എൽ.എ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള റിക്വിസിഷൻ 12-08-2011-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. ഡി.എൽ.പി.സി മുഖേന തീരുമാനിച്ച സ്ഥലത്തിന്റെ വില 4-2-2016-ൽ നടന്ന എസ്.എൽ.ഇ.സി അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് ഓർഡർ ഇറങ്ങി. ഉഭയ കക്ഷി സമ്മതപ്രകാരം സ്വകാര്യ വ്യക്തിയിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. <u>മുടവൻമുഗൾ പാലം</u>: തിരുവനന്തപുരം ജില്ലയിലെ മലമേൽകുന്ന് മുടവൻമുഗൾ പാലം നിർമ്മാണത്തിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറായിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിലേയ്ക്കായി 2017-18 ബജറ്റിൽ 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ ഉൾപ്പെട്ടുവന്നിട്ടുണ്ട്. പാലത്തിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനും ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 350 ലക്ഷം രൂപയുടെ ഭരണാനുമതിക്ക് വേണ്ടിയുള്ള അപേക്ഷ 25-11-2017-ലെ CE/R&B/4486/2013/TVM നമ്പർ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ആയത് പരിശോധിച്ച് പാലത്തിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് കൂടി ഉൾപ്പെടുത്തി പ്രൊപ്പോസൽ നൽകുവാൻ CE(R&B)-യോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പാലം നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. ഭരണാനുമതി നൽകിയ ശേഷം പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുവേണ്ടി റവന്യൂ വകുപ്പിനോട് ആവശ്യപ്പെടേണ്ടതുണ്ട്.

5. <u>പനത്തുറ പാലം</u>: തിരുവല്ലവും പനത്തുറ തോട്ടമുക്ക് ദ്വീപും തമ്മിൽ ബന്ധിപ്പിക്കുന്ന 22.32 മീറ്ററിന്റെ 5 സ്പാനുകളോട് കൂടിയ പാലം. പാലത്തിന്റെ ഡിസൈൻ ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുവേണ്ടി 11 കോടി രൂപയുടെ എസ്റ്റിമേറ്റ് ഗവൺമെന്റിലേയ്ക്ക് 27-6-2013-ൽ ലഭ്യമായിരുന്നു. ആയതു പരിശോധനയ്ക്കുശേഷം ബഡ്ജറ്റ് പ്രൊവിഷനിൽ ആവശ്യത്തിനുള്ള തുകയില്ല എന്ന കാരണത്താൽ എസ്റ്റിമേറ്റ് തിരിച്ചയച്ചു. പ്രസ്തുത പദ്ധതി അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. തിരുവല്ലം-ഇടയാർ പാലം: ടി പാലം പണി ചെയ്യുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി പ്രൊപ്പോസൽ ഡിസൈൻ രൂപരേഖ തയ്യാറായിട്ടുണ്ട്.

7. കീഴാറന്നൂർ പാലം: ഈ പാലം പണി ചെയ്യുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായി. ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) ഡിസൈൻ ലഭിക്കുന്നതിലേയ്ക്കായി പി.ഡബ്ല്യു.ഡി ഡിസൈൻ വിംഗിന് കൈമാറിയിട്ടുണ്ട്.

8. മാങ്ങോട്ടുകടവ് സ്റ്റീൽ പാലം: നിലവിലുള്ള മാങ്ങോട്ടുകടവ് സ്റ്റീൽ പാലം വീതികൂട്ടി പുനർനിർമ്മിക്കുന്നതിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് (എ.ഡി.എഫ്)-ൽ നിന്നും G.O.(Rt)No.481/2016/PWD ഉത്തരവ് പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി നൽകി പുനർ നിർമ്മിക്കുന്നതിനായി Kerala Electrical & Allied Engineering Company Ltd.-നെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിച്ച ഡിസൈൻ നിലവിലുള്ള ഐ.ആർ.സി മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ ഡിസൈൻ നവീകരിക്കാൻ നിർദ്ദേശിക്കുകയും അതനുസരിച്ച് കെ.ഇ.എൽ സമർപ്പിച്ച പുതുക്കിയ ഡിസൈൻ പി.ഡബ്ല്യു.ഡി ഡിസൈൻ വിംഗിൽ പരിശോധിച്ചുവരുന്നു.

### മുക്കം-അരീക്കോട് റോഡിലെ കയ്യേറ്റം

33(892) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി -താമരശ്ശേരി-മുക്കം-അരീക്കോട്-എടവണ്ണ സംസ്ഥാന പാതയിൽ മുക്കം മുതൽ അരീക്കോട് വരെയു ള്ള ഭാഗത്ത് സ്വകാര്യ വ്യക്തികൾ പൊതുസ്ഥലം കയ്യേറുന്ന അവസ്ഥയുണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കയ്യേറ്റമൊഴിപ്പിക്കുന്നതിന് സർവ്വെ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കൊയിലാണ്ടി-താമരശ്ശേരി-മുക്കം-അരീക്കോട്-എടവണ്ണ സംസ്ഥാന പാതയിൽ മുക്കം മുതൽ അരീക്കോട് വരെയു ള്ള ഭാഗത്ത് സ്വകാര്യവ്യക്തികൾ പൊതുസ്ഥലം കയ്യേറുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിന് റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്നതിന് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പുമായി സംയോജിച്ച് സ്വീകരിച്ചു വരുന്നു.

## വേങ്ങര ബൈപ്പാസ്

34(893) ശ്രീ. കെ. എന്‍. എ. ഖാദര്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വേങ്ങര ബൈപ്പാസ് നിര്‍മ്മാണപ്രവൃത്തികളുമായി ബന്ധപ്പെട്ട ഇന്‍വെസ്റ്റിഗേഷന്‍ നടപടിക്രമങ്ങള്‍ പൂര്‍ത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഇന്‍വെസ്റ്റിഗേഷന്‍ എത്രയും പെട്ടെന്ന് പൂര്‍ത്തീകരിച്ച് നിര്‍മ്മാണ പ്രവൃത്തികള്‍ ഉടന്‍ ആരംഭിക്കാന്‍ അടിയന്തര നടപടികള്‍ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പൂര്‍ത്തീകരിച്ചിട്ടില്ല. ഇന്‍വെസ്റ്റിഗേഷന്‍ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ആയതു പൂര്‍ത്തിയാകുന്ന മുറയ്ക്ക് തുടര്‍ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പരമാവധി വേഗത്തില്‍ നടപടി എടുക്കുന്നതാണ്.

## തീരദേശ ഹൈവേയുടെ കൊല്ലം ജില്ലയിലെ നിര്‍മ്മാണം

35(894) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

നിര്‍ദ്ദിഷ്ട തീരദേശ ഹൈവേയുടെ ഭാഗമായി കൊല്ലം ജില്ലയില്‍ എത്ര കിലോമീറ്റര്‍ റോഡാണ് നിര്‍മ്മിക്കാന്‍ ഉദ്ദേശിക്കുന്നത്; ഇതിനായുള്ള അലൈന്‍മെന്റ് നിര്‍ണ്ണയം പൂര്‍ത്തിയായിട്ടുണ്ടോ; എത്ര മീറ്റര്‍ വീതിയിലാണ് നിര്‍മ്മാണം നടത്തുവാന്‍ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

തീരദേശ ഹൈവേയുടെ കൊല്ലം ജില്ലയിലെ ആകെ ദൈര്‍ഘ്യം 56.9 കിലോമീറ്റര്‍ ആണ്. ആയതില്‍ 14.4 കിലോമീറ്റര്‍ എന്‍.എച്ച് 66-ന്റെ ഭാഗം (ശക്തികുളങ്ങര മുതല്‍ കരുനാഗപ്പള്ളി ലാലാജി ജംഗ്ഷന്‍) വരെ അലൈന്‍മെന്റ് നിര്‍ണ്ണയം പൂര്‍ത്തിയായിട്ടുണ്ട്. കാപ്പില്‍ മുതല്‍ കൊല്ലം ബീച്ച് വരെ ക്യാരേജ് വേ 5.5 മീറ്റര്‍ വീതിയില്‍ ചെയ്യുവാന്‍ ഡി.പി.ആര്‍ തയ്യാറാക്കി കെ.ആര്‍.എഫ്.ബി.ക്ക് സമര്‍പ്പിച്ചിട്ടുണ്ട്. നിലവില്‍ 6 മുതല്‍ 12 മീറ്റര്‍ വരെയാണ് റൈറ്റ് ഓഫ് വേ ഉള്ളത്. നാറ്റ്പാക് റിപ്പോര്‍ട്ട് പ്രകാരം സ്ഥലപരിമിതിയുള്ള പ്രദേശങ്ങളില്‍ റൈറ്റ് ഓഫ് വേ 8 മീറ്റര്‍ ആയി നിജപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ള സ്ഥലങ്ങളില്‍ നിര്‍ദ്ദിഷ്ട ഹൈവേയ്ക്ക് 12 മീറ്റര്‍ റൈറ്റ് ഓഫ് വേയും 7 മീറ്റര്‍ ക്യാരേജ് വേയുമാണ് നിര്‍ദ്ദേശിച്ചിരിക്കുന്നത്.

## തിരുമല-തൃക്കണ്ണാപുരം റോഡ് വീതികൂട്ടൽ

36(893) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ തിരുമല-തൃക്കണ്ണാപുരം റോഡ് വീതി കൂട്ടുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്ത് തടസ്സമാണ് നിലവിലു ള്ളത്; ഇത് അടിയന്തരമായി പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുമല-തൃക്കണ്ണാപുരം റോഡ് വികസനവുമായി ബന്ധപ്പെട്ട് 274.91 ആർ സ്ഥലം ആവശ്യമുണ്ട്. ഇതിൽ 211.41 ആർ സ്ഥലം പൊതുമരാമത്ത് വകുപ്പിന് ലഭ്യമായിട്ടുണ്ട്. ബാക്കി 63.56 ആർ സ്ഥലം ഇനിയും ഏറ്റെടുത്ത് കൈമാറേണ്ടതായിട്ടുണ്ട്. ഇതിനായി റവന്യൂ വകുപ്പിന് ഇനി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിലയ്ക്ക് ആധാരമായി 5 ശതമാനം തുക കണ്ടിൻജൻസി ചാർജ്ജ് ആയി നൽകുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം സ്പെഷ്യൽ തഹസിൽദാർക്ക് തുടർനടപടികൾ സ്വീകരിച്ച് സ്ഥലം ഏറ്റെടുത്ത് കൈമാറണമെന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത റോഡിലെ വിട്ടുപോയ സർവ്വേ നമ്പരുകൾ ഉൾപ്പെടുത്തി റവന്യൂ വകുപ്പിന് പുതിയ അർത്ഥനയും നൽകിയിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുത്ത് നൽകിയാൽ മാത്രമേ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## എകരൂൽ കക്കയം ഡാം സൈറ്റ് റോഡ്

37(896) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കക്കയം പവർ സ്റ്റേഷനിലേക്കുള്ള എകരൂൽ-കക്കയം-ഡാം സൈറ്റ് റോഡിന്റെ നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ;

(ബി) ഈ റോഡ് പരിഷ്കരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോൾ അത് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) എകരൂൽ-കക്കയം-ഡാം സൈറ്റ് റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് റോഡ് പരിഷ്കരണ പ്രവൃത്തി വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ-സി) ഏകരൂൽ കക്കയം ഡാം സൈറ്റ് റോഡ് കി.മീ 0/000 മുതൽ 18/600 വരെ നവീകരണത്തിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിന് 4500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു.

**രാമപുരം-നാലമ്പലം ദർശനം റോഡ്**

38(897) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച രാമപുരം-നാലമ്പലം ദർശനം റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത്;

(സി) ഏത് ഏജൻസിയാണ് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള രാമപുരം-നാലമ്പലം ദർശനം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ രാമപുരം-പൂവക്കുളം റോഡിന്റെ ചെയ്നേജ് 1/720 മുതൽ 1/860 വരെയുള്ള 140 മീറ്റർ നീളം ഒഴികെയുള്ള സകല പണികളും 31/12/2016-ന് മുമ്പായി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 67 കോടി രൂപ.

(സി) 22-2-2014-ലെ ഗവൺമെന്റ് ഉത്തരവ് GO.(Ms) No.18/2014/PWD പ്രകാരം KSCC-യെ ഏൽപ്പിച്ച പ്രസ്തുത പ്രവൃത്തി ടെണ്ടർചെയ്ത് ഇ.കെ.കെ ആൻഡ് കമ്പനി, എഞ്ചിനീയേഴ്സ് ആൻഡ് കോൺട്രാക്ടേഴ്സ്, പെരുമ്പാവൂർ എന്ന കരാർ കമ്പനിയാണ് പൂർത്തിയാക്കിയത്.

**കായിക്കര കടവിലെ പാലം നിർമ്മാണം**

39(898) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം-അഞ്ചുതെങ്ങ് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര കടവിലെ പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പാലം നിർമ്മാണ ചുമതല ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൊതുമരാമത്ത് വകുപ്പിന് എന്നാണ് കൈമാറിയത്;

(സി) ഇതോടൊപ്പം എന്തെല്ലാം രേഖകളാണ് കൈമാറിയത്; പാലം നിർമ്മാണത്തിന്റെ ഏത് ഘട്ടം മുതലാണ് പൊതുമരാമത്ത് വകുപ്പ് ചുമതല ഏറ്റെടുത്തത്;

(ഡി) ഏതെല്ലാം പ്രവർത്തനങ്ങളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൂർത്തീകരിച്ച് നൽകിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിൽ കായിക്കര പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ടി വർക്കിന്റെ പ്രാരംഭ പ്രൊപ്പോസൽ മാത്രമാണ് നടത്തിയിട്ടുള്ളത്. 2017-18 ലെ ബഡ്ജറ്റ് സ്പീച്ചിൽ വന്ന ടി വർക്കിന്റെ തുടർ നടപടികൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തണമെന്ന് 2017 ആഗസ്റ്റിൽ നടന്ന ജില്ലാ വികസന സമിതിയിൽ ഇരു വകുപ്പുകളുടേയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കുകയായിരുന്നു.

(സി) രേഖകളൊന്നും കൈമാറിയിട്ടില്ല. പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ നടന്നുവരുന്നു.

(ഡി) ഇതിനോടനുബന്ധിച്ച് ഒരു പ്രവൃത്തിയും പൂർത്തീകരിച്ച് നൽകിയിട്ടില്ല.

**കോങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ**

40(899) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലേയ്ക്കായി 2017-2018-ൽ വകയിരുത്തിയിട്ടുള്ള പി.ഡബ്ള്യൂ.ഡി. പദ്ധതികളുടെ തുക ഉൾപ്പെടെയു ള്ള വിശദവിവരം ലഭ്യമാക്കുമോ;

(ബി) ആയതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കോങ്ങാട് മണ്ഡലത്തിലേയ്ക്കായി 2017-18-ൽ ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് കോങ്ങാട് - മംഗലാംകുന്ന് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി 15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കെട്ടിട വിഭാഗത്തിന്റെയും നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെയും കീഴിലുള്ള പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികളിൽ തുക ഒന്നുംതന്നെ ചെലവഴിച്ചിട്ടില്ല.

**ചടയമംഗലം മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. പ്രവൃത്തികൾ**

41(900) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ല്യൂ.ഡി. മുഖേന 2016 മേയ് മാസം മുതൽ ചടയമംഗലം നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

പി.ഡബ്ല്യൂ.ഡി മുഖേന 2016 മേയ് മാസം മുതൽ ചടയമംഗലം നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കോതമംഗലം മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ നവീകരണം**

42(901) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. മൂവാറ്റുപുഴ ഡിവിഷനു കീഴിൽ കോതമംഗലം സബ് ഡിവിഷനിൽ കോതമംഗലം, പോത്താനിക്കാട് സെക്ഷനുകളിലായി റോഡുകളുടെ നവീകരണത്തിനായി ഈ സർക്കാർ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും അത് ഏതെല്ലാം പ്രവൃത്തികൾക്കുവേണ്ടിയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എല്ലാ പ്രവൃത്തികളും എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മൂവാറ്റുപുഴ ഡിവിഷനുകീഴിൽ കോതമംഗലം നിരത്ത് ഉപവിഭാഗത്തിനു കീഴിൽ വരുന്ന കോതമംഗലം, പോത്താനിക്കാട് സെക്ഷനുകളിലായി റോഡുകളുടെ നവീകരണത്തിനായി SLTF 2016-17 ൽ ഉൾപ്പെടുത്തി 39 പ്രവൃത്തികൾക്ക് 216 ലക്ഷം രൂപയും, SLTF 2017-18 ൽ ഉൾപ്പെടുത്തി 43 പ്രവൃത്തികൾക്ക് 421.6 ലക്ഷം രൂപയും, 7 ബജറ്റ് പ്രവൃത്തികൾക്കായി 849.60 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല. പ്രീ മൺസൂൺ പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചു. പോസ്റ്റ് മൺസൂൺ പ്രവൃത്തികളിൽ 63 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 8 പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 11 പ്രവൃത്തികളുടെ ടെണ്ടറിംഗ് നടപടികൾനടന്നു വരുന്നു. ബഡ്ജറ്റ് വർക്കുകളിൽ 4 പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 2 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചു. ഒരു പ്രവൃത്തിയുടെ ടെണ്ടറിംഗ് നടപടി പുരോഗമിച്ചുവരുന്നു.

(സി) എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. SLTF-ന്റെ കാര്യത്തിൽ കരാറുകാർ ടെണ്ടറുകൾ ഏറ്റെടുക്കുന്നതിന് താമസം വരുന്നുണ്ട്. ബഹുമാനപ്പെട്ട ജനപ്രതിനിധികൾ ഇക്കാര്യത്തിൽ മുൻകയ്യെടുക്കണം. SLTF വർക്കുകളെല്ലാം 2018 മേയ് അവസാനത്തോടുകൂടി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വാമനപുരം നിയോജകമണ്ഡലത്തിൽ നബാർഡ് ഫണ്ടുപയോഗിച്ച് റോഡുകളുടെ പുനരുദ്ധാരണം

43(902) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ 2015-16, 2016-17, 2017-18 വർഷങ്ങളിൽ നബാർഡ് ഫണ്ടുപയോഗിച്ച് പുനരുദ്ധാരണം നടത്തുന്നതിനായി അനുമതി ലഭിച്ച റോഡുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പണി ഏതുവരെയായെന്ന് വിശദമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ 2015-16, 2016-17 വർഷങ്ങളിൽ നബാർഡ് ഫണ്ടുപയോഗിച്ചുള്ള ഒരു പ്രവൃത്തിയും ഇല്ല. 2017-18 വർഷത്തിൽ കല്ലറ-അടപ്പുപാറ റോഡിന്റെ ചെയിനേജ് 0/000 മുതൽ 6/500 വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണം നടത്തുന്നതിനായി 28/11/2017-ലെ സർക്കാർ ഉത്തരവ് നമ്പർ 1785/2017/PWD പ്രകാരം നബാർഡ് സഹായത്തോടെ 800 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സാങ്കേതികാനുമതി കിട്ടിയിട്ടുള്ള പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

**പുനലൂർ-പൊൻകുന്നം റോഡിന്റെ നിർമ്മാണം**

44(903) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പുനലൂർ-പൊൻകുന്നം റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ എത്രയാണെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പുനലൂർ-പൊൻകുന്നം റോഡ് നിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കാലതാമസം നേരിടുമെന്നും വായ്പാ കാലാവധിയായ 2019 ഏപ്രിലിൽ തീർക്കുവാൻ പ്രയാസമാണെന്നും മറ്റുമു ള്ള കാരണത്താൽ ലോകബാങ്ക് അനുമതി നൽകിയില്ല. അതിന് പകരമായി മറ്റ് നിർമ്മാണ രീതികൾ അവലംബിക്കാൻ ലോകബാങ്ക് അഭിപ്രായപ്പെട്ടതനുസരിച്ച് EPC രീതിയിൽ നിർമ്മാണം നടത്തുന്നതിന് സ്റ്റിയറിംഗ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ഡിസൈൻ അപ്ഡേറ്റ് ചെയ്യുന്നതിനും DPR റിവൈസ് ചെയ്യുന്നതിനുമായി M/s L&T Infra Engg. എന്ന കൺസൾട്ടൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ 610 കോടി രൂപയാണ്. കെ.എസ്.ടി.പി. പദ്ധതികളുടെ ലോൺ കാലാവധി 2019 ഏപ്രിൽ ആണ്. ലോൺ കാലാവധി ഒരു വർഷം നീട്ടിക്കിട്ടുന്ന കാര്യത്തിൽ തീരുമാനമായിട്ടുണ്ട്. ഈ സർക്കാരിന്റെ തുടർച്ചയായ ഇടപെടലിന്റെ ഫലമായാണ് ഏതാണ്ട് നഷ്ടപ്പെടുമായിരുന്ന ഈ പദ്ധതിക്ക് ജീവൻവച്ചത്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ഈ പ്രവൃത്തി നഷ്ടപ്പെടാൻ വഴിയൊരുങ്ങിയത്.

## തൃശ്ശൂർ-കുറ്റിപ്പുറം റോഡ് വികസനം

45(904) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ തൃശ്ശൂർ-കുറ്റിപ്പുറം റോഡ് നാലുവരിപ്പാതയാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ വികസനത്തിന്റെ ഭാഗമായി ചൂണ്ടൽ പഞ്ചായത്തിലെ ചൂണ്ടൽപ്പാറ പാലം നിർമ്മാണത്തിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പാലം നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ ഇപ്പോൾ ഏത് ഓഫീസിലാണ് പരിഗണനയിലുള്ളത്; പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) മണലൂർ മണ്ഡലത്തിലെ തൃശ്ശൂർ-കുറ്റിപ്പുറം റോഡ് നാലുവരിപ്പാതയാക്കുന്നതിനായുള്ള പ്രവൃത്തി കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിന് 10-7-2017-ലെ സ.ഉ.(സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം 50 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി&സി) ചൂണ്ടൽപ്പാറ പാലം നിർമ്മാണത്തിനായി 25-2-2018-ലെ ടി.എസ്.ആർ/2017-18-2017/7146 പ്രകാരം സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മധ്യമേഖലാ നിരത്തുകളും പാലങ്ങളും വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പരിഗണനയിലാണ് പ്രസ്തുത പ്രൊപ്പോസൽ ഉള്ളത്. ഇതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

## നെട്ടൂർ-കുണ്ടന്നൂർ സമാന്തരപാലത്തിന്റെ നിർമ്മാണം

46 (905) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ നെട്ടൂർ-കുണ്ടന്നൂർ സമാന്തരപാലത്തിന്റെ അലൈൻമെന്റും ഡിസൈനും എന്നാണ് അംഗീകരിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നിർമ്മാണം എത്ര കാലയളവിനുള്ളിൽ പൂർത്തീകരിക്കാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം നീണ്ടുപോകുന്നതിന്റെ കാരണമെന്തെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 30-3-2013.

(ബി) 3-10-2013.

(സി) 24 മാസം.

(ഡി&ഇ) കണ്ടന്നൂർ ഭാഗത്ത് പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടിയുള്ള സംരക്ഷണ ഭിത്തിക്കരികിൽ നിന്നും ജൻറം കുടിവെള്ള പൈപ്പിലെ ചോർച്ചമൂലം പണി തുടരാൻ സാധിക്കുന്നില്ല. കൂടാതെ നെട്ടൂർ ഭാഗത്ത് നിലവിലുള്ള അലൈൻമെന്റ്, ചവിട്ടുപടിയുടെ സമീപത്തുനിന്നും മാറ്റി നിർമ്മിക്കാൻ ബഹുമാനപ്പെട്ട എം. സ്വരാജ് എം.എൽ.എ.-യും മറ്റു ജനപ്രതിനിധികളും ആവശ്യപ്പെട്ടതുപ്രകാരം നാഷണൽ ഹൈവേയിൽനിന്നും എൻ.ഒ.സി.-ക്കും പുതിയ അലൈൻമെന്റിന്റെ അനുമതി ലഭിക്കുന്നതിനുംവേണ്ടി ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം

47(906) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ കുറ്റ്യാടി ബൈപാസ് നിർമ്മാണം സംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭരണാനുമതി, ബജറ്റ് വിഹിതം എന്നിവ സംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവൃത്തിക്ക് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും അതിനുമുമ്പ് ചെയ്തു തീർക്കേണ്ട കാര്യങ്ങൾ എന്തൊക്കെയെന്നുമുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം 2016-17-ലെ ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിരുന്നു. 27-9-2016-ലെ സ.ഉ (സാധാ) നമ്പർ 1324/2016/പൊ.മ.വ പ്രകാരം ഈ പ്രവൃത്തിക്ക് 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയും, പ്രവൃത്തിയുടെ നടത്തിപ്പിനായി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു. സ്ഥലമെടുക്കാൻ അനുവാദം കിട്ടിയിട്ടില്ല.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങൾ

48(907) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിലവിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും വിശദാംശവും നിലവിലെ പുരോഗതിയും പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ദേശീയപാത വിഭാഗത്തിന്റെ കീഴിൽ സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് കോങ്ങാട്-മംഗലംകുന്ന് റോഡിന്റെ പുനരുദ്ധാരണം നടന്നുവരുന്നു. വിശദവിവരം അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു. നിരത്തുകളും പാലങ്ങളും, കെട്ടിട വിഭാഗം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം II*, അനുബന്ധം III* ആയി ചേർത്തിരിക്കുന്നു.

## കോഴിക്കോട് ജില്ലയിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ

49(908) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ വിവിധ സർക്കാരുകളുടെ കാലയളവിൽ ഭരണാനുമതി ലഭിച്ചിട്ടും സ്ഥലമെടുപ്പ് നടപടികളിലെ കാലതാമസം കാരണത്താലും മറ്റ് സാങ്കേതിക കാരണങ്ങളാലും മുടങ്ങിക്കിടക്കുന്ന എത്ര പദ്ധതികൾ കോഴിക്കോട് ജില്ലയിലുണ്ട് എന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൊയിലാണ്ടി, ബാലുശ്ശേരി മണ്ഡലങ്ങളുമായി ബന്ധപ്പെട്ട ഉള്ളൂർക്കടവ് പാലം നിർമ്മാണ പദ്ധതി ഇത്തരത്തിൽ വർഷങ്ങളായി മുടങ്ങിയിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) സ്ഥലമെടുപ്പ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിന് പൊതുമരാമത്ത് - റവന്യൂ വകുപ്പുകളിലെ ഏകോപനമുണ്ടാക്കി കോഴിക്കോട് ജില്ലയിലെ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഒരു ആക്ഷൻ പ്ലാനിന് രൂപം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗത്തിനു കീഴിൽ വിവിധ സർക്കാരുകളുടെ കാലയളവിൽ ഭരണാനുമതി ലഭിച്ചിട്ടും സ്ഥലമെടുപ്പ് നടപടി മുടങ്ങിക്കിടക്കുന്ന 2 പദ്ധതികൾ നിലവിലുണ്ട്. (1) ഉള്ളൂർക്കടവ് പാലം (2) നടമ്മൽക്കടവ് പാലം.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്ഥലമെടുപ്പ് നടപടികളുടെ കാലതാമസം ഒഴിവാക്കുന്നതിന് പൊതുമരാമത്ത്, റവന്യൂ വകുപ്പുകളുടെ ഏകോപനമുണ്ടാക്കി കോഴിക്കോട് ജില്ലയിലെ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഒരു ആക്ഷൻ പ്ലാനിന് രൂപം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉള്ളൂർക്കടവ് പാലത്തിന് ആവശ്യമായ 1.443 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് പുതിയ LARR ആക്ട് 2014 പ്രകാരം അനുമതി നൽകണമെന്ന നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ 1-3-2018-ന് സർക്കാരിന് ലഭ്യമായിട്ടുണ്ട്. നടമ്മേൽ കടവ് പാലം നിർമ്മാണത്തിനാവശ്യമായ 0.2711 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് പുതിയ LARR ആക്ട് 2014 പ്രകാരം അനുമതി നൽകണമെന്ന നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## ഒറ്റപ്പാലം ബൈപ്പാസ് റോഡ്

50(909) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) നിർദ്ദിഷ്ട ഒറ്റപ്പാലം ബൈപ്പാസ് റോഡ് എവിടെ നിന്ന് ആരംഭിച്ച് എവിടെയാണ് അവസാനിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(സി) നിർദ്ദിഷ്ട ഒറ്റപ്പാലം ബൈപ്പാസ് റോഡിലുള്ള കാക്കാത്തോട് പാലം നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് ഇൻവെസ്റ്റിഗേഷൻ നടത്തിയത്; ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) നിർദ്ദിഷ്ട ഒറ്റപ്പാലം ബൈപ്പാസ് റോഡ് യാഥാർത്ഥ്യമാക്കുന്നതിനായി ഈ സർക്കാർ അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 27-9-2016-ലെ സ.ഉ.(സാധാ)നമ്പർ 1324/2016/പൊ.മ.വ പ്രകാരം ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മാണത്തിന് കിഫ്ബിയിലുൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തിയുടെ നടത്തിപ്പിനായി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 10-7-2017-ലെ സ.ഉ.(സാധാ.)നമ്പർ 942/2017/പൊ.മ.വ പ്രകാരം ഒറ്റപ്പാലം ബൈപ്പാസിന് സ്ഥലമേറ്റെടുക്കുന്നതിലേയ്ക്കായി കിഫ്ബിയിലുൾപ്പെടുത്തി 25 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുമുണ്ട്.

(ബി) ഒറ്റപ്പാലം ബൈപ്പാസ്, പൊന്നാനി-പാലക്കാട് റോഡിൽ ലക്ഷ്മി തീയറ്ററിന്റെ സമീപത്ത് നിന്നും ആരംഭിച്ച് സെൻഗുപ്ത റോഡ് വഴി ഒറ്റപ്പാലം ചെർപ്പുളശ്ശേരി റോഡ് മുറിച്ചുകടന്ന് പാലാട്ട് റോഡ് വഴി മായന്നൂർ പാലത്തിനുശേഷം പൊന്നാനി - പാലക്കാട് റോഡിൽ അവസാനിക്കുന്നു.

(സി) നിർദ്ദിഷ്ട ബൈപ്പാസിൽ വരുന്ന പാലം നിർമ്മിക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തിയത് M/s.KITCO Ltd, Puthiya Road, NH Bypass, Kochi എന്ന ഏജൻസിയാണ്. ബൈപ്പാസിന്റെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ബൈപ്പാസ് റോഡ് നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിക്കുന്നതാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ വിളിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## ബാലുശ്ശേരി മണ്ഡലത്തിലെ കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ്

51(910) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി സ്ഥലം സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാനുള്ള നടപടി വേഗത്തിലാക്കാമോ;

(ബി) അപ്രോച്ച് റോഡ് നിർമ്മാണത്തിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ എത്ര രൂപയാണ് അപ്രോച്ച് റോഡിന്റെ എസ്റ്റിമേറ്റ് തുക എന്നറിയിക്കാമോ?

ഉത്തരം

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടില്ല.

(ബി) അപ്രോച്ച് റോഡ് നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ എത്ര രൂപ വേണ്ടിവരുമെന്ന് വ്യക്തമാകുകയുള്ളൂ.

**മാനന്തവാടി മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ**

52(911) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ എത്ര കിലോമീറ്റർ റോഡാണ് പൊതുമരാമത്ത് വകുപ്പിന്റെകീഴിലുള്ളത്;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ വർഷം മാനന്തവാടി മണ്ഡലത്തിൽ അനുവദിച്ച തുക എത്രയാണ്;

(സി) ഈ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) മാനന്തവാടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗത്തിന്റെ പരിധിയിൽ 289.532 കി.മീ. റോഡ് MDR, SH, HH എന്നീ വിഭാഗങ്ങളിലായി നിലവിലുണ്ട്.

(ബി) മാനന്തവാടി മണ്ഡലത്തിലൂടെയുള്ള പൊതുമരാമത്ത് റോഡുകളിലെ അറ്റകുറ്റപ്പണികൾക്കായി 454.50 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിലുള്ള റോഡുകളിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ചുവരുന്നുണ്ട്. മെറ്റീരിയൽസിന്റെ ലഭ്യതക്കുറവും കരാറുകാർ പ്രവൃത്തി ഏറ്റെടുക്കുന്നതിനുണ്ടാകുന്ന കാലവിളംബവും പ്രവൃത്തികളെ ബാധിക്കുന്നുണ്ട്.

(ഡി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി സമർപ്പിച്ചിരിക്കുന്ന എല്ലാ എസ്റ്റിമേറ്റുകൾക്കും അനുമതി നൽകിയിട്ടുണ്ട്.

## നിലമ്പൂർ മണ്ഡലത്തിലെ പാലങ്ങൾ

53(912) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ബലക്ഷയം സംഭവിച്ച പാലങ്ങളായ കരിയൻതോട് പാലം, തണ്ണിക്കടവ് പാലം, കുരുടിതോട് പാലം എന്നിവ അടിയന്തരമായി പുനർ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇവ ഓരോന്നും സംബന്ധിച്ച ഫയൽ നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) നിലമ്പൂർ മണ്ഡലത്തിലെ മൂട്ടിക്കടവ് പാലം, വഴിക്കടവ് പഞ്ചായത്തിലെ മുക്രാംപൊട്ടി പാലം എന്നീ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകി പ്രവൃത്തികൾ എത്രയും വേഗം നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലമ്പൂർ മണ്ഡലത്തിലെ ബലക്ഷയം സംഭവിച്ച കരിയൻതോട് പാലം, തണ്ണിക്കടവ് പാലം, കുരുടിതോട് പാലം എന്നിവ പുനർനിർമ്മിക്കേണ്ട പാലങ്ങളുടെ സർക്കാർ അംഗീകരിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ മൂന്ന് പാലങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) നിലമ്പൂർ മണ്ഡലത്തിലെ മൂട്ടിക്കടവ് പാലം, ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കിവരുന്നു. ഡിസൈൻ പൂർത്തിയായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയെങ്കിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. വഴിക്കടവ് പഞ്ചായത്തിലെ മുക്രാംപെട്ടി പാലത്തിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് നൽകുന്നതിനായി മഞ്ചേരി നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാട്ടാക്കട മണ്ഡലത്തിലെ പുന്നാവൂർ പാലം

54 (913) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ പുന്നാവൂർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ; ഇതിനായുള്ള തുടർ നടപടികൾ വേഗത്തിലാക്കാനും അപകടാവസ്ഥയിലുള്ള പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കാമോ?

### ഉത്തരം

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട മണ്ഡലത്തിലെ പുന്നാവൂർ പാലത്തിന്റെ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. പക്ഷേ സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല. സ്ഥലം പൂർണ്ണമായും ലഭ്യമായതിനുശേഷം മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കുകയുള്ളൂ. കൂടാതെ 29-12-2017-ൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ഭൂ ഉടമകളുമായി നടത്തിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ പുതിയ എൽ.എ. ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി റിക്വിസിഷൻ ജനുവരി 2018-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

## വളന്തകാട് ദ്വീപിലേയ്ക്ക് പാലം

55 (914) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിൽപ്പെടുന്ന വളന്തകാട് ദ്വീപിലേക്ക് പാലം ഇല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒട്ടേറെ വിനോദസഞ്ചാര വികസന സാധ്യതകൾ നിലവിലുള്ള ഈ ദ്വീപിലേക്ക് ഒരു പാലം പണിയുന്നതിന് നടപടി സ്വീകരിക്കുമോ;എങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലം നിർമ്മാണത്തിനായി മണ്ണ് പരിശോധന നടത്തി ഡിസൈൻ ലഭിച്ചിരുന്നു. പാലത്തിന്റെ അടിയിലെ വെർട്ടിക്കൽ ക്ലിയറൻസിനായി ഇറിഗേഷൻ വകുപ്പിനെ സമീപിച്ചപ്പോൾ അവർ 6 മീറ്ററാണ് ആവശ്യപ്പെടുന്നത്. 6 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് നൽകുമ്പോൾ പാലത്തിന്റെ അപ്രോച്ചിന്റെ നീളവും സ്പാനുകളുടെ എണ്ണവും കൂടുതലായി വരും. ഇതിനായുള്ള പരിശോധനകൾ നടത്തിവരുന്നു.

**മാനന്തവാടി നിയോജകമണ്ഡലത്തിലെ മലയോര ഹൈവേ നിർമ്മാണം**

56 (915) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലയോര ഹൈവേ മാനന്തവാടി നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) മലയോര ഹൈവേയുമായി ബന്ധപ്പെട്ട് മാനന്തവാടി മണ്ഡലത്തിൽ എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഹൈവേ പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മാനന്തവാടി മണ്ഡലത്തിലൂടെയു ള്ള 51.400 കി.മീ റോഡുകൾ മലയോര ഹൈവേയുടെ ഭാഗമാക്കി നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ബി) മാനന്തവാടി മണ്ഡലത്തിലെ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

(സി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡി.പി.ആർ സമർപ്പിച്ച് അംഗീകാരം ലഭിക്കുന്നതിനു ള്ള നടപടികൾ വേഗത്തിലാക്കി അംഗീകാരത്തിന് വിധേയമായി ടെണ്ടർ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കുന്നതാണ്.

**സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ചു ള്ള പ്രവൃത്തികൾ**

57 (916) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാൻ ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ വർഷവും ഈ വർഷവും സെൻട്രൽ റോഡ് ഫണ്ടിനായി ശിപാർശ ചെയ്ത കോഴിക്കോട് ജില്ലയിലെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) നോർത്ത് കാരശ്ശേരി-തേക്കുംകുറ്റി-മരഞ്ചാട്ടി-പീടികപ്പാറ-കക്കാടം പൊയിൽ റോഡിന് സെൻട്രൽ റോഡ് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാൻ ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-1* ആയി ചേർത്തിരിക്കുന്നു.

(ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ സെൻട്രൽ റോഡ് ഫണ്ടിനായി ശിപാർശ ചെയ്ത കോഴിക്കോട് ജില്ലയിലെ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം II* ആയി ചേർത്തിരിക്കുന്നു.

(സി) നോർത്ത് കാരശ്ശേരി-തേക്കുംകുറ്റി-മരഞ്ചാട്ടി-പീടികപ്പാറ- കക്കാടം പൊയിൽ റോഡിന് സെൻട്രൽ റോഡ് ഫണ്ട് ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് മാത്രമേ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## കണ്ണിയംപുറം പാലത്തിന്റെ പുനർനിർമ്മാണം

58 (917) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കണ്ണിയംപുറം പാലം കാലപ്പഴക്കത്താൽ ഗതാഗത യോഗ്യമല്ലാതായിത്തീർന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിനായി ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് നല്കുവാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കണ്ണിയംപുറം പാലത്തിന് മാത്രമായി ഭരണാനുമതിക്കായി 430 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കത്ത് നമ്പർ CE/R&B/PKD/PRICE/2017/10501 തീയതി 9-1-2018 പ്രകാരം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് വിശദമായ പരിശോധനയ്ക്കും അഭിപ്രായത്തിനുമായി ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി) 31-10-2016-ലെ G.O(Rt)No.1496/2016/PWD പ്രകാരം KIIFB-യിൽ ഉൾപ്പെടുത്തി ഈസ്റ്റ് ഒറ്റപ്പാലം പാലത്തിനും കണ്ണിയംപുറം പാലത്തിനുംകൂടി ചേർത്ത് 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കണ്ണിയംപുറം പാലത്തിന്റെ ഡിസൈൻ ലഭിക്കുകയും ഈ പാലത്തിന് മാത്രമായി സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി തുടങ്ങുവാൻ കഴിയുകയുള്ളൂ.

**മട്ടന്നൂർ-ശിവപുരം-തോലമ്പ്ര-പേരാവൂർ റോഡ് നിർമ്മാണം**

59 (918) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ 28-11-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 1785/2017/പിഡബ്ല്യൂഡി. ഉത്തരവ് പ്രകാരം നബാർഡ് സഹായം ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ ഭരണാനുമതി ലഭിച്ച മട്ടന്നൂർ നിയോജക മണ്ഡലത്തിലെ മട്ടന്നൂർ-ശിവപുരം-തോലമ്പ്ര-പേരാവൂർ റോഡ് നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയുണ്ടായോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കത്തക്കവിധമാണ് നടപടികൾ മുന്നോട്ട് പോകുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ ഉത്തരവ് നമ്പർ 1785/2017/പി.ഡബ്ള്യു. 28-11-2017 പ്രകാരം നബാർഡ് RIDF XXIII-ൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തിയിൽ 20.85 കി.മീ. റോഡ് ചെയ്യുന്നതിന് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചപ്പോൾ റോഡിന്റെ നീളം 9.6 കി.മീ. ആയി കുറഞ്ഞു. ബാക്കി 11.250 കി.മീ. റോഡ് സെൻട്രൽ റോഡ് ഫണ്ടിൽ ടെണ്ടറിംഗ് സ്റ്റേജിലാണെന്നും അറിയാൻ കഴിഞ്ഞു. അതിനാൽ പ്രസ്തുത പ്രവൃത്തിയുടെ പുനർ നാമകരണത്തിനും അംഗീകാരത്തിനുമായി ചീഫ് എഞ്ചിനീയർ (റോഡ്സ്) സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## കോഴിക്കോട് ജില്ലയിലെ അപകടാവസ്ഥയിലായ പാലങ്ങൾ

60 (919) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള അപകടാവസ്ഥയിലായ പാലങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന് കീഴിൽ അപകടാവസ്ഥയിലു ള്ള 13 പാലങ്ങൾ ഉണ്ട്.

(ബി) പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് താഴെപ്പറയുന്ന മുൻഗണനാക്രമം നിർദ്ദേശിച്ചിട്ടുണ്ട്.

1. തൃക്കുറ്റിശ്ശേരി പാലം
2. വഴിക്കടവ് പാലം
3. മുഴപാലം
4. തെച്ചി പാലം
5. നടുത്തോട് പാലം
6. ഉരുട്ടി പാലം
7. കുപ്പായക്കോട് പാലം
8. തലയാട് പാലം
9. പയ്യോളി ചീർപ്പ് പാലം
10. മുണ്ടക്കുറ്റി പാലം
11. പോത്തുണ്ടി പാലം
12. കക്കയം ഡാമുമായി ബന്ധിപ്പിക്കുന്ന പാലം
13. കുളിരാന്തിരി പാലം

(സി) പ്രസ്തുത പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കിയതിനുശേഷം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. ഇൻവെസ്റ്റിഗേഷൻ വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇരുമ്പുപാലം

61(920) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിൽ സ്ഥിതിചെയ്യുന്നതും ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ളതുമായ ഇരുമ്പുപാലത്തിന്റെ നിലവിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ പാലത്തിന് പകരമായി പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വളരെയേറെ പൈതൃകമൂല്യമുള്ള ഈ പാലം പൊളിച്ച് തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയത്തിൽ സ്ഥാപിച്ച് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സമയബന്ധിതമായി പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പാലത്തിന് പകരമായി പുതിയ പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് EKM/2017/11009 തീയതി 16-1-2018 പ്രകാരം ഭരണാനുമതി നൽകുകയും തുടർന്ന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കിയ ശേഷം ഡി.പി.ആർ. തയ്യാറാക്കി ആയത് സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും പൂർത്തീകരിച്ചെങ്കിൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ. ഇൻവെസ്റ്റിഗേഷൻ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## വെള്ളപ്പറമ്പ് - നിരമ്മേൽ - മരുതായി പാലം റോഡ് നിർമ്മാണം

62 (921) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ 15-9-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 1386/2017/pwd പ്രകാരം ഭരണാനുമതി ലഭിച്ച മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വെള്ളപ്പറമ്പ്-നിരമ്മേൽ-മരുതായി പാലം റോഡ് നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയുണ്ടായോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞോ എന്നും ഇല്ലെങ്കിൽ എപ്പോൾ നിർമ്മാണ പ്രവൃത്തി ആരംഭിക്കുമെന്നും എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വെള്ളപ്പറമ്പ്- നിരമ്മേൽ-മരുതായി പാലം റോഡ് നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 8-7-2018-നകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പാലങ്ങൾ

63 (922) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ആയയിൽ-മുള്ളറവിള, കന്നിപ്പുറം എന്നീ പാലങ്ങളുടെ പുതിയ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ആയയിൽ-മുള്ളറവിള പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുവാൻ കാലതാമസം എടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയയിൽ-മുള്ളറവിള, കന്നിപ്പുറം എന്നീ പാലങ്ങളുടെ സ്ഥലം ഏറ്റെടുക്കുന്ന നടപടിക്രമങ്ങൾ എന്തായി എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പാലങ്ങളുടെ ടെണ്ടർ നടപടികൾ 2018-2019 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയുമോ;

(ഇ) ആയയിൽ-മുള്ളറവിള, കന്നിപ്പുറം എന്നീ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ആയയിൽ-മുള്ളറവിള പാലത്തിന്റെ പുതുക്കിയ ഡിസൈൻ പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിംഗിൽ തയ്യാറാക്കിവരുന്നു. ടി ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഡി.പി.ആർ തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. കന്നിപ്പുറം പാലത്തിന്റെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ടി വർക്കിന്റെ ഭാഗമായിട്ടുള്ള സ്ഥലമേറ്റെടുക്കൽ നടപടിയുടെ ഭാഗമായി അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആയയിൽ-മുള്ളറവിള പാലത്തിന്റെ സ്ഥലമെടുപ്പിനുള്ള നടപടികളുടെ ഭാഗമായി റിക്വിസിഷൻ തയ്യാറാക്കിവരുന്നു. കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭ്യമായ കന്നിപ്പുറം പാലത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നതിന്റെ അർത്ഥനാപത്രം ജില്ലാകളക്ടർക്ക് 1-2-2018-ൽ നൽകിയിട്ടുണ്ട്.

(ഡി) സ്ഥലം പൂർണ്ണമായും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ലഭ്യമാകുകയാണെങ്കിൽ മാത്രമേ 2018-19-ൽ തന്നെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ.

(ഇ) രണ്ട് പാലം പ്രവൃത്തികളുടെയും ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

## നേമം നിയോജകമണ്ഡലത്തിലെ 2016-2017 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികൾ

64 (923) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സംസ്ഥാന ബജറ്റിൽ നേമം നിയോജകമണ്ഡലത്തിൽ ഏതൊക്കെ പൊതുമരാമത്ത് പ്രവൃത്തികളാണ് ഉണ്ടായിരുന്നത്;

(ബി) അതിൽ എത്ര പ്രവൃത്തികളുടെ പണി ആരംഭിച്ചിട്ടുണ്ട്; അവ ഏതൊക്കെ;

(സി) ഇനിയും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയപാതാ വിഭാഗത്തിൻകീഴിൽ 2016-17 സംസ്ഥാന ബജറ്റിൽ നേമം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ ഒന്നുംതന്നെയില്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെയും കെട്ടിട വിഭാഗത്തിന്റെയും കീഴിലുള്ള പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള മൂന്ന് പ്രവൃത്തികളും ആരംഭിച്ചിട്ടുണ്ട്. കെട്ടിട വിഭാഗത്തിന്റെ കീഴിലുള്ള പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു.*

(സി) കെട്ടിട വിഭാഗത്തിന്റെകീഴിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരം അനുബന്ധം III * ആയി ചേർക്കുന്നു.

**കരമന-കളിയിക്കാവിള നാഷണൽ ഹൈവേ വികസനം**

65 (924) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള നാഷണൽ ഹൈവേ വീതികൂട്ടുന്നതിന്റെ ഭാഗമായി ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങളുടെ സോഷ്യൽ ഇംപാക്ട് അസസ്സ്മെന്റ് പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിന് എത്ര കോടി രൂപ ആവശ്യമുണ്ട്;

(സി) വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കരമന-കളിയിക്കാവിള ദേശീയപാതാ വികസനത്തിന്റെ ഒന്നാംഘട്ടം രണ്ടാം റീച്ച് ബാലരാമപുരം മുതൽ വഴിമുക്ക് വരെയു ള്ള 1.5 കി.മീ. ഭാഗത്തെ സോഷ്യൽ ഇംപാക്ട് അസസ്സ്മെന്റ് സ്റ്റഡി പൂർത്തിയായിട്ടില്ല. ഇതിനായി റവന്യൂ വിഭാഗം ഒരു യൂണിറ്റിനെ നിശ്ചയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മീ. ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 98.1 കോടി രൂപയുടെ ഭരണാനുമതി 20-7-2017-ലെ സ.ഉ.(സാധാ) നമ്പർ 1048/2017/പൊ.മ.വ പ്രകാരം നൽകിയിട്ടുണ്ട്.

(സി) കരമന-കളിയിക്കാവിള ദേശീയപാതാ വികസനത്തിന്റെ രണ്ടാംഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തിന്റെ പൊതുമരാമത്ത് പി.പി.യു. വിഭാഗം തയ്യാറാക്കിയ അലൈൻമെന്റ് പ്ലാൻ സാധ്യതാ പഠനത്തിനും അനുമതിക്കുമായി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അലൈൻമെന്റിൽ ആവശ്യമായ ദേദഗതി വരുത്തി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## നാഷണൽ ഹൈവേയുടെ പ്രാവച്ചമ്പലം-ബാലരാമപുരം ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ

66(925) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള നാഷണൽ ഹൈവേയുടെ രണ്ടാം റീച്ചായ പ്രാവച്ചമ്പലം-ബാലരാമപുരം ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത ഭാഗത്ത് എത്ര കിലോമീറ്റർ റോഡാണ് വീതി കൂട്ടുന്നത്; ഇതിനായുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ;

(സി) റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) കിഫ്ബിയിൽ നിന്നും ഇതിനായി എന്തു തുക അനുവദിച്ചിട്ടുണ്ട്;

(ഇ) പ്രാവച്ചമ്പലം ഭാഗത്ത് നിന്നും റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി കുടിയൊഴിപ്പിക്കേണ്ടി വന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കരമന-കളിയിക്കാവിള റോഡ് നാലുവരിപ്പാതയാക്കുന്ന ഒന്നാംഘട്ടത്തിലെ രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ. ആണ്. ഈ ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിലുൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് ഉത്തരവ് നമ്പർ 31/കിഫ്ബി/2016 തീയതി 18-11-2016

അനുസരിച്ച് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള ദേശീയപാതയുടെ ഇടതുവശത്ത് പ്രാവച്ചമ്പലം മുതൽ പള്ളിച്ചൽ വില്ലേജിന്റെ അതിർത്തിയായ കൊടിനട വരെയും (4.8 കി.മീ) വലതുവശത്ത് പ്രാവച്ചമ്പലം മുതൽ പള്ളിച്ചൽ വില്ലേജിന്റെ അതിർത്തിയായ ബാലരാമപുരം വരെയുള്ള ഭാഗത്തെ (5 കി.മീ.) ഭൂമിയുടേയും സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മീ. ദൂരം 2013-ലെ പുതിയ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരമാണ് നടത്തേണ്ടത്. ആയതിനാൽ ഈ ഭാഗത്തെ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാൻ തടസ്സങ്ങൾ ഉണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിനുള്ള കാലതാമസം ഒഴിവാക്കാൻ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ച പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5 കി.മീ. ഭാഗം ആദ്യഘട്ടമായി വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ തീരുമാനമുണ്ടായി. നിലവിലെ ട്രാഫിക് സെൻസസ് അനുസരിച്ച് ഡി.പി.ആർ. റിവൈസ് ചെയ്ത് സാങ്കേതികാനുമതിക്കായി കെ.ആർ.എഫ്.ബി.-യിൽ സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) കരമന-കളിയിക്കാവിള ദേശീയപാതയുടെ രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള ഭാഗത്ത് കോടതി വ്യവഹാരം നിലനിൽക്കുന്ന എൽ.എസി.നമ്പർ 639/2015 ഒഴികെ ദേശീയപാതയുടെ ഇടതുവശത്ത് പ്രാവച്ചമ്പലം മുതൽ പള്ളിച്ചൽ വില്ലേജിന്റെ അതിർത്തിയായ കൊടിനട വരെയും (4.8 കി.മീ.) വലതുവശത്ത് പ്രാവച്ചമ്പലം മുതൽ പള്ളിച്ചൽ വില്ലേജിന്റെ അതിർത്തിയായ ബാലരാമപുരം വരെയുള്ള ഭാഗത്തെ (5 കി.മീ.) ഭൂമിയുടെയും സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ ഭാഗത്തെ റോഡാണ് ആദ്യഭാഗമായി വീതി കൂട്ടുന്നത്.

(സി) പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ഡി.പി.ആർ. റിവൈസ് ചെയ്ത് സാങ്കേതികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നമുറയ്ക്ക് മാത്രമേ ടെണ്ടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ഡി) കരമന-കളിയിക്കാവിള ഒന്നാംഘട്ടത്തിലെ രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിലുൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് ഉത്തരവ് നമ്പർ 31/കിഫ്ബി/2016 തീയതി 18-11-2016 അനുസരിച്ച് അനുമതി ലഭിച്ചിട്ടുണ്ട്.

(ഇ) പ്രാവച്ചമ്പലം-ബാലരാമപുരം സ്ഥലം ഏറ്റെടുക്കൽ നടപടിയിൽ കുടിയൊഴിപ്പിക്കപ്പെടുന്ന പഴയ രാജപാതാ നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് നം.4-ൽ റീസർവ്വെ 58.1-ൽ ഉൾപ്പെട്ട ഭൂമിയിൽ നിന്നും 3 സെന്റ് വീതം മുക്കുന്നിമല സർക്കാർ എയ്ഡഡ് റബ്ബർ പ്ലാന്റേഷൻ സൊസൈറ്റി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള WP(C) 13074/15 നമ്പർ റിട്ട് ഹർജിയുടെ തീർപ്പിന് വിധേയമായി അനുവദിച്ചുനൽകുന്നതിനും പ്രസ്തുത സ്ഥലത്ത് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി അവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനും 13-11-2017-ലെ സ.ഉ.(കൈ)നമ്പർ 378/17/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്.

## കോഴിക്കോട് ബൈപ്പാസ്

67(926) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത നാലുവരിയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മിക്കുന്ന കോഴിക്കോട് ബൈപ്പാസിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(ബി) എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതിക്ക് വേണ്ടിവരുന്നത്; എന്നത്തേക്ക് പണി ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയപാത 66-ൽ വരുന്ന കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം എൻ.എച്ച്.എ.ഐ ആണ് നടപ്പിലാക്കുന്നത്. ഇതിനായു ള്ള അംഗീകാരം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം നൽകിയതനുസരിച്ച് ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ അംഗീകാരമായിട്ടുണ്ട്.

(ബി) 1710 കോടി രൂപയാണ് പ്രസ്തുത പദ്ധതിക്ക് വേണ്ടിവരുന്നത് എന്ന് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുണ്ട്. മേയ് 2018-ന് പണി ആരംഭിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

## നേമം നിയോജകമണ്ഡലത്തിൽ കിഫ്ബി വഴിയുള്ള പദ്ധതികൾ

68 (927) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഏതൊക്കെ പ്രവൃത്തികളാണ് കിഫ്ബി യിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഓരോ പ്രവൃത്തിക്കും എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഇതുസംബന്ധിച്ച ഫയലുകൾ ആരുടെ പക്കലാണ് ഉള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നേമം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ

നിരത്തുവിഭാഗം:

1. മണക്കാട്-ആറ്റുകാൽ റോഡ് വികസനം - 30 കോടി രൂപ
2. കരമന-നെടുങ്കാട് - കാലടി റോഡ് വികസനം - 20 കോടി രൂപ

കെട്ടിടവിഭാഗം:

നേമം മണ്ഡലത്തിലെ നിർദ്ദിഷ്ട രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണം ഭരണാനുമതി 1980 ലക്ഷം രൂപയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ രജിസ്ട്രേഷൻ ഐ.ജി.യുടെ ആവശ്യപ്രകാരം പ്ലാൻ പുതുക്കുകയും റിവൈസ്ഡ് ഭരണാനുമതി പരിശോധനയിലുമാണ്.

(ബി) മണക്കാട്-ആറ്റുകാൽ റോഡ് വികസനത്തിനു ള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. കരമന-നെടുങ്കാട്-കാലടി റോഡ് വികസനത്തിന്റെ ഇൻവെസ്റ്റിഗേഷൻ ടെണ്ടർ നടത്തിയെങ്കിലും ആരും പ്രവൃത്തി ഏറ്റെടുത്തിട്ടില്ല. മണക്കാട്-ആറ്റുകാൽ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയോടനുബന്ധിച്ച ഫയലുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലാണ്. കരമന - നെടുങ്കാട് - കാലടി റോഡ് വികസനത്തിന്റെ ഇൻവെസ്റ്റിഗേഷൻ ഫയലുകൾ തിരുവനന്തപുരം സിറ്റി റോഡ്സ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലാണ്. രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച ഫയൽ അനന്തര നടപടിക്കായി കെ.എസ്.സി.സി.-ക്ക് കൈമാറിയിരിക്കുകയാണ്.

**കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

69(928) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലേക്കായി കിഫ്ബി മുഖേന 2017-18-ൽ പ്രഖ്യാപിച്ച പി.ഡബ്ല്യു.ഡി. വർക്കുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വർക്കുകൾ കിഫ്ബിക്ക് സമർപ്പിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും സംഭവിച്ചിട്ടുള്ള വീഴ്ച പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ചതും ഇനിയും കിഫ്ബിക്ക് സമർപ്പിക്കാത്തതുമായ കോങ്ങാട് മണ്ഡലത്തിലെ പദ്ധതികളുടെ വിശദാംശം നൽകുമോ;

(ഡി) ഈ പദ്ധതികൾ കിഫ്ബിയുടെ അംഗീകാരത്തിനായി എപ്പോൾ സമർപ്പിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന കമ്പ-ചളിക്കടവ് പാലത്തിന് 20 കോടി രൂപ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) കിഫ്ബിക്ക് അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ വീഴ്ചകൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

(സി&ഡി) 2017-18-ലെ ബഡ്ജറ്റിൽ കോങ്ങാട് മണ്ഡലത്തിൽ മറ്റ് പ്രവൃത്തികൾ ഒന്നുംതന്നെയില്ല.

## കോതമംഗലം മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ

70 (929) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽനിന്നും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിച്ച് പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിൽനിന്നും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ

<u>നിരത്തുവിഭാഗം:</u>

1. കോതമംഗലം പെരുമ്പൻകുത്ത് റോഡ് കി.മീ. 11/300 മുതൽ 19/000 വരെ നവീകരണം.
2. പ്ലാമുടി കോട്ടപ്പടി പാനിപ്ര ഇരുമലപ്പടി ഊരംകുഴി റോഡ് കി.മീ. 0/000 മുതൽ 16/633 വരെ നവീകരണം.
3. ഹിൽ ഹൈവേ - ചേറങ്ങനാൽ മുതൽ നേര്യമംഗലം വരെ കി.മീ. 0/000 മുതൽ 32/800 വരെ നവീകരണം.
4. ആലുവ – മൂന്നാർ റോഡ് കി.മീ. 28/000 മുതൽ 38/281 വരെ നവീകരണം
5. കിഫ്ബി 2016-17 കാക്കനാട് - തങ്കളം റോഡ് കി.മീ. 22/600 മുതൽ 24/600 വരെ സ്ഥലം ഏറ്റെടുക്കൽ
6. കിഫ്ബി 2017-18 കാക്കനാട് - തങ്കളം റോഡ് കി.മീ. 20/000 മുതൽ 22/600 വരെ സ്ഥലം ഏറ്റെടുക്കൽ

കെട്ടിട വിഭാഗത്തിനുകീഴിൽ കോതമംഗലം രജിസ്ട്രേഷൻ ഓഫീസ് നിർമ്മാണം എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നിരത്തുവിഭാഗത്തിൽ ഒന്നുംരണ്ടും പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. മൂന്നാമത്തെ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. നാലാമത്തെ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്റെ പ്രവൃത്തി ടെണ്ടർ ചെയ്തു. അഞ്ചും ആറും പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതായുണ്ട്. കെട്ടിട വിഭാഗത്തിന്റെ കീഴിൽ വരുന്ന പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചതിൽ ചില വ്യതിയാനങ്ങൾ കിഫ്ബി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഡി.പി.ആർ തയ്യാറാക്കിക്കഴിഞ്ഞു. ആയത് ഉടൻ കിഫ്ബിക്ക് സമർപ്പിക്കുന്നതാണ്.

(സി) ഒന്നുംരണ്ടും പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. മറ്റ് പ്രവൃത്തികൾ കിഫ്ബിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

## പാലക്കാട് ജില്ലയിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾ

71(930) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ൽ പാലക്കാട് ജില്ലയിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2017-18-ൽ കിഫ്ബി മുഖേന പ്രസ്തുത ജില്ലയിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ഏതൊക്കെ പദ്ധതികൾ പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ; പൂർത്തിയാക്കാത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19-ൽ പാലക്കാട് ജില്ലയിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ ഒന്നുംതന്നെയില്ല. സംസ്ഥാന ബജറ്റിൽ തന്നെ 2018-19-ൽ കിഫ്ബി പദ്ധതികളില്ല.

(ബി) 2017-18-ൽ കിഫ്ബി മുഖേന പ്രസ്തുത ജില്ലയിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഒന്നും പൂർത്തീകരിച്ചിട്ടില്ല. നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം അനുബന്ധമായി *ചേർക്കുന്നു.

## തെള്ളുക്കുഴി - അരുവിക്കര-കീഴാറ്റൂർ റിംഗ് റോഡ്

72(931) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ കിഫ്ബി പ്രോജക്ടിൽ ഉൾപ്പെടുത്തിയ പാറശ്ശാല മണ്ഡലത്തിലെ തെ ള്ളുക്കുഴി- അരുവിക്കര- കീഴാറ്റൂർ റിംഗ് റോഡിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;പ്രസ്തുത റോഡിന്റെ പൂർത്തീകരണത്തിന് ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ ഭരണാനുമതി ലഭിച്ചോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തെള്ളുക്കുഴി-അരുവിക്കര-കീഴാറ്റൂർ റിംഗ് റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ മൂന്നുപ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരും ഏറ്റെടുത്തില്ല. ക്വട്ടേഷൻ മുഖാന്തരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയിലൂടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചാൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കി കേരളാ റോഡ് ഫണ്ട് ബോർഡ് മുഖാന്തരം സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിന് കഴിയുകയുള്ളൂ.

## വട്ടോളിപ്പാലം നിർമ്മാണം

73 (932) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വട്ടോളിപ്പാലം നിർമ്മാണത്തിന് കിഫ്ബിയിൽനിന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) വട്ടോളിപ്പാലം, ചേക്കുപാലം എന്നിവ ചേർത്ത് ഒരു ക്ലസ്റ്ററായി ഭരണാനുമതിക്കായി ഡി.പി.ആർ സമർപ്പിക്കുവാൻ കേരളാസ്റ്റേറ്റ് റോഡ് ഫണ്ട് ബോർഡ് നിർദ്ദേശിച്ചതനുസരിച്ച് ഡി.പി.ആർ സമർപ്പിക്കുകയുണ്ടായോ; പ്രസ്തുത ഡി.പി.ആർ. എപ്പോഴാണ് സമർപ്പിച്ചത്;

(സി) കിഫ്ബി ബോർഡിന്റെ അടുത്ത യോഗത്തിൽ വട്ടോളിപ്പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ - സി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വട്ടോളിപ്പാലം, ധർമ്മടം മണ്ഡലത്തിലെ ചേക്കുപാലം, പേരാവൂർ മണ്ഡലത്തിലെ ഓടന്തോട് പാലം എന്നീ മൂന്ന് പാലങ്ങളുംകൂടി ഒരു പാക്കേജായാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പിന്നീട് ഓടന്തോട് പാലത്തിന് നബാർഡിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 10-11-2016-ലെ എൻ.ബി (കേരള) നമ്പർ എസ്.പി.ഡി/3157/ആർ.ഐ.ഡി.എഫ് XXXII/158/പി.എസ്.സി/2016-17 നമ്പർ കത്ത് പ്രകാരം അനുമതി ലഭിക്കുകയുണ്ടായി. വട്ടോളി പാലത്തിനായി 4.75 കോടി രൂപയുടെ എസ്റ്റിമേറ്റ് (പ്രൈസ് ഐ.ഡി 2016/6553) 18-11-2017-നും ചേക്കുപാലത്തിന് 4.35 കോടി (ആകെ 9.1 കോടി) രൂപയുടെ എസ്റ്റിമേറ്റ് (പ്രൈസ് ഐ.ഡി.2018/8835) 8-8-2017-നും തയ്യാറാക്കിയിട്ടുണ്ട്. ഇവ രണ്ടുംകൂടി ചേർത്ത് ഒറ്റ പ്രോജക്ടായി അടുത്ത കിഫ്ബി ബോർഡിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കാവിൻമൂനമ്പ് പാലം

74(933) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ കാവിൻമൂനമ്പ് പാലത്തിന്റെ നിർമ്മാണത്തിന് ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി എപ്പോൾ സമർപ്പിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ കാവിൻമൂനമ്പ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി) ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം പാലത്തിന്റെ ഡിസൈൻ തയ്യാറാക്കേണ്ടതുണ്ട്. ഡിസൈൻ ലഭ്യമായാൽ മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് വേഗത്തിൽ തയ്യാറാക്കാനും ഡിസൈൻ തയ്യാറാക്കാനും നടപടി സ്വീകരിച്ചുവരുന്നു.

## കായംകുളം മണ്ഡലത്തിലെ പദ്ധതികൾ

75 (934) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ സ്ത്രീസൗഹൃദ ടോയ്‌ലെറ്റ്, ലേഡീസ് റെസ്റ്റ് റൂം എന്നിവ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും 2017-18 വർഷം ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും നിലവിൽ ഇതിന്റെ ഓരോ പ്രവൃത്തികളുടെയും പുരോഗതി എന്താണെന്നും വിശദമാക്കാമോ?

### ഉത്തരം

2017-18 വർഷം ഭരണാനുമതി ലഭിച്ച പദ്ധതികളും അവയുടെ പുരോഗതിയും അനുബന്ധം 'എ'* ആയി ചേർത്തിരിക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊയിലാണ്ടി മണ്ഡലത്തിലെ പ്രവൃത്തികൾ

76(935) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ള കൊയിലാണ്ടി മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ ഓരോന്നിന്റെയും പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) ദേശീയപാത വിഭാഗത്തിലെ ദേശീയപാത 66 (പഴയ ദേശീയപാത 17) കി.മീ. 215/000 മുതൽ കി.മീ. 231/000 വരെ ഉപരിതലം പുതുക്കൽ, ഡി.ബി.എം. പ്രവൃത്തി പൂർത്തീകരിച്ച (ഡെൻസ് ബിറ്റുമിനസ് മെക്കാഡം) അതിനു മുകളിലുള്ള ബിറ്റുമിനസ് കോൺക്രീറ്റ് നടന്നുവരുന്നു. സി.ആർ.എഫ് 2016-17 കോഴിക്കോട് ജില്ലയിലെ സ്റ്റേറ്റ് ഹൈവേയുമായി ബന്ധിപ്പിക്കുന്ന കൊയിലാണ്ടി - മുത്താമ്പി-അച്ചംപീടിക റോഡിന്റെ മെച്ചപ്പെടുത്തൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. നിരത്ത്, കെട്ടിട വിഭാഗങ്ങളുടെ പ്രവൃത്തികൾ അനുബന്ധം I, II ആയി ചേർത്തിരിക്കുന്നു.*

## കൊയിലാണ്ടിയിലെ ആസ്തിവികസന പദ്ധതി പ്രകാരമുള്ള നിർമ്മാണം

77 (936) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ട കൊയിലാണ്ടി താലൂക്ക് ആശുപത്രി ചുറ്റുമതിൽ, ഗേറ്റ് എന്നിവയുടെ നിർമ്മാണം, പ്രധാനസ്ഥലങ്ങളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവ പൊതുമരാമത്ത് വകുപ്പിൽ നടപടി നീങ്ങാത്തതു കാരണം ഇതുവരെയും ഭരണാനുമതി ആകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതികൾക്ക് കാലതാമസം വരുന്നത് എന്തുകൊണ്ടെന്നും എവിടെയാണ് തടസമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ ചുറ്റുമതിൽ, ഗേറ്റ് എന്നിവയുടെ ഭരണാനുമതിക്കായി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൂടാതെ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പ്രധാന സ്ഥലങ്ങളിൽ ബസ് കാത്തിരിപ്പ് കേന്ദ്ര നിർമ്മാണത്തിനായി വിശദമായ എസ്റ്റിമേറ്റ് സഹിതം DPR സമർപ്പിക്കുന്നതിന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം ഭരണാനുമതി/സാങ്കേതികാനുമതിക്ക് അയയ്ക്കാൻ കാലതാമസമുണ്ടായി. കെട്ടിട വിഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ശരിയായ വേഗത്തിലല്ല നടന്നുവരുന്നത്. ഇപ്പോൾ പുതിയ സർക്കാർ മാറ്റത്തിന് ശ്രമിക്കുന്നുണ്ട്. വർദ്ധിച്ച ആവശ്യങ്ങൾക്ക് ആനുപാതികമായി എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും കുറവുള്ളതിനാൽ ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ കെട്ടിട നിർമ്മാണങ്ങൾ മറ്റ് സർക്കാർ ഏജൻസികളെ ഏൽപ്പിക്കേണ്ടതാണെന്ന് ടി വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## തൃക്കരിപ്പൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം

78 (937) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് മലബാർ പാക്കേജ് വഴി അനുവദിച്ചതും ടെണ്ടർ നടപടി പൂർത്തീകരിച്ചതുമായ കെട്ടിടത്തിന്റെ പണി തടസ്സപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കിനൽകി സമയബന്ധിതമായി നടപ്പിലാക്കാൻ ഉത്തരവുണ്ടാകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ഇപ്പോൾ പുതിയ സ്ഥലം ലഭ്യമായിട്ടുണ്ട്. ഭരണാനുമതിക്കായി പുതുക്കിയ പ്ലാൻ, എസ്റ്റിമേറ്റ് തുടങ്ങിയവ തയ്യാറാക്കിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് പൂർത്തീകരിക്കാൻ കഴിയും.

## അനധികൃത അവധിയിൽ കഴിയുന്ന എഞ്ചിനീയർമാർ

79 (938) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ എൻഞ്ചിനീയർ വിഭാഗത്തിലെ വിവിധ തസ്തികകളിൽ അനധികൃത അവധിയിൽ കഴിയുന്നവരുടെ എണ്ണം തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) അനധികൃത അവധിയിൽ കഴിയുന്ന എഞ്ചിനീയർമാർക്കെതിരെ സ്വീകരിക്കുന്ന തുടർനടപടികൾ വിശദമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അനധികൃത അവധിയിൽ കഴിയുന്നുണ്ട്.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കെതിരെയും വകുപ്പുതലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിലവിൽ 15 ഒഴിവുകൾ ഉണ്ട്.

**അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികകൾ**

80 (939) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ എത്ര അസിസ്റ്റന്റ് എൻജിനീയർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ സമയബന്ധിതമായി നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിൽ നിലവിൽ 15 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ ഉണ്ട്. 4 എണ്ണം വേലവിലക്കിനെ തുടർന്നുള്ളതും 9 എണ്ണം സ്ഥാനക്കയറ്റം മുഖേന നികത്തേണ്ടവയും ബാക്കി 2 എണ്ണം പി.എസ്.സി മുഖേന നികത്തേണ്ടവയുമാണ്.

(ബി) സ്ഥാനക്കയറ്റം നൽകുന്നതിനായുള്ള സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് പ്രസിദ്ധീകരിച്ചാലുടൻ സ്ഥാനക്കയറ്റം നൽകുന്നതാണ്. 2 ഒഴിവുകൾ പി.എസ്.സി. നിയമന ശിപാർശ ലഭിച്ചാലുടൻ നിയമനം നൽകുന്നതാണ്. മറ്റുള്ളവയിൽ വേലവിലക്ക് പിൻവലിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

## തലശ്ശേരി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

81 (940) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 വർഷത്തെ ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ തലശ്ശേരി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനുകീഴിൽ തലശ്ശേരി ഗവൺമെന്റ് കോളേജ് (ചൊക്ലി)-നായി 2000 ലക്ഷം രൂപയും ചൊക്ലി സബ് ട്രഷറിക്കായി 500 ലക്ഷം രൂപയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിരത്തുവിഭാഗത്തിൻ കീഴിൽ മാടപ്പടിക-ഇടയിൽ പീടിക, പൂക്കോട് റോഡ് മെക്കാഡം ടാറിംഗിനായി 200 ലക്ഷം രൂപയും പള്ളിക്കുനി - പെരിങ്ങാടി റോഡ് - മെക്കാഡം ടാറിംഗിനായി 200 ലക്ഷം രൂപയും ചൊക്ലി രജിസ്ട്രാഫീസ്-പൂക്കോം റോഡ് മെക്കാഡം ടാറിംഗിനായി 400 ലക്ഷം രൂപയും കമ്പിപ്പാലം-കതിരൂർ ഗ്രാമ പഞ്ചായത്ത് റോഡിനായി 300 ലക്ഷം രൂപയും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിനുകീഴിൽ കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയിരുന്ന തലശ്ശേരി നിയോജകമണ്ഡലത്തിലെ കുയ്യാലി-കൊളശ്ശേരി-തോട്ടുമ്മൽ - ചോനാടം - കതിരൂർ റോഡിന് 2018-19 ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## കോങ്ങാട് മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് - പ്രവൃത്തികളുടെ പുരോഗതി

82 (941) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 കാലയളവിൽ കോങ്ങാട് മണ്ഡലത്തിൽ പി.ഡബ്ള്യു.ഡി യിൽ നിന്നും ഭരണാനുമതി ലഭിച്ച ആസ്തി വികസന ഫണ്ടിലെ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) ഇതുവരെ ആരംഭിച്ചിട്ടില്ലാത്ത എത്ര പദ്ധതികളാണുള്ളത്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ &ബി) 2016-17 കാലയളവിൽ കോങ്ങാട് മണ്ഡലത്തിൽ പി.ഡബ്ള്യു.ഡി.-യിൽ നിന്നും ഭരണാനുമതി നൽകിയ ആസ്തിവികസന ഫണ്ടിലെ പ്രവൃത്തികൾ ഒന്നും തന്നെയില്ല.

## പൊതുമരാമത്ത് ഭൂമി കയ്യേറ്റം

83 (942) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ നവീകരണത്തിന്റെ ഭാഗമായി ഉപേക്ഷിക്കപ്പെട്ട മുൻ പി. ഡബ്ല്യൂ.ഡി റോഡുകളുടെ ഭാഗങ്ങൾ, നിലവിലെ പി.ഡബ്ല്യൂ.ഡി റോഡുകൾ എന്നിവിടങ്ങളിൽ സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, കച്ചവടക്കാർ എന്നിവർ കയ്യേറുകയോ അല്ലെങ്കിൽ സ്വന്തം ഭൂമിയോട് ചേർക്കുകയോ ചെയ്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് പി.ഡബ്ല്യൂ.ഡി റോഡുകളുടെ എത്ര കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്; എത്ര ഏക്കർ ഭൂമി ഇത് വഴി അന്യാധീനപ്പെട്ടിട്ടുണ്ട്; ഓരോ റോഡുകളുടെയും അന്യാധീനപ്പെട്ട ഭൂമിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കയ്യേറിയ പി.ഡബ്ല്യൂ.ഡി. ഭൂമി തിരിച്ചു പിടിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ റോഡുകളുടെ നവീകരണത്തിന്റെ ഭാഗമായി ഉപേക്ഷിക്കപ്പെട്ട മുൻ പി.ഡബ്ള്യു.ഡി. റോഡുകളുടെ ഭാഗങ്ങളിൽ കയ്യേറ്റമുണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. നിലവിലെ പി.ഡബ്ള്യു.ഡി. റോഡുകളിൽ കയ്യേറ്റമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കയ്യേറ്റങ്ങൾ അവ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി&സി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലെ റോഡുകളിലെ കയ്യേറ്റങ്ങളുടെയും അവയ്ക്ക് സ്വീകരിച്ച നടപടികളുടെയും ലഭ്യമായ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. നിലവിൽ പി.ഡബ്ള്യു.ഡി. നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള ഭൂമികൾ അന്യാധീനപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളിലുണ്ടാകുന്ന അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ കയ്യേറ്റക്കാർക്ക് നിയമാനുസൃതമായി നോട്ടീസ് നൽകി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുന്നതാണ്. ഇത് പൂർണ്ണമല്ല. ദേശീയ പാതകൾ നാലുവരിയായും പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ട് വരിപ്പാതയായും വീതി കൂട്ടി നിർമ്മിക്കുന്നതിലേയ്ക്കുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിവരികയാണ്. ആയവയുടെ പുനർ നിർമ്മാണത്തിനായി ഭൂമിയുടെ സർവ്വേകളും നടന്നുകൊണ്ടിരിക്കുന്നു. ഈ സർവ്വേകൾ പൂർത്തിയാകുമ്പോൾ മാത്രമേ ദേശീയപാതാ വിഭാഗം ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടോ എന്ന് അറിയുവാൻ സാധിക്കുകയുള്ളൂ. കയ്യേറ്റങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് യഥാസമയം കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും ഉടൻ തന്നെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ഉപയോഗിച്ച് ആയവ ഒഴിപ്പിക്കുന്നതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാഞ്ചിക്കാട് കടവ് പാലത്തിന്റെ സ്ഥലം ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാരം

84 (943) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിലെ തിരുപുറം ഗ്രാമപഞ്ചായത്തിലെ പാഞ്ചിക്കാട് കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാരം നൽകുന്നതിനായി 21-2-2017-ൽ അവാർഡ് പാസ്സാക്കിയെങ്കിലും ബന്ധപ്പെട്ട എല്ലാവർക്കും തുക നാളിതുവരെ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 19-4-2017-ൽ ജില്ലാ കളക്ടർ വിളിച്ച യോഗത്തിൽ പി.ഡബ്ല്യു.ഡി റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തിൽനിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ പങ്കെടുക്കാതിരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുമോ;

(സി) പി.ഡബ്ല്യു.ഡി. റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തിലെ ബന്ധപ്പെട്ട ജീവനക്കാരുടെ അനാസ്ഥമൂലം പൊന്നുംവില നടപടികൾ ഡിനോവ(ലാപ്സ്) ആയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) നെയ്യാറ്റിൻകര താലൂക്കിലെ തിരുപുറം ഗ്രാമപഞ്ചായത്തിലെ പാഞ്ചിക്കാട് കടവ് പാലത്തിനും അനുബന്ധ റോഡിന്റെയും നിർമ്മാണത്തിനായി 8 കൈവശക്കാരിൽ നിന്നും നിർമ്മാണത്തിനായി 15.67 ആർ സ്ഥലം 21-2-2017-ൽ അവാർഡ് പാസ്സാക്കി പൊതുമരാമത്ത് വകുപ്പിന് റവന്യൂ വകുപ്പ് കൈമാറി നൽകിയിട്ടുണ്ട്. എന്നാൽ അപ്രോച്ച് റോഡ് പഴയകട ജംഗ്ഷൻ വരെ വീതി കൂട്ടുന്നതിലേയ്ക്കുള്ള 24.03 ആർ സ്ഥലം ഏറ്റെടുക്കലിന്റെ 1894-ലെ LA Act പ്രകാരം നടന്നുവന്ന നടപടിക്രമങ്ങൾ 19-4-2017-ൽ ഡിനോവ ആയതു കാരണം പൂർത്തീകരിക്കാൻ സാധിച്ചില്ല.

(ബി) 19-4-2017-ൽ ജില്ലാ കളക്ടർ വിവിധ ലാന്റ് അക്വിസിഷൻ വർക്കുകൾ സംബന്ധിച്ച ഒരു അവലോകന യോഗമാണ് നടത്തിയത്. ഇതിൽ പൊതുമരാമത്ത് വകുപ്പിനെ പ്രതിനിധീകരിച്ചുള്ള ഉദ്യോഗസ്ഥനും പങ്കെടുത്തിരുന്നു.

(സി) പാഞ്ചിക്കാട് കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് പഴയകട വരെ വീതി കൂട്ടുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്. ടി പൊന്നുംവില നടപടികൾ ഡിനോവ ആയതിനുള്ള കാരണങ്ങൾ താഴെ വിവരിക്കുന്നു :

1. ടി സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് 18-12-2015-ൽ നടന്ന ഡി.എൽ.പി.സി. യോഗത്തിൽ 'ബി' കാറ്റഗറിയിൽ വരുന്ന ഭൂ ഉടമകൾ വില അംഗീകരിച്ചില്ല.

2. ടി അലൈൻമെന്റിൽ ഉൾപ്പെട്ട 9 സർവ്വേ നമ്പരുകൾ മിസ്സിംഗ് ആയിരുന്നു.

3. ടി അലൈൻമെന്റിൽ ഉൾപ്പെട്ടുവന്ന 30-ഓളം ചമയങ്ങളുടെ വാല്യുവേഷൻ തയ്യാറാക്കി നൽകാൻ 02/2017-ൽ മാത്രമാണ് ലിസ്റ്റ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയത്. ഇതിന്റെ വാല്യൂവേഷൻ തയ്യാറാക്കവേ 19-4-2017-ൽ പൊന്നുംവില നടപടികൾ ഡിനോവ ആയി. പൊതുമരാമത്ത് വകുപ്പ് ഡയറക്ട് പർച്ചേസ് നടത്തുന്നതിനുവേണ്ടി വസ്തു ഉടമകളെ ഡി.എൽ.പി. സി.-യിൽ തീരുമാനിച്ച റേറ്റിൽ ഭൂമി വിട്ടുതരുവാൻ സമ്മതമാണോ എന്നറിയാൻ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ആൻസലൻ അവർകളുടെ അദ്ധ്യക്ഷതയിൽ 8-12-2017-ൽ ഒരു യോഗം വിളിച്ചുചേർത്തു. എന്നാൽ 18-12-2015-ൽ കൂടിയ ഡി.എൽ.പി.സി. യോഗത്തിൽ തീരുമാനിച്ച വില തങ്ങൾ അംഗീകരിച്ചിട്ടില്ലെന്നും ടി തുകയ്ക്ക് സ്ഥലം വിട്ടുതരാൻ തയ്യാറല്ലെന്നും വസ്തു ഉടമകൾ അറിയിച്ചു.

ആയതിനാൽ പാലത്തിന്റെ അപ്രോച്ച് റോഡ് പഴയകട വരെ വീതി കൂട്ടുന്നതിന് ആവശ്യമായ സ്ഥലം മിസ്സിംഗ് സർവ്വേ നമ്പരുകൾ ഉൾപ്പെടെ 38 സബ് ഡിവിഷൻ ഉൾപ്പെട്ട വസ്തു പുതിയ എൽ.എ. നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന തയ്യാറാക്കി ജില്ലാ കളക്ടർക്ക് 16-1-2018-ൽ സമർപ്പിച്ചിട്ടുണ്ട്.

**ആധാര രജിസ്ട്രേഷൻ**

85 (944) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം എത്ര ആധാരങ്ങൾ രജിസ്റ്റർ ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വരുമാനം മുൻവർഷത്തേതുമായി താരതമ്യം ചെയ്യാമോ; ആയതിന്റെ വരുമാന നഷ്ടം വ്യക്തമാക്കാമോ;

(സി) നോട്ട് നിരോധനം സംസ്ഥാനത്തെ ആധാര രജിസ്ട്രേഷൻ മേഖലയെ എങ്ങനെ ബാധിച്ചു എന്നറിയിക്കാമോ; ഇപ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി എത്ര ശതമാനമായാണ് നിശ്ചയിച്ചിരിക്കുന്നത്; ആയത് കുറയ്ക്കുന്ന കാര്യം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷം (2018 ജനുവരി വരെ) 7,12,404 ആധാരങ്ങൾ രജിസ്റ്റർ ചെയ്തു.

റവന്യൂ കളക്ഷൻ 2017-18 (2018 ജനുവരി വരെ)

| ക്രമ നമ്പർ | ജില്ല | സ്റ്റാമ്പ് ഡ്യൂട്ടി (തുക കോടിയിൽ) | രജിസ്ട്രേഷൻ ഫീസ് തുക കോടിയിൽ) | ആകെ (തുക കോടിയിൽ) | ആധാരങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 232.03 | 85.01 | 317.04 | 78297 |
| 2. | കൊല്ലം | 97.12 | 37.89 | 135.01 | 58128 |
| 3. | പത്തനംതിട്ട | 49.98 | 20.80 | 70.78 | 24781 |
| 4. | ആലപ്പുഴ | 72.49 | 30.06 | 102.55 | 39723 |
| 5. | കോട്ടയം | 124.05 | 48.55 | 172.60 | 40378 |
| 6. | ഇടുക്കി | 46.90 | 17.70 | 64.60 | 19393 |
| 7. | എറണാകുളം | 473.61 | 163.99 | 637.60 | 70226 |
| 8. | തൃശ്ശൂർ | 200.25 | 77.46 | 277.71 | 67588 |
| 9. | പാലക്കാട് | 92.49 | 36.64 | 129.13 | 58185 |
| 10. | മലപ്പുറം | 103.82 | 45.61 | 149.43 | 87684 |
| 11. | കോഴിക്കോട് | 123.21 | 49.20 | 172.42 | 63546 |
| 12. | വയനാട് | 25.45 | 10.08 | 35.53 | 17504 |
| 13. | കണ്ണൂർ | 96.38 | 40.40 | 136.78 | 56627 |
| 14. | കാസർഗോഡ് | 38.56 | 17.33 | 55.89 | 30344 |
| | ആകെ | 1776.31 | 680.73 | 2457.06 | 7,12,404 |

(ബി) ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് മുൻവർഷത്തെ അപേക്ഷിച്ച് നടപ്പുവർഷം നാളിതുവരെ (2018 ജനുവരി വരെ) 7508 ആധാരങ്ങളുടെയും വരുമാനത്തിൽ 382.59 കോടി രൂപയുടെയും വർദ്ധനവുണ്ടായിട്ടുണ്ട്. ആയതിനാൽ വരുമാന നഷ്ടമുണ്ടായിട്ടില്ല.

(സി) 2016-17 സാമ്പത്തികവർഷം നോട്ട് നിരോധനത്തിനുമുമ്പുള്ള കാലയളവിൽ (2016 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) പ്രതിമാസ ശരാശരി നികുതി വരുമാനം 220.98 കോടി രൂപയായിരുന്നു. നോട്ട് നിരോധനമുണ്ടായിരുന്ന കാലയളവിൽ (2016 നവംബർ മുതൽ 2017 ജനുവരി വരെ) പ്രതിമാസ ശരാശരി നികുതി വരുമാനം 175.87 കോടി രൂപയായി കുറഞ്ഞു. നോട്ട് നിരോധനത്തിനു ശേഷം (2016 നവംബർ മുതൽ 2017 മാർച്ച് വരെ) പ്രതിമാസ ശരാശരി നികുതി വരുമാനം 221.37 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട കരണങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് സംബന്ധിച്ച് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയ പട്ടിക അനുബന്ധമായി* ചേർക്കുന്നു. മുദ്രവില നിരക്ക് കുറയ്ക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## സ്റ്റാമ്പ് പേപ്പറുകളുടെ ക്ഷാമം

86(945) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാമ്പ് പേപ്പറുകൾക്ക് ക്ഷാമം നേരിടുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഏതൊക്കെ നിരക്കിലുള്ള സ്റ്റാമ്പ് പേപ്പറുകൾക്കാണ് ക്ഷാമമെന്ന് വെളിപ്പെടുത്താമോ;

(സി) സ്റ്റാമ്പ് പേപ്പറുകളുടെ ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ-സി) സംസ്ഥാനത്ത് ചെറിയ ഡിനോമിനേഷൻ മുദ്രപ്പത്രങ്ങൾക്ക് ചില ജില്ലകളിൽ ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. 50, 100 രൂപ നിരക്കിലുള്ള നോൺ ജുഡീഷ്യൽ സ്റ്റാമ്പ് പേപ്പറുകൾക്കാണ് ക്ഷാമം നേരിട്ടിരുന്നത്. സ്റ്റാമ്പ് പേപ്പറുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാനത്ത് അധികമായി സ്റ്റോക്കുള്ള 1 രൂപ മുതൽ 5 രൂപ വരെയുള്ള നോൺജുഡീഷ്യൽ സ്റ്റാമ്പ് പേപ്പറുകൾ 50 രൂപ മൂല്യമുള്ളവയായും, 7 രൂപ മുതൽ 10 രൂപ വരെ മൂല്യമുള്ളവയെ 100 രൂപയുടെ സ്റ്റാമ്പ് പേപ്പറായും പുനർമൂല്യനിർണ്ണയം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. പുനർമൂല്യനിർണ്ണയം നടത്തിയ സ്റ്റാമ്പ് പേപ്പറുകൾ പൊതുജനങ്ങൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഭ്യമായി തുടങ്ങിയിട്ടുണ്ട്. കൂടാതെ നിലവിൽ 50, 100 രൂപ വിലയുള്ള മുദ്രപ്പത്രങ്ങൾ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും ഒട്ടും സ്റ്റോക്കില്ലാത്ത ട്രഷറികളിലേയ്ക്ക് നൽകുന്നതിന് നടപടിയെടുത്ത് ദൗർലഭ്യം പരിഹരിച്ചിട്ടുണ്ട്. ടി ഇനം മുദ്രപ്പത്രങ്ങൾക്ക് കൃത്രിമക്ഷാമം സൃഷ്ടിക്കുന്നത് തടയാനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 31-3-2018 വരെ ആവശ്യം വരുന്ന മുദ്രപ്പത്രങ്ങൾ അച്ചടിക്കുന്നതിനുള്ള ഇൻഡന്റ് നാസിക് പ്രസ്സ് അധികാരികൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 30-9-2017 വരെയുള്ള ഇൻഡന്റിന്റെ 30% മുൻകൂർ തുക പ്രസ്സിന് നൽകിയിട്ടുണ്ട്. 1-4-2017 മുതൽ 30-9-2017 വരെയുള്ള കാലയളവിലേയ്ക്ക് ഇൻഡന്റ് നൽകിയതും അച്ചടി പൂർത്തിയായതുമായ മുദ്രപ്പത്രങ്ങൾ നാസിക്കിൽ നിന്നും കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഹൈദരാബാദ് സെക്യൂരിറ്റി പ്രസ്സിൽ നിന്നും അച്ചടി പൂർത്തിയായ മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും കൈപ്പറ്റി കൊണ്ടുവരുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിലെ രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം

87(946) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ എത്ര രജിസ്ട്രാർ ഓഫീസുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിലെ അന്നമനട, എരുമപ്പെട്ടി, ഇരിങ്ങാലക്കുട, കോട്ടപ്പടി, വാടാനപ്പിള്ളി, അന്തിക്കാട് എന്നീ 6 സബ് രജിസ്ട്രാർ ഓഫീസുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നത്.

(ബി) വാടാനപ്പിള്ളി, അന്തിക്കാട് എന്നീ രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിട നിർമ്മാണപ്രവർത്തനം നടന്നുവരുന്നു. ഇരിങ്ങാലക്കുട സബ് രജിസ്ട്രാർ ഓഫീസിന് മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭിച്ചിട്ടുണ്ട്. മറ്റു ള്ളവയ്ക്ക് സർക്കാർ പുറമ്പോക്കോ/സ്വകാര്യ വ്യക്തികളിൽ നിന്നും ദാനമായോ ഭൂമി ലഭ്യമാകുന്നമുറയ്ക്ക് കെട്ടിട നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## മട്ടാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് വിഭജനം

88(947) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് പള്ളുരുത്തിയിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടു ള്ള നടപടി വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) മട്ടാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് പള്ളുരുത്തിയിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് നൽകിയിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## ഭൂമിയുടെ ആധാരങ്ങൾ കമ്പ്യൂട്ടറൈസേഷൻ നടത്തുന്ന നടപടികൾ

89(948) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ആധാരങ്ങൾ കമ്പ്യൂട്ടറൈസേഷൻ നടത്തുന്ന നടപടികളുടെ പുരോഗതികൾ വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം തരത്തിലുള്ള ആധാരങ്ങളാണ് കമ്പ്യൂട്ടറിൽ പകർത്തുന്നത്; ഇതിന് നിശ്ചിത കാലാവധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) രജിസ്ട്രേഷൻ-റവന്യൂ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ഇതിനായി പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ജൻമമല്ലാത്തതും പട്ടയം ലഭിക്കാത്തതുമായ ആധാരങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ ഇപ്പോൾ നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതിക്ക് പദ്ധതിരേഖ തയ്യാറാക്കുന്നതിന് സി.ഡിറ്റി.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) രജിസ്റ്റർ ചെയ്യുന്ന എല്ലാ ആധാരങ്ങളും ഡിജിറ്റൈസ് ചെയ്യുന്നതാണ്. കാലാവധി നിശ്ചയിച്ചിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇല്ല.

## ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്ക് - സ്ഥലമേറ്റെടുക്കുന്നതിന് സ്റ്റാംമ്പ് ഡ്യൂട്ടി ഇളവ്

90(949) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്കിന്റെ നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കുന്നതിന് സ്റ്റാംപ് ഡ്യൂട്ടി ഇളവ് ലഭ്യമാക്കുന്നത് സംബന്ധിച്ച കെ.എസ്.ഐ.ഡി.സി.-യുടെ അപേക്ഷയിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നിയമവകുപ്പിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമ വകുപ്പിൽ നിന്നും ലഭിച്ച അഭിപ്രായം എന്തായിരുന്നുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ 1-1-2016 മുതൽ 30-4-2016 വരെയുള്ള മന്ത്രിസഭാ യോഗതീരുമാനങ്ങൾ പുനഃപരിശോധിക്കുന്ന തിനായി രൂപീകരിച്ചിട്ടുള്ള മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ടിൽ ഇക്കാര്യം സംബന്ധിച്ച 8121 നമ്പർ തീരുമാനം പുനഃപരിശോധിക്കേണ്ടതില്ലെന്ന് തീരുമാനി ച്ചതായി നിയമവകുപ്പ് അറിയിച്ചിട്ടുണ്ട്.

## റെയിൽവേ വികസനം

91(950) ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. സി. കെ. നാണു :

ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേയുടെ പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണ പദ്ധതികൾ എന്നിവയുടെ നിലവിലെ അവസ്ഥയെന്താണെന്നും പ്രസ്തുത പ്രവൃത്തികൾ ഏതുവർഷം മുതലാണ് ആരംഭിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ റെയിൽവേ ലൈൻശേഷിയുടെ എത്ര ശതമാനമാണ് ഇപ്പോഴത്തെ ഗതാഗതനിരക്കെന്ന് വെളിപ്പെടുത്തുമോ;

(സി) സുഗമമായ ഗതാഗതത്തിന് പുതിയ തീവണ്ടികൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ; അനുവദിച്ചാൽ ഇന്നത്തെ അവസ്ഥയിൽ സുഗമമായി സർവ്വീസ് നടത്താൻ സാധ്യമാകുമോ; വിശദാംശം വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരളത്തിലെ വിവിധ പാതകളുടെ ഇരട്ടിപ്പും വൈദ്യുതീകരണവും സംബന്ധിച്ച വിഷയങ്ങളിലുണ്ടാകുന്ന കാലതാമസം പരിഹരിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി റെയിൽവേ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ നിർമ്മിക്കുവാനുള്ള പദ്ധതി കെ.ആർ.ഡി.സി. ഏറ്റെടുത്തിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ നിലവിലുള്ള പാത ഏറെക്കുറെ (കൊല്ലം-പുനലൂർ, ഷൊർണ്ണൂർ - നിലമ്പൂർ, പാലക്കാട് ജംഗ്ഷൻ - പൊള്ളാച്ചി പാതകൾ ഒഴികെ) മുഴുവൻ വൈദ്യുതീകരിച്ചതാണ്. പുതിയ പാതകളുടെ വൈദ്യുതീകരണം അത് പ്രവൃത്തിയുടെ അവസാനഘട്ടത്തിലാണ് നടപ്പിലാക്കുക. എല്ലാ പുതിയ പാതകൾക്കും വൈദ്യുതീകരണം ചെയ്യുവാനായിട്ടുള്ള തീരുമാനം റെയിൽവേ കൈക്കൊണ്ടിട്ടുണ്ട്. മംഗലാപുരം മുതൽ തിരുവനന്തപുരം വരെയുള്ള ഡബിളിംഗ് വർക്ക് തുടങ്ങിയിട്ട് രണ്ട് പതിറ്റാണ്ടാവുകയും പൂർത്തീകരിക്കുകയും ചെയ്തു. (എറണാകുളം മുതൽ കായംകുളം വരെ വെവ്വേറെ പാതയായിട്ടാണ് റെയിൽവേ ലൈൻ പോകുന്നത്.)

(ബി)

| റെയിൽവേ ലൈൻ | ശതമാനം |
|---|---|
| എറണാകുളം - ഷൊർണ്ണൂർ | 115% |
| എറണാകുളം - കായംകുളം (കോട്ടയം വഴി) | 105% |
| കായംകുളം - തിരുവനന്തപുരം | 80% |
| ഷൊർണ്ണൂർ-മാംഗളൂർ | 75% |
| പോടന്നൂർ - പാലക്കാട് | 102.9% |
| പാലക്കാട് - ഷൊർണ്ണൂർ | 77.69% |
| ഷൊർണ്ണൂർ - കാലിക്കറ്റ് | 75.74% |
| കാലിക്കറ്റ് - കണ്ണൂർ | 67.80% |
| കണ്ണൂർ- നേത്രാവതി | 61.49% |
| ഷൊർണ്ണൂർ - നിലമ്പൂർ | 102.82% |
| പാലക്കാട് - പൊള്ളാച്ചി | 20.5% |

(സി) പുതിയതായി ട്രെയിനുകൾ അനുവദിച്ചിട്ടില്ല. കേരളം ആവശ്യപ്പെട്ടത് താഴെപ്പറയുന്ന തീവണ്ടികളാണ്.

1. ശതാബ്ദി എക്സ്പ്രസ് (തിരുവനന്തപുരം-കൊച്ചി)
2. രാജധാനി എക്സ്പ്രസ് (തിരുവനന്തപുരം-ന്യൂഡൽഹി (ആഴ്ചയിൽ അഞ്ച് തവണ)
3. തിരുവനന്തപുരം -മൈസൂർ എക്സ്പ്രസ് (2014-ൽ അനുവദിച്ച ട്രെയിൻ)
4. നിലമ്പൂർ- തിരുവനന്തപുരം പ്രതിദിന എക്സ്പ്രസ് ആവശ്യപ്പെട്ടത് അനുവദിച്ചാൽ സുഗമമായി സർവ്വീസ് നടത്താൻ സാധിക്കും.

## റെയിൽവേ വികസനം

92(951) ശ്രീ. പി. കെ. ശശി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതയിരട്ടിപ്പ്, പുതിയ പാതകൾ, പാതകളുടെ വൈദ്യുതീകരണം തുടങ്ങി റെയിൽവേ വികസനത്തിന് അനിവാര്യമായ പദ്ധതികളിൽ ഇത്തവണയും സംസ്ഥാനത്തിന് പരിഗണന നൽകാതിരുന്ന കേന്ദ്രസർക്കാർ നടപടി പുനഃപരിശോധിക്കാൻ ആവശ്യപ്പെടുമോ;

(ബി) കഞ്ചിക്കോട് കോച്ച് ഫാക്ടറിക്ക് സംസ്ഥാന സർക്കാർ നാന്നൂറ്റി മുപ്പത്തൊമ്പത് ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകിയെങ്കിലും പദ്ധതി ആരംഭിക്കാൻ തുക വകയിരുത്താത്ത വിവേചനപരമായ നിലപാട് തിരുത്താൻ വേണ്ട സമ്മർദ്ദം ചെലുത്തുമോ;

(സി) സംസ്ഥാന സർക്കാർ-റെയിൽവേ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഏതൊക്കെ പദ്ധതികളാണ് നിർദ്ദേശിച്ചിരുന്നതെന്നും അവയിൽ ഏതെങ്കിലും പദ്ധതിക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്നും അറിയിക്കാമോ?

### ഉത്തരം

(എ&ബി) കേരളത്തിലെ വിവിധ പാതകളുടെ ഇരട്ടിപ്പും വൈദ്യുതീകരണവും സംബന്ധിച്ച വിഷയങ്ങളിലുണ്ടാകുന്ന കാലതാമസം പരിഹരിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി റെയിൽവേ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ നിർമ്മിക്കുവാനുള്ള പദ്ധതി കെ.ആർ.ഡി.സി. ഏറ്റെടുത്തിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ നിലവിലുള്ള പാത ഏറെക്കുറെ (കൊല്ലം-പുനലൂർ പാത ഒഴികെ) മുഴുവൻ വൈദ്യുതീകരിച്ചതാണ്. പുതിയ പാതകളുടെ വൈദ്യുതീകരണം അത് പ്രവൃത്തിയുടെ അവസാനഘട്ടത്തിലാണ് നടപ്പിലാക്കുക. എല്ലാ പുതിയ പാതകൾക്കും വൈദ്യുതീകരണം ചെയ്യുവാനായിട്ടുള്ള തീരുമാനം റെയിൽവേ കൈക്കൊണ്ടിട്ടുണ്ട്. റെയിൽവേ വികസനത്തിന് അനിവാര്യമായ പദ്ധതികളിൽ സംസ്ഥാനത്തിന് പ്രത്യേക പരിഗണന നൽകാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കഞ്ചിക്കോടിലെ റെയിൽ കോച്ച് ഫാക്ടറി ഇനിയും ആരംഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി എത്രയുംപെട്ടെന്ന് ആരംഭിക്കുവാനായി കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തുകൾ അയയ്ക്കുകയും എം.പി.മാർ വഴിയും ഉദ്യോഗസ്ഥ തലത്തിലും സമ്മർദ്ദം ചെലുത്തുകയും ചെയ്തുവരുന്നു.

(സി) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിയ താഴെപ്പറയുന്ന പദ്ധതികൾ ഡിസംബർ അവസാനവാരം റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

1. തലശ്ശേരി - മൈസൂർ ബ്രോഡ്ഗേജ് പാത
2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ
3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേയ്ക്കുള്ള ബ്രോഡ്ഗേജ് ലൈൻ
4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

   സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ ഉൾപ്പെടെ മുകളിൽ പ്രസ്താവിച്ച നാല് പദ്ധതികളുടെയും പ്രാഥമിക സാധ്യതാ പഠന റിപ്പോർട്ടുകൾ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിന്മേൽ റെയിൽവേ ബോർഡിൽ നിന്നുള്ള പ്രതികരണം ഇനിയും ലഭിച്ചിട്ടില്ല.

**പാലക്കാട് ജില്ലയുടെ റെയിൽവേ വികസനം**

93(952) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്നിന്ന് തിരുവനന്തപുരം വരെ ഉച്ചക്ക് 12 മണി മുതൽ രാത്രി പത്ത് മണി വരെ ട്രെയിനുകൾ ഒന്നുംതന്നെയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊള്ളാച്ചി വഴി രാമേശ്വരം, ഗുരുവായൂർ-മധുര, മധുര-മംഗലാപുരം, പഴനി-എറണാകുളം എന്നീ റൂട്ടുകളിൽ കൂടുതൽ ട്രെയിനുകൾ അനുവദിക്കുന്ന കാര്യത്തിൽ റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധ ക്ഷണിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഷൊർണ്ണൂരിൽ യാത്ര അവസാനിപ്പിക്കുന്ന വേണാട് എക്സ്പ്രസ് ട്രെയിൻ പാലക്കാട്‌വരെ നീട്ടുന്ന വിഷയം റെയിൽവേ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുമോ;

(ഡി) പുതിയതായി പൂർത്തീകരിക്കപ്പെട്ട പാലക്കാട് പൊള്ളാച്ചി റൂട്ടിൽ അധിക ട്രെയിൻ അനുവദിക്കുന്ന കാര്യം റെയിൽവേ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട്നിന്ന് തിരുവനന്തപുരം വരെ ഉച്ചയ്ക്ക് 12 മണി മുതൽ രാത്രി പത്ത് മണി വരെ പ്രതിവാര ട്രെയിൻ സർവ്വീസുകൾ നിലവിലുണ്ട്. കൂടാതെ ആലപ്പുഴ, എറണാകുളം, പുനലൂർ എന്നിവിടങ്ങളിലേയ്ക്ക് പ്രതിദിന എക്സ്പ്രസ് ട്രെയിനുകളും, പാലക്കാട് വഴി എറണാകുളത്തേയ്ക്ക് നാല് പ്രതിവാര എക്സ്പ്രസ് ട്രെയിനുകളും സർവ്വീസ് നടത്തിവരുന്നു.

(ബി) നിലവിൽ പാലക്കാട്-പൊള്ളാച്ചി സെക്ഷനിൽ വിവിധ ട്രെയിനുകൾ സർവ്വീസ് നടത്തിവരുന്നു. ഇവയ്ക്കുപുറമേ പാലക്കാട് ജംഗ്ഷനിൽ നിന്നും പൊള്ളാച്ചി, പളനി, മധുര വഴി രാമേശ്വരം വരെയും തിരികെയുള്ള പ്രതിദിന എക്സ്പ്രസ് ട്രെയിൻ, പാലക്കാട് ജംഗ്ഷനിൽനിന്നും പൊള്ളാച്ചി വഴി പളനിവരെയും തിരികെയുള്ള 3 പാസഞ്ചർ ട്രെയിനുകൾ, മംഗലാപുരത്തുനിന്നും പാലക്കാട് ടൗൺ, പൊള്ളാച്ചി വഴി രാമേശ്വരം വരെയും തിരികെയുള്ള എക്സ്പ്രസ് ട്രെയിൻ എന്നിവയ്ക്കുള്ള ശിപാർശകൾ റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) ഷൊർണ്ണൂരിൽ യാത്ര അവസാനിപ്പിക്കുന്ന വേണാട് എക്സ്പ്രസ് ട്രെയിൻ പാലക്കാട് വരെ നീട്ടുന്ന വിഷയം പരിശോധിച്ചുവെങ്കിലും നിലവിലെ സമയക്രമമനുസരിച്ച് ആയത് നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

(ഡി) പുതിയതായി പൂർത്തീകരിക്കപ്പെട്ട പാലക്കാട്-പൊള്ളാച്ചി റൂട്ടിൽ അധിക ട്രെയിൻ അനുവദിക്കുന്നതിലേയ്ക്കുള്ള ശിപാർശ റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കൽ പദ്ധതി

94(953) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം- കന്യാകുമാരി പാത ഇരട്ടിപ്പിക്കൽ പദ്ധതിയുടെ ഭാഗമായി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പുന്നക്കാട് മുതൽ അമരവിള വരെയുള്ള റെയിൽ പാതയുടെ ഏതുവശത്താണ് പുതിയ പാത വരുന്നത് എന്ന് വിശദമാക്കാമോ;

(ബി) റെയിൽ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര - കാട്ടാക്കട റോഡിൽ പാലം പണിയുമ്പോൾ ഗതാഗതം ഏത് വഴിയാണ് തിരിച്ചുവിടാൻ ഉദ്ദേശിക്കുന്നത് ;

(സി) തിരുവനന്തപുരം- കന്യാകുമാരി പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പുന്നക്കാട് മുതൽ അമരവിള വരെ എത്ര ഏക്കർ സ്ഥലം ആണ് റെയിൽവേ ഏറ്റെടുക്കുന്നത്; അതിൽ എത്ര വീടുകൾ ഉണ്ട് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കൽ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം-നെയ്യാറ്റിൻകര ഭാഗത്ത് നിലവിലുള്ള റെയിൽ പാതയുടെ ഇടതു വശത്താണ് പുതിയ റെയിൽവേ ലൈൻ സ്ഥാപിക്കുന്നത്. അതേസമയം നെയ്യാറ്റിൻകര-കന്യാകുമാരി ഭാഗത്ത് നിലവിലുള്ള റെയിൽ പാതയുടെ വലതു വശത്താണ് പുതിയ റെയിൽവേ ലൈൻ സ്ഥാപിക്കുന്നത്.

(ബി) ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

(സി) തിരുവനന്തപുരം മുതൽ നേമം വരെയുള്ള റെയിൽ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പിന് 7.90 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള അർത്ഥന മാത്രമേ റെയിൽവേ ലഭ്യമാക്കിയിട്ടുള്ളൂ. വീടുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

**മങ്കട നിയോജക മണ്ഡലത്തിലെ റെയിൽവേ ഓവർ ബ്രിഡ്ജ്**

95 (954) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ അങ്ങാടിപ്പുറം മാനത്ത് മംഗലം ബൈപ്പാസിൽ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 10 കോടി രൂപ അനുവദിച്ച ഉത്തരവിന്മേൽ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റെയിൽ ഓവർ ബ്രിഡ്ജുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികളിൽ കാലതാമസം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ; ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മങ്കട നിയോജക മണ്ഡലത്തിലെ അങ്ങാടിപ്പുറം മാനത്ത് മംഗലം ബൈപ്പാസിൽ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനായി 17-1-2011-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 73/2011/പൊ.മ.വ. പ്രകാരം

10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസിന്റെ അംഗീകരിച്ച അലൈൻമെന്റ് അനുസരിച്ചുള്ള അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 10-6-2015-ന് പൂർത്തിയായതാണ്. പിന്നീട് അലൈൻമെന്റ് മാറ്റിയത് ഫിക്സ് ചെയ്യുന്നതിനു ള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ആയിട്ടുണ്ട്.

(ബി) ഓരാടംപാലം - മാനത്തുമംഗലം ബൈപ്പാസ് റോഡ് അലൈൻമെന്റിൽ വരുന്ന ഭാഗം റെയിൽവേ ഓവർ ബ്രിഡ്ജ് അംഗീകരിച്ച അലൈൻമെന്റിൽ ഓവർബ്രിഡ്ജ് ഏഴുകണ്ണി പാലത്തിന് മുകളിലൂടെയായിരുന്നു. എന്നാൽ ഓവർബ്രിഡ്ജിന്റെ തൂണുകൾ നിലവിലെ നീരൊഴുക്കിന് തടസ്സമാകാൻ സാധ്യത ഉണ്ടെന്നും ആയതിനാൽ ഓവർബ്രഡ്ജ് ഭാഗത്ത് അലൈൻമെന്റ് മാറ്റം വേണമെന്നും റെയിൽവേ നിർദ്ദേശിച്ചിരുന്നു. ആയതിനാൽ ഓവർബ്രിഡ്ജ് ഭാഗത്ത് പുതിയ അലൈൻമെന്റ് അംഗീകാരം ആയാൽ മാത്രമേ സ്ഥലം ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. അലൈൻമെന്റിൽ ഏഴുകണ്ണി പാലം ഭാഗം പ്രവൃത്തി റെയിൽവേ സ്റ്റേഷൻ ഭാഗത്തേയ്ക്ക് മാറ്റിയ പുതിയ അലൈൻമെന്റ് സ്കെച്ചും, വെർട്ടിക്കൽ പ്രൊഫൈൽ സ്കെച്ചും തയ്യാറാക്കിവരുന്നു. അതിർത്തിക്കല്ലുകൾ പുനഃസ്ഥാപിക്കാനും വിശദമായ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുന്നതിന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയും ടെണ്ടർ ആയിട്ടുണ്ട്.

## റെയിൽവേ പരീക്ഷയിൽ മലയാളത്തെ ഒഴിവാക്കിയ നടപടി

96(955) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണ റെയിൽവെ നടത്തുന്ന ഗ്രൂപ്പ് ഡി. തസ്തികയിലേക്കുള്ള എഴുത്തു പരീക്ഷയിൽനിന്നും മലയാളത്തെ ഒഴിവാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽനിന്ന് കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം കിട്ടുന്ന പ്രസ്തുത തസ്തികയിൽ പ്രാദേശിക ഭാഷയായ മലയാളത്തെ മാത്രം ഒഴിവാക്കിയത് മലയാളികൾക്ക് അവസരം നഷ്ടപ്പെടുത്തുന്ന ഒരു തീരുമാനമാകയാൽ പ്രസ്തുത തീരുമാനം പിൻവലിക്കുന്ന കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ദക്ഷിണ റെയിൽവേ നടത്തുന്ന ഗ്രൂപ്പ് ഡി തസ്തികയിലേയ്ക്കുള്ള എഴുത്തുപരീക്ഷയിൽ നിന്നും മലയാളത്തെ ഒഴിവാക്കിയെങ്കിലും മന്ത്രി ജി. സുധാകരൻ കേന്ദ്രമന്ത്രി ശ്രീ. പീയുഷ് ഗോയലിനും ചെന്നൈ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്

ചെയർമാനും നൽകിയ കത്തിൽ മലയാളത്തെ ഉൾപ്പെടുത്തുന്നതിന് സത്വരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ടു. ഇതിൻപ്രകാരം മലയാളത്തെ ഒഴിവാക്കിയത് അബദ്ധവശാൽ സംഭവിച്ചതാണെന്നും മലയാളത്തെ ഉൾപ്പെടുത്തി തിരുത്ത് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണെന്നും റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് ചെയർമാൻ അറിയിച്ചു. തിരുത്ത് വിജ്ഞാപനം പുറപ്പെടുവിക്കാൻ നടപടി സ്വീകരിച്ച കേന്ദ്രമന്ത്രിയെ റെയിൽവേയുടെ ചാർജ്ജുള്ള മന്ത്രി ജി. സുധാകരൻ നന്ദി അറിയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സത്വരം ഇടപെട്ട് പരിഹാരത്തിന് വഴികാട്ടുകയുണ്ടായി. റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് ചെയർമാൻ അയച്ച കത്ത് അനുബന്ധമായി ചേർക്കുന്നു*.

## പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം

97(956) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത വർദ്ധനവിന്റെ കണക്ക് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2017-18 അദ്ധ്യയനവർഷത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഒന്നാം ക്ലാസിൽ 12198 കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ അധികമായി ചേർന്നിട്ടുണ്ട്. കൂടാതെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ രണ്ടുമുതൽ ഒമ്പതുവരെയുള്ള ക്ലാസുകളിൽ താഴ്ന്നക്ലാസ്സുകളിൽനിന്നും പ്രൊമോഷൻ കിട്ടിവന്ന കുട്ടികളെ കൂടാതെ 145208 കുട്ടികൾകൂടി അധികമായി പൊതുവിദ്യാലയങ്ങളിൽ ചേർന്നിട്ടുണ്ട്.

(ബി) വർദ്ധനവിന്റെ കണക്ക് ജില്ലാ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന അദ്ധ്യാപകരുടെ മക്കളുടെ കണക്ക്

98 (957) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് സ്കൂൾ അധ്യാപകരുടെ മക്കളിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നവരുടെ കണക്ക് സൂക്ഷിച്ചിട്ടുണ്ടോ;എങ്കിൽ എത്ര ശതമാനമാണെന്ന് അറിയിക്കുമോ; സ്വകാര്യ വിദ്യാലയങ്ങളിൽ പഠിക്കുന്നവരുടെ ശതമാനമെത്രയാണ്; ഇത്തരത്തിൽ കണക്ക് സൂക്ഷിച്ചിട്ടില്ലെങ്കിൽ ആയത് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഇത്തരം അദ്ധ്യാപകരുടെ മക്കളെ പൊതുവിദ്യാലയങ്ങളിൽ ചേർക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ മക്കളിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നവരുടെ കണക്ക് സൂക്ഷിച്ചിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഇല്ല.

(സി) കൂടുതൽ വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ മുഖ്യമായ ഉദ്ദേശ്യം.

## പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന് ബോധവൽക്കരണം ഉൾപ്പെടെ നടപടികൾ

99(958) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ അദ്ധ്യാപക-അനദ്ധ്യാപ കരുൾപ്പെടെ എത്ര ജീവനക്കാർ നിലവിലുണ്ട്; അദ്ധ്യാപകർ എത്ര; അനദ്ധ്യാപകർ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവരിൽ സംസ്ഥാന വിദ്യാഭ്യാസ സംരക്ഷണത്തിനായി എത്ര പേരെ പങ്കെടുപ്പിക്കാനും സേവനം ഉറപ്പുവരുത്താനുമായി സർക്കാരിനും വകുപ്പിനും കഴിഞ്ഞു; ഇവർ നടത്തിയ മുഖ്യമായ സേവനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ (അദ്ധ്യാപക-അനദ്ധ്യാപക) പ്രവർത്തിക്കുന്ന സർക്കാർ ശമ്പളം പറ്റുന്നവരുടെ മക്കൾ സർക്കാർ സ്കൂളിൽ വിദ്യാഭ്യാസം നേടുന്നുണ്ടോ; ഇക്കാര്യത്തിൽ വകുപ്പിന്റെ നിരീക്ഷണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പൊതു വിദ്യാഭ്യാസം സംരക്ഷിക്കേണ്ട സർക്കാർ നടപടികളുടെ ഭാഗമായി വകുപ്പിന് കീഴിലുള്ള സർക്കാർ ശമ്പളം വാങ്ങുന്ന രക്ഷിതാക്കളുടെ മക്കൾ സർക്കാർ സ്കൂളിൽ തന്നെ വിദ്യാഭ്യാസം നടത്തുന്നതിനായി അവർക്ക് ബോധവൽക്കരണം ഉൾപ്പെടെ എന്തുനടപടികൾ വകുപ്പ് സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ അദ്ധ്യാപക – അനദ്ധ്യാപകരുൾപ്പെടെ ഉ ള്ള ജീവനക്കാരുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| വകുപ്പ് | അദ്ധ്യാപകർ | അനദ്ധ്യാപകർ | ആകെ |
|---|---|---|---|
| പൊതുവിദ്യാഭ്യാസ വകുപ്പ് | 163160 | 19219 | 182379 |
| ഹയർ സെക്കണ്ടറി വകുപ്പ് | 27820 | 3074 | 30894 |
| വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പ് | 4276 | 1772 | 6048 |

(ബി) പൊതുവിദ്യാലയങ്ങളിലെ മുഴുവൻ അദ്ധ്യാപകരുടെയും പങ്കാളിത്തം ഉറപ്പാക്കാൻ സഹായകമാകുംവിധം വികസന സെമിനാറുകൾ, അക്കാദമിക മാസ്റ്റർ പ്ലാൻ വികസിപ്പിക്കൽ, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിത വിജയം, ശ്രദ്ധ, നവപ്രഭ തുടങ്ങിയ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. അദ്ധ്യാപകരുടെ വിപുലമായ പങ്കാളിത്തം ഇതിലുണ്ടായിട്ടുണ്ട്.

(സി) വിദ്യാഭ്യാസ വകുപ്പിനുകീഴിൽ (അദ്ധ്യാപക-അനദ്ധ്യാപക) പ്രവർത്തിക്കുന്ന സർക്കാർ ശമ്പളം പറ്റുന്നവരുടെ മക്കൾ സർക്കാർ സ്കൂളിൽ വിദ്യാഭ്യാസം നേടുന്നുണ്ട്. ഇക്കാര്യത്തിൽ വകുപ്പ് പ്രത്യേകം നിരീക്ഷണം നടത്തിയിട്ടില്ല.

(ഡി) നിലവിൽ നടപടിയൊന്നും എടുത്തിട്ടില്ല.

## കേന്ദ്ര വിദ്യാഭ്യാസ പദ്ധതികളുടെ സംയോജനം

100 (959) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിനായി ആരംഭിച്ച കേന്ദ്രസർക്കാർ പദ്ധതികളായ സർവ്വശിക്ഷാ അഭിയാൻ (SSA), രാഷ്ട്രീയമാധ്യമിക് ശിക്ഷാ അഭിയാൻ (RMSA), അദ്ധ്യാപക പരിശീലന പദ്ധതി എന്നിവ സംയോജിപ്പിച്ച് ഒറ്റ പദ്ധതിയാക്കുന്നതിന് കേന്ദ്രസർക്കാർ ആലോചിക്കുന്നതായി അറിയാമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ തീരുമാനത്തിലൂടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ഉത്തരവാദിത്തമായ പൊതു വിദ്യാഭ്യാസം സംസ്ഥാന സർക്കാരിന്റെ മാത്രം ബാധ്യതയാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സർവ്വശിക്ഷ അഭിയാൻ (SSA), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA), എന്നിവ സംയോജിപ്പിച്ച് ഒറ്റ പദ്ധതിയാക്കുന്ന നിർദ്ദേശം കേന്ദ്രസർക്കാർ എല്ലാ സംസ്ഥാനങ്ങളെയും അറിയിച്ചിട്ടുണ്ട്. അതുപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. ടീച്ചർ എഡ്യൂക്കേഷൻ പദ്ധതി എസ്.എസ്.എ, ആർ.എം.എസ്.എ പദ്ധതിയുമായി യോജിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

## നെല്ലിയാമ്പതിയിലെ പോളച്ചിറക്കൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവർത്തനം

101 (960) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ പോളച്ചിറക്കൽ ഹയർസെക്കണ്ടറി സ്കൂളിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; സ്കൂളിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്കൂളിലെ വിദ്യാർത്ഥികൾ നിലവിൽ പഠനം നടത്തുന്നത് ഏതെല്ലാം കേന്ദ്രങ്ങളിലാണെന്ന് വിശദമാക്കുമോ;

(സി) 80% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾ പഠിക്കുന്ന പോളച്ചിറക്കൽ ഹയർസെക്കണ്ടറി സ്കൂൾ ഏറ്റെടുത്ത്, വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള ഭൗതിക സൗകര്യം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. മാനേജർ സ്കൂൾ കെട്ടിടത്തിന്റെ ഫിറ്റ്നസ് സമർപ്പിക്കുന്നതുവരെ സ്കൂളിന്റെ പ്രവർത്തനം ഇപ്പോൾ നടത്തിക്കൊണ്ടുപോകുന്ന നെല്ലിയാമ്പതി ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിൽതന്നെ തുടർന്നുകൊണ്ട് പോകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷ നടത്തിപ്പും വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണം വിതരണം സംബന്ധിച്ച നടപടികളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി&ഡി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C)31810/17-മേലുള്ള വിധിന്യായത്തിന് വിധേയമായി ടി സ്കൂൾ അദ്ധ്യയനം എത്രയും പെട്ടെന്ന് തന്നെ പഞ്ചായത്ത് കെട്ടിടത്തിൽനിന്നും മാറ്റി കെ.ഇ.ആർ അളവിലുള്ള അടിസ്ഥാന സൗകര്യങ്ങളുള്ള കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് പ്രസ്തുത സ്കൂളിന്റെ അറ്റകുറ്റപ്പണികൾ എത്രയും പെട്ടെന്ന് നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി ടി സ്കൂൾ അദ്ധ്യയനം പുനഃസ്ഥാപിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്കൂൾ ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിഗണനയിലില്ല.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

102 (961) <u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആയതിന്റെ ഒന്നാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിരുന്ന സ്കൂളുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഈ സ്കൂളുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ ഏതെല്ലാമെന്ന് വ്യകതമാക്കാമോ;

(സി) എത്ര സ്കൂളുകളുടെ മാസ്റ്റർ പ്ലാനാണ് കിറ്റ്കോ തയ്യാറാക്കിയിട്ടുള്ളതെന്നും ഈ വകയിൽ കിറ്റ്കോയ്ക്ക് അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) മറ്റ് ഏതെങ്കിലും സർക്കാർ അംഗീകൃത ഏജൻസികൾ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഈ ഏജൻസികൾ ഓരോന്നിനുമായി അനുവദിച്ച തുക എത്രയെന്ന വ്യക്തമാക്കാമോ;

(ഇ) ഈ സ്കൂളുകളുടെ നിലവാരം, വിജയശതമാനം, അടിസ്ഥാനസൗകര്യം എന്നിവ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; ഇല്ലെങ്കിൽ പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സ്കൂളുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതുമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

- അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 229 സ്കൂളുകളിൽ 163 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും 70 സ്കൂളുകൾക്ക് കിഫ്ബി മുഖേനയുള്ള ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കൈറ്റിനെ തെരഞ്ഞെടുക്കുകയും അതിന്റെ നേതൃത്വത്തിൽ ടെണ്ടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കു ള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി WAPCOS-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

  പദ്ധതിയുടെ ഭാഗമായി വിവിധ എൽ.പി./യു.പി. സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഇതിനോടകം 140 സ്കൂളുകൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉതകുന്ന തരത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 'കിറ്റ്കോ' എന്ന സർക്കാർ അംഗീകൃത ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) നിലവിൽ 323 സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടാണ് കിറ്റ്കോ തയ്യാറാക്കിയിട്ടുള്ളത്. കൺസൾട്ടൻസി ഫീസ് ഇനത്തിൽ നാളിതുവരെ 3,21,38,000 രൂപ (മൂന്നുകോടി ഇരുപത്തൊന്ന് ലക്ഷത്തി മുപ്പത്തെണ്ണായിരം രൂപ) കിറ്റ്കോയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) വിവിധ സർക്കാർ അംഗീകൃത ഏജൻസികൾ സ്കൂളുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത ഏജൻസികൾക്ക് സർക്കാർ പ്രതിഫലം ഒന്നും തന്നെ അനുവദിച്ച് നൽകിയിട്ടില്ല.

(ഇ) പ്രസ്തുത സ്കൂളുകളുടെ നിലവാരം, വിജയശതമാനം, അടിസ്ഥാനസൗകര്യം എന്നിവ യഥാസമയം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്കൂൾ കുട്ടികൾക്കുള്ള അപകടമരണ ആനുകൂല്യം

103 (962) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് അപകടമരണം സംഭവിച്ചാൽ കുട്ടികൾക്ക് തുടർ പഠനത്തിന് 50000 രൂപ ട്രഷറി നിക്ഷേപം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങൾ നാളിതുവരെ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് അപകടമരണം സംഭവിച്ചാൽ കുട്ടികൾക്ക് തുടർ പഠനത്തിന് 50,000 രൂപ ട്രഷറി നിക്ഷേപം നൽകുന്ന പദ്ധതി ജി.ഒ. (എംഎസ്) നമ്പർ 163/2016/പൊ.വി.വ., തീയതി 30-9-2016 പ്രകാരം ആരംഭിച്ചിട്ടുണ്ട്.

(ബി) സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിട്ടാണ് നടത്തിവരുന്നത്. 30-9-2016-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ തുടർനടപടികൾ സ്വീകരിക്കുകയും അർഹതപ്പെട്ടവർക്ക് ക്ലെയിം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) കുട്ടികളുടെ അപകടം, മരണം എന്നിവ സംഭവിച്ചതു പ്രകാരമുള്ള ക്ലെയിമുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. രക്ഷകർത്താവിന്റെ മരണം സംഭവിക്കുന്നതുമൂലമുള്ള ക്ലെയിമുകൾ ഒന്നുംതന്നെ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. പ്രസ്തുത പദ്ധതി സർക്കാർ പുതുതായി ആരംഭിച്ചതാണ്. ആയതിനാൽ സ്കീമിന്റെ നടത്തിപ്പ് സംബന്ധിച്ചും, അർഹതപ്പെട്ടവരെ തീരുമാനിക്കുന്നതു സംബന്ധിച്ചും കൂടുതൽ വ്യക്തത വരുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക്

104 (963) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം ആരംഭിച്ച് നാളിതുവരെ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് എത്രയാണ് എന്ന് വിശദമാക്കാമോ;

(ബി) ലോവർപ്രൈമറി, അപ്പർപ്രൈമറി., ഹൈസ്കൂൾ തലങ്ങളിലെ കൊഴിഞ്ഞു പോകൽ നിരക്ക് നൽകാമോ;

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞു പോകൽ നിരക്ക് 2017-18 സാമ്പത്തിക വർഷത്തിൽ എത്രയാണ് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 2017-18 സാമ്പത്തിക വർഷത്തെ അടിസ്ഥാനമാക്കി സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് ശേഖരിച്ചിട്ടില്ല. 2017-18 അദ്ധ്യയന വർഷത്തിൽ കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം, വിദ്യാലയ വർഷത്തിന്റെ അവസാനത്തിലാണ് ലഭ്യമാകുക.

## സ്കൂൾ കുട്ടികൾക്കുള്ള വിവിധ പദ്ധതികൾ സംബന്ധിച്ച് ബോധവത്കരണം

105 (964) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളായ സ്നേഹപൂർവ്വം, വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായ പദ്ധതി, വിദ്യാകിരണം, വിദ്യാജ്യോതി എന്നിവ സംബന്ധിച്ച് പല സ്കൂൾ അധികൃതർക്കും അറിവില്ലാത്തതിനാൽ, അർഹരായ പല വിദ്യാർത്ഥികൾക്കും ആയതിന്റെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികൾ സാമൂഹ്യനീതിവകുപ്പുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനും, ആനുകൂല്യങ്ങൾ അർഹർക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ ബോധവത്കരണം സ്കൂൾ അധികൃതർക്ക് ലഭ്യമാക്കുമോ;

(സി) വിദ്യാജ്യോതി, വിദ്യാകിരണം പദ്ധതികൾക്ക് ബജറ്റ് വിഹിതം കുറവായതിനാൽ, അപേക്ഷിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരുടെ പുനർവിന്യാസം

106 (965) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ കുറവ് കാരണം തസ്തിക നഷ്ടപ്പെട്ട എത്ര അദ്ധ്യാപകരെയാണ് പുനർവിന്യാസത്തിലൂടെ സംരക്ഷിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരം 2017-18 വർഷം തസ്തിക നഷ്ടമായ 3848 സംരക്ഷിതാദ്ധ്യാപകരെ താൽക്കാലികമായി പുനർവിന്യസിച്ചിട്ടുണ്ട്. ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 412 |
| കൊല്ലം | 454 |
| ആലപ്പുഴ | 272 |
| പത്തനംതിട്ട | 198 |
| കോട്ടയം | 104 |
| ഇടുക്കി | 15 |
| എറണാകുളം | 394 |
| തൃശ്ശൂർ | 406 |
| പാലക്കാട് | 461 |
| മലപ്പുറം | 340 |
| കോഴിക്കോട് | 433 |
| വയനാട് | 13 |
| കണ്ണൂർ | 294 |
| കാസർഗോഡ് | 52 |
| ആകെ | 3848 |

## ജില്ലാ വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്

107 (966) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ (ഡയറ്റ്) പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ പകുതിയിലധികം അദ്ധ്യാപക തസ്തികകളും ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഏത് വർഷമാണ് ഡയറ്റിൽ അവസാനമായി അദ്ധ്യാപക നിയമനം നടന്നത്; ആകെ എത്ര അദ്ധ്യാപക തസ്തികകളാണ് ഡയറ്റിൽ ഉള്ളത്; അതിൽ എത്ര തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഓരോ ജില്ലയിലും ഇപ്പോൾ ഡയറ്റ് മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ഇ) ഡയറ്റുകളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നത് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം ഭാവിയിൽ പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) 2009 ജനുവരി മാസത്തിലാണ് ഡയറ്റുകളിൽ അദ്ധ്യാപക നിയമനം അവസാനമായി നടത്തിയിട്ടുള്ളത്. 14 പ്രിൻസിപ്പാൾ, 86 സീനിയർ ലക്ചറർ, 139 ലക്ചറർ ഉൾപ്പെടെ ആകെ 239 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇവയിൽ സീനിയർ ലക്ചറർ 55, ലക്ചറർ തസ്തിക 93 ഉൾപ്പെടെ ആകെ 148 തസ്തികകളിൽ ഒഴിവ് നിലവിലുണ്ട്.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ടീച്ചർ എഡ്യൂക്കേഷന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഡയറ്റുകളിൽ 2017-18 വർഷത്തിൽ നടപ്പിലാക്കുന്നതിന് കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം അംഗീകാരം നൽകിയ ചുവടെ സൂചിപ്പിക്കുന്ന ശീർഷകങ്ങളിലെ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലെയും ഡയറ്റുകളിൽ നടന്നുവരുന്നു.

1. റിസർച്ച് ആന്റ് ആക്ഷൻ റിസർച്ച്
2. റിസോഴ്സ് സെന്റർ ആന്റ് ഡോക്യുമെന്റേഷൻ
3. ട്രെയിനിംഗ്
4. ഇന്നവേഷൻ
5. കണ്ടന്റ് ആന്റ് മെറ്റീരിയൽ ഡെവലപ്മെന്റ്
6. ഓൺസൈറ്റ് സപ്പോർട്ട്
7. ഡയറ്റ് ഫാക്കൽറ്റികൾക്കായുള്ള ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം.

(ഇ) ഡയറ്റുകളിലെ ലക്ചറർ തസ്തികകളിൽ സ്ഥിരം നിയമനം നടത്തുന്നതുവരെ അന്യത്രസേവന വ്യവസ്ഥയിൽ താൽക്കാലിക നിയമനം നടത്തുന്ന കാര്യം പരിഗണനയിലുണ്ട്.

## ഹൈസ്കൂൾ തലത്തിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ

108 (967) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾതലത്തിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് ഉയർന്നുവരുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണമെന്തെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(ബി) ഇത്തരത്തിൽ കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരം വിദ്യാർത്ഥികളെ സ്കൂളുകളിൽ തിരികെയെത്തിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) സ്കൂളുകളിലെ വിവിധ തലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോകൽ നിരക്ക് കുറയ്ക്കുന്നതിനും വിദ്യാർത്ഥികളെ സ്കൂളുകളിൽ തിരകെയെത്തിക്കു ന്നതിനും പ്രത്യേക പരിഗണന നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. എന്നിരുന്നാലും 2015-16, 2016-17 എന്നീ അദ്ധ്യയന വർഷങ്ങളിലെ ഹൈസ്കൂൾ തലത്തിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് താരതമ്യം ചെയ്യുമ്പോൾ കൊഴിഞ്ഞുപോക്ക് നിരക്ക് കുറയുന്നതായി കാണുന്നു. വിശദമായ കണക്കുകൾ ചുവടെ ചേർക്കുന്നു :

| ഇനം | 2015-16 | 2016-17 |
|---|---|---|
| ഹൈസ്കൂൾ വിഭാഗത്തിലെ ആകെ കുട്ടികൾ | 1364621 | 1325240 |
| കൊഴിഞ്ഞുപോയ കുട്ടികൾ | 4503 | 4266 |
| കൊഴിഞ്ഞുപോക്കിന്റെ ശതമാനം | 0.33% | 0.32% |

(ബി) 2017-18 അദ്ധ്യയന വർഷവും 2016-17 അദ്ധ്യയന വർഷത്തിലും കൊഴിഞ്ഞുപോയ കുട്ടികളിൽ വയനാട് ജില്ലയിൽ നിന്നു ള്ള 100% കുട്ടികളുടെയും മറ്റു ജില്ലകളിൽ നിന്നുള്ള 10% കുട്ടികളുടെയും വീടുകൾ സന്ദർശിച്ച് കൊഴിഞ്ഞു പോക്കിന്റെ കാരണങ്ങളെക്കുറിച്ച് മനസ്സിലാക്കുവാനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ് ഒരു പഠനം നടത്തുകയുണ്ടായി. കൂടാതെ എസ്.എസ്.എ മുതലായ നിരവധി സ്ഥാപനങ്ങൾ കൊഴിഞ്ഞുപോയ കുട്ടികളെ തിരികെ എത്തിക്കുവാൻവേണ്ടി പ്രവർത്തിക്കുന്നു.

(സി) സ്കൂളുകളിലെ വിവിധ തലങ്ങളിൽനിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് കുറയ്ക്കുന്നതിനും വിദ്യാർത്ഥികളെ സ്കൂളുകളിൽ തിരികെ യെത്തിക്കുന്നതിനും പ്രത്യേക പരിഗണന നൽകുന്നതാണ്.

## പ്രീ-പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

109(968) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ പ്രീ പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം എത്ര എന്ന് വെളിപ്പെടുത്തുമോ ;

(ബി) നിരവധി പ്രീ പ്രൈമറിസ്കൂളുകളിൽ ഇരുന്നൂറോളം കുട്ടികളെ പഠിപ്പിക്കുന്നതിന് രണ്ട് അദ്ധ്യാപികമാർ മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിന് അനുസരിച്ച് അദ്ധ്യാപികമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രീ-പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 30 കുട്ടികൾക്ക് ഒരു അദ്ധ്യാപിക.

(ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) എസ്.സി.ഇ.ആർ.ടി പ്രത്യേകം കരിക്കുലം കമ്മിറ്റി രൂപീകരിച്ച് പാഠ്യ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2012 വരെ ജോലിയിലുള്ള ജീവനക്കാർക്ക് ഓണറേറിയം അനുവദിച്ചുനൽകുകയും കുട്ടികളെ ഉച്ചഭക്ഷണ പരിപാടിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്ലാൻ ഫണ്ട് വിഹിതത്തിൽ കുട്ടികൾക്ക് കളിക്കോപ്പ്, ഫർണിച്ചറുകൾ എന്നിവ വാങ്ങി നൽകുന്നതിനുള്ള ഫണ്ട് അനുവദിച്ചുവരുന്നു.

## മലബാർ മേഖലയിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യം

110(969) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക് ആക്കുന്ന സാഹചര്യത്തിൽ, മലബാർ മേഖലയിലെ അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകളെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ അത്തരം സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നതിനും സ്കൂളുകൾ വികസിപ്പിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ചിരിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ 141 സ്കൂളുകളെ കിഫ്ബി മുഖേനയുള്ള 5 കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനും 3 കോടി രൂപയുടെ സാമ്പത്തിക സഹായത്തോടെ 229 സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു ള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ സർക്കാർ എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് 140 സ്കൂളുകൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പ്രയോജനം മലബാർ മേഖലയിലെ സ്കൂളുകൾക്കും ലഭ്യമാകുന്നതാണ്. കൂടാതെ വിദ്യാഭ്യാസ വകുപ്പിനായി വർഷാവർഷം നീക്കിവച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുകകൾ പ്രയോജനപ്പെടുത്തിക്കൊണ്ടും എം.എൽ.എ.മാരുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം ലഭ്യമാകുന്ന ഫണ്ടുകൾ പ്രയോജനപ്പെടുത്തിക്കൊണ്ടും പ്രസ്തുത സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു.

**സ്കൂൾ പാചകത്തൊഴിലാളി വേതനം**

111(970) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പാചകത്തൊഴിലാളികൾ വിവിധ സ്കൂളുകളിലായി ജോലി ചെയ്യുന്നുണ്ട് എന്ന് വിശദമാക്കാമോ;

(ബി) സ്കൂൾ പാചകത്തൊഴിലാളി വേതനം സംബന്ധിച്ച വിശദാംശവും, മറ്റെന്തെല്ലാം ആനുകൂല്യങ്ങളാണ് പാചകതൊഴിലാളികൾക്ക് നൽകുന്നതെന്നും വിശദമാക്കുമോ;

(സി) മുഴുവൻ പാചകത്തൊഴിലാളികളേയും സ്ഥിരപ്പെടുത്തി സേവന വേതന വ്യവസ്ഥ നൽകാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാനത്ത് ഉച്ചഭക്ഷണ പദ്ധതിയിൻ കീഴിൽ 13,664 പാചകത്തൊഴിലാളികൾ ജോലി ചെയ്യുന്നു.

(ബി) സ്കൂളുകളിൽ ഉച്ചഭക്ഷണ പാചകത്തൊഴിലാളികൾക്ക് പ്രതിമാസം 600 രൂപ വീതമാണ് ഓണറേറിയം ഇനത്തിലുള്ള കേന്ദ്രവിഹിതം. സംസ്ഥാന വിഹിതമായ 400 രൂപയും കൂടി ചേർത്ത് (40%) ആകെ 1000 രൂപയായാണ് പ്രതിമാസം ഓണറേറിയമായി നൽകാൻ കേന്ദ്രം നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂളുകളിൽ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് 5-09-2016 മുതൽ 400 രൂപ മുതൽ 475 രൂപ വരെ പ്രതിദിനം ഓണറേറിയം നൽകിവരുന്നുണ്ട്. ഇതിൻപ്രകാരം ഒരു പാചകത്തൊഴിലാളിക്ക് പ്രതിമാസം ശരാശരി 9000 രൂപയോളം ഓണറേറിയമായി ലഭിക്കുന്നു. ഉയർന്ന നിരക്കിൽ ഓണറേറിയം നൽകുന്നതിന് സംസ്ഥാന സർക്കാരിന് പ്രതിവർഷം 100 കോടി രൂപയോളം അധികബാധ്യത വരുന്നുണ്ട്. പാചക തൊഴിലാളികൾക്ക് ജോലി സമയത്ത് ഉണ്ടായേക്കാവുന്ന അപകടങ്ങൾ/അപകട മരണങ്ങൾ എന്നിവയ്ക്ക് ആരോഗ്യ/ജീവൻ ഇൻഷ്വറൻസ് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ആലോചനയിലാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**സ്കൂൾ കുട്ടികൾക്കുള്ള അപകട ഇൻഷ്വറൻസ്**

112(971) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് അപകടമരണം സംഭവിച്ചാൽ അപകട ഇൻഷുറൻസ് പദ്ധതിപ്രകാരം ലഭിക്കുന്ന ഇൻഷുറൻസ് ആനുകൂല്യം 2011-16 വർഷത്തിൽ മരണപ്പെട്ട കുട്ടികളുടെ രക്ഷകർത്താക്കൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സ്കൂൾ അധികൃതർക്ക് ലഭ്യമാക്കുമോ;

(സി) അടുത്തകാലത്ത് പൊന്നാനിപ്പുഴയിലെ അപകടത്തിലും, നേരത്തേ, വിയ്യാവൂർ എസ്.എച്ച്.എസ്.എസിലെ കുട്ടികൾ ഉൾപ്പെട്ട തോണി അപകടത്തിലും മരണപ്പെട്ട കുട്ടികളുടെ പോസ്റ്റുമോർട്ടം കളക്ടർമാർ ഇടപെട്ട് ഒഴിവാക്കിയതിനാൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ഇല്ലാത്ത സാഹചര്യത്തിൽ ഇൻഷുറൻസ് തുക നൽകുന്നതിന് ഇൻഷ്വറൻസ് കമ്പനി തയ്യാറാകുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ-സി) സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിട്ടാണ് നടത്തിവരുന്നത്. എന്നാൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കുവാൻ 2013-ൽ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ പലവിധ കാരണങ്ങളാൽ പ്രസ്തുത സ്കീം ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കുന്നത് നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ 2013 മുതൽ ക്ലെയിം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാനും സാധിച്ചിരുന്നില്ല. തുടർന്ന് ജി.ഒ. (എം.എസ്.) നമ്പർ 163/2016/പൊ.വി.വ തീയതി 30-9-2016 പ്രകാരം പ്രസ്തുത സ്കീം പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിട്ട് നടത്തുവാൻ സർക്കാർ ഉത്തരവായിരുന്നു. 30-9-2016-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ തുടർനടപടികൾ സ്വീകരിക്കുകയും അർഹതപ്പെട്ടവർക്ക് ക്ലെയിം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കുട്ടികളുടെ അപകടം, മരണം എന്നിവ സംഭവിച്ചതു പ്രകാരമുള്ള ക്ലെയിമുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. രക്ഷകർത്താവിന്റെ മരണം സംഭവിക്കുന്നതുമൂലമുള്ള ക്ലെയിമുകൾ ഒന്നുംതന്നെ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. പ്രസ്തുത പദ്ധതി സർക്കാർ പുതുതായി ആരംഭിച്ചതാണ്. ആയതിനാൽ സ്കീമിന്റെ നടത്തിപ്പ് സംബന്ധിച്ചും അർഹതപ്പെട്ടവരെ തീരുമാനിക്കുന്നത് സംബന്ധിച്ചും കൂടുതൽ വ്യക്തത വരുത്തി ക്ലെയിമുകൾ നൽകുന്നതാണ്. ഇൻഷ്വറൻസ് ക്ലെയിമിന്റെ അപേക്ഷകൾ സ്കൂളുകളിൽ സ്വീകരിക്കുന്നത് സംബന്ധിച്ചും വിദ്യാഭ്യാസ ഉപഡയറക്ടർമാർ തീർപ്പാക്കുന്നത് സംബന്ധിച്ചും വിശദമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്കെല്ലാം ഇതിനകം നൽകിയിട്ടുണ്ട്. കുടിശ്ശികയുള്ള ക്ലെയിമുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള സമയബന്ധിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിട്ട് പ്രസ്തുത സ്കീം നടത്തി വരുന്നതിനാൽ ഗുണഭോക്താക്കൾക്ക് ഇൻഷ്വറൻസ് കമ്പനികളെ സമീപിക്കേണ്ട സാഹചര്യം നിലവിലില്ല. ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകളിൽനിന്നും ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നതായു ള്ള പരാതി നാളിതുവരെ ലഭിച്ചിട്ടില്ല.

## പാലക്കാട് ജില്ലയിൽ ഓട്ടിസം സെന്ററുകൾ

113 (972) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സർവ്വ ശിക്ഷാ അഭിയാന്റെ ഭാഗമായി ഓട്ടിസം സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത സെന്ററുകൾ എവിടെയൊക്കെയാണെന്നും ഓട്ടിസം ബാധിച്ച കുട്ടികൾക്ക് നൽകുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും വിശദ മാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പാലക്കാട് ജില്ലയിൽ നിലവിൽ താഴെപ്പറയുന്ന ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ (ബി.ആർ.സി.) ഓട്ടിസം സെന്ററുകൾ ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു.

1. ഷൊർണ്ണൂർ ബി.ആർ.സി.യുടെ പരിധിയിൽ അനങ്ങനാടി പഞ്ചായത്ത് കെട്ടിടം
2. ഒറ്റപ്പാലം ബി.ആർ.സി.
3. പാലക്കാട് ബി.ആർ.സി.യുടെ പരിധിയിൽ വരുന്ന മലമ്പുഴ ഗവ: ഹൈസ്കൂൾ കേന്ദ്രം.

പ്രസ്തുത കേന്ദ്രങ്ങളിൽ 'സ്പീച്ച് തെറാപ്പി', 'ഫിസിയോതെറാപ്പി', ഒക്കുപ്പേഷണൽ തെറാപ്പി', 'ബിഹേവിയർ തെറാപ്പി' തുടങ്ങിയ തെറാപ്പികൾ പ്രത്യേക പരിശീലനം ലഭിച്ച റിസോഴ്സ് അദ്ധ്യാപകർ മുഖേന നൽകിവരുന്നു. രക്ഷിതാക്കൾക്കുള്ള പരിശീലനം, പഠന യാത്രകൾ, പഠന പ്രവർത്തനങ്ങളിലൂടെ അനുരൂപീകരണം എന്നിവയും നൽകിവരുന്നു.

**മികവിന്റെ കേന്ദ്രങ്ങളാക്കുന്ന സ്കൂളുകൾ**

114 (973) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ സാമ്പത്തിക വർഷം മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്കൂളുകളെ പരിഗണിക്കുന്നുണ്ടോ;എങ്കിൽ ഇതിനു ള്ള മാനദണ്ഡം എന്താണ് ; കാട്ടാക്കട മണ്ഡലത്തിൽ നിന്നും ഇത്തരത്തിൽ ഏതെല്ലാം സ്കൂളുകളെയാണ് പരിഗണിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

2018-19 സാമ്പത്തിക വർഷത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ 500 കുട്ടികളിൽ കൂടുതലുള്ള എല്ലാ സ്കൂളുകളുടെയും പശ്ചാത്തല സൗകര്യ വികസനത്തിന് 50 ലക്ഷം രൂപ മുതൽ ഒരു കോടി രൂപവരെ ചെലവഴിക്കുന്നതാണെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഹരിത വിദ്യാലയം റിയാലിറ്റി ഷോയ്ക്ക് തെരഞ്ഞെടുത്ത എല്ലാ സർക്കാർ സ്കൂളുകൾക്കും ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. കഴിഞ്ഞ പ്രാവശ്യം 1000 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളുടെ ലിസ്റ്റിൽ വിട്ടുപോയിട്ടുള്ള സ്കൂളുകൾക്കും മുമ്പ് പ്രഖ്യാപിച്ച മൂന്നുകോടിവരെയുള്ള ധനസഹായം ലഭ്യമാകുന്ന താണെന്നും എല്ലാ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബ്

സ്ഥാപിക്കുന്നതിന് 300 കോടി രൂപ കിഫ്ബിയിൽ നിന്നും ചെലവഴിക്കുന്നതാണെന്നും 150 വർഷം പിന്നിട്ട എല്ലാ ഹെറിറ്റേജ് സ്കൂളുകൾക്കും പ്രത്യേക ധനസഹായം നൽകുന്നതാണെന്നും 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ സ്കൂൾ ലിസ്റ്റ് തയ്യാറാക്കിവരുന്നു.

## നിലമ്പൂർ മണ്ഡലത്തിലെ സ്കൂളുകളിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ് യൂണിറ്റ്

115 (974) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി )-ക്ക് അപേക്ഷ നൽകിയത്; ആയത് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; കാലതാമസത്തിന് കാരണം എന്തെന്ന് വിശദമാക്കാമോ;

(ബി) നിലമ്പൂർ എ.ഇ.ഒ ഓഫീസിൽ എയ്ഡഡ് സ്കൂളിന്റെ നിയമനങ്ങളുടെ അപ്രൂവൽ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ ഓഫീസിലെ ഫയലുകളിൽ പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) നിലമ്പൂർ എ.ഇ.ഒ ഓഫീസ് വിഭജിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ നിജസ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട സ്കൂളുകളിൽ നിന്നും പുതുതായി എസ്.പി.സി. യൂണിറ്റ് അനുവദിക്കണമെന്ന അപേക്ഷ ലഭിച്ചതായി കാണുന്നില്ല.

(ബി) ആവശ്യമായ രേഖകൾ മാനേജർമാർ സമർപ്പിക്കാത്തതിനാൽ നിയമനാധികാരം സംബന്ധിച്ച ഫയലുകളിൽ തീരുമാനം കൈക്കൊള്ളുവാൻ കലാതാമസം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പരാതികൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നിലമ്പൂർ വിദ്യാഭ്യാസ ഉപജില്ല വിഭജിക്കണമെന്നാവശ്യപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വിദ്യാഭ്യാസ ഉപജില്ലാ ഓഫീസുകൾ പരിഗണിക്കണമെന്ന ആവശ്യം തൽക്കാലം പരിഗണിക്കാൻ നിർവാഹമില്ലെന്ന വിവരം 3-7-2017-ലെ 25823/എൻ1/2014/പൊ.വി.വ. കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ച് ഫയൽ തീർപ്പാക്കിയിട്ടുണ്ട്.

## ഒന്നുമുതൽ പന്ത്രണ്ടാം തരം വരെയു ള്ള വിദ്യാഭ്യാസം ഒരു കുടക്കീഴിലാക്കാൻ നടപടി

116 (975) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരിപക്ഷം സ്കൂളുകളിലും, പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി തുടങ്ങിയവ വിവിധ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നത് മൂലമു ള്ള ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒന്നുമുതൽ പന്ത്രണ്ടാം തരം വരെയുള്ള വിദ്യാഭ്യാസം ഒരു കുടക്കീഴി ലാക്കാൻ ഉദ്ദേശമുണ്ടോ;എങ്കിൽ അതിനായി സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളൂ.

## വിദ്യാഭ്യാസ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം

117 (976) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ വിദ്യാഭ്യാസ മേഖലയ്ക്ക് എത്ര തുകയാണ് വകയിരുത്തിയത്; ഇതിൽ ഓരോ സാമ്പത്തിക വർഷത്തിലും എത്ര ശതമാനം ചെലവഴിക്കാൻ സാധിച്ചു എന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിന് എത്ര തുകയാണ് വകയിരുത്തിയത്; ഇതിൽ ഓരോ സാമ്പത്തിക വർഷത്തിലും എത്ര ശതമാനം ചെലവഴിക്കാൻ സാധിച്ചു എന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് എത്ര തുകയാണ് വകയിരുത്തിയത്; ഇതിൽ ഓരോ സാമ്പത്തിക വർഷത്തിലും എത്ര ശതമാനം ചെലവഴിക്കാൻ സാധിച്ചു എന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ സാങ്കേതിക വിദ്യാഭ്യാസത്തിന് എത്ര തുകയാണ് വകയിരുത്തിയത്; ഇതിൽ ഓരോ സാമ്പത്തിക വർഷത്തിലും എത്ര ശതമാനം ചെലവഴിക്കാൻ സാധിച്ച എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം

118 (977) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉൾപ്പെടെ നൽകുന്ന കേന്ദ്ര സഹായത്തിൽ എത്ര കോടി രൂപയുടെ കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനുള്ള കേന്ദ്ര ഫണ്ട് വെട്ടി കുറച്ചതുമൂലം ഉണ്ടായ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.എസ്.എ.യുടെ പ്രവർത്തനങ്ങൾക്കായു ള്ള കേന്ദ്രവിഹിതത്തിൽ 202.05 കോടി രൂപ (ഇരുന്നൂറ്റി രണ്ട് കോടി അഞ്ച് ലക്ഷം രൂപ)-യുടെ കുറവ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുണ്ട്. എസ്.എസ്.എ.യ്ക്ക് കേന്ദ്രവിഹിതമായി ലഭിക്കേണ്ട തുക പൂർണ്ണമായി ലഭിക്കുന്നതിന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന് കത്തുകൾ നൽകുകയും കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം നടത്തുന്ന റിവ്യൂ മീറ്റിംഗുകളിൽ ഈ വിഷയം ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. വെട്ടിക്കുറച്ച കേന്ദ്രവിഹിതം പുനഃസ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര മാനവ വിഭവശേഷി മന്ത്രിക്ക് കത്തും നൽകിയിട്ടുണ്ട്.

## ശാസ്ത്രപോഷിണി ലാബ് സ്ഥാപിക്കാൻ നടപടി

119 (978) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും മണ്ഡലത്തിലെ ഒരു സ്കൂളിൽ ശാസ്ത്രപോഷിണി ലാബ് സ്ഥാപിക്കാൻ അഞ്ച് ലക്ഷം രൂപ വീതം നീക്കി വയ്ക്കാൻ നിർദ്ദേശമുണ്ടായിരുന്നോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടത്താൻ ആരെയാണ് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടു ള്ളത്;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനെയാണ് പ്രസ്തുത പ്രവൃത്തി നടത്താൻ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്.

(ഡി) വിഷയം പരിശോധനയിലാണ്.

## പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സൂപ്പർ ചെക്ക്സെൽ

120 (979) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സൂപ്പർ ചെക്ക്സെല്ലിൽ ആവശ്യാനുസരണം ഉദ്യോഗസ്ഥരെ നിയമിക്കാത്തതുമൂലം ഫയലുകളിൽ യഥാസമയം തീർപ്പുകൽപ്പിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സെക്ഷനിൽ എത്ര ജീവനക്കാരുണ്ടെന്നും, നിലവിൽ എത്ര ജീവനക്കാരുടെ കുറവ് ഉണ്ടെന്നുമുള്ള വിശദ വിവരം നൽകുമോ;

(സി) സൂപ്പർ ചെക്ക്സെല്ലിൽ ആവശ്യാനുസരണം ജീവനക്കാരെ നിയമിച്ച്, തീർപ്പാകാതെയുള്ള ഫയലുകളിൽ യഥാസമയം തീർപ്പുകൽപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സൂപ്പർചെക്ക് സെല്ലിൽ സൂപ്പർ ചെക്ക് ഓഫീസർ, അസിസ്റ്റന്റ് സൂപ്പർചെക്ക് ഓഫീസർ, സീനിയർ സൂപ്രണ്ട് എന്നിവരുടെ ഓരോ തസ്തികയും, ക്ലാർക്കുമാരുടെ 3 തസ്തികയും ഓഫീസ്

അറ്റൻഡന്റിന്റെ ഒരു തസ്തികയുമാണ് നിലവിലെ അംഗീകൃത കേഡർ നില. അതിൽ ഒരു ക്ലാർക്ക് 05-12-2017-ൽ മാതൃ ജില്ലയിലേയ്ക്ക് സ്ഥലം മാറി പോയിരുന്നു. പ്രസ്തുത തസ്തികയിൽ 27-02-2018-ന് പുതിയ നിയമനം നടത്തിയിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | തസ്തികയുടെ പേര് | അനുവദനീയ എണ്ണം | നിലവിലു ള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സൂപ്പർ ചെക്ക് സെൽ ഓഫീസർ | 1 | 1 |
| 2 | അസിസ്റ്റന്റ് സൂപ്പർ ചെക്ക് സെൽ ഓഫീസർ | 1 | 1 |
| 3 | സീനിയർ സൂപ്രണ്ട് | 1 | 1 |
| 4 | ക്ലാർക്ക് | 3 | 3 |
| 5 | ഓഫീസ് അറ്റൻഡന്റ് | 1 | 1 (പ്രസവാവധിയോടനുബന്ധിച്ച ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരിക്കുന്നു.) |

(സി) നിലവിൽ എല്ലാ തസ്തികയിലും ഉദ്യോഗസ്ഥർ ജോലി ചെയ്തുവരുന്നുണ്ട്. അതിനാൽ തീർപ്പാക്കാത്ത ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതാണ്.

**അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ**

121 (980) ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളും അടച്ച് പൂട്ടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത് ;

(സി) സർക്കാരിന്റെ അംഗീകാരം കിട്ടുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത സ്കൂളുകളിൽ അവശ്യം വേണ്ടത്;

(ഡി) അടച്ച് പൂട്ടുന്ന സ്കൂളുകളിൽ ജോലി ചെയ്യുന്ന പതിനായിരക്കണക്കിന് ജീവനക്കാരുടെ കാര്യത്തിൽ എന്തെങ്കിലും ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2018-19 അദ്ധ്യയന വർഷം മുതൽ അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പരിഗണനയിലില്ല.

**ഹൈടെക് സ്കൂളുകൾ**

122 (981) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹൈടെക് സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ 4775 സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിലെയും ഹയർ സെക്കണ്ടറി - വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെയും 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഹൈടെക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 4775 സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | സ്കൂളുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 405 |
| കൊല്ലം | 385 |
| പത്തനംതിട്ട | 270 |
| ആലപ്പുഴ | 325 |
| കോട്ടയം | 385 |
| ഇടുക്കി | 240 |
| എറണാകുളം | 489 |
| തൃശ്ശൂർ | 442 |
| പാലക്കാട് | 323 |
| മലപ്പുറം | 406 |
| കോഴിക്കോട് | 364 |
| വയനാട് | 155 |
| കണ്ണൂർ | 341 |
| കാസർഗോഡ് | 245 |
| ആകെ | 4775 |

## ഹൈടെക് ക്ലാസ് മുറികൾ

123(982) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എത്ര ക്ലാസ്സ് മുറികൾ ഹൈടെക്ക് ആയി മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പദ്ധതിയുടെ ഒന്നാംഘട്ടമായി 21043 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള ഉപകരണ വിതരണം 5-3-2018-ന് പൂർത്തിയാകും.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

**ചാലക്കുടി മണ്ഡലത്തിലെ ഹൈടെക് സ്കൂൾ**

124 (983) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരമുള്ള ഹൈടെക് സ്കൂളാക്കി മാറ്റുന്നതിനായി ചാലക്കുടി മണ്ഡലത്തിൽനിന്ന് നിർദ്ദേശിച്ച് അനുമതി ലഭിച്ചിട്ടുള്ള ചാലക്കുടി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ ;

(ബി) എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട എൽ.പി/യു.പി. സ്കൂളുകളിൽ, ഹൈടെക് നിലവാരത്തിലേയ്ക്കുയർത്തുന്നതിനായി നിർദ്ദേശിക്കപ്പെട്ട, കൊരട്ടി പഞ്ചായത്ത് എൽ പി സ്കൂളിൽ, പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ചാലക്കുടി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയും കിഫ്ബി അംഗീകാരവും ലഭ്യമായിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ നടപടികൾ മാർച്ച് മാസത്തിൽ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) ഭൗതിക സാഹചര്യ വികസനം, ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ, എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെയും 8 മുതൽ 12 വരെയുള്ള മുഴുവൻ ക്ലാസ് മുറികളും ഹൈടെക് ആക്കി മാറ്റുക, അക്കാദമിക മികവിന്റെ ഭാഗമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി എല്ലാ കുട്ടികളുടെയും പഠന നിലവാരം ഉറപ്പുവരുത്തുക, അദ്ധ്യാപകരെ സുസജ്ജരാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ സർക്കാർ നടപ്പിലാക്കുന്നതാണ്.

(സി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗവ. എൽ.പി. സ്കൂളിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 93.5 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹൈടെക് ക്ലാസ് മുറികൾ

125 (984) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കുന്ന പദ്ധതി ഇതിനകം എത്ര ക്ലാസ്സ് മുറികളിൽ പൂർത്തികരിച്ചിട്ടുണ്ട് ;

(ബി) സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; ഇതിലെല്ലാം കൂടി എത്ര ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കിമാറ്റും ;

(സി) 8 മുതൽ 12 -ാം ക്ലാസ്സ് വരെയുള്ള ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കി മാറ്റുന്നതിന് എത്ര കോടി ചെലവ് വരും എന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 5-3-2018 വരെ 21043 ക്ലാസ് മുറികളിലേയ്ക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ ഹൈടെക് ആക്കുന്ന പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ സ്കൂളുകളിൽ എല്ലാം കൂടി 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റും.

(സി) ഹൈടെക് സ്കൂൾ പദ്ധതി 'കിഫ്ബി' ഫണ്ടുപയോഗിച്ചാണ് നടപ്പിലാക്കുന്നത്. ഇതിനായി 493.5 കോടി രൂപ (നാനൂറ്റി തൊണ്ണൂറ്റിമൂന്ന് കോടി അൻപത് ലക്ഷം രൂപ) കിഫ്ബി അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കിയ കോഴിക്കോട് ജില്ലയിലെ സ്കൂളുകൾ

126 (985) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കാദമിക് മികവ് ഉറപ്പുവരുത്തുന്നതിനായി സർക്കാർ നിർദ്ദേശിച്ച രീതിയിൽ അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കി പ്രകാശനം ചെയ്ത കോഴിക്കോട് ജില്ലയിലെ സ്കൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ സ്കൂളും തയ്യാറാക്കിയ മാസ്റ്റർപ്ലാൻ പ്രകാരം അദ്ധ്യയനം നടക്കുന്നു എന്നുറപ്പു വരുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഇനിയും അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കാത്ത സ്കൂളുകൾക്കെതിരെ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അക്കാദമിക് മികവ് ഉറപ്പുവരുത്തുന്നതിനായി സർക്കാർ നിർദ്ദേശിച്ച രീതിയിൽ കോഴിക്കോട് ജില്ലയിലെ എല്ലാ സ്കൂളുകളും അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കി അവതരിപ്പിച്ചുവെങ്കിലും 19 സ്കൂളുകളുടെ അക്കാദമിക് മാസ്റ്റർ പ്ലാനുകളിൽ ചില നിർദ്ദേശങ്ങൾ ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ ആയത് കൂടി ഉൾപ്പെടുത്തി പുതുക്കിയ മാസ്റ്റർപ്ലാൻ സമയബന്ധിതമായി സമർപ്പിക്കുവാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ട സ്കൂൾ അധികൃതർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത 19 സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഉണ്ട്. സ്കൂളുകൾ തയ്യാറാക്കി അംഗീകരിച്ച അക്കാദമിക മാസ്റ്റർ പ്ലാൻ അംഗീകരിച്ചായിരിക്കും വരും വർഷങ്ങളിലെ അക്കാദമിക മോണിറ്ററിംഗ് നടത്തുക. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകുന്നതാണ്.

(സി) ബാധകമല്ല.

## സൗജന്യ യൂണിഫോം പദ്ധതി

127 (986) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിനായി 2017-18 വർഷം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) എത്ര കുട്ടികൾക്കാണ് പ്രസ്തുത പദ്ധതിമൂലം പ്രയോജനം ലഭിച്ചിട്ടുള്ളതെന്നുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2017-18 അദ്ധ്യയന വർഷം മുതൽ ആരംഭിച്ച കൈത്തറി യൂണിഫോം വിതരണത്തിനായി 39,00,23,200 രൂപ (മുപ്പത്തി ഒൻപത് കോടി ഇരുപത്തി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മൂവായിരത്തി ഇരുന്നൂറ്) ചെലവായിട്ടുണ്ട്. കൈത്തറി യൂണിഫോം നൽകാത്ത 1 മുതൽ 8 വരെ ക്ലാസുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾക്കും എയ്ഡഡ് സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കുമായി 71,16,76,400/(എഴുപത്തി ഒന്നു കോടി പതിനാറ് ലക്ഷത്തി എഴുപത്താറായിരത്തി നാന്നൂറ്) രൂപ ചെലവായിട്ടുണ്ട്. സർക്കാർ സ്കൂളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ എ.പി.എൽ വിഭാഗത്തിലെ ആൺകുട്ടികൾ ഒഴികെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കുമായി എസ്.എസ്.എ. മുഖേന 27,54,40,000 (ഇരുപത്തി ഏഴുകോടി അൻപത്തിനാല് ലക്ഷത്തി നാല്പതിനായിരം) രൂപ ചെലവായിട്ടുണ്ട്. അപ്രകാരം 2017-18 അദ്ധ്യയന വർഷം സ്കൂൾ യൂണിഫോം വിതരണ പദ്ധതി പ്രകാരം 137,71,39,600 (നൂറ്റി മുപ്പത്തിയേഴ് കോടി എഴുപത്തിയൊന്ന് ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി അറുനൂറ്) രൂപ ചെലവായിട്ടുണ്ട്.

(ബി) 2017-18 വർഷം സൗജന്യ യൂണിഫോം വിതരണ പദ്ധതിക്ക് ആകെ 27,19,495 (ഇരുപത്തിയേഴ് ലക്ഷത്തി പത്തൊൻപതിനായിരത്തി നാന്നൂറ്റി തൊണ്ണൂറ്റി അഞ്ച്) കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്.

## ഒമ്പതാം ക്ലാസ് വിദ്യാർത്ഥികളുടെ പഠന നിലവാരം

128 (987) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാലയങ്ങളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഏതെങ്കിലും ബോധന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

ഒൻപതാം ക്ലാസ് വിദ്യാർത്ഥികളുടെ പഠന നിലവാര പരിപോഷണത്തിനായി 'എന്റെ മലയാളം' 'നവപ്രഭ' എന്നീ പരിപാടികൾ നടപ്പാക്കിവരുന്നു.

## പൊതുവിദ്യാലയങ്ങളിലെ അക്കാഡമിക് മാസ്റ്റർ പ്ലാൻ

129(988) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളും അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ഇതിൽ എന്തെല്ലാം ഉൾക്കൊള്ളണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; വിശദീകരിക്കുമോ;

(സി) പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ മാസ്റ്റർപ്ലാൻ അടിസ്ഥാനമാക്കി നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) അക്കാഡമിക് മാസ്റ്റർപ്ലാനുകൾ പരിശോധിച്ച് തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഓരോ കുട്ടിയെയും കരിക്കുലം വിഭാവനം ചെയ്ത ലക്ഷ്യത്തിലേയ്ക്ക് വളർത്തിയെടുക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക എന്നതാണ് അക്കാഡമിക് മാസ്റ്റർ പ്ലാനിന്റെ ഉദ്ദേശ്യലക്ഷ്യം.

(ബി) എൽ.പി./യു.പി./എച്ച്.എസ്./എച്ച്.എസ്.എസ്./വി.എച്ച്.എസ്.എസ്. എന്നീ വിവിധ തലങ്ങളിലേയ്ക്ക് പ്രത്യേകം മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രയത്നത്തിന് അനുഗുണമായ കരിക്കുലം ലക്ഷ്യങ്ങൾ സാർത്ഥകമാക്കുന്നതിനുള്ള പദ്ധതികളും ഓരോ സ്കൂളിന്റെയും പ്രാദേശിക, സാംസ്കാരിക, സാമൂഹിക പാരമ്പര്യവും പ്രദേശത്തിന്റെ തനതായ പ്രത്യേകതകളും കണക്കിലെടുത്ത് അവയെ കൃത്യമായി സമന്വയിപ്പിച്ച് അക്കാഡമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

(സി) ഓരോ സ്കൂളിന്റെയും പ്രാദേശിക, സാംസ്കാരിക, സാമൂഹിക പാരമ്പര്യവും പ്രദേശത്തിന്റെ തനതായ പ്രത്യേകതകളും കണക്കിലെടുത്ത് അക്കാദമിക വിഷയങ്ങളിലുള്ള കുട്ടികളുടെ അറിവും കൂടാതെ കായികക്ഷമത ഉറപ്പാക്കൽ, സർഗ്ഗശേഷി വികസനം തുടങ്ങിയ കുട്ടികളുടെ സമഗ്ര വികസനത്തിനാവശ്യമായ എല്ലാ വസ്തുതകളും പരിഗണിച്ചുകൊണ്ട് അക്കാഡമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

(ഡി) സ്കൂൾ തലത്തിൽ തയ്യാറാക്കിയ അക്കാഡമിക് മാസ്റ്റർ പ്ലാൻ മോണിറ്ററിംഗ് സമിതിയുടെ നേതൃത്വത്തിൽ പരിശോധന നടത്തിയശേഷം, മോണിറ്ററിംഗ് സമിതിയുടെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി സമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കണം. ഇത്തരത്തിൽ അവതരിപ്പിക്കുമ്പോൾ ലഭിക്കുന്ന അഭിപ്രായങ്ങൾ കൂടി ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താനുള്ള സാധ്യതയുണ്ടാവണം. പ്രസ്തുത അക്കാഡമിക് മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ തുടർപ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

## എസ്.എസ്.എ.-യുടെ പ്രവർത്തനം

130 (989) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിഹിതം ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എസ്.എസ്.എ.-യുടെ പ്രവർത്തനം അവതാളത്തിലായി എന്ന വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി മറികടക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) എസ്.എസ്.എ.യുടെ കേന്ദ്രവിഹിതം പുനഃസ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.എസ്.എ മുഖേന നടപ്പിലാക്കുന്ന നൂതന വിദ്യാഭ്യാസ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രവിഹിതം ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എസ്.എസ്.എ.യുടെ എല്ലാ പ്രവർത്തനങ്ങളും അവതാളത്തിലായിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ 564.73 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിച്ചിരുന്നത്. തുടർന്നുള്ള കേന്ദ്ര ബഡ്ജറ്റിൽ എസ്.എസ്.എ.യ്ക്കായി മാറ്റിവച്ച തുകയിൽ അതിന് മുൻവർഷത്തെക്കാൾ കുറവുണ്ടായതിനാൽ ആനുപാതി കമായി എല്ലാ സംസ്ഥാനങ്ങൾക്കും കിട്ടേണ്ട കേന്ദ്രവിഹിതത്തിൽ കുറവുണ്ടായി. ഇതനുസരിച്ച് കേരളത്തിന് കിട്ടേണ്ടിയിരുന്ന വിഹിതത്തിൽ 202.05 കോടി രൂപ (ഇരുന്നൂറ്റി രണ്ട് കോടി അഞ്ച് ലക്ഷം രൂപ)യുടെ കുറവ് കേന്ദ്രസർക്കാർ വരുത്തി. കേരളത്തിന് കേന്ദ്രത്തിൽ നിന്നും കിട്ടേണ്ടിയിരുന്ന 338.84 കോടി രൂപ (മുന്നൂറ്റി മുപ്പത്തിയെട്ട് കോടി എൺപത്തിനാല് ലക്ഷം രൂപ)യ്ക്ക് പകരം അനുവദിച്ച വിഹിതം 136.79 കോടി രൂപ (നൂറ്റി മുപ്പത്തിയാറ് കോടി എഴുപത്തി ഒൻപത് ലക്ഷം രൂപ) മാത്രമായിരുന്നു. സംസ്ഥാന സർക്കാർ വിഹിതമായി 126.35 കോടി രൂപ (നൂറ്റി ഇരുപത്തിയാറ് കോടി മുപ്പത്തി അഞ്ച് ലക്ഷം രൂപ)യും ബഡ്ജറ്റ് വിഹിതമായി 4.50 കോടി രൂപ (നാല് കോടി അൻപത് ലക്ഷം രൂപ)യും ലഭിച്ചു. അനുവദിച്ചുകിട്ടിയ തുകയിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും ചെലവുകൾ ചുരുക്കിയും പ്രോഗ്രാമുകൾക്ക് മുൻഗണന നിശ്ചയിച്ചും എസ്.എസ്.എ.യുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ എല്ലാം ചിട്ടയോടെ നടപ്പിലാക്കുന്നുണ്ട്.

(ബി) എസ്.എസ്.എ.യ്ക്ക് കേന്ദ്രവിഹിതമായി കിട്ടേണ്ട തുക പൂർണ്ണമായും ലഭിക്കുന്നതിന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന് കത്തുകൾ നൽകുകയും എം.എച്ച്.ആർ.ഡി. നടത്തുന്ന റിവ്യൂ മീറ്റിംഗുകളിൽ ഈ പ്രശ്നം ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഈ പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര മാനവ വിഭവശേഷി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) 1. മലയാളത്തിളക്കം-എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന 2 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഭാഷാപരമായ കഴിവുകൾ വളർത്തുന്ന പരിപാടിയാണ്.

2. ഗണിതവിജയം-അദ്ധ്യാപകർക്ക് ഗണിതത്തിന്റെ പഠനപ്രയാസം പരിഹരിക്കുന്നതിനുള്ള പിന്തുണാ പ്രക്രിയയെക്കുറിച്ചുള്ള കൃത്യമായ ധാരണ വളർത്തുന്നതിനും നമ്മുടെ ചുറ്റുപാടുകളെയും സവിശേഷമായി നിർമ്മിക്കുന്ന പഠനോപകരണങ്ങളെയും സമർത്ഥമായി ഉപയോഗിച്ച് കുട്ടികളുടെ ഗണിതബോധന ശേഷികൾ വർദ്ധിപ്പിക്കുന്നതിനും സഹായകമാക്കുന്ന പദ്ധതിയാണിത്.

3. ഹലോ ഇംഗ്ലീഷ്-ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ പറയാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുന്നതിനായി എൽ.പി., യു.പി. ക്ലാസുകളിൽ നടപ്പിലാക്കിയ പദ്ധതിയാണിത്.

4. ടാലന്റ് ലാബ് - കുട്ടികളുടെ വിവിധങ്ങളായ സർഗവാസനകളെ പരിപോഷിപ്പിക്കുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് ആരംഭിച്ച പദ്ധതിയാണ്.

5. ക്ലാസ് ലൈബ്രറി-കുട്ടികളിലെ വായന പരിപോഷിക്കുന്നതിനായും ഒന്നാന്തരം വായനക്കാരെ സൃഷ്ടിക്കുന്നതിനുമായി എല്ലാ സ്കൂളുകളിലെയും 1-ാം ക്ലാസിലെ എല്ലാ ഡിവിഷനുകളിലും ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നതിന് 1000 രൂപ (ആയിരം രൂപ) വീതം ഓരോ ഡിവിഷന് നൽകിയ പദ്ധതിയാണിത്.

6. പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ - പിന്നോക്ക ജനവിഭാഗത്തിൽപ്പെട്ടവരും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുമായ കുട്ടികൾ കൂടുതലുള്ള വിദ്യാലയത്തെ കേന്ദ്രീകരിച്ച് കുട്ടികളുടെ പാഠ്യേതര കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും പഠനപ്രയാസങ്ങൾ പരിഹരിക്കുന്നതിനുമായി ആരംഭിച്ച കേന്ദ്രങ്ങളാണിത്.

7. അദ്ധ്യാപക പഠനക്കൂട്ടായ്മകൾ-പാഠ്യപദ്ധതി നിർവ്വഹണം ഗവേഷണാത്മകമായി ഏറ്റെടുക്കാൻ സന്നദ്ധതയുള്ള അദ്ധ്യാപക പഠന കൂട്ടായ്മകൾ ബി.ആർ.സി. തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. അന്വേഷണാത്മകവും സന്നദ്ധ പ്രവർത്തനവും മികവുകളുടെ വ്യാപനവും ഇതുവഴി ത്വരിതപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. വിഷയ ബന്ധിതമായി പ്രതിമാസ ആസൂത്രണം, പഠനോപകരണ നിർമ്മാണം, ഐ.സി.ടി. സാദ്ധ്യതകളുടെ പ്രയോഗം, ലഘുജേർണൽ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കൂട്ടായ്മയിൽ നടത്തിയിട്ടുണ്ട്.

8. ജൈവ വൈവിദ്ധ്യ ഉദ്യാനം-പ്രകൃതിയിൽ നിന്ന് അനുഭവങ്ങളിലൂടെ പഠിക്കുകയെന്ന ഊന്നൽ നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണിത്. കൂടാതെ

9. ക്ലാസ് ഗണിത ലാബ്

10. ശാസ്ത്ര ലാബ്

11. ശാസ്ത്രോത്സവം

12. ഗണിതോത്സവം

13. ശാസ്ത്രപഠന യാത്രകൾ

14. വിദ്യാലയ കൂട്ടുചേരൽ പരിപാടി

15. സാമൂഹിക ഉൾച്ചേർക്കൽ പരിപാടി

16. രക്ഷാകർത്തൃ പരിശീലന പരിപാടി

17. അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

18. പഠന നേട്ടം പ്രസിദ്ധപ്പെടുത്തൽ

19. ആദിവാസി മേഖലയിലുള്ള കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ എസ്.എസ്.എ. നടപ്പാക്കിയ മറ്റ് പരിപാടികളാണ്.

20. മലപ്പുറത്ത് നിലമ്പൂർ, ഇടുക്കിയിലെ മറയൂർ എന്നിവിടങ്ങളിൽ ആദിവാസി കുട്ടികൾക്ക് താമസസൗകര്യം ഒരുക്കിക്കൊണ്ട് പഠനസഹായങ്ങൾ നൽകുന്നതിന് പഠനവീടുകൾ ആരംഭിച്ചു.

## റാന്നി മണ്ഡലത്തിലെ സ്മാർട്ട് സ്കൂൾ

131(990) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളും സ്മാർട്ടാക്കുക എന്ന ലക്ഷ്യം എന്ന് കൈവരിക്കാനാകും എന്ന് പറയാമോ ;

(ബി) സംസ്ഥാനത്തെ എയ്ഡഡ്/സർക്കാർ ഹയർ സെക്കണ്ടറികളേയും ഹൈസ്കൂളുകളേയും പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുത്തിരിക്കുന്നത് ; ഒന്നാം ഘട്ട പദ്ധതി എന്ന് പൂർത്തീകരിക്കാനാവും എന്ന് പറയാമോ ;

(സി) പദ്ധതിയുടെ ഭാഗമായി ഏതൊക്കെ ഉപകരണങ്ങളാണ് ഓരോ സ്മാർട്ട് ക്ലാസ് മുറിക്കും സർക്കാർ നൽകുന്നത് എന്ന് വിശദമാക്കാമോ ;

(ഡി) സ്മാർട്ട് ക്ലാസ് മുറി അനുവദിക്കുന്നതിന്റെ ഭാഗമായി സ്കൂൾ അധികൃതർ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നത് എന്ന് വിശദമാക്കാമോ ;

(ഇ) സർക്കാർ പ്രഖ്യാപിച്ച പദ്ധതിയിൽ പേര് ഉൾപ്പെടുന്ന ഹൈസ്കൂൾ/ഹയർ സെക്കൻഡറി സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം ഉപകരണങ്ങൾ എങ്ങിനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(എഫ്) റാന്നി നിയോജക മണ്ഡലത്തിലെ സി എം എസ് ഹൈസ്കൂൾ, എബനേസർ എച്ച് എസ് എസ് ഈട്ടിച്ചുവട് (എച്ച് എസ് എസ് വിഭാഗം) , എൻ എസ് എസ് എച്ച് എസ് എസ് വായ്പൂര് (എച്ച് എസ് എസ് വിഭാഗം) എന്നീ സ്കൂളുകൾ പട്ടികയിൽ ഉൾപ്പെടാത്തതിനാൽ ഇവിടെ എങ്ങനെയാണ് സ്മാർട്ട് ക്ലാസ് റൂം ഉപകരണങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി 2018 ജനുവരി 22-ന് ആരംഭിച്ചു. 2018 ജൂൺ 1-ന് മുമ്പ് ഈ ക്ലാസ് മുറികളിലേയ്ക്ക് ഐ.സി.ടി. ഉപകരണ വിതരണം പൂർത്തിയാക്കത്തക്കവിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

(ബി) പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ നടത്തേണ്ട പ്രവർത്തനങ്ങൾ (സുരക്ഷിതമായ മുറി, ടൈൽ പാകിയ തറ, സീലിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ഷെൽഫ്) പൂർത്തിയാക്കിയ സ്കൂളുകളെയാണ് മുൻഗണനാക്രമത്തിൽ പദ്ധതി

നിർവ്വഹണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. 2018 ജൂൺ 1-ന് മുമ്പ് സജ്ജമാകുന്ന എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസ് മുറികളിലേയ്ക്കും ഉപകരണ വിതരണം പൂർത്തിയാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

(സി) ഓരോ ക്ലാസിലേയ്ക്കും ലാപ് ടോപ് കമ്പ്യൂട്ടർ, സീലിങ്ങിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷന് അനുയോജ്യമായ സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം, സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി., മൾട്ടിഫങ്ഷൻ പ്രിന്റർ, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ് സംവിധാനം, ഐ.സി.ടി. അധിഷ്ഠിത പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതിന് 'സമഗ്ര' വിഭവ പോർട്ടൽ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ എന്നിവർക്ക് പരിശീലനം തുടങ്ങിയവ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് ലഭ്യമാക്കും.

(ഡി) ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളിന് ലഭിക്കുന്ന ഉപകരണങ്ങൾ സുരക്ഷിതമായി വയ്ക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് അതത് സ്കൂൾ അധികൃതർ തന്നെയായിരിക്കണമെന്ന് നിബന്ധന പ്പെടുത്തിയിട്ടുണ്ട്. പൊടിശല്യം തീരെയില്ലാത്ത മുറി (ടൈല് പാകിയ തറ, മേൽക്കൂര ഓട് പാകിയ കെട്ടിടമാണെങ്കിൽ സുരക്ഷിതമായ സീലിംഗ്, പെയിന്റ് ചെയ്ത് വൃത്തിയാക്കിയ ചുവരുകൾ), ഓരോ ക്ലാസ്സിലും സുരക്ഷിതത്വം ഉറപ്പു വരുത്തിയുള്ള വൈദ്യുതീകരണം, ഉപകരണങ്ങൾ സൂക്ഷിക്കാനാവശ്യമായ ഷെൽഫ്/ലോക്കർ സംവിധാനങ്ങൾ എന്നിവയാണ് സ്കൂളുകൾ സജ്ജമാക്കേണ്ടത്.

(ഇ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഐ.ടി. സംബന്ധമായ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനായി രൂപീകൃതമായ ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ദേശീയ ടെണ്ടറിലൂടെ തെരഞ്ഞെടുത്ത ഉപകരണങ്ങൾ കൈറ്റിന്റെ ജില്ലാ ഓഫീസ് മുഖേനയാണ് സ്കൂളുകൾക്ക് ലഭ്യമാക്കുന്നത്.

(എഫ്) റാന്നി നിയോജക മണ്ഡലത്തിലെ സി.എം.എസ്. ഹൈസ്കൂൾ, എബനേസർ എച്ച്.എസ്.എസ്. ഈട്ടിച്ചുവട് (എച്ച്.എസ്.എസ്. വിഭാഗം), എൻ.എസ്.എസ്. എച്ച്.എസ്.എസ്. വായ്പൂര് (എച്ച്.എസ്.എസ്.വിഭാഗം) എന്നീ സ്കൂളുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

**പരീക്ഷാ നവീകരണ പദ്ധതി**

132 (991) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസരംഗത്ത് സർക്കാർ നടപ്പിലാക്കുന്ന പരീക്ഷാ നവീകരണ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൊണ്ട് നിലവിലുള്ള പരീക്ഷാ സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായി വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്;

(സി) കുട്ടികൾക്ക് സ്വയം വിലയിരുത്തലിന് സഹായകമാകുന്നതും സ്വന്തം നിലപാടുകൾ യുക്തിപൂർവ്വം അവതരിപ്പിക്കുന്നതിന് ഉതകുന്നതുമായ ചോദ്യങ്ങൾ ഈ വർഷത്തെ ചോദ്യപേപ്പറുകളിൽ ഉൾക്കൊള്ളിക്കുന്നുണ്ടോ;

(ഡി) ഗ്രേസ് മാർക്ക് നൽകുന്ന വിഷയത്തിൽ എന്ത് മാറ്റമാണ് വരുത്തിയിട്ടുള്ളത്; ഈ മാറ്റം പഠന വിഷയങ്ങൾക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ വിദ്യാർത്ഥികൾക്ക് സഹായമാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എഴുത്തുപരീക്ഷയിൽ പരിഷ്കരണം ഒന്നാം 'ടേം' വിലയിരുത്തൽ മുതൽ തന്നെ നടപ്പിലാക്കി. തുടർന്ന് ഈ വർഷത്തെ പൊതുപരീക്ഷയിലും പരിഷ്കരിച്ച ചോദ്യരീതി നടപ്പിലാക്കുന്നതാണ്.

(ബി) കുട്ടികൾക്ക് ഉത്തരമെഴുതുന്നതിന് അധിക ചോദ്യങ്ങൾ നൽകി, അറിയാവുന്നവ തെരഞ്ഞെടുത്ത് ഉത്തരം എഴുതാനുള്ള അവസരം നൽകുന്നു. ഇതുവഴി കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ പരീക്ഷയെ അഭിമുഖീകരിക്കാൻ അവസരം ലഭിക്കുന്നു.

(സി) ഉണ്ട്. ഗണിതം പോലുള്ള ചില വിഷയങ്ങളിൽ എനിക്കെന്തറിയാം എന്ന് മനസ്സിലാക്കാൻ സഹായകരമായ ഒരു ചോദ്യം (ആശയഗ്രഹണം (Comprehension) ചോദ്യപേപ്പറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഗ്രേസ് മാർക്ക് നൽകുന്ന വിഷയത്തിൽ നിലവിലെ രീതിയിൽ മാറ്റം വരുത്തിയിട്ടില്ല.

## ചിറ്റൂർ മണ്ഡലത്തിലെ പൊതു വിദ്യാഭ്യാസ വികസനയജ്ഞം പദ്ധതി

133 (992) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വികസന യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂൾ തത്തമംഗലം, നന്ദിയോട് ഗവണ്മെന്റ് ഹൈസ്കൂൾ, കൊഴിപ്പാറ ഗവണ്മെന്റ് ഹയർസെക്കൻഡറി സ്കൂൾ എന്നീ സ്കൂളുകൾ ഹൈടെക് ആക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വികസന യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റൂർ നിയോജകമണ്ഡലത്തിലെ ചിറ്റൂർ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിനെ കിഫ്ബി മുഖേനയുള്ള അഞ്ച് കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിലും കിഫ്ബിയുടെ മൂന്നുകോടി രൂപ ധനസഹായത്തോടെ വിക്ടോറിയ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ ഭാഗമായി ചിറ്റൂർ നിയോജകമണ്ഡലത്തിലെ തത്തമംഗലം ഗവ. യു.പി. സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വികസന യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെയും എട്ടുമുതൽ 12 വരെയു ള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ പ്രയോജനം ചിറ്റൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളിലും നടപ്പിലാക്കിവരുന്നു.

(ബി) ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ തത്തമംഗലം, നന്ദിയോട് ഗവ. ഹൈസ്കൂൾ, കൊഴിപ്പാറ ഗവ. ഹയർസെക്കണ്ടറി സ്കൂൾ എന്നിവ ചിറ്റൂർ നിയോജക മണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെട്ടവയാണ്. ക്ലാസ്സുകൾ സജ്ജമാക്കിയ എല്ലാ സ്കൂളുകൾക്കും ഉപകരണ വിതരണം 2018-ജൂൺ 1-ന് മുമ്പ് പൂർത്തിയാകത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കൊയിലാണ്ടി മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ

134 (993) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നടപ്പിൽ വരുത്തിയ പദ്ധതി പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി മൂന്ന് കോടി രൂപ അനുവദിക്കപ്പെട്ട കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും നിർമ്മാണപ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കാമോ;

(സി) ഈ മണ്ഡലത്തിലെ മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട കൊയിലാണ്ടി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലും കീഴൂർ ഗവൺമെന്റ് യു.പി. സ്കൂളിലും അടിസ്ഥാന സൗകര്യ വികസനത്തിനായി സമർപ്പിക്കപ്പെട്ട പദ്ധതിയുടെ രൂപ രേഖയ്ക്ക് കിഫ്ബി യിൽ നിന്നും അംഗീകാരം ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഈ രണ്ടു വിദ്യാലയങ്ങളിൽ എത്ര കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം നൽകിയത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ 13 നിയോജക മണ്ഡലങ്ങളിൽ നിന്നായി ഓരോ സ്കൂളിനെ വീതം 13 സ്കൂളുകളെ അഞ്ച് കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ ജില്ലയിലെ വിവിധ സ്കൂളുകളെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും തെരഞ്ഞെടുത്തിട്ടുണ്ട്. അപ്രകാരം പദ്ധതി നിർവ്വഹണത്തിനായു ള്ള കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി ജില്ലയിലെ വിവിധ എൽ.പി./യു.പി. സ്കൂളുകളെ തെരഞ്ഞെടുക്കുകയും അപ്രകാരം ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അക്കാദമിക മികവിന് ഊന്നൽ നൽകുന്ന വിധത്തിൽ സ്കൂൾ തലത്തിൽ ജനകീയ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയുടെ പ്രയോജനം കോഴിക്കോട് ജില്ലയിലെ സ്കൂളുകൾക്കും ലഭ്യമാകുന്നതാണ്.

(ബി) മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി അംഗീകാരത്തിന് വിധേയമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽനിന്നും മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള കൊയിലാണ്ടി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് 7.24 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കുകയും അപ്രകാരം കിഫ്ബി അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. അടിസ്ഥാനസൗകര്യ വികസനത്തിനായി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള കീഴൂർ ഗവ. യു.പി. സ്കൂളിന് 114 ലക്ഷം രൂപയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## പെരിങ്ങോത്ത് അനുവദിച്ച മോഡൽ റസിഡൻഷ്യൽ സ്കൂൾ

135 (994) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോത്ത് അനുവദിച്ച മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിന് ആവശ്യമായ ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെ ആയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ ഏത് സെക്ഷനിലാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്ഥാപനത്തിന് ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഫയൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. ഫയൽ പൊതുവിദ്യാഭ്യാസ (എഫ്) സെക്ഷനിലാണ് ഉള്ളത്.

## സർവ്വശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം അനുവദിച്ച ഫണ്ട്

136 (995) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രം അനുവദിച്ച ഫണ്ട് എത്രയെന്ന് അറിയിക്കാമോ;

(ബി) ഇതിൽ നാളിതുവരെയായി എത്ര കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചു; ആനുപാതികമായി ലഭിക്കേണ്ട സംസ്ഥാന വിഹിതം എത്രയാണ് ലഭിച്ചതെന്ന് അറിയിക്കാമോ;

(സി) 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് അനുവദിച്ച തുകയിൽ നിന്നും എത്രകോടി രൂപയാണ് കേന്ദ്രസർക്കാർ കുറവ് വരുത്തിയത്; ഇതിനുള്ള കാരണം അറിയിച്ചിരുന്നുവോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) ഇത്തരത്തിൽ തുകയിൽ കുറവ് വരുത്തിയത് സംബന്ധിച്ച് കേന്ദ്രസർക്കാർ നൽകിയ കത്തിന്റെ പകർപ്പുകൾ നൽകാമോ?

ഉത്തരം

(എ&ബി) നാളിതുവരെ 136.79 കോടി രൂപ (നൂറ്റി മുപ്പത്തിയാറ് കോടി എഴുപത്തി ഒൻപത് ലക്ഷം രൂപ) കേന്ദ്ര വിഹിതമായും 126.35 കോടി രൂപ (നൂറ്റി ഇരുപത്തിയാറ് കോടി മുപ്പത്തി അഞ്ച് ലക്ഷം രൂപ) സംസ്ഥാന വിഹിതമായും 4.50 കോടി രൂപ (നാല് കോടി അമ്പത് ലക്ഷം രൂപ) ബഡ്ജറ്റ് വിഹിതമായും ലഭിച്ചു.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ എസ്.എസ്.എ.യ്ക്കുള്ള കേന്ദ്ര വിഹിതത്തിൽ 202.05 കോടി (ഇരുന്നൂറ്റി രണ്ട് കോടി അഞ്ച് ലക്ഷം രൂപ) രൂപയുടെ കുറവ് വന്നിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ 564.73 കോടി (അഞ്ഞൂറ്റി അറുപത്തി നാല് കോടി എഴുപത്തി മൂന്ന് ലക്ഷം രൂപ) രൂപയുടെ പദ്ധതി അംഗീകരിച്ചിരുന്നു. ഇതിന്റെ കേന്ദ്ര വിഹിതമായ 338.84 കോടി രൂപ (മുന്നൂറ്റി മുപ്പത്തിയെട്ട് കോടി എൺപത്തി നാല് ലക്ഷം രൂപ) സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്നത്. എന്നാൽ കേന്ദ്ര സർക്കാർ 136.79 കോടി രൂപ (നൂറ്റി മുപ്പത്തിയാറ് കോടി എഴുപത്തി ഒൻപത് ലക്ഷം രൂപ) മാത്രമാണ് അനുവദിച്ചത്. ഇതിനുള്ള കാരണം അറിയിച്ചിട്ടില്ല.

(ഡി) കേന്ദ്ര സർക്കാർ നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാഠപുസ്തക വിതരണം

137 (996) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്ത വകയിൽ കേരള ബുക്സ് ആൻഡ് പബ്ളിഷിംഗ് സൊസൈറ്റിക്ക് 2010 മുതൽ എത്ര കോടി രൂപയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) അടുത്ത അദ്ധ്യയനവർഷം അച്ചടി ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്നറിയിക്കാമോ ;

(സി) പാഠപുസ്തകങ്ങൾ എത്ര ഭാഗമായാണ് അച്ചടിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ ;

(ഡി) പാഠപുസ്തക അച്ചടിയുടെ തുക വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നൽകുന്ന രീതി സംസ്ഥാനത്ത് നടപ്പാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) 2018-19 അദ്ധ്യയനവർഷത്തെ 1 മുതൽ 10 വരെ ക്ലാസുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കെ.ബി.പി.എസ്.-നെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) 2018-19 അദ്ധ്യയനവർഷത്തിലും 60 പേജിൽ കൂടുതലുള്ള പാഠപുസ്തകങ്ങൾ പേജുകളുടെ അടിസ്ഥാനത്തിൽ രണ്ടും മൂന്നും വാല്യങ്ങളായി അച്ചടിച്ച് വിതരണം ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## പ്രീ-പ്രൈമറി വിദ്യാർത്ഥികളുടെ പാഠപുസ്തകം

138 (997) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എത്ര പ്രീപ്രൈമറി കുട്ടികൾ പഠിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ;

(ബി) പ്രീപ്രൈമറി വിദ്യാർത്ഥികൾക്ക് ആവശ്യമായ പാഠപുസ്തകം നിലവിൽ സർക്കാർ നൽകുന്നുണ്ടോ ; പാഠപുസ്തകമോ അല്ലെങ്കിൽ മതിയായ മാർഗ്ഗ നിർദ്ദേശങ്ങളോ ഇവർക്ക് നൽകാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) 2015-16 അദ്ധ്യയന വർഷത്തെ അടിസ്ഥാനമാക്കി സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ (ഗവൺമെന്റ് + എയ്ഡഡ്) 2,35,960 കുട്ടികൾ പ്രീ - പ്രൈമറി വിഭാഗത്തിൽ പഠിക്കുന്നുണ്ട്.

(ബി) പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് ആവശ്യമായ പാഠപുസ്തകം നൽകുന്നതിനുള്ള നടപടിയെടുത്തുവരുന്നു. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ചാണ് പ്രീ - പ്രൈമറി സ്കൂളിൽ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നത്.

**പാഠപുസ്തകങ്ങളുടെ അച്ചടി**

139 (998) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. മുകേഷ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്കൂളുകളിൽ വിതരണത്തിനായി ഇവ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടു ള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച സമയക്രമവും വർക്ക് ഓർഡറും പുസ്തക അച്ചടി ചുമതലയു ള്ള കെ.ബി.പി.എസ്-ന് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) അഭിമാനാർഹമായ പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് എന്തെല്ലാം ഏകോപന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19 അദ്ധ്യയന വർഷത്തിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്ക് ഒന്നാം വാല്യം 288 ടൈറ്റിലും രണ്ടാം വാല്യം 187 ടൈറ്റിലും മൂന്നാം വാല്യം 66 ടൈറ്റിലുമാണുള്ളത്. ഒന്നാം വാല്യം 288 ടൈറ്റിലുകളിലായി 3.06 കോടി പാഠപുസ്തകങ്ങളാണ് ഇപ്പോൾ അച്ചടിച്ച് വിതരണം നടത്തിക്കൊണ്ടിരിക്കുന്നത്. നിലവിൽ ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ അച്ചടി 90% പൂർത്തിയായി. മാർച്ച് 10-ാം തീയതിയോടു കൂടി അച്ചടി 100% ആകും. പ്ലസ് ടു പാഠപുസ്തകങ്ങൾ മാർച്ച് മാസം അവസാനത്തോടുകൂടിയും പ്ലസ് വൺ പാഠപുസ്തകങ്ങൾ മേയ് മാസം അവസാനവാരത്തോടുകൂടിയും വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2018-19 അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകത്തിന്റെ അച്ചടിയും വിതരണവും കെ.ബി.പി.എസ്. ആണ് നിർവ്വഹിച്ചുവരുന്നത്. 3325 സ്കൂൾ സൊസൈറ്റികൾ വഴി 12039 ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകൾക്കാണ് വിതരണം നടത്തിവരുന്നത്. ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ വിതരണം 2018 ജനവരി 15-ാം തീയതി മുതൽ ആരംഭിച്ചു. 27-2-2018 വരെ 56% വിതരണം പൂർത്തിയായി. നിലവിൽ കെ.ബി.പി.എസ്.ന്റെ 14 ജില്ലാ ഹബ്ബുകളിൽ നിന്നും അതത് സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുകയും സൊസൈറ്റികളിൽനിന്നും ഒരാഴ്ചയ്ക്കകം സ്കൂളുകൾ ഇൻഡന്റ് ചെയ്ത പ്രകാരമുള്ള പാഠപുസ്തകങ്ങൾ ലഭ്യമാക്കുവാനുള്ള നടപടികളും കൈക്കൊണ്ടുകഴിഞ്ഞു. സി-ആപ്റ്റ് ഹെഡ് ഓഫീസ്, ഉപകേന്ദ്രങ്ങളും മുഖേന 14 ജില്ലകളിലെയും ഓൺലൈൻ ഇൻഡന്റ് ചെയ്ത സ്കൂളുകൾക്കുള്ള പ്ലസ്ടു പാഠപുസ്തകങ്ങൾ മാർച്ച് 31-ാം തീയതിക്ക് മുമ്പുതന്നെ വിതരണം പൂർത്തിയാക്കുന്നതിനുള്ള തീവ്രശ്രമം നടന്നുവരുന്നു. പ്ലസ് വൺ പാഠപുസ്തകങ്ങൾ മേയ് മാസം അവസാന വാരത്തോടുകൂടി വിതരണം നടത്തുവാനു ള്ള ശ്രമത്തിലാണ്.

(സി) 3-8-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം 2018-19 അദ്ധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും കെ.ബി.പി.എസ്.-നെ ചുമതലപ്പെടുത്തി ഉത്തരവായി. അതുപ്രകാരം സ്കൂളുകൾക്കാവശ്യമായ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് സ്വീകരിക്കുന്നതിനായി ഒരു മാസം സമയം നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം നടത്തുന്നതിനു ള്ള അന്തിമ പ്രിന്റ് ഓർഡർ 22-12-2017-ൽ കെ.ബി.പി.എസ്.-ന് നൽകുകയും ചെയ്തു. 2018-19 അദ്ധ്യയന വർഷത്തേയ്ക്കു ള്ള പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് ചുവടെ ചേർക്കുന്ന ഷെഡ്യൂൾ പ്രകാരമാണ്.

| | | |
|---|---|---|
| ഒന്നാം വാല്യം | - | 2018 ഏപ്രിൽ 15 |
| രണ്ടാം വാല്യം | - | 2018 ആഗസ്റ്റ് 30 |
| മൂന്നാം വാല്യം | - | 2018 ഒക്ടോബർ 30 |

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2018-19 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ എത്തിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി 3-8-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം 2018 -19 അദ്ധ്യയന വർഷത്തേയ്ക്കുള്ള 1 മുതൽ 10 വരെ ക്ലാസ്സുകളിലെ അച്ചടിയും വിതരണവും കെ.ബി.പി.എസ്.നെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായി. അതുപ്രകാരം ടി ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുവാനുള്ള ടെൻടേറ്റീവ് പ്രിന്റ് ഓർഡർ 16-10-2017-ലെ കത്ത് പ്രകാരം കെ.ബി.പി.എസ്.ന് നൽകുകയുണ്ടായി.

തുടർന്ന് 22-11-2017 മുതൽ 18-12-2017 വരെ സ്കൂളുകൾക്കാവശ്യമായ പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റ് രേഖപ്പെടുത്തുവാനുള്ള സമയം അനുവദിക്കുകയും ആയത് പ്രകാരം ലഭിച്ച ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ 22-12-2017-ന് ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ അച്ചടിക്കും വിതരണത്തിനുമായുള്ള അന്തിമ പ്രിന്റ് ഓർഡർ നൽകുകയും ചെയ്തു. ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ വിതരണം ജനുവരി 15 മുതൽ കെ.ബി.പി.എസ് ആരംഭിച്ചു. സ്കൂൾ അദ്ധ്യയന വർഷാരംഭത്തിന് 5 മാസം മുമ്പുതന്നെ സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തിച്ചു തുടങ്ങി. രണ്ടു മുതൽ ഒൻപതുവരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് വർഷാവസാന പരീക്ഷ തീരുന്ന മുറയ്ക്കും ഒൻപതാം ക്ലാസ്സിലെ റിസൾട്ട് വരുന്ന മുറയ്ക്ക് 10-ാം ക്ലാസ്സിലേയും പാഠപുസ്തകങ്ങൾ നൽകുവാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ജില്ലാതലത്തിൽ പാഠപുസ്തക വിതരണം ഏകോപിപ്പിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കീഴിൽ ഒരു സൂപ്രണ്ടിനെയും രണ്ടു ക്ലാർക്കുമാരേയും വിദ്യാഭ്യാസ ജില്ലാതലത്തിൽ പാഠപുസ്തക വിതരണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മാരേയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് നൽകിക്കഴിഞ്ഞു. സംസ്ഥാനതലത്തിൽ പാഠപുസ്തക വിതരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി മൂന്ന് മേഖലയായി തിരിച്ച് രണ്ട് അഡീഷണൽ ഡയറക്ടർമാർക്കും ഒരു ജോയിന്റ് ഡയറക്ടർക്കും ചാർജ് നൽകിയിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി എല്ലാ നടപടികളും കൈക്കൊണ്ടുകഴിഞ്ഞു. 2018-19 അദ്ധ്യയന വർഷത്തെ പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സി-ആപ്റ്റ് മുഖേനയാണ് നടത്തുന്നത്. പ്രസ്തുത വർഷം ഓൺലൈൻ ചെയ്ത സ്കൂളുകൾക്കു ള്ള പ്ലസ് ടു പാഠപുസ്തകങ്ങൾ മാർച്ച് 31-ാം തീയതിക്ക് മുമ്പും, പ്ലസ് വൺ പാഠപുസ്തകങ്ങൾ മേയ് മാസം അവസാന വാരത്തോടുകൂടി വിതരണം പൂർത്തീകരിക്കുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനുവേണ്ടി എല്ലാ ജില്ലകളിലും സി-ആപ്റ്റ് സബ്സെന്ററിലെ ജീവനക്കാർ മുഖേന വിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എൽ.പി. സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിന് നടപടി**

140 (999) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലയിൽ ഏറ്റവും കൂടുതൽ അൺ-ഇക്കണോമിക് സ്കൂളുകൾ ഉള്ളത് എൽ.പി. വിഭാഗത്തിലാണെന്ന് സൂചിപ്പിക്കുന്ന കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൽ. പി. സ്കൂളുകളുടെ നവീകരണത്തിനും അൺ-ഇക്കണോമിക് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുന്നതിനും പ്രത്യേകമായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് മേഖലയിലെ എൽ. പി. സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാര മുയർത്തുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി പ്രത്യേക പരിഗണന നൽകുമോ; എങ്കിൽ ഇതിനായി സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എൽ.പി. സ്കൂളുകൾ ഉൾപ്പെടെ നവീകരിക്കുന്നതിന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് മേഖലയിലെ എൽ.പി. സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാര മുയർത്തുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി പ്രത്യേക പരിഗണന നൽകി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. 139 ഗവൺമെന്റ് സ്കൂളുകളെ അടിസ്ഥാനസൗകര്യ വികസനത്തിന് ഇപ്പോൾ ഒരു കോടി രൂപയുടെ പദ്ധതയിൽപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 2017-18-ലെ പ്ലാനിംഗിൽപ്പെടുത്തി 3, 5, 8 ക്ലാസ്സുകളിലെ പഠന നിലവാരം ഉയർത്തുന്നതിനായി 'ശ്രദ്ധ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

## കെ.ജി. സ്കൂളുകളെ ശിശുസൗഹൃദമാക്കുന്നതിന് നടപടി

141 (1000) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ പ്രീ.കെ.ജി., എൽ.കെ.ജി., യു.കെ.ജി. എന്നിവയെ ശിശുസൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ യാണെന്ന് വിശദമാക്കുമോ;

(ബി) വിദ്യാഭ്യാസ നിയമത്തിലെ നിബന്ധനയ്ക്ക് വിരുദ്ധമായി ഇത്തരം സ്കൂളുകളിൽ പ്രവേശന പരീക്ഷ നടത്തി കുട്ടികളെ പ്രവേശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) ഇത്തരം സ്കൂളുകളെ നിയന്ത്രിക്കുന്നതിന് സർക്കാരിന് നിലവിലുള്ള അധികാരം എന്തൊക്കെയാണെന്നും ഇത് കർശനമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോയെന്നും വ്യക്തമാക്കുമോ?

## ഉത്തരം

(എ) കേരളത്തിലെ പ്രീ-സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി. ഒരു ഏകീകൃത പ്രീ-സ്കൂൾ പാഠ്യപദ്ധതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രീ-സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രവർത്തന പുസ്തകം 'കളിപ്പാട്ടം' എന്ന പേരിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശിശുസൗഹൃദമായ ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് പ്രീ-സ്കൂൾ പാഠ്യപദ്ധതിയും അദ്ധ്യാപക സഹായിയും തയ്യാറാക്കിയിട്ടുണ്ട്. ശിശുസൗഹൃദമായ ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് പഠനാന്തരീക്ഷം ഒരുക്കുന്നതിനുള്ള പരിശീലന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രീ-സ്കൂൾ കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യത്തിനും സംരക്ഷണത്തിനും വേണ്ടി മാർഗ്ഗരേഖ തയ്യാറാക്കി നൽകിയിട്ടുണ്ട്.

(ബി) ഇല്ല. ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) സർക്കാരിന്റെ അനുമതി കൂടാതെ പ്രവർത്തിക്കുന്ന സ്കൂളുകളെ സംബന്ധിക്കുന്ന പരാതി ലഭിച്ചാൽ അന്വേഷണം നടത്തി ഉടൻ തന്നെ നടപടി സ്വീകരിക്കുന്നതാണ്. അതോടൊപ്പം അനുമതി നൽകിയ സ്കൂളുകളെ സംബന്ധിച്ചും, നിബന്ധനകൾക്ക് വിരുദ്ധമായി പ്രവേശന പരീക്ഷ നടത്തുകയാണെന്ന് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

## എച്ച്.എസ്.എ. ഇംഗ്ലീഷ് - ഒഴിവുകളിലെ നിയമനം

142 (1001) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിൽ എച്ച്.എസ്.എ.- ഇംഗ്ലീഷിന് എത്ര ഒഴിവുകൾ ഉണ്ട് ; പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് എത്ര എണ്ണം;

(ബി) പി. എസ്സ്. സി നേരിട്ടുള്ള നിയമനം വഴി എച്ച്.എസ്.എ. ഇംഗ്ലീഷിന്റെ എത്ര ശതമാനം ഒഴിവുകളാണ് നികത്തുന്നത് ;

(സി) കേരള വിദ്യാഭ്യാസ നിയമം അനുസരിച്ച് ഇംഗ്ലീഷ് ഭാഷയാണോ അഥവാ കോർ സബ്ജക്ട് ആണോയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇംഗ്ലീഷിന് ഒരു തസ്തിക പോലുമില്ലാത്ത 29 ഗവൺമെന്റ് സ്കൂളുകളിൽ ഇംഗ്ലീഷിന് അദ്ധ്യാപകരെ നിയമിക്കാനും തസ്തിക സൃഷ്ടിക്കാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ എന്തെല്ലാം ;

(ഇ) GO(Rt) No. 521/2018 /GEDN dt 1-2-2018 സർക്കാർ ഉത്തരവ് പ്രകാരം പോസ്റ്റ്കൺവേർഷൻ, ഇന്റർ ഡിസ്ട്രിക്റ്റ്ടാൻസ്ഫർ തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളില്ലെങ്കിൽ പി.എസ്.സി. വഴി നേരിട്ട് നിയമനം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ഉത്തരവ് പ്രകാരം പി.എസ്.സി വഴി നേരിട്ടുള്ള നിയമനം എത്ര ശതമാനമാണ് ;

(എഫ്) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. ഇംഗ്ലീഷിന്റെ സർക്കാർ അംഗീകൃത തസ്തികകളുടെ എണ്ണം; ജോലി ചെയ്യുന്ന അദ്ധ്യപകർ; അവർ ജോലി ചെയ്യുന്ന സ്കൂളുകളുടെ വിവരം എന്നിവ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികയിൽ റഗുലർ ഒഴിവ് നിലവിലില്ല. 2017-18-ലെ തസ്തിക നിർണ്ണയ പ്രകാരം തസ്തിക നഷ്ടമായ എച്ച്.എസ്.എ. (ഇംഗ്ലീഷ്) അദ്ധ്യാപകരിൽ ആറ് പേരെ ഇനിയും ക്രമീകരിക്കേണ്ടതായുണ്ട്. നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള നാല് ഒഴിവുകൾ ആയതിലേയ്ക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.

(ബി) 23-1-2018-ലെ സ.ഉ.(എംഎസ്.) നമ്പർ 06/2018/പൊ.വി.വ പ്രകാരം എച്ച്.എസ്.എ. ഇംഗ്ലീഷിന്റെ 50% ഒഴിവുകളാണ് പി.എസ്.സി. നേരിട്ടുള്ള നിയമനം വഴി നികത്തേണ്ടത്.

(സി) 7-1-2002-ലെ സ.ഉ.(എംഎസ്.) നമ്പർ 11/02/പൊ.വി.വ പ്രകാരം ഇംഗ്ലീഷിനെ കോർ വിഷയങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയാണ് കോർവിഷയ ങ്ങളുടെ വിതരണക്രമം പുനഃക്രമീകരിക്കുകയുണ്ടായത്. ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ 6-6-2003-ലെ സ.ഉ.(പി) നമ്പർ 149/2003/പൊ.വി.വ പ്രകാരം (എസ്.ആർ.ഒ.നമ്പർ 506/2003) വരുത്തിയ ഭേദഗതി അനുസരിച്ച് കെ.ഇ.ആർ അധ്യായം XXIII-ൽ ചട്ടം 6(1) ആയി Sanctioning of post of High School Assistant (English) ചേർക്കപ്പെട്ടു. ടി കെ.ഇ.ആർ. ഭേദഗതി ഉത്തരവ് വഴി കെ.ഇ.ആർ അധ്യായം XXXI-ൽ ചട്ടം 2-ന്റെ 2(b) (X) ആയാണ് ഹൈസ്കൂൾ അസിസ്റ്റന്റിന്റെ വിദ്യാഭ്യാസ യോഗ്യത ചേർത്തത്. High School Assistant (Languages)-ന്റെ യോഗ്യതകൾ പരാമർശിക്കുന്നതിന്റെ അവസാന ഭാഗത്തായി ഇത് ചേർത്തതുമൂലമാണ് ഇംഗ്ലീഷിനെ ഭാഷാ വിഷയമായി പരിഗണിച്ചുവെന്ന തോന്നലുണ്ടായത്.

(ഡി) ഹൈസ്കൂൾ വിഭാഗത്തിൽ നിശ്ചിത ഡിവിഷനുകൾ (മിനിമം 5 ഡിവിഷൻ) ഇല്ലാത്തതിനാലാണ് പ്രസ്തുത സ്കൂളുകളിൽ എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തിക അനുവദിച്ചിട്ടില്ലാത്തത്. നിശ്ചിത തസ്തിക നിലവിലില്ലാത്ത സ്കൂളുകളിൽ അദ്ധ്യാപക നിയമനം നടത്തുന്നതിന് പ്രത്യേക നടപടി സ്വീകരിച്ചിട്ടില്ല.

(ഇ) OA(EKM) നമ്പർ 1601/2017 കേസിലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 1-8-2017-ലെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് പ്രസ്തുത സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ ഇപ്പോൾ നിലവിലുള്ള സ.ഉ.(എംഎസ്.) നമ്പർ 06/2018/പൊ.വി., തീയതി 23-1-2018 പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം, പ്രൊമോഷൻ, തസ്തികമാറ്റ നിയമനം എന്നിവയ്ക്ക് മതിയായ ഉദ്യോഗാർത്ഥികളില്ലെങ്കിൽ ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് നിബന്ധന ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പി.എസ്.സി. വഴിയുള്ള നിയമനം 50% ആയിരിക്കും എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(എഫ്) 2017-18 തസ്തിക നിർണ്ണയ പ്രകാരം എച്ച്.എസ്.എ. ഇംഗ്ലീഷിന് 241 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 1:40 അനുപാതത്തിൽ 6 അദ്ധ്യാപകരെ താത്കാലികമായി നിലനിർത്തിയിട്ടുണ്ട്. നിലവിലുള്ള 4 ഒഴിവുകളിൽ 4 അദ്ധ്യാപകരെ ക്രമീകരിക്കേണ്ടി വരും. അപ്രകാരം എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ എണ്ണം 243 ആണ്. ടി അദ്ധ്യാപകർ ജോലി ചെയ്യുന്ന സ്കൂളുകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

### ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകരുടെ നിയമനം

143 (1002) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള എഡ്യൂക്കേഷൻ റൂൾസ് (KER) അമന്റ്മെന്റ് GO (P) No.149/2003/G.Edn dt 6/6/2003 (Kerala Gazette Extra ordinary Vol-48 No.1001 dt 9/6/2003) പ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ ഇംഗ്ലീഷ് ഭാഷയായി പരിഗണിച്ചിട്ടുണ്ടെങ്കിലും ആയതു നടപ്പാക്കുന്നതിൽ എന്തെല്ലാം തടസ്സങ്ങളാണ് നിലവിൽ ഉ ള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമം നിലനിൽക്കെ ഇംഗ്ലീഷിനെ കോർ സബ്ജക്ട് വിഭാഗത്തിൽ ഉൾപ്പെടുത്തി കേരള എഡ്യൂക്കേഷൻ റൂൾസിന് വിരുദ്ധമായി സ്റ്റാഫ് ഫിക്സേഷൻ നടത്താനുള്ള കാരണം വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേരള എഡ്യൂക്കേഷൻ റൂൾസിൽ ഒരു ഭേദഗതി വന്നാൽ ആയത് പ്രാബല്യത്തിലാകാൻ എന്ത് കാലതാമസം വേണ്ടി വരുമെന്ന് അറിയിക്കാമോ;

(ഡി) ഒരു ഇംഗ്ലീഷ് ടീച്ചർ പോലും ഇല്ലാത്ത നിരവധി ഹൈസ്കൂളുകൾ ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇംഗ്ലീഷ് പഠിക്കാനുള്ള കുട്ടികളുടെ അവകാശം സംരക്ഷിക്കുന്നതിന് ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) കേരളത്തിലെ വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷയിലോ സാഹിത്യത്തിലോ ബിരുദവും ബി.എഡ്.-ഉം ഇല്ലാത്ത, മറ്റു വിഷയങ്ങളിലെ അദ്ധ്യാപകരായിരുന്നു 2001-02 വരെ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. ആയതിനാൽ പൂർണ്ണയോഗ്യതയുള്ള അദ്ധ്യാപകരെത്തന്നെ സ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് നിയോഗിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. നിലവിലു ള്ള അദ്ധ്യാപകരുടെ പുറത്താകലിന് കാരണമാകാതെ ഇംഗ്ലീഷിനെ കൂടി പ്രസ്തുത കോർവിഷയങ്ങളിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ, ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്) എന്ന ഒരു പുതിയ തസ്തിക സൃഷ്ടിക്കുകയും 7-1-2002-ലെ ജി.ഒ.(എം.എസ്.)നമ്പർ 11/2002/പൊ.വി.വ പ്രകാരം ഇംഗ്ലീഷിനെക്കൂടി ഉൾപ്പെടുത്തി കോർവിഷയങ്ങളുടെ വിതരണക്രമം പുനഃക്രമീകരിക്കുകയുമുണ്ടായി. ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി ഉത്തരവാണ് 6-6-2003-ലെ ജി.ഒ.(പി)നമ്പർ 149/2003/പൊ.വി.വ. (എസ്.ആർ.ഒ.നമ്പർ 506/2003). ഇതുപ്രകാരം കെ.ഇ.ആർ. അദ്ധ്യായം XXIII-ൽ ചട്ടം 6 (1) ആയി Sanctioning of post of High School Assistant (English) ചേർക്കപ്പെട്ടു. ഹൈസ്കൂൾ വിഭാഗത്തിൽ ഇംഗ്ലീഷ് ഒരു ഭാഷയായി പരിഗണിക്കുമെന്ന് ഇതിൽ ഒരിടത്തും പറഞ്ഞിട്ടില്ല. 'ടി' കെ.ഇ.ആർ. ഭേദഗതി ഉത്തരവ് വഴി കെ.ഇ.ആർ. അദ്ധ്യായം XXXI-ൽ ചട്ടം 2-ന്റെ 2(b) (x) ആയാണ് ഹൈസ്കൂൾ അസിസ്റ്റന്റിന്റെ വിദ്യാഭ്യാസ യോഗ്യത ചേർത്തത്. High School Assistant (Languages)-ന്റെ യോഗ്യതകൾ പരാമർശിക്കുന്നതിന്റെ അവസാന ഭാഗത്തായി ഇതു ചേർത്തതുമൂലമാണ് ഇംഗ്ലീഷിനെ ഭാഷാവിഷയമായി പരിഗണിച്ചുവെന്ന തോന്നലുണ്ടായത്. എച്ച്.എസ്.എ. (ഇംഗ്ലീഷ്) എന്ന തസ്തിക കെ.ഇ.ആർ.-ൽ ചേർത്ത അദ്ധ്യായം XXIII-ലെ ചട്ടം 6(1)-ൽ കാര്യങ്ങൾ വ്യക്തമാണ്. ഇംഗ്ലീഷിനെ ഭാഷാ വിഷയങ്ങളിലൊന്നായാണ് കണക്കാക്കുന്നതെന്ന് ഈ ചട്ടങ്ങളിൽ പരാമർശമൊന്നുമില്ല.

(ബി) 7-1-2002-ലെ ജി.ഒ. (എംഎസ്.)നമ്പർ 11/2002/പൊ.വി.വ.-ലെ അനുബന്ധത്തിൽ നൽകിയിട്ടുള്ള പട്ടിക പ്രകാരമാണ് സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ കോർ വിഷയങ്ങളുടെ (ഫിസിക്കൽ സയൻസ്, നാച്വറൽ

സയൻസ്, ഗണിത ശാസ്ത്രം, സോഷ്യൽ സയൻസ്, ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നത്. ഈ ഉത്തരവിന്റെയും കെ.ഇ.ആർ അദ്ധ്യായം XXIII-ലെ ചട്ടം 6(1)-ലെയും വെളിച്ചത്തിൽ ഇംഗ്ലീഷിനെ കോർ സബ്ജക്ടിൽ ഒന്നായി കണ്ടുകൊണ്ടാണ് 2002-03 മുതൽ തസ്തിക നിർണ്ണയം നടത്തിവരുന്നത്.

(സി) കെ.ഇ.ആർ ഭേദഗതി സംബന്ധിച്ച ഗസറ്റ് വിജ്ഞാപനത്തിൽ പ്രാബല്യ തീയതി പ്രത്യേകം പരാമർശിച്ചിട്ടില്ലെങ്കിൽ ആയത് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ഉത്തരവ് പ്രാബല്യത്തിൽ വരുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2001-02 വരെ കേരളത്തിലെ വിദ്യാലയങ്ങളിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തിക അനുവദിച്ചിരുന്നില്ല. മറ്റ് കോർ വിഷയങ്ങളിലെ അദ്ധ്യാപകർ തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. ഹൈസ്കൂൾ തലത്തിൽ ആകെ 4 ഡിവിഷനുകൾ മാത്രമുള്ള വിദ്യാലയങ്ങളിൽ ഇപ്പോഴും അപ്രകാരം തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നത്. അങ്ങനെയാകുമ്പോൾ മറ്റു വിഷയങ്ങളിൽ ഡിഗ്രിയും ബി.എഡ്.-ഉം ഉള്ള അദ്ധ്യാപകർ ഇത്തരം വിദ്യാലയങ്ങളിൽ ഇപ്പോൾ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. എല്ലാ വിദ്യാലയങ്ങളിലും എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു.

**വിദ്യാഭ്യാസമേഖലയിൽ വൈകല്യമുള്ള കുട്ടികൾക്കായി പദ്ധതികൾ**

144 (1003) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈകല്യമുള്ള കുട്ടികളുടെ സമഗ്ര വികസനത്തിനായി വിദ്യാഭ്യാസ മേഖലയിൽ ഏതൊക്കെ പദ്ധതികളും പരിപാടികളുമാണ് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ/പരിപാടികൾ സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ നടപ്പിലാക്കി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രവണപരമായും കാഴ്ചപരമായും വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കു വേണ്ടി സർക്കാർ എയ്ഡഡ് മേഖലകളിലായി 46 വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് വേണ്ടി ഓരോ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തി സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. പൊതുവിദ്യാലയങ്ങളിൽ എട്ടാം ക്ലാസു വരെ പഠിക്കുന്ന കുട്ടികൾക്ക് എല്ലാവിധ സാമ്പത്തികവും

വിദ്യാഭ്യാസപരവുമായ സഹായങ്ങൾ നൽകുന്നതിന് എസ്.എസ്.എ വഴിയും 9 മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് ആർ.എം.എസ്.എ വഴിയും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വൈകല്യമുള്ള കുട്ടികളുടെ സമഗ്ര വികസനത്തിനായി വിദ്യാഭ്യാസ മേഖലയിൽ ചുവടെ പറയും പ്രകാരമുള്ള പദ്ധതികളും പരിപാടികളുമാണ് നടപ്പിലാക്കിവരുന്നത്. വൈകല്യമുള്ള കുട്ടികളുടെ പഠനം ഉറപ്പാക്കുന്നതിന് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) മുഖേന സ്പെഷ്യൽ എഡ്യൂക്കേഷനിൽ ഡിഗ്രി/ഡിപ്ലോമ ഉള്ള 849 റിസോഴ്സ് അദ്ധ്യാപകരെ പൊതു വിദ്യാലയങ്ങളിൽ നിയമിച്ചിട്ടുണ്ട്. ഈ അദ്ധ്യാപകർക്കും മറ്റ് റെഗുലർ അദ്ധ്യാപകർക്കും കരിക്കുലം അനുരൂപീകരണം, പഠനോപകരണ അനുരൂപീകരണം, പാഠാസൂത്രണം, വിനിമയ മാർഗ്ഗങ്ങൾ എന്നിവയിൽ പരിശീലനം നൽകിവരുന്നുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലായി 9 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന 19096 കുട്ടികൾക്ക് ആർ.എം.എസ്.എ. മുഖേന നടപ്പുസാമ്പത്തികവർഷം ചുവടെ പറയും പ്രകാരം വ്യക്തിഗത സഹായം നൽകിവരുന്നുണ്ട്.

(എ) ബുക്ക്/സ്റ്റേഷനറി എന്നിവ വാങ്ങുന്നതിന് ഒരു കുട്ടിക്ക് 470 രൂപ വീതം

(ബി) എസ്കോർട്ട് അലവൻസ് ഒരു കുട്ടിക്ക് 470 (1500 കുട്ടികൾക്ക്)

(സി) ഹോസ്റ്റലിൽ താമസിക്കുന്ന 30 കുട്ടികൾക്ക് മാസംതോറും 1000/- രൂപ ക്രമത്തിൽ പത്തുമാസത്തേയ്ക്ക് ഒരു കുട്ടിക്ക് 10,000/- രൂപ ഹോസ്റ്റൽ അലവൻസ്

(ഡി) പൂർണ്ണമായും കാഴ്ചയില്ലാത്ത 455 കുട്ടികൾക്ക് 470 രൂപ ക്രമത്തിൽ റീഡർ അലവൻസ്

(ഇ) 7547 ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്ക് 2000 രൂപ ക്രമത്തിൽ സ്റ്റൈപ്പന്റ്

(എഫ്) ഭിന്നശേഷിക്കാരായ 19096 കുട്ടികൾക്ക് 470 രൂപ വീതം യൂണിഫോം അലവൻസ്

(ജി) 1500 കുട്ടികൾക്ക് 1245 രൂപ ക്രമത്തിൽ സഹായ ഉപകരണങ്ങൾ ഇവ കൂടാതെ

ഒരു ജില്ലയിലെ ഒരു സ്കൂളിന് 1.5 ലക്ഷം രൂപ ക്രമത്തിൽ 14 ജില്ലകൾക്കും ഹോർട്ടികൾച്ചർ തെറാപ്പിക്കായി തുക അനുവദിച്ചിട്ടുണ്ട്.

ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിന് അനുകൂല ചുറ്റുപാട് ഒരുക്കാൻ ഒരു ബ്ലോക്കിന് 10,000 രൂപ ക്രമത്തിൽ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തുന്നു. ഇവരുടെ പഠനത്തിന് സഹായമായി 209 റിസോഴ്സ് റൂം, 23 റിസോഴ്സ് സെന്റർ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്.

എസ്.സി.ഇ.ആർ.റ്റി. മുഖേന വൈകല്യമുള്ള കുട്ടികളുടെ സമഗ്ര വികസനത്തിനായി ചുവടെ പറയും പ്രകാരമുള്ള അക്കാഡമിക് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(എ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സവിശേഷ പാഠ്യപദ്ധതിയും 7 മുതൽ 11 വയസ്സുവരെയുള്ള കുട്ടികൾക്കായി പ്രവർത്തന പാക്കേജും തയ്യാറാക്കിയിട്ടുണ്ട്.

(ബി) കൂടാതെ അദ്ധ്യാപക പരിശീലനത്തിനുള്ള മൊഡ്യൂൾ തയ്യാറാക്കി അദ്ധ്യാപക ശാക്തീകരണപരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. സാമൂഹ്യ നീതിവകുപ്പ്, കുടുംബശ്രീ, ബഡ്സ് സ്കൂൾ, എസ്.ഐ.എം.സി. എന്നിവരുടെ സാമ്പത്തിക സഹായത്തോടെ എല്ലാ ജില്ലകളിലുമായി 40 ബാച്ച് പരിശീലനം നടന്നുകഴിഞ്ഞു.

(സി) കാഴ്ചപരമായി വെല്ലുവിളികൾ നേരിടുന്നവർക്കായി 'ശാരദാ ബ്രെയിൽ റൈറ്റർ' എന്ന കമ്പ്യൂട്ടർ പ്രോഗ്രാം ഉപയോഗിക്കുന്നതിന്റെ അദ്ധ്യാപക ശാക്തീകരണ മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നടത്തിവരുന്നു.

(ഡി) ഹയർ സെക്കണ്ടറി സയൻസ് ബാച്ചിൽ പഠിക്കുന്ന കാഴ്ച പരിമിതി ഉള്ള വിദ്യാർത്ഥികൾക്കായി പ്രാക്ടിക്കൽ ലാബ് വർക്കിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി ഹയർ സെക്കണ്ടറി വകുപ്പിന് നൽകിയിട്ടുണ്ട്.

(ഇ) ശ്രുവണപരമായി വെല്ലുവിളികൾ നേരിടുന്ന 5 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക് സിലബസിലും അദ്ധ്യാപക സഹായിയിലും എല്ലാ വിഷയങ്ങളിലും അനുരൂപീകരണം നടത്തിയിട്ടുണ്ട്. കൂടാതെ 1 മുതൽ 4-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രവേശിക പാഠം വിനിമയം ചെയ്യുന്നതിനായി അദ്ധ്യാപക പരിശീലനത്തിന്റെ മൊഡ്യൂൾ തയ്യാറാക്കുകയും സംസ്ഥാനതല പരിശീലനം 1, 2 ക്ലാസുകളിൽ പഠിപ്പിക്കുന്ന എല്ലാ സ്പെഷ്യൽ സ്കൂൾ (ശ്രുവണ പരിമിതി) അദ്ധ്യാപകർക്കും നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) 46 സ്പെഷ്യൽ സ്കൂളുകളിലും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള 321 സ്കൂളുകളിലും സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**പ്ലസ് ടു അനുവദിച്ച ഹിൽ ഏരിയ സ്കൂളുകൾ**

145 (1004) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ന് ശേഷം ഹിൽ ഏരിയയിൽ എത്ര സർക്കാർ സ്കൂളുകളിൽ പ്ലസ് ടു അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) 2010-ന് ശേഷം പ്ലസ് ടു അനുവദിച്ച സ്കൂളുകൾ ഹിൽ ഏരിയയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 20 സ്കൂളുകളിൽ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെടുത്തുന്ന സ്കൂളുകളെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പ്ലസ് വൺ പ്രവേശനത്തിന് ഏകജാലക സംവിധാനം

146 (1005) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനത്തിന് ഏകജാലക സംവിധാനം ഏർപ്പെടുത്താൻ എടുത്ത തീരുമാനത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥി പ്രവേശനത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതോടൊപ്പം ഏകീകൃത ഫീസ് ഘടന നിശ്ചയിച്ചു നൽകുന്നതിനും ആയത് പരസ്യപ്പെടുത്തുന്നതിനും നടപ്പിലാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അൺ എയ്ഡഡ് സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനത്തിന് ഏകജാലക സംവിധാനം ഏർപ്പെടുത്താൻ സർക്കാർ തീരുമാനം എടുത്തിട്ടില്ല.

(ബി) ഈ വിഷയത്തിലുള്ള സാധ്യത സർക്കാർ പരിശോധിക്കുന്നതാണ്.

## ഹയർ സെക്കണ്ടറി വിഭാഗങ്ങളുടെ ഏകോപനം

147 (1006) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഹൈസ്കൂൾ വിഭാഗങ്ങൾ ഒരു സ്കൂളിൽ മൂന്ന് വകുപ്പുകളിലായി പ്രവർത്തിക്കുന്നതിനാൽ ഏകോപനത്തിലുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ഈ മൂന്ന് വകുപ്പുകളും ഒറ്റ വകുപ്പിന്റെ കീഴിൽ കൊണ്ടു വരുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## അരൂർ മണ്ഡലത്തിലെ ടെക്നിക്കൽ ഹയർസെക്കണ്ടറി സ്കൂൾ കോളേജ് ആയി ഉയർത്താൻ നടപടി

148 (1007) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി.-യുടെ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ കോളേജ് ആയി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ആയത് പരിശോധിച്ച്പ്രസ്തുത സ്കൂൾ കോളേജായി ഉയർത്തുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഈ വിഷയം സംബന്ധിച്ച് സർക്കാരിൽ ഇതുവരെ പ്രൊപ്പോസലൊന്നും ലഭിച്ചിട്ടില്ല.

## ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ അനദ്ധ്യാപക നിയമനം

149 (1008) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പിലെ അനധ്യാപക തസ്തികകൾ നിലവിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പുതിയതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിൽനിന്നും എത്രയാളുകളെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ; ഇല്ലായെങ്കിൽ നിയമന നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## സ്കൂൾ കലോത്സവ പ്രവർത്തനങ്ങൾക്കായി പിരിച്ചെടുത്ത തുക

150 (1009) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 അദ്ധ്യയന വർഷങ്ങളിൽ കേരള സർക്കാർ നടത്തിയ സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത കുട്ടികൾ എത്ര ; ഇതിനു ഭാഗമായ ഉദ്യോഗസ്ഥർ എത്ര ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കലോത്സവ ഇനത്തിൽ 9,10, പ്ലസ് 1, പ്ലസ് 2 തുടങ്ങിയ ക്ലാസ്സുകൾ ഉൾപ്പെടെ പിരിച്ചെടുത്ത കലോത്സവ വിഹിതം എത്ര, എത്ര തുക നിശ്ചയിച്ചു; എത്ര ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) 2016-17, 2017-18 വർഷങ്ങളിൽ കലോത്സവ പ്രവർത്തനങ്ങൾക്കായി ലഭിച്ച സർക്കാർ വിഹിതം എത്ര; മറ്റു വകുപ്പുകളിൽ നിന്ന് ഉദ്ദേശിച്ച തുക ;ലഭ്യമായ തുക ; അപ്പീലുകൾ ഉൾപ്പെടെ കമ്മിറ്റികൾ താഴെ തലം മുതൽ സംസ്ഥാന തലം വരെ ലഭ്യമായ തുക; മറ്റു വകുപ്പു നിർദ്ദേശങ്ങൾ പ്രകാരം പിരിച്ചെടുത്ത തുക എന്നിവ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2018-19 വർഷ കലോത്സവം കുറ്റമറ്റതാക്കാനും നിശ്ചയിച്ച തുക യഥാസമയം പിരിച്ചെടുക്കാനും എന്തു നടപടികൾ സർക്കാരും വകുപ്പും സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17, 2017-18 എന്നീ അദ്ധ്യയന വർഷങ്ങളിൽ കേരള സർക്കാർ നടത്തിയ സ്കൂൾ കലോത്സവത്തിലെ കുട്ടികളുടെ എണ്ണം യഥാക്രമം 14670, 14212 എന്നിങ്ങനെ ആണ്.

<u>കലോത്സവത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം (2016-17):</u>

| | | |
|---|---|---|
| പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് | - | 132 |
| ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് | - | 26 |
| വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് | - | 18 |

<u>കലോത്സവത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം (2017-18):</u>

| | | |
|---|---|---|
| പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് | - | 150 |
| ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് | - | 40 |
| വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് | - | 21 |

(ബി) കലോത്സവ ഇനത്തിൽ 9, 10 ക്ലാസ്സുകളിൽ നിന്നും 7 രൂപ ക്രമത്തിലും പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിൽ നിന്നും 22 രൂപ ക്രമത്തിലുമാണ് കലോത്സവ വിഹിതം ശേഖരിക്കുന്നത്. സ്കൂളുകളിൽനിന്നും തുക ഇപ്പോൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. സ്കൂൾതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള കലോത്സവത്തിന്റെ നടത്തിപ്പ് ചുമതല പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റാണ് നിർവ്വഹിച്ചുവരുന്നത്.

സബ് ജില്ലാതലത്തിൽ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുഖേനയും സംസ്ഥാനതലത്തിൽ ഡി.പി.ഐ. മുഖേനയുമാണ് ഫണ്ട് വിനിയോഗിക്കുന്നത്. ഈ ഇനത്തിൽ പിരിച്ചെടുത്ത തുക, നിശ്ചയിച്ചിട്ടുള്ള തുക, ലഭിച്ച തുക എന്നീ വിശദാംശങ്ങൾ ഹയർസെക്കണ്ടറി ഡയറക്ടറേറ്റിന് ലഭ്യമായിട്ടില്ല.

(സി) 2016-17 വർഷത്തിൽ കലോത്സവ പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ജില്ലാ കലോത്സവങ്ങൾക്കായി നാല് കോടി രൂപയും, സംസ്ഥാന കലോത്സവത്തിലെ മത്സര വിജയികൾക്ക് പ്രൈസ് മണി നൽകുന്നതിനായി 35 ലക്ഷം രൂപയും അനുവദിച്ചു. 2017-18 വർഷത്തിൽ കലോത്സവ പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ജില്ലാ സബ് ജില്ലാ കലോത്സവങ്ങൾക്കായി ആറ് കോടി രൂപയും, സംസ്ഥാന കലോത്സവത്തിലെ മത്സര വിജയികൾക്ക് പ്രൈസ് മണി നൽകുന്നതിനായി 40 ലക്ഷം രൂപയും അനുവദിച്ചു.

| | | |
|---|---|---|
| 2016-17 വർഷത്തിൽ അപ്പീൽ ഇനത്തിൽ ലഭിച്ച തുക | - | 75,27,000 |
| 2017-18 വർഷത്തിൽ അപ്പീൽ ഇനത്തിൽ ലഭിച്ച തുക | - | 85,89,800 |

മറ്റ് വകുപ്പുകളിൽ നിന്നും ഈ ഇനത്തിൽ തുക ലഭിച്ചിട്ടില്ല.

(ഡി) 2018-19 വർഷത്തെ കലോത്സവം കുറ്റമറ്റതാക്കാനും നിശ്ചയിച്ച തുക സ്കൂൾ തലത്തിൽ നിന്ന് പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## സ്കൂൾ കലാമേളയിൽ കാക്കാരശ്ശി നാടകം

151 (1010) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനത് നാടൻ കലാരൂപമായ കാക്കാരശ്ശി നാടകം സ്കൂൾ കലാമേളയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ നൽകാമോ;

(സി) പരിഗണനയിലില്ലെങ്കിൽ ആയത് പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പരിഗണനയിലില്ല.

(സി) പരിശോധിക്കുന്നതാണ്.

## കലോത്സവത്തിലൂടെ മെഡിക്കൽ - എഞ്ചിനീയറിംഗ് അഡ്മിഷൻ

152 (1011) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യാഭ്യാസ രംഗത്ത് മെഡിക്കൽ-എഞ്ചിനീയറിംഗ് (സർക്കാർ/സ്വകാര്യ മേഖലകളിൽ) രംഗത്ത് അഡ്മിഷനു വേണ്ടി കലോത്സവത്തിൽ പങ്കെടുക്കുന്നതിനായി പണമുള്ളവർ പ്രസ്തുത രംഗം കാലാകാലങ്ങളായി കയ്യടക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണത തടയുവാനും പ്രസ്തുത രംഗത്ത് പ്രാവീണ്യം തെളിയിക്കുന്നവർക്ക് മാത്രം അവസരം ഉറപ്പുവരുത്താനുമായി ഈ സർക്കാർ സ്വീകരിച്ച പ്രവർത്തനങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലെ സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പ്രവർത്തനം നടത്തിയതായി ഈ സർക്കാർ കാലയളവിൽ കണ്ടെത്തിയവർ ആരെല്ലാം; എന്തു നടപടികൾ ഇവർക്കെതിരെ നാളിതുവരെ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഏത് മാർഗ്ഗത്തിലൂടെയും കലോത്സവത്തിൽ പങ്കെടുത്ത് ഗ്രേഡ് വാങ്ങുന്നതിനു ള്ള പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പ്രവണത തടയുന്നതിനുവേണ്ടി പരിഷ്കരിച്ച കലോത്സവ മാന്വൽ പ്രകാരമാണ് ഈ വർഷം സ്കൂൾ കലോത്സവം നടത്തിയിട്ടുള്ളത്. ആയതിനാൽ ഈ പ്രവണത പൂർണ്ണമായും തടയുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. കലാരംഗത്ത് പ്രാവീണ്യം തെളിയിച്ച പ്രശസ്തരായവരെ മാത്രമാണ് വിധികർത്താക്കളായി നിയമിച്ചിട്ടുള്ളത്.

(സി) 2016-17-ലെ കലോത്സവത്തിൽ ഇത്തരം പ്രവർത്തനം നടത്തിയവർക്കെതിരെ വിജിലൻസ് അന്വേഷണം നടന്നുവരികയാണ്. ഈ വർഷം സംസ്ഥാന ബാലാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട് വ്യാജ അപ്പീൽ ഉണ്ടാക്കിയവർക്കെതിരെ ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നുവരികയാണ്. ആരുടേയും പേര് വിവരം ലഭ്യമായിട്ടില്ല.

## സ്കൂൾ കലോത്സവങ്ങൾ പ്രശ്നരഹിതമായി നടത്തുവാൻ നടപടി

153 (1012) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോത്സവം പ്രശ്നരഹിതമായി നടത്തുന്നതിന് വിജിലൻസ് കവറേജ് സഹായകമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2017-18-ലെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ബാലാവകാശ കമ്മീഷന്റെ പേരിൽ ലഭിച്ച അപ്പീലുകൾ വ്യാജമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അപ്പീലിന്റെ അടിസ്ഥാനത്തിൽ മത്സരിച്ചവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) കലോത്സവ വേദിയിലെ വിധി നിർണ്ണയത്തിൽ ഏതെങ്കിലും തരത്തിലുള്ള അനധികൃത ഇടപെടലുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം ഇടപെടലുകൾ കണ്ടെത്തുന്നതിൽ കലോത്സവ മാന്വലിൽ വരുത്തിയ പരിഷ്കാരങ്ങൾ എത്ര മാത്രം സഹായകമായെന്ന് വ്യക്തമാക്കുമോ;

(ഡി) കലോത്സവമാന്വലിൽ വീണ്ടും പരിഷ്കാരങ്ങൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സഹായകമായിട്ടുണ്ട്.

(ബി) ബാലാവകാശ കമ്മീഷന്റെ പേരിൽ ലഭിച്ച വ്യാജ അപ്പീലുകൾ കണ്ടെത്തിയതിനെ തുടർന്ന് പോലീസ് ഡിപ്പാർട്ട്മെന്റിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് ക്രൈംബ്രാഞ്ച് കേസന്വേഷണം നടത്തിവരികയാണ്. വ്യാജ അപ്പീലിന്റെ അടിസ്ഥാനത്തിൽ വന്നവരെ മത്സരത്തിൽ പങ്കെടുപ്പിച്ചില്ല.

(സി) കലോത്സവ വേദിയിലെ വിധി നിർണ്ണയത്തിൽ ഈ വർഷം ഒരു തരത്തിലുള്ള അനധികൃത ഇടപെടലുകളും നടന്നിട്ടില്ല. മുൻ വർഷങ്ങളിൽ ഇത്തരം അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മാന്വൽ പരിഷ്കരണം നടത്തിയിട്ടുള്ളത്. പുതിയ പരിഷ്കാരം ഏറെ സഹായകമായിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**സ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട പരാതികൾ**

154 (1013) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സബ് ജില്ല, ജില്ല,സംസ്ഥാന തലങ്ങളിലുള്ള സ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) വിധികർത്താക്കളെ നിശ്ചയിച്ചതിൽ പോരായ്മകൾ ഉണ്ടായതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എടുത്ത നടപടികൾ എന്തെല്ലാം;

(സി) സബ് ജില്ല, ജില്ല, സംസ്ഥാനം എന്നിവിടങ്ങളിൽ വിധികർത്താക്കളെ നിശ്ചയിക്കുന്ന രീതി വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞവർഷം ഇത്തരത്തിൽ ലഭിച്ച പരാതികൾ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് എതിരെ നടപടി എടുത്തിട്ടുണ്ട്?

ഉത്തരം

(എ) സബ് ജില്ല, ജില്ലാ തലത്തിലുള്ള പരാതികൾ സാധാരണ രീതിയിൽ സംസ്ഥാനതലത്തിൽ വരാറില്ല. അവിടെ ഉണ്ടാകുന്ന പരാതികൾ അതാത് സ്ഥലങ്ങളിൽ പരിഹരിച്ച് പോകാറാണ് പതിവ്. സംസ്ഥാന സ്കൂൾ കലോത്സവം നടക്കുന്ന വേളയിൽ ലഭിക്കുന്ന പരാതികൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടേയും അഡീഷണൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടേയും സാന്നിദ്ധ്യത്തിൽ അവിടെ വച്ച് തന്നെ പരിഹരിക്കാൻ കഴിയുന്നുണ്ട്.

(ബി) ജില്ലകളിൽ വിധികർത്താക്കളെ നിയമിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് അപ്പോൾ തന്നെ പരിഹാരം കണ്ടെത്തിയിട്ടുണ്ട്.

(സി) സബ് ജില്ലാതലത്തിൽ തയ്യാറാക്കുന്ന വിധികർത്താക്കളുടെ പാനൽ വിദ്യാഭ്യാസ ഉപഡയറക്ടറുടേയും ജില്ലാതലത്തിൽ തയ്യാറാക്കുന്ന പാനൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടേയും അംഗീകാരം വാങ്ങേണ്ടതുണ്ട്. സംസ്ഥാനതലത്തിൽ വിധികർത്താക്കളെ പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിട്ടാണ് നിയമിക്കുന്നത്.

(ഡി) കഴിഞ്ഞവർഷം ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ വിജിലൻസിൽ ഒരു വിജിലൻസ് കേസ് നിലവിലുണ്ട്. ഈ കേസുമായി ബന്ധപ്പെട്ട അന്തിമ നടപടി കളൊന്നും ഇതുവരെ ആയിട്ടില്ല.

## ലിറ്റിൽ കൈറ്റ് ഐ.റ്റി. ക്ലാസ്സുകൾ

155 (1014) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈസ്കൂളുകളിൽ ലിറ്റിൽ കൈറ്റ് ഐ.റ്റി ക്ലാസ്സുകൾ തുടങ്ങുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) കൈറ്റ് നടപ്പിലാക്കിയ 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതി പരിഷ്കരിച്ചാണോ ലിറ്റിൽ കൈറ്റ് പദ്ധതി നടപ്പിലാക്കുന്നത് ;

(സി) പ്രസ്തുത ലിറ്റിൽ കൈറ്റ് ക്ലബ്ബിലേക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് മാതൃകയിൽ 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതി ഘടനാപരമാക്കുന്നതിനും പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവത്കരണം ഏർപ്പെടുത്തുന്നതിനുമായാണ് സ്കൂളുകളിലെ 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതി 'ലിറ്റിൽ കൈറ്റ്സ്' എന്ന പേരിൽ പുനർനാമകരണം ചെയ്തിരിക്കുന്നത്.

(സി) 20-1-2018-ലെ സ.ഉ.(സാധാ)നമ്പർ 361/2018/പൊ.വി.വ. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായും 'കൈറ്റിന്റെ' സർക്കുലറുകൾക്ക് അനുസൃതമായുമാണ് ലിറ്റിൽ കൈറ്റ്സ് ക്ലബിലേയ്ക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നത്.

## ആർ.എം.എസ്.എ.യും എസ്.എസ്.എ.യും ഏകീകരിക്കുന്നതിനുള്ള പ്രവർത്തനം

156 (1015) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ.-യും എസ്.എസ്.എ.യും ഏകീകരിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ആർ.എം.എസ്.എ-യ്ക്ക് വേണ്ടി എത്ര രൂപ അനുവദിച്ചുവെന്നും അതിൽ നിന്ന് എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) 2018-19 വർഷം യു.പി. സ്കൂളുകളെ ഹൈസ്കൂളുകളാക്കി ഉയർത്തുന്നതിന്, ഫണ്ടിന് വേണ്ടി കേന്ദ്രത്തിന് അപേക്ഷ നൽകിയിട്ടുണ്ടോ;എങ്കിൽ സ്കൂളുകളുടെ പട്ടിക ജില്ല തിരിച്ച് നൽകാമോ; ഇതിന് കേന്ദ്രം മറുപടി നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്താൻ സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാർ എസ്.എസ്.എ., ആർ.എം.എസ്.എ. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏകീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന വിവരം അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമായിട്ടില്ല.

(ബി) 2017-18 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ ആർ.എം.എസ്.എ. യ്ക്ക് 6658.569 ലക്ഷം രൂപ (അറുപത്തി ആറുകോടി അൻപത്തി എട്ട് ലക്ഷത്തി അൻപത്തി ആറായിരത്തി തൊള്ളായിരം രൂപ)യുടെ പദ്ധതികളാണ് അംഗീകരിച്ചത്. ഇതിൽ 2915.58 ലക്ഷം രൂപ (ഇരുപത്തി ഒൻപത് കോടി പതിനഞ്ച് ലക്ഷത്തി അൻപത്തി എട്ടായിരം രൂപ) അനുവദിച്ചതിൽ 2016-17-ലെ നീക്കിയിരുപ്പുതുക ഉൾപ്പെടെ 4059.01 ലക്ഷം രൂപ (നാല്പതു കോടി അൻപത്തി ഒൻപത് ലക്ഷത്തി ആയിരം രൂപ) ചെലവഴിച്ചു.

(സി&ഡി) നൽകിയിട്ടില്ല.

**വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം**

157 (1016) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ-കോളേജ് തലങ്ങളിൽ വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം വളരെ വർദ്ധിച്ചു എന്ന റിപ്പോർട്ട് ഗൗരവമായി വിദ്യാഭ്യാസവകുപ്പ് പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും ചൈൽഡ് ലൈൻ മാതൃകയിൽ ഒരു കോൾ സെന്റർ സംവിധാനം തയ്യാറാക്കി ആഭ്യന്തര വകുപ്പുമായി സഹകരിച്ച് വിദ്യാർത്ഥികളെ ഈ വിപത്തിൽ നിന്നും രക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്ന പ്രവണത പൊതുവിദ്യാഭ്യാസ വകുപ്പ് ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും, ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമൂലമുള്ള ദോഷവശങ്ങൾ സംബന്ധിച്ച് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പോലീസ് വകുപ്പുമായി ചേർന്ന് സ്കൂളിന്റെ 100 വാര ചുറ്റളവിൽ ലഹരി വസ്തുക്കളുടെ വിൽപ്പന നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ബോധവത്കരണ ക്ലാസ്സുകൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് നടത്താറുണ്ട്. കൂടാതെ സൗഹൃദ ക്ലബ്ബുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ

കോ-ഓർഡിനേറ്റർമാർക്ക് ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള വിദഗ്ദ്ധപരിശീലനം ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് (NIMHANS) നിന്നും നൽകിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ എൻ.എസ്.എസ്. സെല്ലിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം സ്കൂളുകളിൽ ഊർജ്ജിതമായി നടത്തുന്നുണ്ട്. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ പ്രവർത്തനത്തിന് എല്ലാവിധ പ്രോത്സാഹനവും നൽകുന്നുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദോഷവശങ്ങളെ കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുവാനും ഇവയുടെ നിരോധനം വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിസര പ്രദേശങ്ങളിലും ശരിയായ രീതിയിൽ നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും വകുപ്പിന് കീഴിലുള്ള പ്രധാനാദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന്റെ ഭാഗമായി സർവ്വകലാശാല തലത്തിൽ Anti-drug squad-കൾ രൂപീകരിച്ചിട്ടുണ്ട്. എക്സൈസ്, പോലീസ് അധികൃതർ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കോളേജ് പ്രിൻസിപ്പാൾമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി അദ്ധ്യാപകർക്കായി ഏകദിന ശിൽപ്പശാലകൾ നടത്തിവരുന്നു. കോളേജുകളിലും ഹോസ്റ്റലുകളിലും പരിശോധനകൾ നടത്തിവരുന്നുണ്ട്. സർവ്വകലാശാലകളിൽ എൻ.എസ്.എസ്.ന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണവും സെമിനാറുകളും നടത്തിവരുന്നു. കൂടാതെ വിദ്യാർത്ഥികളെയും രക്ഷാകർത്താക്കളേയും കോളേജ് അധികാരികളെയും പോലീസിനെയും ഏകോപിപ്പിച്ചുകൊണ്ടുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

(ബി) സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിൽ നിന്നും കുട്ടികളെ പൂർണ്ണമായും വിമുക്തമാക്കുന്നതിനു ള്ള നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്വീകരിച്ചുവരുന്നു. ഹയർ സെക്കണ്ടറി വകുപ്പിൽ വിദഗ്ദ്ധ പരിശീലനം ലഭിച്ച സൗഹൃദ കോ-ഓർഡിനേറ്റർമാർ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തി പ്രാഥമിക കൗൺസിലിംഗ് നൽകി ഈ വിപത്തിൽ നിന്നും രക്ഷപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ സൗഹൃദ ക്ലബ്ബിന്റെ ഡ്രോപ് ബോക്സിൽ ലഹരിയുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചാൽ എക്സൈസ് വകുപ്പിന് കൈമാറാറുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്.

## അരൂർ മണ്ഡലത്തിലെ പെരുമ്പളം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

158 (1017) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ പെരുമ്പളം പഞ്ചായത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമെന്ന നിലയിൽ പരിഗണിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരും പി.ടി.എ. ഭാരവാഹികളും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ശില്പശാലയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ക്ഷണപ്രകാരം പങ്കെടുത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിദ്യാലയത്തിന്റെ ഡിസൈൻ, എസ്റ്റിമേറ്റ്, പ്ലാൻ, പ്രോജക്ട് എന്നിവ തയ്യാറാക്കുന്നതിന് നാളിതുവരെയും ഒരു ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നതും പെരുമ്പളം ദ്വീപിൽ പ്രവർത്തിക്കുന്നതുമായ വിദ്യാഭ്യാസ സ്ഥാപനമെന്ന പരിഗണന നൽകി ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ചിട്ടു ള്ള മൂന്ന് കോടി രൂപ അനുവദിക്കുന്നതിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് അംഗീകൃത ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. എന്നാൽ പ്രസ്തുത സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് ആദ്യഘട്ടത്തിൽ പരിഗണിച്ചിട്ടില്ല.

(ബി)പ്രസ്തുത വിദ്യാലയത്തിന്റെ ഡിസൈൻ, എസ്റ്റിമേറ്റ്, പ്ലാൻ, പ്രോജക്ട് എന്നിവ തയ്യാറാക്കുന്നതിന് 1-8-2017-ന് ആസാദി സ്കൂൾ ഓഫ് ആർക്കിടെക്റ്റ്, വൈറ്റില, എറണാകുളം എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ആയിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നതും പെരുമ്പളം ദ്വീപിൽ പ്രവർത്തിക്കുന്നതുമായ പെരുമ്പളം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ പരിഗണിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ വർഷം പ്രഖ്യാപിച്ച 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളുടെ ലിസ്റ്റിൽ നിന്നും വിട്ടുപോയിട്ടു ള്ള സ്കൂളുകൾക്ക് മുമ്പ് പ്രഖ്യാപിച്ച മൂന്ന് കോടി രൂപവരെയുള്ള ധനസഹായം ലഭ്യമാക്കുന്നതാണെന്ന് 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ടി സ്കൂളിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ആസാദി സ്കൂൾ ഓഫ് ആർക്കിടെക്റ്റ്, വൈറ്റില, എറണാകുളം എന്ന എജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത നടപടി

159 (1018) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ മലാപ്പറമ്പ്, പാലാട്ട് എന്നീ സ്ഥലങ്ങളിലെ സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത നടപടി സുപ്രീംകോടതി ശരിവച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകൾ ഏറ്റെടുക്കുന്ന വകയിൽ ഓരോ സ്കൂളിന്റേയും മാനേജ്മെന്റിന് എന്ത് തുക വീതമാണ് നൽകുവാനുള്ളത് ;

(സി) പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന കൂടുതൽ എയ്ഡഡ് സ്കൂളുകളെ ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മലാപ്പറമ്പ് എ.യു.പി. സ്കൂൾ

കോഴിക്കാട് ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 5,85,86,710 രൂപ (അഞ്ച് കോടി എൺപത്തി അഞ്ച് ലക്ഷത്തി എൺപത്തിയാറായിരത്തി എഴുന്നൂറ്റി പത്തു രൂപ മാത്രം) നഷ്ട പരിഹാരമായി സർക്കാർ അനുവദിച്ചു നൽകുകയും ടി തുക മുൻ മാനേജർക്ക് കൈമാറിയിട്ടുമുണ്ട്.

2. കോഴിക്കോട്, പാലാട്ട് എ.യു.പി. സ്കൂൾ

11-7-2017-ലെ സ.ഉ.(സാധാ)2289/2017/പൊ.വി.വ പ്രകാരം ആകെ 56,09,947 രൂപ (അമ്പത്തിയാറു ലക്ഷത്തി ഒമ്പതിനായിരത്തി തൊള്ളായിരത്തി നാൽപ്പത്തി ഏഴ് രൂപ മാത്രം) അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) ഇല്ല. നഷ്ടത്തിൽ പ്രവർത്തിക്കുന്ന കൂടുതൽ എയ്ഡഡ് സ്കൂളുകൾ ഏറ്റെടുക്കേണ്ടതായ അടിയന്തര സാഹചര്യം നിലനിൽക്കുന്നതായി വിലയിരുത്തപ്പെട്ടിട്ടില്ല.

## മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ പുതിയ സർക്കാർ സ്കൂൾ

160 (1019) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ ലോവർ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള ഒരു പുതിയ സർക്കാർ സ്കൂൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ സർക്കാർ സ്കൂളുകൾ ഇല്ലാത്ത മറ്റേതെങ്കിലും നിയോജക മണ്ഡലം സംസ്ഥാനത്ത് നിലവിൽ ഉണ്ടോയെന്ന് വിശദമാക്കാമോ;

(സി) മങ്കടയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ സ്കൂൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പുതിയ സ്കൂളുകൾ അനുവദിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) സർക്കാർ സ്കൂളുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങൾ ഒന്നുംതന്നെ സംസ്ഥാനത്ത് ഇല്ല.

(സി) ഇല്ല.

## ശ്രീമതി റഹീമ എന്ന അദ്ധ്യാപികയ്ക്ക് ശമ്പളം ലഭ്യമാക്കാൻ നടപടി

161 (1020) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ, പൊതുവിദ്യാഭ്യാസവകുപ്പിലെ ഫയൽ നമ്പർ S2/156 തീർപ്പാക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ശ്രീമതി റഹീമ വി.പി. (എച്ച്.എസ്.എ, (ഉറുദു) തച്ചിങ്ങനാടം, മലപ്പുറം ജില്ല) എന്ന അധ്യാപിക കഴിഞ്ഞ 7 വർഷത്തിലധികമായി ശമ്പളമില്ലാതെ ജോലി ചെയ്യുകയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; S2/156 നമ്പർ ഫയൽ തീർപ്പാക്കിയാൽ മാത്രമേ ശ്രീമതി റഹീമക്ക് ശമ്പളം ലഭിക്കു എന്നിരിക്കെ പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദ മാക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ വണ്ടൂർ തച്ചിങ്ങനാടം ഹൈസ്കൂളിൽ 2009-10 വർഷത്തെ എച്ച്.എസ്.എ. ഉറുദു അധിക തസ്തികയിൽ നിയമിതയായ ശ്രീമതി റഹീമ പി.വി.-യെ വിദ്യാഭ്യാസ പാക്കേജിൽ ഉൾപ്പെടുത്തി ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കുന്ന വിഷയം നിലവിലുള്ള സർക്കാർ ഉത്തരവുകളുടേയും ബന്ധപ്പെട്ട വിദ്യാഭ്യാസ ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെയും വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സർക്കാർ ഉത്തരവുകളുടേയും ബന്ധപ്പെട്ട വിദ്യാഭ്യാസ ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

## വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി. മുഖേനയല്ലാതെയു ള്ള നിയമനം

162 (1021) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നതവിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ പി.എസ്.സി. മുഖേനയല്ലാതെ എത്രപേർ ജോലി ചെയ്യുന്നുണ്ട്; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കോൺട്രാക്ട് വ്യവസ്ഥയിലും ദിവസ വേതന വ്യവസ്ഥയിലും എത്രപേർ വീതമുണ്ട്; ഓരോ ഡയറക്ടറേറ്റിലും നിലവിലുള്ള പ്രസ്തുത നിയമനങ്ങൾ എത്ര;

(ബി) പി.എസ്.സി. മുഖേനയല്ലാതെയുള്ള നിയമനങ്ങളിൽ പാലിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംവരണം പാലിച്ചിട്ടില്ലെങ്കിൽ അത് പാലിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) വിദ്യാഭ്യാസ വകുപ്പിനു കീഴിലെ ഓരോ ഓഫീസിലെയും ഇത്തരം നിയമനങ്ങൾ സംബന്ധിച്ച വ്യക്തമായ കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി. മുഖേനയല്ലാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കോൺട്രാക്ട് വ്യവസ്ഥയിലും ദിവസ വേതന വ്യവസ്ഥയിലും ജോലി ചെയ്യുന്നവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | കോൺട്രാക്ട് | ദിവസ വേതനം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 18 | 0 | 13 |
| 2 | കൊല്ലം | 320 | 0 | 12 |
| 3 | പത്തനംതിട്ട | 0 | 0 | 11 |
| 4 | ആലപ്പുഴ | 0 | 0 | 11 |
| 5 | കോട്ടയം | 0 | 0 | 182 |
| 6 | ഇടുക്കി | 7 | 0 | 222 |
| 7 | എറണാകുളം | 250 | 14 | 141 |
| 8 | തൃശ്ശൂർ | 0 | 0 | 12 |
| 9 | പാലക്കാട് | 0 | 0 | 131 |
| 10 | മലപ്പുറം | 0 | 0 | 761 |
| 11 | കോഴിക്കോട് | 7 | 15 | 69 |
| 12 | വയനാട് | 0 | 0 | 140 |
| 13 | കണ്ണൂർ | 0 | 0 | 286 |
| 14 | കാസർഗോഡ് | 119 | 0 | 482 |

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്കോളർഷിപ്പ്, ഉച്ചഭക്ഷണ പദ്ധതി എന്നിവയുടെ നടത്തിപ്പിനായി കേന്ദ്ര ഉത്തരവിന്റെ വെളിച്ചത്തിൽ 18 പേരെ ദിവസവേതനാടിസ്ഥാനത്തിലും 2 പേരെ കരാറടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി വകുപ്പിൽ പി.എസ്.സി. മുഖേനയല്ലാതെ 41 പേർ ജോലി ചെയ്യുന്നുണ്ട്. ആയതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന

31 പേരും ദിവസവേതനാടിസ്ഥാനത്തിൽ 10 പേരും ജോലി ചെയ്യുന്നു. വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ പി.എസ്.സി. മുഖേനയല്ലാതെ 309 പേർ ജോലി ചെയ്തുവരുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ പി.എസ്.സി. മുഖേനയല്ലാതെ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കാറുണ്ട്. കരാർ വ്യവസ്ഥയിൽ 1-ഉം ദിവസവേതനാടിസ്ഥാനത്തിൽ 7-ഉം പേർ ജോലി ചെയ്തു വരുന്നു.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി. മുഖേനയല്ലാതെയു ള്ള നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും അല്ലാതെയു ള്ള നിയമനങ്ങൾ നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് നൽകിയിരിക്കുന്നത്. ഹയർ സെക്കണ്ടറി വകുപ്പിൽ പ്രായോഗിക പരീക്ഷയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഗസ്റ്റ് അദ്ധ്യാപകർക്ക് ബാധകമായ സർക്കാർ ഉത്തരവ് പ്രകാരം കോളേജ് വിദ്യാഭ്യാസ ഉപമേധാവിയുടെ ഗസ്റ്റ് ലക്ചറർ പാനലിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളിൽ നിന്നും പത്ര പരസ്യം നൽകി ക്ഷണിച്ച് ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രകാരം അതാത് പ്രിൻസിപ്പാൾമാർ ആണ് നിയമനം നടത്തുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ സംവരണം ഉൾപ്പെടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. കോൺട്രാക്ട് നിയമനത്തിന് സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് പത്രമാധ്യമങ്ങളിൽ പരസ്യം നൽകിയാണ് ജീവനക്കാരുടെ അപേക്ഷ സ്വീകരിച്ചിട്ടുള്ളതും ഇന്റർവ്യൂ നടത്തി യോഗ്യരായവരെ നിയമിക്കുകയും ചെയ്യുന്നത്. ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ കുടുംബശ്രീ/KEXCON മുഖേനയാണ് നടത്തിയിട്ടുള്ളത്.

(സി) വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ നിലവിലുള്ള നിയമ വ്യവസ്ഥയ്ക്ക് വിധേയമായി സംവരണം പാലിച്ചുകൊണ്ട് നിയമനം നടത്തിവരുന്നു. കോൺട്രാക്ട് വ്യവസ്ഥയിലും ദിവസവേതന വ്യവസ്ഥയിലും നിയമിക്കുന്നതിന് സംവരണം ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) പൊതുവിദ്യാഭ്യാസ വകുപ്പിലെ ഇത്തരം നിയമനങ്ങളുടെ കണക്ക് അനുബന്ധമായിചേർക്കുന്നു.* ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിനുകീഴിലെ ഏഴ് ആർ.ഡി.ഡി.കളിലായി 6 പാർട്ട് ടൈം സ്വീപ്പർമാരും മൂന്നു ഡ്രൈവർമാരും ദിവസവേതനാടിസ്ഥാനത്തിലും തിരുവനന്തപുരം ആർ.ഡി.ഡി.യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററും ജോലി ചെയ്യുന്നു. വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ കീഴിലെ ഇത്തരം നിയമനങ്ങൾ സംബന്ധിച്ച കണക്കുകൾ ശേഖരിച്ച് നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഐ.ഇ.ഡി.എസ്.എസ്. സ്കീം

163 (1022) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ഇ.ഡി.എസ്.എസ്. സ്കീം പ്രകാരമുള്ള റിസോഴ്സ് ടീച്ചർമാർക്ക് ശമ്പളം നൽകുന്നതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര തുക കേന്ദ്ര സർക്കാർ വിഹിതം ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ലഭിച്ച തുകയിൽ നാളിതുവരെ എത്ര രൂപ ശമ്പളമായി റിസോഴ്സ് ടീച്ചർമാർക്ക് നൽകിയിട്ടുണ്ട്;

(സി) 2017 ഏപ്രിൽ മാസം മുതൽ നിയമന ഉത്തരവ് നൽകിയെങ്കിലും 2017 ഏപ്രിൽ, മെയ്, ഡിസംബർ മാസങ്ങളിലെയും 2018 ജനുവരി മാസത്തെയും ശമ്പളം നാളിതുവരെ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നൽകാൻ അവശേഷിക്കുന്ന നാല് മാസത്തെ ശമ്പളം അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഐ.ഇ.ഡി.എസ്.എസ്. സ്കീം പ്രകാരമു ള്ള റിസോഴ്സ് ടീച്ചർമാർക്ക് ശമ്പളം നൽകുന്നതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 3622.37 ലക്ഷം രൂപ (മുപ്പത്തിയാറ് കോടി ഇരുപത്തി രണ്ട് ലക്ഷത്തി മുപ്പത്തി ഏഴായിരം രൂപ)-യുടെ ബഡ്ജറ്റിന് കേന്ദ്രമാനവശേഷി വികസന മന്ത്രാലയത്തിന്റെ അംഗീകാരം നൽകിയിട്ടുണ്ട്. നാളിതുവരെ ആദ്യ ഗഡുവായി ലഭിച്ച 506.75 ലക്ഷം രൂപ (അഞ്ച് കോടി ആറ് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ)-യിൽ കേന്ദ്ര വിഹിതം 304.05 (മൂന്ന് കോടി നാല് ലക്ഷത്തി അയ്യായിരം) രൂപയാണ്. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേന്ദ്രം അനുവദിച്ച 659.13 ലക്ഷം രൂപ (ആറ് കോടി അൻപത്തി ഒൻപത് ലക്ഷത്തി പതിമൂവായിരം രൂപ) ഈ വർഷമാണ് ലഭ്യമായത്.

(ബി) റിസോഴ്സ് അദ്ധ്യാപകർക്ക് ശമ്പളമായി ആർ.എം.എസ്.എ മുഖേന 12,39,11,415 രൂപ (പന്ത്രണ്ട് കോടി മുപ്പത്തി ഒൻപത് ലക്ഷത്തി പതിനൊന്നായിരത്തി നാന്നൂറ്റി പതിനഞ്ച് രൂപ മാത്രം) നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. റിസോഴ്സ് അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനായി ഫണ്ട് അനുവദിക്കണമെന്ന വിഷയം ആർ.എം.എസ്.എ. കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതും കേന്ദ്രത്തിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക ശമ്പളം നൽകുവാൻ നടപടി സ്വീകരിക്കുന്നതുമാണ്.

## ഗൗരി നേഘയുടെ മരണം

164 (1023) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളുടെ നയപരമായ കാര്യങ്ങളിൽ ഇടപെടാനും നിയന്ത്രിക്കാനും വിദ്യാഭ്യാസ വകുപ്പിനുള്ള അധികാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കൊല്ലം ട്രിനിറ്റി ലൈസിയം സ്കൂൾ വിദ്യാർത്ഥിനി ഗൗരി നേഘയുടെ മരണം സംഭവിച്ച കേസിൽ പ്രതികളായ അദ്ധ്യാപികമാരെ ആഘോഷപൂർവ്വം പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ സ്കൂളിൽ സ്വീകരിച്ച സംഭവം ശ്രദ്ധയിൽപെട്ടുവോ; പ്രസ്തുത സംഭവത്തിൽ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ;

(സി) പ്രതികളായ അദ്ധ്യാപികമാരെ സ്കൂളിൽ നിന്ന് മാറ്റിനിർത്തണമെന്ന ധാരണയിലാണോ പ്രസ്തുത സംഭവത്തിനുശേഷം സ്കൂൾ തുറന്നത്;

(ഡി) പ്രസ്തുത അദ്ധ്യാപികമാർ നിലവിൽ സ്കൂളിൽ സേവനം നടത്തുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സർക്കാരിന് അധികാരമുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതികളായ അദ്ധ്യാപികമാരെ ആഘോഷപൂർവ്വം സ്വീകരിച്ചതു സംബന്ധിച്ച് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ പ്രസ്തുത സ്കൂൾ മാനേജ്മെന്റിനോട് വിശദീകരണം തേടുകയുണ്ടായെങ്കിലും ഈ വിഷയത്തെ വളരെ ലഘൂകരിച്ചും, വിദ്യാഭ്യാസ വകുപ്പിനെ അവഹേളിക്കുന്ന തരത്തിലുമാണ് സ്കൂൾ മാനേജ്മെന്റ് മറുപടി നൽകിയത്. ആയതിനാൽ ടി സ്കൂൾ പ്രവർത്തിക്കുന്നതിന് സർക്കാർ നൽകിയ എൻ.ഒ.സി 2018-19 അദ്ധ്യയനവർഷം മുതൽ പിൻവലിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(സി) പ്രതികളായ അദ്ധ്യാപികമാരെ സ്കൂളിൽ നിന്ന് മാറ്റിനിർത്തണമെന്ന ധാരണയിൽ കൊല്ലം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ പി.റ്റി.എ. മീറ്റിംഗിലാണ് സ്കൂൾ തുറക്കുവാൻ തീരുമാനമെടുത്തത്.

(ഡി) നിലവിൽ ഉണ്ടായിരുന്ന അദ്ധ്യാപകരെ മാറ്റി നിർത്തുകയോ ഇപ്പോൾ സ്കൂളിൽ സേവനം അനുഷ്ഠിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച് യാതൊരു രേഖകളും സർക്കാരിൽ ലഭ്യമായിട്ടില്ല.

## ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ഒഴിവുകൾ

165 (1024) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട് ;

(ബി) ഓരോ വിഷയത്തിനും ഉള്ള ഒഴിവുകൾ ജില്ല തിരിച്ച് തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ ഒഴിവുകൾ പി എസ് സി -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അവ റിപ്പോർട്ട് ചെയ്യാനു ള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിശദവിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഹയർ സെക്കണ്ടറി നിയമനം സംസ്ഥാനതലത്തിലാണ്. ആയതിനാൽ ഓരോ വിഷയത്തിനും ജില്ല തിരിച്ചുള്ള ഒഴിവുകൾ ലഭ്യമല്ല.

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പ്രൊമോഷൻ

166 (1025) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി വിഭാഗത്തിൽ വിവിധ വിഷയങ്ങളിലെ അദ്ധ്യാപക തസ്തികകളിലേക്ക് ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും പ്രൈമറി വിഭാഗങ്ങളിൽ നിന്നും ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിന് സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും പ്രൈമറി വിഭാഗത്തിൽ നിന്നും സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരം നാളിതുവരെ എത്ര അദ്ധ്യാപകർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിനുള്ള സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിൽ ജൂനിയർ അദ്ധ്യാപകരിൽ നിന്നും സീനിയർ അദ്ധ്യാപകരായി പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് പ്രകാരം എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയുടെ 75% നേരിട്ടുള്ള നിയമനങ്ങൾക്കും 25% യോഗ്യരായ എച്ച്.എസ്.എ/യു.പി.എസ്.എ/എൽ.പി.എസ്.എ അദ്ധ്യാപകരിൽ നിന്നുള്ള തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾക്കുമായി വ്യവസ്ഥ ചെയ്തിരിക്കുന്നു. കൂടാതെ എച്ച്.എസ്.എസ്.റ്റി സീനിയർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ ഒഴിവുകൾ യോഗ്യരായ എച്ച്.എസ്.എ/ യു.പി.എസ്.എ/ എൽ.പി. എസ്.എ.യ്ക്ക് തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾക്കും ഒഴിവുകൾ പി.എസ്.സി മുഖേനയുള്ള നേരിട്ടുള്ള നിയമനങ്ങൾക്കും 1:3 എന്ന ക്രമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

(ബി) എച്ച്.എസ്.എസ്.റ്റി തസ്തികയിൽ എച്ച്.എസ്.എ/ യു.പി.എസ്.എ/ എൽ.പി.എസ്.എ. വിഭാഗത്തിൽ നിന്നും 740 അദ്ധ്യാപകരും എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ 612 പേരും നിലവിൽ ജോലി ചെയ്തുവരുന്നു.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികയിലെ ഒഴിവുകൾ

167 (1026) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ (ഇംഗ്ലീഷ് ) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള ഒഴിവുകൾ ജില്ലാന്തര മാറ്റത്തിനായി (ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ) മാറ്റി വയ്ക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; എങ്കിൽ എത്രയെണ്ണം ; ആയതിനായിട്ടുള്ള അനുപാതം എത്ര; വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിലെ ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനു ള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികയിൽ റെഗുലർ ഒഴിവ് നിലവിലില്ല. 2017-18-ലെ തസ്തിക നിർണ്ണയ പ്രകാരം തസ്തിക നഷ്ടമായ എച്ച്.എസ്.എ (ഇംഗ്ലീഷ്) അദ്ധ്യാപകരിൽ ആറ് പേരെ ഇനിയും ക്രമീകരിക്കേണ്ടതായിട്ടുണ്ട്. നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള നാല് ഒഴിവുകൾ ആയതിലേയ്ക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.

(ബി) 2017-18-ൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി എച്ച്.എസ്.എ (ഇംഗ്ലീഷ്) ഒഴിവുകൾ മാറ്റിവച്ചിട്ടില്ല. അന്തർജില്ലാ സ്ഥലംമാറ്റത്തിന് എച്ച്.എസ്.എ തസ്തികകളിലെ നിലവിലെ അനുപാതം 25% ആണ്.

(സി) റെഗുലർ ഒഴിവുകൾ ഇപ്പോൾ നിലവിലില്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

**ബിന്ദു ആർ. നായരുടെ അപേക്ഷ**

168 (1027) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.പി.ഐ. ഓഫീസിൽ ശൂന്യവേതന അവധിയിൽ എക്സ്റ്റൻഷൻ ചോദിച്ചുകൊണ്ട് അപേക്ഷ നൽകിയിരുന്ന പാലക്കാട് NSS സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി ബിന്ദു ആർ. നായരുടെ നമ്പർ SC3/86738/2017 ഫയലിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ശ്രീമതി ബിന്ദു ആർ. നായർക്ക് എക്സ്റ്റൻഷൻ ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) പാലക്കാട് എൻ.എസ്.എസ്. സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി ബിന്ദു. ആർ നായരുടെ ശൂന്യവേതന അവധി ദീർഘിപ്പിക്കുന്നതിനുള്ള എസ്.സി.3/86738/2017/ഡി.പി.ഐ. നമ്പർ ഫയൽ തുടർ നടപടികൾക്കായി 28-2-2018-ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതിനാൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ**

169(1028) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിൽ 2006 മുതൽ അധികതസ്തികയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ സർവ്വീസ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) നിയമനാംഗീകാരവും ആനുകൂല്യങ്ങളും നോഷണലായി അംഗീകരിച്ചാണോ ഉത്തരവ് പുറപ്പെടുവിച്ചത് ;

(സി) മുൻ സർക്കാരിന്റെ കാലത്ത് 2011 ജൂൺ ഒന്ന് മുതൽ ഇത്തരം അദ്ധ്യാപകരെ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനാംഗീകാരം നൽകിയിരുന്നോ;

(ഡി) 2006 മുതൽ 2011 വരെയുള്ള കാലയളവിലെ സാമ്പത്തികാനുകൂല്യങ്ങൾക്ക് ഇവർ അർഹരല്ലാത്തതിനാൽ ഈ കാലയളവിലെ ഇൻക്രിമെന്റ് കണക്കാക്കി 2011-ൽ ഇവരുടെ ശമ്പളം ഫിക്സ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) 16-2-2018-ലെ ജി.ഒ.(പി)നമ്പർ 2/2018/പൊ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും പ്രസ്തുത വിഷയത്തിൽ സുപ്രീംകോടതിയിൽ ഒരു കേസ് നിലനിൽക്കുന്നതിനാൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തു.

(സി) നൽകിയിരുന്നു.

(ഡി) ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ആയതിന്റെ വിധി വന്നതിനുശേഷം മാത്രമേ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാൻ സർക്കാരിനാവൂ.

## എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് അംഗീകാരം നൽകുന്നതിന് നടപടി

170 (1029) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 ജൂൺ ഒന്നുമുതൽ സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കേരള എഡ്യൂക്കേഷൻ റൂൾസ് ഭേദഗതിക്കു മുമ്പ് നിയമിക്കപ്പെട്ട് അംഗീകാരം പ്രതീക്ഷിച്ചുകഴിയുന്ന പ്രസ്തുത അദ്ധ്യാപകരുടെ എണ്ണം വെളിപ്പെടുത്തുമോ;

(സി) ന്യൂലി ഓപ്പൺഡ് സ്കൂളുകളിലെ ജീവനക്കാരുടെ രാജി, മരണം, റിട്ടയർമെന്റ് എന്നിവ മുഖേനയുണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നത് സംബന്ധിച്ച സർക്കാർ തീരുമാനം പുനഃപരിശോധിക്കുമോ;

(ഡി) 2016 ജൂൺ ഒന്നുമുതൽ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ട എല്ലാ അദ്ധ്യാപകർക്കും അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവുകൾക്കും കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കും അനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ യാതൊരുവിധ തടസ്സങ്ങളുമില്ല. ഇത്തരം നിയമനങ്ങൾ ഏതു വർഷങ്ങളിലേതായാലും അംഗീകാരം നൽകണമെന്ന് തന്നെയാണ് സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പുനഃപരിശോധിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ഡി) ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായി മാനേജർമാർ നടത്തുന്ന നിയമനങ്ങൾക്ക് മാത്രമേ അംഗീകാരം നൽകാൻ കഴിയൂ. അത്തരം നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ ഇപ്പോൾ തടസ്സവാദങ്ങളൊന്നുമില്ല. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടത്തുന്ന നിയമനങ്ങൾ അംഗീകാരത്തിന് അർഹമല്ല.

**കുമ്പാറ ഫാത്തിമബി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ**

171(1030) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമ്പാറ ഫാത്തിമബി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിലെ ജീവനക്കാരനായ ശങ്കരൻ നമ്പൂതിരിപ്പാട്-ന്റെ എൽ.ഡബ്ല്യൂ.എ സംബന്ധിച്ച് T3/184/2017/GE നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ എപ്പോൾ തീർപ്പു കൽപ്പിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കുമ്പാറ ഫാത്തിമബി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിലെ ജീവനക്കാരനായ ശങ്കരൻ നമ്പൂതിരിപ്പാടിന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം**

172 (1031) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ എൽ.പി / യു.പി. സ്കൂളുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) സര്‍ക്കാര്‍ വിദ്യാലയങ്ങളില്‍ വിദ്യാര്‍ത്ഥികള്‍ കുറഞ്ഞതുമൂലം അദ്ധ്യാപകരുടെ എണ്ണം കൂടുതലുള്ള സ്കൂളുകള്‍ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) എങ്കില്‍ അവയുടെ വിശദാംശം നല്‍കുമോ?

<u>ഉത്തരം</u>

(എ) സൗജന്യവും നിര്‍ബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളുടെ അവകാശനിയമം 2009 പ്രകാരം അദ്ധ്യാപക-വിദ്യാര്‍ത്ഥി അനുപാതം 1 മുതല്‍ 5 വരെ ക്ലാസുകളില്‍ 1:30-ഉം 6 മുതല്‍ 8 വരെ ക്ലാസുകളില്‍ 1:35-ഉം ആണ്.

(ബി & സി) ഇല്ല. വിദ്യാര്‍ത്ഥികളുടെ എണ്ണം തീരെ കുറവാണെങ്കിലും മിനിമം എല്‍.പി.എസ്.എ/യു.പി.എസ്.എ തസ്തികകള്‍ അനുവദിക്കുന്നുണ്ട്. ഇപ്രകാരം അനുവദിക്കാതിരുന്നാല്‍ അത് വിദ്യാഭ്യാസ അവകാശ നിയമത്തില്‍ നിഷ്കര്‍ഷിക്കുന്ന വിദ്യാര്‍ത്ഥി-അദ്ധ്യാപക അനുപാതത്തെ നിഷേധിക്കലാകും. വിദ്യാഭ്യാസ അവകാശ നിയമം സെക്ഷന്‍ 25-ല്‍ നിര്‍ദ്ദേശിക്കുന്ന വിദ്യാര്‍ത്ഥി-അദ്ധ്യാപക അനുപാതം സ്കൂളുകളില്‍ നിര്‍ബന്ധമായും നടപ്പിലാക്കണമെന്ന് പരാമര്‍ശിക്കുന്നുണ്ട്.

## അനംഗീകൃത അണ്‍ എയ്ഡഡ് മേഖലയിലെ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ ജോലി

173(1032) <u>ശ്രീ. പാറക്കല്‍ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ :

(എ) അനംഗീകൃത അണ്‍എയ്ഡഡ് മേഖലയിലെ സ്കൂളുകള്‍ സര്‍ക്കാര്‍ നിര്‍ത്തലാക്കുമ്പോള്‍ ഒന്നര ലക്ഷത്തിലധികം അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാര്‍ക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവരില്‍ മഹാഭ്രൂരിപക്ഷം പേരും സര്‍ക്കാര്‍ നിഷ്കര്‍ഷിക്കുന്ന യോഗ്യത ഉ ള്ളവരാണെങ്കിലും പി.എസ്.സി. നിയമനത്തിനു ള്ള പ്രായപരിധി കഴിഞ്ഞവരാണെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(സി) അണ്‍എയ്ഡഡ് മേഖലയിലെ 15 ലക്ഷം വരുന്ന കുട്ടികളെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് മാറ്റിച്ചേര്‍ക്കുമ്പോള്‍ അവരെ ഉള്‍ക്കൊള്ളാന്‍ ഈ മേഖലയില്‍ നിലവിലുള്ള സാഹചര്യങ്ങള്‍ മതിയാകുമോ;

(ഡി) അടച്ചുപൂട്ടല്‍ നടപടി എയ്ഡഡ് സ്കൂള്‍ മാനേജ്മെന്റുകള്‍ക്കും, ഉയര്‍ന്ന ഫീസ് വാങ്ങുന്ന അംഗീകൃത - അണ്‍ എയ്ഡഡ് സ്കൂളുകള്‍ക്കുമാണ് ഗുണകരമാവുക എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ നല്‍കുമോ?

## ഉത്തരം

(എ&ബി) അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാൻ തീരുമാനമെടുക്കുന്നതിന് മുന്നോടിയായി ഈ വിഷയത്തിന്റെ വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് അവ പാലിച്ച നിരവധി അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്. 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും 16-3-2016-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ CRMP No.4426/05/LA1/2015/KeSCPCR നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ വ്യക്തമായി പരിശോധിച്ചാണ് അനംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടത്.

(സി & ഡി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സമീപ പ്രദേശത്തുള്ള സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം തേടാവുന്നതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലേയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ അവ ഹൈടെക്കാക്കുവാനും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുവാനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിച്ചുവരുന്ന സ്കൂളുകൾ പൂട്ടുന്നതുമൂലം പൊതുവിദ്യാലയങ്ങളിലേയ്ക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുവാനും പൊതുവിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തുന്നതിനും സഹായകമാകുന്നതാണ്.

### പ്രീ-പ്രൈമറി ടീച്ചർമാർക്കും ആയമാർക്കും നൽകുന്ന വേതനം

174(1033) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രീപ്രൈമറി ടീച്ചർമാർക്കും ആയമാർക്കും നൽകുന്ന വേതനം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വേതനം അദ്ധ്യാപകർക്ക് 18000-വും ആയമാർക്ക് 12000-വും ആയി നൽകുമെന്ന് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉറപ്പുനൽകിയിട്ടും അതിനുള്ള നടപടി സ്വീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രീ-പ്രൈമറി ടീച്ചർമാർക്ക് 9500-ഉം ആയമാർക്ക് 6000-രൂപയും ഓണറേറിയമായി നൽകിവരുന്നു.

(ബി) അദ്ധ്യാപകർക്ക് 18000-വും ആയമാർക്ക് 12000-വും ആയി വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉറപ്പുകളൊന്നും നൽകിയിട്ടില്ല.

**ഹയർസെക്കണ്ടറി അദ്ധ്യാപക സ്ഥലമാറ്റം**

175(1034) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കൻഡറി അദ്ധ്യാപക സ്ഥലമാറ്റത്തിനായി പ്രസിദ്ധീകരിച്ച കരടുപട്ടികയിൽ അപാകതയുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താത്കാലിക ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് അപേക്ഷ ക്ഷണിച്ചതിന്റെ മാനദണ്ഡം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) റവന്യൂ ജില്ലയ്ക്കു പകരം, ഹയർ സെക്കണ്ടറിയിൽ ബാധകമല്ലാത്ത വിദ്യാഭ്യാസ ജില്ല ഹോംസ്റ്റേഷനായി പരിഗണിച്ചാണോ ഇത്തവണ അപേക്ഷ ക്ഷണിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ഹോംസ്റ്റേഷനിൽ, നിലവിൽ ജോലി ചെയ്യുന്ന സ്കൂളിന്റെ 25 കി.മീ ചുറ്റളവിൽ വരുന്ന സ്കൂളുകളും, ആയത് മറ്റ് വിദ്യാഭ്യാസ ജില്ലയിലാണെങ്കിൽ പോലും ഹോംസ്റ്റേഷനായി പരിഗണിക്കുമെന്ന് മാനദണ്ഡത്തിൽ പറഞ്ഞിരുന്നുവോ;

(ഇ) എങ്കിൽ ഇത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണോ എന്ന് വ്യക്തമാക്കാമോ;

(എഫ്) സ്ഥലം മാറ്റം വഴി പുറത്തു പോകേണ്ടി വരുന്നവരുടെ കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 3-4-2017-ലെ സ.ഉ(പി)നമ്പർ 06/2017/പൊ.വി.വ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ചിരുന്നത്.

(സി) വിദ്യാഭ്യാസ ജില്ല ഹോംസ്റ്റേഷനായി പരിഗണിച്ചാണ് അപേക്ഷ ക്ഷണിച്ചിരുന്നത്.

(ഡി) പറഞ്ഞിരുന്നു.

(ഇ) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റത്തിന് എതിരെ ഫയൽ ചെയ്യപ്പെട്ട വിവിധ കേസ്സുകളിന്മേലുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20-12-2017-ലെ ഉത്തരവ് പ്രകാരം ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ താൽക്കാലിക സ്ഥലംമാറ്റ പട്ടിക റദ്ദ് ചെയ്യുകയും വിദ്യാഭ്യാസ ജില്ലയ്ക്ക് പകരം റവന്യൂ ജില്ല ഹോം സ്റ്റേഷനായി പരിഗണിക്കാനും ഉത്തരവായിരുന്നു.

(എഫ്) ഈ പിരിവിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

## കേരള എഡ്യൂക്കേഷൻ റൂൾസ് ഭേദഗതികൾ

176 (1035) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ കെ.ഇ.ആർ ഭേദഗതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ ഭേദഗതികൾ എന്ന് മുതൽ പ്രാബല്യത്തിൽ വന്നുവെന്ന് വ്യക്തമാക്കാമോ;

(സി) കെ.ഇ.ആർ. ഭേദഗതിമൂലം നിയമനാംഗീകാരം ലഭിക്കാത്തത് എന്ന് മുതൽ ജോലിയിൽ പ്രവേശിച്ച എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കാണ്; കെ.ഇ.ആർ ഭേദഗതിക്ക് മുൻകാല പ്രാബല്യം നൽകിയത് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കെ.ഇ.ആർ. ഭേദഗതികൾ താഴെപ്പറയുന്നവയാണ്.

1. 3-12-2016-ലെ ജി.ഒ.(പി)നമ്പർ 199/2016/പൊ.വി.വ പ്രകാരമുള്ളത് (എസ്.ആർ.ഒ നമ്പർ 752/16)

2. 10/06/2015-ലെ ജി.ഒ. (എംഎസ്) നമ്പർ 157/2015/പൊ.വി.വ പ്രകാരമുള്ളത് (എസ്.ആർ.ഒ നമ്പർ 794/2017)

(ബി) 1. എസ്.ആർ.ഒ നമ്പർ 752 /2016-29/01/2016

2. എസ്.ആർ.ഒ നമ്പർ 794 /2017-01/06/2015

(സി) കെ.ഇ.ആർ ഭേദഗതിമൂലം നിയമനാംഗീകാരം ലഭിക്കാത്ത സാഹചര്യമില്ല. കെ.ഇ.ആർ. ഭേദഗതിക്കുള്ള മുൻകാല പ്രാബല്യം സെക്ഷൻ 36(1) കെ.ഇ.ആക്ട് 1958 പ്രകാരം ചട്ടവിരുദ്ധമല്ല.

## അദ്ധ്യാപകരുടെ അധിക തസ്തികയിലെ നിയമനം

177 (1036) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-2011 കാലയളവിൽ അധിക തസ്തികയിൽ നിയമിതരായ എത്ര അദ്ധ്യാപകർക്ക് നിയമന അംഗീകാരം ലഭിക്കാനുണ്ട്;

(ബി) ഇപ്രകാരം നിയമനങ്ങൾ നടക്കാനിടയായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത അദ്ധ്യാപകരുടെ സർവ്വീസ് ക്രമവൽക്കരിച്ച് നിയമന അംഗീകാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) 2006 മുതൽ നിയമനം നേടിയ അദ്ധ്യാപകരിൽ അദ്ധ്യാപക പാക്കേജ് വഴി 3361 പേർക്കാണ് 1/6/2011 മുതൽ നിയമനാംഗീകാരം നൽകിയത്. ഇവരുടെ 1-6-2011-ന് മുമ്പുള്ള മുൻകാല സർവ്വീസാണ് അംഗീകരിക്കാനുള്ളത്.

(ബി) 1. 17-8-2005-ലെ ജി.ഒ.(പി) നമ്പർ 317/2005/പൊ.വി.വ പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിൽ 2006-07 അദ്ധ്യയനവർഷം മുതൽ ഉണ്ടാകുന്ന അധിക തസ്തികകളിൽ നിയമനം നടത്തരുതെന്ന് നിർദ്ദേശം നൽകിയിരുന്നു.

2. 12-10-2006-ലെ ജി.ഒ.(പി) നമ്പർ 259/2006/പൊ.വി.വ പ്രകാരം സംസ്ഥാനത്തെ അൺ ഇക്കണോമിക് ആയി പ്രഖ്യാപിച്ചിട്ടുള്ള സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സംരക്ഷിതാദ്ധ്യാപകരെ കൊണ്ടുമാത്രമേ നികത്താവൂ എന്ന് സർക്കാർ നിഷ്കർഷിച്ചിരുന്നു.

3. പുതുതായി ഉണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിൽ ഒരു സംരക്ഷിതാദ്ധ്യാപകനെയെങ്കിലും നിയമിക്കണമെന്ന് 1-2-2006-ലെ ജി.ഒ.(പി)നമ്പർ 46/2006/പൊ.വി.വ പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു.

4. ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്ന സ്കൂളുകളിൽ അത് അവസാനിപ്പിക്കുന്നതുമൂലം ഉണ്ടാകുന്ന ഒഴിവിൽ അതതു സ്കൂളിൽ നിന്ന് ഡിവിഷൻ ഫാൾ വഴി പുറത്തായ അദ്ധ്യാപകരെയോ സംരക്ഷിതാദ്ധ്യാപകരെയോ നിയമിക്കണമെന്ന് 4-6-2010-ലെ ജി.ഒ. (പി)നമ്പർ 92/10/പൊ.വി.വ പ്രകാരം സർക്കാർ നിഷ്കർഷിച്ചിരുന്നു.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളെയെല്ലാം അവഗണിച്ചുകൊണ്ട് മാനേജർമാർ പുതിയ നിയമനങ്ങൾ നടത്തുകയും അവയൊന്നും ഒരു തലത്തിലും അംഗീകരിക്കപ്പെടാതിരിക്കുകയും ചെയ്തതിനെത്തുടർന്നാണ് സംസ്ഥാനത്തെ എയ്‍ഡഡ് സ്കൂളുകളിൽ പ്രസ്തുത കാലയളവിൽ ആയിരക്കണക്കിന് അംഗീകാരമില്ലാത്ത അദ്ധ്യാപകരുണ്ടായത്.

(സി) ഇത്തരം അദ്ധ്യാപകരുടെ 1-6-2011-ന് മുമ്പു ള്ള സർവ്വീസ് നോഷണലായി അംഗീകരിക്കുന്നതിന് സർക്കാർ 16-2-2018-ലെ സ.ഉ.(പി)നമ്പർ 02/2018/ പൊ.വി.വ പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഒരു കേസ് നിലനിൽക്കുന്നതിനാൽ പ്രസ്തുത ഉത്തരവ് ഇപ്പോൾ റദ്ദ് ചെയ്തിട്ടുണ്ട്.

## നെല്ലനാട് ഗ്രാമപഞ്ചായത്തിലെ സർക്കാർ സ്കൂളുകളിലെ ഒഴിവുകൾ

78 (1037) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിലെ വിവിധ സർക്കാർ സ്കൂളുകളിൽ നിലവിൽ ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണ്; വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | സ്കൂൾ | ഒഴിവുകൾ |
|---|---|---|
| (1) | (2) | (3) |
| 1 | വെഞ്ഞാറമൂട് യു.പി.എസ്. | എൽ.പി.എസ്.എ-1<br>യു.പി.എസ്.എ-1 |
| 2 | ആലന്തറ യു.പി.എസ്. | എൽ.പി.എസ്.എ-3 |

| (1) | (2) | (3) |
|---|---|---|
| 3 | നെല്ലനാട് യു.പി.എസ്. | യു.പി.എസ്.എ-1 |
| 4 | പൂവണത്തുമൂട് യു.പി.എസ്. | എൽ.പി.എസ്.എ-1 |
| 5 | വെഞ്ഞാറമൂട് എച്ച്.എസ്. | എച്ച്.എസ്.എ. (ഇംഗ്ലീഷ്)-1<br>എച്ച്.എസ്.എ. (സോഷ്യൽ സയൻസ്)-1 |

വെഞ്ഞാറമൂട് ഗവ. എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ്, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) അറബിക്, എച്ച്.എസ്.എസ്.റ്റി കമ്പ്യൂട്ടർ സയൻസ് തസ്തികകളിൽ നിലവിൽ ഒഴിവുണ്ട്.

(ബി) എൽ.പി.എസ്.എ., യു.പി.എസ്.എ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എച്ച്.എസ്.എ (ഇംഗ്ലീഷ്) ഒഴിവ് 2017-18-ലെ തസ്തിക നിർണ്ണയ പ്രകാരം 1:40 അനുപാതത്തിൽ താൽക്കാലികമായി നിലനിർത്തിയിട്ടുള്ള അദ്ധ്യാപകരെ സ്ഥലംമാറ്റം മുഖേന ക്രമീകരിക്കുന്നതാണ്. എച്ച്.എസ്.എ. (സോഷ്യൽ സയൻസ്) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എച്ച്.എസ്.എ. (സോഷ്യൽ സയൻസ്) ഒഴിവ് 2018-19 വർഷത്തെ ജില്ലയ്ക്കകത്തെ ഓൺലൈൻ സ്ഥലംമാറ്റം മുഖേന നികത്തുന്നതാണ്. ഇതിനായുള്ള അപേക്ഷ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഹയർ സെക്കണ്ടറി വിഭാഗത്തിൽ അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റം, തസ്തിക മാറ്റ നിയമനം, പി.എസ്.സി മുഖേനയുള്ള നിയമനം എന്നിവ മുഖേനയാണ് ഒഴിവുകൾ നികത്തുന്നത്.

(സി) ഹയർ സെക്കണ്ടറി വിഭാഗത്തിൽ ട്രാൻസ്ഫർ നടപടികളിന്മേൽ കോടതിയിൽ കേസ് ഫയൽ ചെയ്യപ്പെടുന്നതിനാലാണ് ഒഴിവുകൾ നികത്തുന്നതിന് തടസ്സം നേരിട്ടത്. മറ്റ് നിയമനങ്ങൾ നടത്തുന്നതിന് തടസ്സമില്ല.

**അട്ടത്തോട് ട്രൈബൽ സ്കൂൾ**

179 (1038) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനമേഖലയിലെ അട്ടത്തോട് ട്രൈബൽ സ്കൂളിനായി വിട്ടുനൽകിയ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ ഏതു ഘട്ടംവരെയായി ; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; വ്യക്തമാക്കുമോ;

(ബി) എത്ര ഏക്കർ വനഭൂമിയാണ് ഇതിനായി വനംവകുപ്പ് വിട്ടുനൽകാൻ സമ്മതം അറിയിച്ചിട്ടുള്ളത്;

(സി) ഈ ഭൂമിയുടെ ഉടമസ്ഥത വിദ്യാഭ്യാസ വകുപ്പിന് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഇത് സംബന്ധിച്ച് ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; എന്നത്തേക്ക് നടപടി പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 0.50 ഹെക്ടർ ഭൂമി പത്തനംതിട്ട അട്ടത്തോട് ട്രൈബൽ സ്കൂളിനായി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ടി സ്കൂളിനായി കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധി ച്ചിരുന്നു.

(ബി) 0.50 ഹെക്ടർ ഭൂമി.

(സി) അട്ടത്തോട് ട്രൈബൽ സ്കൂളിനായി ലഭ്യമായിട്ടുള്ള വനഭൂമിയുടെ ഉടമസ്ഥത പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടില്ല. പ്രസ്തുത സ്ഥലത്തിന്റെ കൈമാറ്റ ഉത്തരവിൽ ടി വനഭൂമിയിൽ നിയമപരമായ നിജസ്ഥിതിക്ക് മാറ്റം വരുത്തരുത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

180 (1039) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 വർഷങ്ങളിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന എത്ര സർക്കാർ/എയ്ഡഡ്/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ വകുപ്പ് മാനദണ്ഡങ്ങൾ ധിക്കരിച്ചു പ്രവർത്തിക്കുന്നവ ഏതെല്ലാം; ഈ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാനും വിദ്യാഭ്യാസ സംരക്ഷണത്തിനുമായി ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) കാർഷിക മേഖലയും വിദ്യാഭ്യാസകാര്യങ്ങളിൽ പിന്നോക്കം നിൽക്കുന്നതുമായ ഷൊർണ്ണൂർ മണ്ഡലത്തിൽ വിദ്യാഭ്യാസ നിലവാരം മെച്ചമാക്കാനും ആയതു പഠനവിഷയമാക്കി വേണ്ട സഹായവും പുനരുദ്ധാരണ പ്രവർത്തനങ്ങളും നടത്തി അതിലൂടെ ആവശ്യമുള്ള കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം ലഭ്യമാക്കാനും ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) (i) <u>സർക്കാർ</u>

| | | |
|---|---|---|
| ലോവർ പ്രൈമറി | - | 197 |
| അപ്പർ പ്രൈമറി | - | 44 |
| ഹൈസ്കൂൾ | - | 89 |
| ടെക്നിക്കൽ സ്കൂൾ | - | 3 |
| ആകെ | - | 333 |

(ii) <u>എയ്ഡഡ്</u>

| | | |
|---|---|---|
| ലോവർ പ്രൈമറി | - | 346 |
| അപ്പർ പ്രൈമറി | - | 161 |
| ഹൈസ്കൂൾ | - | 77 |
| ആകെ | - | 584 |

(iii) <u>അൺ എയ്ഡഡ്</u>

| | | |
|---|---|---|
| ലോവർ പ്രൈമറി | - | 26 |
| അപ്പർ പ്രൈമറി | - | 21 |
| ഹൈസ്കൂൾ | - | 40 |
| ആകെ | - | 87 |

(ബി) സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അദ്ധ്യയനവർഷം മുതൽ അടച്ചുപൂട്ടുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ അംഗീകാരമില്ലാത്ത 170-ഓളം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ അടച്ചുപൂട്ടുവാൻ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന നോട്ടീസ് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ജി.എൽ.പി. സ്കൂൾ, വെള്ളിനേഴി, ജി.വി.എച്ച്.എസ്., ചെർപ്പുളശ്ശേരി എന്നീ സ്കൂളുകളെ യഥാക്രമം 1 കോടി, 5 കോടി രൂപ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിയോജകമണ്ഡലത്തിലെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.സി. ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന നടപടികളും പുരോഗമിക്കുന്നു.

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ അവലോകനം ചെയ്യുമ്പോൾ ഇത്തരത്തിലുള്ള വിഷയങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് അതിനുള്ള പരിഹാര നടപടികൾ സ്വീകരിക്കാവുന്നതാണ്.

**വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിനായി പദ്ധതികൾ**

181 (1040) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി വിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനത്തിനായി ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളിൽ മണ്ഡലം കേന്ദ്രീകരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലുൾപ്പെടുത്തി പൊതുവിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത പദ്ധതികളെല്ലാം സംസ്ഥാനത്തുള്ള മുഴുവൻ സ്കൂളുകൾക്കും ലഭ്യമാകുന്ന വിധത്തിലാണ് നടപ്പിലാക്കുന്നത്.

**ഫയലിൽ കൈക്കൊണ്ട നടപടി**

182 (1041) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

3726/2017/vip/m (Edn)dtd 6/10/17 എന്ന ഫയലിൽ സർക്കാർ കൈക്കൊണ്ട നടപടി വിശദമാക്കാമോ ; സർക്കുലർ/ഗവൺമെന്റ് ഓർഡർ ഇറങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

ഈ വിഷയം പരിശോധിച്ചുവരികയാണ്. നിവേദനം റിപ്പോർട്ടോടെ മടക്കാനായി ഡി.പി.ഐ-യ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ കെ-ടെറ്റ് സംബന്ധിച്ച പൊതുവിഷയങ്ങൾ പരിശോധിക്കുന്ന മറ്റൊരു ഫയലിൽ ഈ നിവേദനത്തിലെ വിഷയവും ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്മേൽ സർക്കുലർ പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഡിജിറ്റൽ ആക്കുന്ന പദ്ധതി

183 (1042) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഡിജിറ്റൽ ആക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ സൗജന്യ വൈ-ഫൈ സൗകര്യം ഒരുക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത പദ്ധതി സഹായകമാകുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്.

(ഡി) കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയത്തിന്റെ സഹായത്തോടുകൂടി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ശക്തമായ വിവര സാങ്കേതിക നെറ്റ് വർക്കിംഗ് വഴി ബന്ധപ്പെടുത്തുന്നതിനും വിദഗ്ദ്ധരുമായി പഠനാനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും വിജ്ഞാന വ്യാപനത്തിനുമായി പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

## എറണാകുളം ജില്ലയിലെ എച്ച്.എസ്.എ. ഒഴിവുകൾ

184 (1043) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്.എസ്.എ (സോഷ്യൽ സ്റ്റഡീസ്) എറണാകുളം ജില്ലയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ; ഇവ ഏതൊക്കെ സ്കൂളുകളിലാണെന്നും അവ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ അദ്ധ്യാപക ബാങ്കിൽ നിന്നും എത്ര സംരക്ഷിത അദ്ധ്യാപകർ ജോലി നോക്കുന്നു; വിശദാംശം നൽകുമോ;

(സി) 2018-2019, 2019-2020, 2020-2021 വർഷങ്ങളിൽ പ്രസ്തുത ജില്ലയിൽ ഈ തസ്തികയിൽ എത്ര ആന്റിസിപ്പേറ്ററി ഒഴിവുകൾ (പ്രതീക്ഷിത ഒഴിവുകൾ) ഉണ്ടാകുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 24 ഒഴിവുകൾ. വിശദ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 22 സംരക്ഷിത അദ്ധ്യാപകർ. വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) 20 ഒഴിവുകൾ.

**വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾ**

185 (1044) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സർക്കാർ സ്കൂളുകളാണ് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത്;

(ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾക്ക് കെട്ടിട സൗകര്യമൊരുക്കാൻ ഈ സർക്കാർ 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്; ഇതിൽ ഓരോ വർഷവും എത്ര രൂപ വിനിയോഗിക്കാൻ സാധിച്ചു; വിശദാംശങ്ങൾ നൽകാമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് എത്ര സർക്കാർ സ്കൂളുകൾക്ക് സ്വന്തമായി കെട്ടിട സൗകര്യമൊരുക്കാൻ സാധിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൈത്തറി യൂണിഫോം തുണിയുടെ വർദ്ധിച്ച ആവശ്യം

186 (1045) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ-എയ്ഡഡ് സ്കൂളുകളിലേയ്ക്ക് കൂടുതൽ കുട്ടികൾ ആകർഷിക്കപ്പെടുന്നതും അഡ്മിഷൻ തേടുന്നതുംമൂലം കൈത്തറി യൂണിഫോം തുണിയുടെ ആവശ്യത്തിൽ വർദ്ധന ഉണ്ടാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ തുറക്കുന്നതോടനുബന്ധിച്ച് കുട്ടികൾക്ക് യൂണിഫോം ലഭ്യമാക്കുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് കൈത്തറി വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2018-19 വർഷത്തേയ്ക്കുള്ള കൈത്തറി യൂണിഫോമിനുവേണ്ടിയുള്ള മാതൃക കളർകോഡ് എല്ലാ എ.ഇ.ഒ.-മാർക്കും അയച്ച് കൊടുക്കുകയും സ്കൂൾ പ്രധാനാദ്ധ്യാപകർ കളർ തെരഞ്ഞെടുത്ത് KITE തയ്യാറാക്കിയ സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് ക്രോഡീകരിച്ച് ആകെ ആവശ്യമുള്ള തുണിയുടെ അളവ് കൈത്തറി ഡയറക്ടറെ അറിയിച്ചിട്ടുമുണ്ട്.

## സ്കൂൾ കുട്ടികളുടെ സ്വകാര്യതയും പരിചരണവും

187 (1046) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികൾ സ്കൂളിലായിരിക്കുമ്പോൾ അവരുടെ സ്വകാര്യതയും, പരിചരണവും സ്കൂളധികൃതർ ഉറപ്പാക്കണം എന്ന ബാലാവകാശകമ്മീഷന്റെ ഉത്തരവ് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുട്ടികൾ സ്കൂളിൽ ആയിരിക്കുമ്പോൾ കുട്ടികളുടെ സുരക്ഷിതത്വവും പരിചരണവും സംബന്ധിച്ച ഉത്തരവാദിത്തം സ്കൂൾ അധികൃതർക്കായിരിക്കും എന്ന നിർദ്ദേശം എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്.

## തലശ്ശേരി മണ്ഡലത്തിലെ ഹൈടെക് ക്ലാസ്സ് മുറികൾ

188 (1047) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ക്ലാസ് മുറികൾ ഹൈടെക് ആക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ഭാഗമായി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

സ്കൂളുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഹൈടെക് സ്കൂൾ പദ്ധതി സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും നടപ്പിലാക്കുന്നുണ്ട്. ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി 2018 ജനുവരി 22-ന് ആരംഭിച്ചു. 2018 ജൂൺ 1-ന് മുമ്പ് ക്ലാസ് മുറികളിലേയ്ക്ക് ഐ.സി.ടി. ഉപകരണ വിതരണം പൂർത്തിയാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. എല്ലാ അദ്ധ്യാപകർക്കും ഐ.സി.ടി. ഉപകരണങ്ങളുടെ സഹായത്താൽ ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രത്യേക പരിശീലനവും നൽകിവരുന്നുണ്ട്.

## വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ അസിസ്റ്റന്റ് ഡയറക്ടർ

189 (1048) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന്റെ കീഴിൽ എത്ര അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട്; അതിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) കണ്ണൂർ, കാസർഗോഡ് ജില്ലകൾ ഉൾപ്പെടുന്ന പയ്യന്നൂർ മേഖലാ ഓഫീസിൽ സ്ഥിരമായി അസിസ്റ്റന്റ് ഡയറക്ടർ ഇല്ലാത്തതിനാൽ അക്കാദമിക് ഇൻസ്പെക്ഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ കൃത്യമായി നടക്കുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിന്റെ കീഴിൽ ആകെ എട്ട് അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ നാല് ഒഴിവുകൾ നിലവിലുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇല്ല. പയ്യന്നൂർ മേഖല ഓഫീസിന്റെ സുഗമമായ നടത്തിപ്പിനായി വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലെ റിസർച്ച് അസിസ്റ്റന്റിന് അസിസ്റ്റന്റ് ഡയറക്ടറുടെ താൽക്കാലിക ചുമതല ഡയറക്ടർ നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്കൂളുകളിൽ വായന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ

190 (1049) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വായന പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ പുതിയ ലൈബ്രറികൾ നിർമ്മിക്കാൻ സാധിച്ചു എന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ & ബി) സംസ്ഥാനത്തെ സ്കൂളുകളിൽ വായന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും നിലവിലുള്ള ലൈബ്രറികൾ കൂടുതൽ വിപുലീകരിക്കുന്നതിനും കുട്ടികൾക്ക് പ്രയോജനപ്രദമായ കൂടുതൽ പുസ്തകങ്ങൾ ഉൾപ്പെടുത്തുന്നതിനും പരമാവധി സ്കൂളുകളിൽ ക്ലാസ് മുറികളിൽ തന്നെ ലൈബ്രറികൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ 1227 ഗവ. ഹൈസ്കൂളുകൾക്ക് ഒരു ക്ലാസ് മുറി ലൈബ്രറിക്ക് പുസ്തകം വാങ്ങുന്നതിനായി 2500 രൂപ (രണ്ടായിരത്തി അഞ്ഞൂറ് രൂപ) ക്രമത്തിൽ നാല് ക്ലാസ് റൂം ലൈബ്രറികൾ വീതം സജ്ജമാക്കുന്നതിനായി 10,000 (പതിനായിരം രൂപ) വീതം ആർ.എം. എസ്.എ. വഴി നൽകുകയും പുസ്തകം സൂക്ഷിക്കുന്നതിനായുള്ള ഷെൽഫ് വാങ്ങുന്നതിലേയ്ക്കായുള്ള തുക ആർ.എം.എസ്.എ.-യുടെ സ്കൂൾ ഗ്രാന്റിൽ നിന്ന് വിനിയോഗിക്കുവാനുമുള്ള നിർദ്ദേശവും സ്കൂൾ അധികൃതർക്ക് നൽകിയിട്ടുമുണ്ട്. സ്കൂളുകളിൽ ഒഴിവുള്ള ക്ലാസ് മുറികൾ പ്രയോജനപ്പെടുത്തിയാണ് ലൈബ്രറികൾ ആരംഭിക്കുകയും നിലവിലുള്ളവ വിപുലീകരിക്കുകയും ചെയ്യുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആവശ്യമെങ്കിൽ ലൈബ്രറികൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സ്കൂളുകളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന് പരിപാടി

191 (1050) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനുള്ള ഏതൊക്കെ പരിപാടികളാണ് ഈ സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പരിപാടികൾ സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ നടപ്പിലാക്കി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സ്കൂളുകളിലെ പാചകപ്പുര, ടോയ്‌ലെറ്റുകൾ എന്നിവ എല്ലായ്പ്പോഴും വൃത്തിയായി സൂക്ഷിക്കണമെന്നും സ്കൂളുകളിൽ പ്ലാസ്റ്റിക് പാത്രങ്ങൾ, കവറുകൾ എന്നിവ കൊണ്ടുവരുന്നത് ഒഴിവാക്കണമെന്നും ശുദ്ധമായ കുടിവെള്ളം എല്ലാ സ്കൂളുകളിലും ലഭിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുകയും മഴക്കാലപൂർവ്വ ശുചീകരണങ്ങൾ സ്കൂളുകളിൽ നടത്തുകയും കലോത്സവം, വാർഷികാഘോഷം എന്നിവ ഉൾപ്പെടെയുള്ള എല്ലാ പരിപാടികളിലും 'ഗ്രീൻ പ്രോട്ടോക്കോൾ' നടപ്പിലാക്കണമെന്നും എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന/ജില്ലാതല കലോത്സവം, ശാസ്ത്രമേള, സ്പോർട്സ് മേളകൾ എന്നിവയിൽ പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കുകയും 'ഗ്രീൻ പ്രോട്ടോക്കോൾ' നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ശുചിത്വം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## ഭാഷാന്യൂനപക്ഷ സമിതി മീറ്റിംഗിലെ തീരുമാനങ്ങൾ നടപ്പിലാക്കാൻ നടപടി

192 (1051) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-8-2017-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഭാഷാന്യൂനപക്ഷ സമിതി മീറ്റിംഗിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സമിതിയിൽ തീരുമാനമെടുത്ത പ്രകാരം, പട്ടഞ്ചേരി ഗവ. ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി അനുവദിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഭാഷാ ന്യൂനപക്ഷങ്ങൾ പഠിക്കുന്ന ചിറ്റൂർ, കൊഴിഞ്ഞമ്പാറ ഗവ. കോളേജുകളിൽ പുതിയ കോഴ്സ് തുടങ്ങുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) ഭാഷാ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ ഏകാംഗ കമ്മീഷൻ രൂപീകരിക്കാനുള്ള തീരുമാനത്തിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഭാഷാന്യൂനപക്ഷ സമിതിയുടെ 1-8-2017-ലെ മീറ്റിംഗിലെ തീരുമാനങ്ങൾ മേൽ നടപടി സ്വീകരിക്കുന്നതിനായി അതത് വകുപ്പ് മേധാവികൾക്കും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും അയച്ചു കൊടുത്തിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ചിറ്റൂർ, കൊഴിഞ്ഞമ്പാറ ഗവ. കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) 1-8-2017-ന് ചേർന്ന സംസ്ഥാനതല ഭാഷാ ന്യൂനപക്ഷ സമിതി യോഗം കേരളത്തിലെ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരവും സാമൂഹ്യവുമായ പ്രശ്നങ്ങളും ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ നിലവിലുള്ള പ്രയാസങ്ങളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുവാൻ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരവും സാമൂഹ്യവുമായ പ്രശ്നങ്ങളും ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ നിലവിലുള്ള പ്രയാസങ്ങളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഡോ.നടുവട്ടം ഗോപാലകൃഷ്ണനെ (കൈരളി, കാര്യവട്ടം പി.ഒ., തിരുവനന്തപുരം-695 581) ചുമതലപ്പെടുത്തി 4-12-2017 തീയതിയിലെ സ.ഉ (കൈ) നമ്പർ 362/2017/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## മലയിൻകീഴിൽ കലാ-കായിക പാർക്ക്

193 (1052) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴിൽ കലാ-കായിക പാർക്ക് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി കേരള സംസ്ഥാന ഭവനനിർമ്മാണബോർഡ് രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## പൊതുവിദ്യഭ്യാസ മേഖലയിലെ നിലവാരം ഉയർത്തുന്നതിന് നടപടി

194 (1053) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ (ഹയർസെക്കണ്ടറി വിഭാഗം ഉൾപ്പെടെ) സർക്കാർ മേഖല സംരക്ഷിക്കുക, അക്കാദമിക് നിലവാരം ഉയർത്തുന്നതിനുള്ള ആവശ്യകത എന്നിവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ആയതിനായി സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ സ്കൂളുകളിൽ മറ്റു പരിശീലനമൊന്നും ലഭിക്കാതെ ബുദ്ധിമുട്ടുന്ന വിദ്യാർത്ഥി /വിദ്യാർത്ഥിനികളെ കണ്ടെത്തി അവർക്കാവശ്യമായ വിഷയങ്ങളും ഭാഷകളും അവർക്ക് സ്വായത്തമാക്കാനായി വിദ്യാഭ്യാസ വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങളിൽ സർക്കാർ ശമ്പളം പറ്റുന്ന സംസ്ഥാന അദ്ധ്യാപകരുടേയും വിദ്യാഭ്യാസ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥരുടെയും പങ്ക് എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ (ഹയർ സെക്കണ്ടറി വിഭാഗം ഉൾപ്പെടെ) സർക്കാർ മേഖല സംരക്ഷിക്കുക, അക്കാദമിക് നിലവാരം ഉയർത്തുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. പദ്ധതിയുടെ ഭാഗമായി സ്വീകരിച്ച പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു :

1. കിഫ്ബിയുടെ അഞ്ചുകോടി/മൂന്നുകോടി രൂപ ധനസഹായത്തോടെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയും ഭൗതികസാഹചര്യ വികസനത്തിന് ഊന്നൽ നൽകുന്ന പദ്ധതിയും.

2. അക്കാദമിക നിലവാരം ഉയർത്തുന്നതിനായി എല്ലാ സ്കൂളുകളും സ്കൂളിന്റെ തനതായ ജനകീയ മാസ്റ്റർപ്ലാൻ തയ്യാറാക്കി അവതരിപ്പിച്ചിട്ടുണ്ട്.

3. ഹരിത പ്രോട്ടോക്കോൾ പ്രകാരം കൃഷിയെ ഒരു സംസ്കൃതിയാക്കി മാറ്റാൻ സഹായകമാവുന്ന പ്രവർത്തനങ്ങൾ.

4. സമൂഹത്തെ സ്കൂളുകളുമായി ബന്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ

5. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേകം പദ്ധതികൾ

6. ജൈവ വൈവിദ്ധ്യ പാർക്കുകൾ

7. സ്കൂളുകൾക്ക് ആവശ്യമായ പഠന വിഭവ പിന്തുണ നൽകുന്ന 'സമഗ്ര' വെബ് പോർട്ടൽ

8. ആധുനിക സാങ്കേതിക വിദ്യയുടെ വിവിധ തലങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അദ്ധ്യാപകർക്ക് കാലാനുസൃതമായ പരിശീലന പരിപാടികൾ നൽകുക.

(ബി) എല്ലാ വിദ്യാർത്ഥികൾക്കും ഗുണനിലവാരമുള്ള പഠനാനുഭവങ്ങൾ നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പഠന പിന്നോക്കാവസ്ഥ കണ്ടെത്തി ആയത് പരിഹരിക്കുന്നതിന് 'ശ്രദ്ധ' 'നവ പ്രഭ' തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഹയർ സെക്കണ്ടറി തലത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുന്നതിനായി പ്രത്യേകം പഠന സാമഗ്രികൾ തയ്യാറാക്കി അതിന്റെ സഹായത്താൽ പ്രത്യേകം പരിശീലനം നൽകിവരുന്നു.

(സി) പ്രസ്തുത പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന് ഉതകുന്ന തരത്തിൽ അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള വിവിധ പരിശീലന പരിപാടികൾ സമയബന്ധിതമായി എല്ലാ അദ്ധ്യാപകർക്കും നൽകിവരുന്നു.

## യു.ജി.സി. ചട്ടങ്ങൾ

194 (1054) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓട്ടോണമസ് കോളേജുകളെ സംബന്ധിച്ച യു.ജി.സി ചട്ടങ്ങളിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പുതിയ യു.ജി.സി ചട്ടങ്ങൾ ഓട്ടോണമസ് കോളേജുകൾക്ക് മേലുള്ള യൂണിവേഴ്സിറ്റികളുടെ നിയന്ത്രണം ഇല്ലാതാക്കുമോ ; വ്യക്തമാക്കുമോ;

(സി) ഉന്നതവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പുതിയ ചട്ടങ്ങൾ എത്രത്തോളം ഹിതകരമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-സി) ഉണ്ട്. സ്വയംഭരണ കോളേജുകളെ സംബന്ധിച്ച് യു.ജി.സി. 2018-ൽ പുറപ്പെടുവിച്ചിട്ടുള്ള റെഗുലേഷനിലെ വ്യവസ്ഥകൾ കോളേജുകളുടെ മേലുള്ള നിയന്ത്രണത്തെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടില്ല. സ്വയംഭരണാവകാശം ലഭിച്ച കോളേജുകളുടെ അക്കാദമിക നിലവാരത്തിലുള്ള മാറ്റങ്ങളും പ്രവർത്തനവും വിലയിരുത്തുന്നതിന് ഈ സർക്കാരിന്റെ കാലത്ത് പുനഃസംഘടിപ്പിക്കപ്പെട്ട ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആദ്യ എക്സിക്യൂട്ടീവ് ബോഡി യോഗം ഡോ. ജോയി ജോബ് കുളവേലിൽ അദ്ധ്യക്ഷനായി ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. സ്വയംഭരണ കോളേജുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും മാനേജ്മെന്റ് പ്രതിനിധികളും അനദ്ധ്യാപകരും അടക്കമു ള്ള ബന്ധപ്പെട്ട എല്ലാ കക്ഷികളുമായും ആശയവിനിമയം നടത്തുവാൻ മേൽ കമ്മിറ്റി ശ്രമിച്ചുവരുന്നു. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ 'ഉന്നത വിദ്യാഭ്യാസ നയരൂപീകരണവും ഭരണഘടന ഫെഡറൽ തത്വങ്ങളും' എന്ന വിഷയം അടിസ്ഥാനമാക്കി ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുവാൻ 20-2-2018-ൽ കൂടിയ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ എക്സിക്യൂട്ടീവ് ബോഡി യോഗം തീരുമാനിച്ചിട്ടുണ്ട്. സെമിനാറിൽ ഉരുത്തിരിഞ്ഞു വരുന്ന നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി സമർപ്പിക്കുന്ന റിപ്പോർട്ട് സർക്കാർ പരിശോധിക്കുന്നതാണ്.

## നിയമ സർവ്വകലാശാല രൂപീകരിക്കാൻ നടപടി

196 (1055) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നിയമ വിദ്യാഭ്യാസം പ്രവേശന പരീക്ഷ മുതൽ സെമസ്റ്റർ പരീക്ഷകൾ വരെ ക്ലിപ്തമായ സമയക്രമമില്ലാതെ നീണ്ടു പോകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇപ്പോൾ നിയമ പഠനം പൂർത്തീകരിക്കാൻ വിവിധ കോളേജുകളിൽ 6-7 വർഷം വരെ എടുക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമൂലം മിടുക്കരായ കുട്ടികൾക്കുണ്ടാകുന്ന അവസര നഷ്ടം പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രവേശന പരീക്ഷയും സെമസ്റ്റർ പരീക്ഷകളും കൃത്യമായി നടത്താൻ സർക്കാർ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ; ഈ കാര്യങ്ങൾ ഏകോപിപ്പിക്കാൻ മറ്റു സംസ്ഥാനങ്ങളിൽ ഉള്ളതുപോലെ ഒരു നിയമ സർവകലാശാല രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ& ബി) ഉണ്ട്. നിയമ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവേശന പരീക്ഷ ഉൾപ്പെടെയു ള്ള പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിനും ഫലം പ്രസിദ്ധീ കരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രവേശന പരീക്ഷ നടപടികൾ സമയബന്ധിതമായി പൂർത്തിയാ ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിയമ പഠനത്തിന്റെ സെമസ്റ്റർ പരീക്ഷകൾ നടത്തുന്നത് ബന്ധപ്പെട്ട സർവ്വകലാശാലകളാണ്. ഏകീകൃത പരീക്ഷ കലണ്ടർ തയ്യാറാക്കുന്നതിന് സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വകലാശാലകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട ഇ-ഗവേണൻസ് പദ്ധതി പൂർത്തിയാകുമ്പോൾ പരാതികൾക്ക് ശാശ്വത പരിഹാരം കാണാനാകുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ നിയമ വിദ്യാഭ്യാസം നടത്തുന്നതിനായി സർക്കാർ മേഖലയിൽ 4-ലോ കോളേജുകളും നിരവധി സ്വാശ്രയ ലോ കോളേജുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ സർവ്വകലാശാലകളിലും നിയമ പഠനവകുപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൊച്ചി ആസ്ഥാനമായി നിയമപഠനത്തിനായി National University of Advanced Legal Studies (NUALS)-ഉം പ്രവർത്തിക്കുന്നുണ്ട്. നിയമ സർവ്വകലാശാല ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## കേരള സർവ്വകലാശാലയിലെ പരീക്ഷ - ഫലപ്രഖ്യാപനം

197 (1056) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാല നടത്തുന്ന ബിരുദ/ബിരുദാനന്തര പരീക്ഷകളുടെ ഫലം അനന്തമായി വൈകുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) മറ്റു സർവ്വകലാശാലകളെ അപേക്ഷിച്ച് കേരള സർവ്വകലാശാലയിൽ മാത്രം ഈ അവസ്ഥ ഉണ്ടാകുന്നതിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) വിവിധ കോഴ്സുകളുടെ പരീക്ഷാ മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും സമയബന്ധിതമായി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒന്നാം സെമസ്റ്റർ യു.ജി. പരീക്ഷയുടേയും മൂന്ന്, നാല് സെമസ്റ്റർ പി.ജി. പരീക്ഷകളുടേയും മൂല്യനിർണ്ണയത്തിനായി സിൻഡിക്കേറ്റ് തീരുമാനപ്രകാരം റെഗുലർ വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായി വിഷയാടിസ്ഥാനത്തിൽ തരംതിരിച്ച് കോളേജുകൾ മൂല്യനിർണ്ണയ കേന്ദ്രങ്ങളാക്കി ഉത്തരക്കടലാസുകൾ സർവ്വകലാശാല നിയമിച്ച നോഡൽ ഓഫീസർ മുഖാന്തിരം അദ്ധ്യാപകർക്ക് എത്തിച്ചുനൽകിയെങ്കിലും മതിയായ അദ്ധ്യാപകരുടെ അഭാവവും (ചീഫ്/ അഡീഷണൽ) സ്വാശ്രയ അദ്ധ്യാപകർ/ഗസ്റ്റ്/കോൺട്രാക്ട് അദ്ധ്യാപകരുടെ മൂല്യനിർണ്ണയ പ്രതിഫലത്തുകയെക്കുറിച്ചു ള്ള അവ്യക്തതയും പഴയ വ്യവസ്ഥയിൽ നിന്നും പുതിയ രീതിയിലേയ്ക്ക് മാറിയപ്പോഴുണ്ടായ പ്രായോഗിക ബുദ്ധിമുട്ടും പരീക്ഷാഫലം കൃത്യസമയത്ത് പ്രസിദ്ധീകരിക്കുന്നതിൽ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്.

(സി) പരീക്ഷാ ഫലപ്രഖ്യാപനം സമയബന്ധിതമായി നടത്തുന്നതിന്റെ ഭാഗമായി രണ്ട്, നാല്, അഞ്ച് എന്നീ സെമസ്റ്ററുകളുടെ (സി ബി സി എസ് 2017) പരീക്ഷാ മൂല്യ നിർണ്ണയം, കോളേജുകളിലെ റെഗുലർ ക്ലാസ്സുകൾ റദ്ദ് ചെയ്തുകൊണ്ട് നടത്തിയിട്ടുണ്ട്.

## ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ ഡിജിറ്റൽ ലൈബ്രറി

198 (1057) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ ഡിജിറ്റൽ ലൈബ്രറി നിർമ്മാണ നടപടി ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ആയതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ ഡിജിറ്റൽ ലൈബ്രറി നിർമ്മാണം ഉൾപ്പെടെയു ള്ള നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കോളേജ് നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിനാവശ്യമായ ഫണ്ട് കിഫ്ബിയിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്.

(ബി) 10-11-2017-ലെ സ.ഉ.(കൈ)നമ്പർ 284/2017/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

## കുന്ദമംഗലം സർക്കാർ കോളേജ്

199 (1058) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം സർക്കാർ കോളേജിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പണിക്കായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത DPR KIIFB-യിൽ അപ് ലോഡ് ചെയ്യുന്നതിന് സ.ഉ. (കൈ) നമ്പർ 284/2017/ഉ.വി.വ. തീയതി 10-11-2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) KIIFB അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**കോളേജുകളിൽ പെൺകുട്ടികൾക്കായി അമെനറ്റി സെന്ററുകൾ**

200 (1059) പ്രൊഫ.കെ.യു. അരുണൻ :

ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ കോളേജുകളിൽ പെൺകുട്ടികൾക്കായി അമെനറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) പെൺകുട്ടികളുടെ വിശ്രമത്തിനും, പഠനത്തിനും, വ്യായാമത്തിനുമായി എന്തെല്ലാം സൗകര്യങ്ങളാണ് ഇത്തരം സെന്ററുകളിൽ വിഭാവനം ചെയ്തിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതിയ്ക്കായുള്ള പ്രോജക്ട് തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ സെന്ററിന്റെയും നിർമ്മാണ ചെലവ് എത്രയാണെന്നും സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ Equity Initiative പദ്ധതി പ്രകാരം കേരള റൂസയ്ക്ക് അനുവദിച്ച 2.5 കോടി രൂപ (സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും ഉൾപ്പെടെ) റൂസ മാനദണ്ഡങ്ങൾക്ക് വിധേയമായി സംസ്ഥാനത്തെ എല്ലാ സർക്കാർ കോളേജുകളിലും സ്ത്രീ സൗഹൃദകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി വിനിയോഗിക്കാൻ തീരുമാനിക്കുകയും പ്രസ്തുത പദ്ധതി പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഹാബിറ്റാറ്റ് ടെക്നോളജി സെന്ററിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥിനികൾക്ക് വിശ്രമത്തിനും ചർച്ചയ്ക്കുമുള്ള മുറികൾ, ബെഡ്, വാഷ് ബേസിൻ, ലോക്കറുകൾ, വസ്ത്രം മാറുന്നതിനുള്ള സൗകര്യം, അംഗ പരിമിതർക്കുൾപ്പെടെയുള്ള 3-4 ടോയ്‌ലെറ്റുകൾ എന്നിവ അടങ്ങിയതാണ് പ്രസ്തുത സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ.

(സി) ഹാബിറ്റാറ്റ് ടെക്നോളജി സെന്ററാണ് പ്രസ്തുത പ്രോജക്ട് തയ്യാറാക്കിയത്.

(ഡി) ഹാബിറ്റാറ്റ് ടെക്നോളജി സെന്റർ ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം വിവിധ കോളേജുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള ചെലവിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഈ പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 33 സർക്കാർ കോളേജുകളിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

## കരുനാഗപ്പള്ളി - തഴവ ഗവൺമെന്റ് കോളേജിലെ ജീവനക്കാരുടെ നിയമനം

201 (1060) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി-തഴവ ഗവൺമെന്റ് കോളേജിൽ അധ്യാപകർ, പ്രിൻസിപ്പൽ, അനധ്യാപക ജീവനക്കാർ തുടങ്ങിയ ഒരു വിഭാഗത്തിലും പെട്ട ജീവനക്കാരെ നിയമിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കോളേജിന്റെ പ്രവർത്തനം ആരംഭിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും ആവശ്യമായ ജീവനക്കാരെ നിയമിക്കാത്തതിന്റെ കാരണമെന്തെന്ന് വിശദീകരിക്കുമോ;

(സി) ഈ കോളേജിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമായിരുന്നില്ല. എന്നിരുന്നാലും അത്യാവശ്യ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ലാബ്, ലൈബ്രറി എന്നിവ ക്രമീകരിക്കുന്ന മുറയ്ക്ക് ലാബ്/ ലൈബ്രറി അറ്റൻഡർമാരേയും സ്വീപ്പർ, സാനിട്ടേഷൻ വർക്കർ എന്നീ തസ്തികകളിലേയ്ക്കും കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## തലശ്ശേരി ഗവ. കോളേജ് വികസനത്തിന്റെ മാസ്റ്റർ പ്ലാൻ

202 (1061) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന തലശ്ശേരി ഗവ: കോളേജിന്റെ (ചൊക്ലി) സമഗ്ര വികസനത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ; ഈ പ്രവൃത്തിക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായോ ; ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാകുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തലശ്ശേരി ഗവ. കോളേജ് വികസനത്തിനുള്ള വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുകയും KIIFB-യുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് അപ് ലോഡ് ചെയ്യുന്നതിനായി സ.ഉ.(കൈ)നമ്പർ 284/2017/ഉ.വി.വ തീയതി 10-11-2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിരേഖ KIIFB അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## മലപ്പുറം ഗവ. കോളേജിൽ പുതിയ ഡിഗ്രി - പി.ജി. കോഴ്സുകൾ

203 (1062) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവ. കോളേജിൽ പുതിയ ഡിഗ്രി-പി.ജി. കോഴ്സുകൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഒരു ബാച്ചിൽ അൻപതിൽപരം കുട്ടികൾ പഠിക്കുന്നതും കോളേജിന്റെ പ്രാരംഭഘട്ടം മുതൽ നിലവിലുള്ളതുമായ ബി.എ അറബിക്-ന് പി. ജി കോഴ്സ് അനുവദിക്കണമെന്ന നിവേദനത്തിൽ എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മലപ്പുറം ഗവ. കോളേജിൽ എം.എ അറബിക് കോഴ്സ് അനുവദിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ ) ഉണ്ട്.

(ബി) അറബിക്കിന് പി.ജി കോഴ്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## പെരുമണിൽ സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിന് നടപടി

204 (1063) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുടനീളം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എത്ര സർക്കാർ ആർട്സ് & സയൻസ് കോളേജുകളാണ് ഉള്ളത്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) കൊല്ലം ജില്ലയിൽ സർക്കാർ, എയ്ഡഡ്-അൺ എയ്ഡഡ് മേഖലയിൽ ആർട്സ് & സയൻസ് കോളേജുകൾ ഇല്ലാത്ത ഏതെല്ലാം മണ്ഡലങ്ങളാണ് ഉള്ളത് ;

(സി) സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിൽ ആർട്സ് & സയൻസ് കോളേജുകൾ ഇല്ലാത്ത കൊല്ലം നിയോജക മണ്ഡലത്തിൽ സർക്കാർ ഉടമസ്ഥതയിൽ പെരുമണിൽ ലഭ്യമായിട്ടുള്ള 6 ഏക്കർ ഭൂമിയിൽ ഒരു സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിൻമേൽ നടപടി സ്വീകരിച്ച് വരുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മൊത്തം 63 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) കൊല്ലം ജില്ലയിൽ കൊല്ലം നിയമസഭാ നിയോജകമണ്ഡലത്തിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിൽ ആർട്സ് & സയൻസ് കോളേജുകൾ നിലവിലില്ല.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## കോളേജുകളിലെ ഇന്റേണൽ മാർക്ക്

205 (1064) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജുകളിൽ ഇന്റേണൽ മാർക്കിന്റെ പേരിൽ വിദ്യാർത്ഥികളെ വ്യാപകമായി ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇന്റേണൽ മാർക്കിന്റെ പേരിൽ വിദ്യാർത്ഥികൾക്കെതിരെയുള്ള ചൂഷണം തടയാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ & ബി) 3-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 179/2017/ ഉ.വി.വ പ്രകാരം സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ച് ചൂഷണങ്ങൾ തടയുന്നതിന്റെ ഭാഗമായി എം.ജി. സർവ്വകലാശാല വൈസ് ചാൻസലർ കൺവീനറായി ഒരു സമിതി രൂപീകരിച്ചിരുന്നു. ടി സമിതിയുടെ വിശദമായ റിപ്പോർട്ട് പരിഗണിച്ച ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ അംഗീകരിക്കുകയും ടി റിപ്പോർട്ട് 22-2-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 55/2018/ഉ.വി.വ. പ്രകാരം തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## എ.പി.ജെ. അബ്ദുൾകലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി

206 (T* 1065) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽശാലയിൽ എ. പി .ജെ അബ്ദുൾകലാം ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം നിർമ്മിക്കുന്നത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിനായുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം നിർമ്മിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയതിൽ തിരുവനന്തപുരം കോർപ്പറേഷന്റെ ഉടമസ്ഥതയിലു ള്ള വിളപ്പിൽ ശാലയിലെ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല രജിസ്ട്രാറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

## പുതിയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് എ.ഐ.സി.ടി.ഇ. അംഗീകാരം

207 (1066) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കേണ്ട എന്ന സർക്കാർ നിലപാട് എ.ഐ.സി.ടി.ഇ. അംഗീകരിച്ചിട്ടുണ്ടോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പുതിയ എഞ്ചിനീയറിംഗ് കോഴ്സുകൾ അനുവദിക്കണം എന്ന ആവശ്യം സർക്കാർ എ.ഐ.സി.ടി.ഇ. മുമ്പാകെ സമർപ്പിച്ചിരുന്നോ; ഇതിന്മേലുള്ള തീരുമാനം എന്താണെന്ന് അറിയിക്കാമോ;

(സി) സ്വാശ്രയ പോളീടെക്നിക്, ഫാർമസി കോഴ്സുകൾ എന്നിവ അനുവദിക്കുന്ന കാര്യത്തിൽ എ.ഐ.സി.ടി.ഇ. എന്ത് നിലപാടാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അംഗീകരിച്ചിട്ടുണ്ട്.

(ബി) സമർപ്പിച്ചിട്ടില്ല.

(സി) നിലവിലെ സ്ഥാപനങ്ങളുടെ തുടർച്ചയും പുതിയവ സ്ഥാപിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ എ.ഐ.സി.ടി.ഇ. കൈക്കൊണ്ടു വരുന്നു.

**സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ**

208 (1067) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അക്കാഡമിക് വർഷത്തിൽ, മുപ്പത് ശതമാനത്തിൽ കുറവ് അഡ്മിഷൻ രേഖപ്പെടുത്തിയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചു പൂട്ടണമെന്ന് എ .ഐ.സി.റ്റി. ഇ. നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇതനുസരിച്ച് സംസ്ഥാനത്ത് എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചു പൂട്ടിയിട്ടുണ്ട്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 168 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി & സി) നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ മാനേജ്മെന്റുകളുടെ താല്പര്യപ്രകാരം 2017-18-ൽ താഴപ്പറയുന്ന മൂന്ന് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടിയിട്ടുണ്ട്.

1. കെ.എം.പി. എഞ്ചിനീയറിംഗ് കോളേജ്, പെരുമ്പാവൂർ
2. പിനക്കിൾ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം
3. ആര്യനെറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാലക്കാട്

## വൊക്കേഷണൽ ഹയർസെക്കൻഡറി വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം

209 (1068) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിന്റെ മേഖലാ ആഫീസുകളിൽ 5 വർഷത്തിലധികമായി ഒരേ സീറ്റിൽ ജോലി നോക്കി വരുന്ന ജീവനക്കാരുടെ എണ്ണം ആഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് നിലവിലുള്ള ഏത് സർക്കാർ ഉത്തരവനുസരിച്ചാണ് ഈ ജീവനക്കാരെ ഒരേ സീറ്റിൽ തന്നെ തുടരാൻ അനുവദിച്ചിരിക്കുന്നത്;

(സി) ജീവനക്കാരെ ശാക്തീകരിച്ചു കൊണ്ട് വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിന്റെ നവീകരണത്തിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. വി.എച്ച്.എസ്.ഇ. മേഖലാ ഓഫീസ്, കൊല്ലം.

ടൈപ്പിസ്റ്റ് - 1, ഓഫീസ് അറ്റെൻഡന്റ് - 1, നൈറ്റ് വാച്ച്മാൻ -1, സ്വീപ്പർ - 1

2. വി.എച്ച്.എസ്.ഇ. മേഖലാ ഓഫീസ്, ചെങ്ങന്നൂർ

ടൈപ്പിസ്റ്റ് - 1, സ്വീപ്പർ - 1

3. വി.എച്ച്.എസ്.ഇ. മേഖലാ ഓഫീസ്, എറണാകുളം

അസിസ്റ്റന്റ് ഡയറക്ടർ-1, ഓഫീസ് അറ്റെൻഡന്റ് -1, സ്വീപ്പർ-1

4. വി.എച്ച്.എസ്.ഇ. മേഖലാ ഓഫീസ്, തൃശ്ശൂർ

ക്ലാർക്ക് - 1, ടൈപ്പിസ്റ്റ് -1

5. വി.എച്ച്.എസ്.ഇ. മേഖലാ ഓഫീസ്, കുറ്റിപ്പുറം

ടൈപ്പിസ്റ്റ് -1, ഓഫീസ് അറ്റെൻഡന്റ് - 1

6. വി.എച്ച്.എസ്.ഇ. മേഖലാ ഓഫീസ്, വടകര

ടൈപ്പിസ്റ്റ് -1, ഓഫീസ് അറ്റെൻഡന്റ് - 1

7. വി.എച്ച്.എസ്.ഇ. മേഖലാ ഓഫീസ്, പയ്യന്നൂർ

ക്ലാർക്ക് -1, ഓഫീസ് അറ്റെൻഡന്റ് - 1

(ബി) ടൈപ്പിസ്റ്റിന്റെയും സ്വീപ്പറുടെയും ഓരോ തസ്തിക മാത്രമാണ് മേഖല ഓഫീസുകൾ സ്ഥിതി ചെയ്യുന്ന ജില്ലകളിൽ ഉള്ളത്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന് കീഴിൽ ജില്ലയിൽ മറ്റൊരിടത്തും ടി തസ്തികയില്ലാത്തതിനാൽ ടൈപ്പിസ്റ്റുകളും സ്വീപ്പർമാരും അതാത് മേഖല ഓഫീസുകളിൽ തുടരുന്ന സാഹചര്യമുണ്ട്. ക്ലാർക്കുമാരുടെ സ്ഥലംമാറ്റ അപേക്ഷയിൽ യോഗ്യരായ അപേക്ഷകരില്ലാത്തതിനാൽ തൃശ്ശൂർ, പയ്യന്നൂർ മേഖല ഓഫീസുകളിൽ ഓരോ ക്ലാർക്കുമാർ അഞ്ചുവർഷത്തി ലധികമായി ജോലി നോക്കുന്നു. 25-2-2017 തീയതിയിലെ ജി.ഒ.(പി)3/2017/പി & എ.ആർ.ഡി. നമ്പർ ഉത്തരവ് അനുസരിച്ചാണ് വകുപ്പിൽ സ്ഥലംമാറ്റ പ്രക്രിയകൾ നടത്തുന്നത്.

(സി) ജീവനക്കാർക്ക് വിദഗ്ദ്ധരുടെ സഹായത്തോടെ പരിശീലനം നൽകി പ്രാപ്തരാക്കി വകുപ്പിന്റെ ഉന്നമനത്തിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ നവീകരണത്തിനും വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

## ടെക്നിക്കൽ ഹൈസ്കൂളിൽ കായികാദ്ധ്യാപകരുടെ നിയമനം

210 (1069) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളിൽ കായികാദ്ധ്യാപകരുടെ നിയമനം ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) കായിക അദ്ധ്യാപകരില്ലാത്തത് കാരണം ടെക്നിക്കൽ ഹൈസ്കൂളുകളിൽ പഠനം നടത്തുന്ന പല കായിക പ്രതിഭകളുടെയും ഭാവിയിലെ നല്ല അവസരങ്ങൾ നഷ്ടമാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?;

(ഡി) ടെക്നിക്കൽ സ്കൂളുകളിൽ കായികോപകരണങ്ങൾ വാങ്ങാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പണം അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ടെക്നിക്കൽ സ്കൂളുകളിൽ കായിക അദ്ധ്യാപകരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടെക്നിക്കൽ ഹൈസ്കൂളുകളിൽ കായികാദ്ധ്യാപകരുടെ തസ്തിക അനുവദിച്ചിട്ടില്ല.

(ബി) ടെക്നിക്കൽ ഹൈസ്കൂളുകളിലെ പാഠ്യപദ്ധതിയിൽ കായിക വിദ്യാഭ്യാസം ഉൾപ്പെടുത്തിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും പണം അനുവദിക്കാറുണ്ട്.

(ഇ) ടെക്നിക്കൽ സ്കൂളുകളിൽ കായിക അദ്ധ്യാപക തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ അദ്ധ്യാപകരെ നിയമിക്കാൻ കഴിയില്ല.

**സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി**

211 (1070) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഇന്റർനാഷണൽ സെന്റർ ഓഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച് 'എന്ന പേരിൽ സംസ്ഥാനത്തെ സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ സർവ്വകലാശാലകളിലാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതി പ്രകാരം കൊച്ചി ശാസ്ത്രസാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയത്; ഈ പദ്ധതി നടപ്പിലാക്കിയതിന് ശേഷം പ്രസ്തുത സർവ്വകലാശാലയുടെ നിലവാരത്തിൽ വന്നിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്രതലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.

(ബി) കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ കുസാറ്റ് എന്നീ സർവ്വകലാശാലകളിലാണ് നടപ്പിലാക്കുന്നത്.

(സി) ടി പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നതേയുള്ളൂ.

## കോഴിക്കോട് സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനം

212 (1071) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും കോഴിക്കോട് സർവ്വകലാശാലയിൽ എത്ര പേർക്ക് അസിസ്റ്റന്റ് നിയമനം നൽകി;

(ബി) സർവ്വകലാശാലകളിലെ നിയമനം പി.എസ്.സിക്ക് വിട്ടുകൊടുത്തു കൊണ്ടുള്ള നിയമം നിലവിൽ വന്നശേഷം ഉണ്ടായ എത്ര അസിസ്റ്റന്റ് തസ്തികകളിൽ പി.എസ്.സി ലിസ്റ്റിൽ നിന്നല്ലാതെ സർവ്വകലാശാല തയ്യാറാക്കിയ പഴയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തി; ഇപ്രകാരം നിയമനം നടത്തുവാനുണ്ടായ കാരണമെന്താണ്; വിശദമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും 20 പേർക്ക് കാലിക്കറ്റ് സർവ്വകലാശാലയിൽ അസിസ്റ്റന്റ് നിയമനം നൽകി.

(ബി) 2015-കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലു ള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട്, 29-9-2015-ൽ നിലവിൽ വന്നശേഷമുള്ള 36 ഒഴിവുകളിലേയ്ക്ക് 30-1-2016-ൽ നിലവിൽ വന്ന സർവ്വകലാശാല റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ട്. 4-2-2011-ലെ G.O(MS)No.11/2011/H.Edn സർക്കാർ ഉത്തരവ് പ്രകരം സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കു ള്ള നിയമന നടപടികൾ ഇതിനോടകം ആരംഭിച്ചിട്ടുള്ള സർവ്വകലാശാലകൾക്ക് നിലവിലു ള്ള നിയമമനുസരിച്ച് ആയതു തുടരുന്നതിനുള്ള അനുമതി നൽകിയിരുന്നു. എന്നാൽ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട്, 29-9-2015-ൽ പ്രാബല്യത്തിലായതിനുശേഷം യൂണിവേഴ്സിറ്റി തയ്യാറാക്കിയ പഴയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ പാടില്ലാത്തതാണ്. എന്നാൽ ഇത് മറികടന്ന് നടത്തിയ നിയമനത്തിന്മേൽ സർക്കാർ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

## കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സർട്ടിഫിക്കറ്റ് വിതരണത്തിലെ കാലതാമസം

213 (1072) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദം നേടുന്ന വിദ്യാർത്ഥി കൾക്ക് ഒറിജിനൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിൽ വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒറിജിനൽ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനു ള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി, ഓർഡിനറി, അർജന്റ്, ഫാസ്റ്റ് ട്രാക്ക് എന്നീ മൂന്ന് രീതിയിൽ അപേക്ഷിക്കാനുള്ള സംവിധാനം സർവ്വകലാശാല ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയുടെ രീതി അനുസരിച്ച് സർട്ടിഫിക്കറ്റുകൾ താമസം കൂടാതെ വിതരണം ചെയ്തുവരുന്നുണ്ട്.

## മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നോൺ പ്ലാൻ വിഹിതം

214 (1073) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംഭരണം തകർത്ത് രാഷ്ട്രീയ പകപോക്കൽ നടത്തുന്ന സർക്കാരിന്റെയും സിൻഡിക്കേറ്റിന്റെയും നടപടികൾ മഹാത്മാഗാന്ധി സർവ്വകലാശാലയെ സർവ്വനാശത്തിലേക്ക് നയിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നോൺ പ്ലാൻ വിഹിതത്തിൽ 2018-19-ൽ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്;

(സി) മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് 2014-15 ലും, 2015-16 ലും നോൺ പ്ലാനിനത്തിൽ എത്ര ശതമാനം വർദ്ധനവാണ് സർവ്വകലാശാലയ്ക്ക് അനുവദിച്ചത്;

(ഡി) ചെറിയ തോതിലുള്ള നോൺ പ്ലാൻ വർദ്ധനവ് സർവ്വകലാശാലയിൽ അപ്രഖ്യാപിത നിയമനനിരോധനം നടപ്പിലാക്കുവാനുള്ള നടപടിയുടെ ഭാഗമാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നോൺ പ്ലാൻ വിഹിതത്തിൽ 2018-19-ൽ 4.76% വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(സി) 2014-15, 2015-16 വർഷങ്ങളിലെ നോൺ പ്ലാൻ വിഹിതത്തിലു ണ്ടായിരുന്ന വർദ്ധനവ് 16.66% ആണ്.

(ഡി) സർവ്വകലാശാലയിൽ നിലവിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല. ഒഴിവുകളിൽ നിയമാനുസൃതം നിയമനം നടത്തുന്നുണ്ട്.

**സർവ്വകലാശാലകളിലെ നിയമനം സംബന്ധിച്ച നിയമം**

215 (1074) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ഡിസംബറിൽ സർവ്വകലാശാലകളുടെ കീഴിലെ സർവ്വീസുകളെ സംബന്ധിച്ച് പാസാക്കിയ 24904/ലെജി ജി2/2015 വിജ്ഞാപനത്തിലെ 18-ാം ആക്ട് കേരളത്തിലെ ഏതൊക്കെ സർവ്വകലാശാലകൾക്ക് ബാധകമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആക്ട് നിലവിൽ വന്നതുമുതലുള്ള ഒഴിവുകൾ പി.എസ്.സി റാങ്ക് പട്ടികയിൽ നിന്നാണോ നികത്തേണ്ടത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആക്ട് നിലവിൽ വന്നതിനുശേഷം കാലിക്കറ്റ് സർവ്വകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ഡി) നിലവിൽ കാലിക്കറ്റ് സർവ്വകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട്; ഇവ എന്നു മുതൽ നിലവിൽ വന്നവയാണ് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിലെ 13 സർവ്വകലാശാലകൾക്കും ബാധകമാണ്.

(ബി) പ്രസ്തുത ആക്ട് നിലവിൽ വന്നതുമുതലുള്ള ഒഴിവുകൾ പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്നാണ് നികത്തേണ്ടത്.

(സി) 140 ഒഴിവുകൾ.

(ഡി) നിലവിൽ കാലിക്കറ്റ് സർവ്വകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ 72 ഒഴിവുകൾ ഉണ്ട്. 30-1-2016-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയതിനുശേഷം പി.എസ്.സി. നിയമനം, കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ തസ്തിക മാറ്റം ക്ലറിക്കൽ അസിസ്റ്റന്റിന്റെ പ്രൊമോഷൻ എന്നിവ നടന്നതിനുശേഷവും ഉണ്ടായിട്ടുള്ള ഒഴിവുകളാണിവ.

## മലയാള ഭാഷയിലും സാഹിത്യത്തിലും ഡിപ്ലോമ കോഴ്സ്

216 (1075) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷയിലും സാഹിത്യത്തിലും ഡിപ്ലോമാ കോഴ്സ് ആരംഭിക്കുന്നതിന് സംസ്ഥാന സാക്ഷരതാ മിഷൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വിഷയങ്ങളാണ് സിലബസ്സിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ തൊഴിലുകൾക്കു ള്ള യോഗ്യതയായി പ്രസ്തുത ഡിപ്ലോമാ കോഴ്സ് പരിഗണിക്കണമെന്ന് പി.എസ്.സി.യോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) ഉണ്ട്. ഭാഷാ ചരിത്രം, ഭാഷാ ശാസ്ത്രം, സാഹിത്യചരിത്രം, സമകാലിക സാഹിത്യ പ്രവണതകൾ എന്നിവ സിലബസിൽ ഉൾപ്പെടുത്തി മലയാള ഭാഷയിലും സാഹിത്യത്തിലും ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്ന കാര്യം സംസ്ഥാന സാക്ഷരതാ മിഷൻ പരിഗണിച്ചുവരുന്നു.

(ബി) ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ദേശീയ നൈപുണ്യ വികസന പദ്ധതി

217 (1076) ശ്രീ. കെ. എൻ. എ ഖാദർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ നൈപുണ്യ വികസന പദ്ധതി (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്) സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കണമെന്ന നിർദ്ദേശം കേന്ദ്രസർക്കാർ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതോടെ വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേശീയ തൊഴിൽ നൈപുണ്യ ചട്ടക്കൂട് (എൻ.എസ്.ക്യൂ.എഫ്) സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനായി ഡോ. ആർ.വി.ജി. മേനോൻ ചെയർമാനായ ഒരു ഹൈപവർ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല എങ്കിലും സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ 2018-19 അധ്യയന വർഷം മുതൽ ദേശീയ തൊഴിൽ നൈപുണ്യ ചട്ടക്കൂട് (എൻ.എസ്.ക്യൂ.എഫ്) അടിസ്ഥാനത്തിലുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറുമായി കൂടി ആലോചിച്ച് സ്വീകരിക്കുവാൻ എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ 2013 ഡിസംബർ 28-ന്റെ വിജ്ഞാപന പ്രകാരം എല്ലാ സംസ്ഥാനങ്ങളും 2018 ഡിസംബർ 28-ന് മുമ്പ് 9 മുതൽ 12 വരെയു ള്ള ക്ലാസ്സുകളിൽ ദേശീയ തൊഴിൽ നൈപുണ്യ ചട്ടക്കൂട് (എൻ.എസ്.ക്യൂ.എഫ്) അധിഷ്ഠിതമായ കോഴ്സുകൾ നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2015-ലെ കേന്ദ്ര തൊഴിൽ നൈപുണ്യ നയത്തിൽ 2020 നോടുകൂടി 25% സ്കൂളുകളിൽ എൻ.എസ്.ക്യൂ.എഫ് അധിഷ്ഠിത കോഴ്സുകൾ നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സെക്കണ്ടറി-ഹയർ സെക്കണ്ടറി തലത്തിൽ ഉയർന്ന നിലവാരത്തിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഡിമാന്റ് അടിസ്ഥാനമാക്കിയുള്ള മൊഡ്യൂലാർ വൊക്കേഷണൽ കോഴ്സുകൾ 9 മുതൽ 12 ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ തൊഴിൽ നൈപുണ്യ ചട്ടക്കൂട് (എൻ.എസ്.ക്യൂ.എഫ്). രാജ്യം മുഴുവൻ ഒരേ കോഴ്സിന് ഒരേ സർട്ടിഫിക്കറ്റ് എന്നത് ഇതിന്റെ പ്രത്യേകതയാണ്.

## ദേശീയ തൊഴിൽ നൈപുണ്യ പദ്ധതി

218 (1077) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ദേശീയ തൊഴിൽ നൈപുണ്യ പദ്ധതി (എൻ.എസ്.ക്യൂ.എഫ്.) നടപ്പിലാക്കുന്നതിനു മുമ്പായി ഇതിനെക്കുറിച്ചു പഠിക്കാൻ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇപ്രകാരം ചുമതലപ്പെടുത്തിയവർ എന്നു മുതലാണ് സ്ഥാനമേറ്റതെന്നും അവർ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. എന്നാൽ 13-4-2017-ലെ സ.ഉ (ആർ.റ്റി) 1064/17/ പൊ.വി.വ പ്രകാരം ഡോ. ആർ. വി. ജി. മേനോന്റെ നേതൃത്വത്തിൽ ഒരു ഹൈപവർ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ദേശീയ തൊഴിൽ നൈപുണ്യ പദ്ധതി (എൻ.എസ്.ക്യൂ.എഫ്) നടപ്പിലാക്കുന്നതിനുവേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ വി.എച്ച്.എസ്.സി. ഡയറക്ടറുമായി കൂടിയാലോചിച്ച് സ്വീകരിക്കുന്നതിന് എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## വിദ്യാർത്ഥികൾക്ക് വിവിധ ജോലികളിലേയ്ക്ക് പരിശീലനം

219 (1078) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് വിവിധ ജോലികളിലേക്കുള്ള പരിശീലനം നല്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പരിപാടികൾ സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ നടപ്പിലാക്കി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ 2018-19 അധ്യയന വർഷങ്ങളിൽ ദേശീയ തൊഴിൽ നൈപുണ്യ ചട്ടക്കൂട് (എൻ.എസ്.ക്യൂ.എഫ്) അടിസ്ഥാനത്തിലുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനായി വൊക്കേഷണൽ ഹയർ

സെക്കണ്ടറി ഡയറക്ടറുമായി കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ 389 സ്കൂളുകളിൽ 1101 ബാച്ചുകളിലായി 35 വിവിധ പരിശീലന കോഴ്സുകൾ നടത്തിവരുന്നുണ്ട്.

## റവന്യൂ വകുപ്പിൽ സേവനാവകാശ നിയമം

220 (1079) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമപ്രകാരം അവകാശമായ സേവനങ്ങൾ എന്തൊക്കെ യെന്നത് സംബന്ധിച്ച് പ്രാദേശിക റവന്യൂ ഓഫീസുകളിൽ നോട്ടീസുകൾ പതിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) റവന്യൂ വകുപ്പിൽ സേവനാവകാശ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2012-ലെ കേരള സംസ്ഥാന സേവന അവകാശനിയമം (2012-ലെ 18) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് റവന്യൂ വകുപ്പിൽ നിന്നും ലഭിക്കുന്ന സേവനങ്ങളും അത്തരം സേവനങ്ങൾ സംബന്ധിച്ച നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവയും ഉൾപ്പെടുത്തികൊണ്ട് 2013 ജനുവരി 23-ലെ എൽ.ആർ.എച്ച്. 3-49142/11 നമ്പർ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സേവനാവകാശ നിയമപ്രകാരം റവന്യൂ വകുപ്പിന് കീഴിലുള്ള എല്ലാ പ്രാദേശിക ഓഫീസുകളിലും നോട്ടീസ് ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളുടെയും/ സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡിൽ സേവനാവകാശ ആക്ടിന്റെ പരിധിയിൽ വരുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നും രണ്ടും അപ്പീൽ അധികാരികൾ എന്നിവയും ഓരോ സേവനവും ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളെപ്പറ്റിയുള്ള വിവരം പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധ ഫോറങ്ങൾ എന്നിവയും രേഖപ്പെടുത്തിയാണ് സേവനാവകാശ നിയമ പ്രകാരമുള്ള നോട്ടീസ് ബോർഡ് ഓഫീസുകളിൽ പ്രദർശിപ്പിച്ചിരിക്കുന്നത്.

(സി) റവന്യൂ വകുപ്പിലെ സേവനങ്ങൾ സംബന്ധിച്ച് 23-1-2013-ലെ എൽ.ആർ.എച്ച് 3-49142/11 നമ്പർ ഉത്തരവ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം റവന്യൂ വകുപ്പിലെ 24 സർട്ടിഫിക്കറ്റുകൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുത്തിയിട്ടുണ്ട്. താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ആർ.ഡി.ഒ. ഓഫീസുകളിലും സേവനാവകാശ നിയമം സംബന്ധിച്ച ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വില്ലേജുകളുടെ ചാർജ് ഓഫീസർമാരുടെ പ്രതിമാസ വില്ലേജ് ഓഫീസ് പരിശോധനാ വേളയിൽ സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ പുരോഗതി പരിശോധിക്കുന്നുണ്ട്. ജില്ലാ കളക്ടറേറ്റുകളിൽ നിന്നുമുള്ള താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസ് പരിശോധനകളിലും സേവനാവകാശം സംബന്ധിച്ച രജിസ്റ്ററുകളും മറ്റും സൂക്ഷിച്ചിട്ടുള്ളതും ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നുള്ളതും പരിശോധിക്കുന്നുണ്ട്. റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് സേവനാവകാശ നിയമത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്ന തിനായി പരിശീലനം ആവശ്യമായി വരുന്നതിനാൽ ഐ.എൽ.ഡി.എം. മുഖേന നടന്നുവരുന്ന പരിശീലന പരിപാടികളിൽ സേവനാവകാശ നിയമം ഒരു വിഷയമായി ഉൾപ്പെടുത്തിവരുന്നുണ്ട്.

## ജനസൗഹൃദ വില്ലേജ് ഓഫീസുകൾ

221 (1080) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകളെ ജനസൗഹൃദമാക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്മാർട്ട് വില്ലേജുകളുടെ ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കുമോ;

(ബി) ഈ സർക്കാർ വന്നതിന് ശേഷം ഏതെല്ലാം വില്ലേജുകളെ സ്മാർട്ട് വില്ലേജ് ആയി മാറ്റിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വർഷം എത്ര വില്ലേജുകളാണ് ഇത്തരത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണം/നവീകരണത്തിന് ഭരണാനുമതി ലഭിച്ച 34 വില്ലേജാഫീസ് കെട്ടിടങ്ങളിൽ 32 എണ്ണത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷത്തിൽ 7 വില്ലേജാഫീസുകളും 2017-18 സാമ്പത്തിക വർഷത്തിൽ 39 വില്ലേജാഫീസുകളും (ആകെ 46) സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ 39 വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

**കാൻസർ രോഗികൾക്കുള്ള പെൻഷൻ പദ്ധതി**

222 (1081) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാൻസർ രോഗികൾക്ക് അനുവദിച്ചിട്ടുള്ള പെൻഷൻ ലഭിക്കുന്നതിനായി ഹാജരാക്കേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റ്, മെഡിക്കൽ കോളേജുകൾ, ആർ.സി.സി എന്നീ ആശുപത്രികളിൽ നിന്നുള്ളത് മാത്രമായി മാറ്റി നിശ്ചയിച്ചി ട്ടുണ്ടോ;

(ബി) മേല്പറഞ്ഞ ആശുപത്രികൾ കൂടാതെ ചികിത്സിക്കുന്ന അതത് ആശുപത്രികളിൽ നിന്നുമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കുമോ;

(സി) പാലിയേറ്റീവ് ചികിത്സയടക്കം വിവിധ ഘട്ടങ്ങളിലുള്ള കാൻസർ രോഗികൾക്ക് പി.എച്ച്.സി.-കളിൽ നിന്നുൾപ്പെടെ ലഭിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കാൻസർ പെൻഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2636/2017/ആ.കു.വ തീയതി 26-9-2017 പ്രകാരം കാൻസർ രോഗികൾക്ക് പെൻഷന് അപേക്ഷിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം നൽകേണ്ട ഫോറം നമ്പർ 10 (മെഡിക്കൽ സർട്ടിഫിക്കറ്റ്) സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരം തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചി ക്യാൻസർ സെന്റർ, ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ രജിസ്റ്റേർഡ് ഓങ്കോളജിസ്റ്റുകൾക്ക് പുറമേ ജില്ലാ/ജനറൽ ആശുപത്രികളിലെ കീമോ തെറാപ്പി (ക്യൂറേറ്റീവ് & പാലിയേറ്റീവ്)/ റേഡിയോ തെറാപ്പിയുമായി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്കുകൂടി നൽകി ഉത്തരവായിട്ടുണ്ട്.

(സി) ഇക്കാര്യം സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ നിയമാനുസൃത അവകാശി സാക്ഷ്യപത്രം

223 (1082) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017 ജനുവരി ഒന്ന് മുതൽ 2018 ജനുവരി 31 വരെ നിയമാനുസൃത അവകാശി സാക്ഷ്യപത്രത്തിനു (ലീഗൽ ഹെയർ) വേണ്ടി കാസർഗോഡ് ജില്ലയിൽ എത്രപേർ അപേക്ഷ സമർപ്പിച്ചിരുന്നുവെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ;

(ബി) മേൽപറഞ്ഞ കാലയളവിൽ ഓരോ മാസവും ലഭിച്ച അപേക്ഷയുടെ വിശദവിവരവും ഒരോ അപേക്ഷയിൻമേൽ എടുത്ത നടപടിയും വ്യക്തമാക്കാമോ;

(സി) ലീഗൽ ഹെയർ സർട്ടിഫിക്കറ്റ് സാധാരണ എത്ര ദിവസം കൊണ്ടാണ് ലഭ്യമാക്കുന്നത്;

(ഡി) അപേക്ഷ സമർപ്പിച്ച് മാസങ്ങൾ കഴിഞ്ഞാലും പ്രസ്തുത സർട്ടിഫിക്കറ്റ് നൽകാൻ കഴിയാത്ത അവസ്ഥ കാസർഗോഡ് ജില്ലയിൽ ഉണ്ടോ;

(ഇ) എങ്കിൽ ഏത് താലൂക്കിലാണ് ഈ അവസ്ഥയെന്നും കാലവിളംബത്തിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017 ജനുവരി 1 മുതൽ 2018 ജനുവരി 31 വരെ കാസർഗോഡ് ജില്ലയിൽ അനന്തരാവകാശ സർട്ടിഫിക്കറ്റിനുവേണ്ടി ലഭിച്ച അപേക്ഷകൾ താലൂക്ക് തിരിച്ച് താഴെ ചേർക്കുന്നു :

| | |
|---|---|
| മഞ്ചേശ്വരം | 434 |
| കാസർഗോഡ് | 1267 |
| ഹോസ്ദുർഗ് | 1202 |
| വെ ള്ളരിക്കുണ്ട് | 503 |

(ബി) ഓരോ മാസവും ലഭിച്ച അപേക്ഷകളുടെ വിശദവിവരവും സ്വീകരിച്ച നടപടികളും

| വർഷം | മാസം | താലൂക്ക് | | | |
|---|---|---|---|---|---|
| | | കാസർഗോഡ് | മഞ്ചേശ്വരം | ഹോസ്ദുർഗ് | വെള്ളരിക്കുണ്ട് |
| (1) | (2) | (3) | (4) | (5) | (6) |
| 2017 | ജനുവരി | 36 | 19 | 61 | 19 |
| | ഫെബ്രുവരി | 55 | 14 | 80 | 28 |
| | മാർച്ച് | 81 | 40 | 65 | 30 |
| | ഏപ്രിൽ | 73 | 23 | 72 | 20 |
| (1) | (2) | (3) | (4) | (5) | (6) |
| | മേയ് | 38 | 21 | 110 | 25 |
| | ജൂൺ | 63 | 22 | 88 | 33 |
| | ജൂലൈ | 169 | 47 | 52 | 74 |
| | ആഗസ്റ്റ് | 123 | 66 | 112 | 67 |
| | സെപ്റ്റംബർ | 119 | 23 | 68 | 26 |
| | ഒക്ടോബർ | 154 | 57 | 185 | 34 |
| | നവംബർ | 148 | 37 | 79 | 51 |
| | ഡിസംബർ | 112 | 34 | 108 | 43 |
| 2018 | ജനുവരി | 96 | 31 | 122 | 53 |
| | ആകെ | 1267 | 434 | 1202 | 503 |

താലൂക്ക് ഓഫീസുകളിൽ ലഭ്യമായ അപേക്ഷകളിന്മേൽ വിശദമായ അന്വേഷണം നടത്തി അവകാശികളെ സംബന്ധിച്ച വിവരങ്ങൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി നിർദ്ദിഷ്ട അപ്പീൽ കാലയളവിനുശേഷം അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

(സി) താലൂക്ക് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തി സാക്ഷികളുടെ മൊഴി, അപേക്ഷകന്റെ മൊഴി, വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ഗസറ്റിൽ പരസ്യപ്പെടുത്തി ആക്ഷേപം ഉന്നയിക്കുന്നതിനുള്ള സമയപരിധിയായ 30 ദിവസത്തിനുശേഷം 15 ദിവസത്തിനുള്ളിൽ അപേക്ഷകന് സർട്ടിഫിക്കറ്റ് അനുവദിക്കാറുണ്ട്.

(ഡി) ന്യൂനതകൾ പരിഹരിക്കുന്നതിനായി കാലതാമസം നേരിടാറുണ്ട്.

(ഇ) ജില്ലയിലെ താലൂക്കുകളിൽ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള കാലതാമസം അല്ലാതെ അനാവശ്യമായ കാലവിളംബം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണം**

224 (1083) ശ്രീ. എം. സ്വരാജ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാലാരംഭത്തിൽ തന്നെ കടുത്ത വരൾച്ച നേരിടുന്ന സാഹചര്യത്തിൽ ഓരോ പ്രദേശത്തിന്റെയും ജലസമൃദ്ധി ഉറപ്പാക്കാൻ അവിടങ്ങളിലെ കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിനായി റവന്യൂവകുപ്പ് മുഖാന്തരം നടത്തുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുകുളങ്ങളുടെയും കാവുകളുടെയും സംരക്ഷണത്തിനും സ്വകാര്യ ഉടമസ്ഥതയിലുള്ള കാവുകളും കുളങ്ങളും സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും റവന്യൂവകുപ്പ് മുഖാന്തിരം എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) എറണാകുളം ജില്ലയിൽ കഴിഞ്ഞ വേനൽക്കാലത്ത് 'എന്റെ കുളം' പദ്ധതിയിൽപ്പെടുത്തി 151 കുളങ്ങൾ നവീകരിച്ച് ഉപയോഗയോഗ്യമാക്കിയിരുന്നു. 'ഓപ്പറേഷൻ അനന്ത', 'അമൃത കലശം' എന്നീ പദ്ധതികളിലുൾപ്പെടുത്തി കണ്ണൂർ

ജില്ലയിൽ 2015-16 സാമ്പത്തിക വർഷത്തിൽ 67 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജലസമൃദ്ധി ഉറപ്പാക്കാൻ ജില്ലയിലെ കാവുകളേയും പൊതുകുളങ്ങളേയും സംരക്ഷിക്കുന്നതിന് 'ഹരിത കേരളം' പദ്ധതിയിലുൾപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ പൊതുവും സ്വകാര്യവുമായ ജലസ്രോതസ്സുകൾ (പാറക്കുളങ്ങൾ) ബന്ധപ്പെട്ട തഹസീൽദാർമാർ മുഖേന ഏറ്റെടുത്തിട്ടുള്ളതും അവയിൽ നിന്നുള്ള ജലചൂഷണം തടയുന്നതിന് വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഡാറ്റാ ബാങ്കിലും ബി.റ്റി.ആർ (ബേസിക് ടാക്സ് രജിസ്റ്റർ)-ലും നിലം/തണ്ണീർത്തടം എന്ന് രേഖപ്പെടുത്തിയിട്ടുള്ളകുളം ഉൾപ്പെടെയുള്ള എല്ലാ ഭൂമിയിലും പരിവർത്തനപ്പെടുത്തലുകൾ ശ്രദ്ധയിൽപ്പെട്ടാൽ അത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 13 പ്രകാരമുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചു വരുന്നു. ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങൾ, കാവുകൾ, ആൽത്തറകൾ കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്ഷേത്രങ്ങളോടൊപ്പമുള്ള കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി സർക്കാർ പദ്ധതി ആവിഷ്കരിച്ച് റവന്യൂ (ദേവസ്വം) വകുപ്പ് മുഖേന ധനസഹായം നൽകിവരുന്നുണ്ട്.

## വില്ലേജുകളുടെയും താലൂക്കുകളുടെയും വിഭജനം

225 (1084) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസംഖ്യാനുപാതികമായി സംസ്ഥാനത്തെ റവന്യൂ വില്ലേജുകളും താലൂക്കുകളും വിഭജിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം താലൂക്കുകളും വില്ലേജുകളുമാണ് വിഭജിക്കാൻ ഉദ്ദേശിക്കുന്നത്; പുതുതായി രൂപീകരിക്കുന്നവയുടെ എണ്ണമെത്ര; വിശദാംശം നൽകുമോ;

(സി) ഭരണപരമായ സൗകര്യങ്ങൾക്കായി, ജനസംഖ്യാടിസ്ഥാനത്തിൽ സംസ്ഥാനത്തെ വില്ലേജുകളും താലൂക്കുകളും വിഭജിച്ച് സാമൂഹിക നീതി ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഗ്രൂപ്പ്

വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തൃശ്ശൂർ ജില്ലയിലെ കുന്നംകുളവും കണ്ണൂർ ജില്ലയിലെ പയ്യന്നൂരും ആസ്ഥാനമാക്കി പുതിയ താലൂക്കുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മറ്റ് സ്ഥലങ്ങളിൽ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത വിഷത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## വില്ലേജാഫീസുകളിലെ വരുമാനം

226 (1085) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന് കീഴിലെ വില്ലേജാഫീസുകളിൽ നികുതി ഇനത്തിലും മറ്റും ലഭിക്കുന്ന വരുമാനം എത്ര ദിവസം കൂടുമ്പോഴാണ് ഖജനാവിൽ അടയ്ക്കേണ്ടത് ; വിശദാംശം നൽകുമോ;

(ബി) ട്രഷറിയിൽ അടയ്ക്കാതെ എത്ര തുക, എത്ര നാൾ വരെ കൈവശം വയ്ക്കാൻ വില്ലേജാഫീസർമാർക്ക് അധികാരമുണ്ട്; വ്യക്തമാക്കാമോ;

(സി) എങ്കിൽ സർക്കാരിലേയ്ക്ക് കൃത്യമായി അടയ്ക്കേണ്ട തുക, പ്രസ്തുത സമയത്ത് അടയ്ക്കാതിരുന്നതിന്റെ പേരിൽ, സംസ്ഥാനത്ത് എത്ര വില്ലേജാഫീസർ മാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തെ വില്ലേജാഫീസുകളിൽ ഓരോ ദിവസവും ലഭിക്കുന്ന തുക, അതതു ദിവസം ട്രഷറിയിൽ അടയ്ക്കുന്നതിന് ആവശ്യമായ നിർദ്ദേശം അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വില്ലേജ് ഓഫീസ് മാന്വൽ ഖണ്ഡിക 104 പ്രകാരം വില്ലേജ് ഓഫീസുകളിൽ നികുതി ഇനത്തിലും മറ്റും വരുന്ന പിരിവ് തുക 5000 രൂപയിൽ കവിയാതിരുന്നാൽ മാസത്തിൽ രണ്ടു തവണയായും അല്ലാത്തപക്ഷം ഉടനടിയും ഖജനാവിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ 30-7-2014-ലെ സ.ഉ (പി) 310/2014/ധന നമ്പർ സർക്കാർ ഉത്തരവുപ്രകാരം പുതുക്കുകയും ചെയ്തിട്ടുള്ള ഇ-ട്രഷറി സംവിധാനപ്രകാരം തുക അതാത് ദിവസം ട്രഷറിയിൽ/ഇ-ട്രഷറി സംവിധാനമുള്ള ബാങ്കുകളിൽ ഒടുക്കിവരുത്തേണ്ടതാണ്.

(ബി) വില്ലേജ് ഓഫീസ് മാന്വൽ പ്രകാരം പരമാവധി 5000 രൂപ വരെ വില്ലേജ് ഓഫീസർക്ക് സൂക്ഷിക്കുവാൻ അധികാരം ഉണ്ട്. എന്നാൽ ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിയ ഉത്തരവുകൾ പ്രകാരം ഓഫീസുകളിൽ ലഭ്യമാകുന്ന തുക അതാത് ദിവസം ട്രഷറിയിൽ/ഇ-ട്രഷറി സംവിധാനമു ള്ള ബാങ്കുകളിൽ ഒടുക്ക് വരുത്തേണ്ടതാണ്.

(സി) സർക്കാരിലേയ്ക്ക് അയയ്ക്കേണ്ട നികുതി തുക കൃത്യമായി അടയ്ക്കാതിരുന്നതിന്റെ പേരിൽ തിരുവനന്തപുരം ജില്ലയിൽ പാങ്ങോട് വില്ലേജിലെ വില്ലേജ് അസിസ്റ്റന്റിന്റെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. തുക കൃത്യമായി അടയ്ക്കാതിരുന്നതിന് അമ്പലപ്പുഴ താലൂക്കിലെ കരുമാടി വില്ലേജ് ഓഫീസറുടെ രണ്ട് വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത ഫലത്തിൽ തടഞ്ഞിട്ടുള്ളതും തൃശ്ശൂർ ജില്ലയിൽ ഇതേ കാരണത്തിന് മൂന്ന് വില്ലേജ് ഓഫീസർമാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

(ഡി) ഇ-ട്രഷറി സംവിധാനം നിലവിൽ വന്നതോടെ അതാത് ദിവസം തന്നെ തുക അടയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കൽ പദ്ധതി**

227 (1086) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കൽ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതി പ്രകാരം പ്രാവർത്തികമാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് ആദ്യ ഘട്ടത്തിൽ സ്മാർട്ടാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വില്ലേജാഫീസുകളെ നവീകരിക്കുന്നതിലേയ്ക്കായി സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി നിലവിലുണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലു ള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരി ച്ചിട്ടുള്ളത്.

(ബി) കോഴിക്കോട് ജില്ലയിൽ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജുകളുടെ വിവരം ചുവടെ ചേർക്കുന്നു :

| വർഷം | വില്ലേജ് |
|---|---|
| 2013-14 | നഗരം |
| 2016-17 | പന്തീരങ്കാവ് |
| 2017-18 | കരുവൻതുരുത്തി ആയഞ്ചേരി |

**പാലക്കാട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്**

228 (1087) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ (ആർ.എം.എഫ്.) 2017 ഡിസംബർ 31-ലെ കണക്ക് പ്രകാരം എത്ര തുക നീക്കിയിരിപ്പുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും എത്ര പ്രൊപ്പോസലുകൾ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്; ഏതെല്ലാം; ഏതിനെല്ലാം അനുമതി ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഭാരതപ്പുഴ സംരക്ഷണത്തിനായി ആർ.എം.എഫ്. ഫണ്ടിൽ നിന്നും 1-6-2016 മുതൽ 31-12-2017 വരെ എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 13,23,99,132 രൂപ നീക്കിയിരിപ്പുണ്ട്.

(ബി) 10 പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. അത് അനുബന്ധം 1 ആയി ചേർക്കുന്നു.* അതിൽ 4 എണ്ണത്തിന് അനുമതി നൽകിയിട്ടുണ്ട്. ആയത് അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) 2,00,91,344 രൂപ ചെലവഴിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ദുരിതാശ്വാസ ഫണ്ടിന്റെ വിശദാംശങ്ങൾ**

229(1088) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2016 മേയ് മുതൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ചിട്ടുള്ള ദുരിതാശ്വാസ ഫണ്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

| ജില്ല | അനുവദിച്ച തുക (രൂപ) |
|---|---|
| തിരുവനന്തപുരം | 52,71,76,072 |
| കൊല്ലം | 21,66,30,238 |
| പത്തനംതിട്ട | 9,20,56,500 |
| ആലപ്പുഴ | 22,23,81,052 |
| കോട്ടയം | 19,63,57,730 |
| ഇടുക്കി | 10,51,82,500 |
| എറണാകുളം | 28,40,79,446 |
| തൃശ്ശൂർ | 20,63,96,500 |
| പാലക്കാട് | 10,39,82,500 |
| മലപ്പുറം | 14,76,11,500 |
| കോഴിക്കോട് | 13,48,56,202 |
| വയനാട് | 4,26,66,000 |
| കണ്ണൂർ | 17,35,92,594 |
| കാസർഗോഡ് | 67,33,26,500 |
| ആകെ | 312,62,95,334 |

## സ്മാർട്ട് വില്ലേജുകൾ

230 (1089) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര 'സ്മാർട്ട് വില്ലേജുകൾ' ആരംഭിക്കുവാൻ നടപടി ആയിട്ടുണ്ട്; ജില്ലതിരിച്ച് പേരുസഹിതം ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) 'സ്മാർട്ട് വില്ലേജിന്റെ' ലക്ഷ്യങ്ങൾ എന്തെന്നും സ്മാർട്ട് വില്ലേജ് ഉണ്ടാകുന്നതുമൂലം ജനങ്ങൾക്ക് ഏതൊക്കെ തരത്തിൽ ഗുണം ഉണ്ടാകുമെന്നും വിവരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷത്തിൽ 7 വില്ലേജാഫീസുകളും 2017-18 സാമ്പത്തിക വർഷത്തിൽ 39 വില്ലേജാഫീസുകളും (ആകെ 46) സ്മാർട്ട് വില്ലേജ് ആഫീസുകൾ ആക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. 2018-19 സാമ്പത്തിക വർഷം ഒരു വില്ലേജിന് 44 ലക്ഷം രൂപ നിരക്കിൽ 50 വില്ലേജുകൾക്ക് 22 കോടി രൂപ ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളെ സ്മാർട്ട് വില്ലേജ് ആഫീസുകളാക്കി ഉയർത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ആഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെ വച്ചും (Any time Anywhere) ലഭ്യമാക്കു വാനാണ് ലക്ഷ്യമിടുന്നത്.

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

231 (1090) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പൂർത്തീകരിയ്ക്കാൻ ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച അടിയന്തര നടപടികളും സ്വീകരിയ്ക്കാനുദ്ദേശിക്കുന്ന നടപടികളും വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ പദ്ധതി പ്രകാരം നൽകിയ ഭൂമി വാസയോഗ്യമല്ലാത്തതും പാറക്കെട്ടുകൾ നിറഞ്ഞതുമായതിനാൽ, ഭൂമി ലഭിച്ചവരിൽ നല്ലൊരു വിഭാഗം ഭൂമി ഏറ്റെടുക്കാതിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽ ഭൂമി അനുവദിച്ചവർക്ക് പകരം ഭൂമി നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൻ കീഴിലുള്ള ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 270.83 ഹെക്ടർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പദ്ധതിയിൻ കീഴിലുള്ള മൊത്തം ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 3240 ഹെക്ടർ ഭൂമി ഇനിയും കണ്ടെത്തേണ്ടതുണ്ട്. ആയതിലേയ്ക്കായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം മുമ്പ് നൽകിയ ഭൂമിയിന്മേലുള്ള ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

(ബി) വിതരണം ചെയ്ത ഭൂമിയെ സംബന്ധിച്ച് വഴി സൗകര്യം ഇല്ലെന്നും വീട് വയ്ക്കാൻ അനുയോജ്യമല്ലെന്നും തുടങ്ങി ആക്ഷേപങ്ങൾ മിക്ക ജില്ലകളിലും ഉണ്ടായിട്ടുണ്ട്. കൂടാതെ പ്രാദേശികമായ തർക്കങ്ങൾ കൊണ്ടോ കോടതി കേസുകൾ കൊണ്ടോ ഭൂമി വിട്ടുകൊടുക്കുന്ന കാര്യത്തിൽ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യവുമുണ്ട്. പട്ടയവും ഭൂമിയും കൈമാറുന്ന നടപടികൾ ജില്ലകളിൽ പുരോഗമിച്ചു വരുന്നുണ്ട്. ഭൂമിയെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ ഓരോന്നായി പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ചുവരികയാണ്. ലിസ്റ്റിൽ സ്ഥാനം പിടിച്ച ശേഷം ഭൂമി വാങ്ങുന്നതിലൂടെയോ സർക്കാരിന്റെ മറ്റ് പദ്ധതികളിലൂടെ ഭൂമി ലഭിക്കുന്നത് മുഖേനയോ പല കുടുംബങ്ങളും അനർഹരായി മാറുന്ന സ്ഥിതിവിശേഷവും നിലവിലുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഭൂരഹിതരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി നിലവിൽ സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള നടപടികളും നടന്നുവരുന്നു.

**ആറ്റുകാൽ-ബണ്ട് റോഡ് കയ്യേറ്റം**

232(1091) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജക മണ്ഡലത്തിൽ കിള്ളിപ്പാലത്ത് നിന്നും ആറ്റുകാലിലേക്ക് പോകുന്ന ബണ്ട് റോഡിലുള്ള അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത റോഡിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച സർവ്വേ റിപ്പോർട്ട് ലഭ്യമാക്കുമോ ?

## ഉത്തരം

(എ) നേമം നിയോജകമണ്ഡലത്തിൽ കിള്ളിപ്പാലത്ത് നിന്നും ആറ്റുകാലിലേയ്ക്ക് പോകുന്ന ബണ്ട് റോഡിലുള്ള അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷൻ നടപടി സ്വീകരിക്കേണ്ടതും കയ്യേറ്റം തിട്ടപ്പെടുത്തുന്നതിനായി സർവ്വെ ടീമിനെ കോർപ്പറേഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്.

(ബി) കിള്ളിപ്പാലത്തുനിന്ന് ആറ്റുകാലിലേയ്ക്ക് പോകുന്ന ബണ്ട് റോഡിന്റെ അനധികൃത കയ്യേറ്റം സംബന്ധിച്ച് സർവ്വേ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സർവ്വെ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

## തങ്കശ്ശേരിയിലെ സെമിത്തേരി വക ഭൂമി

233(1092) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം വെസ്റ്റ് വില്ലേജിലെ തങ്കശ്ശേരി പൈതൃക മേഖലയിലെ ഡച്ച്-ബ്രിട്ടീഷ് സെമിത്തേരി വക ഭൂമിയുടെ ഉടമസ്ഥാവകാശം ആരിൽ നിക്ഷിപ്തമാണ്; പ്രസ്തുത ഭൂമിയുടെ കൈവശാവകാശം, സംരക്ഷണ ചുമതല എന്നിവ സർക്കാർ ഏജൻസികളെയോ മറ്റേതെങ്കിലും സ്ഥാപനങ്ങളെയോ ഏൽപ്പിച്ചിട്ടുണ്ടോ എന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) തങ്കശ്ശേരി പൈതൃക മേഖലയിലെ ബക്കിംഗ്ഹാം കനാൽ പ്രദേശം വ്യാപകമായി കയ്യേറിയിട്ടുണ്ടെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രദേശം സർവ്വേ നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) കൊല്ലം വെസ്റ്റ് വില്ലേജിലെ റിക്കോർഡുകൾ പ്രകാരം ഡച്ച്-ബ്രിട്ടീഷ് സെമിത്തേരി വക എന്ന പേരിൽ ഭൂമി ഒന്നും തന്നെ സബ് ഡിവിഷൻ ചെയ്തുവന്നതായി കാണുന്നില്ല. ആയതിനാൽ ഈ സ്ഥലത്തിന്റെ സംരക്ഷണ ചുമതല, കൈവശാവകാശം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(ബി) ഉണ്ട്. പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഭൂ സംരക്ഷണ നിയമം, 1957 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി കൊല്ലം കോർപ്പറേഷൻ സെക്രട്ടറിക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടയ വിതരണം

234(1093) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ എത്ര പട്ടയങ്ങൾ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) പട്ടയ വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ നാളിതുവരെ 54859 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

| ജില്ല | പട്ടയങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 211 |
| കൊല്ലം | 136 |
| പത്തനംതിട്ട | 98 |
| ആലപ്പുഴ | 73 |
| കോട്ടയം | 279 |
| ഇടുക്കി | 14310 |
| എറണാകുളം | 1641 |
| തൃശ്ശൂർ | 16845 |
| പാലക്കാട് | 3884 |
| മലപ്പുറം | 7694 |
| കോഴിക്കോട് | 4259 |
| വയനാട് | 571 |
| കണ്ണൂർ | 1506 |
| കാസർഗോഡ് | 3352 |
| ആകെ | 54859 |

(ബി) സർക്കാർ റവന്യൂ പുറമ്പോക്കിലെ കൈവശക്കാർക്ക് 1964-ലെയും 1995-ലെയും കേരള ഭൂമി പതിവ് ചട്ടങ്ങൾക്കനുസൃതമായി പട്ടയനടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. പട്ടയവിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പട്ടയത്തിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിൽ അടിയന്തരമായി പതിവ് കമ്മിറ്റി കൂടുകയും പതിവ് കമ്മിറ്റി അംഗീകരിക്കുന്ന കേസുകൾക്ക് പതിവ് ലിസ്റ്റ് തയ്യാറാക്കി അർഹരായവർക്ക് ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് വകുപ്പുകളുടെ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരുടെ കൈവശഭൂമി സംയുക്ത പരിശോധന പൂർത്തിയാക്കി എൻ.ഒ.സി ലഭ്യമാക്കി അർഹരായവർക്ക് പട്ടയം നൽകുന്ന നടപടി സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ തഹസീൽദാർമാർക്ക് ലാന്റ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽ നിന്നും പട്ടയവിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് ദേവസ്വം പട്ടയ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

## ഇടുക്കി ജില്ലയിലെ പട്ടയവിതരണം

235 (1094) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇടുക്കി ജില്ലയിൽ പട്ടയവിതരണം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നും ഏതെല്ലാം തരത്തിലുള്ള പട്ടയങ്ങളാണെന്നും എവിടെയെല്ലാമെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഉപാധിരഹിത പട്ടയങ്ങൾ നൽകിയിട്ടുണ്ടോ;എങ്കിൽ ആർക്കെല്ലാമെന്നറിയിക്കാമോ;പ്രസ്തുത പട്ടയത്തിന്റെ മാതൃക ലഭ്യമാക്കുമോ;

(സി) 1964-ലെ ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം ലഭിച്ച ഭൂമി എത്രവർഷം കഴിഞ്ഞ് കൈമാറ്റം ചെയ്യാനാവുമെന്ന് വ്യക്തമാക്കുമോ;

(ഡി) 1995-ലെ ഭൂമി പതിവ് ചട്ടപ്രകാരം വിതരണം ചെയ്ത പട്ടയത്തിൽപ്പെട്ട ഭൂമി എത്രവർഷം കഴിഞ്ഞ് കൈമാറ്റം ചെയ്യാനാവുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇടുക്കി ജില്ലയിൽ 1993 -ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഒരാൾക്ക് പരമാവധി എത്ര ഭൂമിയാണ് പട്ടയം ലഭിക്കാൻ അർഹതയു ള്ളതെന്ന് വ്യക്തമാക്കുമോ; ഇപ്രകാരമു ള്ള ഭൂമി എത്രനാൾ കഴിഞ്ഞാൽ കൈമാറ്റം ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ; ഇത്തരം പട്ടയം ലഭിക്കുന്നതിന് ഓരോന്നിനും വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്നറിയിക്കാമോ;

(എഫ്) ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശത്ത് ഈ സർക്കാർ എത്ര പട്ടയങ്ങൾ നൽകിയെന്ന് വ്യക്തമാക്കാമോ; 10 -ചെയിൻ പ്രദേശത്ത് ഈ സർക്കാർ എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ പട്ടയ വിതരണം നടത്തിയിട്ടുണ്ട്. വിതരണം ചെയ്ത പട്ടയങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| 1964-ലെ ചട്ടങ്ങൾ പ്രകാരം | 7832 |
| 1993-ലെ ചട്ടങ്ങൾ പ്രകാരം | 6432 |
| ക്രയ സർട്ടിഫിക്കറ്റ് (ലാൻഡ് ട്രൈബ്യൂണൽ പട്ടയം) | 12 |
| കെ.ഡി.എച്ച്. റൂൾ പ്രകാരം | 34 |
| ആകെ | 14310 |

(ബി) സർക്കാർ ഉത്തരവ് ജി.ഒ. (പി) 60/2017, തീയതി 17-8-2017 പ്രകാരം കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964-ലെ ഉപാധികളിൽ വരുത്തിയ ഭേദഗതികൾ അനുസരിച്ചുള്ള പട്ടയങ്ങളാണ് ഇടുക്കി ജില്ലയിൽ 17-2-2018-ൽ നടത്തിയ പട്ടയമേളയിൽ വിതരണം ചെയ്തിട്ടുള്ളത്.

(സി) 1964-ലെ ചട്ടങ്ങൾ അനുസരിച്ച് കൈവശത്തിലു ള്ള ഭൂമിക്ക് അനുവദിക്കുന്ന പട്ടയങ്ങൾ പ്രകാരമുള്ള സ്ഥലങ്ങൾ കൈമാറ്റം ചെയ്യുന്നതിന് നിബന്ധനകൾ ഇല്ലാത്തതാണ്. കൈവശത്തിൽ ഇല്ലാത്ത ഭൂമിക്കാണ് പട്ടയം അനുവദിച്ചിട്ടു ള്ളതെങ്കിൽ ആയത് 12 വർഷത്തിന് ശേഷം മാത്രമേ കൈമാറ്റം ചെയ്യുവാൻ പാടുള്ളൂ.

(ഡി) 1995-ലെ കേരള മുനിസിപ്പൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയങ്ങൾ അനുവദിച്ച ഭൂമി 12 വർഷത്തിനുശേഷം മാത്രമേ കൈമാറ്റം ചെയ്യുവാൻ പാടുള്ളൂ.

(ഇ) 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പരമാവധി നാലേക്കർ ഭൂമി ഒരു കുടുംബത്തിന് പട്ടയം അനുവദിക്കാവുന്നതാണ്. ടി ചട്ടങ്ങൾ അനുസരിച്ച് നൽകിയിട്ടുള്ള പട്ടയങ്ങൾ പ്രകാരമുള്ള സ്ഥലങ്ങൾ കൈമാറ്റം ചെയ്യുന്നതിന് നിബന്ധനകൾ ഇല്ലാത്തതാണ്. ടി ചട്ടങ്ങൾ അനുസരിച്ച് പട്ടയം അനുവദിക്കുന്നതിന് വരുമാന പരിധി ഇല്ലാത്തതാണ്.

(എഫ്) ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിൽ 4200 പട്ടയങ്ങളും പത്ത് ചെയിൻ പ്രദേശത്ത് 1985 പട്ടയങ്ങളും നൽകിയിട്ടുണ്ട്.

**ഇടുക്കി ജില്ലയിലെ കർഷകർക്ക് പട്ടയം**

236(1095) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ കർഷകർക്ക് പട്ടയം നൽകുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(ബി) ഈ സർക്കാർ എത്രുപേർക്ക് പട്ടയം നൽകിയെന്നും ഉപാധിരഹിത പട്ടയമാണോ അവർക്ക് നൽകിയതെന്നും ഇനി എത്രുപേർക്ക് കൂടി പട്ടയം നൽകാനുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ അർഹരായ കുടിയേറ്റ കർഷകർക്ക് പട്ടയം നൽകുന്ന നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. 17-2-2018-ൽ ഇടുക്കി ജില്ലയിൽ നടന്ന പട്ടയമേളയിൽ വിവിധ ഭൂമിപതിവ് ചട്ടപ്രകാരം 8820 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ബാക്കി അർഹരായ കേസിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ 14310 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1964-ലെ ഉപാധികളിൽ ഇളവ് വരുത്തിയ പ്രകാരമുള്ള പട്ടയങ്ങളാണ് 17-2-2018-ൽ ഇടുക്കി ജില്ലയിൽ നടന്ന പട്ടയമേളയിൽ വിതരണം ചെയ്തത്. പട്ടയം ലഭിക്കുന്ന തിനായി സമർപ്പിച്ച അപേക്ഷകളിൽ അർഹത പരിശോധിച്ചതിനുശേഷം മാത്രമേ ഇനി എത്ര പേർക്ക് കൂടി പട്ടയം നൽകാനുണ്ടെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

**വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി**

237(1096) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി പതിച്ചു നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ജില്ല തിരിച്ച് വിവരിക്കുമോ;

(ബി) 1977 ജനുവരി ഒന്നിന് മുമ്പ് കൈവശം വച്ച് അനുഭവിക്കുന്നവർക്ക് ഭൂമി പതിച്ച് നൽകാൻ കേന്ദ്ര വനം വകുപ്പ് അനുവാദം നൽകിയിട്ടും പട്ടയം നൽകാൻ താമസിക്കുന്നതിന്റെ കാരണങ്ങൾ വിവരിക്കുമോ;

(സി) ലാന്റ് ട്രൈബ്യൂണലുകളിൽ പട്ടയം ലഭിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള കേസ്സ് ഫയലുകൾ എത്ര എണ്ണമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തി ഈ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം നൽകിയ ഭൂമിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) കേരളത്തിൽ 17 ലാന്റ് ട്രൈബ്യൂണലുകളും 14 ദേവസ്വം ലാന്റ് ട്രൈബ്യൂണലുകളും പ്രവർത്തിച്ചുവരുന്നു. 31-1-2018 വരെയുള്ള കണക്കുകൾ പ്രകാരം തീർപ്പാക്കാൻ ബാക്കിയുള്ള കേസുകൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| ലാന്റ് ട്രൈബ്യൂണലുകളിൽ | : 105249 |
| ദേവസ്വം ട്രൈബ്യൂണലുകളിൽ | : 25985 |
| ആകെ | 134234 |

(ഡി) ലാന്റ് ട്രൈബ്യൂണൽ പട്ടയം ലഭ്യമാക്കുന്നതിനുള്ള നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തി കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിലേയ്ക്കായി 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 105 എ (1) വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ച് ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി നിലവിലുള്ള റവന്യൂ ഇൻസ്പെക്ടറെ കൂടാതെ വില്ലേജ് ഓഫീസറെ കൂടി ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവാകുകയും ആയത് ഗസറ്റ് വിജ്ഞാപനം നടത്തുന്നതിനായി സർക്കാർ പ്രസ്സിൽ നൽകിയിട്ടുള്ളതുമാണ്.

**ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലെ പട്ടയ നടപടികൾ**

238 ( T* 1097) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്., മാങ്കുളം, വട്ടവട, ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ എന്നീ വില്ലേജുകളിൽ പട്ടയ നടപടികൾ സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പട്ടയ നടപടികൾ ഉടൻ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* 'T' മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ-സി) കെ.ഡി.എച്ച്. വില്ലേജിൽ Kannan Devan Hills (Resumption of Lands) Act, 1971 പ്രകാരവും Kannan Devan Hills (Reservation and Assignment of Vested Lands) Rules, 1977 പ്രകാരവും ഉള്ള നടപടികൾ പാലിച്ചാണ് പട്ടയ നടപടികൾ സ്വീകരിക്കുന്നത്. അതിനായി കൈവശക്കാരുൾപ്പെടെയുള്ളവരിൽ നിന്നും പതിവിനായി അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്. മാങ്കുളം വില്ലേജിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആദ്യഘട്ടമായി 17-2-2017-ന് അടിമാലിയിൽ വച്ച് നടന്ന പട്ടയമേളയിൽ 34 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. വട്ടവട വില്ലേജിൽ പട്ടയ നടപടികൾ ആരംഭിച്ചിട്ടുള്ളതും കൈവശക്കാരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ചുവരുന്നുമുണ്ട്. വ്യാപകമായ കയ്യേറ്റങ്ങളുടെയും നിയമ വിരുദ്ധമായ ഭൂവിനിയോഗത്തിന്റെയും പശ്ചാത്തലത്തിൽ മൂന്നാർ മേഖലയിൽ നടന്ന ഒഴിപ്പിക്കൽ നടപടികൾക്കുശേഷം ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ വില്ലേജിൽ പട്ടയനടപടികൾ സ്വീകരിച്ചിട്ടില്ല.

## പാലക്കാട് ജില്ലയിൽ പട്ടയം വിതരണം

239 (1098) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട് ജില്ലയിൽ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) താലൂക്ക് തിരിച്ചു ള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ആകെ 3925 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ആകെ 3925 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതിൽ 507 ദേവസ്വം ലാന്റ് ട്രൈബ്യൂണൽ പട്ടയങ്ങളും 2118 ലാന്റ് ട്രൈബ്യൂണൽ പട്ടയങ്ങളും (ആകെ 2625) ഉൾപ്പെടുന്നുണ്ട്. ഇവയുടെ താലൂക്ക് തിരിച്ചുള്ള വിവരം ലഭ്യമല്ല. ആയത് ഒഴിച്ച് താലൂക്കടിസ്ഥാനത്തിൽ വിതരണം ചെയ്തിട്ടുള്ള 1300 പട്ടയങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ എന്നിവയ്ക്ക് പട്ടയം

240 (1099) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുറമ്പോക്ക് ഭൂമിയിൽ കാലങ്ങളായി പ്രവർത്തിച്ചുവരുന്നതും സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ളതും ആയ വായനശാലകൾക്ക് ഭൂമിയുടെ പട്ടയം ഇല്ലാത്തതുകൊണ്ട് പുതിയ കെട്ടിടം സ്ഥാപിക്കുന്നതിന് ഗ്രാന്റ് ലഭിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെയേറെ വർഷങ്ങളായി പുറമ്പോക്ക് ഭൂമിയിൽ പ്രവർത്തിച്ചുവരുന്ന ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ എന്നിവയ്ക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതും നിയമപരമായ കൈവശാവകാശ രേഖയില്ലാതെ ഭൂമി കൈവശം വച്ചുവരുന്നതുമായ ലൈബ്രറികൾക്ക് പട്ടയം അനുവദിച്ച് കിട്ടുന്നതിനുള്ള പ്രൊപ്പോസൽ കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി തയ്യാറാക്കി വരികയാണ്.

## കാർത്തികപ്പള്ളി താലൂക്കിൽ പട്ടയവിതരണം

241 (1100) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പട്ടയവിതരണം എന്നുമുതൽക്കാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) കാർത്തികപ്പള്ളി താലൂക്കിൽ പട്ടയവിതരണം ആരംഭിച്ചിട്ട് നാളിതുവരെ എത്രപേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പട്ടയം സ്വീകരിച്ചവരുടെ പേരുവിവരങ്ങളും വിശദമാക്കാമോ?

ഉത്തരം

(എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ നിലവിൽ വന്നശേഷം പട്ടയവിതരണം ആരംഭിച്ചിട്ടുള്ളതാണ്.

(ബി) 543 പേർക്കാണ് പട്ടയം വിതരണം ചെയ്തിട്ടുള്ളത്. പട്ടയം സ്വീകരിച്ചവരുടെ പേരുവിവരം അനുബന്ധമായി നൽകുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഓഖി ദുരന്തം-സർക്കാർ സ്വീകരിച്ച നടപടികൾ

242 (1101) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരന്തമുണ്ടായപ്പോൾ സർക്കാർ സ്വീകരിച്ച നടപടി ക്രമങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാരിന്റെ മുന്നറിയിപ്പ് സംസ്ഥാന സർക്കാരിന് ലഭിച്ചത് എന്നാണ്; ആർക്കെല്ലാമാണ് ലഭിച്ചത്; വ്യക്തമാക്കുമോ;

(സി) ലാന്റ് റവന്യൂ കമ്മീഷണർക്ക് സന്ദേശം കൈമാറിയിരുന്നുവോ;

(ഡി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ ഇപ്പോൾ ഹെഡ് ഫാക്കൽറ്റി നിലവിലുണ്ടോ; അദ്ദേഹത്തിന് മുന്നറിയിപ്പ് എന്നാണ് ലഭിച്ചത്;

(ഇ) വകുപ്പ് മേധാവി ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നിയമനം നൽകാത്തതെന്ന് വിശദീകരിക്കുമോ; SDMA (സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ്)-യിൽ വിവിധ ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിനു ള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വിശദീകരിക്കുമോ;

(എഫ്) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഓരോ വിഷയത്തിലും കഴിവുള്ളവരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ജി) ഓഖി ദുരന്തത്തിന്റെ മുന്നറിയിപ്പ് നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ; ഇവരിൽ ഓരോരുത്തരുടെ പേരിലും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഓഖി ദുരന്തമുണ്ടായപ്പോൾ 30-11-2017-നുതന്നെ തീരസംരക്ഷണ സേനയോട് രക്ഷാപ്രവർത്തനത്തിന് സഹായം അഭ്യർത്ഥിക്കുകയും Standard Operating Procedures പ്രകാരം Army, Navy, Air Force, Fire & Rescue Services, Coast Guard എന്നിവരെ ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങളും ഏകോപനവും ഉറപ്പുവരുത്തി. ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനെ ചീഫ് സെക്രട്ടറി ബന്ധപ്പെട്ട് കടലിൽ യാത്ര ചെയ്യുന്ന എല്ലാ വാണിജ്യ കപ്പലുകൾക്കും ഉൾക്കടലിൽ അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ രക്ഷിക്കുവാൻ സഹായം അഭ്യർത്ഥിച്ചു. ഓരോ താലൂക്കിലും പ്രത്യേകം കൺട്രോൾ റൂം സജ്ജീകരിക്കുകയും 18 ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും 261 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുകയും

ചെയ്തു. ദുരിതബാധിതർക്ക് ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകുവാൻ നിർദ്ദേശിച്ചു. റവന്യൂ, പോലീസ്, ഫിഷറീസ്, വായുസേന, നേവി, കോസ്റ്റ് ഗാർഡ് എന്നിവരുടെ സംയുക്ത കൺട്രോൾ റൂം ആരംഭിച്ച് 'Operation Synergy' എന്ന പേരിൽ രക്ഷാപ്രവർത്തനം നടത്തി. തീരദേശ താലൂക്കുകളിലും കൺട്രോൾ റൂം ആരംഭിച്ചു. കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് അടിയന്തര സഹായമായി കൂടുതൽ കപ്പലുകളും വിമാനങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു. ലക്ഷദ്വീപിൽ എത്തിയ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സഹായം നൽകുവാൻ പ്രസ്തുത സർക്കാരിനോട് അഭ്യർത്ഥിച്ചു. കൊച്ചി കേന്ദ്രീകരിച്ച് ഒരു കൺട്രോൾ റൂം കൂടി ആരംഭിച്ചു. ഫിഷറീസ് വകുപ്പ് പ്രാദേശിക മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി കൊച്ചിയിൽനിന്നും വലിയ മത്സ്യബന്ധന ബോട്ടിൽ തിരച്ചിൽ നടത്തി. മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത്, കർണാടക തീരങ്ങളിലെത്തിയ മലയാളികൾക്ക് ആവശ്യമായ ഇന്ധനവും 2,500 രൂപ വീതവും നൽകുവാൻ അതാത് സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു. രക്ഷാ പ്രവർത്തനത്തിന്റെ മുഖ്യ ഏകോപന കേന്ദ്രം കൊച്ചിയിലെ നേവിയുടെ Joint Operations Command-ലേയ്ക്ക് മാറ്റി. കേന്ദ്ര സേനകൾ അവരുടെ അന്വേഷണം തുടരണമെന്നും മറ്റ് രാജ്യങ്ങളിലെത്തിപ്പെട്ട മത്സ്യത്തൊഴിലാളികളെ തിരിച്ചെത്തി ക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട 6-12-2017-ലെ സ.ഉ. (എംഎസ്.) നമ്പർ 1/2017/ഡി.എം.ഡി. ഉത്തരവ് പ്രകാരം ഓഖി ദുരന്തത്തിന് ഇരയായവർക്ക് അടിയന്തര ആശ്വാസ നടപടികൾ സ്വീകരിച്ച് ഉത്തരവായി. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു)*. ദുരന്ത ബാധിതരും Savings cum Releif Scheme-ൽ അംഗങ്ങളായതുമായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും 2000 രൂപ വീതം നൽകുവാൻ തീരുമാനിച്ചു. മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത്, കർണാടക തീരങ്ങളിലെത്തിയ മലയാളികൾക്ക് ആവശ്യമായ ഇന്ധനവും 2,500 രൂപ വീതവും നൽകുവാൻ അതത് സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു. ഓഖി ദുരന്തത്തിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അടിയന്തിര ധനസഹായമായി 10,000 രൂപ വീതം അനുവദിച്ചു. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി 5,000 രൂപ വീതം അനുവദിച്ചു നൽകി. ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും അടിയന്തിര സഹായമായി 431 കോടി രൂപ ആവശ്യപ്പെടുന്ന മെമ്മോറാണ്ടം സമർപ്പിക്കുകയും 7340.45 കോടി രൂപയുടെ പുനരധിവാസ പാക്കേജ് ലഭ്യമാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 30-11-2017-ന് ഉച്ചയ്ക്ക് 12.00 മണിക്ക് കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ച Cyclone Warning ഉണ്ട് എന്ന അറിയിപ്പ് ഉച്ചയ്ക്ക് 12.46-ന് ലഭിച്ചു. ചുവടെ ചേർക്കുന്ന ഇ-മെയിൽ വിലാസങ്ങളിൽ സന്ദേശം നൽകിയിരുന്നു :

Chief Sec.Kerala" <chiefsecy@kerala.gov.in>

Land revenue <prlsecy@reveneue.kerala.gov.in>

SDMA <seoc.gok@gmail.com>

directorate.port@kerala.gov.in

dineshbhaskaran@gmail.com

spmr.pol@kerala.gov.in

ddnews kerala <ddnewskerala@gmail.com>

AIR TVM akashavani <sd@airtvm.com>

Trivandrum AMO <amotvpm@yahoo.co.in>

CIAL Kochi <cialkochi@yahoo.com>

AIR NATTUVISHESHAM

<airnattuvishesham@gmail.com>

abdulsalamlak@gmail.com

(സി) 30-11-2017-ന് ഉച്ചയ്ക്ക് 12.00 മണിക്ക് കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ച അറിയിപ്പിന്റെ വെളിച്ചത്തിൽ വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ മാധ്യമങ്ങൾക്കും പ്രധാനപ്പെട്ട എല്ലാ വകുപ്പ് മേധാവികൾക്കും ജില്ലാ കളക്ടർമാർക്കും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെസ്സേജ് സർവ്വീസ് മുഖാന്തിരം നൽകി. ഈ സർവ്വീസിൽ ലാൻഡ് റവന്യൂ കമ്മീഷണറും അംഗമാണ്.

(ഡി) ഇല്ല. ബാധകമല്ല.

(ഇ) ഐ.എൽ.ഡി.എം. ഡയറക്ടറായി (വകുപ്പ് മേധാവി) ശ്രീ. പി. ജി. തോമസ് ഐ.എ.എസ്. (റിട്ട)-നെ നിയമിച്ചിട്ടുണ്ട്. സംസ്ഥാന അതോറിറ്റിയിൽ ദുരന്ത വിഷയങ്ങൾ കൈകാര്യം ചെയ്യുവാൻ 25 വിഷയവിദഗ്ദ്ധർ ഉണ്ട്. ഇവരുടെ വിവരങ്ങൾ http://sdmakerala.gov.in/team-seoc-2/, http://sdma. Kerala.gov.in/tdeocs/ എന്നീ ലിങ്കുകളിൽ ലഭ്യമാണ്.

(എഫ്) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിൽ പുതുതായി 10 വിദഗ്ധരെ നിയമിച്ചു.

(ജി) ചുഴലിക്കാറ്റ് പ്രവചിക്കുവാൻ ചുമതലയുള്ള ഏജൻസി ചുഴലിക്കാറ്റ് പ്രവചനം നടത്തിയതിനുശേഷം ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുകയുണ്ടായി. മുന്നറിയിപ്പ് നൽകുന്നതിൽ വീഴ്ചവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും ലഭിച്ച തുക**

243 (T* 1102) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും എന്തു തുക ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന്റെ എസ്.ഡി.ആർ.എഫ്.ൽനിന്ന് ഈ സർക്കാരിന്റെ കാലയളവിൽ എന്ത് തുക ചെലവഴിച്ചെന്നും ഇനിയെത്ര ബാക്കിയുണ്ടെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ 2016-17 സാമ്പത്തിക വർഷം 194 കോടി രൂപയും (145.50 കോടി രൂപ കേന്ദ്ര വിഹിതം, 48.50 കോടി രൂപ സംസ്ഥാന വിഹിതം), 2017-18 സാമ്പത്തിക വർഷത്തിൽ 204 കോടി രൂപയും (153 കോടി രൂപ കേന്ദ്ര വിഹിതം 51 കോടി രൂപ-സംസ്ഥാന വിഹിതം) വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ കഴിഞ്ഞ വർഷം ചെലവഴിക്കാൻ സാധിക്കാതെ surrender ചെയ്ത തുകയും കൂടി ധനകാര്യ വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനുപുറമേ "2245-80-800-80-Other Miscellaneous Relief Expenditure" എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 2016-17 സാമ്പത്തിക വർഷം 7,44,00,000 രൂപയും 2017-18 സാമ്പത്തിക വർഷം 5,00,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും 133 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഹെഡ് ഓഫ് അക്കൗണ്ടുകൾ അനുബന്ധമായി ചേർക്കുന്നു*.

(സി) 2016-17 സാമ്പത്തിക വർഷം 15,23,30,22,734 രൂപ ചെലവാക്കുകയുണ്ടായി. 2017-18 സാമ്പത്തിക വർഷം 2,43,65,50,463 രൂപ വിവിധ ശീർഷകങ്ങളിലായി ബന്ധപ്പെട്ട കളക്ടർമാർക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിലവിൽ 35,79,00,537 രൂപയും (കളക്ടർമാരുടെ കൈവശമുള്ള തുക കിഴിച്ചുള്ള തുക) ഓഖി ദുരിതാശ്വാസത്തിന് അനുവദിച്ച 133 കോടി രൂപയും ബാക്കിയുണ്ട്.

## ദുരന്ത ആഘാത ലഘൂകരണ പദ്ധതികൾ

244 (1103) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദുരന്തനിവാരണ അതോറിറ്റിയെ കൂടുതൽ കാര്യക്ഷമമായും അതിദ്രുതമായും ദുരന്ത മുന്നറിയിപ്പുനൽകുന്നതിനും, രക്ഷാപ്രവർത്തനവും ദുരന്ത ആഘാത ലഘൂകരണ പ്രവർത്തനവും നടത്താൻ പ്രാപ്തമാക്കുന്നതിനും ഉദ്ദേശിക്കുന്ന നവീകരണം എന്തെല്ലാമാണ്;

(ബി) അതോറിറ്റി നടത്തുന്ന ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏതൊക്കെ വിധത്തിലുള്ളതാണെന്ന് അറിയിക്കാമോ; ക്രൈസിസ് മാനേജ്മെന്റ് കൂടാതെ വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനായുള്ള സാമൂഹികാധിഷ്ഠിത ദുരന്ത ആഘാത ലഘൂകരണ പദ്ധതികൾ വിശദമാക്കാമോ;

(സി) മുൻവർഷമുണ്ടായ വരൾച്ചയുടെ ഫലമായി കുടിവെള്ളം, കൃഷി, മൃഗസംരക്ഷണ മേഖല എന്നിവയിൽ ഉണ്ടായ നഷ്ടം കണക്കാക്കിയിരുന്നത് എത്രയായിരുന്നെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ട സഹായം എത്രയായിരുന്നെന്നും ഇതിനായി എത്ര തുക കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചെന്നും അറിയിക്കാമോ;

(ഡി) ഓഖി ദുരന്ത ലഘൂകരണത്തിനായി ആവശ്യപ്പെട്ട അടിയന്തര സഹായമെത്രയായിരുന്നു; എത്ര തുക ലഭ്യമായി; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഓഖി ദുരന്തത്തിന് ശേഷം ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ. രമൺ ശ്രീവാസ്തവ, ഐ.പി.എസ് (Rtd), Advisor to Chief Minister അദ്ധ്യക്ഷനായ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. അംഗീകൃത ദുരന്തം ഉണ്ടാകുന്ന അവസരങ്ങളിൽ Civil Defence Force, Police, Fire and Rescue Services എന്നിവർക്കുശേഷം സവിശേഷ പ്രതികരണത്തിന് ഉദ്ദേശിക്കപ്പെട്ട് രൂപീകരിച്ച State Disaster Response Force സേനയുടെ പൂർണ്ണ പ്രവർത്തനത്തിന് ഉതകുന്ന രീതിയിൽ വിശദമായ ശിപാർശ നൽകുവാൻ സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ISRO-INCOIS എന്നിവരുമായി ചേർന്ന് ഉപഗ്രഹാധിഷ്ഠിത മുന്നറിയിപ്പ് സംവിധാനമായ NAVIC, 500 മത്സ്യ ബന്ധന യാനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു. കേരളത്തിന്റെ തീരദേശത്ത് അതിർത്തി വിട്ട് 1500 km വരെ ഈ സംവിധാനത്തിലൂടെ വിവരം ISRO-INCOIS നേരിട്ട് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കും. കടലിൽ പോകുന്ന അവസരത്തിലും തിരികെവരുന്ന അവസരത്തിലും അതാത് തീരത്ത് മത്സ്യത്തൊഴിലാളികളുടെ ഹാജർ വയ്ക്കുവാനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ NIC-യുമായി ചേർന്ന് തയ്യാറാക്കി വിജയകരമായി പരീക്ഷിച്ചു. വിവിധ ഘട്ടങ്ങളിലായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് 5.8 കോടി രൂപ വിവിധ പ്രവർത്തികൾക്കായി സംസ്ഥാന അതോറിറ്റി നൽകിയിട്ടുണ്ട്. വിവിധ ജില്ല ദുരന്ത നിവാരണ അതോറിറ്റികളിൽ 10 വിഷയ വിദഗ്ധരെ നിയമിച്ചു.

(ബി) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ദുരന്ത ലഘൂകരണ പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു*.

(സി) മുൻവർഷമുണ്ടായ വരൾച്ചയുടെ ഫലമായി കുടിവെള്ളം, കൃഷി, മൃഗസംരക്ഷണ മേഖല എന്നിവയിൽ ഉണ്ടായ നഷ്ടം കണക്കാക്കിയതും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട സഹായം സംബന്ധിച്ച വിവരങ്ങളും അനുബന്ധം 2 ആയി ചേർക്കുന്നു.* കേന്ദ്ര സർക്കാർ 125.47 കോടി രൂപ ധനസഹായമായി അനുവദിക്കുന്നത് അംഗീകരിച്ചിട്ടുണ്ട്.

(ഡി) ഓഖി ദുരന്ത ലഘൂകരണത്തിനായി 431 കോടി രൂപ അടിയന്തര സഹായമായി ആവശ്യപ്പെട്ടു. 133 കോടി രൂപ ലഭിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ജില്ലാ ദുരന്ത നിവാരണ സമിതികളുടെ പ്രവർത്തനം

245 (1104) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിനും ദുരന്തനിവാരണം ഫലപ്രദമാക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ജില്ലാതലങ്ങളിൽ പ്രവർത്തിച്ചുവരുന്ന ദുരന്ത നിവാരണ സമിതികൾ മുൻപുള്ള കാലഘട്ടങ്ങളിൽ വേണ്ടത്ര കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലാ ദുരന്തനിവാരണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേന്ദ്ര ദുരന്ത നിവാരണ നിയമം, 2005 അനുസരിച്ച് കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം മുന്നറിയിപ്പിനും ദുരന്ത പ്രഖ്യാപനത്തിനും വിവിധ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവചിച്ച് ദുരന്തത്തിന്റെ ആഘാത മേഖല തിരിച്ച് കൃത്യമായ പ്രഖ്യാപനം നടത്തേണ്ടത് ഈ നോഡൽ സ്ഥാപനങ്ങളാണ്. ദുരന്ത നിവാരണ നിയമം, 2005 അനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന അതോറിറ്റിയുടെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ, സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതികൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിച്ചുവരുന്നു.

(ബി&സി) ജില്ലാ അതോറിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ വിവിധ ഘട്ടങ്ങളിലായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് 5.8 കോടി രൂപ വിവിധ പ്രവർത്തികൾക്കായി സംസ്ഥാന അതോറിറ്റി നൽകിയിട്ടുണ്ട്. ഈ തുക വിവിധ പദ്ധതികൾക്കായി വിനിയോഗിക്കുവാൻ ആവശ്യമായ guidelines നിയമം നിഷ്കർഷിച്ചിരിക്കുന്നതുപോലെ നൽകിയിട്ടുമുണ്ട്. 11-12-2017-ലെ സ.ഉ. (സാധാ) നമ്പർ 84/2017/ഡി.എം.ഡി. പ്രകാരം 10 ഹസാർഡ് അനലിസ്റ്റുകളെ വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ എല്ലാ വകുപ്പിലും ദുരന്ത നിവാരണത്തിനായി 15 പേർ അടങ്ങുന്ന ഒരു Virtual Cadre രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സ.ഉ (സാധാ) നമ്പർ 56/17/ഡി.എം.ഡി., തീയതി 25-11-2017.

## സംസ്ഥാനം നേരിടുന്ന വരൾച്ചാ ഭീഷണി

246 (1105) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി.ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം കൊടുംവരൾച്ചയിലേക്കും, രൂക്ഷമായ ജലക്ഷാമത്തിലേക്കും നീങ്ങുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാല് വർഷമായി വേണ്ടത്ര മഴ ലഭിക്കാത്തത് മൂലം ഭൂഗർഭജലത്തിന്റെ അളവ് ക്രമാതീതമായി കുറഞ്ഞ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനം നേരിടാൻ പോകുന്ന ഗുരുതരമായ പ്രസ്തുത സ്ഥിതിവിശേഷം നേരിടുന്നതിന് ദുരന്തനിവാരണ അതോറിറ്റി എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട്, കണ്ണൂർ, കാസർഗോഡ്, പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ വടക്ക് കിഴക്കൻ കാലവർഷത്തിൽ മഴ കുറവായിരുന്നുവെന്നും അതിനാൽ ഭൂമിയുടെ ഉപരിതലത്തിൽ ജല ലഭ്യതക്കുറവ് ഉണ്ടാകാം എന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചിരുന്നുവെങ്കിലും വരൾച്ചാ സാധ്യതയുണ്ട് എന്നറിയിച്ചിട്ടില്ല. കേന്ദ്ര വരൾച്ചാ മാന്വൽ നിഷ്കർഷിക്കുന്നത് പ്രകാരം വിവിധ സൂചികകളുടെ അടിസ്ഥാനത്തിൽ വരൾച്ചാ അവലോകനം നടത്തി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് റിപ്പോർട്ട് നൽകുവാൻ വിവിധ ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ കണക്കനുസരിച്ച് കേരളത്തിൽ ലഭ്യമാകേണ്ട ശരാശരി മഴ 2924.3 മി. മീറ്ററാണ്. എന്നാൽ 2014 മുതൽ 2018 വരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ 2014-ൽ മാത്രമാണ് ശരാശരിയിലും കൂടുതൽ (3046.4 മി. മീ.) മഴ ലഭ്യമായിട്ടുള്ളത്. മഴയുടെ ലഭ്യതയിൽ വരുന്ന സ്ഥലകാല വ്യതിയാനം ഉപരിതല ജലലഭ്യതയെ സ്വാധീനിക്കുന്നതുപോലെ ഭൂജല ലഭ്യതയെയും ബാധിക്കുന്നുണ്ട്. ഭൂജല ലഭ്യത കുറയുന്നതിനനുസരിച്ച് കിണറുകളിലെ ജലലഭ്യത കുറയുകയും തോടുകൾ, അരുവികൾ, കുളങ്ങൾ എന്നീ ജലസ്രോതസ്സുകളിലെ ജലലഭ്യത ഇല്ലാതാവുകയും ചെയ്യുന്നുണ്ട്. ഇക്കാര്യം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ, ഉപരിതലത്തിൽ ലഭ്യമാകുന്ന ജലം പരമാവധി സംരക്ഷിക്കണമെന്നും കുളങ്ങളിലെ ജലം സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമുള്ള

നിർദ്ദേശം ജലസേചന വകുപ്പിലെ ഫീൽഡുതലത്തിലുള്ള ഉദ്യോഗസ്ഥർക്ക് നൽകിയിരുന്നു. ഇതിന്റെ ഭാഗമായി കുളങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ ചെളി നീക്കം ചെയ്യുന്നതിൽ പ്രത്യേക ശ്രദ്ധ നൽകണമെന്നും നിർദ്ദേശിച്ചിരുന്നു.

(സി) ബഹു. റവന്യൂ വകുപ്പുമന്ത്രി 7-2-2018-ൽ എല്ലാ ജില്ലാ കളക്ടർമാരുമായി ജലക്ഷാമം സംബന്ധിച്ച് അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശത്ത് വരൾച്ച പ്രഖ്യാപിക്കാനുള്ള സാഹചര്യം ഉണ്ടായാൽ സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ വിജ്ഞാപനം ചെയ്തശേഷം കേന്ദ്ര വരൾച്ചാ മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് അതത് പ്രദേശത്ത് ആവശ്യമായ വരൾച്ചാ പ്രതികരണ നടപടികൾ സ്വീകരിക്കുന്നതാണ് നിലവിലെ നടപടിക്രമം. വരൾച്ചാ പ്രതികരണം മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായിട്ടുള്ളത്. വരൾച്ചാ പ്രതിരോധം, മുൻകരുതൽ എന്നിവയ്ക്കായി തുക വിനിയോഗിക്കുന്നത് പ്രസ്തുത മാനദണ്ഡ പ്രകാരം അനുവദനീയമല്ല.

## കാസർഗോഡ് ജില്ലയിലെ തൂക്ക് പാലങ്ങളുടെ പുനർനിർമ്മാണം

247 (1106) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മാടക്കാൽ, പടന്നക്കടപ്പുറം തൂക്ക് പാലങ്ങളുടെ പുനർനിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിഷയം സംബന്ധിച്ച് കാസർഗോഡ് ചേർന്ന യോഗത്തിൽ റവന്യൂ അധികൃതരും കെ.ഇ.എൽ. ഉദ്യോഗസ്ഥരും നൽകിയ ഉറപ്പ് പാലിക്കാൻ കഴിയാതെവന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തകർന്ന പാലത്തിന്റെ അവശിഷ്ടങ്ങൾ നീക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ മാടക്കാൽ തൂക്ക് പാലം തകർന്നത് V.C/03/14/K.S.D നമ്പരായി വിജിലൻസ് അന്വേഷണം നടന്നുവരുന്നു. ആയതിൽ അന്തിമ റിപ്പോർട്ട് ലഭ്യമായ ശേഷമേ തൂക്ക് പാലങ്ങളുടെ പുനർനിർമ്മാണം ആരംഭിക്കാൻ കഴിയുകയുള്ളൂ.

(ബി) ഉണ്ട്. തകർന്ന മാടക്കാൽ തൂക്കുപാലത്തിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പ്രവർത്തികൾ നടന്നുവരികയാണ്.

## വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ

248 (1107) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം പുനരുദ്ധാരണ പ്രവൃത്തികളാണ് അനുവദിക്കാറുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 2016-17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ അനുവദിച്ച പുനരുദ്ധാരണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(സി) 2016-17 സാമ്പത്തിക വർഷത്തിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ അനുവദിച്ച എല്ലാ പുനരുദ്ധാരണ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് വയനാട് കളക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) വെള്ളപ്പൊക്കത്തിൽ നാശം സംഭവിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും മറ്റും അടിയന്തര പുനരുദ്ധാരണം/പുനഃസ്ഥാപനം (Repair/Restoration) മാത്രമാണ് വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദിക്കാറുള്ളത്. പ്രസ്തുത മാനദണ്ഡപ്രകാരം പുതിയ നിർമ്മാണ പ്രവൃത്തികൾ അനുവദനീയമല്ല.

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ അനുവദിക്കുന്നതിനോ ഫണ്ട് അനുവദിക്കുന്നതിനോ വ്യവസ്ഥയില്ല.

## റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പുഴ സംരക്ഷണ പ്രവൃത്തികൾ

249 (1108) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പുഴ സംരക്ഷണ പ്രവൃത്തികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇത്തരം പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള സംസ്ഥാനതല കമ്മിറ്റിയുടെ യോഗം അവസാനമായി ചേർന്നത് എന്നാണ് എന്ന് അറിയിക്കാമോ;

(സി) തൃശ്ശൂർ ജില്ലയിലെ ചാലക്കുടിപ്പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അനുമതി നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമപ്രകാരം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പുഴ സംരക്ഷണ പ്രവൃത്തികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ഉന്നതതല സമിതിയോഗം അവസാനമായി കൂടിയത് 30-11-2017-നാണ്.

(സി&ഡി) തൃശ്ശൂർ ജില്ലയിലെ ചാലക്കുടിപ്പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് 6 അപേക്ഷകളാണ് ജില്ലാ കളക്ടറിൽ നിന്നും സർക്കാരിൽ ലഭിച്ചിരുന്നത്. 3-11-2017-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തിനായി ഇവ സമർപ്പിച്ചിരുന്നു. പ്രവൃത്തികളുടെ പേര് ചുവടെ ചേർക്കുന്നു :

1. Protection works to the eroded right bank of Chalakkudy river down stream of Kombanpara check dam including construction of ramps and stabilizing the upstream side of bund of check dam in Meloor Panchayath.
2. Protection works to the eroded right bank of Chalakkudy river at Veloorkkara pump house and construction of Kadavu in Pariyaram Panchayath.
3. Protection works to the eroded right bank of Chalakkudy river down stream of Malakkaran Kadavu in Chalakkudy Municipality.
4. Protection works to the eroded right bank of Chalakkudy river upstream of Hospital Kadavu in Chalakkudy Municipality.

5. Construction of Kadavu with platform at Kudungapuzha Siva Temple in Kadukutty Panchayath on the left bank of chalakkudy river including protection wall.

6. Protection works to the eroded right bank of Chalakkudy river between Vettukadavu bridge and Koodapuzha check dam in Chalakkudy Municipality including construction of Ambalakadavu of Koodapuzha Durga Bhagavathi Temple.

ക്രമനമ്പർ 1, 2, 3, 4 എന്നീ പ്രവൃത്തികൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് സമിതി ആവശ്യപ്പെടുകയും ക്രമനമ്പർ 5, 6 എന്നീ പ്രവൃത്തികൾ നിരാകരിക്കുകയും ചെയ്തു. ഇതിൻപ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ**

250 (1109) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ റിവർ മാനേജ് മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) വിവിധ ജില്ലകളിൽ റിവർ മാനേജ്മെന്റ് ഫണ്ട് പ്രകാരം അനുവദിച്ചിട്ടുള്ള തുക ശരിയായ രീതിയിൽ വിനിയോഗിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിൽ നദീസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റിവർ മാനേജ്മെന്റ് ഫണ്ട്

251 (1110) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് 2013 മുതൽ നാളിതുവരെ ഓരോ വർഷവും ലഭിച്ച തുകയുടെ വിശദാംശം നൽകുമോ;

(ബി) അതിൽ നദീതീര സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് 2013 മുതൽ നാളിതുവരെ ഓരോ വർഷവും ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ജില്ല | 2013 | 2014 | 2015 | 2016 | 2017 |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| തിരുവനന്തപുരം | 8,45,02,192 | 29,38,709 | 10,21,770 | 6,02,378 | 21,60,835 |
| കൊല്ലം | 2,86,52,078 | 4,57,79,439 | 1,20,44,576 | 11,14,853 | 10,727 |
| പത്തനംതിട്ട | 6,17,470 | 26,82,318 | 2,84,734 | 2,53,654 | 0 |
| ആലപ്പുഴ | 25,22,505 | 5,08,459 | 26,14,234 | 7,24,028 | 3,41,932 |
| കോട്ടയം | 94,06,910 | 6,75,364 | 10,68,400 | 57,507 | 62,783 |
| ഇടുക്കി | 58,58,410 | 12,83,330 | 12,34,567 | 3,44,567 | 5,000 |
| എറണാകുളം | 7,27,41,847 | 5,87,96,217 | 2,59,33,899 | 2,16,18,105 | 26,26,651 |
| തൃശ്ശൂർ | 1,53,88,943 | 72,65,083 | 46,78,931 | 4,40,148 | 10,33,692 |
| പാലക്കാട് | 1,33,19,031 | 5,21,63,913 | 71,99,364 | 61,02,218 | 53,79,940 |
| വയനാട് | 30,19,980 | 49,38,730 | 41,23,115 | 13,31,750 | 3,27,476 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| മലപ്പുറം | 4,23,94,170 | 2,66,57,716 | 2,66,61,885 | 62,88,402 | 61,55,278 |
| കോഴിക്കോട് | 5,39,27,482 | 6,01,86,925 | 1,45,12,510 | 1,31,63,110 | 1,12,16,229 |
| കണ്ണൂർ | 3,14,33,718 | 2,31,97,504 | 48,59,993 | 1,85,09,821 | 29,70,772 |
| കാസർഗോഡ് | 1,92,87,176 | 58,00,792 | 2,33,90,328 | 29,37,319 | 46,23,238 |

(ബി) ചെലവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | 2013 | 2014 | 2015 | 2016 | 2017 |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| തിരുവനന്തപുരം | 0 | 23,580,000 | 2,91,20,000 | 0 | 0 |
| കൊല്ലം | 27,76,771 | 1,47,38,554 | 2,18,24,628 | 14,60,61,309 | 6,13,53,061 |
| പത്തനംതിട്ട | 9,80,987 | 48,20,587 | 1,61,57,461 | 2,95,80,104 | 74,47,764 |
| ആലപ്പുഴ | 0 | 0 | 18,24,820 | 19,76,489 | 19,05,595 |
| കോട്ടയം | 0 | 0 | 40,40,890 | 82,28,720 | 22,42,805 |
| ഇടുക്കി | 0 | 0 | 0 | 0 | 0 |
| എറണാകുളം | 2,37,20,709 | 2,55,29,012 | 7,72,46,761 | 5,57,92,585 | 10,63,02,689 |
| തൃശ്ശൂർ | 1,99,90,324 | 1,01,16,052 | 3,39,36,859 | 73,07,432 | 71,30,038 |
| പാലക്കാട് | 23,07,094 | 3,29,14,620 | 10,30,863 | 1,74,48,656 | 52,11,139 |
| വയനാട് | 0 | 0 | 3,28,000 | 0 | 0 |
| മലപ്പുറം | 1,89,00,476 | 4,13,75,660 | 4,27,39,827 | 1,88,47,990 | 1,66,55,771 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| കോഴിക്കോട് | 2,69,22,847 | 5,31,96,267 | 4,69,12,833 | 9,14,78,561 | 1,51,74,832 |
| കണ്ണൂർ | 54,18,520 | 2,06,67,005 | 4,95,29,965 | 2,37,91,279 | 64,57,775 |
| കാസർഗോഡ് | 5,50,784 | 1,33,22,535 | 1,44,62,047 | 5,96,37,581 | 88,57,364 |

## പൊതു ആവശ്യങ്ങൾക്കായി നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തൽ

252 (1111) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തിയത് ക്രമപ്പെടുത്തുന്നതിന് അനുമതി നൽകാനുള്ള പ്രാദേശിക ഭരണകൂടങ്ങളുടെ അധികാരം മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കാമോ;

(ബി) പൊതു ആവശ്യങ്ങൾക്കായി നെൽവയൽ നികത്താനു ള്ള ഇളവ് സർക്കാർ പദ്ധതികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച ഉത്തരവ് നിലവിൽ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇത് സംബന്ധിച്ച് റവന്യൂ/തദ്ദേശ വകുപ്പുകൾ സംയുക്തമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ;വിശദീകരിക്കാമോ?

ഉത്തരം

(എ) ഇല്ല. ഡാറ്റാബാങ്കിൽ ഉൾപ്പെട്ട നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തിയത് ക്രമപ്പെടുത്താൻ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വ്യവസ്ഥയില്ല. ആയതിനാൽ പ്രാദേശിക നിരീക്ഷണ സമിതിയുടെ അധികാരത്തിൽ മാറ്റം വരുത്തിയിട്ടില്ല.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് എന്നിവ പ്രകാരം പൊതു ആവശ്യങ്ങൾക്കായി നെൽവയൽ നികത്താനുള്ള ഇളവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള നികായങ്ങൾ എന്നിവ നേരിട്ട് നടത്തുന്നതോ സാമ്പത്തിക സഹായം നൽകുന്നതോ ആയ പദ്ധതികൾക്കും പ്രോജക്ടുകൾക്കും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റ് പദ്ധതികൾക്കും പ്രോജക്ടുകൾക്കും ബാധകമാണ്.

(സി) ഇല്ല.

## അനധികൃത നിലം നികത്തൽ

253 (1112) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃതമായി നിലം നികത്തിയതിന് എതിരെ എന്തെല്ലാം നടപടികൾ എവിടെയെല്ലാം കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ നടപടി എടുത്ത കേസുകളുടെ ലിസ്റ്റ് ജില്ല, താലൂക്ക് തിരിച്ച് ലഭ്യമാക്കുമോ;

(സി) നിലവിൽ നടപടി പൂർത്തിയാക്കിയ കേസ്സുകൾ എത്രയാണ്; ഇപ്പോൾ നടപടികൾ കൈക്കൊണ്ടു വരുന്നത് എത്ര കേസ്സുകളിലാണ് ; ഇവ ഇനം തിരിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ) അനധികൃതമായി നിലം നികത്തിയ കേസുകൾ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 13 പ്രകാരം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഉത്തരവ് നൽകിയിട്ടുള്ളതും ആയതുപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ബി) നടപടി എടുത്ത കേസ്സുകളുടെ ലിസ്റ്റ് ജില്ല, താലൂക്ക് തിരിച്ച് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | താലൂക്ക് | ആകെ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | തിരുവനന്തപുരം-7 | 23 |
| | | നെയ്യാറ്റിൻകര -6 | |
| | | ചിറയിൻകീഴ്-2 | |
| | | കാട്ടാക്കട-1 | |
| | | നെടുമങ്ങാട്-5 | |
| | | വർക്കല -2 | |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | കൊല്ലം | കൊല്ലം -15 | 51 |
| | | പത്തനാപുരം -1 | |
| | | കരുനാഗപ്പള്ളി-22 | |
| | | കുന്നത്തൂർ -2 | |
| | | കൊട്ടാരക്കര -8 | |
| | | പുനലൂർ - 3 | |
| 3 | പത്തനംതിട്ട | തിരുവല്ല - 26 | 60 |
| | | റാന്നി - 3 | |
| | | അടൂർ - 22 | |
| | | കോഴഞ്ചേരി -7 | |
| | | കോന്നി -2 | |
| 4 | ആലപ്പുഴ | ചെങ്ങന്നൂർ - 88 | 560 |
| | | മാവേലിക്കര - 147 | |
| | | കാർത്തികപ്പള്ളി - 176 | |
| | | അമ്പലപ്പുഴ - 33 | |
| | | ചേർത്തല - 83 | |
| | | കുട്ടനാട് - 33 | |
| 5 | കോട്ടയം | കോട്ടയം - 42 | 190 |
| | | ചങ്ങനാശ്ശേരി - 23 | |
| | | വൈക്കം - 70 | |
| | | മീനച്ചിൽ - 55 | |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | ഇടുക്കി | തൊടുപുഴ - 5 | 19 |
| | | ദേവികുളം - 7 | |
| | | ഉടുമ്പൻചോല - 4 | |
| | | ഇടുക്കി - 3 | |
| 7 | എറണാകുളം | ആലുവ - 149 | 892 |
| | | കണയന്നൂർ - 142 | |
| | | കൊച്ചി- 92 | |
| | | പറവൂർ - 134 | |
| | | കുന്നത്തുനാട് - 131 | |
| | | മൂവാറ്റുപുഴ - 126 | |
| | | കോതമംഗലം - 118 | |
| 8 | തൃശ്ശൂർ | തൃശ്ശൂർ - 42 | 138 |
| | | ചാവക്കാട് - 26 | |
| | | തലപ്പിള്ളി - 24 | |
| | | മുകുന്ദപുരം - 28 | |
| | | ചാലക്കുടി - 18 | |
| 9 | പാലക്കാട് | പാലക്കാട് - 23 | 181 |
| | | ആലത്തൂർ - 30 | |
| | | ചിറ്റൂർ - 22 | |
| | | മണ്ണാർക്കാട് - 12 | |
| | | ഒറ്റപ്പാലം - 18 | |
| | | പട്ടാമ്പി - 76 | |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | മലപ്പുറം | ഏറനാട് - 2 | 15 |
| | | പെരിന്തൽമണ്ണ - 7 | |
| | | പൊന്നാനി - 2 | |
| | | കൊണ്ടോട്ടി - 2 | |
| | | തിരൂർ - 2 | |
| 11 | കോഴിക്കോട് | കൊയിലാണ്ടി - 2 | 40 |
| | | വടകര - 13 | |
| | | താമരശ്ശേരി - 12 | |
| | | കോഴിക്കോട് - 13 | |
| 12 | വയനാട് | വൈത്തിരി - 13 | 19 |
| | | മാനന്തവാടി - 2 | |
| | | സുൽത്താൻബത്തേരി-4 | |
| 13 | കണ്ണൂർ | കണ്ണൂർ - 22 | 86 |
| | | തളിപ്പറമ്പ് - 20 | |
| | | ഇരിട്ടി - 19 | |
| | | തലശ്ശേരി - 25 | |
| 14 | കാസർഗോഡ് | കാസർഗോഡ് - 12 | 53 |
| | | ഹോസ്ദുർഗ്ഗ് -38 | |
| | | മഞ്ചേശ്വരം - 1 | |
| | | വെള്ളരിക്കുണ്ട് - 2 | |
| | ആകെ | | 2327 |

(സി) നിലവിൽ നടപടി പൂർത്തിയാക്കിയ കേസുകൾ, ഇപ്പോൾ നടപടികൾ കൈക്കൊണ്ടുവരുന്ന കേസുകൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | നിലവിൽ നടപടി പൂർത്തിയാക്കിയ കേസുകൾ | ഇപ്പോൾ നടപടികൾ കൈക്കൊണ്ടുവരുന്ന കേസ്സുകൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 0 | 23 |
| 2 | കൊല്ലം | 23 | 28 |
| 3 | പത്തനംതിട്ട | 23 | 37 |
| 4 | ആലപ്പുഴ | 114 | 446 |
| 5 | കോട്ടയം | 0 | 190 |
| 6 | ഇടുക്കി | 2 | 17 |
| 7 | എറണാകുളം | 23 | 869 |
| 8 | തൃശ്ശൂർ | 20 | 118 |
| 9 | പാലക്കാട് | 10 | 171 |
| 10 | മലപ്പുറം | 1 | 14 |
| 11 | കോഴിക്കോട് | 15 | 25 |
| 12 | വയനാട് | 16 | 3 |
| 13 | കണ്ണൂർ | 16 | 70 |
| 14 | കാസർഗോഡ് | 22 | 31 |
| | ആകെ | 285 | 2042 |

## തണ്ണീർത്തടം നികത്തുന്നത്

254 (1113) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പദ്ധതികൾക്കായി തണ്ണീർത്തടം നികത്തുന്നതിന് ഈ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പദ്ധതികൾക്കായാണ് ഈ അനുമതി നൽകിയിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എത്ര ഹെക്ടർ തണ്ണീർത്തടമാണ് ഇത്തരത്തിൽ നികത്തുന്നതിന് അനുമതി നൽകിയിട്ടുള്ളത്;

(സി) ഇത്തരം ഭൂമിയിൽ ജലസംരക്ഷണം ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ-സി) 30-12-2017-ൽ 41/2017-ാം നമ്പരായി പുറപ്പെടുവിച്ച 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസിലെ വകുപ്പ് 10-ലെ ഭേദഗതി വ്യവസ്ഥകൾ പ്രകാരം പൊതു ആവശ്യത്തിന് രൂപാന്തരപ്പെടുത്തൽ അത്യന്താപേക്ഷിതമാണെങ്കിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽനിന്ന് ഒഴിവാക്കി കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടു ള്ളതിന്റെ വെളിച്ചത്തിൽ ടെക്നോപാർക്ക് 3-ാം ഘട്ട വികസനത്തോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിൽ ആറ്റിപ്ര വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിലായി 861.2 ആർ ഭൂമി പരിവർത്തനം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി മാത്രമാണ് തണ്ണീർത്തടം എന്ന വിഭാഗത്തിൽപ്പെട്ട ഭൂമി പരിവർത്തനം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളത്. അനുമതി നൽകിയ ഭൂമിയുടെ 10 ശതമാനമായ 91.05 ആർ ഭൂമിയിൽ ജല സംരക്ഷണത്തിനായി മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## റവന്യൂ രേഖകളിലെ മാറ്റത്തിനായുള്ള നടപടി

255 (1114) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വരുന്നതിന് മുമ്പ് നികത്തിയ ഭൂമി സംബന്ധിച്ച് റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ബേസിക് ടാക്സ് രജിസ്റ്ററില്‍ നിലം എന്ന് രേഖപ്പെടുത്തിയ ഭൂമിയുടെ റവന്യൂ രേഖകളില്‍ തിരുത്തല്‍ വരുത്തുന്നതിന് ഫീസ് ഈടാക്കുമോ; എങ്കില്‍ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഡേറ്റാബാങ്കില്‍ നിലം എന്ന് തെറ്റായി രേഖപ്പെടുത്തിയ ഭൂമിയുടെ റവന്യൂരേഖകള്‍ തിരുത്തിക്കിട്ടുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങള്‍ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2008-ലെ നെല്‍വയല്‍ തണ്ണീര്‍ത്തട സംരക്ഷണ നിയമം നിലവില്‍ വരുന്നതിനുമുമ്പ് നികത്തിയതും ഡാറ്റാബാങ്കില്‍ ഉള്‍പ്പെട്ടിട്ടില്ലാത്തതും, B.T.R.-ല്‍ നിലമെന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം വരുത്തുന്നത് സംബന്ധിച്ച് 2017-ലെ നെല്‍വയല്‍ തണ്ണീര്‍ത്തട സംരക്ഷണ (ഭേദഗതി) ഓര്‍ഡിനന്‍സില്‍ വകുപ്പ് 27 എ-ല്‍ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്‍പ്രകാരം അപേക്ഷകന്‍ റവന്യൂ ഡിവിഷണല്‍ ഓഫീസര്‍ക്ക് അപേക്ഷ നല്‍കേണ്ടതും അപേക്ഷ അനുവദിക്കുന്നപക്ഷം റവന്യൂ രേഖകളില്‍ മാറ്റം വരുത്തുന്നതിനായി അപ്രകാരമുള്ള ഭൂമിയുടെ ന്യായവിലയുടെ 50 ശതമാനം നിരക്കില്‍ ഒരു ഫീസ് അപേക്ഷകന്‍ നല്‍കേണ്ടതുമാണ്.

(സി) 30-5-2017-ലെ സ.ഉ (പി) നമ്പര്‍ 34/2017/റവന്യൂ (എസ്.ആര്‍.ഒ നമ്പര്‍ 301/2017) വിജ്ഞാപനപ്രകാരം ഡാറ്റാബാങ്കില്‍ തെറ്റായി ഉള്‍പ്പെടുത്തിയിരിക്കുന്ന വിവരങ്ങള്‍ തിരുത്തുന്നതിന് കൃഷി ഓഫീസര്‍ മുമ്പാകെ പുനഃപരിശോധന അപേക്ഷ ഫയല്‍ ചെയ്യുന്നതിന് അവസരം നല്‍കിയിരുന്നു. ഈ അപേക്ഷയുടെ അടിസ്ഥാനത്തില്‍ ഡാറ്റാ ബാങ്കില്‍ നിന്നും പ്രസ്തുത ഭൂമി ഒഴിവാക്കികിട്ടുന്ന പക്ഷം ടി ഭൂമിയുടെ റവന്യൂ രേഖകളില്‍ മാറ്റംവരുത്തുന്നതിന് 2017-ലെ കേരള നെല്‍വയല്‍ തണ്ണീര്‍ത്തട സംരക്ഷണ (ഭേദഗതി) ഓര്‍ഡിനന്‍സ് വകുപ്പ് 27 എ പ്രകാരമുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## 2008-ലെ നെല്‍വയല്‍ തണ്ണീര്‍ത്തട സംരക്ഷണ നിയമം

256 (1115) ശ്രീ. അനില്‍ അക്കര : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് റവന്യൂവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ :

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം 2008-ലെ നെല്‍ വയല്‍ തണ്ണീര്‍ത്തട സംരക്ഷണ നിയമത്തില്‍ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) 2008-ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ് നികത്തിയ നെൽവയലുകൾ ക്രമീകരിക്കുന്നതിനായി മുൻസർക്കാരിന്റെ കാലത്ത് പ്രസ്തുത നിയമത്തിൽ കൊണ്ടുവന്ന 3 എ ഭേദഗതി ഈ സർക്കാർ റദ്ദ് ചെയ്തിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു; വിശദമാക്കുമോ;

(സി) പ്രസ്തുത ഭേദഗതിക്ക് സമാനമായ ഭേദഗതി വീണ്ടും കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ;

(ഡി) ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട തണ്ണീർതടങ്ങളും നെൽവയലും പൊതു ആവശ്യത്തിനായി നികത്തുന്നതിന് പുതിയ ഭേദഗതി പ്രകാരം അനുവാദം നൽകിയിട്ടുണ്ടോ; ഇപ്രകാരമുള്ള ഭേദഗതി കൊണ്ടുവരുവാനുണ്ടായ സാഹചര്യം എന്തൊക്കെയെന്നു വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 2008-ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് 2017-ന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*. ഇതുകൂടാതെ 23 നവംബർ 2016-ന് നിയമത്തിലെ 3 എ വകുപ്പ് ഒഴിവാക്കിക്കൊണ്ട് നിയമത്തിൽ ഭേദഗതി വരുത്തിയിരുന്നു.

(ബി) സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3 എ ഭേദഗതി റദ്ദ് ചെയ്തിരുന്നു.

(സി) 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും BTR-ൽ നിലമെന്നു രേഖപ്പെടുത്തപ്പെട്ടതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി ക്രമവൽക്കരിക്കുന്നതിന് അപ്രകാരമുള്ള ഭൂമിയുടെ ന്യായവിലയുടെ അമ്പത് ശതമാനം നിരക്കിൽ ഫീസടച്ച് ക്രമവൽക്കരണ ഉത്തരവിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് വ്യവസ്ഥയുണ്ട്.

(ഡി) സർക്കാരിന് നെൽവയലിന്റെയോ തണ്ണീർത്തടത്തിന്റെയോ രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെന്ന് കരുതുന്നപക്ഷം, അപ്രകാരമു ള്ള ഭൂമി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള വ്യവസ്ഥ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ്, 2017-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ പരിവർത്തനപ്പെടുത്തുമ്പോൾ ഒഴിവാക്കൽ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികമാണെങ്കിൽ അപ്രകാരമുള്ള ഭൂമിയുടെ 10 ശതമാനം ആവശ്യമായ ജലസംരക്ഷണ നടപടികൾക്കായി നീക്കിവയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പൊതു ആവശ്യത്തിനായി സ്ഥലം ഏറ്റെടുക്കൽ

257 (1116) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൈറ്റ് റ്റു ഫെയർ കോംപൻസേഷൻ ആന്റ് ട്രാൻസ്പേരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് ആക്ട് 2013 -ലെ വ്യവസ്ഥകൾക്ക് വിധേയമായാണോ പൊതു ആവശ്യത്തിനായി സ്ഥലം ഏറ്റെടുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതു ആവശ്യത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന സ്റ്റാംപ് ഡ്യൂട്ടി ഇളവിന്മേൽ ഉൾപ്പെടെയുള്ള ഏറ്റവും പുതിയ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2013-ലെ RFCTLARR Act-ലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പൊതു ആവശ്യങ്ങൾക്ക് ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നത്. അത്യാവശ്യ ഘട്ടത്തിൽ അർത്ഥനാധികാരിയുടെ അഭ്യർത്ഥന പ്രകാരം എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 108 പ്രകാരം സ്റ്റേറ്റ് പോളിസിയിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഭൂഉടമകളുമായി നെഗോഷ്യേറ്റ് ചെയ്തും ഡയറക്ട് പർച്ചേസ് പ്രകാരവും ഭൂമി ഏറ്റെടുക്കാറുണ്ട്.

(ബി) ബാലകൃഷ്ണൻ Vs യൂണിയൻ ഓഫ് ഇൻഡ്യ എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 11-1-2017-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 2013-ലെ എൽ.എ.ആർ.ആർ നിയമത്തിനുകീഴിൽ നെഗോഷ്യേറ്റ് ചെയ്തു വസ്തു പൊതു ആവശ്യത്തിനായി വിൽക്കുന്ന അവസരത്തിൽ വസ്തു ഉടമകൾക്ക് കോമ്പൻസേഷനായി അനുവദിക്കുന്ന തുകയിൽനിന്നും ഇൻകം ടാക്സ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഈടാക്കേണ്ടതില്ല എന്ന് വിധിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ നിയമവകുപ്പുമായി കൂടിയാലോചിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പൊതു ആവശ്യത്തിന് സർക്കാർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ

258 (1117) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു ആവശ്യത്തിനു സർക്കാർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 2013-ലെ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം ചട്ടങ്ങൾ രൂപീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ചട്ടങ്ങൾ രൂപീകരിക്കാതെ ഭൂമി ഏറ്റെടുക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിച്ചതിലൂടെ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടപ്പിലാക്കിയില്ലെങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി കേന്ദ്രം നൽകുന്ന ഫണ്ട് നഷ്ടമാകാനിടയുള്ളതിനാൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. RFCTLARR Act, 2013 -ന്റെ അടിസ്ഥാനത്തിൽ LARR ചട്ടങ്ങൾ 19-9-2015-ലെ സ.ഉ. (അച്ചടി) 470/15/ആർ.ഡി. (SRO 628/15) നമ്പരായി രൂപീകരിച്ചിട്ടുണ്ട്.

(ബി) LARR ചട്ടങ്ങൾ 2015-ൽ രൂപീകരിച്ചിട്ടുള്ളതിനാൽ ചട്ടങ്ങൾ രൂപീകരിക്കാതെ ഭൂമി ഏറ്റെടുക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിക്കേണ്ട ആവശ്യം നിലവിലില്ല.

(സി) കേന്ദ്ര ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ മെച്ചപ്പെട്ട നഷ്ടപരിഹാര പാക്കേജ് പുറപ്പെടുവിച്ച് ഡയറക്റ്റ്/നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കായൽ കയ്യേറ്റങ്ങൾ**

259 (T*1118) <u>ശ്രീ. എം. വിൻസെന്റ്</u> :

<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കായലുകളുടെയും തടാകങ്ങളുടെയും വിസ്തൃതി ഗണ്യമായി കുറയുന്നുവെന്ന പഠനറിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(സി) കായലുകൾ കയ്യേറുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് നിയമപ്രകാരം സ്വീകരിക്കുന്നത്;

(ഡി) ആലപ്പുഴ ജില്ലയിലെ ഒരു ജനപ്രതിനിധി മാർത്താണ്ഡം കായൽ കയ്യേറി നികത്തിയതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ;

(ഇ) കായൽ കയ്യേറ്റങ്ങൾ തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) സംസ്ഥാനത്തെ കായലുകളുടെയും തടാകങ്ങളുടെയും വിസ്തൃതി കുറയുന്നത് സംബന്ധിച്ച് പഠന റിപ്പോർട്ടുകളൊന്നും റവന്യൂ വകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി) അനധികൃത കയ്യേറ്റങ്ങളും നികത്തലുകളും കാലാവസ്ഥാ വ്യതിയാനങ്ങളും കായലുകളുടെ വിസ്തീർണ്ണം കുറയുന്നതിന് കാരണമാണ്.

(സി) കായലുകൾ കയ്യേറുന്നവർക്കെതിരെ കേരള ഭൂ സംരക്ഷണ നിയമ പ്രകാരവും തണ്ണീർത്തട സംരക്ഷണ നിയമപ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പ്രദേശത്തിന്റെ സ്ഥലപരിശോധന നടത്തി ബന്ധപ്പെട്ട കക്ഷികളെ നേരിൽകേട്ട് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) കായൽ കയ്യേറ്റങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കൽ**

260 (1119) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) അപ്രോച്ച് റോഡ് നിർമ്മാണത്തിനായി എത്ര സെന്റ് ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി മണ്ഡലത്തിലെ കോവിലകം താഴം പാലത്തിനുവേണ്ടി ഉഭയസമ്മത പ്രകാരം വില നിശ്ചയിച്ച് ഭൂമി ഏറ്റെടുക്കാൻ 15-12-2015-ലെ സ.ഉ. (ആർറ്റി.) 6625/15/RD പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ നിശ്ചയിച്ച വിലയ്ക്ക് ഭൂമി കൈമാറാൻ കക്ഷികൾ സന്നദ്ധരല്ലാതെ വന്നതിനാൽ ഭൂമി ഏറ്റെടുക്കൽ നടന്നില്ലെന്നും ആയതിനാൽ LARR Act, 2013 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. 10-5-2017-ന് ചീഫ് സെക്രട്ടറി അധ്യക്ഷനായി കൂടിയ

SLEC-SLMC കമ്മിറ്റി, ഉഭയസമ്മത പ്രകാരം വില നിശ്ചയിച്ച് ഭൂമി ഏറ്റെടുക്കാൻ അനുമതി നൽകിയ 15-12-2015-ലെ സ.ഉ. (ആർ.റ്റി) 6625/15/RD നമ്പർ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുവാനും LARR Act, 2013 പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനായി വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കാൻ ഭരണവകുപ്പായ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 20-6-2017-ലെ സ.ഉ (സാധാ) നമ്പർ 869/2017/പൊ.മ.വ പ്രകാരം പൊതുമരാമത്ത് വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ഈ പ്രദേശത്തെ ജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമായ പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് യാഥാർത്ഥ്യമാകുന്നത് വൈകിയതുമൂലം പ്രദേശവാസികൾക്ക് യഥാസമയം ഗുണം ലഭ്യമായില്ലെന്നും ഭൂമി നഷ്ടപ്പെടുന്ന ഒരു വ്യക്തിയുടെ നിസ്സഹകരണംമൂലമാണ് ഉഭയസമ്മത പ്രകാരമു ള്ള ഏറ്റെടുക്കൽ നടപടികൾ വൈകിയതെന്നും നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് മുമ്പ് തയ്യാറാക്കി സമർപ്പിച്ച അലൈൻമെന്റിൽ മാറ്റം വരുത്തുകയും കാലതാമസം ഉണ്ടാകാതിരിക്കാൻ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതി ഇല്ലാതെ ഉഭയസമ്മതപ്രകാരം 0.0902 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർ തീരുമാനിക്കുകയും ജില്ലാതല പർച്ചേസ് കമ്മിറ്റി കൂടുകയും ചെയ്തു. ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വില സംബന്ധിച്ച് കോഴിക്കോട് ജില്ലാ കളക്ടർ ലഭ്യമാക്കുന്ന ശിപാർശ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു ള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

## പാട്ടക്കാലാവധി പൂർത്തിയാക്കിയ സർക്കാർഭൂമി

261 (1120) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജ് പരിധിയിൽ പാട്ടക്കാലാവധി പൂർത്തിയാക്കിയ സർക്കാർ ഭൂമി നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കൊല്ലം ഈസ്റ്റ്, കൊല്ലം വെസ്റ്റ് വില്ലേജ് പരിധികളിലായി പാട്ടക്കാലാവധി പൂർത്തിയാക്കിയതിനാലും പാട്ട വ്യവസ്ഥകൾ ലംഘിച്ചതിനാലും സർക്കാരിലേയ്ക്ക് തിരികെ ലഭ്യമാക്കിയ ഭൂമികളുടെ സർവ്വേ നമ്പരും വിസ്തൃതിയും സഹിതം വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ പാട്ടക്കാലാവധി പൂർത്തിയായ സർക്കാർ ഭൂമികൾ താഴെപ്പറയുന്നവയാണ്.

1. വാടി കോസ്റ്റൽ ലൈബ്രറി ആന്റ് റിക്രിയേഷൻ ക്ലബ്ബ് (ബ്ലോക്ക് നമ്പർ 14-ൽ റീസർവ്വേ നമ്പർ 199 (0.41+0.67=1.08 ആർസ്).

2. നാരായണി ലീലാവതി(ബ്ലോക്ക് നമ്പർ 216 റീസർവ്വേ നമ്പർ 1(5.67 ആർസ്)

ടി രണ്ട് കേസുകളിലും സ്ഥലം സർക്കാർ കസ്റ്റഡിയിൽ ഏറ്റെടുക്കുന്നതിലേയ്ക്ക് കെ.എൽ.സി. ആക്ട് 1957 പ്രകാരമു ള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കൊല്ലം ഈസ്റ്റ് വില്ലേജിലെ ബ്ലോക്ക് നമ്പർ 147-ൽ റീസർവ്വെ നമ്പർ 1-ൽപ്പെട്ട 5.30 ആർസ് സ്ഥലം പാട്ടവ്യവസ്ഥ ലംഘിച്ചതിനെത്തുടർന്ന് പാട്ട കക്ഷിയിൽ (ബോട്ട് കോ ഇൻഡസ്ട്രീസ്) നിന്നും തിരികെ ഏറ്റെടുത്തിട്ടുള്ളതാണ്.

## ഇരിങ്ങാലക്കുട നിയോജകമണ്ഡത്തിലെ ടൗൺ-ചന്തക്കുന്ന് റോഡ് വികസനം

262 (1121) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ടൗൺ-ചന്തക്കുന്ന് റോഡ് വികസനം 17 മീറ്ററിൽ സാധ്യമാക്കുന്നതിന് വേണ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഭൂമി ഏറ്റെടുക്കൽ പ്രക്രിയയ്ക്ക് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ടൗൺ-ചന്തക്കുന്ന് റോഡിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്ന് നാളിതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ല. പ്രസ്തുത ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ അർത്ഥന, അർത്ഥനാധികാരിയായ പൊതുമരാമത്ത് (നിരത്ത്) വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഭൂമിയുടെ ന്യായവില നിർണ്ണയം

263 (1122) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏകദേശം എത്രശതമാനം പൂർത്തിയാകാൻ ബാക്കിയുണ്ട്;

(ബി) ന്യായവില നിശ്ചയിച്ച് നൽകാത്തതുമൂലം ഇടപാടുകാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ന്യായവില നിശ്ചയിക്കാത്ത ഭൂമിയുടെ വില അത്യാവശ്യ ഇടപാടുകാർക്കായി നിശ്ചയിച്ച് നൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിന് നേരിടുന്ന കാലതാമസംമൂലം ഇടപാടുകാർക്ക് ഇത് പ്രയോജനപ്പെടാത്ത സ്ഥിതി വിശേഷം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ന്യായവില നിർണ്ണയം അടിയന്തരമായി പൂർത്തിയാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ന്യായവില നിർണ്ണയം പൂർത്തിയാക്കി 6-3-2010-ലെ വിജ്ഞാപന പ്രകാരം 1-4-2010-ൽ ന്യായവില നിലവിൽ വന്നിട്ടുള്ളതാണ്. എന്നാൽ തിരുവനന്തപുരം ജില്ലയിൽ 10 ശതമാനവും തലശ്ശേരി സബ് ഡിവിഷനിൽ 5 ശതമാനവും പൂർത്തീകരിക്കാനായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1959-ലെ കേരള മുദ്രപ്പത്ര നിയമം സെക്ഷൻ 28 എ പ്രകാരം ന്യായവില നിർണ്ണയിക്കേണ്ട ഉദ്യോഗസ്ഥൻ അതത് സ്ഥലത്തെ ആർ.ഡി.ഒ.മാരാണ്. ന്യായവില നിശ്ചയിക്കാത്ത ഭൂമിയുടെ അപേക്ഷകളിന്മേൽ ആർ.ഡി.ഒ.-മാർ കാലതാമസം കൂടാതെ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ന്യായവില നിർണ്ണയം പൂർത്തിയാക്കുന്നതിനും പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 1-10-2016-ന് ചേർന്ന യോഗത്തിൽ വിട്ടുപോയിട്ടുള്ളതായ സർവ്വേ നമ്പരുകൾ കണ്ടെത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം ജില്ലകളിൽ നടപടി പൂർത്തീകരിച്ചുവരുന്നുണ്ട്.

## നെരുദ തിയേറ്റേഴ്സിന് ഭൂമി പതിച്ചുനൽകാൻ നടപടി

264 (1123) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ നടക്കാവ് പ്രവർത്തിക്കുന്ന നെരുദ തിയേറ്റേഴ്സ് സ്ഥിതിചെയ്യുന്ന പഞ്ചായത്ത് പുറമ്പോക്ക് ഭൂമി പ്രസ്തുത സാംസ്കാരിക സംഘടനയ്ക്ക് വിട്ടുനൽകാമെന്ന് തൃക്കരിപ്പൂർ പഞ്ചായത്ത് വ്യവസ്ഥ ചെയ്തതിൻ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ, ഈ ഭൂമി കൈമാറി നൽകാൻ റവന്യൂ വകുപ്പിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഭൂമി പതിച്ചുനൽകേണ്ട ഉത്തരവാദിത്തം റവന്യൂ അധികൃതരിൽ നിക്ഷിപ്തമായിരിക്കെ റവന്യൂ വകുപ്പിലേക്ക് കൈമാറിയ ഭൂമി പ്രസ്തുത സംഘടനയ്ക്ക് പതിച്ചുനൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഭൂമി പതിച്ചു നൽകേണ്ടതില്ലെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. വിവിധ കലാസാംസ്കാരിക സ്ഥാപനങ്ങളും വായനശാലകളും സാമുദായിക സംഘടനകളും ആരാധനാലയങ്ങളും ചാരിറ്റബിൾ സ്ഥാപനങ്ങളും മറ്റും കാലങ്ങളായി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ ഓരോ സ്ഥാപനവും പ്രവർത്തിക്കുന്നതിന് വേണ്ടുന്ന ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി മാത്രം വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാപനങ്ങൾക്ക് പതിച്ചു നൽകുകയോ പാട്ടത്തിന് നൽകുകയോ ചെയ്തതിനുശേഷം ബാക്കി വരുന്ന ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നത് സംബന്ധിച്ച വിഷയത്തിൽ നയപരമായ അന്തിമ തീരുമാനം കൈക്കൊണ്ടതിനുശേഷം മാത്രമേ ഓരോ കേസും പരിശോധിച്ച് സംഘടനയ്ക്ക് ഭൂമി പതിച്ചുനൽകാൻ കഴിയുകയുള്ളൂ.

## റവന്യൂ രേഖകളിൽ നിലമായി രേഖപ്പെടുത്തപ്പെട്ട ഭൂമി

265 (1124) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലങ്ങളായി പുരയിട ഭൂമിയായി കിടക്കുന്നതും എന്നാൽ റവന്യൂ രേഖകളിൽ നിലമായി രേഖപ്പെടുത്തപ്പെട്ടതുമായ ഭൂമികളിൽ വീട് വെക്കുന്നതിനും വ്യാപാരസ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനുമായുള്ള അപേക്ഷകൾ കാലങ്ങളായി തീരുമാനം ഇല്ലാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ വിവിധ റവന്യൂ ഡിവിഷനുകളിൽ അവശേഷിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) 2008-നും അതിനു മുമ്പുള്ള വർഷങ്ങളിലും നികത്തപ്പെട്ട, പുരയിടമായി ഉപയോഗിച്ചു വരുന്ന ഭൂമികളിൽ, കെട്ടിട നിർമ്മാണം നടത്തുന്നതിന് പുതിയതായി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) നെൽവയൽ-തണ്ണീർത്തട സംരക്ഷണനിയമം പ്രാബല്യത്തിലാകുന്നതിന് മുമ്പ് നികത്തപ്പെട്ടതും റവന്യൂ രേഖകളിൽ "നിലം"ആയി ഇപ്പോഴും രേഖപ്പെടുത്തപ്പെട്ടതുമായ ഭൂമികളിൽ നിർമ്മാണപ്രവർത്തനം നടത്തുന്നതിന് പ്രത്യേകാനുമതി നൽകേണ്ടതുണ്ടോ ;

(ഇ) കോതമംഗലം താലൂക്കിൽ 1930-കളിലാണ് സർവ്വേ നടപടികൾ നടന്നത് എന്നിരിക്കെ അതിനു ശേഷം 2008 വരെയു ള്ള കാലയളവിൽ നികത്തപ്പെട്ട് കര ഭൂമിയായി ഉപയോഗിക്കുന്ന വസ്തു വകകളിൽ വീടും കച്ചവടസ്ഥാപനവും നിർമ്മിക്കുന്നതിന്, റവന്യൂ രേഖകളിൽ "നിലം" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിന്റെ പേരിൽ തടസ്സങ്ങളുണ്ടായിട്ടുള്ളത് കാരണം സാധാരണക്കാരായ നിരവധി പേർക്ക് വീട് നിർമ്മിക്കാൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ റവന്യൂ ഡിവിഷനുകളിൽ അവശേഷിക്കുന്ന അപേക്ഷകളുടെ റവന്യൂ ഡിവിഷൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| റവന്യൂ ഡിവിഷൻ | എണ്ണം |
|---|---|
| തിരുവനന്തപുരം | 297 |
| കൊല്ലം | ഇല്ല |
| തിരുവല്ല | 75 |
| അടൂർ | 3 |
| ചെങ്ങന്നൂർ | 169 |
| ആലപ്പുഴ | 232 |
| കോട്ടയം | 258 |

| | |
|---|---|
| പാല | 35 |
| ദേവികുളം | 6 |
| ഇടുക്കി | 106 |
| മൂവാറ്റുപുഴ | 629 |
| ഫോർട്ട് കൊച്ചി | 1480 |
| തൃശ്ശൂർ | 4221 |
| പാലക്കാട് | 224 |
| ഒറ്റപ്പാലം | 106 |
| പെരിന്തൽമണ്ണ | 814 |
| തിരൂർ | 862 |
| കോഴിക്കോട് | 682 |
| മാനന്തവാടി | 270 |
| തലശ്ശേരി | 485 |
| കാസർഗോഡ് | 732 |

(സി&ഡി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിലാകുന്നതിന് മുമ്പ് നികത്തപ്പെട്ടതും ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതും റവന്യൂ രേഖകളിൽ "നിലം" ആയി രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നത് സംബന്ധിച്ച ഭേദഗതി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം (ഭേദഗതി) ഓർഡിനൻസ് 2017 പ്രകാരം വരുത്തിയിട്ടുണ്ട്. അതിൻപ്രകാരം പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 120 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്ന 40

ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിലുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതുമാകുന്നു. എന്നാൽ ആയതിൽ കൂടുതലുള്ളവയ്ക്ക് ആർ.ഡി.ഒ.യുടെ അനുമതി ആവശ്യമുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകളിൽ വീട്/കെട്ടിട നിർമ്മാണ ആവശ്യത്തിന് കേരള ഭൂവിനിയോഗ ഉത്തരവ് 1967 പ്രകാരം അനുമതി നൽകി വന്നിരുന്നു.

(എഫ്) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി 2008-ന് മുമ്പ് നികത്തപ്പെട്ടതും എന്നാൽ റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ ഗാർഹിക/വാണിജ്യ/മറ്റിതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ 30-12-2017-ൽ 2017-ലെ 41-ാം നമ്പർ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

## എറണാകുളം ജില്ലയിലെ ബോട്ട്-ഇൻ-ലാൻഡിനുള്ള ഭൂമി

266 (1125) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി, തോപ്പുംപടി വില്ലേജുകളിൽ 11-4-1973-ൽ ഏറ്റെടുത്ത ബോട്ട്-ഇൻ-ലാൻഡായിട്ടുള്ള ഏക്കർ കണക്കിനുള്ള ഭൂമി ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർക്ക് 15-6-2017-ൽ നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടോ; ഇത് തീർക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ബഹു. സുപ്രീം കോടതിയിൽ കേസ് നിലനിന്നിരുന്നതിനാൽ 15-6-2017-ലെ കത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

(ബി) ബോട്ട് ഇൻ ലാൻഡ് ആക്കിയ വസ്തുവിന്റെ മുൻഉടമയുടെ അനന്തരാവകാശികൾ ബഹു. സുപ്രീം കോടതിയിൽ SLP 32524/10, 33804/10 എന്നീ നമ്പരുകളിൽ കേസ് ഫയൽ ചെയ്തിരുന്നതും പ്രസ്തുത കേസുകൾ 28-8-2017-ന് ബഹു. സുപ്രീം കോടതി തള്ളി ഉത്തരവായിട്ടുള്ളതാണ്.

## ഭൂരഹിതർക്ക് ഭൂമി നൽകാൻ നടപടി

267 (1126) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഭൂരഹിതരുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) നിയമാനുസൃതമായി കൈവശംവയ്ക്കാവുന്ന പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവരിൽ നിന്നും ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിയമപ്രകാരം കൈവശം വയ്ക്കാവുന്നതിൽ കൂടുതൽ ഭൂമി കൈവശം ഉണ്ടായിരുന്നവരിൽനിന്നും നാളിതുവരെ എത്ര ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ ജില്ലതിരിച്ച് പേര് സഹിതം വിവരിക്കുമോ;

(ഡി) ഇപ്രകാരം ഏറ്റെടുത്ത ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് വിതരണം ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ജില്ലതിരിച്ച് പേരു സഹിതം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഏകദേശം രണ്ട് ലക്ഷത്തി എഴുപതിനായിരം ഭൂരഹിതരുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ബി) കേരള ഭൂ-പരിഷ്കരണ നിയമപ്രകാരം കൈവശംവയ്ക്കാവുന്ന പരിധിയിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കുന്നവർക്കെതിരെ സീലിംഗ് കേസ് എടുത്ത് മിച്ച ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിയമപ്രകാരം കൈവശം വയ്ക്കാവുന്നതിൽ കൂടുതൽ ഭൂമി കൈവശം ഉണ്ടായിരുന്നവരിൽനിന്നും നിയമാനുസൃത നടപടികളിലൂടെ നാളിതുവരെ 100166.1 ഏക്കർ മിച്ചഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | 503.5466 ഹെക്ടർ | 1244.26 ഏക്കർ |
| കൊല്ലം | 762.2103 ഹെക്ടർ | 1883.42 ഏക്കർ |
| പത്തനംതിട്ട | 75.29 ഹെക്ടർ | 186.04 ഏക്കർ |
| ആലപ്പുഴ | 2167.7927 ഹെക്ടർ | 5356.61 ഏക്കർ |

| | | |
|---|---|---|
| കോട്ടയം | 1334.1024 ഹെക്ടർ | 3296.56 ഏക്കർ |
| ഇടുക്കി | 2683.4091 ഹെക്ടർ | 6630.70 ഏക്കർ |
| എറണാകുളം | 646.7008 ഹെക്ടർ | 1597.99 ഏക്കർ |
| തൃശ്ശൂർ | 1661.8672 ഹെക്ടർ | 4106.47 ഏക്കർ |
| പാലക്കാട് | 7927.1964 ഹെക്ടർ | 19588.10 ഏക്കർ |
| മലപ്പുറം | 3584.2761 ഹെക്ടർ | 8856.74 ഏക്കർ |
| കോഴിക്കോട് | 1464.05 ഹെക്ടർ | 3617.66 ഏക്കർ |
| വയനാട് | 1687.6346 ഹെക്ടർ | 4170.14 ഏക്കർ |
| കണ്ണൂർ | 9304.19 ഹെക്ടർ | 22990.65 ഏക്കർ |
| കാസർഗോഡ് | 6734.4249 ഹെക്ടർ | 16640.76 ഏക്കർ |

1970-കൾ മുതൽക്കാണ് സീലിംഗ് കേസ് നടപടികൾ സംസ്ഥാനത്ത് ഒട്ടാകെ ആരംഭിച്ചിട്ടുള്ളത്. അന്ന് മുതൽ ആരിൽ നിന്നൊക്കെ ഭൂമി ഏറ്റെടുത്തു എന്നത് സംബന്ധിച്ച് പൂർണ്ണവിവരങ്ങൾ ലഭ്യമല്ല.

(ഡി) ലഭ്യമായ വിവരങ്ങൾ പ്രകാരം സംസ്ഥാനത്തൊട്ടാകെയായി 71050.48 ഏക്കർ ഭൂമി 181054 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| തിരുവനന്തപുരം | 4791 | 323.95 ഹെക്ടർ | 800.48 ഏക്കർ |
| കൊല്ലം | 6270 | 550.84 ഹെക്ടർ | 1361.12 ഏക്കർ |
| പത്തനംതിട്ട | 1007 | 63.76 ഹെക്ടർ | 157.55 ഏക്കർ |
| ആലപ്പുഴ | 8165 | 1889.5953 ഹെക്ടർ | 4669.18 ഏക്കർ |
| കോട്ടയം | 4588 | 868.2658 ഹെക്ടർ | 2145.48 ഏക്കർ |

| | | | |
|---|---|---|---|
| ഇടുക്കി | 4074 | 1389.2073 ഹെക്ടർ | 3432.73 ഏക്കർ |
| എറണാകുളം | 6102 | 428.9625 ഹെക്ടർ | 1059.96 ഏക്കർ |
| തൃശ്ശൂർ | 22717 | 1296.39 ഹെക്ടർ | 3203.37 ഏക്കർ |
| പാലക്കാട് | 27691 | 5498.0729 ഹെക്ടർ | 13585.73 ഏക്കർ |
| മലപ്പുറം | 22051 | 2847.0469 ഹെക്ടർ | 7035.05 ഏക്കർ |
| കോഴിക്കോട് | 8952 | 829.10 ഹെക്ടർ | 2048.70 ഏക്കർ |
| വയനാട് | 6507 | 1201.41 ഹെക്ടർ | 2968.68 ഏക്കർ |
| കണ്ണൂർ | 43576 | 7437.30 ഹെക്ടർ | 18377.56 ഏക്കർ |
| കാസർഗോഡ് | 14563 | 4129.8634 ഹെക്ടർ | 10204.89 ഏക്കർ |

**പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർഭൂമി**

268 (1127) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി എത്രയാണ്; അത് ആരുടെയെല്ലാം കൈവശമാണ്; ജില്ല, താലൂക്ക് തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പാട്ട വ്യവസ്ഥകൾ പാലിക്കാത്ത പാട്ടഭൂമി സർക്കാർ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ലിസ്റ്റ് വെളിപ്പെടുത്തുമോ;

(സി) നിലവിൽ പാട്ടക്കുടിശ്ശിക വരുത്തിയ വൻകിട കമ്പനികളുണ്ടോ ; എങ്കിൽ ഏതെല്ലാം;

(ഡി) ഇത്തരം ഓരോ കേസിലും ഈ സർക്കാർ നാളിതുവരെ കൈക്കൊണ്ട തുടർ നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**വരൾച്ചാ ദുരിതാശ്വാസ ഫണ്ട്**

269 (1128) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ചാ ദുരിതാശ്വാസം തേടി ഡൽഹിയിലെത്തിയ മന്ത്രിതല സംഘം കേന്ദ്രമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ആവശ്യങ്ങളാണ് നിവേദനത്തിൽ ഉൾപ്പെടുത്തിയിരുന്നത്;

(സി) കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള അകൽച്ച ദുരിതാശ്വാസ ഫണ്ട് നേടിയെടുക്കുന്ന കാര്യത്തിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അങ്ങനെയെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 2017 മാർച്ച് 28-ന് ബഹു.കേന്ദ്ര കൃഷി മന്ത്രി രാധാമോഹൻ സിംഗിനെ സന്ദർശിച്ച് ബഹു. റവന്യൂ വകുപ്പുമന്ത്രിയും ബഹു. കൃഷി വകുപ്പുമന്ത്രിയും വരൾച്ചാ മെമ്മോറാണ്ടം സമർപ്പിച്ചു.

(ബി) ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് കേരളത്തിന് വരൾച്ചാ പ്രതികരണത്തിന് ആവശ്യമായ അധിക പണം കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിക്കണം എന്ന് അഭ്യർത്ഥിച്ചു.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വരൾച്ചാ മുൻകരുതലുകൾ**

270 (1129) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരുന്ന വേനൽക്കാലത്ത് സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടാൻ പോകുന്നു എന്നത് കണക്കിലെടുത്ത് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വരൾച്ചാ പ്രതിരോധ അവബോധം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) ജലത്തിന്റെ ഉപയോഗം ക്രമപ്പെടുത്തുന്നതിനും കുടിവെള്ള വിതരണം ഉറപ്പുവരുത്തുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) ടാങ്കറുകൾ മുഖേനയു ള്ള ജലവിതരണം സുതാര്യവും കാര്യക്ഷമവുമായി നടക്കുന്നു എന്നു ഉറപ്പുവരുത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വയനാട്, കണ്ണൂർ, കാസർഗോഡ്, പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ വടക്ക് കിഴക്കൻ കാലവർഷത്തിൽ മഴ കുറവായിരുന്നു എന്നും അതിനാൽ ഭൂമിയുടെ ഉപരിതലത്തിൽ ജലലഭ്യത കുറവ് ഉണ്ടാകും എന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചിരുന്നു. വരൾച്ചാ സാധ്യത എന്ന വിലയിരുത്തൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചിട്ടില്ല. കേന്ദ്ര വരൾച്ചാ മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരം വിവിധ സൂചികകളുടെ അടിസ്ഥാനത്തിൽ വരൾച്ചാ അവലോകനം നടത്തി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് റിപ്പോർട്ട് നൽകുവാൻ വിവിധ ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര വരൾച്ചാ മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരം മാർച്ച് 31-നുള്ളിൽ Rabi Season Crop റിപ്പോർട്ടുകൂടി കിട്ടിയതിന് ശേഷമേ ഏതെങ്കിലും പ്രദേശത്ത് വരൾച്ച പ്രഖ്യാപിക്കുവാൻ സാധിക്കുമോ എന്ന് തീരുമാനിക്കാനാകൂ. വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങളാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ അനുവദനീയമായിട്ടുള്ളത്. വരൾച്ചാ പ്രതിരോധം, മുൻകരുതൽ എന്നിവയ്ക്ക് തുക വിനിയോഗിക്കുന്നത് പ്രസ്തുത മാനദണ്ഡ പ്രകാരം അനുവദനീയമല്ല. ഈ വർഷത്തെ സ്ഥിതിഗതികൾ വിലയിരുത്താൻ ജലവിഭവ വകുപ്പ് ഇതിനകം സംസ്ഥാനതലത്തിൽ രണ്ട് അവലോകന യോഗങ്ങൾ നടത്തിയിരുന്നു. മുൻകരുതൽ നടപടികൾ എന്ന നിലയിൽ നദികളെത്തന്നെ സംഭരണികളാക്കി മാറ്റുക എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക് ഡാമുകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിക്കാനാണ് ജലവിഭവ വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. മഴവെള്ളം പരമാവധി ശേഖരിക്കാനും ഗ്രൗണ്ട് വാട്ടർ റീചാർജ്ജിംഗ് നടത്താനും ജനകീയ പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. മുൻകരുതൽ നടപടികൾ എന്ന നിലയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ കേരള ജല അതോറിറ്റി മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ജലലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗാലറി വൃത്തിയാക്കൽ, ഓപ്പൺ വെൽ നിലവിലുള്ള സ്കീമുകളിൽ അവ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ

ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസുകളും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുകയും ജലചോർച്ച പരമാവധി ഒഴിവാക്കി ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഹരിത കേരളം മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും ജലലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടിവെ ള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2017 സെപ്റ്റംബർ മുതൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, എഫ്.എം. റേഡിയോ മുഖാന്തരം ജലസംരക്ഷണ ക്യാമ്പെയിൻ നടത്തിവരുന്നു. സംസ്ഥാന അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെ KSRTC-യുടെ 15 പ്രത്യേക വരൾച്ചാ സന്ദേശവാഹിനി ബസ്സുകൾ നിലവിൽ കേരളത്തിൽ പ്രവർത്തിക്കുന്നു. കേരള ജല അതോറിറ്റിയുടെ ഓഫീസിലും പരിസരങ്ങളിലും ജലം സംഭരിച്ച് ഉപയോഗിക്കുന്നതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്ന ബോർഡ് പ്രദർശിപ്പിക്കുകയും ചുമരെഴുത്ത് നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ അതോറിറ്റി നൽകുന്ന ബില്ലുകൾ, നോട്ടീസുകൾ എന്നിവയിൽ ജലസംരക്ഷണ ഉദ്ബോധനങ്ങൾ ഉൾക്കൊള്ളിക്കാറുണ്ട്. ജല അവബോധത്തെക്കുറിച്ച് സന്ദേശങ്ങൾ പ്രചരിപ്പിക്കുവാനായി തലസ്ഥാന നഗരിയിൽ ഒരു LED display ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ലോക ജലദിനത്തിന്റെ ഭാഗമായി ജലലഭ്യതാ ഉപഭോഗം, വരൾച്ചയുടെ പ്രത്യാഘാതങ്ങൾ എന്നീ വിഷയങ്ങളിലൂന്നി സ്കൂൾ/കോളേജ് തലങ്ങളിൽ ക്ലാസ്സുകൾ മുൻകാലങ്ങളിൽ നൽകിയിട്ടുണ്ട്.

(സി&ഡി) കേരള ജല അതോറിറ്റി ജലലഭ്യതയ്ക്കനുസരിച്ച് വാൽവുകൾ ക്രമീകരിച്ച് വിതരണ ശൃംഖലയെ മേഖലകളാക്കി തിരിച്ച് കുടിവെള്ള വിതരണം ക്രമീകരിക്കുന്നുണ്ട്. ജലത്തിന്റെ പരിധിവിട്ടുള്ളതും അനാവശ്യമായതുമായ ഉപയോഗം കുറയ്ക്കുവാൻ സ്ക്വാഡ് പ്രവർത്തനം നടത്തുന്നുണ്ട്. ജലസ്രോതസ്സുകളിൽ നിന്ന് വ്യാവസായിക ആവശ്യത്തിനും മറ്റും ജലം എടുക്കുന്നതിന് കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 പ്രകാരം നിലവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ടാങ്കറുകൾ മുഖേനയുള്ള ജലവിതരണത്തിനാവശ്യമായ ജലം നൽകുന്ന പ്രവൃത്തി ജല അതോറിറ്റി കാര്യക്ഷമമായി ചെയ്യുന്നുണ്ട്. 2016-17-ലെ വരൾച്ചാ പ്രഖ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സുതാര്യമായ രീതിയിൽ വാട്ടർ കിയോസ്കുകൾ വഴിയും GPS ഘടിപ്പിച്ച ടാങ്കർ ലോറി വഴിയും കുടിവെള്ള വിതരണം നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തി

യിരുന്നു. സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്ത് വരൾച്ച പ്രഖ്യാപിക്കാനുള്ള സാഹചര്യമുണ്ടായാൽ സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ വിജ്ഞാപനം ചെയ്തശേഷം കേന്ദ്ര വരൾച്ചാ മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് അതാത് പ്രദേശത്തിന് ആവശ്യമായ വരൾച്ചാ പ്രതികരണ നടപടികൾ സ്വീകരിക്കുന്നതാണ് നടപടിക്രമം. സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് ടാങ്കർ ഉപയോഗിച്ച് ജലവിതരണം ആവശ്യമാണോ അല്ലയോ എന്നത് ജില്ലാതലത്തിലെ സാഹചര്യം അനുസരിച്ച് വരൾച്ച പ്രഖ്യാപിച്ചതിനുശേഷം മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

## മണലൂർ മണ്ഡലത്തിലെ റോഡുകളുടെ പുനർനിർമ്മാണം

271 (1130) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിമൂലം തകർന്നുകിടക്കുന്ന മണലൂർ മണ്ഡലത്തിലെ റോഡുകളുടെ പുനർനിർമ്മാണത്തിന് 2017-18-ലെ ഫ്ലഡ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായി നൽകിയ ശിപാർശ പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ;

(ബി) ശിപാർശ പരിഗണിച്ച് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് നൽകാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ തുക അനുവദിക്കാറില്ല.

## കോതമംഗലം മണ്ഡലത്തിൽ ഫ്ലഡ് ഫണ്ടിൽനിന്നും അനുവദിച്ച പ്രവൃത്തികൾ

272 (1131) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിൽ 2016-17, 2017-18 വർഷങ്ങളിൽ ഫ്ലഡ് ഫണ്ടിൽനിന്നും അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചു എന്ന് അറിയിക്കുമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ഡി) മുഴുവൻ പ്രവൃത്തികളും എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ -ഡി) ഫ്ലഡ് ഫണ്ട് എന്നൊരു ഫണ്ട് നിലവിലില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുകയോ പുനരുദ്ധാരണ പ്രവൃത്തികൾ അനുവദിക്കുകയോ ചെയ്യാറില്ല.

## റോഡുപണികളുടെ കരാർ തുക

273 (1132) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലം തകരാറിലായ റോഡുകളുടെ കരാർ എടുത്ത് പണികൾ ചെയ്ത വകയിൽ കിട്ടാനുള്ള തുക കിട്ടുന്നില്ല എന്ന പരാതി പരിഹരിക്കാൻ വകുപ്പിന്റെ ഭാഗത്തുനിന്നും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) എത്ര മാസത്തെ പണികളുടെ തുകയാണ് ഇനിയും കൊടുത്തു തീർക്കാൻ ഉള്ളത് എന്നും ഇവ എന്നേക്ക് കൊടുത്തു തീർക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ.

(സി) 2017-18 സാമ്പത്തിക വർഷം എത്ര രൂപയുടെ പണികളാണ് സംസ്ഥാനത്ത് അനുവദിച്ചത്; ഇതിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതം വ്യക്തമാക്കാമോ;

(ഡി) ഈ പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 22-2-2018-ന് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കാലവർഷക്കെടുതിമൂലം തകരാറിലായ റോഡുകളുടെ പണി പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുന്നമുറയ്ക്ക് തുക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി &സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമായ ഉടൻ തന്നെ ജില്ലാ പഞ്ചായത്ത്/മുൻസിപ്പാലിറ്റി എന്നിവയുടെ പരിധിയിൽ വരുന്ന പ്രവൃത്തികൾ അതാത് എഞ്ചിനീയറിംഗ് വിഭാഗത്തിനും ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്ന പ്രവൃത്തികൾ ബന്ധപ്പെട്ട പഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിനും അയച്ചുനൽകുകയും ഇതിന്മേൽ എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർ ടി പ്രവൃത്തിക്ക് നിർവ്വഹണാനുമതി നൽകുന്നതും പണി പൂർത്തീകരിച്ച് ബിൽ തുക സമർപ്പിക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ ബിൽ തുക അനുവദിച്ച് നൽകിവരുന്നു.

## വില്ലേജ് ഓഫീസ് റിക്കാർഡുകളുടെ ഡിജിറ്റൈസേഷൻ

274 (1133) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകളിൽ ഡിജിറ്റൈസേഷൻ നടത്താൻ പദ്ധതിയുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വില്ലേജിലെ ഏതൊക്കെ റിക്കാർഡുകളാണ് ഡിജിറ്റൈസേഷൻ നടത്താൻ പോകുന്നതെന്ന് വിവരിക്കുമോ;

(സി) നിലവിൽ ഏതെങ്കിലും വില്ലേജ് ഓഫീസ് ഡിജിറ്റൈസേഷൻ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലതിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) തിരുവനന്തപുരം ജില്ലയിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഡിജിറ്റൈസേഷൻ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ റീ സർവ്വേ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലെയും ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വളരെവേഗം പുരോഗമിച്ചുവരുന്നു. റീ സർവ്വേ പൂർത്തിയായ വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും തുടർന്നുള്ള ഭൂനികുതി ശേഖരണവും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. അനുക്രമമായ തണ്ടപ്പേർ വിവരങ്ങളും ഡിജിറ്റൈസ് ചെയ്ത് ഭൂരേഖ സംവിധാനവുമായി സംയോജിപ്പിക്കുന്നു. ഭൂമി സംബന്ധിച്ച എല്ലാ രേഖകളുടെയും കമ്പ്യൂട്ടർവൽക്കരണം, മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സർവ്വേ സെറ്റിൽമെന്റ് രേഖകളുടെ നാളതീകരണം, രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം, കമ്പ്യൂട്ടർ ശൃംഖലയിലൂടെ റവന്യൂ-സർവ്വേ രജിസ്ട്രേഷൻ വകുപ്പുകളുടെ ഏകോപനം തുടങ്ങിയവയാണ് ഭൂരേഖാ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ വിവിധ ഘടകങ്ങൾ. നിലവിൽ ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാകുന്നു. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1445 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഭൂമി സംബന്ധിച്ച എല്ലാ രേഖകളുടെയും കമ്പ്യൂട്ടർവൽക്കരണം, മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സർവ്വേ സെറ്റിൽമെന്റ് രേഖകളുടെ ഡിജിറ്റൈസേഷൻ മുതലായവയാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ റീസർവ്വെ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലേയും ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വളരെവേഗം പുരോഗമിച്ചുവരുന്നു.

(സി) നിലവിൽ അടിസ്ഥാന റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ ആയ വില്ലേജുകളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധം-1 ആയി ചേർക്കുന്നു.*

(ഡി) തിരുവനന്തപുരം ജില്ലയിലെ എല്ലാ വില്ലേജുകളിലെയും അടിസ്ഥാന നികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. തണ്ടപ്പേർ രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

**ഓൺലൈൻ വഴിയുള്ള സേവനങ്ങൾ**

275 (1134) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനായി ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി അക്ഷയ കേന്ദ്രങ്ങൾവഴി അപേക്ഷകൾ സമർപ്പിക്കുമ്പോൾ സർക്കാരിലേക്ക് നൽകേണ്ട ഫീസ് എത്രയെന്ന് വിശദമാക്കുമോ;

(സി) ഭൂനികുതി അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനമുണ്ടോ; നികുതി ദായകന് നേരിട്ട് മൊബൈൽ ഇന്റർനെറ്റ് സംവിധാനം വഴി ഭൂനികുതി അടയ്ക്കുന്നതിനുള്ള സംവിധാനമെങ്ങനെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1. <u>ഇ-ഡിസ്ട്രിക്ട്</u> :

വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകിവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. ആർ. ആർ. ഓൺലൈൻ :

റവന്യ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലു ള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പുതിയ ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥ നാധികാരികൾക്ക് റവന്യ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ല, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും.

3. ഇ- പേയ്മെന്റ് :

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേയ്മെന്റുകളും ഓൺലൈൻവഴി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇ-പേയ്മെന്റ് പ്ലാറ്റ്ഫോം വികസിപ്പിച്ചെടുക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

4. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation) :

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കു വരവ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) അക്ഷയ കേന്ദ്രങ്ങൾ വഴി സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിന് നിലവിൽ 17 രൂപയാണ് ഫീസ്. ഇതിൽ 10 രൂപ അക്ഷയയുടെ സർവ്വീസ് ചാർജ്ജും 5 രൂപ കോർട്ട് ഫീ സ്റ്റാമ്പിനുള്ള തുകയും 2 രൂപ സർക്കാരിനുള്ള വിഹിതവുമാണ്. കൂടാതെ അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിന് 2 രൂപയും രേഖകൾ/സർട്ടിഫിക്കറ്റ് സ്കാൻ/പ്രിന്റ് ചെയ്യുന്നതിന് പേജ് ഒന്നിന് 2 രൂപയും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ/ബി.പി.എൽ. വിഭാഗത്തിൽ പെടുന്നവരെ മതിയായ രേഖകൾ ഹാജരാക്കുന്നപക്ഷം കോർട്ട് ഫീസ്റ്റാമ്പ്/ സർക്കാരിനുള്ള വിഹിതം അടയ്ക്കുന്നതിൽ നിന്നും 17-10-2013-ലെ സ.ഉ (കൈ) നമ്പർ 31/2013/വിസാവ. പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഓൺലൈൻവഴി നികുതി ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ വെബ് പോർട്ടലിൽ യൂസർ ലോഗിനിലൂടെ മൊബൈൽ വഴി പ്രവേശിച്ച്, നികുതിദായകന്റെ വില്ലേജ് ഓഫീസിലേയ്ക്ക് ഓൺലൈൻ റിക്വസ്റ്റ് അയയ്ക്കാവുന്നതും ആദ്യതവണ വില്ലേജ് ഓഫീസറുടെ അംഗീകാരത്തോടെയും, തുടർന്നുള്ള വർഷങ്ങളിൽ നികുതിദായകന് തന്റെ പ്രൊഫൈലിൽനിന്നും നേരിട്ടും നികുതി അടയ്ക്കുന്നതിനുള്ള സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിനായി മൊബൈൽ ആപ്പുകൾ നിലവിലില്ല.

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

276 (1135) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) എത്ര വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയെന്നും, ബാക്കിയുള്ളവ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) വില്ലേജാഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിനു ള്ള സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും അതിന്റെ ഒന്നാംവർഷ പദ്ധതിയായി 2017-18 സാമ്പത്തിക വർഷത്തിൽ 1500 ലക്ഷം രൂപയുടെയും 2-ാം വർഷ പദ്ധതിയായി 2018-19 വർഷത്തിൽ 2200 ലക്ഷം രൂപയ്ക്കും പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം നാളിതുവരെ 80 വില്ലേജാഫീസുകളുടെ നിർമ്മാണം/ നവീകരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിക്കുള്ള ബജറ്റ് വിഹിതമനുസരിച്ച് സംസ്ഥാനത്തെ വില്ലേജ് ആഫീസുകൾ ഘട്ടംഘട്ടമായി സ്മാർട്ട് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 50 വില്ലേജുകൾ ഈ പദ്ധതിയിൽപ്പെടുത്തുന്നതിന് 2200 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## വിളപ്പിൽ വില്ലേജ് ഓഫീസ്

277 (1136) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ ?

ഉത്തരം

2018-19 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാല വില്ലേജിനെ സ്മാർട്ട് വില്ലേജ് പണിയുന്നതിനായി ജില്ലാ കളക്ടർ സമർപ്പിച്ച ലിസ്റ്റിൽ മുൻഗണനാക്രമം അനുസരിച്ച് ക്രമ നമ്പർ 6 ആയി വിളപ്പിൽ വില്ലേജിനെ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പുതിയ റവന്യൂ ഡിവിഷണൽ ഓഫീസുകളുടെ പ്രവർത്തനം

278 (1137) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി അനുവദിച്ച റവന്യൂ ഡിവിഷണൽ ഓഫീസുകളുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഓഫീസുകൾക്കായി ഏതൊക്കെ തസ്തികകളാണ് പുതിയതായി അനുവദിച്ചതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർമാരെ നിയമിച്ച് ഉത്തരവാകുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(ബി) 6-2-2018-ലെ സ.ഉ. (കൈ.) നമ്പർ 45/18/റവ പ്രകാരം 5 റവന്യൂ ഡിവിഷണൽ ഓഫീസുകൾക്കായി 120 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത റവന്യൂ ഡിവിഷണൽ ഓഫീസുകളിൻകീഴിൽ ബന്ധപ്പെട്ട താലൂക്കുകളെ

ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ റവന്യൂ ഡിവിഷണൽ ഓഫീസുകൾ അടിയന്തരമായി പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായി കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വിവരം റിപ്പോർട്ട് ചെയ്യുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഓരോ റവന്യൂ ഡിവിഷണൽ ഓഫീസുകൾക്കായി താഴെപ്പറയും പ്രകാരം 24 തസ്തികകൾവീതം പുതിയതായി അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| റവന്യൂ ഡിവിഷണൽ ഓഫീസർ | - | 1 |
| സീനിയർ സൂപ്രണ്ട് | - | 1 |
| ജൂനിയർ സൂപ്രണ്ട് | - | 2 |
| സീനിയർ ക്ലാർക്ക് | - | 6 |
| ക്ലാർക്ക് | - | 6 |
| സി.എ. | - | 1 |
| ടൈപ്പിസ്റ്റ് | - | 2 |
| ഡ്രൈവർ | - | 1 |
| അറ്റൻഡർ | - | 1 |
| ഓഫീസ് അറ്റൻഡർ | - | 2 |
| പാർട്ട്-ടൈം സ്വീപ്പർ | - | 1 |
| | | 24 (ഒരു റവന്യൂ ഡിവിഷണൽ ഓഫീസ്) |

**കടവൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ**

279 (1138) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല താലൂക്കിലെ കടവൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ വില്ലേജ് ഓഫീസിലെ സീലിംഗ് അടർന്ന് വീണ് നാട്ടുകാരിൽ ഒരാൾക്ക് അപകടം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ വില്ലേജ് ഓഫീസ് കെട്ടിടം പുതുക്കി പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടവൂർ വില്ലേജ് ഓഫീസിന്റെ ജീർണ്ണാവസ്ഥയിലുള്ള കോൺക്രീറ്റ് മേൽക്കൂരയിൽനിന്നും 29-8-2017-ന് സീലിംഗിന്റെ ഒരു ഭാഗം പാളിയായി അടർന്ന് വീണ് ശ്രീ. ജമാൽ മുഹമ്മദ് എന്നയാൾക്ക് നിസാര പരിക്കേറ്റിട്ടുണ്ട്.

(സി) പ്രസ്തുത കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനും വിപുലീകരണത്തിനുമായി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ മുഖേന ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കുവാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ജില്ലാ കളക്ടർ കത്ത് നൽകിയിട്ടുണ്ട്.

**വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം**

280 (1139) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കി എന്നുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) പാറശ്ശാല നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി സമർപ്പിച്ച നിവേദനം പരിഗണനയിലുണ്ടോ; ഈ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്തത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെ വച്ചും ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 സാമ്പത്തിക വർഷത്തിൽ 7 വില്ലേജാഫീസുകളും 2017-18 സാമ്പത്തിക വർഷത്തിൽ 39 വില്ലേജാഫീസുകളും (ആകെ 46) സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പാറശ്ശാല നിയോജകമണ്ഡലത്തിലെ ശോചനീയാവസ്ഥയിലുള്ള വില്ലേജാഫീസുകൾക്ക് സ്മാർട്ട് റവന്യ‍ൂ ഓഫീസുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ പുതിയ കെട്ടിടം നിർമ്മിക്കേണ്ട വില്ലേജുകളുടെ ലിസ്റ്റിൽ പരശ്ശുവയ്ക്കൽ വില്ലേജ് ക്രമനമ്പർ1 ആയി തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഒരു വില്ലേജിന് 44 ലക്ഷം രൂപവച്ച് 50 വില്ലേജുകൾക്കായി 22 കോടി രൂപ ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യ‍ൂ ഓഫീസ് പദ്ധതിക്കായുള്ള ബജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

**വില്ലേജുകളുടെ രൂപീകരണം**

281 (1140) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വില്ലേജുകളുടെ വിഭജനം/പുതിയ വില്ലേജുകളുടെ രൂപീകരണം എന്നിവ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വില്ലേജ് ഓഫീസുകളുടെ ഹൈടെക്‌വൽക്കരണം/ആധുനികവൽക്കരണം പരിഗണനയിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ഗ്രാമപഞ്ചായത്ത് ഫണ്ട് /ബ്ലോക്ക് പഞ്ചായത്ത്ഫണ്ട് /ജില്ലാ പഞ്ചായത്ത് ഫണ്ട് /എം.എൽ.എ.ഫണ്ട്/ എം.പി. ഫണ്ട് എന്നിവ വില്ലേജ് ഓഫീസുകളുടെ ആധുനികവൽക്കരണത്തിന് ഉപയോഗിക്കാൻ സാധിക്കുമോ - വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നു വന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്ന സമയത്ത് പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) സമയബന്ധിതവും സുതാര്യവുമായ സേവനം റവന്യൂ ഓഫീസുകളിൽ നിന്ന് പൊതുസമൂഹത്തിന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) നിലവിൽ എം.എൽ.എ/എം.പി. ഫണ്ട് വില്ലേജ് ഓഫീസുകളുടെ ആധുനികവൽക്കരണത്തിനായി വിനിയോഗിച്ച് വരുന്നുണ്ട്. ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് ഫണ്ട് പ്രസ്തുത പ്രവൃത്തിക്കായി വിനിയോഗിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## ഒളുക്കുങ്ങൽ വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടം

282 (1141) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒളുക്കുങ്ങൽ വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടമുണ്ടോ; ഇല്ലെങ്കിൽ സ്വന്തമായി ഓഫീസ് കെട്ടിടം നിർമിക്കാൻ ഇതുവരെ നടപടികൾ സ്വീകരിക്കാത്തതിന് കാരണം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഓഫീസിലെ സ്ഥലപരിമിതിമൂലം ഉദ്യോഗസ്ഥരും പൊതുജനങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓഫീസിന് സ്വന്തമായൊരു കെട്ടിടം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഒളുക്കുങ്ങൽ വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടമുണ്ട്.

(ബി&സി) ഒളുക്കുങ്ങൽ വില്ലേജ് ഓഫീസിലെ സ്ഥലപരിമിതി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടമുണ്ട്. സംസ്ഥാനത്തെ എല്ലാ വില്ലേജ് ആഫീസുകളും ജനസൗഹൃദ വില്ലേജുകളാക്കുന്നതുമായി ബന്ധപ്പെട്ട് ഘട്ടം ഘട്ടമായി SMART വില്ലേജ് പദ്ധതി നടപ്പിൽ വരുത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഡെപ്യൂട്ടി തഹസിൽദാർമാരുടെ വാർഷിക ഇൻക്രിമെന്റ്

283 (1142) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ രണ്ടാമത്തെ വാർഷിക ഇൻക്രിമെന്റ് ലഭിക്കുവാൻ പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ടതുണ്ടോ;

(ബി) പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെതന്നെ ചില ജീവനക്കാർക്ക് രണ്ടാമത്തെ വാർഷിക ഇൻക്രിമെന്റും തുടർന്നുള്ള ഇൻക്രിമെന്റുകളും അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തതുമൂലം സീനിയറായിട്ടുള്ള ചില ജീവനക്കാർക്ക് രണ്ടാമത്തെ വാർഷിക ഇൻക്രിമെന്റും തുടർഇൻക്രിമെന്റുകളും നിഷേധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ വിഷയത്തിലു ള്ള അസന്തുലിതാവസ്ഥ പരിഹരിച്ച് എല്ലാവർക്കും ഇൻക്രിമെന്റ് നൽകുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ രണ്ടാമത്തെ വാർഷിക ഇൻക്രിമെന്റ് അനുവദിക്കണമെങ്കിൽ പ്രൊബേഷൻ കാലാവധി തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് നിയമനാധികാരി ഉത്തരവാകേണ്ടതുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ ടി തസ്തികയിലെ നിയമനം, സേവന വ്യവസ്ഥ എന്നിവ കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾസ് 1980 പ്രകാരമാണ്. ആയത് 16-6-1980 ലെ ജി.ഒ (പി) നമ്പർ 852/80/ആർ.ഡി പ്രകാരം നിലവിൽ വന്നിട്ടു ള്ളതും 16-6-1980-ലെ കേരള എക്സ്ട്രാ ഓർഡിനറി ഗസറ്റ് പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടു ള്ളതുമാണ്. പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ തുടർച്ചയായ മൂന്ന് വർഷ കാലയളവിനുള്ളിലെ രണ്ട് വർഷം പ്രൊബേഷനിലായിരിക്കുമെന്ന് റൂൾ-9 പ്രകാരവും, പ്രൊബേഷൻ കാലയളയിനുള്ളിലോ അതിനുമുമ്പോ അവർ (ഉദ്യോഗസ്ഥർ) നിശ്ചിത ട്രെയിനിംഗ്/ ടെസ്റ്റ് യോഗ്യതകൾ (ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് & ഹയർ സർവ്വെ ടെസ്റ്റ്)

നേടിയിരിക്കണമെന്ന് റൂൾ 10 പ്രകാരവും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ടെസ്റ്റ് യോഗ്യതകൾ നേടാതിരിക്കുകയും 50 വയസ്സ് പൂർത്തിയാക്കുകയും ചെയ്ത ജീവനക്കാർക്ക് കെ.എസ് & എസ്.എസ്. ആർ. റൂൾ 13 ബി പ്രകാരം ടെസ്റ്റ് യോഗ്യതകൾ നേടുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. തുടർച്ചയായ മൂന്ന് വർഷക്കാലയളയിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കുന്ന ഉദ്യോഗസ്ഥർക്ക് ഒരു വർഷം പൂർത്തിയാകുന്നമുറയ്ക്ക് ഒന്നാം ഇൻക്രിമെന്റ് അനുവദിക്കാം എന്നും, രണ്ടാം ഇൻക്രിമെന്റ് പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചതിനുശേഷമേ അനുവദിക്കാവൂ എന്നും കെ.എസ്.ആർ പാർട്ട് 1,37(B) (b)(i) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ റൂൾ 31-ലെ നോട്ട് 1 പ്രകാരം "Obligatory Departmental Test" ജീവനക്കാരൻ യഥാസമയം നേടിയില്ലായെങ്കിൽ ഇൻക്രിമെന്റ് യോഗ്യനല്ല എന്നും പരാമർശിക്കുന്നുണ്ട്. കൂടാതെ ടി റൂളിലെ Government decision-2 പ്രകാരം, പ്രൊബേഷൻ ഡിക്ലയർ ചെയ്തതിനുശേഷം അനുവദിക്കുന്ന ഇൻക്രിമെന്റിന് പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതിക്ക് തൊട്ടടുത്ത ദിവസം മാത്രമേ അർഹത കൈവരുന്നുള്ളു. മേൽ സാഹചര്യത്തിൽ നിയമാനുസൃതം പ്രൊബേഷൻ കാലം തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവാകാത്ത ജീവനക്കാർക്ക് രണ്ടാമത്തെ വാർഷിക ഇൻക്രിമെന്റും തുടർന്നുള്ള ഇൻക്രിമെന്റുകളും അനുവദിക്കാൻ കഴിയുകയില്ല. ആകയാൽ ഈ വിഷയത്തിലുള്ള അസന്തുലിതാവസ്ഥ പരിഹരിച്ച് എല്ലാവർക്കും ഇൻക്രിമെന്റ് നൽകുവാൻ നിയമപരമായി വ്യവസ്ഥയില്ല.

**സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകാൻ നടപടി**

284 (1143) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ആർ.ഡി.ഒ ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. മാത്യു പി. മാത്യു എന്നയാളുടെ സീനിയോറിറ്റി പുന:സ്ഥാപിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ നാളിതുവരെയായി ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ടിയാന്റെ സീനിയോറിറ്റി പുന:സ്ഥാപിച്ച് നൽകുന്നതിന് നിലവിൽ നിയമപരമായോ ഭരണപരമായോ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വെളിപ്പെടുത്തുമോ;

(ഡി) ഇല്ലെങ്കിൽ ടിയാൻെറ സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകുന്നകാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) അപേക്ഷ ലഭിച്ചിരുന്നു.

(ബി) 26-3-2006 മുതൽ 31-12-2014 വരെയുള്ള കാലയളവിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്ന വേളയിൽ ടിയാനും തുടർന്ന് ടിയാന്റെ മാതാവും ആക്ഷേപം ഉന്നയിച്ചിരുന്നു. കോട്ടയം ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ തിരുവനന്തപുരം ജില്ലയിൽ ട്രഷറി വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 7-2-2001-ന് ജോലിയിൽ പ്രവേശിച്ച ശ്രീ. മാത്യു.പി.മാത്യു അന്തർവകുപ്പ് സ്ഥലംമാറ്റം മുഖേന 1-1-2008-ൽ പത്തനംതിട്ട ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് വീണ്ടും ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 3-5-2014-ലെ സ.ഉ (കൈ)178/14/റവന്യൂ പ്രകാരം 1-7-2014-ൽ കോട്ടയം ജില്ലയിൽ റവന്യൂ വകുപ്പിൽ അന്തർവകുപ്പ് സ്ഥലംമാറ്റം മുഖേന ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 26-3-2006 മുതൽ 31-12-2014 വരെയുള്ള കാലയളവിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ടിയാൻ അന്തർ വകുപ്പ് സ്ഥലം മാറ്റം വാങ്ങി റവന്യൂ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച 1-7-2014 തീയതി പ്രാബല്യത്തിൽ സ്ഥാനം അനുവദിച്ചിട്ടുള്ളതുമാണ്. കേരള സംസ്ഥാന സർവ്വീസും സബോർഡിനേറ്റ് സർവ്വീസും സംബന്ധിച്ച ചട്ടങ്ങളിൽ ഭാഗം II-ൽ ചട്ടം 27 (a) പ്രകാരം ഇന്റർ ഡിപ്പാർട്ടുമെന്റൽ സ്ഥലംമാറ്റം നേടുന്ന ആളുകളുടെ സീനിയോറിറ്റി പുതിയ ഡിപ്പാർട്ടുമെന്റിൽ ഡ്യൂട്ടിക്ക് ഹാജരാകുന്ന തീയതി പ്രകാരമാണ് കണക്കാക്കേണ്ടത്.

6-2-2013-നുശേഷം ജില്ലാതല നിയമന വ്യവസ്ഥ പ്രകാരം ആസ്ഥാന ഒഴിവിൽ നിയമനം നേടുകയും തുടർന്ന് 6-2-2013-ലെ ജി.ഒ. (പി)നമ്പർ 05/13/ ഉഭപവ. നമ്പർ ഉത്തരവിന്റെ ഖണ്ഡിക 3 (VII), 3 (IX) പ്രകാരം അന്തർവകുപ്പ് സ്ഥലം മാറ്റം നേടുകയും ചെയ്തവർക്ക് മാത്രമേ 10-7-2014-ലെ സ.ഉ (പി) 20/14/ ഉ.പ.ഭ.പ.വ നമ്പർ ഉത്തരവും 14-11-2014-ലെ സ.ഉ (പി)38/14/ഉഭപവ നമ്പർ ഉത്തരവുകളുടെ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടിയാന്റെ അപേക്ഷ മേൽ സർക്കാർ ഉത്തരവുകളുടെ പരിധിയിൽ വരാത്തതിനാൽ ട്രഷറി വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ സേവനമാരംഭിച്ച 7-2-2001 മുതലു ള്ള സീനിയോറിറ്റി നിർണ്ണയിച്ച് നൽകുവാൻ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കഴിയില്ലെന്നുമുള്ള വിവരങ്ങൾ 4-3-2015-ലെ 5526/റ്റി3/2015/റവ നമ്പർ കത്ത് പ്രകാരം ശ്രീ. മാത്യൂ. പി. മാത്യുവിനേയും 17-11-2016 ലെ 52461/റ്റി3/2015/റവ കത്ത് പ്രകാരം ടിയാന്റെ മാതാവിനെയും അറിയിച്ചിട്ടുണ്ട്.

(സി&ഡി) മേൽപരാമർശിച്ച സർക്കാർ ഉത്തരവുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ സീനിയോറിറ്റി സംരക്ഷണത്തിന് അർഹതയില്ല.

## താലൂക്ക് സഭകൾ

285 (1144) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിമാസം നടക്കുന്ന താലൂക്ക് സഭകളുടെ പരിഗണനാ വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത താലൂക്ക് സഭകൾക്ക് എന്തൊക്കെ അധികാരങ്ങളാണ് നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) താലൂക്ക് സഭകൾക്ക് താലൂക്കുകളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുവാൻ അധികാരമുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത പരാതികൾ സമയബന്ധിതമായി പരിഹരിക്കപ്പെടുന്നുണ്ടോയെന്നുമു ള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്ക് സഭയിൽ കഴിഞ്ഞ ഒരു വർഷക്കാലം പരിഹരിച്ച പരാതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത താലൂക്ക് സഭയുടെ ഘടനയെക്കുറിച്ചും ആരൊക്കെയാണ് അതിൽ പങ്കെടുക്കേണ്ടതെന്നുമുള്ള പ്രസക്തമായ ഉത്തരവുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) താലൂക്ക് സഭകൾ 22-11-2006-ലെ സ.ഉ. (കൈ) നമ്പർ 330/2006/റവ ഉത്തരവുപ്രകാരം താലൂക്ക് വികസന സമിതി എന്ന പേരിൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ സാമാന്യമായ അവലോകനം, കാലതാമസം ഉണ്ടാകുന്ന വകുപ്പുകളിലെ പ്രശ്നങ്ങൾ, വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കൽ, ഗുരുതരമായ പൊതുജന പരാതികൾ ചർച്ച ചെയ്ത് തീരുമാനം എടുക്കൽ, ജനക്ഷേമകരമായ പുതിയ പദ്ധതികൾക്ക് രൂപം കൊടുത്ത് നടപ്പിലാക്കൽ, ഓരോ യോഗവും അതിനുമുമ്പ് എടുത്ത നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കിയെന്ന് ഉറപ്പുവരുത്തൽ, ജില്ലാ വികസന സമിതി ചർച്ച ചെയ്യുന്ന എല്ലാ വിഷയങ്ങളും താലൂക്ക് വികസന സമിതിയിലും ചർച്ച ചെയ്യുക എന്നിവയാണ് താലൂക്ക് വികസന സമിതികളുടെ പരിഗണനാ വിഷയങ്ങൾ.

(ബി) സർക്കാരിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം, വകുപ്പുകളിൽ കാലതാമസമുണ്ടാകുന്ന പ്രശ്നങ്ങൾ, വിവിധ വകുപ്പുകളുടെ ഏകോപനം, പൊതുജന പരാതികളുടെ പരിഹാരം, പുതിയ പദ്ധതികളുടെ രൂപം നൽകൽ, ഓരോ യോഗവും അതിനുമുമ്പ് എടുത്ത നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കിയെന്ന് ഉറപ്പു വരുത്തൽ എന്നിവയാണ് താലൂക്ക് വികസന സമിതിയുടെ ചുമതലകൾ. കൂടാതെ ജില്ലാ വികസന സമിതി ചർച്ച ചെയ്യുന്ന എല്ലാ വിഷയങ്ങളും താലൂക്ക് വികസന സമിതിയിൽ ചർച്ച ചെയ്യേണ്ടതാണ്.

(സി) ഗുരുതരമായ പൊതുജന പരാതികൾ ചർച്ചചെയ്ത് തീരുമാനമെടുക്കാൻ അധികാരമുണ്ട്. പൊതുജനങ്ങളുടെ ആവശ്യങ്ങളും പരാതികളും യഥാസമയം പരിശോധിച്ചും കാലവിളംബം കൂടാതെ അവയ്ക്ക് പരിഹാരം കാണുന്നതിനും ഭരണനേട്ടങ്ങൾ യഥാസമയം ജനങ്ങളിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ടാണ് സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും താലൂക്ക് വികസന സമിതികൾ രൂപീകരിച്ചിട്ടുള്ളത്. കൂടാതെ പരാതിക്കാധാരമായ വിഷയങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി നേരിട്ട് ചർച്ച ചെയ്ത് പ്രശ്നപരിഹാരം കണ്ടെത്തുന്നതിനും നിർദ്ദേശിക്കുന്നതിനും താലൂക്ക് സഭകൾക്ക് സാധിക്കുന്നുണ്ട്. ഓരോ യോഗവും അതിനുമുമ്പെടുത്ത നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കിയെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്.

(ഡി) കോഴിക്കോട് താലൂക്ക് വികസന സമിതിയിൽ കഴിഞ്ഞ വർഷം പരാതികൾ ഒന്നും തന്നെ നേരിട്ട് പരിഹരിച്ചിട്ടില്ല. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പരാതികൾ അതാത് വകുപ്പുകൾക്കയച്ച് ഏകോപിപ്പിക്കുന്ന പ്രവർത്തനമാണ് നടത്തിയത്.

(ഇ) താലൂക്ക് സഭകൾ താലൂക്ക് വികസന സമിതി എന്ന പേരിൽ പുനഃസംഘടിപ്പിച്ചുകൊണ്ടും സമിതികളിലെ പ്രാതിനിധ്യവും ചുമതലകളും പരിഷ്കരിച്ചുകൊണ്ടും 22-11-2006-ലെ സ.ഉ (കൈയെഴുത്ത്) നമ്പർ 330/2006/ആർ.ഡി നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ആലത്തൂർ താലൂക്കിൽ നടത്തിയ അദാലത്തുകൾ

286 (1145) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ താലൂക്കിൽ നടത്തിയ റവന്യൂ അദാലത്തുകൾ എത്രയാണെന്ന് വിശദമാക്കാമോ;

(ബി) റവന്യൂ അദാലത്തുകളിൽ ലഭിച്ച പരാതികളുടെ എണ്ണവും എത്ര പരാതികളിന്മേൽ നടപടികൾ സ്വീകരിച്ചു എന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പരാതികളെയും അതിന് സ്വീകരിച്ച പരിഹാരമാർഗ്ഗങ്ങളെയും കുറിച്ച് വിശദീകരിക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ താലൂക്കിൽ 17-1-2017-ന് എരിമയൂർ, കുട്ടാല പട്ടികജാതി കോളനിയിലും 13-2-2017-ന് കിഴക്കഞ്ചേരി അമ്പിട്ടൻ തരിശ് പട്ടികവർഗ്ഗ കോളനിയിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്ഥലം എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ജനസമ്പർക്ക പരിപാടി നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ജനസമ്പർക്ക പരിപാടികളിൽ 17-1-2017-ന് 352 പരാതികളും 13-2-2017-ന് 409 പരാതികളും ഉൾപ്പെടെ ആകെ 761 പരാതികൾ ലഭിച്ചു. ആയതിൽ 431 പരാതികൾ പരിഹരിച്ചു.

(സി) പ്രസ്തുത പരാതികൾ ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് അയച്ചുകൊടുക്കുകയും ആയതിനുള്ള മറുപടി പരാതിക്കാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എരിമയൂർ കുട്ടാല കോളനിയിൽ നടന്ന അദാലത്തിൽ റവന്യൂ വകുപ്പിൽ നേരിട്ട് 82 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ആയതിൽ വീട് അനുവദിച്ച് കിട്ടുന്നത്, വീട് അറ്റകുറ്റപ്പണി എന്നിവ സംബന്ധിച്ചുള്ള പരാതികൾ എരിമയൂർ ഗ്രാമപഞ്ചായത്തിലേയ്ക്കും കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലേയ്ക്കും കൈമാറിയിട്ടുള്ളതും ടി ഓഫീസുകളിൽ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. കറന്റ് കണക്ഷൻ ലഭിക്കുന്നത്, തെരുവ് വിളക്കുകൾ സ്ഥാപിച്ചുകിട്ടുന്നത്, റേഷൻ കാർഡ് ബി.പി.എൽ ആക്കുന്നത്, പട്ടയം അനുവദിച്ച് കിട്ടുന്നത് തുടങ്ങിയവ സംബന്ധിച്ച അപേക്ഷകൾ കെ.എസ്.ഇ.ബി. താലൂക്ക് സപ്ലൈ ഓഫീസ്, ആലത്തൂർ ലാൻഡ് ട്രിബ്യൂണൽ എന്നിങ്ങനെ അതാത് ഓഫീസുകളിലേയ്ക്ക് കൈമാറിയിട്ടുള്ളതും പ്രസ്തുത ഓഫീസുകളിൽ നടപടി സ്വീകരിച്ചിട്ടു ള്ളതുമാണ്. പ്രസ്തുത അദാലത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ചികിത്സാ ധനസഹായം അനുവദിച്ച് കിട്ടുന്നതിന് ലഭിച്ച ആറ് അപേക്ഷകളിന്മേൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടയം ബുക്ക് ചെയ്തു കിട്ടുന്നതിന് ലഭിച്ച അപേക്ഷകളിൽ 5 കേസുകൾ പട്ടയം ബുക്ക് ചെയ്തിട്ടുള്ളതും 4 കേസുകളിൽ വ്യക്തമായ കൈവശരേഖ ഇല്ലാത്തതിനാലും അതിർത്തി ഇല്ലാതെ കൂട്ടായ കൈവശത്തിലും ഒന്നിലധികം അവകാശികൾ ഉള്ളതിനാലും ഒരു അപേക്ഷയിൽ കൈവശ രേഖയായ ആധാരത്തിലെ സർവ്വേ നമ്പർ തെറ്റായതിനാലും പട്ടയം ബുക്ക് ചെയ്ത് നൽകുവാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. അമ്പിട്ടൻ തരിശ് കോളനിയിൽ വച്ച് നടന്ന അദാലത്തിൽ റവന്യൂ വകുപ്പിൽ നേരിട്ട് 132 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ആയതിൽ പട്ടികജാതി പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട അപേക്ഷകൾ പ്രസ്തുത ഓഫീസിലേയ്ക്കും വീട്, ധനസഹായം, പഠന സഹായം, തൊഴുത്ത് നിർമ്മാണം തുടങ്ങിയവയുമായി ബന്ധപ്പെട്ട അപേക്ഷകൾ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്, കണമ്പ്ര ഗ്രാമപഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിലേയ്ക്ക് കൈമാറിയിട്ടുള്ളതുമാണ്.

കറന്റ് കണക്ഷൻ കിട്ടുന്നത്, മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട അപേക്ഷകൾ, റേഷൻ കാർഡുമായി ബന്ധപ്പെട്ട പരാതികൾ, പി.ഡബ്ല്യൂ.ഡി റോഡ് വിഭാഗം, വാട്ടർ അതോറിറ്റി എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ അതാതു വകുപ്പുകളിലേയ്ക്ക് കൈമാറിയിട്ടു ള്ളതും പ്രസ്തുത ഓഫീസുകളിൽ നടപടി സ്വീകരിച്ചിട്ടുള്ളവയുമാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ചികിത്സാ ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയ കേസുകളിൽ ധനസഹായം അനുവദിച്ചി ട്ടുള്ളതും സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത കേസുകളിലും വാർദ്ധക്യ സഹജമായ അസുഖമുള്ള കേസുകളിലും അപേക്ഷകർക്ക് മറുപടി നൽകി തീർപ്പാക്കിയിട്ടു ള്ളതുമാണ്. പട്ടയം അനുവദിച്ച് കിട്ടുന്നതിനുള്ള അപേക്ഷകളിൽ 2 കേസുകളിൽ കിഴക്കഞ്ചേരി വില്ലേജാഫീസർ പട്ടയം ബുക്ക് ചെയ്ത് നൽകിയിട്ടുള്ളതും 5 കേസുകളിൽ ആലത്തൂർ മുനിസിഫ് കോടതിയിൽ സിവിൽ കേസ് നിലനിൽക്കുന്നതിനാൽ പട്ടയം ബുക്ക് ചെയ്തിട്ടില്ലാത്തതും ഈ വിവരം കാണിച്ച് കക്ഷികൾക്ക് മറുപടി നൽകിയിട്ടുള്ളതുമാണ്. മിച്ചഭൂമി പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷ, ദേശീയ കുടുംബക്ഷേമ പദ്ധതി ധനസഹായം, അമ്പിട്ടൻ തരിശ് ക്വാറിക്കെതിരെയുള്ള പരാതി എന്നിങ്ങനെയുള്ള അപേക്ഷകളിൽ വില്ലേജ് ഓഫീസർ റിപ്പോർട്ട് ലഭ്യമാക്കി അപേക്ഷകർക്ക് മറുപടി നൽകി തീർപ്പാക്കിയിട്ടുള്ളതുമാണ്.

## കരം ഒടുക്കുന്നതിനുള്ള അനുവാദം

287 (1146) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ തൈവിളാകം പ്രദേശത്ത്, മണമ്പൂർ വില്ലേജ് മുൻ സർവ്വേ നമ്പർ-2519, 2565, 1530 എന്നീ വസ്തുക്കളിൽ കരം ഒടുക്കുന്നതിനുള്ള അനുവാദം നൽകാനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നമ്പർ എൻ2/37/2017/റവന്യൂ തീയതി 23-11-2017 കത്തിന്മേൽ സ്റ്റേറ്റ് ലാൻഡ് ബോർഡ് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത കത്ത് ലാൻഡ് ബോർഡിന് ലഭ്യമായ തീയതി, ലാൻഡ് ബോർഡ് ചിറയിൻകീഴ് താലൂക്ക് ലാൻഡ് ബോർഡിന് കത്ത് നൽകിയ തീയതി, മറുപടി ലഭ്യമായ തീയതി എന്നിവ വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മണമ്പൂർ വില്ലേജിലെ നിർദ്ധനരായ കോളനി നിവാസികൾ ഉൾപ്പെടുന്ന പ്രദേശത്ത് ഭൂനികുതി സ്വീകരിക്കാത്തതുമൂലം പഞ്ചായത്തിൽ നിന്നുള്ള ആനുകൂല്യങ്ങളും ബാങ്കിൽ ഭൂമി ഈട്വയ്ക്കുന്നതിനുള്ള തടസ്സങ്ങളും ഉള്ള സാഹചര്യത്തിൽ

കരം സ്വീകരിക്കാൻ നടപടി തുടരുന്നതിന് ജില്ലാ കളക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടതിനെത്തുടർന്ന് 27-11-2017-ൽ ലാൻഡ് ബോർഡിന് ലഭ്യമായ എൻ2/37/2017/റവന്യൂ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ചിറയിൻകീഴ് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന്റെയും തിരുവനന്തപുരം ജില്ലാ കളക്ടറുടെയും വിവിധ റിപ്പോർട്ടുകൾ ക്രോഡീകരിച്ചുകൊണ്ട് 9-1-2018-ലെ എൽ.ബി (ബി1)-23701/1994 നമ്പർ കത്തിലൂടെ ലാൻഡ് ബോർഡ് സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണമ്പൂർ വില്ലേജിലെ ഭൂമി കൈമാറ്റങ്ങൾ നടന്ന വർഷങ്ങൾ, നിലവിലെ കൈവശക്കാർക്ക് ഭൂമി ലഭ്യമായതിന്റെ വിശദാംശങ്ങൾ, പ്രസ്തുത ഭൂമി അളന്നുതിട്ടപ്പെടുത്തുന്നതിന് രൂപീകരിച്ച സർവ്വേ ടീമിന്റെ അന്തിമ റിപ്പോർട്ട് എന്നിവ പരിശോധിച്ച് നിയമാനുസൃതമായ നടപടി ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നു.

## ആലപ്പുഴ ലേക്ക് പാലസ് റിസോർട്ട്

288 (1147) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലാ കളക്ടർ ലേക് പാലസ് റിസോർട്ടുമായി ബന്ധപ്പെട്ട് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇത് സംബന്ധിച്ച് സുപ്രീം കോടതിയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ; ആരാണ് പ്രസ്തുത കേസ് നൽകിയിട്ടുള്ളത്; ഈ കേസിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിസോർട്ടിലേക്കുള്ള റോഡ് 2008-ലെ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നശേഷം വയൽ നികത്തി നിർമ്മിച്ചതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത നിയമം ലംഘിച്ചതിന്റെ പേരിൽ റിസോർട്ടിന്റെ ഉടമസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രസ്തുത പ്രദേശത്തിന്റെ സ്ഥലപരിശോധന നടത്തി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച് സുപ്രീം കോടതിയിൽ SLA 33948/17 നമ്പരായി കേസ് നിലവിലുണ്ട്. ശ്രീ. തോമസ് ചാണ്ടി ബഹു.ഹൈക്കോടതി വിധിക്കെതിരെ നൽകിയ ഹർജിയാണിത്. ഈ കേസിൽ അഡ്വക്കേറ്റ് ജനറലിൽ നിന്നും ലഭിക്കുന്ന നിർദ്ദേശമനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) ലേക്ക് പാലസ് റിസോർട്ടിലേയ്ക്കുള്ള റോഡ് 2008-ലെ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതിനുശേഷം വയൽ നികത്തി നിർമ്മിച്ചതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) റിസോർട്ടിന്റെ ഉടമസ്ഥർക്കെതിരെ ഇതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## കൈപമംഗലം മനയ്ക്കൽ കുളം പതിച്ചുനൽകൽ

289 (1148) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ കൈപ്പമംഗലം വില്ലേജിലെ "മനയ്ക്കൽ കുളം" സ്വകാര്യ വ്യക്തികൾക്ക് പതിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ആർക്കാണെന്നും എത്ര ഏക്കർ ആണ് പതിച്ചുനൽകിയതെന്നും എന്നാണ് പതിച്ചുനൽകിയതെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കുളം പതിച്ചു നൽകിയിട്ടുണ്ടെങ്കിൽ ഇത് തിരിച്ചുപിടിച്ച് പൊതുജനങ്ങൾക്ക് ഉപയോഗത്തിനായി നൽകുമോ;

(സി) സർക്കാർവക കുളം സ്വകാര്യ വ്യക്തിക്ക് പതിച്ചു നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ മനക്കൽപാടം എന്നറിയപ്പെടുന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കൈപ്പമംഗലം സർവ്വേ 313/12-ൽപ്പെട്ട 30 സെന്റ് നി.കെ. കുളം, ജില്ലാ കളക്ടറുടെ 20-6-90-ലെ കെഡിസ്, 96226/89/ബി1, റവന്യൂ ഡിവിഷണൽ ഓഫീസറുടെ 30-6-90-ലെ ബി1-13893/89 എന്നീ ഉത്തരവുകൾ പ്രകാരം പുഴങ്കരയില്ലത്ത് കുഞ്ഞു മകൻ ഹസ്സൻകുഞ്ഞി ടി ഹസ്സൻകുഞ്ഞി ഭാര്യ ഐഷാബി എന്നിവർ പേരിൽ നികുതി കെട്ടാവുന്നതാക്കി മാറ്റിയിട്ടുണ്ട്. വില്ലേജ് രേഖകൾ പ്രകാരം നി.കെ.കുളം വിഭാഗത്തിൽപ്പെടുന്ന ടി ഭൂമി നിയമാനുസൃതം MLR (മലബാർ ലാൻഡ് രജിസ്ട്രേഷൻ) ആക്ട് പ്രകാരമാണ് നികുതി കെട്ടുന്നതായി മാറ്റിയത്.

(ബി&സി) മലബാർ ലാൻഡ് രജിസ്ട്രേഷൻ ആക്ട് പ്രകാരം പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടി വിശദമായി പരിശോധിച്ച് ചട്ടങ്ങളിൽ ലംഘനം നടത്തിയിട്ടുണ്ടെന്ന് കണ്ടെത്തുന്നപക്ഷം ടി വിഷയത്തിൽ മേൽ നടപടി സ്വീകരിക്കുന്നതാണ്.

## കൊല്ലത്തെ പഴയ താലൂക്ക് ഓഫീസ് കെട്ടിടം

290 (1149) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം താലൂക്ക് ഓഫീസ് പഴയ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഓഫീസുകൾ ഏതൊക്കെ;

(ബി) കൊല്ലം താലൂക്ക് ഓഫീസ് കെട്ടിടം ബഹുനില കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതിനാൽ സ്വാതന്ത്ര്യസമര ചരിത്ര പാരമ്പര്യമുള്ളതും വാസ്തുശില്പ ഭംഗിയുള്ളതുമായ പഴയകെട്ടിടത്തെ ചരിത്രസ്മാരകമായി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം താലൂക്ക് ഓഫീസ് പഴയ കെട്ടിടത്തിൽ നിലവിൽ ഓഫീസുകളൊന്നും പ്രവർത്തിച്ചുവരുന്നില്ല.

(ബി) പഴയ കെട്ടിടത്തെ ചരിത്ര സ്മാരകമായി സംരക്ഷിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## വെള്ളാനിക്കര വില്ലേജ് രൂപീകരണം

291 (1150) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ മാടക്കത്തറ-വെള്ളാനിക്കര ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് പുതിയതായി വെള്ളാനിക്കര വില്ലേജ് രൂപീകരിക്കുന്നതിന് ഇതുവരെ കൈകൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ വില്ലേജിലേക്ക് ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിച്ച് വെള്ളാനിക്കര വില്ലേജ് പുതിയതായി രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഗ്രൂപ്പ് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്ന സമയത്ത് പരിശോധിക്കുന്നതാണ്.

## വില്ലേജുകളില്ലാത്ത ഗ്രാമപഞ്ചായത്തുകൾ

292 (1151) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വില്ലേജുകളില്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ നിലവിലുണ്ട്; അവ ഏതെല്ലാമാണ് എന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ വില്ലേജുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് വില്ലേജുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ ഒന്നും തന്നെ നിലവിലില്ല. വില്ലേജുകൾ ഇല്ലാതിരുന്ന രണ്ട് പഞ്ചായത്തുകളായ ഇടുക്കി ജില്ലയിലെ മൂന്നാർ, ഇടമലക്കുടി എന്നിവിടങ്ങളിൽ 7-11-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 459/14/റവന്യൂ, ജി.ഒ. (എംഎസ്.) നമ്പർ 460/14/റവന്യൂ വിജ്ഞാപനങ്ങൾ പ്രകാരം വില്ലേജുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വില്ലേജുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടങ്ങൾ ലഭ്യമല്ലാത്തതിനാലും കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാലും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രസ്തുത വില്ലേജാഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ ഇടുക്കി ജില്ലാ ഭരണകൂടം സ്വീകരിച്ചു വരുന്നു.

## പൊതുവഴി സ്വകാര്യ വ്യക്തി കെട്ടിഅടച്ചതുമായി ബന്ധപ്പെട്ട പരാതി

293 (1152) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്ക് ഒളവണ്ണ വില്ലേജിൽ സർവ്വെ നമ്പർ 81/16 (റി.സ.145/5)-ൽ ശ്രീമതി പുളിങ്ങാഞ്ചേരി ആമിന എന്നിവരുടെയും പരിസര വാസികളുടെയും പൊതുവഴി സ്വകാര്യ വ്യക്തി കെട്ടി അടച്ചത് സംബന്ധിച്ച് പരാതി കോഴിക്കോട് താലൂക്ക് ഓഫീസിൽ നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) കോഴിക്കോട് താലൂക്ക് ഓഫീസിലെ ഫയൽ നമ്പർ എ/2549/2009, എം.സി./15/2009 എന്നീ ഫയലുകളിൽ നാളിതുവരെ നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; പൊതുജനങ്ങളെ ബാധിക്കുന്ന ഈ ഫയലുകളിൽ ഇത്രയും കാലതാമസം ഉണ്ടായത് എന്തുകൊണ്ടാണ്; പ്രസ്തുത ഫയലുകളിൽ ഉടൻതന്നെ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പരാതി നിലവിലുണ്ട്. കോഴിക്കോട് സബ്ഡിവിഷൻ മജിസ്ട്രേറ്റ് കോടതിയുടെ എ-2546/2009 തീയതി 26-3-2009-ലെ സോപാധിക ഉത്തരവ് പ്രകാരം ലഭിച്ചത്.

(ബി) മേൽപ്രകാരം ലഭിച്ച ഉത്തരവിൽ എതിർകക്ഷികളോട് തടസ്സം നീക്കി വഴി പുനഃസ്ഥാപിക്കുകയോ അല്ലെങ്കിൽ ഉത്തരവ് പ്രാവർത്തികമാക്കാതിരിക്കാനുള്ള കാരണം 27-05-2009-ന് കോഴിക്കോട് തഹസീൽദാർ & എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കോടതിയിൽ എം.സി. 15/2009 നമ്പറായി കേസ് ഫയൽ ആരംഭിച്ചു. ഇരുകക്ഷികളും വിചാരണയ്ക്ക് ഹാജരായി. എതിർ കക്ഷി കോഴിക്കോട് സബ്ഡിവിഷൻ മജിസ്ട്രേറ്റ് കോടതിയുടെ എ-2546/09 തീയതി 26-3-2009-ലെ സോപാധിക ഉത്തരവിനെതിരെ ആക്ഷേപ ഹർജി ബോധിപ്പിച്ചു. സ്ഥലപരിശോധന നടത്തുകയും വിചാരണ നടത്തുകയും ചെയ്തതിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് സബ്ഡിവിഷണൽ മജിസ്ട്രേറ്റ് കോടതിയുടെ എ-2546/09 തീയതി 26-3-2009-ലെ സോപാധിക ഉത്തരവ് സ്ഥിരപ്പെടുത്തി എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കോടതി 25-7-2011-ന് ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ എതിർകക്ഷി ബഹുമാനപ്പെട്ട സെഷൻസ് കോടതി കോഴിക്കോട് മുമ്പാകെ ഫയൽചെയ്ത 62/2012 നമ്പർ റിവിഷൻ പെറ്റീഷൻ പരിഗണിച്ച് കോടതി 2-2-2012-ന് കേസ് റിമാന്റ് ചെയ്ത് തിരിച്ചയയ്ക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ടി കേസിൽ വീണ്ടും വിചാരണ നടന്നുവരികയും 19-12-2017-ന് അവസാനമായ വിചാരണ നടന്ന കേസിൽ 10-4-2018-ന് അടുത്ത വിചാരണ നിശ്ചയിച്ചിട്ടുള്ളതുമാണ്.

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട കോഴിക്കോട് സബ്ഡിവിഷണൽ മജിസ്ട്രേറ്റ് കോടതിയുടെ ഫയൽ എ-2546/2009 നമ്പരാണ്. കോഴിക്കോട് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കോടതിയുടേത് എം.സി.15/2009 നമ്പർ ഫയലാണ്. എ/2549/2009 നമ്പർ ഫയൽ ഈ വിഷയവുമായി ബന്ധപ്പെട്ടതല്ല. സെഷൻസ് കോടതിയുടെ നിർദ്ദേശപ്രകാരം പുനർവിചാരണ നടന്നുവരുന്നതിനാലാണ് കേസിൽ ഇത്രയും കാലതാമസത്തിന് കാരണം. ഈ കേസിൽ 19-12-2017-ന് അവസാനമായി വിചാരണ നടത്തിയിരുന്നതും 10-4-2018-ന് അടുത്ത വിചാരണ നിശ്ചയിച്ചിട്ടുള്ളതുമാണ്.

## സ്മാർട്ട് റവന്യൂ ഓഫീസ്

294 (1153) ശ്രീ. ജോർജ് എം. തോമസ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ ഓഫീസുകളെ ഘട്ടംഘട്ടമായി സ്മാർട്ടാക്കി മാറ്റുന്നതിനായി എന്തെല്ലാം പദ്ധതികളാണ് റവന്യൂ വകുപ്പ് ആസൂത്രണം ചെയ്തുവരുന്നത് എന്നറിയിക്കാമോ ;

(ബി) റവന്യൂ ഓഫീസുകളിൽനിന്ന് ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ അതിവേഗം ലഭ്യമാക്കുന്നതിനായി സ്മാർട്ട് റവന്യൂ ഓഫീസ് വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ ഓഫീസുകളുമായുള്ള വീഡിയോ കോൺഫറൻസിംഗ് അടക്കമു ള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ വില്ലേജാഫീസുകളെ ഘട്ടംഘട്ടമായി സ്മാർട്ടാക്കി മാറ്റുന്നതിലേയ്ക്കായി സ്മാർട്ട് റവന്യൂ പദ്ധതിക്കായി 13-ാം പഞ്ചവൽസര പദ്ധതിയിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന്റെ 1-ാം വർഷ പദ്ധതിയായി 2017-18 വർഷത്തിൽ 1500 ലക്ഷം രൂപയും 2-ാം വർഷ പദ്ധതിയായി 2200 ലക്ഷം രൂപയും പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിക്കുകയും ടി തുകയ്ക്ക് ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) മെച്ചപ്പെട്ട സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് സ്മാർട്ട് റവന്യൂ ആഫീസിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ഭൂവിവരങ്ങളുടെ ഡിജിറ്റൈസേഷൻ
2. സംയോജിത ഓൺലൈൻ പോക്കുവരവ്
3. ഇ-പേയ്മെന്റ്
4. ആർ.ആർ.ഓൺലൈൻ
5. ഇ-ഡിസ്ട്രിക്ട്

(സി) സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും വീഡിയോ കോൺഫറൻസിംഗ് നടത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

295 (1155) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ചികിൽസാ ധന സഹായത്തിനുള്ള അപേക്ഷകൾ റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ മുതൽ മുതിർന്ന ഉദ്യോഗസ്ഥർ വരെയുള്ളവരുടെ കയ്യിൽ അനാവശ്യമായി വെച്ച് താമസിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഒരു നിശ്ചിത ദിവസത്തിൽ കൂടുതൽ ഫയൽ കെട്ടിക്കിടക്കുന്നത് പരിഹരിക്കാൻ ആവശ്യമായ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ചുവരുന്നുണ്ട്. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം പുതിയതായി നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകന് പണം അനുവദിക്കുമ്പോൾ തന്നെ ധനകാര്യ വകുപ്പിന്റെ അക്കൗണ്ടിൽനിന്നും പണം ട്രഷറിയിലേയ്ക്കും ട്രഷറിയിൽ നിന്ന് നേരിട്ട് അപേക്ഷകന്റെ അക്കൗണ്ടിലേയ്ക്കും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അപേക്ഷകരുടെ ബാഹുല്യംകൊണ്ട് അപേക്ഷകൾ തീർപ്പാക്കുന്നതിന് കുറച്ച് കാലതാമസം നേരിടുന്നുവെങ്കിലും ധനസഹായവിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും ഓൺലൈനായി നൽകിവരുന്നു. അനുവദിക്കപ്പെട്ട ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## സർവ്വേ അദാലത്ത്

296 (1156) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ ഓഫീസുകളിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുവാൻ റവന്യൂ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സർവ്വേ ഓഫീസുകളിലാണ് അപേക്ഷകൾ കെട്ടിക്കിടക്കുന്നത്; ഏതൊക്കെ റവന്യൂ ജില്ലകളിൽ സർവ്വേ അദാലത്തുകൾ നടത്തുന്നില്ല എന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർവ്വേ അദാലത്തുകൾ നടത്തിയെന്നും എത്ര അപേക്ഷകളിൽ തീരുമാനം കൈക്കൊണ്ടു എന്നും അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. റീസർവ്വേ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിലെ ഭൂമി സംബന്ധമായ എല്ലാ പരാതികളിലും തീർപ്പുകൽപ്പിക്കുന്നതിനുള്ള അധികാരം തഹസിൽദാർ (ഭൂരേഖ)യ്ക്ക് നൽകിയിട്ടുണ്ട്. റീസർവ്വേ പരാതികളിന്മേലുള്ള സർവ്വേ ജോലികൾ, റിപ്പോർട്ട്, സ്കെച്ച് എന്നിവ അംഗീകരിക്കുന്നതിനുള്ള അധികാരം ജില്ലാ സർവ്വേ സൂപ്രണ്ടുമാരിൽനിന്നും താലൂക്ക് സർവ്വേയർമാർക്ക് കൈമാറിയിട്ടുണ്ട്. താലൂക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ റീസർവ്വേ പരാതി പരിഹാര പുരോഗതി മാസംതോറും അവലോകനംചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

(ബി&സി) 2018 ജനുവരി മാസത്തെ റീസർവ്വേ പരാതി പരിഹാര സ്ഥിതി വിവര പത്രിക പ്രകാരം സംസ്ഥാനത്തൊട്ടാകെയുള്ള താലൂക്കുകളിലായി 1,36,476 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ ഒരു ജില്ലയിലും സർവ്വേ അദാലത്ത് നടത്തുന്നില്ല. റീസർവ്വേ പരാതികൾ അതത് താലൂക്കിലെ എൽ.ആർ.എം. വിഭാഗം മുഖേന പരിശോധിച്ച് തഹസീൽദാർ (ഭൂരേഖ) തീർപ്പാക്കി വരുന്നു.

## സർവ്വേ അതിരടയാള നിയമം

297 (1157) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് നിലവിലുള്ള സർവ്വേ അതിരടയാള നിയമം മാറ്റുന്നതിന് ആലോചിക്കുന്നുണ്ടോ;എങ്കിൽ ഇതിനുള്ള കാരണം എന്താണെന്നും ഇതിനായി സ്വീകരിച്ച പകരം സംവിധാനം എന്താണെന്നും അറിയിക്കാമോ; കരടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

സർവ്വേ അതിരടയാള നിയമം ഉൾപ്പെടെ റവന്യൂ സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകൾക്ക് കീഴിൽ വരുന്ന വിവിധ ആക്ടുകൾ ഏകോപിപ്പിച്ചുകൊണ്ട് തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്ന കേരള ലാന്റ് അഡ്മിനിസ്ട്രേഷൻ & മാനേജ്മെന്റ് ആക്ടിന്റെ രൂപീകരണം സംബന്ധിച്ച വിഷയം പരിശോധിച്ചുവരികയാണ്.

## ഓപ്പറേഷൻ അനന്ത

298 (1158) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ഓപ്പറേഷൻ അനന്തയുടെ രണ്ടാം ഘട്ടം ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ:

(ബി) ഒന്നാംഘട്ടത്തിൽ ഇനിയും പൂർത്തിയാക്കുവാനുള്ള പ്രവൃത്തികൾ എന്തൊക്കെയാണ്; അവ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓപ്പറേഷൻ അനന്തയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഒന്നാംഘട്ടത്തിൽ പൂർത്തിയാക്കുവാനുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു*. പല പ്രവൃത്തികൾക്കും അടങ്കൽ തുകയുടെ ഇരട്ടിയിലധികം തുക ചെലവാക്കേണ്ടിവന്നു. ആയതിനുള്ള തുക പ്രവൃത്തി നടത്തിയ കോൺട്രാക്ടർമാർക്ക് നൽകുന്നതിന് സാങ്കേതിക കാരണങ്ങളാൽ കാലതാമസം നേരിടുകയും കയ്യേറ്റം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി കോടതി വ്യവഹാരങ്ങൾ ഉടലെടുക്കുകയും ചെയ്യുകയുണ്ടായി. ഇക്കാരണത്താൽ കരാറുകാർ പണി നിർത്തിവയ്ക്കുന്ന സാഹചര്യം ഉണ്ടായി. ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും പുതുക്കിയ ഭരണാനുമതി നൽകി നിലവിലുള്ള ബില്ലുകൾ മാറി തുക അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കേരളത്തിന് ഇതര സംസ്ഥാനങ്ങളിലു ള്ള ഭൂമി**

299 (1159) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാനത്തിന്റെ ഭൂമി സംസ്ഥാനത്തിനുപുറത്ത് എവിടെയെല്ലാം എത്ര അളവിൽ നിലവിലുണ്ട്; ഇത്തരത്തിലുള്ള ഭൂമി അന്യാധീനപ്പെട്ടുകൊണ്ടിരിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഓരോ സ്ഥലത്തും കൈക്കൊണ്ടുവരുന്നതെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രശ്നങ്ങൾ നിലവിലുള്ളത്; നിലവിൽ യാതൊരു പ്രശ്നവും ഇല്ലാത്തത് എവിടെയെല്ലാം; വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**ഇന്റഗ്രേഷൻ ഓഫ് ലാന്റ് റിക്കാർഡ്സ് സർവ്വീസ് ഡെലിവറി പ്രോജക്ട്**

300 (1160) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വേയും, ഭൂരേഖാവകുപ്പുമായിചേർന്ന് നടത്തുന്ന ഇന്റഗ്രേഷൻ ഓഫ് ലാന്റ് റിക്കാർഡ് സർവ്വീസ് ഡെലിവറി പ്രൊജക്ട്-ന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഡിജിറ്റൽ സർവ്വേയും ഭൂരേഖകളുടെ ഡിജിറ്റൈസേഷനും, ഓൺലൈൻ മോണിറ്ററിംഗ് സിസ്റ്റവും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്ന വില്ലേജുകളിൽ ജിയോ റ്റാഗ്ഡ് ഡിജിറ്റൈഡ് ലാന്റ് റിക്കാർഡ്സ് തയ്യാറാക്കുന്ന പ്രവർത്തനം വകുപ്പ് ലക്ഷ്യം വയ്ക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭൂരേഖകൾ ഏകജാലക സംവിധാനത്തിലൂടെ പൊതു ജനങ്ങളിലേയ്ക്ക് എത്തിക്കുക എന്നതാണ് ഇന്റഗ്രേഷൻ ഓഫ് ലാന്റ് റെക്കോർഡ്സ് സർവ്വീസ് സിസ്റ്റം എന്ന പ്രോജക്ടിന്റെ പ്രധാന ലക്ഷ്യം.

(ബി) ഉണ്ട്.

(സി) ഉണ്ട്. Word Geodetic System 1984 (WGS84) എന്ന കോർഡിനേറ്റ് സിസ്റ്റത്തിനെ ആസ്പദമാക്കിയുള്ള ഡിജിറ്റൽ സർവ്വേ പ്രവർത്തനങ്ങളാണ് നിർവ്വഹിക്കുന്നത്. ആയതിനാൽ ഇപ്രകാരം സർവ്വേ ചെയ്ത് തയ്യാറാക്കുന്ന റിക്കാർഡുകൾ ജിയോ റഫറൻസ്ഡ് റിക്കാർഡുകളായിരിക്കും.

**മലപ്പുറം ജില്ലയിലെ റീസർവ്വേ**

301 (1161) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ റീ-സർവ്വേ സംബന്ധിച്ച ഫയലുകളിൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു വർഷമായിട്ടും നടപടി സ്വീകരിക്കാത്ത എത്ര ഫയലുകൾ ഉണ്ടെന്ന് താലൂക്ക്തിരിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

| | | | |
|---|---|---|---|
| (ബി) | കൊണ്ടോട്ടി | - | ഇല്ല |
| | തിരൂർ | - | 94 |
| | തിരൂരങ്ങാടി | - | ഇല്ല |
| | ഏറനാട് | - | 259 |
| | നിലമ്പൂർ | - | ഇല്ല |

പൊന്നാനി, പെരുന്തൽമണ്ണ താലൂക്കുകളിൽ റീസർവ്വേ ആരംഭിച്ചിട്ടില്ല.

**മലപ്പുറം ജില്ലയിലെ റീസർവ്വേ നടപടികൾ**

302 (1162) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ റീസർവ്വേ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്; ഇനി എത്ര വില്ലേജുകളിൽ റീസർവ്വെ ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിൽ റീസർവ്വെ നടപടികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യം നിലനിൽക്കെ സർവ്വെ ജീവനക്കാരെ മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നടപടി പുനഃപരിശോധിക്കുന്നതിനും ജില്ലയിലെ റീസർവ്വേ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും സത്വരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ 138 വില്ലേജുകളിൽ 56 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. നിലവിൽ തിരൂർ താലൂക്കിലെ താനാളൂർ വില്ലേജിന്റെയും ഏറനാട് താലൂക്കിലെ പയ്യനാട് വില്ലേജിന്റെയും ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) 56 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായിട്ടുണ്ട്. 82 വില്ലേജുകളുടെ റീസർവ്വേ ശേഷിക്കുന്നുണ്ട്. റീസർവ്വേ പൂർത്തിയായ വില്ലേജുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) സംസ്ഥാനത്ത് റീസർവ്വേ പുനഃസ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറച്ച് വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുള്ള കാസർഗോഡ് ജില്ലയിലെ 10 വില്ലേജുകളുടെ സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി മലപ്പുറം ജില്ല ഉൾപ്പെടെയു ള്ള ജില്ലകളിൽ നിന്നും ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയോഗിക്കുകയും ടി ജോലികൾ പൂർത്തിയായ സാഹചര്യത്തിൽ ഇപ്രകാരം നിയോഗിച്ച ജീവനക്കാരെ അവരുടെ ലാവണ കാര്യാലയത്തിലേയ്ക്ക് തിരികെ നിയോഗിച്ചിട്ടുമുണ്ട്. രണ്ടാംഘട്ട സർവ്വേ പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ നിയോഗിച്ച് ഉത്തരവായെങ്കിലും നടപടി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

## കോഴിക്കോട് ജില്ലയിൽ റീസർവ്വേ

303 (1163) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ജില്ലകളിലാണ് റീസർവ്വേ നടത്താൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) റവന്യൂ രേഖകൾ ഓൺലൈൻ ആക്കുമ്പോൾ റീ സർവ്വേ നടക്കാത്തതു കാരണം നികുതി, തണ്ടപ്പേര്, പോക്കുവരവ് തുടങ്ങിയ കാര്യങ്ങളിൽ ആശയക്കുഴപ്പമുണ്ടാവുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോഴിക്കോട് ജില്ലയിൽ റീസർവ്വേ നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും റീസർവ്വേ പ്രവർത്തനങ്ങൾ അവശേഷിക്കുന്നു. റീസർവ്വേ പുരോഗതി അനുബന്ധമായി ചേർക്കുന്നു.*

(ബി) റവന്യൂ രേഖകൾ ഓൺലൈൻ ആക്കുമ്പോൾ റീസർവ്വേ നടക്കാത്തതു കാരണം നികുതി, തണ്ടപ്പേര്, പോക്കുവരവ് തുടങ്ങിയ കാര്യങ്ങളിൽ ആശയ കുഴപ്പമുണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചാണ് നിലവിൽ ഓൺലൈൻ പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) കോഴിക്കോട് ജില്ലയിൽ 16 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായിട്ടുണ്ട്. നിലവിൽ വടകര താലൂക്കിലെ ഇടശ്ശേരി വില്ലേജ് കൊയിലാണ്ടി താലൂക്കിലെ പയ്യോളി വില്ലേജ് എന്നിവയുടെ റീസർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## വില്ലേജ് ഓഫീസുകളുടെ ആധുനികവൽക്കരണം

304 (1164) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്മാർട്ട് വില്ലേജ് ഓഫീസുകൾ എത്രയെന്നും ഏതെല്ലാമെന്നും അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര വില്ലേജ് ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ലതിരിച്ച് അറിയിക്കുമോ; വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വില്ലേജ് ഓഫീസുകളിലെ രജിസ്റ്ററുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും നികുതി ഒടുക്കുന്നതിന് കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി പ്രകാരം നാളിതുവരെ 80 വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകൾ ആക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനത്ത് 59 വില്ലേജാഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 4 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 2 |
| കോട്ടയം | 11 |
| ഇടുക്കി | 2 |
| എറണാകുളം | 2 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 8 |
| മലപ്പുറം | 2 |
| കോഴിക്കോട് | 13 |
| വയനാട് | 1 |
| കണ്ണൂർ | 3 |
| കാസർഗോഡ് | - |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കുള്ള ബജറ്റ് വിഹിതമനുസരിച്ച് സ്വന്തമായി കെട്ടിടമില്ലാത്ത സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ ഘട്ടം ഘട്ടമായി സ്മാർട്ട് വില്ലേജ് ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും ഭൂവിവരങ്ങൾ ഘട്ടംഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വില്ലേജുകളിലെ അടിസ്ഥാന റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും തുടർന്നുള്ള ഭൂനികുതി ശേഖരണവും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. അനുക്രമമായി തണ്ടപ്പേർ വിവരങ്ങളും ഡിജിറ്റൈസ് ചെയ്ത് ഭൂരേഖ സംവിധാനവുമായി സംയോജിപ്പിക്കുന്നു. ആകെയുള്ള 1664 വില്ലേജുകളിൽ 1445 വില്ലേജുകളിൽ ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**ദേശീയ ചുഴലിക്കാറ്റ് അപകട സാധ്യതാ ലഘൂകരണ പദ്ധതി**

305 (1165) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ-സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികളുടെ നിയന്ത്രണത്തിൽ സംസ്ഥാനത്തെ തീരപ്രദേശങ്ങളിലെ ചുഴലിക്കാറ്റുമൂലമുണ്ടാകുന്ന അപകടങ്ങളുടെ വ്യാപ്തി കുറയ്ക്കുന്നതിനുള്ള സമഗ്ര പദ്ധതിയായ ദേശീയ ചുഴലിക്കാറ്റ് അപകട സാധ്യതാ ലഘൂകരണ പദ്ധതി (എൻ.സി.ആർ.എം.പി)-യുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) ദുരന്തസാധ്യതാ മുന്നറിയിപ്പ്, ദുരന്ത പ്രതിരോധത്തിനുള്ള അടിസ്ഥാന സൗകര്യവികസനം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ഏതെല്ലാം തീരദേശ ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നും ഇതിനകം എന്തെല്ലാം പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ തീരപ്രദേശങ്ങളിൽ ചുഴലിക്കാറ്റ്മൂലമുണ്ടാകുന്ന നാശ നഷ്ടങ്ങളുടെ വ്യാപ്തി കുറയ്ക്കുന്നതിനുവേണ്ടി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമഗ്രമായ പദ്ധതിയാണ് ദേശീയ ചുഴലിക്കാറ്റ് അപകട

സാധ്യതാ ലഘൂകരണ പദ്ധതി (എൻ.സി.ആർ.എം.പി.). കേന്ദ്ര ഗവൺമെന്റിന്റെയും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ലോക ബാങ്കിന്റെ ധനസഹായത്തോടുകൂടിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. 2015 ആഗസ്റ്റ് 11-നാണ് ഈ പദ്ധതി ആരംഭിച്ചത്.

(സി) ഉണ്ട്.

(ഡി) 9 തീരദേശ (തിരുവനന്തപുരം, കൊല്ലം, എറണാകുളം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇവിടെ 11 സൈറ്റുകളുടെ soil investigation--നും 16 കെട്ടിടങ്ങളുടെ Architectural Drawings-ഉം 2 Structural Design-ഉം ആയിട്ടുണ്ട്. ആദ്യത്തെ Detailed Project Report ലോകബാങ്കിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## ഏറനാട് മണ്ഡലത്തിലെ ഭവനരഹിതരായ കുടുംബങ്ങൾ

306 (1166) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറനാട് മണ്ഡലത്തിൽ ജനറൽ, എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെട്ട ഭൂരഹിതരും ഭവനരഹിതരുമായ എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഏറനാട് മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണവും ഇതിനകം പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണവും വിശ്ലേഷിച്ച് ലഭ്യമാക്കാമോ;

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഇനിയും ഭൂമി നല്കാനുള്ളവർക്ക് എന്നത്തേക്ക് ഭൂമി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

| ജനറൽ | | എസ്.സി. | | എസ്.ടി. | |
|---|---|---|---|---|---|
| ഭൂരഹിതർ | ഭവന രഹിതർ | ഭൂരഹിതർ | ഭവന രഹിതർ | ഭൂരഹിതർ | ഭവന രഹിതർ |
| 633 | 652 | 167 | 122 | 11 | 14 |

(ബി)

| വില്ലേജ് | തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| അരീക്കോട് | 95 | 8 |
| എടവണ്ണ | 153 | 5 |
| കാവനൂർ | 122 | 0 |
| കീഴുപറമ്പ് | 47 | 0 |
| ഊർങ്ങാട്ടിരി | 120 | 0 |
| പെരകമണ്ണ | 62 | 3 |
| വെറ്റിലപ്പാറ | 37 | 0 |
| ആകെ | 636 | 16 |

(സി) ഭൂമി ലഭ്യമാകുന്നമുറയ്ക്ക് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഗുണഭോക്താക്കളെ നിർണ്ണയിച്ച് ഉത്തരവാകുന്നമുറയ്ക്ക് ഭൂമി അനുവദിക്കുന്നതാണ്.

**പാർപ്പിട സമുച്ചയ പദ്ധതി**

307 (1167) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ ഭവന നിർമ്മാണ ബോർഡ് പുതിയ പാർപ്പിട സമുച്ചയ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിലേയ്ക്കായി ഭവനനിർമ്മാണ ബോർഡ് സംസ്ഥാനത്ത് എവിടെയെങ്കിലും പുതുതായി സ്ഥലം വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കറാണെന്നും എവിടെ യാണെന്നും ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ മുതൽമുടക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച് നിർമ്മാണം പൂർത്തിയാക്കാത്ത എത്ര പാർപ്പിട സമുച്ചയങ്ങൾ സംസ്ഥാനത്തുണ്ടെന്ന് സ്ഥലം സഹിതം വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ കാലയളവിൽ ഭവന നിർമ്മാണ ബോർഡ് സംസ്ഥാന സർക്കാരിന്റെ 2017-18 വർഷത്തെ ബജറ്റ് വിഹിതമുപയോഗിച്ച് സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.

(ബി) ഇതിലേയ്ക്കായി ഭവന നിർമ്മാണ ബോർഡ് സംസ്ഥാനത്ത് പുതുതായി സ്ഥലംഒന്നും വാങ്ങിയിട്ടില്ല.

(സി) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച് നിർമ്മാണം പൂർത്തിയാകാത്ത പദ്ധതികൾ താഴെക്കൊടുക്കുന്നു.

<u>സാഫല്യം ഭവന പദ്ധതി</u> :

തൃശ്ശൂർ പുതുക്കാട് - 48 യൂണിറ്റുകളുടെ ഫൗണ്ടേഷൻ ജോലികൾ പൂർത്തീകരിച്ചു.

കോഴിക്കോട് - ചേളന്നൂർ - 66 യൂണിറ്റുകൾ

ലക്കിടി പേരൂർ -പാലക്കാട്- 24 യൂണിറ്റുകൾ

**വീടുകൾക്ക് ആഡംബര നികുതി**

308 (1168) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഡംബര നികുതി ചുമത്തുന്നതിന് വീടുകൾക്ക് നിശ്ചയിച്ച വിസ്തീർണ്ണത്തിന്റെ പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര രൂപയാണ് ആഡംബര നികുതിയായി വർഷം തോറും ഈടാക്കി വരുന്നത്; ഏത് വർഷം മുതലാണ് ആയത് ഈടാക്കാൻ തുടങ്ങിയതെന്ന് അറിയിക്കാമോ;

(സി) കൂടുതൽ വിസ്തീർണ്ണമുള്ള എല്ലാ വീടുകൾക്കും പരിധിയില്ലാതെ ഒരേ തുകയാണോ ആഡംബര നികുതിയായി ഈടാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ആഡംബരനികുതി നിശ്ചയിക്കുന്നതിനുള്ള വിസ്തീർണ്ണം നിലവിലുള്ളതിൽനിന്ന് വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുമോ;

(ഇ) കൂടുതൽ വിസ്തൃതിയുള്ള ഭവനങ്ങൾക്ക് നികുതി നിശ്ചയിക്കുന്നതിൽ സ്ലാബ് സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(എഫ്) വീടുകളുടെ ലൈഫ് കണക്കാക്കി ഒന്നിച്ച് ആഡംബരനികുതി അടക്കാൻ സന്നദ്ധരായവർക്ക് ആയതിന് അനുമതി നൽകുമോ?

ഉത്തരം

(എ) 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 എ (1) പ്രകാരം 1-4-1999-നോ അതിനുശേഷമോ പൂർത്തിയാക്കിയിട്ടു ള്ള 278.7 ചതുരശ്ര മീറ്ററോ അതിലധികമോ പ്ലിന്ത് ഏരിയയു ള്ള എല്ലാ വീടുകൾക്കും പ്രതിവർഷം 4,000 രൂപ ആഡംബര നികുതി ചുമത്തുന്നു.

(ബി) നിലവിൽ 4,000 രൂപയാണ് ആഡംബര നികുതിയായി വർഷം തോറും ഈടാക്കിവരുന്നത്. 1-4-2014 മുതലാണ് പുതുക്കിയ നിരക്ക് ഈടാക്കാൻ തുടങ്ങിയത്.

(സി) കൂടുതൽ വിസ്തീർണ്ണമുള്ള എല്ലാ വീടുകൾക്കും പരിധിയില്ലാതെ ഒരേ തുകയാണ് നിലവിൽ ആഡംബര നികുതിയായി ഈടാക്കുന്നത്.

(ഡി) പരിഗണനയിലില്ല.

(ഇ) ഉണ്ട്. കൂടുതൽ വിസ്തൃതിയുള്ള ഭവനങ്ങൾക്ക് ആഡംബര നികുതി നിശ്ചയിക്കുന്നതിൽ സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തി നിലവിലെ കേരള കെട്ടിട നികുതി നിയമം 1975 ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) പരിഗണനയിലില്ല.

**ഭവനനിർമ്മാണ ബോർഡ്**

309 (1169) ശ്രീ. ബി. സത്യൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭവനനിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ ഏതൊക്കെയാണ്;

(ബി) ഈ രംഗത്ത് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് എന്തെല്ലാം ഭവനനിർമ്മാണ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്;

(സി) പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് ഭവനനിർമ്മാണ ബോർഡ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ഡി) സർക്കാരിന്റെ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയായ ലൈഫ് മിഷനുമായി ചേർന്ന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഭവനനിർമ്മാണ ബോർഡ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നിവയാണ്.

(ബി) ഈ രംഗത്ത് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഗൃഹശ്രീ ഭവന പദ്ധതി:

   സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയുള്ള/ റവന്യൂ വകുപ്പിൽ നിന്നും സ്വന്തംപേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/NGO/ കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 83 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. സർക്കാർ സബ്സിഡി തുക ബജറ്റിൽ വകയിരുത്തി ലഭ്യമാക്കുന്നുണ്ട്.

2. സാഫല്യം ഭവന പദ്ധതി:

   സമൂഹത്തിലെ ഭൂ-ഭവന രഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് 2 ലക്ഷം രൂപ/വീട് നിരക്കിൽ സർക്കാർ സബ്സിഡിയായി വിനിയോഗിച്ചും സന്നദ്ധ സംഘടന/ പഞ്ചായത്തിന്റെ സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്ന ഭവന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. സർക്കാർ സബ്സിഡി തുക ബജറ്റിൽ വകയിരുത്തി ലഭ്യമായിരുന്നു.

3. <u>സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കു ള്ള ഭവന പദ്ധതി:</u>

ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ആയി അലോട്ട് ചെയ്യുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതമുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

4. <u>വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി:</u>

സംസ്ഥാനത്ത് വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

5. <u>പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ:</u>

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നുണ്ട്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുമാത്രമായി പ്രത്യേകം ഭവന പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല.

(ഡി) കാസർഗോഡ് ജില്ലയിൽ ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുവാനുദ്ദേശിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന് വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് ബോർഡ് തയ്യാറാക്കി ലൈഫ് മിഷനിൽ സമർപ്പിച്ചിട്ടുണ്ട്

## മത്സ്യ ലഭ്യത

310 (1170) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ ലഭ്യതയിൽ വൻഇടിവ് വന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടലിലും ഉൾനാടൻജലാശയങ്ങളിലും നിന്നുമുള്ള മത്സ്യലഭ്യതയിൽ കഴിഞ്ഞ വർഷത്തേക്കാൾ 51000 ടൺ കുറവുണ്ടായതായി കരുതുന്നുണ്ടോ;

(സി) 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തുനിന്നും ആകെ എത്ര ടൺ മത്സ്യമാണ് ലഭിച്ചത് എന്നറിയിക്കാമോ;

(ഡി) 2017-18 സാമ്പത്തിക വർഷത്തിൽ ഡിസംബർ വരെ സംസ്ഥാനത്തു നിന്നും ആകെ ലഭിച്ച മത്സ്യം എത്ര;

(ഇ) ഉൾനാടൻ ജലാശയങ്ങളിൽനിന്നുള്ള മത്സ്യലഭ്യതയിൽ കഴിഞ്ഞ വർഷം കാര്യമായ കുറവ് സംഭവിച്ചോ; എങ്കിൽ മത്സ്യലഭ്യതയിലെ ഗണ്യമായ കുറവിനുള്ള കാരണമെന്താണെന്നറിയിക്കാമോ;ഫിഷറീസ് വകുപ്പ് ഇത് സംബന്ധമായി എന്തെങ്കിലും പഠനം നടത്തുകയുണ്ടായോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2015-16 വർഷത്തെ അപേക്ഷിച്ച് 2016-17 വർഷത്തിൽ '51041' (അമ്പത്തൊന്നായിരത്തി നാൽപ്പത്തിയൊന്ന്) ടണ്ണിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷം ആകെ 676466 (ആറ് ലക്ഷത്തി എഴുപത്താറായിരത്തി നാന്നൂറ്റി അറുപത്തി ആറ്) ടൺ മത്സ്യമാണ് ലഭിച്ചിട്ടുള്ളത്.

(ഡി) 2017-18 സാമ്പത്തിക വർഷത്തിൽ സെപ്റ്റംബർ മാസം വരെ ആകെ '293723' (രണ്ട് ലക്ഷത്തി തൊണ്ണൂറ്റിമൂന്നായിരത്തി എഴുന്നൂറ്റി ഇരുപത്തിമൂന്ന്) ടൺ മത്സ്യമാണ് ലഭിച്ചിട്ടുള്ളത്. മറ്റ് പാദങ്ങളിലെ കണക്കുകൾ ലഭ്യമാകുന്നതേയുള്ളൂ.

(ഇ) 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17-ൽ ഉൾനാടൻ മത്സ്യ ഉൽപ്പാദനത്തിൽ 22632 (ഇരുപത്തി രണ്ടായിരത്തി അറുന്നൂറ്റി മുപ്പത്തിരണ്ട്) ടണ്ണിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. ദീർഘകാലമായി നടന്നുവരുന്ന ജലാശയങ്ങളുടെ മലിനീകരണം, ജലാശയങ്ങളുടെ ശോഷണം, അണക്കെട്ടുകളുടെ/തടയണകളുടെ/ബണ്ടുകളുടെ നിർമ്മാണം, കണ്ടൽക്കാടുകളുടെ തിരോധാനം, വർദ്ധിച്ചതോതിലുള്ള മണൽ വാരൽ, അശാസ്ത്രീയ മത്സ്യബന്ധനം, ജലസസ്യങ്ങളുടെ വ്യാപനം, മത്സ്യ രോഗങ്ങൾ, വിദേശ മത്സ്യങ്ങളുടെ കടന്നുകയറ്റം, കാലാവസ്ഥാ വ്യതിയാനം എന്നിവയൊക്കെ മത്സ്യ വിഭവ ശോഷണത്തിന് കാരണങ്ങളായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദ പഠനം നടത്തിയിട്ടില്ല. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. കെ.എം.എഫ്.ആർ. ആക്ട് സമഗ്രമായി ഭേദഗതി നടത്തി സമുദ്ര മത്സ്യ സമ്പത്ത് സംരക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## ബോട്ട് ഉടമകളുടെ സമരം

311 (1171) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബോട്ട് ഉടമകൾ സമരം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമരം അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ബഹു. ഫിഷറീസ് വകുപ്പുമന്ത്രി ബോട്ട് ഉടമാ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. തുടർന്ന് ചീഫ് സെക്രട്ടറിതല ചർച്ചയും നടക്കുകയുണ്ടായി. സമരം ഇതിനകം പിൻവലിച്ചിട്ടുണ്ട്.

## ഡീസൽ വിലവർദ്ധനവുമൂലം മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധി

312 (1172) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യേനയുള്ള ഡീസൽ വിലവർദ്ധനവ് സംസ്ഥാനത്തെ മത്സ്യബന്ധന വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഡീസൽ വിലയിൽ 10 രൂപയിലധികം വർദ്ധനവ് ഉണ്ടായിട്ടും മത്സ്യവില വർദ്ധിപ്പിക്കാനാകാതെ മത്സ്യത്തൊഴിലാളികൾ കടബാദ്ധ്യതയിലായത് പരിഹരിക്കാൻ എന്ത് നടപടിയാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) മത്സ്യബന്ധന വ്യവസായം സംരക്ഷിക്കാൻ മറ്റ് പല സംസ്ഥാനങ്ങളിലും നിലവിലുള്ളതുപോലെ മത്സ്യത്തൊഴിലാളികൾക്കായി ഡീസൽ സബ്സിഡി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഡീസൽ സബ്സിഡിയുടെ ഗുണഭോക്താവ് BPL വിഭാഗത്തിൽപ്പെടുന്നവരായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരളത്തിൽ പ്രവർത്തിക്കുന്ന മത്സ്യബന്ധനയാന ഉടമകളിൽ ആരും BPL വിഭാഗത്തിൽപ്പെടുന്നവരല്ലായെന്ന കാരണത്താൽ ഡീസൽ സബ്സിഡിക്ക് അപേക്ഷകൾ ലഭ്യമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ സാഹചര്യം വിലയിരുത്തി, ബോട്ടുകളിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾ എല്ലാവരും BPL കുടുംബാംഗങ്ങളായതിനാൽ അവരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഉടമകൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരാണെന്ന കാര്യം പരിഗണിക്കാതെ ഡീസൽ സബ്സിഡി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടിരിക്കുകയാണ്. കേന്ദ്രമന്ത്രിയെ നേരിട്ട് സന്ദർശിച്ചാണ് ഈ ആവശ്യം ഉന്നയിച്ചത്. കേന്ദ്ര സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഫിഷർമെൻ കമ്മ്യൂണിറ്റിയുടെ സംവരണാനുകൂല്യങ്ങൾ**

313 (1173) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷർമെൻ കമ്മ്യൂണിറ്റിയിൽ ഏതെല്ലാം വിഭാഗങ്ങൾ ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഉൾപ്പെടുന്ന വിഭാഗങ്ങളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ; ഇവർക്ക് ഏതെല്ലാം ജോലികളിലാണ് സംവരണം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ പി.എസ്.സി. നിയമനങ്ങൾക്ക് സംവരണം ലഭിക്കുന്ന ഫിഷർമെൻ വിഭാഗങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യഫെഡിലെ നിയമനങ്ങളിൽ 10% ഫിഷർമെൻ വിഭാഗക്കാരുടെ ആശ്രിതർക്ക് ലഭിച്ചില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; പുതിയ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനുശേഷം മത്സ്യഫെഡിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഇ) ഇതിൽ സംവരണം പാലിച്ചില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) മത്സ്യഫെഡിലെ നിയമനങ്ങൾ സംബന്ധിച്ച് പി.എസ്.സി.-യിൽ നിന്നും ഏതെങ്കിലും കത്തുകൾ ലഭിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; ഈ വിഷയത്തിൽ മത്സ്യഫെഡ് സർക്കാരിനും പി.എസ്.സി.-യ്ക്കും അയച്ച കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 1980-ലെ ദ കേരള ഫിഷർമെൻ വെൽഫെയർ സൊസൈറ്റീസ് ആക്ട് പ്രകാരം താഴെപ്പറയുന്നവരെ മത്സ്യത്തൊഴിലാളിയായി നിർവ്വചിച്ചിട്ടുണ്ട്.

1. മത്സ്യബന്ധനം പ്രധാന ജീവിതോപാധിയായി സ്വീകരിച്ച യാതൊരാളും
2. മത്സ്യ വിപണനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളിയുടെ ഭാര്യ
3. മത്സ്യത്തൊഴിലാളിയുടെ വിധവ.

ഫിഷറീസ് വകുപ്പിലേയ്ക്ക് നിയമനങ്ങളിൽ നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് സംവരണാനുകൂല്യമില്ല. എന്നാൽ മത്സ്യഫെഡിലെ നിയമനങ്ങളിൽ മത്സ്യത്തൊഴിലാളി ആശ്രിതർക്ക് സംവരണമുണ്ട്.

(സി) പി.എസ്.സി. വഴി നടത്തുന്ന നിയമനങ്ങളിൽ നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് സംവരണാനുകൂല്യമില്ല.

(ഡി&ഇ) പുതിയ സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ നിയമനം നടന്നിട്ടില്ല.

(എഫ്) ഉണ്ട്. കെ.പി.എസ്.സി. സർക്കാരിന് അയച്ച കത്തിന്റെ പകർപ്പ് അനുബന്ധം* ആയും മത്സ്യഫെഡ് സർക്കാരിന് അയച്ച കത്തിന്റെ പകർച്ച് അനുബന്ധമായും ചേർക്കുന്നു.* മത്സ്യഫെഡ് കെ.പി.എസ്.സി.-ക്ക് നേരിട്ട് കത്തയച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

## മത്സ്യവിപണന മേഖല

314 (1174) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യവിപണന മേഖലയെ കാര്യക്ഷമമാക്കുന്നതിനും തൊഴിലാളികൾക്ക് അർഹമായ ന്യായവില ഉറപ്പാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റാൻ മത്സ്യവിപണന മേഖലയിൽ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ സത്വര നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും മറ്റ് പ്രവർത്തകരുടെയും അഭിപ്രായം ഇക്കാര്യത്തിൽ തേടിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മത്സ്യവിപണന മേഖല കാര്യക്ഷമമാക്കുന്നതിന് മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണം, മത്സ്യബന്ധന യാനങ്ങളിൽ ഇൻസുലേറ്റഡ് ബോക്സുകൾ നൽകുന്ന പദ്ധതിയും ഇൻസുലേറ്റഡ് ബോക്സുകൾ ഘടിപ്പിച്ച ഇരുചക്ര വാഹനങ്ങൾ, ഓട്ടോറിക്ഷകൾ, ട്രക്കുകൾ മുതലായവ ലഭ്യമാക്കുന്ന പദ്ധതിയും ലാന്റിംഗ് സെന്ററുകളിലും മാർക്കറ്റുകളിലും ചിൽ റൂം സംവിധാനം ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. മത്സ്യത്തൊഴിലാളികൾക്ക് അർഹമായ ന്യായവില ലഭ്യമാക്കുന്നതിനായി സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനും അവയിലൂടെ തീരദേശ ലേലം നടത്തുന്നതിനും ലക്ഷ്യമിടുന്നു. മത്സ്യവിപണനത്തിൽ ഇടപെടുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 31 ഫിഷ് മാർട്ടുകളും 1 മൊബൈൽ ഫിഷ് മാർട്ടും പ്രവർത്തിച്ചുവരുന്നു. തീരദേശങ്ങളിൽ നിന്നും മത്സ്യം സംഭരിക്കുന്നതിനും അവ സംഭരിച്ച് വിതരണം ചെയ്യുന്നതിനും തിരുവനന്തപുരം, എറണാകുളം, കോട്ടയം ജില്ലകളിൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു. മത്സ്യമാർക്കറ്റുകളിൽ ഇടപെടുക എന്ന ലക്ഷ്യത്തോടുകൂടി പ്രാഥമിക സഹകരണ സംഘങ്ങളെ കൂടുതൽ സഹകരിപ്പിച്ച് മാർക്കറ്റുകളിൽ മത്സ്യം ലഭ്യമാക്കുന്നതിനുവേണ്ടി ഏകോപിതമായ ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിവരുന്നു.

(ബി&സി) ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ നിർബന്ധമാക്കുന്നതിനും മത്സ്യ വിപണന മേഖലയെ ശാക്തീകരിക്കുന്നതിനും തൊഴിലാളികൾക്ക് അർഹമായ ന്യായവില ഉറപ്പാക്കുന്നതിനുമായി നിയമനിർമ്മാണം സർക്കാർ പരിഗണനയിലാണ്.

(ഡി) ഉണ്ട്. പ്രസ്തുത നിയമനിർമ്മാണം തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ ട്രേഡ് യൂണിയൻ നേതാക്കളുമായി ബഹു. ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും കോഴിക്കോട്, എറണാകുളം, കൊല്ലം എന്നിവിടങ്ങളിൽ മേഖലാതല ശിൽപ്പശാല സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## അനിശ്ചിതകാല സമരം മത്സ്യബന്ധന മേഖലയിൽ സൃഷ്ടിച്ചിട്ടുള്ള സ്തംഭനാവസ്ഥ

315 (1175) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോട്ട്ഓണേഴ്സ് അസോസിയേഷനും സംയുക്ത സമരസമിതിയും ആരംഭിച്ച അനിശ്ചിതകാല സമരം മത്സ്യബന്ധന മേഖലയിൽ സൃഷ്ടിച്ചിട്ടുള്ള സ്തംഭനാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സമരത്തിന്റെ മറവിൽ, കണ്ടെയ്നർ ലോറികളിലും മറ്റും ഇതര സംസ്ഥാനങ്ങളിൽനിന്ന് മാരകമായ രാസവസ്തുക്കൾ കലർന്ന മത്സ്യങ്ങൾ സംസ്ഥാനത്ത് എത്തുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ചർച്ചയുടെ അടിസ്ഥാനത്തിൽ സമരം ഇതിനകംതന്നെ പിൻവലിച്ചിട്ടുണ്ട്.

(ബി) പത്രമാധ്യമങ്ങളിലൂടെ ഈ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ കലർത്തിയിട്ടുണ്ടോയെന്ന് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും ഉൾപ്പെട്ട സംയുക്ത സ്ക്വാഡ് പരിശോധന നടത്തിവരികയാണ്.

## മത്സ്യത്തൊഴിലാളി സഹായ പദ്ധതികൾ

316 (1176) ശ്രീ. കെ. ആൻസലൻ :

ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തിന്റെ സമഗ്രവികസനം സാധ്യമാക്കുന്നതോടൊപ്പം ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലാക്രമണ ഭീഷണി നേരിടുന്ന കുടുംബങ്ങളെ മാറ്റിപാർപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ബോട്ടുകളിലും വള്ളങ്ങളിലും സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിനും, രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സുരക്ഷാ മുന്നറിയിപ്പ് നൽകുന്നതിനുമുള്ള കടൽ സുരക്ഷാ ഏജൻസികളിൽ പരിചയസമ്പന്നരായ മത്സ്യത്തൊഴിലാളികൾക്ക് നിയമനം നൽകി അവരുടെ കഴിവ് പ്രയോജനപ്പെടുത്തുന്നതിനും അതുവഴി മത്സ്യത്തൊഴിലാളികൾക്ക് ആത്മവിശ്വാസം പകരുന്നതിനും നടപടിയെടുക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിച്ചിട്ടുള്ള സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള 7340 കോടി രൂപയുടെ പാക്കേജിൽ തീരദേശത്ത് കടലാക്രമണ ഭീഷണിയിൽ കഴിയുന്ന 24454 കുടുംബങ്ങളെ സുരക്ഷിതമായി പുനരധിവസി പ്പിക്കുന്നതിന് 1454.7 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 2018-19-ലെ ബഡ്ജറ്റിൽ തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. കടലാക്രമണ ഭീഷണി നേരിടുന്ന കടൽ തീരത്തിന്റെ 50 മീറ്റർ പരിധിയിലുള്ള കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കു ന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പോലീസ് സംവിധാനത്തിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊ ഴിലാളികളിൽ നിന്നായിരിക്കണം നടത്തേണ്ടതെന്നും, റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് 9 മറൈൻ ജില്ലകളിലും മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ലൈഫ് ഗാർഡുകളായി നിയോഗിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ തീരദേശ ജില്ലകളിലെ മത്സ്യ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് 15 വീതം യുവാക്കളായ മത്സ്യത്തൊഴി ലാളികൾ അടങ്ങുന്ന തീരസുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഓഖി പോലുള്ള അടിയന്തര സാഹചര്യങ്ങളിൽ രക്ഷാ ദൗത്യത്തിന് ഉപയോഗിക്കുന്നതിനു വേണ്ടിയാണ് ഇത്തരം സ്ക്വാഡുകൾ രൂപീകരിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ടു ന്നവർക്ക് കടൽരക്ഷാ പ്രവർത്തനത്തിൽ പരിശീലനം നൽകുന്നതാണ്.

(സി) മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട്, 2016-17, 2017-18 സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിന് മുഖ്യപരിഗണന നൽകി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. 2016-17 -സമഗ്ര ഭവന പദ്ധതി- 100 കോടി രൂപ

ഭവനരഹിതരായ 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വീതം നൽകുന്നതിന് 52 കോടി രൂപയും ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപവീതവും ധനസഹായം അനുവദിക്കുന്നതിനായി 48 കോടി രൂപയും ഉൾപ്പെടെ 100 കോടി രൂപയുടെ പദ്ധതി മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി നടപ്പിലാക്കി.

2. മത്സ്യത്തൊഴിലാളി കോളിനികളിൽ ഭവന നിർമ്മാണം -5 കോടി രൂപ

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവ ശേഷി വികസനവും എന്നതിൽപ്പെടുത്തി നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി നവീകരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത ഫിഷറീസ് കോളനികളിലെ ഭവനരഹിതരായ 250 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2 ലക്ഷം രൂപവീതം ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

3. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി

50 ശതമാനം കേന്ദ്രസർക്കാർ ധനസഹായത്തോടെയുള്ള ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി പ്രകാരം 299 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായമായി 2 ലക്ഷം രൂപവീതം അനുവദിച്ചുനൽകിയിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ്, പാലക്കാട്, കോട്ടയം, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

4. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനു ള്ള പദ്ധതി - 25 കോടി രൂപ

സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി 200 ലക്ഷം രൂപ 2016-17 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്.

വിവിധ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റ് | പദ്ധതിയുടെ പുരോഗതി |
|---|---|---|---|
| 1 | ബി.ഐ.എഫ്. & എച്ച്.ഡി.എഫ് (2016-17) ഭവന നിർമ്മാണ ധനസഹായം യൂണിറ്റ് കോസ്റ്റ് 2 ലക്ഷം രൂപ | 2600 | എഗ്രിമെന്റ് വച്ച് 2490 ഗുണഭോക്താക്കളിൽ 1782 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | ബി.ഐ.എഫ്. & എച്ച്.ഡി.എഫ് (2016-17) ഫിഷറീസ് കോളനിയുടെ നവീകരണം യൂണിറ്റ് കോസ്റ്റ് 2 ലക്ഷം രൂപ | 250 | എഗ്രിമെന്റിൽ ഏർപ്പെട്ട 185 പേരിൽ 118 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി 2016-17 യൂണിറ്റ് കോസ്റ്റ് 2 ലക്ഷം രൂപ | 299 | എഗ്രിമെന്റിൽ ഏർപ്പെട്ട 270 പേരിൽ 138 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരുടെ പുനരധിവാസം - പ്രത്യേക പാക്കേജ് 2016-17 | 248 | തിരുവനന്തപുരം ജില്ലയിലെ ഗുണഭോക്താക്കളിൽ 63 പേർ ഭൂമി വാങ്ങിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഗുണഭോക്താക്കൾ സ്ഥലം കണ്ടെത്തി ലാൻഡ് വാല്യൂ നിശ്ചയിച്ച് സ്ഥലം വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

കടലാക്രമണം രൂക്ഷമായതും തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനമായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതിയുടെ ഘടകങ്ങൾ | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ള വരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങ ൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം @ 4 ലക്ഷം രൂപ | 4800.00 |
| 2 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം @ 10 ലക്ഷം രൂപ | 7500.00 |
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ലാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം | 2000.00 |
| | ആകെ | 15000.00 |

പദ്ധതി പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ജില്ലാ ഓഫീസുകൾ മുഖേന അപേക്ഷകൾ ക്ഷണിക്കുകയും ഇതിന്റെ ഫീൽഡ് ലെവൽ പരിശോധന നടന്നുകൊണ്ടിരിക്കുകയുമാണ്. ഭൂരഹിതരും ഭവനരഹിതരുമായി മത്സ്യത്തൊഴി ലാളികളെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പി ക്കുന്നതിനുള്ള ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. കൂടാതെ തിരുവനന്തപുരം കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് വിലയ്ക്ക് വാങ്ങിയ 105.55 ആർ സ്ഥലത്ത് 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ ഉപജീവനാവകാശത്തിനായി ജലപരിഷ്കരണ നയം

317 (1177) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ദാസൻ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യലഭ്യത വർദ്ധനവില്ലാതെ തുടരുകയോ കുറയുകയോ ചെയ്യുന്ന പ്രവണതയുടെയും സംസ്ഥാന തീരത്ത് സമൃദ്ധമായി ലഭിച്ചിരുന്ന മത്തി പോലുള്ള മത്സ്യങ്ങളുടെ ലഭ്യതയിൽ വലിയ ശോഷണം സംഭവിച്ചതിന്റേയും പശ്ചാത്തലത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനാവകാശം സംരക്ഷിക്കാനായി സമഗ്ര ജലപരിഷ്കരണ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മത്സ്യബന്ധന മേഖലയിലെ യന്ത്രവൽക്കരണം പരമ്പരാഗതമായി മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരെ മത്സ്യബന്ധന തൊഴിലാളികളാക്കി മാറ്റിയ സ്ഥിതിവിശേഷം പരിഹരിക്കാൻ സഹകരണാടിസ്ഥാനത്തിൽ യാനങ്ങളുടെയും ഉപകരണങ്ങളുടെയും ഉടമസ്ഥാവകാശം നേടിയെടുക്കാൻ വേണ്ട പിന്തുണ നൽകാൻ സാധ്യമാകുമോ;

(സി) ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യബന്ധന ബോട്ടുകൾ കേരള തീരത്തെ ചെറുമീനുകളെയടക്കം പിടിച്ച് മത്സ്യസമ്പത്തിന് ശോഷണം വരുത്തുന്നത് തടയാൻ കേന്ദ്രസർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെടുമോ?

<u>ഉത്തരം</u>

(എ) മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികൾക്കായി മാത്രം പരിമിതപ്പെടുത്തുന്നതിനായി കേരള അക്വേറിയൻ റിഫോംസ് ബിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പുവരുത്തുന്നതിനായി തീരക്കടലിലെ പരമ്പരാഗത മേഖലയിലെ മത്സ്യബന്ധന അവകാശത്തിന്റെയും മത്സ്യബന്ധന ഉപകരണങ്ങളുടെ അവകാശത്തിന്റെയും പരിരക്ഷ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തുകയും ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസ്ഥ ചെയ്യുകയെന്നതുമുള്ളതാണ് ഈ ബില്ലിന്റെ ലക്ഷ്യം.

(ബി) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെകീഴിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം നേടിയെടുക്കുവാൻ ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിച്ച യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളും വലകളും മറ്റ് അനുസാരികകളും ദേശീയ സഹകരണ വികസന കോർപ്പറേഷൻ മുതലായ സ്ഥാപനങ്ങളുടെ വായ്പകൾ സബ്സിഡിയോടുകൂടി മത്സ്യഫെഡ് വഴി വിതരണം ചെയ്തുവരുന്നു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കാൻ ഉതകുന്ന പദ്ധതികളും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ട്രോളർ ബോട്ടുകൾ ട്രോൾ നെറ്റുകൾ ഉപയോഗിച്ച് ചെറുമീനുകളെ പിടിച്ച് നശിപ്പിക്കപ്പെടുന്നതായി വിലയിരുത്തിയിട്ടുണ്ട്. 58 ഇനം മത്സ്യങ്ങൾ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പവും പ്രധാന വലകൾക്ക് കണ്ണിവലിപ്പവും നിശ്ചയിച്ചിട്ടുണ്ട്. KMFR ആക്ടിൽ വരുത്തിയ ഭേദഗതിക്കുശേഷം പട്രോളിംഗ് ശക്തമാക്കുകയുണ്ടായി. നിയമലംഘനം നടത്തുന്ന യാനങ്ങൾ ഇംപൗണ്ട് ചെയ്ത് കനത്ത പിഴ ഈടാക്കുന്നതിനാൽ ഇത്തരം പ്രവൃത്തികൾ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും മറ്റ് അയൽ സംസ്ഥാനങ്ങളുടെയും ഇടപെടൽ സാധ്യമാക്കുവാൻ ദക്ഷിണേന്ത്യയിലെ ഫിഷറീസ് മന്ത്രിമാരുടെ ഒരു യോഗം ഉടൻ വിളിച്ചുചേർക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

## തലശ്ശേരി നിയോജകമണ്ഡലത്തിലെ മത്സ്യബന്ധന-ഹാർബർ വികസന പ്രവൃത്തികൾ

318 (1178) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യബന്ധന-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നേതൃത്വത്തിൽ എന്തെല്ലാം വികസന പ്രവൃത്തികളാണ് തലശ്ശേരി നിയോജക മണ്ഡലത്തിൽ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയും ആയതിന്റെ നിലവിലുള്ള അവസ്ഥയും എന്തെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) തലശ്ശേരി നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്ക്, 2018-19 ബജറ്റിൽ മത്സ്യബന്ധന-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യബന്ധന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നേതൃത്വത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2018-19 ബജറ്റിൽ ഫിഷറീസ് വകുപ്പിന് തലശ്ശേരി നിയോജക മണ്ഡലത്തിൽ മാത്രമായി തുകയൊന്നും പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ വിവിധ മത്സ്യബന്ധന തുറമുഖങ്ങളുടെ വികസന പ്രവൃത്തികൾക്ക് 43.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ തലായ് മത്സ്യബന്ധന തുറമുഖവും ഉൾപ്പെടുന്നുണ്ട്.

**മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷ**

319 (1179) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷയും തീരദേശ സുരക്ഷയും ഉറപ്പാക്കുന്നതിനുവേണ്ടി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നാവിക നിയമങ്ങൾ, സുരക്ഷാ നിയമങ്ങൾ എന്നിവയിൽ മത്സ്യബന്ധന തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷയ്ക്കായി നാളിതുവരെ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എം.എഫ്.ആർ. ആക്ട് കാലോചിതമായി പരിഷ്കരിക്കുകയും അതിലെ ചട്ടങ്ങളിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ നിർബന്ധമായും ലൈഫ് ജാക്കറ്റുകൾ പോലുള്ള ജീവൻ സുരക്ഷാ ഉപകരണങ്ങൾ ധരിച്ചിരിക്കണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്. കേരള ഫിഷർമെൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വെൽഫെയർ ഫണ്ട് ബോർഡ് മുഖാന്തരം എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിന്റെയും അതുമൂലമുണ്ടായ ദുരന്തത്തിന്റെയും പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിനായി പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ ISRO വികസിപ്പിച്ചെടുത്ത "നാവിക്" എന്ന ഉപകരണം നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കാലാവസ്ഥാ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത എന്നിവയെപ്പറ്റി മത്സ്യ ത്തൊഴിലാളികളെ നേരിട്ട് അറിയിക്കുന്നതിന് INCOIS മായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. അതിലേയ്ക്കായി 145778 മത്സ്യത്തൊഴിലാളികളുടെ ടെലഫോൺ നമ്പറുകൾ ശേഖരിച്ച് ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. ആയതോടൊപ്പം മത്സ്യ ബന്ധനത്തിന് പുറപ്പെടുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന മൊബൈൽ ആപ്ലിക്കേഷൻ NIC വഴി തയ്യാറാക്കിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതാണ്. അപകടത്തിൽപ്പെടുന്ന മത്സ്യ തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനായി മറൈൻ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) നാവിക നിയമങ്ങൾ, സുരക്ഷാ നിയമങ്ങൾ എന്നിവയിൽ മത്സ്യ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനായി പദ്ധതി തയ്യാറാക്കി വരുന്നു. കൂടാതെ മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു.

(സി) ഓഖി ചുഴലിക്കാറ്റിന്റെയും അതുമൂലമുണ്ടായ ദുരന്തത്തിന്റെയും പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിനായി പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ ISRO വികസിപ്പിച്ചെടുത്ത "നാവിക്" എന്ന ഉപകരണം നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കാലാവസ്ഥാ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത എന്നിവയെപ്പറ്റി മത്സ്യത്തൊഴിലാളികളെ നേരിട്ട് അറിയിക്കുന്നതിന് INCOIS-മായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. അതിലേയ്ക്കായി 145778 മത്സ്യ തൊഴിലാളികളുടെ ടെലഫോൺ നമ്പരുകൾ ശേഖരിച്ച് ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. ആയതോടൊപ്പം മത്സ്യബന്ധനത്തിന് പുറപ്പെടുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന മൊബൈൽ ആപ്ലിക്കേഷൻ NIC-വഴി തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉടൻ നടപ്പിലാക്കുന്നതാണ്. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനായി മറൈൻ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്.

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുവാൻ നടപടി

320 (1180) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് നൽകുന്ന സംരക്ഷണം എന്തൊക്കെയാണ്;

(ബി) ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷ ഉറപ്പുവരുത്തുവാൻ എന്തെങ്കിലും പുതിയ സംവിധാനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഉപഗ്രഹമുപയോഗിച്ച് മത്സ്യത്തൊഴിലാളികൾക്ക് സന്ദേശമെത്തിക്കുന്ന കാര്യം പരിഗണിക്കുമോ:

(ഡി) ഐ.എസ്.ആർ.ഒ.-യുമായി ചേർന്ന് നാവിക് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ: എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-ഡി) ഉണ്ട്. 2006-2011 കാലത്ത് പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് EPIRB (റേഡിയോ ബിക്കൺ) മുമ്പ് നൽകിയിട്ടുണ്ട്. കടൽ സുരക്ഷാ കിറ്റും വിതരണം ചെയ്തിരുന്നു. ഓഖി ചുഴലിക്കാറ്റിന്റെയും അതുമൂലമുണ്ടായ ദുരന്തത്തിന്റെയും പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനു വേണ്ടി പുതിയ സംവിധാനം എന്ന നിലയിൽ കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ ISRO വികസിപ്പിച്ചെടുത്ത "നാവിക്" എന്ന ഉപകരണം നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിച്ചു വരുന്നു. കാലാവസ്ഥാ മുന്നറിയിപ്പും മറ്റും മത്സ്യത്തൊഴിലാളികളെ മുൻകൂട്ടി അറിയിക്കുന്നതിന് സഹായകമായ ISRO തയ്യാറാക്കിയ "നാവിക്" എന്ന ഉപകരണം മത്സ്യബന്ധന യാനങ്ങളിൽ ഘടിപ്പിക്കുന്നതോടെ മത്സ്യത്തൊഴിലാളികൾക്ക് ഉപഗ്രഹ സഹായത്തോടെ സന്ദേശങ്ങൾ അപ്പപ്പോൾ ലഭ്യമാകുന്നതാണ്. പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ കാലാവസ്ഥാ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത എന്നിവ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് എത്തിക്കുന്നതിന് INCOIS-മായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. അതിലേയ്ക്കായി 145778 മത്സ്യത്തൊഴിലാളികളുടെ ടെലഫോൺ നമ്പറുകൾ ശേഖരിച്ച് ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. കടലിൽ മത്സ്യ ബന്ധനത്തിന് പോകുമ്പോഴും തിരിച്ചുവരുമ്പോഴും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനവും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതുകൂടാതെ ഭാവിയിൽ ലൈഫ് ജാക്കറ്റ് നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

**ഓഖി ദുരന്തം**

321 (1181) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരന്തത്തിൽ സംസ്ഥാനത്തെ എത്ര മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞു; എത്രപേർക്ക് ഗുരുതരമായി പരിക്കേറ്റു ;വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ദുരന്തം കാരണം കാണാതായവർ എത്ര; അവർ ഇനി തിരികെ എത്തില്ലെന്ന് സംസ്ഥാന സർക്കാർ സ്ഥിരീകരിച്ചിട്ടുണ്ടോ;

(സി) ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും കുടുംബങ്ങൾക്ക് ഇതിനകം അനുവദിച്ച ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ; കാണാതായവരുടെ കുടുംബങ്ങൾക്ക് ആനുകൂല്യം നൽകുന്നതിൽ എന്തെങ്കിലും കാലതാമസം വന്നിട്ടുണ്ടോ;

(ഡി) യാനങ്ങൾ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) വീട് നഷ്ടപ്പെട്ടവർക്ക് ഇതിനകം എത്ര വീടുകൾ നിർമ്മിച്ചു നൽകി എന്നറിയിക്കാമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തിൽ സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ 50 മത്സ്യത്തൊഴിലാളികളും കാസർഗോഡ് ജില്ലയിലെ ഒരു മത്സ്യത്തൊഴിലാളിയും ഉൾപ്പെടെ 51 മത്സ്യത്തൊഴിലാളികൾ കടലിൽവച്ച് മരണപ്പെട്ടതായി സ്ഥിരീകരിച്ചിട്ടുണ്ട്. ഇവരുടെ പേര്, സ്ഥലം തുടങ്ങിയ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഗുരുതരമായി പരിക്കേറ്റവർ ആരും തന്നെയില്ല.

(ബി) ഓഖി ദുരന്തത്തിൽ 103 മത്സ്യത്തൊഴിലാളികളെ കാണാതായിട്ടുണ്ട്.

(സി) ഓഖി ചുഴലിക്കാറ്റിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച 10 ലക്ഷം രൂപയും (4 ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും) 5 ലക്ഷം രൂപ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 5 ലക്ഷം രൂപ ബദൽ ജീവനോപാധിക്കായി ഫിഷറീസ് വകുപ്പിൽനിന്നും ഉൾപ്പെടെ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിധിയിൽ നിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓഖി ചുഴലിക്കൊടുങ്കാറ്റിൽ മരണമടയുന്നതും കാണാതാകുന്നതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം / തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസം/ ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിക്കുന്നതാണ്. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തത്തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ഏർപ്പെടുത്തുമെന്നും അതിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണമെന്നും ഇപ്രകാരം നിയമനം നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്.

കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നൽകുന്ന അതേ നിരക്കിലുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇവർക്ക് സാമ്പത്തിക സഹായം നൽകേണ്ട കാര്യത്തിൽ അടിയന്തര തീരുമാനം എടുക്കുന്നതിന് സഹായകമായ ശിപാർശകൾ നൽകുന്നതിനും നിലവിലുള്ള നിയമ വ്യവസ്ഥകളിൽ പ്രത്യേക ഇളവ് നൽകുന്ന കാര്യത്തിൽ അടിയന്തര തീരുമാനം എടുക്കുന്നതിനുമായി റവന്യൂ, ആഭ്യന്തരം എന്നീ വകുപ്പുകളിലെ അഡീഷണൽ ചീഫ് സെക്രട്ടറിമാരെയും ഫിഷറീസ് വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറിയെയും ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചു.

(ഡി) ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ആകെ 384 മത്സ്യബന്ധന യാനങ്ങൾക്കാണ് കേടുപാടുകൾ സംഭവിച്ചിട്ടുള്ളത്. കേടായ മത്സ്യബന്ധന യാനങ്ങളുടെ നഷ്ടം കണക്കാക്കുന്നതിന് കമ്മിറ്റി രൂപീകരിക്കുകയും അതനുസരിച്ച് നഷ്ടം കണക്കാക്കി വരികയുമാണ്. അത് ലഭിച്ചാലുടൻ അവരുടെ നഷ്ടപരിഹാരം മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമയ്ക്ക് നൽകുന്നതാണ്. പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യബന്ധന യൂണിറ്റുകളിലെ തൊഴിലാളികളെ സംഘടിപ്പിച്ച് മത്സ്യത്തൊഴിലാളികൾക്ക് തൊഴിലുറപ്പ് വരുത്തുന്നതിനായി 80 യൂണിറ്റുകൾ നൽകുന്നതിന് 9.88 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് വരികയുമാണ്.

(ഇ) പൂർണ്ണമായും ഭാഗികമായും വീട് തകർന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് താൽക്കാലിക ആശ്വാസമായി 47.06 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. വീടുകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## ഓഖി ദുരന്തം

322 (1182) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓഖി ദുരന്തത്തെത്തുടർന്ന് മത്സ്യബന്ധന മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഓഖി ദുരന്തത്തെ തുടർന്ന് ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും ഫണ്ട് ബോർഡിൽനിന്ന് 5 ലക്ഷം രൂപയും ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിച്ചു. കൂടാതെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള 2 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യസ്ഥിതി യിലുമായ മത്സ്യത്തൊഴിലാളികളുണ്ടെങ്കിൽ അവർക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിക്കുന്നതാണ്. കാണാതായവർക്ക് മരണപ്പെട്ടവരുടെ അതേ നിരക്കിലുള്ള നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനമെടുക്കുകയും അതിൽ നിലവിലുള്ള നിയമതടസ്സങ്ങൾ അതിജീവിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരടങ്ങിയ കമ്മിറ്റിയെ നിയമിക്കുകയും റിവ്യൂ ചെയ്യുകയും 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക ലഭ്യമാക്കുന്നതുവരെ പ്രതിമാസം 10,000 രൂപ വീതം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാ ളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 5,000 രൂപ വീതം അനുവദിച്ചുനൽകി. മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഫിഷറീസ് വകുപ്പിന് അനുവദിച്ച തുക ഉപയോഗിച്ച് 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2,000 രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ

സിവിൽ സപ്ലൈസ് വഴി നൽകിയിട്ടുണ്ട്. മരണമടയുന്നതും കാണാതാകുന്നതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനു ള്ള നടപടികൾ പൊതുവിദ്യാഭ്യാസം/ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചുവരുന്നു. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ദുരന്തത്തിൽ പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യബന്ധന യൂണിറ്റുകളെ ആശ്രയിച്ച് കഴിഞ്ഞിരുന്ന തൊഴിലാളികളെ ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിലുറപ്പാക്കുന്നതിനായി 80 മത്സ്യബന്ധന യൂണിറ്റുകൾ നൽകുന്നതിന് 9.88 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. ഓഖി ദുരന്ത ബാധിതരുടെ ഓരോ കുടുംബത്തിനും അവരുടെ പ്രത്യേക സാഹചര്യത്തിന് അനുസരിച്ച് 'ഫാമിലി ബെയ്സ്ഡ് പ്ലാൻ' തയ്യാറാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

ആശ്വാസ നടപടിയുടെ ആദ്യപടിയായി തിരുവനന്തപുരം ജില്ലയിലെ 26852 മത്സ്യത്തൊഴിലാളികൾക്ക് 2,000 രൂപ നിരക്കിൽ 5,37,04,000 രൂപ വിതരണം ചെയ്തിരുന്നു. കൂടാതെ ഇവരുടെ മാനസിക പ്രശ്നങ്ങൾക്ക് പരിഹാരമായി ആരോഗ്യ വകുപ്പും ദുരന്ത നിവാരണ വകുപ്പുമായി ചേർന്ന് സൈക്കോ സോഷ്യൽ കൗൺസിലിംഗ് കൊടുക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. അതോടൊപ്പം കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പോലീസ് സംവിധാനങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണം നടത്തേണ്ടതെന്നും റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ പുനരധിവസി പ്പിക്കുന്നതിനുള്ള സമഗ്രപദ്ധതിയും കൂടുതൽ സുരക്ഷയു ള്ള യാനങ്ങൾ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യ തൊഴിലാളികൾക്കുള്ള പുനരധിവാസ പദ്ധതിക്കായി 7340 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് പുറമെ 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ മത്സ്യത്തൊഴിലാളികളുടെയും തീരദേശത്തിന്റെയും സമഗ്ര വികസനത്തിന് സഹായകമായ 2000 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 10 കോടി രൂപ വിശദമായ രേഖ തയ്യാറാക്കാൻ

വകയിരുത്തിയിട്ടുണ്ട്. ഓഖി ദുരന്തത്തിന് സമാനമായ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് കടലിൽ പോകുകയും തിരികെ വരികയും ചെയ്യുന്ന മത്സ്യബന്ധന യാനങ്ങളുടെയും തൊഴിലാളികളുടെയും വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC)-യുടെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. അത് മത്സ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനുള്ള പരിശീലനം നടന്നുവരുന്നു. അത് ഉടൻതന്നെ നടപ്പിലാക്കുന്നതാണ്.

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുമായി ആശയവിനിമയം നടത്തുന്നതിനും അവർക്ക് മുന്നറിയിപ്പ് നൽകുന്നതിനും ഏറ്റവും വലിയ പ്രതിബന്ധം കടലിലെ വാർത്താവിനിമയ സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ഇപ്പോൾ കടലിൽ പരമാവധി 50 കിലോമീറ്റർ പരിധിവരെ മാത്രമേ കരയിൽ നിന്നുള്ള വാർത്താവിനിമയം സാധ്യമാകുന്നുള്ളൂ. ഈ സാഹചര്യത്തിൽ ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടെ ഉപഗ്രഹ സാങ്കേതികവിദ്യ ഉപയോഗിച്ച് 1500 കി.മീറ്റർ വരെ വാർത്താവിനിമയം സാധ്യമാക്കുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിക്കുകയും ISRO വികസിപ്പിച്ച 'നാവിക്' ഉപകരണത്തിന്റെ ഫീൽഡുതല പരീക്ഷണം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കടലിൽ അകപ്പെട്ടു പോകുന്ന മത്സ്യത്തൊഴിലാളികളുടെ യഥാർത്ഥ സ്ഥാനം മനസ്സിലാക്കുന്നതിന് ഉതകുന്ന റേഡിയോ ബീക്കണുകൾ നാവിക്കിൽ ഘടിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ട്. മുഴുവൻ മത്സ്യബന്ധന യാനങ്ങൾക്കും ആവശ്യമായ 'നാവിക്' ഉപകരണങ്ങൾ കെൽട്രോൺ വഴി ISRO-യുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച് വിതരണം ചെയ്യുന്നതിനു ള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ കാലാവസ്ഥ സംബന്ധിച്ചും കടലിന്റെ പ്രക്ഷുബ്ധാവസ്ഥ സംബന്ധിച്ചും മത്സ്യലഭ്യത സംബന്ധിച്ചുമു ള്ള വിവരങ്ങൾ മുൻകൂട്ടി മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിന് ഹൈദരാബാദിലെ INCOIS-മായി 24-10-2017-ന് ധാരണാപത്രം മത്സ്യവകുപ്പ് ഒപ്പുവച്ചിട്ടുണ്ട്. അതനുസരിച്ച് 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ INCOIS-ന് കൈമാറിയിട്ടുണ്ട്. കൂടാതെ യാനങ്ങളുടെ സഞ്ചാരപാത കരയിലിരുന്ന് മനസ്സിലാക്കാൻ കഴിയുന്ന ഓട്ടോമാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനം 260 മത്സ്യബന്ധന ബോട്ടുകളിൽ ഇതിനകം ഘടിപ്പിച്ചിട്ടുണ്ട്. കൂടുതൽ ബോട്ടുകളിൽ ഇവ ഘടിപ്പിക്കുന്നതാണ്. ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ് എന്നിവ മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും കൊണ്ടുപോകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര വൈദ്യസഹായം എത്തിക്കുന്നതിനും അവരെ കഴിയുന്നത്ര വേഗം കരയിൽ എത്തിക്കുന്നതിനും 3 മറൈൻ ആംബുലൻസ് നിർമ്മിച്ചുതരുന്നതിന് കൊച്ചി

കപ്പൽശാലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കടലാക്രമണം രൂക്ഷമായതും തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യ തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതി നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികളെ ദുരന്ത പ്രതിരോധം സംബന്ധിച്ച് ബോധവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ഓഖി ദുരിതബാധിത തീരഗ്രാമങ്ങളുടെ സമഗ്ര പുനരധിവാസം**

323 (1183) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ.വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരിതബാധിത തീരഗ്രാമങ്ങളുടെ സമഗ്ര പുനഃരധിവാസത്തിന് എന്തൊക്കെ നടപടികളാണ് കൈക്കൊ ള്ളുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധനയാനങ്ങളുടെ പുനഃസ്ഥാപനം, മത്സ്യത്തൊഴിലാളി സുരക്ഷ എന്നീ വിഷയങ്ങളിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) മറൈൻ എൻഫോഴ്സ്മെന്റ് പുനഃസംഘടിപ്പിക്കുന്നതിന് നീക്കമുണ്ടോ; മറൈൻ ആംബുലൻസുകൾ വ്യാപകമാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017 നവംബർ 30-ാം തീയതി കേരള തീരത്ത് വീശിയടിച്ച ഓഖി ചുഴലിക്കാറ്റ് കേരളത്തിന്റെ തീരത്ത് വൻനാശനഷ്ടമാണുണ്ടാക്കിയത്. മരണപ്പെട്ടവർക്ക് 20 ലക്ഷം രൂപ വീതം ഇതിനകം സാമ്പത്തിക സഹായം അനുവദിച്ചുകഴിഞ്ഞു. കൂടാതെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും മരണപ്പെട്ട മത്സ്യ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപവീതം അനുവദിച്ചിട്ടുണ്ട്. കാണാതായവർക്ക് മരണപ്പെട്ടവരുടെ അതേ നിരക്കിലുള്ള നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനമെടുക്കുകയും അതിൽ നിലവിലുള്ള നിയമതടസ്സങ്ങൾ അതിജീവിക്കു ന്നതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അടങ്ങിയ കമ്മിറ്റിയെ നിയമിക്കുകയും റിവ്യൂ ചെയ്യുകയും 3 മാസത്തിനകം

റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മത്സ്യമേഖലയിലെ പൂർണ്ണമായും, ഭാഗികമായും വീട് തകർന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് താൽക്കാലിക ആശ്വാസമായി 47.06 ലക്ഷം രൂപ റവന്യൂ വകുപ്പുവഴി വിതരണം ചെയ്തിട്ടുണ്ട്. വീടുകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും നൽകി പുനരധിവസിപ്പിക്കുന്നതിനു ള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. മരണമടയുന്നതും കാണാതാകുന്നതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓഖി ദുരന്തത്തിൽപ്പെട്ട മത്സ്യ തൊഴിലാളികളെ അതിന്റെ ആഘാതത്തിൽനിന്ന് മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് കൗൺസിലിംഗ് ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു.

ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തി ലേർപ്പെടാൻ കഴിയാത്ത ആരോഗ്യസ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം അനുവദിക്കുന്നതാണ്. ഓഖി ദുരിതബാധിതരുടെ പുനരധിവാസത്തിനും തീരദേശത്തിന്റെ സമഗ്ര വികസനത്തിനുമായി 7340 കോടി രൂപയുടെ പ്രത്യേക പാക്കേജ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 2018-ലെ ബജറ്റ് പ്രസംഗത്തിൽ തീരദേശത്തിന്റെ പുനഃസൃഷ്ടിക്കായി 2000 കോടി രൂപയുടെ പ്രത്യേക പാക്കേജും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതും സമയബന്ധിതമായി നടപ്പാക്കുന്നതാണ്.

(ബി) ആകെ 384 മത്സ്യബന്ധന യാനങ്ങൾക്കാണ് കേടുപാടുകൾ സംഭവിച്ചിട്ടുള്ളത്. കേടായ മത്സ്യബന്ധന യാനങ്ങളുടെ നഷ്ടം കണക്കാക്കുന്നതിന് കമ്മിറ്റി രൂപീകരി ക്കുകയും അതനുസരിച്ച് നഷ്ടം കണക്കാക്കി വരികയുമാണ്. അത് ലഭിച്ചാലുടൻ അവരുടെ നഷ്ടപരിഹാരം മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമയ്ക്ക് നൽകുന്നതാണ്. പൂർണ്ണമായി നഷ്ടപ്പെട്ട മത്സ്യബന്ധന യൂണിറ്റുകളിലെ മത്സ്യത്തൊഴിലാളികളെ ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിച്ച് മത്സ്യത്തൊഴിലാളികൾക്ക് തൊഴിലുറപ്പ് വരുത്തുന്നതിനായി 80 യാനങ്ങൾ നൽകുന്നതിന് 9.88 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ സുരക്ഷിതവും ബലവത്തായതുമായ എഫ്.ആർ.പി. ബോട്ടുകൾ നൽകുന്നതിനും തിരുവനന്തപുരം ജില്ലയിൽ നിശ്ചിത എണ്ണം തങ്ങൽ വള്ളങ്ങൾക്ക് പകരമായി ആഴക്കടൽ മത്സ്യബന്ധനത്തിനുതകുന്ന സ്റ്റീൽ ബോട്ടുകൾ (ലോംഗ് ലൈനേഴ്സ്) നൽകുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നു. അതോടൊപ്പം കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും അവർക്ക് സൗകര്യപ്രദമായി ഉപയോഗിക്കാൻ പര്യാപ്തമായ ലൈഫ് ജാക്കറ്റുകൾ

നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എം.എഫ്.ആർ ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഇത്തരം ജീവൻരക്ഷാ ഉപകരണങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ച് ഉപഗ്രഹ സഹായത്തോടെ മുന്നറിയിപ്പ് നൽകുന്നതിനുതകുന്നതുമായ നാവിക് എന്ന ഉപകരണം ഐ.എസ്.ആർ.ഒ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കെൽട്രോണുമായി ചേർന്ന് ഇത് എല്ലാ മത്സ്യബന്ധന യാനങ്ങൾക്കും വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കടലിലെ താപവ്യതിയാനങ്ങളെക്കുറിച്ചും മത്സ്യലഭ്യതയെക്കുറിച്ചും കാലാവസ്ഥാ വ്യതിയാന ങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലെ ത്തിക്കുന്നതിന് ഇൻകോയിസുമായി ഫിഷറീസ് വകുപ്പ് ഉടമ്പടിയിലേർപ്പെട്ടിട്ടുണ്ട്. ഇതിനായി മത്സ്യബന്ധനത്തിലേർപ്പെടുന്ന 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ ഇൻകോയിസിന് നൽകിയിട്ടുണ്ട്. മത്സ്യത്താഴിലാളികൾ കടലിൽ പോകുമ്പോഴും മടങ്ങിവരുമ്പോഴും ആ വിവരം രേഖപ്പെടുത്തുന്നതിന് സഹായകരമായ 'സാഗര' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി.യു.-മായി ചേർന്ന് വികസിപ്പിച്ചെടുത്തിട്ടുണ്ട്. അത് മത്സ്യത്തൊഴിലാളികളുടെ മൊബൈലിലേയ്ക്ക് ഡൗൺലോഡ് ചെയത് നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

(സി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് വളരെ വേഗം കരയിലെത്തിക്കുന്നതിന് 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിനുള്ള നടപടികൾ ഫിഷറീസ് വകുപ്പുതലത്തിൽ പുരോഗമിച്ചുവരികയാണ്. ആറുമാസത്തിനകം 3 മറൈൻ ആംബുലൻസുകൾ നിർമ്മിച്ച് വകുപ്പിന് കൈമാറാൻ കൊച്ചി കപ്പൽശാലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഓഖി ദുരന്തത്തിൽ ഉണ്ടായ നാശനഷ്ടം**

324 (1184) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ ഫലമായി സംസ്ഥാനത്തെ തീരദേശമേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശം നൽകുമോ;

(ബി) ഓഖി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയത്;

(സി) ഓഖി ദുരന്തത്തിന് ഇരയായ മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് പഠിച്ച് കാലോചിതമായി പരിഷ്കരിക്കുന്നതിന് നിയുക്തരായിരുന്ന റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി, ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) ഈ ദുരന്തം മത്സ്യമേഖലയിൽ ഉണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ പഠിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഓഖി ദുരന്തത്തിൽ മത്സ്യബന്ധന മേഖലയിലെ 74 വീടുകൾക്ക് പൂർണ്ണമായ നാശനഷ്ടവും 458 വീടുകൾക്ക് ഭാഗികമായ കേടുപാടുകളും ആകെ 384 മത്സ്യബന്ധന യാനങ്ങൾക്കും 446 വലകൾക്കും നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. കേടായ മത്സ്യബന്ധന യാനങ്ങളുടെ നഷ്ടം കണക്കാക്കുന്നതിന് കമ്മിറ്റി രൂപീകരിക്കുകയും അതനുസരിച്ച് നഷ്ടം കണക്കാക്കിവരികയുമാണ്.

(ബി) മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ ആകെ 20 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതിനു പുറമെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഇരുപത് ലക്ഷം രൂപയിൽ അഞ്ച് ലക്ഷം രൂപ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന്റെ ബദൽ ജീവനോപാധിക്കായി ഫിഷറീസ് വകുപ്പ് അനുവദിച്ചതാണ്. ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യസ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപയുടെ ധനസഹായം ബദൽ ജീവനോപാധിയായി ഫിഷറീസ് വകുപ്പിൽനിന്നും അനുവദിക്കുന്നതാണ്. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ടി സമിതി പലപ്രാവശ്യം യോഗം ചേർന്ന് റിപ്പോർട്ടുകൾ വിലയിരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ താമസംവിനാ റിപ്പോർട്ട് നൽകുന്നതാണ്. തുടർന്ന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പഠനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ഓഖി ദുരന്തത്തിൽ ബോട്ട് നഷ്ടപ്പെട്ടവർക്ക് പുതിയ ബോട്ട്**

325 (1185) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ ബോട്ട് നഷ്ടപ്പെട്ട ഉടമകൾക്ക് പുതിയ ബോട്ട് വാങ്ങി നൽകുന്നതിന് പദ്ധതിയിട്ടിട്ടുണ്ടോ; ഇതിനായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പുതിയ ബോട്ട് വാങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് ബോട്ടുടമകളുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) ബോട്ടിന് പകരം പണം അനുവദിക്കണമെന്ന് ബോട്ടുടമകൾ പ്രസ്തുത ചർച്ചയിൽ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള തീരുമാനം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഓഖി ദുരന്തത്തിൽപ്പെട്ട് മത്സ്യബന്ധന യാനങ്ങളും അനുബന്ധ ഉപകരണങ്ങളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അവ പുനഃസ്ഥാപിച്ച് നൽകുന്നതിന് 9.88 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) മത്സ്യബന്ധന യൂണിറ്റുകൾ പൂർണ്ണമായും നഷ്ടപ്പെട്ട ഉടമകൾ അവർക്ക് ആയതിനുള്ള അർഹമായ നഷ്ടപരിഹാരം നൽകിയാൽ മതിയെന്ന് അഭിപ്രായ പ്പെട്ടതനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ**

326 (1186) ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരപ്രദേശങ്ങളിൽ ഉടനീളം സ്വീകരിക്കേണ്ടുന്ന പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മത്സ്യഗ്രാമങ്ങളിലും മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്കും യഥാസമയം മുന്നറിയിപ്പുകൾ എത്തിക്കുന്നതിനും അടിയന്തരസഹായ പ്രവർത്തനങ്ങൾ നടത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(സി) മത്സ്യബന്ധന യാനങ്ങളെയും തീരദേശ ഗ്രാമങ്ങളെയും ബന്ധിപ്പിച്ച് കൊണ്ടുള്ള സാറ്റലൈറ്റ് വിവര വിനിമയ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ;

(ഡി) തീരദേശ ഗ്രാമങ്ങളിൽ ഓരോ പൊതുകേന്ദ്രത്തിലും സൗജന്യ വൈ-ഫൈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ ) പരിഗണിക്കുന്നതാണ്.

(ബി&സി) ഭാവിയിൽ ദുരന്തവ്യാപ്തി ലഘൂകരിക്കുന്നതിന് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് ശാസ്ത്രീയമായ മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടി ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം മത്സ്യവകുപ്പ് വഴി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ അന്തിമഘട്ടത്തിലാണ്. കടലിൽ 1500 കിലോ മീറ്റർ അകലെ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയും എന്നാണ് ഐ.എസ്.ആർ.ഒ. അറിയിച്ചിട്ടുള്ളത്. കടലിൽപ്പെട്ടുപോകുന്ന മത്സ്യ തൊഴിലാളികളുടെ സ്ഥാനം നിർണ്ണയിക്കാൻ സഹായകമായ റേഡിയോ ബീക്കണുകൾ നാവിക്-ൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ യാനത്തിന്റെ സഞ്ചാരപാത കരയിലിരുന്ന് മനസ്സിലാക്കാൻ കഴിയുന്ന ഓട്ടോമാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനം 260 മത്സ്യബന്ധന ബോട്ടുകളിൽ ഇതിനകം ഘടിപ്പിച്ചിട്ടുണ്ട്. കൂടുതൽ ബോട്ടുകളിൽ ഇവ ഘടിപ്പിക്കുന്നതാണ്. ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ് എന്നിവ മത്സ്യ ബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും കൊണ്ടുപോകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങളിൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു. കടലിൽ അപകടമുണ്ടാകുമ്പോൾ മത്സ്യ ത്തൊഴിലാളികൾക്ക് അടിയന്തര ശുശ്രൂഷ നൽകുന്നതിനും അവരെ കരയിലെത്തി ക്കുന്നതിനും ഉതകുന്ന മറൈൻ ആംബുലൻസ് സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികളും ആവിഷ്കരിച്ചു. കടലിലെ താപവ്യതിയാനങ്ങളെക്കുറിച്ചും മത്സ്യലഭ്യതയെക്കുറിച്ചും കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലെത്തിക്കുന്നതിന് ഇൻകോയിസുമായി ഫിഷറീസ് വകുപ്പ് ഉടമ്പടിയിലേർപ്പെട്ടിട്ടുണ്ട്. ഇതിനായി മത്സ്യബന്ധനത്തിലേർപ്പെടുന്ന 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ ഇൻകോയിസിന് നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും മടങ്ങിവരുമ്പോഴും ആ വിവരം

രേഖപ്പെടുത്തുന്നതിന് സഹായകമായ 'സാഗര' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി.-യുമായി ചേർന്ന് വികസിപ്പിച്ചെടുത്തിട്ടുണ്ട്. അത് മത്സ്യത്തൊഴിലാളികളുടെ മൊബൈലിലേയ്ക്ക് ഡൗൺലോഡ് ചെയ്ത് നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

(ഡി) തീരദേശ ഗ്രാമങ്ങളിൽ ഓരോ പൊതു കേന്ദ്രത്തിലും സൗജന്യ വൈ-ഫൈ സംവിധാനം ഏർപ്പെടുത്തുമെന്ന് 2018-19 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## ഫിഷ് മാർക്കറ്റ്

327 (1187) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ പുല്ലുകുളങ്ങരയിൽ പ്രവർത്തിക്കുന്നതും കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിൽ ആയിട്ടുള്ളതുമായ ഫിഷ് മാർക്കറ്റ് പൊളിച്ചുമാറ്റി പകരം അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## വാമനപുരം മണ്ഡലത്തിൽ ആധുനിക മത്സ്യമാർക്കറ്റ്

328 (1188) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ, പെരിങ്ങമ്മല എന്നീ സ്ഥലങ്ങളിൽ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ അവയുടെ പുരോഗതി എന്തായെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ, പെരിങ്ങമല എന്നീ സ്ഥലങ്ങളിൽ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും ഫിഷറീസ് വകുപ്പിൽ നിലവിലില്ല.

## നെല്ലനാട് മത്സ്യമാർക്കറ്റ് നിർമ്മാണം

329 (1189) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് ഗ്രാമ പഞ്ചായത്തിലെ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തിയായോ;

(ബി) പ്രസ്തുത മാർക്കറ്റിന്റെ ഉദ്ഘാടനം കഴിഞ്ഞുവോ; മാർക്കറ്റിന്റെ പണി പൂർത്തിയാക്കാതെയാണോ ഉദ്ഘാടനം നടത്തിയത്; എങ്കിൽ അതിനെന്താണ് കാരണം എന്നറിയിക്കുമോ ;

(സി) പ്രസ്തുത മാർക്കറ്റ് എന്നത്തേയ്ക്ക് പ്രവർത്തിച്ചുതുടങ്ങും ; വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) വെഞ്ഞാറമൂട് മത്സ്യമാർക്കറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് 6-6-2016-ൽ നെല്ലനാട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

(ബി) വെഞ്ഞാറമൂട് മത്സ്യമാർക്കറ്റിന്റെ പ്രവർത്തനോദ്ഘാടനം 2016 മാർച്ച് 1-ന് നടത്തിയിരുന്നു. പ്രസ്തുത മാർക്കറ്റിന്റെ നിർമ്മാണ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചതിനുശേഷം മാത്രമാണ് പ്രവർത്തനോദ്ഘാടനം നടത്തിയത്. എന്നാൽ നെല്ലനാട് പഞ്ചായത്ത് അധികൃതർ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാൻ വൈകിയതിനാൽ ടി മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, ചിൽ റൂം എന്നിവ പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചിരുന്നില്ല.

(സി) വെഞ്ഞാറമൂട് മത്സ്യമാർക്കറ്റ് പ്രവർത്തനസജ്ജമാക്കാവുന്ന രീതിയിൽ പൂർത്തീകരിച്ച് 6-6-2016-ൽ നെല്ലനാട് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ടി മാർക്കറ്റിന്റെ ഭാവിനടത്തിപ്പും പരിപാലനവും നിർവ്വഹിക്കേണ്ടത് പഞ്ചായത്താണ്. വെഞ്ഞാറമൂട് മത്സ്യമാർക്കറ്റ് തുറന്നുപ്രവർത്തിപ്പിക്കുന്നതിൽ നിലവിൽ തടസ്സങ്ങൾ ഒന്നുമില്ല.

## കാട്ടാക്കട മണ്ഡലത്തിലെ നടുക്കാട് മത്സ്യചന്തയുടെ നവീകരണം

330 (1190) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ പള്ളിച്ചൽ പഞ്ചായത്തിലെ നടുക്കാട് മത്സ്യചന്ത നവീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ചന്ത നവീകരിക്കുന്നതിനുള്ള പ്രവൃത്തി വകുപ്പ് വഴി ചെയ്യുന്നതിന്റെ സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) സാധ്യത കണക്കിലെടുത്ത് നടപടി സ്വീകരിക്കുന്നതാണ്.

## കൊണ്ടോട്ടിയിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ

331 (1191) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യമാർക്കറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർചെയ്ത കാര്യങ്ങൾ വിശദമാക്കുമോ;

(ബി) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് കിഫ്ബിയിൽ പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കൊണ്ടോട്ടിയിലെ മത്സ്യമാർക്കറ്റ് നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിനായി തയ്യാറാക്കിയ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ദേശീയ മത്സ്യവികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ അനുമതി നൽകിയതും എന്നാൽ പൂർത്തീകരിക്കാതിരുന്നതുമായ മാർക്കറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു. ഇത്തരത്തിലുള്ള 37 മത്സ്യമാർക്കറ്റുകളിൽ 34 എണ്ണം പൂർത്തീകരിക്കുകയും 3 മാർക്കറ്റുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലുമാണ്. കൊല്ലം ജില്ലയിലെ കരിക്കോട്, മയ്യനാട് മാർക്കറ്റുകളുടെ നവീകരണത്തിനായി ഭരണാനുമതി നൽകുകയും കരിക്കോട് മാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ കണ്ണനല്ലൂർ, ഏനാത്ത് മാർക്കറ്റുകളുടെ നവീകരണത്തിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ആലപ്പുഴ ജില്ലയിലെ അരൂർ മാർക്കറ്റിന്റെ നവീകരണത്തിനായി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തി 600 കോടി രൂപയിൽ അധികരിക്കാതെയും പദ്ധതി ഘടകങ്ങളിൽ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം, മത്സ്യ മാർക്കറ്റുകളുടെ ആധുനികവത്കരണം എന്നിവയ്ക്കായി പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. അതിൽ കൊണ്ടോട്ടി മത്സ്യമാർക്കറ്റിന്റെ ആധുനികവത്കരണവും ഉൾപ്പെടുന്നുണ്ട്.

## മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്ന പദ്ധതി

332 (1192) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഗുണനിലവാരമുള്ള മത്സ്യം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) മത്സ്യത്തിൽ വ്യാപകമായി ഉപയോഗിക്കുന്ന വിഷവസ്തുക്കൾ കണ്ടെത്തുന്നതിനായി എന്തെങ്കിലും പുതിയ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി 600 കോടി രൂപയിൽ അധികരിക്കാതെയും പദ്ധതി ഘടകങ്ങളിൽ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം, മത്സ്യ മാർക്കറ്റുകളുടെ ആധുനികവത്കരണം എന്നിവ മാത്രമായി ചുരുക്കി പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) 1. മത്സ്യത്തൊഴിലാളികളിൽനിന്ന് മത്സ്യം നേരിട്ട് ശേഖരിച്ച് വിതരണം ചെയ്യുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനും ബീച്ച് ലെവൽ ലേലം നടത്തുന്നതിനും മത്സ്യഫെഡ് വഴി നടപടി എടുത്തിട്ടുണ്ട്.

2. മത്സ്യ മാർക്കറ്റുകൾ ആധുനികവത്കരിക്കുന്നതിന് പദ്ധതി നടപ്പാക്കിവരുന്നു.

3. വൃത്തിയുള്ള സാഹചര്യത്തിൽ മത്സ്യവില്പന നടത്തുന്നതിന് മത്സ്യ മാർട്ടുകൾ മത്സ്യഫെഡ് വഴി പ്രവർത്തിച്ചുവരുന്നു.

4. തിരുവനന്തപുരം നഗരത്തിൽ ഒരു മൊബൈൽ ഫിഷ് മാർട്ട് (അന്തി പച്ച) പ്രവർത്തിക്കുന്നു.

5. ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും മത്സ്യത്തിൽ രാസവസ്തുക്കൾ ചേർത്ത് വില്പന നടത്തുന്നത് നിയന്ത്രിക്കുന്നതിനും നിയമനിർമ്മാണം പരിഗണനയിലാണ്.

(സി) ഉണ്ട്. ഫോർമാലിൻ, അമോണിയ എന്നീ രാസവസ്തുക്കൾ മത്സ്യത്തിൽ ചേർത്തിട്ടുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) വികസിപ്പിച്ചെടുത്ത ലളിതമായ ഒരു ടെസ്റ്റ് കിറ്റ് (പേപ്പർ സ്ട്രിപ്) തയ്യാറായിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ പേപ്പർ സ്ട്രിപ് ഉല്പാദിപ്പിച്ച് വിപണിയിൽ ലഭ്യമാക്കുവാൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി നടപടി സ്വീകരിച്ചുവരികയാണ്.

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

333 (1193) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി തയ്യാറാക്കിയ പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചുവോയെന്നും; ആയതിന്റെ നിലവിലെ സ്ഥിതി യെന്തെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിച്ച മത്സ്യ മാർക്കറ്റുകളുടെ പേരുവിവരം ലഭ്യമാക്കാമോ?

### ഉത്തരം

(എ )കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി തയ്യാറാക്കി വരുന്ന 600 കോടി രൂപയുടെ പദ്ധതിയിൽ മത്സ്യമാർക്കറ്റുകളുടെ ആധുനിക വത്കരണത്തിനുള്ള പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള 53 മത്സ്യമാർക്കറ്റുകളുടെ ലിസ്റ്റ് അനുബന്ധമായി *ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മത്സ്യത്തിൽ രാസവസ്തുക്കൾ പുരട്ടുന്നത് തടയാൻ നടപടി

334 (1194) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഫിഷ് സ്റ്റോളുകളിലും, മത്സ്യമാർക്കറ്റുകളിലും വിറ്റഴിക്കുന്ന മത്സ്യത്തിൽ വിഷദ്രാവകങ്ങൾ പുരട്ടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) മാരകമായ രോഗങ്ങൾക്ക് കാരണമാകുന്ന ഇത്തരം ദ്രാവകങ്ങൾ പുരട്ടുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും സൂക്ഷിക്കുന്ന മത്സ്യത്തിൽ അമിതമായ രീതിയിൽ രാസവസ്തുക്കൾ പുരട്ടി സൂക്ഷിക്കുന്നത് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) ഫിഷറീസ് വകുപ്പ് ഇത്തരത്തിൽ പരിശോധന നടത്താറുണ്ടോ; വ്യക്തമാക്കുമോ;

(ഇ) 2010 ജനുവരി മുതൽ പരിശോധനയിൽ കണ്ടെത്തിയവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(എഫ്) ഫിഷറീസ് വകുപ്പ് മത്സ്യ പരിശോധനക്കുവേണ്ടി പ്രത്യേക വിഭാഗം രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തി വിപണനം നടത്തുന്നത് തടയുന്നതിന്റെ ഭാഗമായി ജില്ലകളിൽ ഫിഷറീസ് ഉദ്യോഗസ്ഥരും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യ മൊത്തവ്യാപാര വിപണനശാലകൾ എന്നിവ കേന്ദ്രീകരിച്ച് സംയുക്ത പരിശോധന നടത്തിവരികയും ചെയ്യുന്നു.

(സി - ഇ) ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും സൂക്ഷിക്കുന്ന മത്സ്യത്തിൽ രാസവസ്തുക്കൾ ചേർക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ഫിഷറീസ് വകുപ്പിന് അധികാരമില്ലാത്തതിനാൽ വകുപ്പ് നടപടി സ്വീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പാണ് നടപടി സ്വീകരിക്കുന്നത്.

(എഫ്) സ്വീകരിക്കുന്നതാണ്. ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷാ വിഭാഗവും സംയുക്തമായി 14 ജില്ലകളിലും സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ മത്സ്യ മാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മൊത്ത മത്സ്യ വ്യാപാര വിപണന കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഈ സ്ക്വാഡ് പരിശോധന നടത്തുകയും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

**മാരക വിഷങ്ങൾ കലർന്ന മത്സ്യങ്ങൾ**

335 (1195) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫോർമാലിൻ, അമോണിയ എന്നീ മാരക വിഷങ്ങൾ കലർന്ന മത്സ്യങ്ങൾ വ്യാപകമായി വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ പരിശോധിക്കുന്നതിന് വകുപ്പ് തലത്തിൽ കുറ്റമറ്റ സംവിധാനങ്ങൾ ഏർപ്പെടുത്താമോ;

(സി) ഇതിനായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഫോർമാലിൻ, അമോണിയ എന്നീ രാസപദാർത്ഥങ്ങൾ മത്സ്യങ്ങളിൽ കലർത്തി വില്പനയ്ക്കെത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും വ്യാപകമായി അത്തരം വിറ്റഴിക്കപ്പെടുന്നതായി അറിവില്ല.

(ബി) ഫോർമാലിൻ, അമോണിയ തുടങ്ങിയ രാസവസ്തുക്കൾ ചേർത്ത മത്സ്യങ്ങളെ കണ്ടെത്തുന്നതിന് മത്സ്യമേഖലയിലെ ഗവേഷണ സ്ഥാപനമായ CIFT (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി) വികസിപ്പിച്ചെടുത്ത 'പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ' വിജയകരമായി പരീക്ഷിച്ചിട്ടുണ്ട്. ഈ പേപ്പർ സ്ട്രിപ്പ് എല്ലായിടങ്ങളിലും ലഭ്യമാക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. വാണിജ്യാടിസ്ഥാനത്തിൽ പേപ്പർ സ്ട്രിപ്പ് ഉല്പാദനം നടത്തുന്നതിനുള്ള ശ്രമങ്ങൾ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി സ്വീകരിച്ചുവരികയാണ്. ഇത്തരത്തിൽ രാസവസ്തുക്കൾ ചേർത്ത് മത്സ്യവിപണനം നടത്തുന്നവരെ കണ്ടെത്തുന്നതിന് ഫിഷറീസ് വകുപ്പിലെയും ഭക്ഷ്യസുരക്ഷാ വകുപ്പിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. വിഷരഹിതമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി മത്സ്യബന്ധന തുറമുഖങ്ങൾ/കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ തുടങ്ങി മാർക്കറ്റ് വരെ നീളുന്നതും കേരളത്തിലെ മത്സ്യത്തൊഴിലാളികൾ പിടിച്ചെടുക്കുന്ന മത്സ്യം നേരിട്ട് അവരിൽനിന്നും ശേഖരിച്ച്, ഗുണനിലവാരം ഉറപ്പുവരുത്തി, ശീതീകരിച്ച് ഉപഭോക്താക്കളിൽ എത്തിക്കുന്നതുമായ ഒരു ശീതീകരണ ശൃംഖല അഥവാ കോൾഡ് ചെയിൻ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യങ്ങളുടെ വിപണനം ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണം സർക്കാർ പരിഗണനയിലാണ്. ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിനും രാസവസ്തുക്കൾ ചേർത്ത മത്സ്യവിപണനം നടത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതാണ്.

**ഓപ്പറേഷൻ സാഗർറാണി**

336 (1196) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷം ചേർത്ത മത്സ്യങ്ങൾ കണ്ടെത്തുന്നതിനായി ഓപ്പറേഷൻ സാഗർറാണി എന്ന പേരിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) മത്സ്യവിപണന മേഖലകളിൽ നിരന്തര പരിശോധനകൾ നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ;

(സി) ഐസ് ഉണ്ടാക്കുന്ന ഫാക്ടറികളിൽ ഐസിൽ ഫോർമാലിൻ ചേർക്കുന്നുണ്ടെന്ന പരാതി പരിശോധിക്കുമോ;

(ഡി) മത്സ്യങ്ങളിൽ സോഡിയം ബെൻസോയേറ്റ് ഉപയോഗിക്കുന്നതായുള്ള വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഗുണമേന്മയുള്ള മത്സ്യം ജനങ്ങൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്നറിയിക്കുമോ?

ഉത്തരം

(എ) മത്സ്യങ്ങളിൽ രാസവസ്തുക്കൾ ചേർത്ത് വിപണനം നടത്തുന്നത് കണ്ടെത്തുന്നതിനായി വ്യാപക പരിശോധന നടത്തുന്നതിനും ബന്ധപ്പെട്ടവർക്ക് അവബോധന ക്ലാസ്സുകൾ നടത്തുന്നതിനുമായി 'ഓപ്പറേഷൻ സാഗർറാണി' എന്ന ഒരു പദ്ധതി ഭക്ഷ്യസുരക്ഷാ വകുപ്പ് വിഭാവനംചെയ്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) മത്സ്യത്തിൽ മാരകമായ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള വിപണനം തടയുന്നതിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരേയും ഫിഷറീസ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി 14 ജില്ലകളിലും സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തിവരുന്നുണ്ട്. ഇത്തരം രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിനുള്ള ലളിതമായ സാങ്കേതികവിദ്യ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, കൊച്ചി വികസിപ്പിച്ചിട്ടുണ്ട്.

(സി) ഫിഷറീസ് വകുപ്പിന് നിലവിലുള്ള നിയമപ്രകാരം പരിശോധിക്കുന്നതിന് അധികാരമില്ല. ഭക്ഷ്യസുരക്ഷാ വകുപ്പ് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ഉപയോഗിക്കുന്ന ഐസിന്റെ സാമ്പിളുകൾ പരിശോധിച്ചതിൽ ഫോർമാലിന്റെ അംശം കണ്ടെത്തിയതിനെത്തുടർന്ന് നാല് ഐസ് ഫാക്ടറികൾ പൂട്ടുകയും അവയുടെ പ്രവർത്തനം നിർത്തിവയ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഫിഷറീസ് വകുപ്പ് നേരിട്ട് പരിശോധന നടത്തിയിട്ടില്ല. എന്നാൽ ഭക്ഷ്യസുരക്ഷാ വകുപ്പ് മത്സ്യങ്ങളിൽ സോഡിയം ബൻസോയേറ്റിന്റെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി 14 ജില്ലകളിലെയും വിപണികളിൽ ലഭ്യമായിട്ടുള്ള മത്സ്യത്തിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിലും കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്ന ഗവേഷണ സ്ഥാപനത്തിലും പരിശോധിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നുണ്ട്.

(ഇ) ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ഉപഭോക്താവിന് ലഭ്യമാക്കുന്നതിന് കഴിയുമാറ് നിയമനിർമ്മാണം സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

## മത്സ്യങ്ങളിലെ മായം ചേർക്കൽ

337 (1197) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണിയിൽ ലഭ്യമാകുന്ന മത്സ്യങ്ങളിൽ ഭൂരിഭാഗവും മായം ചേർത്തതാണ് എന്ന കാര്യം വകുപ്പ് സ്ഥിരീകരിച്ചിട്ടുണ്ടോ;

(ബി) ഇതിലുണ്ടായ ആശങ്ക പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) വിഷരഹിത മത്സ്യം ലഭ്യമാക്കാനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

## ഉത്തരം

(എ) മത്സ്യങ്ങളിൽ രാസപദാർത്ഥങ്ങൾ ചേർത്ത് വിപണനം നടത്തുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും വിപണിയിൽ ലഭ്യമാകുന്നതിന്റെ ഭൂരിഭാഗവും മായം ചേർന്നതാണെന്ന് പറയുന്നതിൽ വസ്തുതയില്ല.

(ബി) മത്സ്യങ്ങളിൽ രാസപദാർത്ഥങ്ങൾ കലർത്തി വിപണനം നടത്തുന്നത് തടയുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷാ വിഭാഗവും സംയുക്തമായി 14 ജില്ലകളിലും സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തിവരുന്നു. ഇത്തരത്തിൽ ശേഖരിച്ച സാമ്പിളുകൾ പരിശോധിച്ച് കുറ്റക്കാരെന്ന് കണ്ടാൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട്, 2006 പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന്റെ ഭാഗമായി ബോധവത്കരണ ക്ലാസ്സുകളും നൽകിവരുന്നുണ്ട്.

(സി) വിഷരഹിതമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യ ബന്ധനം തുറമുഖം/കരയ്ക്കടുപ്പിക്കൽ കേന്ദ്രം മുതൽ മാർക്കറ്റുകൾ വരെ നീളുന്നതും കേരളത്തിലെ മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യം നേരിട്ട് അവരിൽ നിന്നും സംഭരിച്ച് ഗുണനിലവാരം ഉറപ്പാക്കി ശീതീകരിച്ച് ഉപഭോക്താക്കളിൽ എത്തിക്കുന്നതുമായ ഒരു ശീതീകരണ ശൃംഖല അഥവാ കോൾഡ് ചെയിൻ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് ഗുണ നിലവാരമുള്ള മത്സ്യങ്ങളുടെ വിപണനം ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം സർക്കാർ ഉദ്ദേശിക്കുന്നു.

## അരൂരിൽ ഫിഷ് മാർക്കറ്റുകളും ഫിഷ് ലാന്റിംഗ് സെന്ററുകളും

338 (1198) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ,പൂച്ചാക്കൽ എന്നിവിടങ്ങളിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഫിഷ് മാർക്കറ്റുകളുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് എത്ര രൂപയാണ് നീക്കി വച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിയ്ക്ക് ഡി.പി.ആർ, ഭരണാനുമതി,സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ; നിർമാണം എന്നാരംഭിച്ച് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അരൂർ മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി, അരൂർ എന്നിവിടങ്ങളിൽ ഫിഷ് ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ, തീരദേശ വികസന കോർപ്പറേഷന്റെ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ;

(സി) തീരദേശ വികസന കോർപ്പറേഷൻവഴി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ പരിഗണിച്ച് പ്രസ്തുത സ്ഥലങ്ങളിൽ ഫിഷ് ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അരൂർ ഫിഷ് മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട് എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അരൂർ മാർക്കറ്റിന്റെ നിർമ്മാണപ്രവർത്തനം മത്സ്യഫെഡ് മുഖേനയാണ് നടപ്പാക്കുന്നത്. ഇതിന് സാങ്കേതികാനുമതി ആയിട്ടില്ല. പൂച്ചാക്കൽ മാർക്കറ്റിന്റെ നിർമ്മാണത്തിനായി 292 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി എൻ.എഫ്.ഡി.ബി.-യുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. അരൂർ ഫിഷ് മാർക്കറ്റിന്റെ സാങ്കേതിക അനുമതി ലഭിക്കുന്ന മുറയ്ക്കും പൂച്ചാക്കൽ മാർക്കറ്റിന് എൻ.എഫ്.ഡി.ബി. അനുമതി ലഭിക്കുന്നമുറയ്ക്കും നടപടിക്രമങ്ങൾ പാലിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ബി & സി) അരൂർ മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി, അരൂർ എന്നിവിടങ്ങളിൽ ഫിഷ് ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചുവരികയാണ്.

### ഫിഷിംഗ് ബോട്ട് കടലിലിറക്കുവാൻ സഹായം

339 (1199) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റിൽ ഗതിവിട്ട് സഞ്ചരിച്ച് കഴക്കൂട്ടം സെന്റാൻഡ്രൂസ് പള്ളിക്ക് സമീപം കരയിൽ ഇടിച്ചുകയറി മണലിൽ താഴ്ന്ന് നിൽക്കുന്ന ക്രൈസ്റ്റ് എന്ന ഫിഷിംഗ് ബോട്ട് കടലിലിറക്കുവാൻ എന്ത് സഹായമാണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ബോട്ട് കടലിൽ ഇറക്കുവാൻ ഓഖി ഫണ്ടിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ബോട്ട് കടലിലിറക്കുവാൻ തുറമുഖ വകുപ്പ് മുപ്പത് ലക്ഷത്തോളം രൂപ ആവശ്യപ്പെട്ടതായി അറിയാമോ;വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഫിഷറീസ് വകുപ്പ് വാഗ്ദാനം നൽകിയ പന്ത്രണ്ട് ലക്ഷം രൂപ അനുവദിച്ചാൽ തൂത്തുക്കുടിയിൽ നിന്നും വിദഗ്ധരെ വരുത്തി ബലൂൺ സാങ്കേതിക വിദ്യ ഉപയോഗിച്ച് ബോട്ടിന് കേടുപാടുകൂടാതെ കടലിറക്കാൻ സാധിക്കുമെന്നിരിക്കെ ഏകദേശം മൂന്ന് മാസമായിട്ടും ഇക്കാര്യത്തിൽ തീരുമാനമെടുക്കാത്തത് എന്താണെന്ന് വിശദമാക്കാമോ;

(ഇ) രണ്ട് വകുപ്പുകൾ തമ്മിലുള്ള തർക്കത്തിനിടയിൽപെട്ട്, ബോട്ട് വാങ്ങുന്നതിനായി എടുത്ത കടവും പലിശയും ഒന്നും അടയ്ക്കുവാൻ കഴിയാതെ നട്ടം തിരിയുന്ന ബോട്ടുടമകളെ സഹായിക്കുന്നതിനായി പ്രത്യേക പരിഗണന നൽകി വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മണലിൽ പുതഞ്ഞുപോയ ക്രൈസ്റ്റ് എന്ന ഫിഷിംഗ് ബോട്ട് ഉയർത്തിയെടുക്കുന്നതിനുള്ള സംവിധാനമോ സാങ്കേതിക വിദ്യയോ ഫിഷറീസ് വകുപ്പിൽ ലഭ്യമല്ല. ടി ബോട്ട് കടലിലിറക്കുവാൻ നാവിക സേനയുടെ സഹായം സർക്കാർ തലത്തിൽ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുകയില്ലെന്നും 100 ടൺ കപ്പാസിറ്റിയുള്ള ടഗ്ഗ് നേവിയുടെ പക്കലില്ലെന്നും അറിയിച്ചിരുന്നു. ബോട്ട് കടലിൽ ഇറക്കുവാൻ ഓഖി ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഫിഷറീസ് വകുപ്പ് അങ്ങനെ യാതൊരു വാഗ്ദാനവും നൽകിയിട്ടില്ല.

(ഇ) ഓഖി ഫണ്ടിൽനിന്നും സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണനയിലാണ്.

**മണലൂർ മണ്ഡലത്തിലെ തീരദേശ കുടിവെള്ള പദ്ധതികൾ**

340 (1200) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 10-1-2014-ന് ഫിഷറീസ് വകുപ്പുമന്ത്രി മണലൂർ മണ്ഡലത്തിലെ പാട്ടൂർ ഇടിയഞ്ചിറയിൽ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ച തീരദേശ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുക എത്രയാണ്; ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

ഉത്തരം

(എ) 2012-13 സാമ്പത്തിക വർഷത്തിൽ സംയോജിത മത്സ്യ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിൽ പാട്ടൂർ ഇടിയഞ്ചിറ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 62.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണോദ്ഘാടനം 10-1-2014-ന് നിർവ്വഹിച്ചിരുന്നു. കുടിവെള്ള പദ്ധതിക്കായി കുളം, കിണർ എന്നിവ

നിർമ്മിച്ച് പമ്പ് ഹൗസ്, മോട്ടോർ, പമ്പ് സെറ്റ്, ടാങ്ക്, പൈപ്പ് ലൈൻ എന്നിവ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാകുന്ന പദ്ധതിയായിരുന്ന വിഭാവനം ചെയ്തിരുന്നത്. കേരള വാട്ടർ അതോറിറ്റി മുഖേനയാണ് പ്രസ്തുത പദ്ധതി നപ്പിലാക്കുന്നത്. ടി പദ്ധതിയിലുൾപ്പെട്ട കുളത്തിന്റെയും കിണറിന്റെയും നിർമ്മാണവും പൈപ്പ് ലൈൻ സ്ഥാപിക്കലും പൂർത്തിയായതിനുശേഷം അപ്രതീക്ഷിതമായ പ്രകൃതിക്ഷോഭംമൂലം കുളത്തിനും കിണറിനും ഉപയോഗിക്കാൻ സാധിക്കാത്തവിധത്തിലുള്ള നാശനഷ്ടം സംഭവിച്ചതിനാൽ പദ്ധതി പൂർണ്ണമായ തോതിൽ പ്രവർത്തനക്ഷമമായിരുന്നില്ല. ഇതിന് പകരമായി അടുത്തിടെ കമ്മീഷൻ ചെയ്ത വെങ്കിടങ്ങ് കുടിവെള്ള പദ്ധതിയുടെ ലൈനിൽ നിന്ന് പൈപ്പ് ലൈൻ നീട്ടി ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് 28.70 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിലേയ്ക്കായി 24-12-2016-ൽ ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിക്കുകയും തുടർന്ന് 22-2-2017-ൽ നിർവ്വഹണ ഏജൻസി സാങ്കേതികാനുമതി നൽകിയാൽ മതിയാകുമെന്ന് ഫിഷറീസ് ഡയറക്ടർ അറിയിക്കുകയും ഈ വിവരം കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. ഡിവിഷൻ, തൃശ്ശൂർ-നെ 11-8-2017-ലെ കത്ത് മുഖേന അറിയിക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക അനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണെന്ന് കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും അറിയിച്ചിട്ടുണ്ട്.

(ബി) വെങ്കിടങ്ങ് കുടിവെള്ള പദ്ധതിയുടെ അടങ്കൽ തുക 62.50 ലക്ഷം രൂപയാണ്. കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി നാളിതുവരെ 45.00 ലക്ഷം രൂപ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽ നിന്നും കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. 28,58,259 രൂപ നാളിതുവരെ കേരള വാട്ടർ അതോറിറ്റി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## വർക്കല മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് പദ്ധതികൾ

341 (1201) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമാർക്കറ്റുകളെ നവീകരിക്കുന്നതിനായുള്ള പദ്ധതിയിൽ വർക്കല മണ്ഡലത്തിലെ ഏതെല്ലാം മത്സ്യമാർക്കറ്റുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിലേക്ക് അടിയന്തരമായി ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മത്സ്യമാർക്കറ്റ് ആധുനികവത്കരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയവയിൽ വർക്കല മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 600 കോടി രൂപയിൽ അധികരിക്കാതെയും പദ്ധതി ഘടകങ്ങളിൽ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം, മത്സ്യ മാർക്കറ്റുകളുടെ ആധുനികവത്കരണം എന്നിവയ്ക്കായി പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു. അതിൽ വർക്കല നിയോജകമണ്ഡലത്തിലെ പുത്തൻചന്ത മത്സ്യമാർക്കറ്റ്, പുന്നമൂട് മത്സ്യമാർക്കറ്റ് എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

## ഇടക്കൊച്ചി ഫിഷ് ഫാമിന്റെ നിർമ്മാണം

342 (1202) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടക്കൊച്ചി ഫിഷ് ഫാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച്, എന്നത്തേക്ക് പൂർണ്ണമായ രീതിയിൽ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടക്കൊച്ചി ഫിഷ് ഫാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ കരിങ്കല്ല്, മെറ്റൽ, എം.സാന്റ് തുടങ്ങിയവയുടെ ലഭ്യതക്കുറവുമൂലമാണ് കാലതാമസം നേരിടുന്നത്.

(ബി) ഇടക്കൊച്ചി ഫാമിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് അഡാക്കിന് കൈമാറി നൽകിയതിനെ തുടർന്ന് അഡാക്ക് ഇതിൽ മത്സ്യകൃഷിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഫാമിന്റെ രണ്ടാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2018 മേയ് മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## മണലൂർ മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം

343 (1203) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ എളവള്ളി പഞ്ചായത്തിൽ വാർഡ് VIII-ലെ മണിമ്പാർ ബണ്ട് റോഡ്, മുല്ലശ്ശേരി പഞ്ചായത്തിലെ കണ്ണേങ്ങാത്ത്-കുമ്പുള്ളി കെ.എൽ.ഡി.സി. ബണ്ട് റോഡ്, മണലൂർ പഞ്ചായത്തിലെ കരിക്കൊടി റോഡ്, വെങ്കിടങ്ങ് പഞ്ചായത്തിലെ പുളിക്കടവ്-ഏനാമാവ് റോഡ് എന്നീ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇക്കാര്യം ആവശ്യപ്പെട്ട് മണലൂർ എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ കൈക്കൊണ്ട തുടർനടപടി അറിയിക്കാമോ?

### ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്ത് വാർഡ് VIII-ലെ മണിമ്പാർ ബണ്ട് റോഡ്, മുല്ലശ്ശേരി പഞ്ചായത്തിലെ കണ്ണേങ്ങാത്ത്-കുമ്പുള്ളി കെ.എൽ.ഡി.സി. ബണ്ട് റോഡ്, മണലൂർ പഞ്ചായത്തിലെ കരിക്കൊടി റോഡ്, വെങ്കിടങ്ങ് പഞ്ചായത്തിലെ പുളിക്കടവ്-ഏനാമാവ് റോഡ് എന്നീ തീരദേശ റോഡുകളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി പഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥലലഭ്യത പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ കത്തിൽ പരാമർശിച്ചിട്ടുള്ള റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അടിയന്തരമായി സമർപ്പിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ, എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് എടുക്കുന്നതിനു ള്ള നടപടി സ്വീകരിച്ചുവരുന്നു.

## പയ്യന്നൂർ മണ്ഡലത്തിലെ റോഡുകൾ

344 (1204) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 സാമ്പത്തിക വർഷം പയ്യന്നൂർ മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ച നാല് റോഡുകളുടെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയോ;

(ബി) ഇല്ലെങ്കിൽ ആയത് നൽകുന്നതിനാവശ്യമായ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 2017-18 സാമ്പത്തിക വർഷം പയ്യന്നൂർ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ നാല് റോഡുകളുടെ പ്രവൃത്തികൾക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

## മറൈൻ ഫിഷിംഗ് റെഗുലേറ്ററി ആക്ട്

345 (1205) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ മറൈൻ ഫിഷിംഗ് റെഗുലേറ്ററി ആക്ടിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) കേരളം ഈ നിയമം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ എപ്പോഴാണ് നടപ്പിലാക്കിയതെന്നും ഇതുമൂലം മത്സ്യത്തൊഴിലാളികൾക്ക് പ്രയാസം ഉണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ ഇതര സംസ്ഥാനങ്ങളിലേക്ക് തൊഴിൽതേടി പോകുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ചെറുമത്സ്യങ്ങളെ പിടികൂടുന്നത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആരെയെങ്കിലും നിയോഗിച്ചിരുന്നോ ; എങ്കിൽ ആരെയാണ് പ്രസ്തുത ഉത്തരവാദിത്തം ഏൽപ്പിച്ചതെന്നും ഏത് വർഷത്തിലായിരുന്നുവെന്നും വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭ്യമായത് എപ്പോഴായിരുന്നു; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഇ) ബോട്ടുകൾ പിടിച്ചു കൊണ്ടുവരുന്ന മത്സ്യത്തിൽ ചെറിയ മത്സ്യങ്ങൾ പാടില്ലെന്ന് നിയമമുണ്ടോ; എങ്കിൽ പ്രസ്തുത നിയമം ലംഘിക്കുന്നവർക്കെതിരെ ഏത് തരത്തിലു ള്ള നിയമ നടപടികളാണ് സ്വീകരിക്കുന്നത്;

(എഫ്) ബോട്ടുകൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിൽ എത്ര ശതമാനം ചെറിയ മൽസ്യങ്ങൾ ഉണ്ടെങ്കിലാണ് പിഴയോ മറ്റു നടപടികളോ സ്വീകരിക്കേണ്ടതെന്ന് സെൻട്രൽ മറൈൻ ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട് ശിപാർശ ചെയ്തിട്ടുള്ളത്;

(ജി) ശിപാർശ നിയമമാക്കിയപ്പോൾ ശതമാനത്തിനു പകരം ചെറിയ മീനിന്റെ സാന്നിദ്ധ്യം എന്നായത് അശാസ്ത്രീയമാണെന്നും അത് മത്സ്യത്തൊഴിലാളികളെ പ്രയാസത്തിലാക്കിയിട്ടുണ്ടെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് പ്രതിവിധികളാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കേരളത്തിൽ 2017-ലെ മറൈൻ ഫിഷിംഗ് റഗുലേഷൻ (അമെന്റ്മെന്റ്) ആക്റ്റ് 18-9-2017-ൽ നടപ്പിലാക്കിയിട്ടുണ്ട്. ബോട്ട് നിർമ്മാണ യാർഡുകളുടെയും മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റുകളുടെയും രജിസ്ട്രേഷൻ, ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണം എന്നിവയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. നിയമാനുസൃതം മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രയാസം നേരിടുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തിന് പുറത്തുനിന്നു ള്ള നിരവധി മത്സ്യത്തൊഴിലളികൾ കേരളത്തിലെ യാനങ്ങളിൽ ജോലിക്കെത്തുന്നുണ്ട്.

(ഡി) ചെറുമത്സ്യങ്ങളെ പിടിക്കുന്നതിന്റെ ദൂഷ്യവശങ്ങളടക്കമുള്ള വിവിധ വിഷയങ്ങളിൽ സി.എം.എഫ്.ആർ.ഐ.പോലുള്ള സ്ഥാപനങ്ങൾ സ്വന്തംനിലയിൽ പഠനങ്ങൾ നടത്തുകയും എല്ലാ തീരദേശ സംസ്ഥാനങ്ങൾക്കും കാലാകാലങ്ങളിൽ ശിപാർശകൾ നൽകാറുമുണ്ട്. ചെറു മത്സ്യങ്ങളെ പിടിക്കുന്നത് സംബന്ധിച്ച സി.എം.എഫ്.ആർ.ഐ.യുടെ നിർദ്ദേശങ്ങൾ ഫിഷറീസ് അഡീഷണൽ ഡയറക്ടർ ചെയർമാനായ വിദഗ്ദ്ധ സമിതി വിലയിരുത്തുകയും എം.എൽ.എസ് നടപ്പിലാക്കണമെന്ന് 2016 ഡിസംബറിൽ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. വിവിധ ജാതിയിൽപ്പെട്ട 58 മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ചിട്ടുണ്ട്. അതല്ലാതെ ഫിഷറീസ് വകുപ്പ് ഈ വിഷയത്തിൽ ഏതെങ്കിലും പ്രത്യേക ഏജൻസിയെ പഠനത്തിനായി നിയോഗിച്ചിട്ടില്ല.

(ഇ) കെ.എം.എഫ്.ആർ. ആക്ട് പ്രകാരം ചെറുമത്സ്യങ്ങളെ പിടിക്കുന്നത് അനുവദനീയമല്ല. മത്സ്യസമ്പത്ത് നിലനിർത്തി സുസ്ഥിര ചൂഷണം ചെയ്യുക എന്ന കാഴ്ചപ്പാടിന്റെ ഭാഗമായി സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം ലീഗൽ സൈസ് ലംഘിക്കുന്നവർക്കെതിരെ കെ.എം.എഫ്.ആർ. ആക്ട് അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്&ജി) ഏതെങ്കിലും ജാതിയിൽപ്പെട്ട മത്സ്യത്തിന്റെ എണ്ണത്തിൽ 50%-നുമേൽ ചെറുമത്സ്യങ്ങളുണ്ടെങ്കിൽ നിയമനടപടി സ്വീകരിക്കണം എന്നാണ് സെൻട്രൽ മറൈൻ ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട് ശിപാർശ ചെയ്തിട്ടുള്ളതെങ്കിലും മത്സ്യ സമ്പത്തിന്റെ ആശങ്കപ്പെടുത്തുന്ന കുറവ് കണക്കിലെടുത്ത് ടി ശിപാർശ സർക്കാർ അതേപടി അംഗീകരിച്ചിട്ടില്ല. ഡയമണ്ട് ആകൃതിയിലുള്ള വലക്കണ്ണികൾഉള്ള ട്രോൾ വലകൾ ഉപയോഗിച്ചുനടത്തുന്ന ഇന്നത്തെ ട്രോളിംഗ് മത്സ്യബന്ധ രീതിയിൽ മാറ്റം വരുത്തി ചതുരാകൃതിയിലുള്ള (square mesh) വലക്കണ്ണികൾ ട്രോൾ വലകളിൽ ഉപയോഗിക്കാനാണ് പുതിയ നിയമഭേദഗതി നിഷ്കർഷിക്കുന്നത്. ചതുരാകൃതിയിലുള്ള വലക്കണ്ണികൾ ട്രോൾ വലകളിൽ ഉപയോഗിക്കുന്നതോടെ ചെറു മത്സ്യങ്ങൾ ട്രോൾ വലികളിൽ കുടുങ്ങാനുള്ള സാധ്യത കുറയും. അതുകൊണ്ട് പിടിക്കുന്ന മത്സ്യങ്ങളിൽ ചെറുമത്സ്യങ്ങളുടെ സാന്നിദ്ധ്യം എത്രത്തോളം ആകാമെന്നതു പുനഃനിർണ്ണയിക്കപ്പെടും.

## ടി.എം. ചിറ പാലം നിർമ്മാണം

346 (1206) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ടതും നബാർഡിന്റെ സഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നതുമായ ടി.എം.ചിറ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

### ഉത്തരം

ടി.എം.ചിറ ആയിരംതെങ്ങ് പാലം നിർമ്മാണപ്രവൃത്തിക്ക് നബാർഡ് ആർ.ഐ.ഡി.എഫ്-19-ൽ 260 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഫിഷറീസ് വകുപ്പിൽ നിന്ന് ഏറ്റെടുത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൈമാറുമെന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പുനൽകിയിരുന്നു. നിലവിലുള്ള നടവഴി അപ്രോച്ച് റോഡാക്കി മാറ്റിയാൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള ഫാം രണ്ടായി മുറിഞ്ഞു പോകുമെന്ന കാരണത്താൽ ഫിഷറീസ് വകുപ്പിൽനിന്നും റോഡ് നിർമ്മാണത്തിനുള്ള അനുവാദം നൽകിയിരുന്നില്ല. തുടർന്ന് എ.ഡി.എം., ജനപ്രതിനിധികൾ എന്നിവർ നടത്തിയ ചർച്ചയിൽ ഫിഷ് ഫാം ചിറയുടെ കിഴക്കേ അതിർത്തിയിൽക്കൂടി റോഡ് നിർമ്മിക്കുന്നതിന് ധാരണയാകുകയും ടി സ്ഥലത്ത് അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഫിഷറീസ് വകുപ്പ് വിട്ടുനൽകുകയും ചെയ്തു. കണ്ടൽക്കാടിന്റെ സ്വാഭാവികതയ്ക്ക് കോട്ടം വരാത്ത രീതിയിൽ ഫാമിന്റെ കിഴക്ക് അതിർത്തിയിൽക്കൂടി പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡ് പണിയുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. നബാർഡ്

ഭരണാനുമതി നൽകിയ അലൈൻമെന്റിൽനിന്നും പാലത്തിന്റെ അലൈൻമെന്റ് മാറ്റേണ്ടതായിവന്നു. പുതിയ അലൈൻമെന്റിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുകയും അതിനനുസൃതമായി പാലം നിർമ്മിക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് നൽകിയിരുന്നുവെങ്കിലും നബാർഡിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടില്ല. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ആർ.ഐ.ഡി.എഫ്.-19 വരെയുള്ള ട്രാഞ്ചേ-ൽ ഉൾപ്പെട്ടിട്ടുള്ള ഇനിയും ടെണ്ടർ ചെയ്യിട്ടില്ലാത്ത ടി.എം. ചിറ പാലം നോൺ സ്റ്റാർട്ടർ പ്രോജക്ടായി റദ്ദാക്കുന്നതിന് നബാർഡിന് കത്ത് നൽകിയിരിക്കുകയാണ്.

## പൊഴിയൂർ മത്സ്യബന്ധന തുറമുഖം

347 (1207) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ കേന്ദ്രമാക്കി മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് 2018-2019-ലെ പൊതുബജറ്റിന്റെ ചർച്ചയുടെ മറുപടിയിൽ പ്രഖ്യാപിച്ച പ്രകാരം നിർമ്മാണ പ്രവർത്തനത്തിന് എത്ര കോടി രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുറമുഖ നിർമ്മാണത്തിന്റെ ഡി.പി.ആർ. പൂർത്തീകരിക്കാൻ ആരെയാണ് ചുമതലപ്പെടുത്തുന്നത്; ഇതിന്റെ നിർമ്മാണ മേൽനോട്ടം വഹിക്കുന്നത് ഫിഷറീസ് വകുപ്പ് ആണോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തീരദേശ നിവാസികളെ മാറ്റിപ്പാർപ്പിക്കേണ്ട സാഹചര്യം ഉണ്ടോ;

(ഡി) പ്രസ്തുത തുറമുഖത്തിന്റെ നിർമ്മാണം ഏത് വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് 2018-19 പൊതു ബജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് " 4405-00-104-83 പുതിയ മത്സ്യബന്ധന തുറമുഖ കേന്ദ്രങ്ങൾ കണ്ടെത്തൽ" എന്ന ശീർഷകത്തിൽ 75 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ ഫിഷിംഗ് ഹാർബറുകളുടെയും നിർമ്മാണത്തിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കുന്നതും മേൽനോട്ട ചുമതല വഹിക്കുന്നതും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണ്.

(സി) പൊഴിയൂർ തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാരംഭ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരികയാണ്. പദ്ധതി രൂപരേഖ തയ്യാറാക്കുന്ന ഘട്ടത്തിൽ മാത്രമേ തീരദേശ നിവാസികളെ മാറ്റിപ്പാർപ്പിക്കേണ്ട സാഹചര്യം ഉണ്ടോയെന്ന് അറിയാൻ കഴിയുകയുള്ളൂ.

(ഡി) പൊഴിയൂരിലെ പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കിയശേഷം മാതൃകാ പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ EIA പഠനം പൂർത്തിയാക്കേണ്ടതുണ്ട്. EIA ക്ലിയറൻസ് ലഭിച്ചശേഷം പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണ്. മേൽപഠനങ്ങൾക്കായി ഏകദേശം ഒന്നര വർഷത്തോളം സമയം ആവശ്യമാണ്. തുടർന്ന് പദ്ധതി പൂർത്തീകരിക്കുന്നതിന് ഏകദേശം 4 വർഷം സമയം ആവശ്യമാണ്.

**കായിക്കര കടവിലെ പാലം നിർമ്മാണം**

348 (1208) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം-അഞ്ചുതെങ്ങ് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര കടവിലെ പാലം നിർമ്മാണം പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ച സാഹചര്യം വിശദമാക്കുമോ;

(ബി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൂർത്തീകരിച്ചത്; വിശദമാക്കാമോ;

(സി) പൂർത്തിയാക്കിയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എന്തെല്ലാം രേഖകളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കൈമാറി നൽകിയത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വക്കം-അഞ്ചുതെങ്ങ് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കരകടവിലെ പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ചെയ്യാനാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആയതിനാൽ ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നടപ്പാക്കേണ്ടത്.

(ബി & സി) തീരദേശ പഞ്ചായത്തുകളായ അഞ്ചുതെങ്ങിനെയും വക്കത്തെയും യോജിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രാരംഭ സർവ്വേ നടപടികൾ പൂർത്തീകരിച്ച് നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി 1935 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2013-ൽ തയ്യാറാക്കിയിരുന്നു. സ്ഥലം ലഭ്യമായ പ്രവൃത്തികൾക്കാണ് നബാർഡ് മുൻഗണന നൽകി അംഗീകാരം നൽകിയത്. ആയതിനാൽ ടി പദ്ധതിയുടെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഉൾപ്പെടുന്ന വക്കം-അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകുവാൻ കത്ത് നൽകിയെങ്കിലും വിലകൊടുത്ത് വാങ്ങാനുള്ള ഫണ്ട് ഇല്ലായെന്ന് പഞ്ചായത്തുകൾ അറിയിച്ചു. മേൽ പ്രവൃത്തിയുടെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട സർവ്വേ നമ്പരുകളും അവയുടെ വിസ്തീർണ്ണവും ഉൾക്കൊള്ളുന്ന കരട് സ്കെച്ച് ചിറയിൻകീഴ് തഹസീൽദാരിൽ നിന്നും ലഭിച്ചതനുസരിച്ച് വക്കം വില്ലേജിൽനിന്ന് 20.396 ആർ സ്ഥലവും അഞ്ചുതെങ്ങ് വില്ലേജിൽനിന്ന് 13.555 ആർ സ്ഥലവും ഏറ്റെടുക്കേണ്ടതുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലങ്ങൾക്ക് കമ്പോളവില അനുസരിച്ച് 50,59,410 രൂപ വേണ്ടിവരും. ടി പ്രവൃത്തിയുടെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട സർവ്വേ നമ്പരുകളും അവയുടെ വിസ്തീർണ്ണവും ഉൾക്കൊ ള്ളുന്ന കരട് സ്കെച്ച്, സ്ഥലം ഏറ്റെടുക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിന്റെ പകർപ്പ് എന്നിവ പൊതുമരാമത്ത് വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്.

## രാമന്തളി പാണ്ഡ്യാലക്കടവ് പാലം നിർമ്മാണം

349 (1209) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴിമല നേവൽ അക്കാദമിയിൽ നിന്നും രാമന്തളി വഴി പാണ്ഡ്യാലക്കടവ്-വലിയപറമ്പ് വരെയുള്ള പി.ഡബ്ള്യു.ഡി. റോഡിൽ 'രാമന്തളി പാണ്ഡ്യാലക്കടവ് പാലം' പണിയാൻ നബാർഡ് സഹായത്തോടെ ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്യാൻ കഴിയാതെ വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹാർബർ എഞ്ചിനീയറിങ് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് ടെണ്ടർ ചെയ്ത് പ്രവൃത്തി തുടങ്ങാൻ എന്ന് കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നബാർഡ് RIDF-XVI-ൽ ഉൾപ്പെടുത്തി വലിയപറമ്പ് നടപ്പാലം നിർമ്മാണത്തിനായി 750 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. എന്നാൽ കണ്ണൂർ ജില്ലയിലെ രാമന്തളി പഞ്ചായത്തിനെയും കാസർഗോഡ് ജില്ലയിലെ വലിയപറമ്പ്

പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന പാലമാകയാൽ വാഹന ഗതാഗതത്തിനുകൂടി യോഗ്യമായ രീതിയിൽ സിംഗിൾ ലൈൻ പാലം നിർമ്മിക്കണമെന്ന് ജനപ്രതിനിധികൾ ആവശ്യപ്പെടുകയുണ്ടായി. അതനുസരിച്ച് 2010 SOR (Revised) പ്രകാരമുള്ള 1210 ലക്ഷം രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും നബാർഡിൽ നിന്ന് അംഗീകാരം ലഭ്യമായില്ല. ആയതിനാൽ ടി പദ്ധതി റദ്ദ് ചെയ്തു.

**തോട്ടണ്ടി സംഭരണം**

350 (1210) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ കശുവണ്ടി ഫാക്ടറികളിൽ 2017 ജനുവരി 1 മുതൽ 2017 ഡിസംബർ 31 വരെ എത്ര ദിവസത്തെ തൊഴിൽ നൽകുന്നതിന് കഴിഞ്ഞുവെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന തോട്ടണ്ടിയുടെ കുത്തക സംഭരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ വർഷം എത്ര ടൺ നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 ജനുവരി 1 മുതൽ 2017 ഡിസംബർ 31 വരെ കശുവണ്ടി വികസന കോർപ്പറേഷനിൽ 153-ഉം കാപ്പെക്സിൽ 178-ഉം തൊഴിൽദിനങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഈ വർഷം കാഷ്യു കോർപ്പറേഷനും കാപ്പെക്സും വിവിധ സർക്കാർ ഏജൻസികളിൽനിന്ന് നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ശ്രമം തുടർന്നു വരികയാണ്.

**അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ**

351 (1211) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് അടഞ്ഞ് കിടക്കുന്ന എത്ര കശുവണ്ടി ഫാക്ടറികളാണ് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കാമോ;

(ബി) കശുവണ്ടി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് ആറ് മാസത്തിനുള്ളിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളും കാപ്പെക്സിന്റെ 10 ഫാക്ടറികളും തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലെ പകുതിയിൽ കൂടുതൽ ഫാക്ടറികളും സർക്കാർ അധികാരത്തിൽ വരുമ്പോൾ അടഞ്ഞുകിടന്നിരുന്നു. എന്നാൽ സർക്കാരിന്റെ നിരന്തര ഇടപെടലിനെത്തുടർന്ന് ബഹുഭൂരിപക്ഷം ഫാക്ടറികളും തുറന്നുപ്രവർത്തിപ്പിക്കുന്നുണ്ട്.

(ബി) കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസി, കശുമാവ് കൃഷിയിൽ തൽപ്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുകയും ധനസഹായം ചെയ്യുന്നതുമായ കശുമാവ് പുതുക്കൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

<u>കശുമാവ് പുതുക്കൃഷി:</u>

കർഷകരിലൂടെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കശുമാവിൻതൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് രണ്ടാം കൊല്ലം നിബന്ധനയ്ക്ക് വിധേയമായി 60 രൂപ ഒറ്റത്തവണ ധനസഹായമായി നൽകുന്നു.

<u>കശുമാവ് തോട്ടം:</u>

2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് തൈകൾ സൗജന്യമായി നൽകുന്നതിനുപുറമേ ഹെക്ടറിന് 13,000 രൂപ നിലം ഒരുക്കുന്നതിനും നൽകുന്നു.

<u>മുറ്റത്തൊരു കശുമാവ്:</u>

അത്യുല്പാദനശേഷിയുള്ളതും ഉയരത്തിൽ വളരാത്തതുമായ കശുമാവ് ഗ്രാഫ്റ്റുകൾ, സ്കൂൾ കുട്ടികൾ, റെസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ മുഖാന്തരം നൽകിവരുന്നു.

2017-ൽ മാത്രം വിവിധ പദ്ധതികളിലായി 1750 ഹെക്ടർ സ്ഥലത്തായി 3,50,000 കശുമാവ് തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. സംസ്ഥാന കശുമാവ് കൃഷി

വികസന ഏജൻസിയുടെ നേതൃത്വത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ബോധവൽക്കരണം, പരിശീലനം, സാമ്പത്തിക സഹായം ഉൾപ്പെടെ നൽകി വരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിക്കുന്നുണ്ട്. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും കശുമാവ് കൃഷി വികസന ഏജൻസിയും സംയുക്തമായി ആർ.പി.എൽ, ബീ ബീ എസ്റ്റേറ്റ്, പുനലൂർ, ചെമ്പന്നൂർ ഹൈസ്കൂൾ, പുനലൂർ എന്നിവിടങ്ങളിലും കശുമാവ് കൃഷി ആരംഭിച്ചിട്ടുള്ളതാണ്. കശുമാവ് കൃഷിയുടെ പ്രാധാന്യവും കൃഷിയുടെ പ്രോത്സാഹനവും കർഷകരെ ബോധ്യപ്പെടുത്തുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷൻ മുൻകയ്യെടുത്ത് ഒരു കശുമാവ് കർഷക മീറ്റും സംഘടിപ്പിച്ചിട്ടുണ്ട്.

## കശുവണ്ടി വ്യവസായം

352 (T*1212) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം പ്രതിസന്ധി നേരിടുന്നുണ്ടോ, വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രതിസന്ധിയെത്തുടർന്ന് എത്ര കശുവണ്ടി ഫാക്ടറികൾ അടച്ചു പൂട്ടിയെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അസംസ്കൃത തോട്ടണ്ടിയുടെ ദൗർലഭ്യമാണ് ഇതിൽ ഏറ്റവും പ്രധാന കാരണം. തോട്ടണ്ടിയുടെ വില വർദ്ധനയും ലഭ്യതക്കുറവും ബാങ്കിൽനിന്നും വിലക്കയറ്റത്തിന് ആനുപാതികമായി ക്രെഡിറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ടുകളും ചെറുകിട വ്യവസായികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. സ്വകാര്യ വ്യവസായികൾ ബാങ്കുകളിൽ നിന്നെടുത്ത വായ്പയിന്മേലുള്ള അമിത പലിശ വ്യവസായികളെ കടക്കെണിയിലാക്കുകയും ഫാക്ടറികൾ അടച്ചിടേണ്ട സ്ഥിതിയിലേയ്ക്ക് എത്തിക്കുകയും ചെയ്തിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) കേരള സംസ്ഥാനത്ത് ഫാക്ടറീസ് & ബോയിലേഴ്സ് ഡിപ്പാർട്ടുമെന്റിന്റെ രജിസ്റ്റർ പ്രകാരം 790 രജിസ്റ്റേർഡ് കാഷ്യൂ ഫാക്ടറികളാണ് ഉള്ളത്. 450 കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള 340 ഫാക്ടറികൾ പ്രവർത്തിക്കുന്നില്ല.

(സി) കശുവണ്ടി സംസ്കരണ മേഖല ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന അസംസ്കൃത തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനായി കശുവണ്ടി ഉല്പാദിപ്പിക്കുന്ന വിദേശ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യൂ ബോർഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി ശേഖരിക്കുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു. ഗവൺമെന്റ് ടു ഗവൺമെന്റ് അടിസ്ഥാനത്തിൽ തോട്ടണ്ടി സംഭരിക്കാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും അതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുകയാണ്. ഇതിനെ അതിജീവിക്കാൻ മറ്റ് മാർഗ്ഗങ്ങൾ വഴി തോട്ടണ്ടി സംഭരിക്കാനുള്ള പരിശ്രമത്തിലാണ്. തോട്ടണ്ടി വിദേശരാജ്യങ്ങളിൽനിന്നും ശേഖരിക്കുന്നതോടൊപ്പംതന്നെ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്ന കാര്യവും കാഷ്യൂ ബോർഡ് ആലോചിച്ചുവരുന്നു. തോട്ടണ്ടി ആവശ്യത്തിന് ലഭ്യമാകുന്നതോടെ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിനായി സർക്കാർ വർഷാവർഷം പദ്ധതി വിഹിതമായി ആധുനികവൽക്കരണത്തിനും നിയന്ത്രിത യന്ത്രവൽക്കരണത്തിനും ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനുമായി ബജറ്റിൽ തുക വകയിരുത്തി നൽകുന്നുണ്ട്. കാലാകാലങ്ങളിൽ വിദേശരാജ്യങ്ങളിൽ ഏർപ്പെടുത്തുന്ന പുതിയ വ്യവസ്ഥകൾമൂലം തോട്ടണ്ടി സംഭരണം പ്രയാസമാകുകയാണ്. ഈ സാഹചര്യത്തിൽ കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പ്രവർത്തിക്കാത്ത കശുവണ്ടി ഫാക്ടറികൾ

353 (1213) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിലെ കശുവണ്ടി ഫാക്ടറികൾ ഭൂരിപക്ഷവും പ്രവർത്തിക്കാത്തതുമൂലമുള്ള തൊഴിലാളികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തോട്ടണ്ടിയുടെ ഉയർന്ന വിലയും ലഭ്യതക്കുറവുമാണ് ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയാത്തതിനുള്ള മൂലകാരണം. ഇക്കാര്യങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

## തൊഴിൽ നഷ്ടപ്പെട്ട കശുവണ്ടി തൊഴിലാളികൾ

354 (1214) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി തൊഴിൽ മേഖലയിലെ പ്രതിസന്ധി കാരണം തൊഴിൽ നഷ്ടപ്പെട്ട കശുവണ്ടി തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തോട്ടണ്ടിയുടെ ലഭ്യതക്കുറവ് കാരണം കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും എത്ര ഫാക്ടറികളാണ് കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ പൂട്ടേണ്ടി വന്നിട്ടുള്ളത്; ഇത് കാരണം എത്ര തൊഴിലാളി കൾക്കാണ് തൊഴിൽ നഷ്ടപ്പെട്ടിട്ടു ള്ളത്;

(സി) തൊഴിൽ നഷ്ടപ്പെട്ട കശുവണ്ടി തൊഴിലാളികൾക്ക് ഇ.എസ്.ഐ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) തോട്ടണ്ടിയുടെ ദൗർലഭ്യംമൂലം കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള 30 ഫാക്ടറികളും കാപ്പെക്സിന്റെ കീഴിലുള്ള 10 ഫാക്ടറികളും 2018 ഫെബ്രുവരി മാസം മുതൽ പ്രവർത്തനരഹിതമാണ്. കശുവണ്ടി വികസന കോർപ്പറേഷനിൽ ഏകദേശം 12000-ത്തോളവും കാപ്പെക്സിൽ 4000-ത്തോളവും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) കാപ്പെക്സിന്റെ എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നുണ്ട്. കശുവണ്ടി വികസന കോർപ്പറേഷൻ 2018 ജനുവരി മാസം വരെയുള്ള തൊഴിലാളികളുടെ ഇ.എസ്.ഐ വിഹിതം അടച്ചിട്ടുള്ളതാണ്. 7-11-2016 തീയതിയിലെ V-14/11/5/2012-med-1(policy)-ലെ സർക്കുലർ പ്രകാരം ഇൻഷ്വറൻസിന് അർഹതയുള്ള വ്യക്തികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റ് ലഭിക്കുന്നതിന് 2 വർഷം തുടർച്ചയായ സേവനവും തൊട്ടുമുമ്പുള്ള 4 ഇ.എസ്.ഐ കോൺട്രിബ്യൂഷൻ പീരിയഡിൽ 156 ദിവസത്തെ ഹാജരും ഉണ്ടെങ്കിൽ മാത്രമേ കോൺട്രിബ്യൂഷൻ പീരിയഡിൽ രോഗ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. തോട്ടണ്ടിയുടെ അപര്യാപ്തതമൂലം കശുവണ്ടി വ്യവസായത്തിൽ തുടർച്ചയായി ജോലി നൽകാൻ കഴിയാത്തതിനാൽ, ഒരു കോൺട്രിബ്യൂഷൻ പീരിയഡിൽ 78 പ്രവൃത്തിദിനങ്ങളിൽ കുറവായാൽ സർക്കുലറിലെ നിബന്ധനകൾ അനുസരിച്ച് കശുവണ്ടി തൊഴിലാളികൾക്ക് സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്.

## കാഷ്യൂ ബോർഡിന്റെ പ്രവർത്തനം

355 (1215) ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടണ്ടി ഉല്പാദന രാജ്യങ്ങളിൽനിന്നും തോട്ടണ്ടി നേരിട്ട് സംഭരിച്ച് ഫാക്ടറികൾക്ക് വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച കാഷ്യൂ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കാഷ്യൂ ബോർഡ് രൂപീകരിച്ചതിനുശേഷം സംസ്ഥാനത്തെ പ്രവർത്തന രഹിതമായിരുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കശുവണ്ടി വിതരണം ചെയ്യുന്നതിന് പ്രസ്തുത ബോർഡിന് കഴിഞ്ഞിട്ടുണ്ടോ; ഇതിന്റെ ഫലമായി എത്ര സ്വകാര്യ ഫാക്ടറികൾ തുറന്ന്പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(സി) കശുവണ്ടിക്ക് കേന്ദ്രസർക്കാർ ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; ഇത് കാഷ്യൂ ബോർഡിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാഷ്യൂ ബോർഡിന്റെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. ഒരു പ്രവർത്തനവും വിലയിരുത്തുന്നതിനുള്ള കാലയളവ് ആയിട്ടില്ല.

(ബി) കശുവണ്ടി ഉല്പാദക രാജ്യങ്ങളിൽ നിലവിലുള്ള നടപടി ക്രമങ്ങൾക്കനുസൃതമായി അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്ത് ആയത് ഇടനിലക്കാരെ ഒഴിവാക്കി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും സ്വകാര്യ ഫാക്ടറികൾക്കുമായി ലഭ്യമാക്കുക എന്നതാണ് കാഷ്യൂ ബോർഡിന്റെ ലക്ഷ്യം. എന്നാൽ വിദേശ രാജ്യങ്ങളിൽ നിലനിൽക്കുന്ന വ്യവസ്ഥയനുസരിച്ച് ഗവൺമെന്റ് ടു ഗവൺമെന്റ് വ്യവസ്ഥയിൽ കശുവണ്ടി സംഭരണം പ്രായോഗികമായി നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഇതിനെ അതിജീവിക്കാനുള്ള മാർഗ്ഗങ്ങൾ വിദേശ രാജ്യങ്ങളുമായി ചർച്ച ചെയ്തുവരികയാണ്.

(സി) തോട്ടണ്ടി ഇറക്കുമതിയിന്മേൽ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിരുന്ന 5% ഇറക്കുമതി ചുങ്കം കേരളത്തിലെ കശുവണ്ടി വ്യവസായത്തെ കടുത്ത പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയും 2018-19 കേന്ദ്ര ബജറ്റിൽ പ്രസ്തുത ഇറക്കുമതി ചുങ്കം 2.5% ആയി കേന്ദ്ര സർക്കാർ കുറച്ചിട്ടുണ്ട്. ടി ചുങ്കം പൂർണ്ണമായും ഒഴിവാക്കിയാൽ മാത്രമേ തോട്ടണ്ടിയുടെ ഇറക്കുമതിയെ ആശ്രയിച്ച് നടത്തുന്ന ഈ പരമ്പരാഗത വ്യവസായത്തിന് ഗുണകരമാകുകയുള്ളൂ എന്നാണ് സർക്കാർ കരുതുന്നത്. നിലവിലുള്ള ഇറക്കുമതി ചുങ്കം കാഷ്യൂ ബോർഡിന്റെ പ്രവർത്തനത്തെ ബാധിക്കുന്നത് സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടില്ല.

**കാപ്പെക്സ്**

356 (T*1216) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 സാമ്പത്തിക വർഷം കാപെക്സ് നഷ്ടത്തിലായിരുന്നോ; എങ്കിൽ എത്ര കോടി രൂപ നഷ്ടം ഉണ്ടായെന്ന് വെളിപ്പെടുത്തുമോ;

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പ്രസ്തുത സ്ഥാപനത്തിന് കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ 2016-17 സാമ്പത്തിക വർഷം എത്ര ദിവസം തൊഴിലാളികൾക്ക് ജോലി നൽകി;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാപ്പെക്സിന്റെ ആവശ്യത്തിനായി എത്ര പുതിയ കാറുകൾ വാങ്ങി; ഇതിനായി എന്ത് തുക ചെലവഴിച്ചു; ഈ വാഹനങ്ങൾ ആരുടെ ആവശ്യത്തിലേക്കാണ് വാങ്ങിയത്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാപ്പക്സിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ ഏതൊക്കെയാണ്; ഈ തസ്തികകളിൽ ആരെയൊക്കെ നിയമിച്ചു; ഇതുവഴി കാപ്പെക്സിന് പ്രതിവർഷം ഉണ്ടാകുന്ന ചെലവ് എത്രയാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നഷ്ടത്തിലായിരുന്നു. കാപ്പെക്സിൽ 2015-16 വർഷത്തിൽ 16.47 കോടി രൂപയായിരുന്ന നഷ്ടം 2016-17 സാമ്പത്തിക വർഷം 9 കോടി 82 ലക്ഷം രൂപയായി കുറച്ചിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷം കാപ്പെക്സിന്റെ അധീനതയിലുള്ള ഫാക്ടറികളിലെ തൊഴിലാളികൾക്ക് 165 ദിവസം തൊഴിൽ നൽകുവാൻ കഴിഞ്ഞു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാപ്പെക്സിന്റെ ആവശ്യത്തിലേയ്ക്ക് മൂന്ന് കാറുകൾ വാങ്ങിയിട്ടുണ്ട്. മൂന്ന് കാറുകൾക്കുംകൂടി ഇൻഷ്വറൻസ്, റോഡ് ടാക്സ്, രജിസ്ട്രേഷൻ ചാർജ് ഉൾപ്പെടെ 38,26,136 (മുപ്പത്തിയെട്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി ഒരുനൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്. ചെയർമാന്റെയും എം.ഡി.യുടേയും ഓഫീസ് ആവശ്യത്തിനുമായിട്ട് ഉപയോഗിക്കുന്നതിനാണ് വാഹനങ്ങൾ വാങ്ങിയത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാപ്പെക്സിൽ പുതുതായി ഒരു തസ്തികയും സൃഷ്ടിച്ചിട്ടില്ല.

**കശുവണ്ടി പ്രതിസന്ധി നേരിടാനായി കശുമാവ് കൃഷി**

357 (1217) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം അതീവഗുരുതരമായ പ്രതിസന്ധി നേരിടുന്നുണ്ടോ; അതിനു ള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന് ആവശ്യമായ തോട്ടണ്ടി ഇവിടെത്തന്നെ ഉത്പാദിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും പ്രസ്തുത നടപടികൾ എത്രമാത്രം വിജയപ്രദമായെന്നും വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കശുമാവ് വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് തീരുമാനം എടുത്തുവെന്ന് വിശദമാക്കാമോ;

(ഡി) തരിശായി കിടക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കശുമാവ് കൃഷി ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം പ്രതിസന്ധി നേരിടുന്നുണ്ട്. അസംസ്കൃത തോട്ടണ്ടിയുടെ ദൗർലഭ്യവും അനിയന്ത്രിതമായ വിലക്കയറ്റവുമാണ് ഇതിന് ഏറ്റവും പ്രധാന കാരണം. സ്വകാര്യ വ്യവസായികൾ ബാങ്കുകളിൽ നിന്നെടുത്ത വായ്പയിന്മേലുള്ള അമിതപലിശ വ്യവസായികളെ കടക്കെണിയിലാക്കുകയും ഫാക്ടറികൾ അടച്ചിടേണ്ട സ്ഥിതിയിലേയ്ക്ക് എത്തിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടണ്ടിയുടെ വിലവർദ്ധനയും ലഭ്യതക്കുറവും ബാങ്കിൽ നിന്നും വിലക്കയറ്റത്തിന് ആനുപാതികമായ ക്രെഡിറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ടുകളും തുടർന്നുണ്ടായ പലിശ വർദ്ധനവും ചെറുകിട വ്യവസായികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. ഇതിനു പുറമേ തോട്ടണ്ടിയുടെ ഇറക്കുമതിക്ക് ചുങ്കം ഏർപ്പെടുത്തിയിട്ടുള്ളത് അസംസ്കൃത തോട്ടണ്ടി ഇറക്കുമതിയെ ബാധിച്ചിട്ടുണ്ട്.

(ബി) കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസി മുഖേന വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഏജൻസിയുടെ പ്രവർത്തനഫലമായി 2011-12-ലെ 52000 ഹെക്ടറിൽനിന്നും 33000 മെട്രിക് ടൺ ഉല്പാദനം എന്നത് 2016-17-ൽ 87000 ഹെക്ടറിൽനിന്നും 83000 മെട്രിക് ടൺ ഉല്പാദനമായി വർദ്ധിപ്പിക്കാൻ സാധിച്ചു.

(സി&ഡി ) കശുമാവ് കൃഷി വികസന ഏജൻസി 2017-18 സാമ്പത്തിക വർഷത്തിൽ 2 ഹെക്ടറോ അതിൽ കൂടുതലോ ഉള്ള കർഷകരെ ഉൾപ്പെടുത്തി കശുമാവ് തോട്ടം എന്നപേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകരിൽ നിന്നും വിവിധ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽനിന്നും അപേക്ഷ ക്ഷണിച്ച് ഈ പദ്ധതി പ്രകാരം തൈകൾ സൗജന്യമായി നൽകിയിട്ടുണ്ട്. കൂടാതെ ഒരു ഹെക്ടറിന് 13000 രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നുണ്ട്. പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി നടത്തുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളുമായി ചേർന്ന് ഇതിനകം ആരംഭിച്ചിട്ടുണ്ട്. പരിസ്ഥിതിക്ക് ദോഷകരമായ അക്കേഷ്യ ഉൾപ്പെടെയുള്ള മരങ്ങൾ വെട്ടിമാറ്റി പകരം കശുമാവ് തൈകൾ വച്ചുപിടിപ്പിക്കുവാൻ മന്ത്രിമാരുൾപ്പെട്ട ഉന്നതതല യോഗത്തിൽ തീരുമാനിക്കുകയും തുടർന്ന് വനം വകുപ്പിന്റെ കീഴിലുള്ള 300 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുമുണ്ട്. വരും വർഷം 5000 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാനും വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളുടെ കീഴിലുള്ള 305 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തുവാനും ഇതിനകം തീരുമാനിച്ചിട്ടുണ്ട്. ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ ഏരൂരിലുള്ള 53 ഹെക്ടർ സ്ഥലത്ത് കശുമാവ് തോട്ടം ആരംഭിച്ചിട്ടുമുണ്ട്. അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരളയുടെ അംഗങ്ങൾ തോട്ടവിള അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിന് സന്നദ്ധത അറിയിച്ചതിനെത്തുടർന്ന് റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്ലാന്റേഴ്സ് പ്രതിനിധികളുമായി ബഹുമാനപ്പെട്ട മന്ത്രി നടത്തിയ ചർച്ചയിൽ ഉല്പാദനം കുറവുള്ള റബ്ബർ പ്ലാന്റേഷനിൽ റബ്ബറിനു പകരം എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ ലാന്റ് റവന്യൂ കമ്മീഷണറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർതീരുമാനങ്ങൾ കൈക്കൊള്ളാൻ തീരുമാനിച്ചിരിക്കുകയാണ്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1154-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### സുഗതന്റെ ആത്മഹത്യ

മി. സ്പീക്കർ: പ്രവാസി ജീവിതം അവസാനിപ്പിച്ച് വർക്ക് ഷോപ്പ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കവെ സി.പി.ഐ.യുടെ യുവജനവിഭാഗമായ എ.ഐ.വൈ.എഫ്. പ്രവർത്തകർ ഭീഷണിപ്പെടുത്തുകയും തടസ്സപ്പെടുത്തുകയും കൈക്കൂലി ചോദിച്ച് പ്രസ്തുത സംരംഭത്തെ തടയാൻ ശ്രമിക്കുകയും ചെയ്തതിനാൽ പുനലൂർ താലൂക്കിലെ സുഗതൻ ആത്മഹത്യചെയ്ത സംഭവത്തെതുടർന്ന് ജോലി നഷ്ടപ്പെട്ട് മടങ്ങിവരുന്ന പ്രവാസി സമൂഹത്തിനുണ്ടായ ആശങ്കയും അരക്ഷിതാബോധവുംമൂലം പ്രദേശത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അടൂർ പ്രകാശ്, ടി. വി. ഇബ്രാഹിം, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊല്ലം ജില്ലയിലെ കുന്നിക്കോട് പോലീസ് സ്റ്റേഷൻ പരിധിയിൽ പുനലൂർ വാളക്കോട് എൻ.എ. മന്ദിർ വീട്ടിൽ സുഗതനെ ഇളമ്പൽ എബനേസർ പാർക്ക് ആഡിറ്റോറിയത്തിനുസമീപം വർക്ക് ഷോപ്പ് തുടങ്ങുന്നതിനായി വാടകയ്ക്കെടുത്ത സ്ഥലത്തുള്ള താത്കാലിക ഷെഡ്ഡിന്റെ മേൽക്കൂരയിൽ കെട്ടിത്തൂങ്ങി മരണപ്പെട്ട നിലയിൽ 23-2-2018-ന് രാവിലെ 6.30-ഓടെ കാണപ്പെട്ടു. സി.ആർ.പി.സി 174 വകുപ്പ് പ്രകാരം ക്രൈം 365/18 ആയി കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരികയാണ്. പ്രവാസജീവിതം കഴിഞ്ഞ് തിരിച്ചെത്തിയ സുഗതനും മക്കളും ചേർന്ന് വർക്ക് ഷോപ് തുടങ്ങുന്നതിനായി ശ്രീ. ഷാജി കുര്യൻ എന്നയാളുടെ പേരിലുള്ള 16.5 സെന്റ് സ്ഥലം പ്രതിമാസ വാടകയ്ക്ക് കരാർ ചെയ്തിട്ടുള്ളതായാണ് അന്വേഷണത്തിൽ അറിവായിട്ടുള്ളത്. എന്നാൽ വർക്ക് ഷോപ് തുടങ്ങുന്നതിന് ആവശ്യമായ അനുമതികൾ ലഭിക്കുന്നതിനുമുമ്പുതന്നെ ഷെഡ്ഡിന്റെ നിർമ്മാണം ആരംഭിച്ചതായും നിർമ്മാണം നടത്തിവരവെ 18-2-2018-ന് വൈകുന്നേരം 4.00 മണിയോടെ ഇമേഷ് എന്നയാളുടെ നേതൃത്വത്തിൽ എ.ഐ.വൈ.എഫ്. പ്രവർത്തകർ എന്നറിയപ്പെടുന്ന ഒരുകൂട്ടം ആളുകൾ സ്ഥലത്ത് കൊടിനാട്ടിയത് പണി തടസ്സപ്പെടാനിടയായതായും അറിയുന്നു. ആ സ്ഥിതിയിൽ വർക്ക് ഷോപ്പിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തതിലുള്ള മനോവിഷമത്താലാണ് സുഗതൻ ആത്മഹത്യ ചെയ്തത്. ഇതൊരു ദൗർഭാഗ്യകരമായ സംഭവമാണ്. പ്രാഥമിക അന്വേഷണത്തിൽ വെളിവായ വിവരങ്ങൾ ഉൾപ്പെടുത്തി ആദ്യം സി.ആർ.പി.സി. 174-ാം വകുപ്പനു

സരിച്ചാണ് കേസെടുത്തത്. തുടർന്ന് സി.ആർ.പി.സി. 174-ാം വകുപ്പ് ഭേദഗതി ചെയ്ത് ഐ.പി.സി. 306, 34 എന്നീ വകുപ്പുകൾ പ്രകാരം കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. രണ്ടാം പ്രതിയായ ഗിരീഷിനെ പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളതും ഒന്നാം പ്രതിയായ ഇമേഷും മൂന്നാം പ്രതിയായ സതീഷും പുനലൂർ ജെ.എഫ്.എം. കോടതി മുമ്പാകെ കീഴടങ്ങിയിട്ടുള്ളതുമാണ്. മൂന്ന് പ്രതികളും ഇപ്പോൾ റിമാൻഡിലാണ്. മറ്റുപ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിതശ്രമങ്ങൾ നടത്തിവരുന്നു. നിയമാനുസൃതമായി ആരംഭിക്കുന്ന ഏതൊരു തൊഴിൽ സംരംഭത്തിനും സർക്കാർ പൂർണ്ണ പിന്തുണ നൽകും. ഏതെങ്കിലും സംരംഭം നിയമവിരുദ്ധമാണെന്ന് ആരോപിച്ച് ഉടൻ നിയമം കയ്യിലെടുക്കാൻ ഒരാളെയും അനുവദിക്കുകയുമില്ല. അതിനൊക്കെ നിയമാനുസൃതമായ സംവിധാനം ഇവിടെ നിലവിലുണ്ട്. വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ച് സംസ്ഥാനത്തെ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനും വേഗത്തിലാക്കാനുമുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. ഈ സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട അടിയന്തര സ്വഭാവം ഇതിനില്ല.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, നമ്മുടെ സംസ്ഥാനത്ത് ജനുവരി 12, 13 തീയതികളിലാണ് ലോക കേരള സഭയുടെ ആദ്യസമ്മേളനം നടന്നത്. പ്രവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യമിടുന്നതാണ് ലോക കേരളസഭയിൽ അവതരിപ്പിച്ച പ്രമേയങ്ങളൊക്കെയും. ജനപഥത്തിന്റെ ഫെബ്രുവരി ലക്കത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞിട്ടുള്ളത് 'പ്രവാസികളിലും മലയാളികളിലും ലോക കേരളസഭ വലിയ പ്രതീക്ഷകളാണ് ഉണർത്തിയിട്ടുള്ളത്. ഈ പ്രതീക്ഷകൾക്കൊത്ത് സർക്കാരും പ്രവർത്തിക്കും. 24 ലക്ഷത്തോളം വരുന്ന കേരളീയ പ്രവാസി സമൂഹത്തിന്റെ സംരക്ഷണവും അവരിലൂടെ നമ്മുടെ നാടിന് ലഭിക്കുന്ന വിദേശനാണ്യ നിക്ഷേപത്തിന്റെ സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള ചുവടുവയ്പുകൂടിയാണ് കേരളസഭ' എന്നാണ്. ഈ പറഞ്ഞിട്ടുള്ളതൊക്കെ നല്ല കാര്യങ്ങളാണ്. ഞങ്ങളും ലോക കേരള സഭയിൽ ബഹുമാനപ്പെട്ട അങ്ങ് ക്ഷണിച്ചതനുസരിച്ച് പങ്കെടുത്തതാണ്. സുഗതൻ എന്ന വ്യക്തിയുടെ വീട്ടിൽ ഞാൻ പോയിരുന്നു. ഞാൻ മാത്രമല്ല ആ നിയോജക മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന അങ്ങയുടെ മന്ത്രിസഭയിലെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ശ്രീ. കെ. രാജുവും പോയിരുന്നു. ആ വീട്ടിൽ പോയപ്പോൾ കണ്ട കാഴ്ച ഇവിടെ പറയാൻ ആഗ്രഹിക്കുന്നു. സുഗതന്റെ വീട്ടിലേയ്ക്കു പോകുന്നതിന് നല്ല വഴി പോലുമില്ല. ഇടുങ്ങിയ റോഡിലൂടെയാണ് കടന്നുപോകേണ്ടത്. അവിടെ ചെന്നപ്പോൾ ദയനീയമായ ഒരു കാഴ്ച കാണാനിടയായി. സുഗതന്റെ രണ്ട് മക്കൾ ഞാൻ അവിടെ ചെല്ലുമ്പോൾ ഉണ്ടായിരുന്നു. ഒരാളിന്റെ പേര്, ഞാൻ പേര് പറയാം.

മി. സ്പീക്കർ: പേര് പറഞ്ഞില്ലെങ്കിലും സാരമില്ല.

ശ്രീ. അടൂർ പ്രകാശ്: സർ, എന്റെ കൈവശമുണ്ട്.......ഞാൻ പറയാം. മൂത്തമകൻ സുജിത്. നിങ്ങൾ ചിരിക്കേണ്ട കാര്യമില്ല. ഒരാൾ ആത്മഹത്യചെയ്ത കാര്യമാണ്. വെറുതെ ആത്മഹത്യക്കുവേണ്ടി ഞങ്ങൾ നോട്ടീസ് കൊടുക്കാറില്ല. എന്തെങ്കിലും കാര്യമുള്ളതിന്റെ പേരിൽ മാത്രമാണ് നോട്ടീസ് നൽകുന്നത്. അല്ലാതെ നിങ്ങൾ ഇവിടെയിരുന്ന് ഞങ്ങളെ ആക്ഷേപിച്ചിട്ട് കാര്യമില്ല.

മി. സ്പീക്കർ: അങ്ങ് പറയൂ.

ശ്രീ. അടൂർ പ്രകാശ്: സർ, സുഗതന്റെ രണ്ട് മക്കൾ, ഒരാൾ സുജിത് (38 വയസ്സ്) രണ്ടാമത്തെയാൾ സുനിൽ എന്നിവരുണ്ടായിരുന്നു. കൂടാതെ 61 വയസ്സുള്ള സുഗതന്റെ ഭാര്യ സരസമ്മയും സുഗതന്റെ 84 വയസ്സുള്ള അമ്മയും 12 വയസ്സുള്ള ഏഴാം ക്ലാസിൽ പഠിക്കുന്ന സജിൻ, 4½ വയസ്സുള്ള സാരംഗ് എന്നീ കൊച്ചു മക്കളുമുണ്ടായിരുന്നു. ചെറിയ കുടുംബമെന്ന നിലയിലാണ് അവർ താമസിച്ചു കൊണ്ടിരുന്നത്. 40 വർഷക്കാലമായി സുഗതൻ മസ്കറ്റിൽ മെക്കാനിക്കായി ജോലി ചെയ്യുകയായിരുന്നു. ആ കാലയളവിൽ അദ്ദേഹത്തിന്റെ രണ്ട് മക്കളെയും സുഗതൻ അവിടേയ്ക്ക് കൊണ്ടുപോയി. അവിടെ പണിയെടുത്ത് ജീവിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുന്നതിനുവേണ്ടിയാണ് കൊണ്ടുപോയത്. ഇന്നിപ്പോൾ നടക്കുന്ന തെന്താണ്? ഗൾഫ് നാടുകളിൽ നിന്നും ആളുകൾക്ക് തിരിച്ചുപോരേണ്ട ഒരു അവസ്ഥയെക്കുറിച്ച് അങ്ങേയ്ക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും നന്നായി അറിയാം. സ്വദേശിവത്കരണം വരുന്നുവെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ പലയിടങ്ങളിലും പണിയെടുത്തുകൊണ്ടിരിക്കുന്നവർക്ക് മടങ്ങിവരേണ്ട അവസ്ഥ നിലനിൽക്കുകയാണ്. ആ അവസ്ഥ നിലനിൽക്കുന്നതുകൊണ്ടും അദ്ദേഹത്തിന് 64 വയസ്സായതുകൊണ്ടും നാട്ടിലേയ്ക്ക് മടങ്ങിവരാനുള്ള തീരുമാനമെടുത്തു. സുഗതൻ ഇവിടെ മടങ്ങിവരികയും അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ പതിനഞ്ചോ പതിനാറോ സെന്റ് ഭൂമി മൂന്നു വർഷത്തേയ്ക്ക് ലീസിന് എടുക്കുകയുമുണ്ടായി. ആ ഭൂമിയിലാണ് നാല് തൂണുകൾ സ്ഥാപിച്ച്, ഷെഡ് എന്നുള്ള നിലയിൽ മേൽക്കൂര സ്ഥാപിച്ചത്. മേൽക്കൂര സ്ഥാപിച്ചതിനുശേഷം ഏതാണ്ട് ഒരു മാസക്കാലംകൊണ്ട് അതിന്റെ പണികൾ പൂർത്തീകരിക്കുന്നു. പഞ്ചായത്തുമായി സുഗതൻ ബന്ധപ്പെട്ടപ്പോൾ നിങ്ങൾ പണി ചെയ്തോ, താൽക്കാലിക അനുമതി നൽകുന്നതിനുള്ള ഏർപ്പാടുണ്ടാക്കാമെന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പുനൽകി. ഇതൊന്നും വെറുതെ പറയുന്ന കാര്യങ്ങളല്ല, അവിടെയുള്ള നാട്ടുകാർക്ക് അറിയാം. അവിടെ സി.പി.ഐ.യും സി.പി.ഐ.(എം)-ഉം തമ്മിലെന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടോ എന്നതിനെക്കുറിച്ച് എനിക്കറിയില്ല. ആ പഞ്ചായത്ത് പ്രസിഡന്റുടക്കമുള്ളവർ വാക്കാൽ പറഞ്ഞ കാര്യങ്ങളെ ഒരു

പ്രവാസി എന്നുള്ള നിലയിൽ സുഗതൻ വിശ്വാസത്തിലെടുത്തു. അതിന്റെ അടിസ്ഥാനത്തിലാണ് ഒരു മാസക്കാലംകൊണ്ട് ഏതാണ്ട് അതിന്റെ പണികൾ, നൂറുശതമാനം പൂർത്തീകരിച്ചുവെന്ന് പറയുന്നില്ല, എങ്കിലും അത്രത്തോളം പൂർത്തീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്. അങ്ങനെയിരിക്കുമ്പോഴാണ് ഈ മന്ത്രിസഭയിലെ രണ്ടാമത്തെ വലിയ കക്ഷിയായ സി.പി.ഐ.-യുടെ യുവജന വിഭാഗമായ എ.ഐ.വൈ.എഫ്.ന്റെ നേതൃത്വത്തിൽ അവിടെവന്ന് കൊടി നാട്ടിയത്. ഇതിന്റെ തൊട്ടടുത്തുള്ള സ്ഥലത്തെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞു. ഞാൻ ആ വീട്ടിൽ മാത്രമല്ല, ഈ ഷെഡ് വച്ച സ്ഥലത്തും നേരിട്ടുപോയതാണ്. എബനേസർ പാർക്ക് ഓഡിറ്റോറിയവും സുഗതൻ വർക്ക് ഷോപ് പണിഞ്ഞതും ഒരേ മതിൽവളപ്പിലാണ്. എബനേസർ പാർക്കിനോട് ചേർന്നുള്ള സ്ഥലത്താണ് സുഗതൻ വർക്ക് ഷോപ് പണിയുവാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കിയത്. അവിടെ വലിയ മരങ്ങൾ നിൽപ്പുണ്ട്. അതിന് തൊട്ടടുത്തായി ചിറയിൽ ട്രേഡേഴ്സ്, വീട്, ബിഷപ് ഹൗസ്, തോമസ് വൈദ്യൻ മെമ്മോറിയൽ ഹോസ്പിറ്റൽ ഇതെല്ലാം നിരനിരയായി നിൽക്കുന്നുണ്ട്. പുനലൂർ-കൊട്ടാരക്കര റൂട്ടിലുള്ള ഈ സ്ഥാപനങ്ങളോട് ചേർന്നാണ് പാവപ്പെട്ട സുഗതൻ ഒരു വർക്ക് ഷോപ് പണിയുവാൻവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുമ്പോട്ടുപോയത്. ഏത് രാഷ്ട്രീയപാർട്ടിയാണെങ്കിലും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ പാടില്ലെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. നേതാക്കൾ 2 ലക്ഷം രൂപ ആവശ്യപ്പെട്ടുവെന്ന് സുഗതന്റെ മകൻ പറയുകയാണ്. നേതാക്കൾ രണ്ടു ലക്ഷം രൂപ ആവശ്യപ്പെട്ടുവെന്ന് കേരള കൗമുദി പത്രത്തിൽ മാത്രമല്ല, മറ്റ് പല പത്രങ്ങളിലും വാർത്ത വന്നിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് വർക്ക് ഷോപ്പിനെതിരെ സമരം നടത്തിയവർ പ്രശ്നം ഒത്തുതീർക്കാൻ രണ്ടുലക്ഷം രൂപ ആവശ്യപ്പെട്ടുവെന്നും ചെറിയ തുകയായിരുന്നുവെങ്കിൽ ഞങ്ങൾ കൊടുക്കാൻ തയ്യാറായിരുന്നുവെന്നുമാണ്. അതുപോലെ ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിൽ വന്ന വാർത്ത -Addressing media persons, Sugathan's son Sunil claimed AIYF activists had demanded money from them for withdrawing their protests. According to him though they were willing to pay a small amount, the protesters demanded a large sum of money which they were unable to bear. അവർക്ക് അത് നൽകാൻ കഴിഞ്ഞില്ലായെന്ന് മാത്രമല്ല, സുഗതൻ മരണപ്പെടുന്നത് 23-ാം തീയതിയാണ്. അതിന് തൊട്ടടുത്തുള്ള ദിവസങ്ങളിൽ നടന്ന ചില സംഭവങ്ങളുണ്ട്. ആ സംഭവങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് സുഗതന്റെ ഭാര്യാസഹോദരൻ ഉൾപ്പെടെയുള്ളവർ സി.പി.ഐ. നേതാക്കളെ നേരിട്ടുപോയി കണ്ട് ചർച്ച നടത്തി. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രശ്നം എങ്ങനെയെങ്കിലും തീർത്തുതരണമെന്നാവശ്യപ്പെട്ടുകൊണ്ട് നേതാക്കളുടെ കാലു പിടിച്ചുവെങ്കിലും അവരാരും അതിന് തയ്യാറായില്ല എന്നു മാത്രമല്ല, ഞാൻ അവിടെ

ചെന്നപ്പോൾ ആ ഷെഡ്ഡിന്റെ മേൽക്കൂരയിൽ നാല് കയറുകൾ കെട്ടി തൂക്കിയിട്ടിരിക്കുന്നത് കാണാൻ സാധിച്ചു. ആ കുടുംബം ഒന്നടങ്കം കൂട്ട ആത്മഹത്യ ചെയ്യുവാൻ വേണ്ടിയുള്ള ഒരു തയ്യാറെടുപ്പാണ് അവിടെ നടത്തിയത്. മറ്റൊരു കാര്യം, സുഗതൻ തന്റെ കൊച്ചുമകനെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞത്-മോനേ ഞാൻ പോകുകയാണ്, ഞാൻ ഇനി ഇവിടെ നിൽക്കുന്നില്ല എന്ന് പറഞ്ഞ് സുഗതൻ വെളുപ്പാൻ കാലത്ത് വീട്ടിൽ നിന്നിറങ്ങി വർക്ക് ഷോപ്പിലേയ്ക്ക് പോകുകയാണ് ചെയ്തത്. വർക്ക് ഷോപ്പിൽ വന്നതിനുശേഷം ഒരു കടുംചായ വാങ്ങിക്കൊണ്ടുവരാൻ അദ്ദേഹത്തിന്റെ സഹായിയായ വിജയനോട് ആവശ്യപ്പെട്ടു. കടും ചായ വാങ്ങി തിരിച്ചുവന്നപ്പോൾ കാണുന്നത് സുഗതൻ തൂങ്ങിനിൽക്കുന്നതാണ്. തൊട്ടടുത്തുള്ള മൂന്നിടത്തെ കയറുകൾ അതേ വരിയിൽ തന്നെ കെട്ടിയിട്ടിരിക്കുകയാണ്. ഇത് അതീവ ഗുരുതരമായ ഒരു പ്രശ്നമാണ്. ഈ പ്രശ്നം ഇനി ഇവിടെയുണ്ടാകാൻ പാടില്ല. ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടാകുമ്പോൾ ഇത് കണ്ടില്ലെന്ന് നടിച്ചുകൊണ്ടുപോകാൻ നമുക്ക് കഴിയുമോ? ഈ വിഷയം സഭ ചർച്ച ചെയ്യണ്ടേ? ഈ സുഗതൻ വിശ്വകർമ്മ സമുദായത്തിൽ പെട്ടയാളാണ്. ഒരു വ്യക്തിയെന്നുള്ള നിലയിൽ താൻ 40 വർഷം മസ്കറ്റിൽ പോയി പണിയെടുത്ത് അദ്ധ്വാനിച്ചതിന്റെ ഭാഗമായി മൂന്നോ നാലോ ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് ഇവിടെയൊരു വർക്ക് ഷോപ് തുടങ്ങുവാനുള്ള തീരുമാനമെടുത്തു. മക്കളെയും കൂട്ടി ഇവിടെ വന്ന് വർക്ക് ഷോപ് നടത്തുവാനും അതോടൊപ്പം അഞ്ചോ പത്തോ ആളുകൾക്കു കൂടി അവിടെ പണി നൽകുന്നതിനുള്ള ഏർപ്പാടുണ്ടാക്കുന്നതിനുമാണ് സുഗതൻ ഒരുമ്പെട്ടത്. ഒരുമ്പെട്ടുവെങ്കിലും അവസാനമുണ്ടായ സംഭവങ്ങൾ അദ്ദേഹത്തെ ആത്മഹത്യയിലേയ്ക്ക് നയിച്ചു. ആത്മഹത്യയിലേയ്ക്ക് നയിക്കുവാനുണ്ടായ കാരണങ്ങളെക്കുറിച്ച് അന്വേഷിക്കണം. ആരാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്; ആരാണ് ഇതിന് പ്രോത്സാഹനം നൽകിയത്; പ്രോത്സാഹനം എന്നുപറയുമ്പോൾ അതിന് വഴിയൊരുക്കിയത് ആരാണെന്ന് സഭ അറിയണം. ഈ സഭയ്ക്ക് അറിയുവാനുള്ള അവകാശമുണ്ട്. സുഗതന്റെ മരണത്തിന് ഉത്തരവാദികളായ മുഴുവൻ പേരെയും അറസ്റ്റ് ചെയ്ത് നിയമത്തിനു മുമ്പിൽ കൊണ്ടുവരണമെന്നുള്ളത് ആക്ഷൻ കൗൺസിൽ എടുത്ത തീരുമാനമാണ്. സുഗതൻ ആത്മഹത്യ ചെയ്യാനിടയാക്കിയ വിഷയങ്ങൾ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കണം. സുഗതന്റെ കുടുംബത്തിന് 25 ലക്ഷം രൂപ അടിയന്തര ധനസഹായം നൽകണം. ഈ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് സാമ്പത്തിക ഇടപാടുകൾ നടത്തുവാൻ വേണ്ടി തീരുമാനമെടുത്ത; അതിനുവേണ്ടി പിന്നിൽനിന്ന് പ്രവർത്തിച്ചവരെക്കുറിച്ച് പുറംലോകം അറിയുവാനുള്ള അവസരമുണ്ടാകണം. അങ്ങനെ അവസരമുണ്ടാക്കിയില്ലായെങ്കിൽ 5 കോടി രൂപ ചെലവഴിച്ച് നമ്മൾ ഇവിടെ നടത്തിയ ലോക കേരളസഭയ്ക്ക് എന്ത് അർത്ഥമാണുള്ളത്? അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ളതാണ് എന്റെ ആവശ്യം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതൊരു അതീവ നിർഭാഗ്യകരമായ സംഭവമാണെന്ന കാര്യത്തിൽ ഇവിടെ ആർക്കും സംശയമില്ല. ഒരു പ്രവാസിയായ വ്യക്തി പരിചയമുള്ള ജോലി നാട്ടിൽ വന്നതിനുശേഷവും തുടർന്നും ചെയ്യാനായി ചെറിയ സ്ഥാപനം നടത്താനുള്ള തയ്യാറെടുപ്പിലാണ് ഏർപ്പെട്ടത്. അതുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ അനുമതി വാങ്ങാനുള്ള ശ്രമം അദ്ദേഹം നടത്തിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന് സ്ഥാപനം പൂർത്തിയാക്കാൻ കഴിയാത്തതിലുള്ള പ്രശ്നങ്ങൾ ഈ മരണത്തിലേയ്ക്ക് നയിച്ചോ എന്നുള്ള കാര്യങ്ങളൊക്കെ അന്വേഷണത്തിന്റെ ഭാഗമായി നമുക്ക് കണ്ടെത്താം. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ കക്ഷികൾ തമ്മിലുള്ള തർക്കത്തിന്റെ പ്രശ്നമൊന്നും ഉദിക്കുന്നില്ല. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ സ്ഥിതി ബഹുമാന്യനായ അംഗം ഇവിടെ വിവരിക്കുകയുണ്ടായി. പ്രായപൂർത്തിയായ മക്കൾ ഈ പ്രവർത്തനത്തിൽ സഹായിക്കാൻ ഉദ്ദേശിച്ചിരുന്നോ എന്നുള്ളത് അദ്ദേഹം വ്യക്തമാക്കിയില്ല. അദ്ദേഹത്തിന്റെ സംസാരം കേട്ടപ്പോൾ അങ്ങനെ ആണെന്നാണ് തോന്നുന്നത്. അവരും ഈ പ്രവൃത്തിയാണ് അവിടെ ചെയ്തിരുന്നതെന്ന് അദ്ദേഹം പറയുകയുണ്ടായി. അവരുംകൂടി ഇവിടെ ജോലി ചെയ്യാനാണോ ഉദ്ദേശിച്ചിരുന്നതെന്നും അറിയില്ല. ആ മരണത്തെ നമുക്കാർക്കും അംഗീകരിക്കാൻ കഴിയില്ല. മരണത്തിലേയ്ക്ക് നയിച്ച സംഭവങ്ങൾ അതീവ നിർഭാഗ്യകരമായത് തന്നെയാണ്.

നമ്മുടെ നാട്ടിൽ കുറച്ചുകാലമായി ചില പൊതുപ്രവർത്തകർ ചില സ്ഥലങ്ങളിൽ കൊടി നാട്ടുന്ന പ്രവണത തുടർന്നുവരുന്നതായി കണ്ടുതുടങ്ങിയിട്ടുണ്ട്. കൊടി ഓരോ പ്രസ്ഥാനത്തിന്റെയും വളരെ വിലപ്പെട്ട സ്വത്താണ്. അത് ഓരോ സ്ഥലത്തും കൊണ്ടുപോയി നാട്ടുന്ന സ്ഥിതി പൊതുവെ നല്ലതല്ല എന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്. ഇത് ഏത് പാർട്ടിയായാലും നമ്മുടെ സംസ്ഥാനത്ത് ഈ പ്രവണത അവസാനിക്കേണ്ടതായിട്ടുണ്ട്. ഒരു വ്യവസായി വ്യവസായം തുടങ്ങുമ്പോൾ അതുമായി ബന്ധപ്പെട്ട് ആവശ്യമായ പിന്തുണയും സഹായവുമാണ് എല്ലാവരും നൽകേണ്ടത്. പക്ഷെ വ്യത്യസ്തമായ അനുഭവം നമ്മുടെ നാട്ടിൽ നിലനിൽക്കുന്നുണ്ട്. ഇത്തരം ഏതെങ്കിലും കാര്യങ്ങൾ തുടങ്ങുമ്പോഴാണ് പ്രശ്നം വരുന്നത്. രണ്ടുമൂന്ന് പ്രശ്നങ്ങളാണ് പലപ്പോഴും ഉണ്ടാകുന്നത്. ഒന്ന്, ഒരുകൂട്ടർ ജോലി നടത്തുമ്പോൾ, ഞങ്ങൾ തൊഴിലാളി സംഘടനകളുടെ ആളുകളാണെന്ന് പറഞ്ഞ് ചിലർ അവിടെ പ്രത്യക്ഷപ്പെട്ടിട്ട് ഞങ്ങളുടെ ഇത്ര തൊഴിലാളികളെക്കൂടി എടുത്താൽ മാത്രമേ പണി നടത്താൻ സമ്മതിക്കൂ എന്നുപറയുകയാണ്. തൊഴിലാളി സംഘടന എന്നത് തൊഴിലാളികളുടെ സംഘടനയാണ്. ആ തൊഴിലാളിയുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടായാൽ അതിൽ ഇടപെടാനുള്ള സ്വാഭാവികമായ അവകാശം ആ സംഘടനയ്ക്കുണ്ട്. തൊഴിലാളിയെ വിതരണം ചെയ്യുന്ന ഒന്നല്ല തൊഴിലാളി സംഘടന. ഒരു കേന്ദ്ര

ട്രേഡ് യൂണിയനുകളും ഈ പ്രവണതയെ അംഗീകരിക്കുന്നതുമല്ല. കേരളത്തിൽ വ്യാപകമായി എല്ലായിടത്തും ഇങ്ങനെ നടക്കുന്നുവെന്നല്ല. പക്ഷെ, നമ്മുടെ നാട്ടിൽ ചില പ്രദേശങ്ങളിൽ മാത്രമാണ് ഇങ്ങനെ ഉള്ളത്. പ്രദേശത്തിന്റെ പേര് ഞാൻ ഇപ്പോൾ പറയുന്നില്ല. നമ്മുടെ നാട്ടിൽ ഇത് അവസാനിച്ചേ മതിയാകൂ. ഇക്കാര്യത്തിൽ തൊഴിലാളി സംഘടനകൾക്കൊന്നും ഒരു പ്രയാസവും ഉണ്ടാകില്ല എന്നുതന്നെയാണ് ഞാൻ കണക്കാക്കുന്നത്. ഇത് കൃത്യമായ നിയമവിരുദ്ധ പ്രവർത്തനമാണ്.

ഇതുപോലെതന്നെ ചില ജോലികൾ യന്ത്രങ്ങൾക്ക് മാത്രമേ ചെയ്യാൻ സാധിക്കൂ. ആ യന്ത്രം ചെയ്യുന്ന ജോലി നോക്കിനിൽക്കുന്ന ആൾ അതിന് കൂലി വേണമെന്ന് പറയുന്ന നിർഭാഗ്യകരമായ അവസ്ഥയുണ്ട്. ഇക്കാര്യവും ഒരു തൊഴിലാളി സംഘടനകളും അംഗീകരിക്കുന്നില്ല. നമ്മുടെ നാട്ടിൽ പലയിടത്തും ഈ പ്രവണത നിലനിൽക്കുകയാണ്.

ഈ രണ്ട് പ്രശ്നങ്ങളിൽ സംസ്ഥാനത്തെ പ്രധാന ട്രേഡ് യൂണിയനുകളുടെ യോഗം അടുത്ത ദിവസം വിളിച്ചുചേർക്കാൻ ആലോചിക്കുന്നുണ്ട്. ഈ രണ്ട് പ്രശ്നങ്ങളെ സംബന്ധിച്ചും ട്രേഡ് യൂണിയനുകളുമായി സംസാരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനെല്ലാം എല്ലാവരും എതിരാണ്. ഒരാളും ഇതിനെ അനുകൂലിക്കുന്നില്ല. പക്ഷെ, നമുക്ക് പലയിടത്തും ഇക്കാര്യത്തിൽ കർക്കശമായ നിലപാടിലേയ്ക്ക് പോകാൻ കഴിഞ്ഞില്ലെന്ന് മാത്രം. വ്യവസായ രംഗത്ത് നമ്മുടെ സംസ്ഥാനത്തിന് ദുഷ്പേരുണ്ടാക്കുന്ന ഏറ്റവും വലിയ കാര്യം ഇതാണ്. യഥാർത്ഥത്തിൽ ഏതെങ്കിലും വ്യവസായം അവിടത്തെ തൊഴിലാളി സംഘടനകൾ പ്രശ്നമുണ്ടാക്കി, സംഘർഷമായതിന്റെ ഫലമായി അവസാനിച്ചു പോകുന്ന അവസ്ഥ കേരളത്തിൽ ഉണ്ടായിട്ടുണ്ടോ? ഈ അടുത്തകാലത്തെന്നല്ല, ദശാബ്ദങ്ങളിലൊന്നും അങ്ങനെ ഒരു സംഭവം പറയാൻ കഴിയില്ല. ഒരു ട്രേഡ് യൂണിയനും അവിടെ പ്രശ്നമുണ്ടാക്കി അതിനെ അവസാനിപ്പിക്കുന്ന നില സ്വീകരിച്ചുവെന്ന് ആർക്കും ആക്ഷേപിക്കാൻ കഴിയില്ല. ഏതെങ്കിലും തൊഴിലാളി സംഘടനകൾ ഇങ്ങനെ ചെയ്തിട്ടുണ്ടെന്ന പരാതി നിങ്ങൾക്കുണ്ടോ എന്ന് വ്യവസായികളോട് ഞാൻ നേരിട്ട് ചോദിച്ചിട്ടുണ്ട്. ഞങ്ങൾക്കുള്ള അനുഭവം വളരെ നല്ലതാണെന്നാണ് അവർ പറയുന്നത്. പക്ഷെ ഇത്തരം ഒരു കാര്യം ചെയ്യാൻ തുടക്കം കുറിക്കുമ്പോൾ ഈ പറയുന്ന പ്രശ്നം വരികയാണ്. ഇക്കാര്യങ്ങളൊന്നും നമുക്ക് പ്രോത്സാഹിപ്പിക്കാൻ കഴിയില്ല. ഇതൊന്നും അപ്പുറവും ഇപ്പുറവും ഇരുന്ന് പറയേണ്ട കാര്യമല്ല. ഇത് കേരളത്തിന്റെ പൊതുവായ പ്രശ്നമാണ്. കേരളത്തിന്റെ പൊതുവായ അന്തരീക്ഷം നമുക്ക് ഇല്ലാതാക്കി നല്ല അന്തരീക്ഷം കൊണ്ടുവരണം. Ease of doing Business ഉണ്ടാക്കുന്നുവെന്ന് പറഞ്ഞ് ഒരു ഭാഗത്ത്; ഇതെല്ലാം നടന്നാൽ പിന്നെ അതിന്റെ മേന്മയൊന്നും നമുക്ക് ലഭിക്കുന്ന അവസ്ഥ ഉണ്ടാകില്ല. അതുകൊണ്ട്

സർക്കാർ ആ വഴിക്ക് കാര്യങ്ങൾ നീക്കുകയാണ്. അക്കാര്യത്തിൽ ഒരു ശങ്കയും വേണ്ട. ഇത്തരം കാര്യങ്ങളിൽ ഗൗരവമായ നിലപാട് തന്നെയാണ് സർക്കാർ സ്വീകരിക്കുന്നത്.

ഇവിടെ പ്രവാസികളെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. ലോക കേരള സഭ നല്ല രീതിയിൽത്തന്നെ നടന്നതാണ്. അക്കാര്യത്തെ സംബന്ധിച്ച് പൊതുവെ നമുക്ക് അറിയാവുന്നതുമാണ്. കേരളത്തിന്റെ വികസന കാര്യങ്ങളിൽ പ്രവാസികൾക്കുള്ള താൽപ്പര്യം അവർ പ്രകടിപ്പിച്ചിട്ടുണ്ട്. അവരുടെ പ്രശ്നങ്ങളിൽ നമ്മളും താൽപ്പര്യപൂർവ്വം നീങ്ങേണ്ടതായിട്ടുണ്ട്. പ്രവാസികൾക്ക് ഇവിടെവന്ന് സംരംഭങ്ങൾ ആരംഭിക്കാൻ എല്ലാ സാഹചര്യങ്ങളും ഒരുക്കുക എന്നുള്ളത് തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഒരു ആശങ്കയും അക്കാര്യത്തിൽ ആവശ്യമില്ല. പുനലൂരിൽ നടന്ന സംഭവവുമായി ബന്ധപ്പെട്ട് പ്രവാസികളിലാകെ ആശങ്ക ഉണ്ടാകുമെന്ന് പറഞ്ഞാൽ, ഒരു പ്രവാസി എന്ന നിലയിൽ ഇങ്ങനെയൊരു സംഭവമുണ്ടായത് തീർച്ചയായും ഖേദകരമായ കാര്യമാണ്. എന്നാൽ നടപടികളുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ല. എല്ലാ പ്രശ്നങ്ങളും ഗൗരവമായി പരിശോധിച്ച് നടപടിയെടുക്കുന്ന സ്ഥിതിയുണ്ടാകും. ഇവിടെ പ്രവാസികൾ തിരിച്ചുവന്ന് ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾ, അത് ട്രസ്റ്റ് ആയാലും സൊസൈറ്റി രൂപത്തിലുള്ളത് ആയാലും അങ്ങനെയുള്ള സംരംഭങ്ങൾ ആരംഭിക്കുമ്പോൾ അതിനാവശ്യമായ സഹായം നൽകുന്ന കാര്യം പ്രത്യേകമായി പരിഗണിക്കുന്നുണ്ട്. 20 ലക്ഷം രൂപ അടങ്കൽ മൂലധനം വരുന്ന സംരംഭങ്ങൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യത്തെ 4 വർഷം പലിശ സബ്സിഡിയും നൽകുന്ന പദ്ധതിയാണ് തയ്യാറാക്കുന്നത്. ഇതുപോലുള്ള പദ്ധതികളുമായി മുന്നോട്ടുപോകുന്നത് പ്രവാസിക്ഷേമം മുൻനിർത്തി തന്നെയാണ്. വ്യവസായം ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉയർന്നു വരുന്നുണ്ടെങ്കിൽ ആ തടസ്സങ്ങൾ നീക്കുന്നതിന് ഗൗരവമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ഒരു വ്യവസായ സംരംഭകനും ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല. ഇത് നിർഭാഗ്യകരമായ സംഭവമാണ്. ഇക്കാര്യത്തിൽ കർക്കശമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കുറ്റവാളികളെ ഇനിയും പിടികൂടാനുണ്ടെങ്കിൽ അത്തരം ആളുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ അറച്ചുനിൽപ്പൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. അതുകൊണ്ടുതന്നെ ഈ പ്രശ്നം പ്രത്യേകം ചർച്ച ചെയ്യേണ്ടതായ ഒരു പ്രാധാന്യവും ഉദിക്കുന്നില്ല.

10.00 AM]

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>): സർ, പുനലൂർ താലൂക്കിലാണെങ്കിലും എന്റെ മണ്ഡലത്തിലല്ല ഈ സംഭവം നടന്നത്. പുനലൂരിനോട് ചേർന്ന വിളക്കുടി പഞ്ചായത്തിലാണ് ഇത് നടന്നത്. സ്ഥലത്തിന്റെ

അല്ലെങ്കിൽ മണ്ഡലത്തിന്റെ മാറ്റം പറഞ്ഞ് അതിവിടെ ബോദ്ധ്യപ്പെടുത്താൻവേണ്ടി ഞാൻ പറഞ്ഞതല്ല. ഞാനും ആ വീട്ടിൽ പോയിരുന്നുവെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. സ്വാഭാവികമായും ഇതുപോലെയുള്ള സംഭവങ്ങളുണ്ടാകുമ്പോൾ അവരുടെ വികാരമെന്താണെന്നുള്ളത് സംബന്ധിച്ച് നമുക്ക് മനസ്സിലാക്കാൻ കഴിയും. ആ വികാരത്തിലും അവരുടെ ദു:ഖത്തിലും പങ്ക് ചേരുന്നതിനുവേണ്ടി ഞാൻ ആ വീട്ടിൽ പോയി എന്നുള്ളത് ശരിയാണ്. ഈ സംഭവത്തെ സംബന്ധിച്ച് പോലീസ് കേസ് എടുത്തിട്ടുണ്ട്. അതിന്റെ അന്വേഷണം നടക്കുകയാണ്. ഈ പറഞ്ഞ സ്ഥലം വയലായിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയത്. വയൽ നികത്തി വർക്ക്ഷോപ്പ് പണിയുന്നതിനുള്ള ശ്രമം നടന്ന ഒരു സാഹചര്യം അവിടെയുണ്ട്. ഈ വയൽ നികത്തി അവിടെ നിർമ്മാണം നടത്തുന്നതിന് എല്ലാ രാഷ്ട്രീയ കക്ഷികളും എതിരായിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയത്. ഇതിന്റെ സമീപത്തായി എബനേസർ ആഡിറ്റോറിയവും ബിഷപ് ഹൗസും ഉണ്ടെന്നുള്ളതും ശരിയാണ്. യഥാർത്ഥത്തിൽ അതും വളരെ വർഷങ്ങൾക്കുമുമ്പ് നിലമായിരുന്ന സ്ഥലമാണെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇക്കാര്യത്തിൽ വസ്തുനിഷ്ഠമായ അന്വേഷണം നടത്തി നടപടിയെടുക്കുന്നതിന് ആരും എതിരല്ല. നടപടി ആവശ്യമാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് വളരെ ശരിയാണ്. അതിനോട് ഞാൻ യോജിക്കുകയാണ്. ഈ സംഭവം നടന്നത് എന്റെ മണ്ഡലത്തിലാണ്. അദ്ദേഹം തൂങ്ങി മരിച്ചെന്നുമാത്രമല്ല മൂന്ന് കയറുകൾകൂടി കെട്ടിത്തൂക്കിയിട്ടിരുന്നു. ഞാനും അവിടത്തെ പഞ്ചായത്ത് പ്രസിഡന്റുമാണ് അദ്ദേഹത്തിന്റെ വീട്ടിൽ ആദ്യം എത്തുന്നത്. മക്കൾ രണ്ടുപേരും മസ്കറ്റിൽനിന്നും മടങ്ങിവന്ന് അവർക്കുവേണ്ടി വർക്ക്ഷോപ്പ് തുടങ്ങാനായിരുന്നു ഉദ്ദേശ്യമെന്നാണ് ആ കുടുംബത്തിലുള്ളവർ പറഞ്ഞത്. മസ്കറ്റിലും അവർ വർക്ക്ഷോപ്പ് പണിയാണ് ചെയ്തുകൊണ്ടിരുന്നത്. മക്കളെ ഇവിടെ സെറ്റിൽ ചെയ്തിട്ട് അദ്ദേഹത്തിന് തിരിച്ചു പോകാമെന്നാണ് കരുതിയത്. ഈ പറയുന്ന സ്ഥലങ്ങളെല്ലാം ഇന്നലെ മണ്ണിട്ട് നികത്തിയതല്ലെന്നുള്ള കാര്യം എല്ലാവരും മനസ്സിലാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ കൊടികുത്തുന്നത് എന്തിനാണെന്ന് കേരളത്തിലെ സാധാരണക്കാർക്ക് അറിയാം. ചില്ലറ തടഞ്ഞാൽ ഈ കൊടി ഊരിക്കൊണ്ട് പോകുന്നതാണ് നമ്മുടെ നാട്ടിൽ കണ്ടുവരുന്ന കീഴ്വഴക്കം. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. അദ്ദേഹം തുറന്ന് പറഞ്ഞില്ലെന്നേയുള്ളൂ. ആര് കൊടികുത്തിയാലും ഇവൻ ചില്ലറയ്ക്ക് വന്നിരിക്കുകയാണെന്ന് നിഷ്പക്ഷരായ ആളുകൾക്ക് നന്നായി അറിയാം. ഇവിടെയും അതുതന്നെയാണ് സംഭവിച്ചത്. ഈ മനുഷ്യൻ വിദേശത്ത് ജീവിച്ച ആളാണ്. ഈ ഒരു പ്രതിസന്ധി തരണംചെയ്യാൻ അദ്ദേഹം വളരെ പ്രയാസപ്പെട്ടു. (.....ബഹളം....).

മി. സ്പീക്കർ: അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകണ്ട.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, നിങ്ങൾ ബഹളം വയ്ക്കണ്ട. ഞാൻ ആരെയും സഹായിക്കാനോ മുഷിപ്പിക്കാനോ വേണ്ടി പറയുന്നതല്ല. ഇത് പൊതുവായ കാര്യമാണ്. ഞാൻ ആ വീട്ടിൽ പോയതാണ്. വളരെ ദു:ഖകരമായ അവസ്ഥയാണ്. 30 വർഷമായി വിദേശത്ത് ജീവിച്ച ആളായതുകൊണ്ട് ഈ കൊടിയെല്ലാം കണ്ടപ്പോൾ അദ്ദേഹം പേടിച്ചുപോയി. പല പ്രാവശ്യം അദ്ദേഹം മധ്യസ്ഥതയ്ക്ക് പോയെന്നുള്ളതും ശരിയാണ്. നമ്മൾ ഇവിടെ താമസിക്കുന്നതുകൊണ്ട് കൊടികുത്തുന്നത് എന്തിനാണെന്ന് നമുക്കറിയാം. എം.എൽ.എ. എന്നുള്ള നിലയിൽ അദ്ദേഹം ഞാനുമായി ബന്ധപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി കെ. രാജുവിന്റെ മണ്ഡലത്തിലാണ് അദ്ദേഹം താമസിക്കുന്നത്. ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കാമെന്ന് അവിടത്തെ പഞ്ചായത്ത് പ്രസിഡന്റ് അദ്ദേഹത്തോട് പറഞ്ഞിരുന്നതാണ്. പക്ഷേ എന്ത് വികാരത്തിലാണെന്ന് അറിയില്ല അദ്ദേഹം ആത്മഹത്യ ചെയ്യുകയായിരുന്നു. ഏതായാലും ഇദ്ദേഹമോ ഇദ്ദേഹത്തിനു വേണ്ടിയോ അല്ല ഈ സ്ഥലം നികത്തിയത്. വർഷങ്ങളായി ഇളമ്പൽ മുതൽ പുനലൂർ മുനിസിപ്പാലിറ്റി വരെയുള്ള ഹൈവേയുടെ വലതുവശം മുഴുവനും വയലായിരുന്നു. അതുമുഴുവൻ നികത്തിയുള്ള കെട്ടിടങ്ങളാണ് അവിടെയെല്ലാം കാണുന്നത്. ഈ സ്ഥലം മണ്ണിട്ട് നികത്തിയതിൽ ഇദ്ദേഹം കുറ്റക്കാരനല്ല. പക്ഷേ അവിടെ അദ്ദേഹം ഒരു ഷെഡ് വച്ചു. വയൽ നികത്തിയ സ്ഥലത്ത് താൽക്കാലിക ഷെഡ് വയ്ക്കാൻ നമ്മുടെ നാട്ടിൽ നിയമമുണ്ട്. ആ നിയമം നിലനിൽക്കുമ്പോഴാണ് ഇത് സംഭവിച്ചത്. അത് വളരെ ദൗർഭാഗ്യകരമായിപ്പോയി. മുഖ്യമന്ത്രി പറഞ്ഞതുപോലെ ഇനിയെങ്കിലും എല്ലാ പാർട്ടിക്കാരും ഇത്തരം കൊടി കുത്തുകാരെ തടയുന്നതായിരിക്കും കേരളത്തിന്റെ അന്തസ്സിന് നല്ലതെന്ന് ഞാൻ വിശ്വസിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രി ശ്രീ. കെ. രാജുവും ശ്രീ. കെ. ബി. ഗണേഷ് കുമാറും വളരെ അനുകൂലമായിട്ടാണ് സംസാരിച്ചത്. അതുകൊണ്ട് ഒരു ചർച്ചയ്ക്ക് തയ്യാറാകേണ്ടതായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്.

വളരെ ദൗർഭാഗ്യകരമായ ഒരു സംഭവമാണ് പുനലൂരിലുണ്ടായത്. മന്ത്രി ശ്രീ. കെ. രാജു അതിനെ നിസ്സാരവൽക്കരിച്ചാണ് പറഞ്ഞത്. അതിൽ എനിക്ക് വളരെ ദു:ഖം തോന്നി. അദ്ദേഹത്തിന്റെ മണ്ഡലത്തിലല്ലെന്നാണ് പറഞ്ഞത്. ഞാൻ ആ വീട്ടിൽ പോയതാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലാണ് സുഗതൻ

താമസിക്കുന്നത്. വർക്ക്ഷോപ്പുണ്ടാക്കിയത് ഇളമ്പല്ലൂരിലാണ്. പക്ഷേ അദ്ദേഹത്തിന്റെ മണ്ഡലത്തിൽപ്പെട്ട ഒരാൾ തൂങ്ങിമരിക്കേണ്ടിവന്നപ്പോൾ അതിനെ നിസ്സാരവൽക്കരിച്ച് സംസാരിച്ചത് വളരെ തെറ്റായിപ്പോയെന്നാണ് എനിക്ക് പറയാനുള്ളത്. സ്വന്തം പാർട്ടിക്കാരെ ന്യായീകരിക്കുന്നത് മനസ്സിലാകും. ശ്രീ. കെ. രാജു, ഇങ്ങനെയൊന്നും പാർട്ടിക്കാരെ ന്യായീകരിക്കാൻ പാടില്ല. അവിടെ എ.ഐ.വൈ.എഫ്.-ന്റെ കൊടിയാണ് കുത്തിയത്. അത് എല്ലാ ചാനലുകളിലും വന്നിരുന്നു. അവിടെ നാല് കൊടിയുണ്ടായിരുന്നു. ഒരു പാർട്ടിയുടെ യുവജന വിഭാഗത്തിന്റെ കൊടി അവിടെ നാട്ടിയിട്ട് അയാളോട് പണം ചോദിക്കുകയാണ് ചെയ്തത്. എന്റെ കയ്യിൽ രേഖയുണ്ട്. മരിച്ചയാളുടെ മകൻ സുനിൽകുമാർ മുത്തൂറ്റ് ഫിനാൻസിൽനിന്ന് 30.4 ഗ്രാം സ്വർണ്ണം പണയപ്പെടുത്തി 63,000 രൂപയുമായി വന്നതാണ്. ആ പണം എവിടെപ്പോയെന്ന് വീട്ടുകാർക്ക് അറിയില്ല. അദ്ദേഹത്തിന്റെ മകൻ പറയുന്നുമില്ല. ആ പണം ആർക്ക് കൊടുത്തുവെന്ന് അറിയില്ല. ഈ പണം എവിടെപ്പോയി? ...(......ബഹളം.....)...

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്..... പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ. പ്ലീസ്... പ്രതിപക്ഷനേതാവ് സംസാരിക്കു. നിങ്ങൾ മിണ്ടാതിരിക്കു. അദ്ദേഹം സംസാരിക്കട്ടെ. (...ബഹളം.....) പ്രതിപക്ഷനേതാവ് സംസാരിക്കാൻ നിങ്ങൾ സമ്മതിക്കില്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, XXX* ഈ പാവപ്പെട്ട സുഗതൻ ആദ്യം ഇളമ്പല്ലൂർ പാർട്ടി ഓഫീസിൽ പോകുന്നു. അവിടെനിന്നും പുനലൂരിൽ പോകാൻ പറയുന്നു. അദ്ദേഹം അവിടെ ചെന്നപ്പോൾ വിളക്കുടിയിൽ പോകാൻ പറയുന്നു. ഇദ്ദേഹത്തെ നാലഞ്ച് ദിവസമായി ഇങ്ങനെ കറക്കുകയാണ്. ഇങ്ങനെ ഓരോ സ്ഥലത്തുമുള്ള പാർട്ടി ഓഫീസിൽ പോകാൻ പറഞ്ഞതിൽ മനംനൊന്താണ് ആ പാവപ്പെട്ട മനുഷ്യന് ജീവനൊടുക്കേണ്ടി വന്നതെന്നുള്ളതാണ് യാഥാർത്ഥ്യം. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി നിഷ്പക്ഷമായി പറയണം. ഇത്രയും ദാരുണമായ ഒരു സംഭവം ഉണ്ടായിട്ട് അതിനെ നിസ്സാരവൽക്കരിച്ച് പറഞ്ഞത് വളരെ തെറ്റായി പോയി. ഇവിടെ മുഖ്യമന്ത്രി പറഞ്ഞത് നോക്കുകൂലിയെക്കുറിച്ചൊക്കെയാണ്. അത് ഈ വിഷയവുമായി ബന്ധപ്പെട്ടതല്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഈ സംഭവം വളരെ നിർഭാഗ്യകരമായ ഒരു കാര്യമാണ്. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത കാര്യം അവിടെ നടന്നതുകൊണ്ടാണ് ഞങ്ങളാരും ഇതിനെക്കുറിച്ച് ന്യായീകരിക്കാൻ മുതിരാതിരുന്നത്. അവിടെ എ.ഐ.വൈ.എഫ്.-ന്റെ കൊടികുത്തിയെന്നുള്ളതും അതിനെത്തുടർന്ന് അതിന്റെ ഉടമസ്ഥൻ ആത്മഹത്യ ചെയ്യാനിടയായി എന്നുള്ളതും

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം ഫയൽ നമ്പർ 1399/ഇബി/2018 തീയതി: 8-3-2018 രേഖയിൽ നിന്ന് നീക്കംചെയ്തു.

ഒരിക്കലും ന്യായീകരിക്കാൻ കഴിയുന്ന കാര്യമല്ല. (.......ബഹളം......) ഞാൻ പറയട്ടെ. പ്രകോപിപ്പിക്കാതിരിക്കൂ. അത് വളരെ നിർഭാഗ്യകരമായ കാര്യമാണ്. ഒരിക്കലും അതിനെ അംഗീകരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നുമില്ല, പ്രൊട്ടക്ട് ചെയ്യുന്നുമില്ല. ഇതിന്റെ പിന്നിൽ ആര് പ്രവർത്തിച്ചിട്ടുണ്ടെങ്കിലും അവർക്കെതിരെ നടപടിയെ ടുക്കുന്നതിൽ ഈ ഗവൺമെന്റിന്റെ അന്വേഷണ സംവിധാനങ്ങൾക്ക് ഞങ്ങൾ പൂർണ്ണമായ പിന്തുണ നൽകുന്നുണ്ട്. ആ സംഭവമുണ്ടായതിലുള്ള ദു:ഖം രേഖപ്പെടുത്തു ന്നതിന് വേണ്ടിയാണ് സഖാവ് രാജു അവിടെ പോയത്. പക്ഷേ XXX* ദുർവ്യാഖ്യാനം നടത്തുന്നത് ശരിയല്ല. അത് വാങ്ങി ശീലമുള്ളവർ ഞങ്ങളുടെ മേൽ അടിച്ചേൽപ്പിക്കരുത്. (.......ബഹളം.....) ഞങ്ങൾ അങ്ങനെ ചെയ്തിട്ടില്ല. ചെയ്യാത്ത കാര്യം ആരോപിക്കരുത്. (.......ബഹളം.....) അങ്ങനെ തെളിവുണ്ടെങ്കിൽ ആ തെളിവിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയും സ്വീകരിക്കാൻ തയ്യാറാണ്. വെറുതെ വ്യാഖ്യാനിക്കരുത്. (.......ബഹളം.....).

മി. സ്പീക്കർ: യെസ്....യെസ്.....ഇരിക്കൂ...... പ്ലീസ്.... ഇരിക്കൂ.... ശ്രീ. വി. ഡി. സതീശൻ, ഇരിക്കൂ. ശ്രീ. മുഹമ്മദ് മുഹസിൻ, ഇരിക്കൂ...

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി, ഞാൻ ആ വീട്ടിൽ പോയപ്പോൾ അവർ എന്നോട് പറഞ്ഞതാണ് ഈ പണം ആ പാവത്തിന്റെ കയ്യിൽ നിന്ന് വാങ്ങിയെടുത്തതാണെന്നും അവരുടെ കയ്യിൽ ഇല്ലായെന്നുള്ളതും. ഇവിടെ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ ഇതിനെ അപലപിച്ചത് നന്നായി. ശ്രീ. കെ. രാജു അവിടെ പോയതിനെപ്പറ്റി അങ്ങ് പറഞ്ഞു. എന്നാൽ ശ്രീ. പി. എസ്. സുപാൽ ആ വീട്ടിൽ ഒത്തുതീർപ്പാക്കാൻ പോയത് എന്തിനാണ്?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാനും ശ്രീ. പി. എസ്. സുപാലും നേരത്തെ പുനലൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ.മാരായിരുന്നു. പുനലൂർ നിയോജക മണ്ഡലത്തിലാണ് സുഗതൻ താമസിച്ചിരുന്നതെന്നുള്ളത് ഞാൻ എതിരായിട്ട് പറഞ്ഞിട്ടില്ല. പുനലൂർ നിയോജക മണ്ഡലത്തിലാണ് ആ വീട്. എന്നാൽ കൊടികുത്തിയെന്ന് പറയുന്ന തർക്കസ്ഥലവും അതുപോലെ സുഗതൻ തൂങ്ങി മരിച്ചുവെന്നു പറയുന്ന സ്ഥലവും എന്റെ മണ്ഡലത്തിലല്ല വിളക്കുടിയിലാണ്. ഇക്കാര്യമാണ് ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞത്. അതേ ഞാനും പറഞ്ഞിട്ടുള്ളൂ. ഈ സംഭവത്തിൽ ദു:ഖം രേഖപ്പെടുത്താനും ആ വീട്ടിലുള്ളവരെ ചെന്നുകണ്ട് ആശ്വസിപ്പിക്കാനുമാണ് ഞാൻ അവിടെ പോയത്.

---

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം ഫയൽ നമ്പർ 1399/ഇബി/2018 തീയതി: 8-3-2018 രേഖയിൽനിന്ന് നീക്കംചെയ്തു.

XXX* അങ്ങനെയെന്തെങ്കിലുമുണ്ടെങ്കിൽ അവരോട് വ്യക്തിപരമായി അടുപ്പമുള്ള എന്നോടാണ് ആദ്യം പറയേണ്ടത്. ഇതുപോലൊരു സംഭവമുണ്ട്; ഇങ്ങനെയൊരു തർക്കമുണ്ട്; ആ തർക്കം പരിഹരിക്കണമെന്നുള്ള വിവരവും അവർ എന്നോട് നേരത്തെ പറഞ്ഞിട്ടില്ല. അങ്ങ് പാർട്ടിയേയും അതുപോലെ പൊതു പ്രവർത്തകരായിട്ടുള്ള ഞങ്ങളെയും ആക്ഷേപിക്കുന്ന രീതിയിൽ ഇവിടെ പറഞ്ഞത് തീരെ ശരിയായില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സംഭവത്തിൽ ഉത്തരവാദികളായ ആളുകൾ എ.ഐ.വൈ.എഫ്.കാരാണെന്ന് എല്ലാവർക്കുമറിയാം. മാത്രവുമല്ല, മുൻ എം.എൽ.എ. ശ്രീ. പി. എസ്. സുപാൽ പോയത് ആ കേസ് ഒത്തു തീർപ്പാക്കാനായിരുന്നു. പ്രവാസികൾക്കുള്ള അനുഭവത്തെപ്പറ്റിയാണ് ഇവിടെ സൂചിപ്പിച്ചത്. നാളെ ഒരു പ്രവാസിക്കും ഇത്തരമൊരു അനുഭവമുണ്ടാകാൻ പാടില്ല. കേരളത്തിൽ മടങ്ങിയെത്തിയ സുഗതൻ തന്റെ അറിവും അനുഭവസമ്പത്തും നാടിനുവേണ്ടി പ്രയോജനപ്പെടുത്താൻ ശ്രമിച്ചതിന്റെ ഫലമാണ് നമ്മൾ കണ്ടത്. അത് അവസാനം ആ വ്യക്തിയെ ആത്മഹത്യയിലേയ്ക്ക് നയിച്ചു.

ലോക കേരളസഭ നടക്കുന്ന സമയത്താണ് ഗൾഫിൽനിന്ന് മടങ്ങിയെത്തിയ സുഗതൻ പുനലൂരിൽ തിരുമംഗലം ദേശീയപാതയ്ക്ക് സമീപം ഇളമ്പള്ളൂരിൽ ഒരു വർക്ക് ഷോപ്പ് തുടങ്ങാനുള്ള ശ്രമം നടത്തിയത്. നമ്മൾ തിരുവനന്തപുരത്ത് പ്രവാസികളെ ചുവന്ന പരവതാനിയിട്ട് സ്വീകരിച്ച സന്ദർഭത്തിലാണ് ഈ പാവം ഒരു വർക്ക്ഷോപ്പ് തുടങ്ങാൻ വേണ്ടി നെട്ടോട്ടമോടിയത്. അയാൾ അവിടെ ചെയ്ത തെറ്റ് എന്താണ്? ബഹുമാന്യനായ മന്ത്രി ഇവിടെ അയാൾ നികത്തിയതല്ലായെന്നു പറഞ്ഞു. വർഷങ്ങൾക്കുമ്പ് അവിടെ ആരോ നികത്തിയിട്ട സ്ഥലമാണ്. തൊട്ടപ്പുറത്ത് എബനേസർ എന്ന ഒരു ആഡിറ്റോറിയവും ഒരു വൈദ്യന്റെ ആശുപത്രിയുമുണ്ട്. ഈ സ്ഥലത്ത് വളരെ കാലപ്പഴക്കംച്ചെന്ന മരങ്ങൾ നിൽക്കുകയാണ്. ഞാൻ പോയി കണ്ടതാണ്. ഈ സംസ്ഥാനത്ത് ഇതുപോലെ എത്രയോ സ്ഥലങ്ങളുണ്ട്. ഇവിടെ മാത്രമല്ല, പല സ്ഥലങ്ങളിലും കൊടികുത്തി ആനുകൂല്യങ്ങൾ നേടുകയെന്നുള്ളത് ആ പ്രദേശത്ത് ഒരു സ്ഥിരം പതിവായി മാറിയിട്ടുണ്ടെന്നാണ് ആളുകൾ എന്നോട് പറഞ്ഞത്. ഇവിടെ ജീവിക്കാൻവേണ്ടി വർക്ക്ഷോപ്പ് തുടങ്ങാൻ സ്ഥലം പാട്ടത്തിന് എടുത്തതാണ്. അയാളുടെ സ്ഥലമല്ല; അയാൾ വിലയ്ക്ക് വാങ്ങിയതല്ല; രണ്ടുലക്ഷം രൂപ ചോദിച്ചുവെന്നാണ് ഞാൻ അവിടെ ചെന്നപ്പോൾ പറഞ്ഞത്. അവിടത്തെ പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും സുഗതന് അനുകൂലമായിട്ടാണ് സംസാരിച്ചത്. സുഗതന് അവർ സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്തു. ആ സ്ഥലത്താണ് കൊടികുത്തി പ്രശ്നമുണ്ടാക്കിയത്. ആ സാധു മനുഷ്യൻ എത്രപേരുടെ

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം ഫയൽ നമ്പർ 1399/ഇബി/2018 തീയതി: 8-3-2018 രേഖയിൽനിന്ന് നീക്കംചെയ്തു

കാല്പിടിച്ചു; എത്ര ഓഫീസുകളിൽ കയറിയിറങ്ങി. അവസാനം ഗത്യന്തരമില്ലാതെ അയാൾ ഫെബ്രുവരി 22-ാം തീയതി രാവിലെ അഞ്ചുമണിക്ക് നാല് കയറുകൾ കെട്ടിത്തൂക്കി, മക്കളെയും ഭാര്യയെയും തൂങ്ങാൻ പ്രേരിപ്പിക്കുകയായിരുന്നു. അവസാനം അയാൾ ഒറ്റയ്ക്ക് തൂങ്ങി മരിച്ചു. കേരളം ലജ്ജിച്ചു തലതാഴ്ത്തേണ്ട ഒരു കാര്യമാണിത്. പ്രവാസികളെ നമ്മൾ പുനരധിവസിപ്പിക്കാനും അവർക്ക് ജോലി കൊടുക്കാനും ശ്രമിക്കുമ്പോൾ, അവർക്ക് വേണ്ട സൗകര്യം ചെയ്തുകൊടുക്കാൻ ശ്രമിക്കുമ്പോൾ ഇത്തരം ദാരുണമായ സംഭവങ്ങളുണ്ടാകുമ്പോൾ അതിനെ നമ്മളാരും പിന്തുണയ്ക്കാൻ പാടില്ല. ഭരണകക്ഷി അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ പാടില്ല. സത്യൻ അന്തിക്കാടിന്റെ 'വരവേല്പ്' എന്ന ഒരു സിനിമയുണ്ട്. അങ്ങ് കണ്ടുകാണും. ഗൾഫിൽ പണിയെടുത്തുണ്ടാക്കിയ പണവുമായി നാട്ടിൽ വന്ന് ഒരു ബസ് സർവ്വീസ് തുടങ്ങാൻ പോകുന്ന ഒരു യുവാവിന്റെ അനുഭവങ്ങളാണ് അതിലുള്ളത്. യൂണിയനുകളും മറ്റും ചേർന്ന് അയാളെ വേട്ടയാടി; മോഹൻലാൽ അവതരിപ്പിച്ച സിനിമയിലെ കഥാപാത്രമാണത്. അതിൽ ബസ്സും തല്ലിപ്പൊളിച്ച്, അവസാനം തിരിച്ച് ഗൾഫിലേയ്ക്ക് പോയ ഒരനുഭവം നമ്മൾ കണ്ടിട്ടുള്ളതാണ്. സുഗതന് വർക്ക്ഷോപ്പ് തല്ലിപ്പൊളിക്കാൻ കഴിഞ്ഞില്ല. അതിനുപകരം അദ്ദേഹം ആത്മഹത്യ ചെയ്യുകയാണുണ്ടായത്.

'Truth is stranger than fiction' എന്ന് മാർക്ക് ട്വയിൻ പറഞ്ഞിട്ടുണ്ട്. ഇവിടെ സിനിമയെക്കാൾ ക്രൂരമായ അനുഭവമാണ് യഥാർത്ഥ ജീവിതത്തിലുണ്ടായത്. പ്രവാസികളെ ഇങ്ങനെയാണോ വരവേൽക്കേണ്ടത്? സുഗതന്റെ വീട്ടിൽ പോയ ആളുകൾക്ക് അവിടെയുണ്ടായ സംഭവങ്ങളെന്താണെന്ന് അറിയാം. കണ്ണുനീരോടു കൂടിയാണ് ആ കുടുംബം കഴിഞ്ഞുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ നട്ടെല്ലായി മാറിയിട്ടുള്ള പ്രവാസികളുടെ വരുമാനം, അവർ ജോലി നഷ്ടപ്പെട്ട് തിരിച്ചുവരുമ്പോൾ അവരെ പുനരധിവസിപ്പിക്കേണ്ട ഉത്തരവാദിത്തം ഗവൺമെന്റിനുള്ളതല്ലേ; നമ്മൾ അത് ചെയ്തുകൊടുക്കാൻ ബാധ്യസ്ഥരല്ലേ? 40 വർഷം വിദേശത്ത് ജീവിച്ചുകൊണ്ട് കൊടികുത്തിയാൽ പണം കൊടുക്കണമെന്നാണ് അർത്ഥമെന്ന് എന്റെ ഭർത്താവിന് അറിയാൻ പാടില്ലായിരുന്നുവെന്ന് കരഞ്ഞു കൊണ്ട് അദ്ദേഹത്തിന്റെ ഭാര്യ എന്നോട് പറഞ്ഞ സംഭവം എന്നെ വളരെ വേദനിപ്പിച്ചു. ഇതുപോലെയുള്ള സംഭവങ്ങൾ നാട്ടിൽ ഉണ്ടാകാൻ പാടില്ല. ഈ കേസ് തേച്ചുമായിച്ചുകളയാൻ പ്രാദേശികമായ ഇടപെടലുകൾ നടക്കുന്നുണ്ട്. സുഗതൻ ആക്ഷൻ കൗൺസിലിന്റെ ആളുകളെയൊക്ക ശ്രീ. കെ. രാജുവിന് അറിയാവുന്നതാണ്. ശ്രീ. ടി. കെ സോമശേഖരൻ-ചെയർമാൻ, ബിജു ആലുവിള-വൈസ് ചെയർമാൻ, സിബി വിജയകുമാർ-സെക്രട്ടറി. അവർ ഇത് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് പറയുന്നത് എന്തു കൊണ്ടാണ്? ഈ കേസ് ഭരണകക്ഷിയുടെ സ്വാധീനമുപയോഗിച്ച് തേച്ചുമായിച്ച്

കളയുമെന്നുള്ള ആശങ്ക അവിടത്തെ ജനങ്ങൾക്കുള്ളതുകൊണ്ടാണ് അവർ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് സമരവും മറ്റ് പരിപാടികളുമായി മുന്നോട്ടുപോകുന്നത്. അവിടെ ചെന്നപ്പോൾ ശ്രീ. കെ. രാജുവിനോട് സ്ത്രീകൾ കാര്യങ്ങൾ പറഞ്ഞില്ലേ? ഇത്രയും ദൗർഭാഗ്യകരമായ സംഭവം ഒരു പ്രവാസിക്ക് കേരളത്തിന്റെ മണ്ണിലുണ്ടാകാൻ പാടില്ലായിരുന്നു. ഒരു രാഷ്ട്രീയപാർട്ടിയും ഇത്തരം നടപടികൾ സ്വീകരിക്കാൻ പാടില്ലായിരുന്നു. നമ്മളെല്ലാവരും ഒറ്റക്കെട്ടായി നിന്നുകൊണ്ട് അപലപിക്കേണ്ട ഒരു കാര്യമാണ്. കേരളത്തിൽ നാളെ മടങ്ങിവരുന്ന ഓരോ പ്രവാസിക്കും സ്വന്തമായി ഒരു ബിസിനസ്സ് അല്ലെങ്കിൽ ഒരു സംരംഭം ആരംഭിക്കുവാനുള്ള സൗകര്യം നമ്മൾ ഒരുക്കിക്കൊടുക്കേണ്ടതാണ്.

കേരളത്തിലെ നോക്കുകൂലി സമ്പ്രദായത്തെ ഞങ്ങളാരും പിന്തുണയ്ക്കുന്നതല്ല. നോക്കുകൂലി സമ്പ്രദായം കേരളത്തിൽ എന്നന്നേയ്ക്കുമായി അവസാനിപ്പിക്കേണ്ടതാണ്. അത് പ്രാകൃതമായ സമീപനമാണ്. മാത്രമല്ല, ഇപ്പോൾ പഴയ ആളുകളാരും ജോലി ചെയ്യുന്നില്ല. ജോലി ചെയ്യുന്നത് മറ്റ് ആളുകളാണ്, കാർഡ് മാത്രമേ അവരുടെ കയ്യിലുള്ളൂ. ജോലി വിൽക്കുന്ന സമീപനവും കേരളത്തിലുണ്ടെന്നുള്ളത് വേറൊരു വിഷയമാണ്. അതുസംബന്ധിച്ച് മുഖ്യമന്ത്രി പറഞ്ഞതിനോട് ഞങ്ങൾ യോജിക്കുന്നു. പക്ഷെ, ഈ സംസ്ഥാനത്ത് ഭരിക്കുന്ന മുന്നണിയുടെ രണ്ടാമത്തെ കക്ഷി ഇത്തരം നടപടികൾ സ്വീകരിക്കുന്നത് ശരിയാണോയെന്ന് അവർതന്നെ ആലോചിക്കണം. ഇതിൽനിന്നും പ്രവർത്തകരെ പിന്തിരിപ്പിക്കേണ്ട ഉത്തരവാദിത്തം അവർക്കുണ്ട്. ഇത്ര ദാരുണമായ ഒരു സംഭവമുണ്ടായിട്ടും അതിനെ അപലപിക്കാൻ ആരും ഇതുവരെ തയ്യാറാകാത്തത് ദൗർഭാഗ്യകരമാണ്. എ.ഐ.വൈ.എഫ്.-ന്റെ മുൻ പ്രസിഡന്റായിരുന്ന ശ്രീ. വി. എസ്. സുനിൽ കുമാർ. ഈ പ്രവർത്തകരെ പാർട്ടിയിൽനിന്ന് പുറത്താക്കാനുള്ള നടപടി അദ്ദേഹം സ്വീകരിക്കണമായിരുന്നു. അത് ചെയ്തിട്ട് ഈ കാര്യം പറഞ്ഞിരുന്നുവെങ്കിൽ നമുക്ക് അംഗീകരിക്കാൻ കഴിയുമായിരുന്നു. ഇത്രയും ഭൗർഭാഗ്യകരമായ സംഭവം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ മടിക്കുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, നിയമസഭയിൽ പ്രതിപക്ഷം അവതരിപ്പിച്ച പ്രമേയത്തിന്റെ ഉള്ളടക്കത്തോട് മുഖ്യമന്ത്രി പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് പ്രസംഗിച്ചത് നമുക്ക് എപ്പോഴും കാണാൻ സാധിക്കാത്ത കൗതുകകരമായ ഒരു

കാഴ്ചയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി അനുകൂലിക്കുന്ന ഒരു വിഷയമായതു കൊണ്ട് ഈ വിഷയം ചർച്ച ചെയ്യാനുള്ള അവസരം നൽകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. അത് സാധിക്കുന്നില്ലെങ്കിൽ ഞങ്ങൾ ഇറങ്ങി പോകുമ്പോൾ അങ്ങ് ഞങ്ങളുടെ കൂടെയെങ്കിലും ഇറങ്ങി വരണം. അങ്ങ് "ലോക കേരള സഭയിൽ" ചെയ്ത പ്രസംഗം ഞാൻ സാകൂതം കേട്ടിരുന്ന ആളാണ്. പ്രവാസികൾ ഇവിടെ തിരിച്ചുവന്ന് ഒരു സംരംഭം തുടങ്ങുന്നതിലേയ്ക്കുള്ള അനുമതി ലഭിക്കുന്നതിനുവേണ്ടി ഒരു അപേക്ഷ കൊടുത്തുകഴിഞ്ഞാൽ ആ അപേക്ഷയ്ക്ക് കുറച്ചുനാളുകൾ കഴിഞ്ഞിട്ടും മറുപടി കിട്ടുന്നില്ലെങ്കിൽ അത് കിട്ടിയതായി പരിഗണിച്ചുകൊണ്ട് അദ്ദേഹത്തിന് പണിയുമായി മുന്നോട്ടുപോകാമെന്ന അങ്ങയുടെ പ്രസംഗം ഞങ്ങൾ രോമാഞ്ച ത്തോടുകൂടി കേട്ടിരുന്നു. എന്നാൽ ഇപ്പോൾ സംഭവിച്ചിരിക്കുന്നത് എന്താണ്; അനുമതിക്കുവേണ്ടി കാത്തിരുന്നുവെന്ന് മാത്രമല്ല, പഞ്ചായത്ത് അനുമതി കൊടുത്ത് പണി പൂർത്തീകരിച്ച് വർക്ക്ഷോപ്പ് തുടങ്ങാനിരുന്ന സ്ഥലത്തുചെന്ന് ഇത് നികത്തിയ ഭൂമിയാണ് അതുകൊണ്ട് ഇവിടെ വർക്ക്ഷോപ്പ് നടത്താൻ പറ്റില്ലെന്ന് പറഞ്ഞ് എ.ഐ.വൈ.എഫ്. കൊടികുത്തി. സുഗതൻ ഭൂമി നികത്തിയിട്ടില്ല. 20 വർഷം മുമ്പ് നികത്തിയ ഭൂമി അദ്ദേഹം പാട്ടത്തിനെടുക്കുകയാണ് ചെയ്തത്. അവിടെ ഒരു വർക്ക്ഷോപ്പ് പണിയുന്നതിനുവേണ്ടി മൂന്നര ലക്ഷം രൂപ ചെലവഴിച്ചുവെന്ന് പറയുന്നു. സുഗതന്റെ മരണത്തിൽ സി.പി.ഐ.(എം)-ന്റെ പങ്ക് അന്വേഷിക്കണമെന്നും കേരളത്തിന്റെ നിയമങ്ങളെക്കുറിച്ച് വേണ്ടത്ര അറിവില്ലാതിരുന്ന പ്രവാസി മലയാളിയെ ചില പ്രാദേശിക നേതാക്കൾ പണം വാങ്ങി പറ്റിക്കുകയായിരുന്നു വെന്നും മൂന്നര ലക്ഷം രൂപയാണ് വർക്ക്ഷോപ്പിനുവേണ്ടി ചെലവഴിച്ചതെന്നും അത്രയും രൂപ ആ വർക്ക്ഷോപ്പിനുവേണ്ടി ആവശ്യമില്ലെന്നും ബാക്കി പണം എവിടെപ്പോയി എന്നതുസംബന്ധിച്ച് വളരെ വിശദമായിട്ടുള്ള അന്വേഷണം നടത്തണമെന്നുമാണ് ഒരു പത്ര സമ്മേളനത്തിൽ എ.ഐ.വൈ.എഫ്-ന്റെ ജില്ലാ നേതാവായ ശ്രീ. വിനോദും കുന്നത്തൂർ മണ്ഡലം സെക്രട്ടറി ശ്രീ. മഹേഷും പറഞ്ഞത്. അപ്പോൾ അവർ പറഞ്ഞത് ശ്രീ. വി.എസ്. സുനിൽ കുമാർ കണ്ടിട്ടോ കേട്ടിട്ടോ ഇല്ലായിരുന്നോ; സുഗതന്റെ മരണം സംബന്ധിച്ച് സി.പി.ഐ. (എം)-ന്റെ പങ്ക് അന്വേഷിക്കണമെന്നാണ് അവർ പറയുന്നത്. ഇത് അവിടത്തെ വിളക്കുടി പഞ്ചായത്തിനകത്തുള്ള വിഷയമാണ്. വിളക്കുടി പഞ്ചായത്ത് ഭരിക്കുന്നത് സി.പി.ഐ. (എം) ആണ്. സി.പി.ഐ. (എം)-ന് ഇങ്ങനെയൊരു അവകാശം കൊടുക്കാൻ പാടുണ്ടോയെന്ന് ചോദിച്ചുകൊണ്ടുള്ള ഒരു ചെറിയ തർക്കമാണ്. അവരുടെ പാർട്ടിക്കകത്ത് അങ്ങോട്ടും ഇങ്ങോട്ടുമുള്ള പ്രശ്നം സുഗതന്റെ മരണത്തിലാണ് കലാശിച്ചിരിക്കുന്നത്. പഞ്ചായത്തിലെ സ്ഥിരം സമിതി അംഗമായ സി.പി.ഐ.-യുടെ നേതാവ് ശ്രീ. ജെ. സജീവ് എന്തിനാണ് രാജിക്കത്ത് കൊടുത്തത്; എന്നോട് പോലും പറയാതെയാണ് സി.പി.ഐ.-യും എ.ഐ.വൈ.എഫ്-ഉം സമരത്തിന്

പഞ്ചായത്തിലേയ്ക്ക് വരുന്നത് അതുകൊണ്ട് ഇനി ഈ സ്ഥാനത്തിരിക്കാൻ ഞാൻ തയ്യാറല്ലെന്ന് പറഞ്ഞ് പഞ്ചായത്ത് പ്രസിഡന്റിന് രാജിക്കത്ത് കൊടുക്കുകയാണ് ചെയ്തത്. അപ്പോൾ പഞ്ചായത്ത് ഒറ്റക്കെട്ടായി ഒരു ഭാഗത്ത് നിൽക്കുന്നു. പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും അനുമതി കൊടുത്ത വിഷയത്തിൽ എവിടെയായിരുന്നു നിങ്ങൾ കൊടി കുത്തേണ്ടത്; കൊടി കുത്തേണ്ടത് പഞ്ചായത്ത് ഓഫീസിലാണ്. അതിനുപകരം സുഗതന്റെ വീട്ടിൽ കൊണ്ടുപോയി കൊടി കുത്തിയപ്പോൾ അദ്ദേഹം ആത്മഹത്യ ചെയ്തു. മാത്രമല്ല അദ്ദേഹത്തിന്റെ ഭാര്യ സരസ്സമ്മയ്ക്കും മക്കളായ സുജിത്തിനും സുനിൽ ബോസിനുവേണ്ടിയും മൂന്ന് കയർക്കുടി കരുതിവച്ചിരുന്നു. ഒരു കുടുംബം തന്നെ നിഷ്കാസനം ചെയ്യപ്പെടുന്ന രീതിയിലേയ്ക്ക്, പ്രവാസിയെ ഈ രീതിയിൽ അധ:പതിച്ച ഒരു അവസ്ഥയിലേയ്ക്ക് കൊണ്ടു പോകുകയാണെങ്കിൽ അങ്ങ് നടത്തിയ "ലോക കേരള സഭയുടെ" എല്ലാ പ്രസക്തിയും നഷ്ടപ്പെടുകയാണ്. ഏത് ഭൂമിയാണ് നികത്തിയതെന്ന് സുഗതന് എങ്ങനെ അറിയാം; സുഗതൻ 35 വർഷമായി വിദേശത്താണ്. എന്നിട്ടോ, അദ്ദേഹം സമ്പാദിച്ചത് മൂന്നര ലക്ഷം രൂപ. അതിന്റെ അർത്ഥം, പത്ത് വർഷത്തേയ്ക്ക് ഗൾഫിൽനിന്നും അദ്ദേഹം സമ്പാദിച്ചത് ഒരു ലക്ഷം രൂപയാണ്. മുപ്പത് വർഷമായപ്പോൾ മൂന്ന് ലക്ഷം രൂപയും മുപ്പത്തിയഞ്ച് വർഷമായപ്പോൾ മൂന്നര ലക്ഷം രൂപയുമാണ്. പത്ത് വർഷം ഗൾഫിൽ അദ്ധ്വാനിക്കുമ്പോൾ ഒരു ലക്ഷം രൂപയാണ് അദ്ദേഹത്തിന് സമ്പാദിക്കാൻ സാധിച്ചിട്ടുള്ളതെങ്കിൽ ഗൾഫിൽ എത്രമാത്രം യാതനയും വേദനയും അനുഭവിച്ചിട്ടാണ്, ഒരു പ്രതീക്ഷയോടുകൂടി ഇനി നാട്ടിൽ തന്നെ എന്റെ കച്ചവടം തുടങ്ങാമെന്ന് പറഞ്ഞുകൊണ്ട് തിരിച്ചുവരുന്ന പ്രവാസിയെ ഇങ്ങനെ തകർക്കാൻ പാടില്ലായിരുന്നു. പ്രിയപ്പെട്ട ശ്രീ. കെ. രാജു, അങ്ങയുടെ പ്രസംഗത്തിൽ അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ചൊന്നും പറഞ്ഞില്ലെന്ന് മാത്രമല്ല വീണ്ടും സുഗതനെ കുറ്റപ്പെടുത്തിക്കൊണ്ട് അദ്ദേഹം ഭൂമി നികത്തിയതുകൊണ്ടാണ് ഈ വിഷയം ഉണ്ടായതെന്ന് പറഞ്ഞത് ദൗർഭാഗ്യകരമായിപ്പോയി. അങ്ങ് മരണത്തിനുശേഷമെങ്കിലും നിലപാടിൽ മാറ്റം വരുത്തേണ്ടതായിരുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ ശക്തമായ അമർഷം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, ട്രേഡ് യൂണിയനുകൾ അനുവർത്തിക്കേണ്ട നടപടികളെയും നയങ്ങളെയും കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് വളരെ സ്വാഗതാർഹമായ കാര്യമാണ്. പക്ഷെ സുഗതന്റെ മരണകാര്യങ്ങളുടെ വിശകലനം തൃപ്തികരമല്ല. അദ്ദേഹത്തിന്റെ മരണത്തിന്റെ ഉത്തരവാദിത്തത്തിൽനിന്നും

ഗവൺമെന്റിന് ഒഴിഞ്ഞുമാറാൻ കഴിയില്ല. ഭരണകക്ഷിയായ സി.പി.ഐ.യുടെ യുവജന സംഘടന പണം ചോദിച്ചിട്ട് കൊടുക്കാത്തതിന്റെ പേരിൽ കൊടി കുത്തി സമരം ചെയ്തതിനാലാണ് സുഗതൻ ആത്മഹത്യ ചെയ്തത്. അതുകൊണ്ട് ഈ ഉത്തരവാദിത്തത്തിൽനിന്നും ഗവൺമെന്റിന് ഒഴിഞ്ഞുമാറാൻ കഴിയില്ല. ഗവൺമെന്റ് ഇതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം. നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഏകദേശം 40 വർഷത്തെ പ്രവാസ ജീവിതത്തിനുശേഷം ഗൾഫിൽനിന്നും തിരികെയെത്തിയ ഒരു പ്രവാസിക്കുണ്ടായ ദുരനുഭവമാണ് സഭയിൽ അടിയന്തരപ്രമേയമായി ഞങ്ങൾ ഉന്നയിച്ചത്. ഇത്തരത്തിലുള്ള വിഷയങ്ങൾ കേരളത്തിന്റെ പേര് കളങ്കപ്പെടുത്തുവെന്ന് മാത്രമല്ല കേരളത്തിന്റെ യശസ്സ് തച്ചുടയ്ക്കുന്നുവെന്നത് വളരെ വലിയ സത്യമായി മാറിക്കൊണ്ടിരിക്കുകയാണ്. നിയമവാഴ്ച എല്ലാ അർത്ഥത്തിലും തകർന്ന ഒരു സന്ദർഭമാണ് ഈ ഗവൺമെന്റിന്റെ 24 മാസത്തെ ഭരണത്തിലൂടെ നമുക്ക് കാണാൻ കഴിയുന്നത്. സുഗതനെപ്പോലുള്ള വിദേശ മലയാളികൾക്കുണ്ടാകുന്ന ദുരനുഭവങ്ങൾ പ്രവാസി ലോകത്ത് വലിയ ആശങ്കകൾ സൃഷ്ടിക്കുന്ന നിലയിലേയ്ക്ക് മാറിയിരിക്കുന്നു. കൊലപാതക രാഷ്ട്രീയത്തെക്കുറിച്ചാണ് കഴിഞ്ഞയാഴ്ച മുഴുവൻ ചർച്ച ചെയ്തത്. ഇവിടെ mob lynching നടക്കുന്നു. നമ്മുടെ രാജ്യത്ത് ക്രമസമാധാന നില തകർന്നിരിക്കുന്ന സന്ദർഭത്തിലാണ് വിദേശ മലയാളിയായ ഒരു പ്രവാസിക്കുണ്ടായ ദുരനുഭവം. അദ്ദേഹം ചെയ്ത തെറ്റ് എന്താണ്? അദ്ദേഹം ഏതെങ്കിലും ക്രിമിനൽ കേസിലെ പ്രതിയാണോ; അതോ ഏതെങ്കിലും തട്ടിപ്പുകളിൽ പങ്കെടുത്തിട്ടുള്ള യാളാണോ; ഒന്നുമല്ല. നിഷ്കളങ്കനായ ഒരു വ്യക്തി അദ്ധ്വാനിച്ചുണ്ടാക്കിയ തുകവച്ച് ഇവിടെയൊരു ജീവിതമാർഗ്ഗം പടുത്തുയർത്താൻ ശ്രമിച്ചു. അതാണ് അദ്ദേഹം ചെയ്ത ഏക തെറ്റ്. ആ മനുഷ്യനെ കൊടികുത്തി ആത്മഹത്യയിലേയ്ക്ക് തള്ളിവിട്ടു വെന്നത് ഏറ്റവും നിർഭാഗ്യകരമായ സംഭവമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊടികുത്തി സംസ്കാരത്തിനെതിരെയും നോക്കുകൂലി സംസ്കാരത്തിനെതിരെയും സംസാരിച്ചതിനെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. ഈ ഗവൺമെന്റിന്റെ നിലപാടുകളിൽ, ഈ ഗവൺമെന്റ് അധികാരത്തിലിരിക്കുന്ന സന്ദർഭത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ കഴിയുന്നില്ല എന്നതൊരു യാഥാർത്ഥ്യമാണ്. ഈ വിഷയം സഭ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, വസ്തുതകളുടെ വിശദാംശങ്ങളിലേയ്ക്ക് പോകേണ്ട കാര്യമില്ല, എല്ലാവരും പറഞ്ഞുകഴിഞ്ഞിരിക്കുന്നു. Ease of doing business കേരളത്തിൽ ഇല്ലെന്നുള്ള ധാരണ പൊതുവെയുണ്ട്. അത് മാറ്റാൻവേണ്ടി "ലോക കേരള സഭ" കൂടി പ്രമേയങ്ങളും പ്രസംഗങ്ങളും ഏറെക്കുറെ അവരെ സഹായിക്കുന്ന രീതിയിൽ ആയിത്തീർന്നിട്ടുമുണ്ട്. അതിനുശേഷമാണ് ഈ രീതിയിൽ ദു:ഖകരമായ സംഭവം ഉണ്ടായത്. ഇതിനെ വാക്കുകൊണ്ടുമാത്രം പ്രതിഷേധിക്കുന്ന സൗമ്യമായൊരു സമീപനംകൊണ്ട് ഉണ്ടായിരിക്കുന്ന ദുരന്തത്തിന്, ചെയ്തിട്ടുള്ള ദോഷത്തിന് പരിഹാരമാകുകയില്ല. അതിന് പരിഹാരമാകുമായിരുന്ന ഇതിന് പകരം വയ്ക്കാൻ വേണ്ടി, മിറ്റിഗേറ്റ് ചെയ്യാൻ സഹായിക്കുമായിരുന്ന, പൂർണ്ണമായ ചർച്ച നടത്തിയിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് പറയുന്നതിൽ ആത്മാർത്ഥതയുണ്ട്, സീരിയസാണ്, ആക്ഷൻ നടക്കുമെന്ന് ഇൻവെസ്റ്റേഴ്സിന്റെ മനസ്സിൽ ഒരു കോൺഫിഡൻസ് ഉണ്ടാക്കാൻ സഹായിക്കുമായിരുന്നു. അതിനുപോലും തയ്യാറാകാതെ വെറും വാചകമടിയിൽ മാത്രം നിന്നത് വളരെ ഖേദകരമാണ്. അതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി.

പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

## III ശ്രദ്ധ ക്ഷണിക്കൽ

മി. സ്പീക്കർ: ശ്രദ്ധ ക്ഷണിക്കലിനും സബ്മിഷനുകൾക്കും നേരത്തെ ഒരു സമയനിഷ്ഠ നിശ്ചയിച്ചിരുന്നു. ആ സമയനിഷ്ഠയിൽ നിന്നും നീണ്ടുപോകുന്ന ഒരു സ്ഥിതിവരുന്നുണ്ട്. അത് മനസ്സിൽവച്ചുകൊണ്ട് ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കണം.

### (1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഏറ്റെടുക്കൽ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഈ സമ്മേളന കാലയളവിൽ ഈ വിഷയം സംബന്ധിച്ച് അവതരിപ്പിക്കുന്ന രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കലാണിത്. ആദ്യത്തെ ശ്രദ്ധ ക്ഷണിക്കൽ കൊടുത്തത് പഞ്ചായത്ത് വകുപ്പുമന്ത്രിക്കാണ്. പഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റായി കൊടുത്ത പണം പഞ്ചായത്തുകൾ മെയിന്റനൻസിനുവേണ്ടി ഉപയോഗിക്കാതെ പോക്കറ്റ് റോഡുകൾ നന്നാക്കുന്നതിനും കോൺക്രീറ്റ് ചെയ്യുന്നതിനുവേണ്ടിയും വിനിയോഗിക്കുന്നതുമൂലം എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, PMGSY റോഡ്, നബാർഡ് തുടങ്ങിയ വിവിധ സ്കീമുകളിൽ നിർമ്മാണ പ്രവർത്തനം നടത്തുന്ന റോഡുകൾ താറുമാറായി പോകുകയും ആ തുക പൂർണ്ണമായി നഷ്ടപ്പെട്ട് പോകുകയും ചെയ്യുന്ന സാഹചര്യമുണ്ടാകുന്നുവെന്ന് പറഞ്ഞാണ് പഞ്ചായത്ത് വകുപ്പുമന്ത്രിക്ക് ശ്രദ്ധ ക്ഷണിക്കൽ കൊടുത്തത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

അതിനുള്ള മറുപടി തൃപ്തികരമല്ലായിരുന്നു. അന്ന് പഞ്ചായത്ത് വകുപ്പുമന്ത്രി ഇല്ലാത്തതിനാൽ അദ്ദേഹത്തിനുവേണ്ടി പ്രൊഫ. സി. രവീന്ദ്രനാഥാണ് മറുപടി പറഞ്ഞത്. പി.എം.ജി.എസ്.വൈ. ഹാന്റ്ഓവർ ചെയ്യുന്ന റോഡുകൾ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുക്കാൻപോലും തയ്യാറാകുന്നില്ല. എം.എൽ.എ. റോഡ് എന്നോ എം.പി. റോഡ് എന്നോ പറയുന്ന റോഡുകളുണ്ടോ? ഒരു റോഡിന്റെ ഗ്യാരന്റി പിരീഡ് കഴിഞ്ഞാൽ ത്രിതല പഞ്ചായത്തുകൾക്കാണ് അത് ഹാന്റ് ഓവർ ചെയ്യുന്നത്. പഞ്ചായത്തുകൾ അവരുടെ ആസ്തി രജിസ്റ്ററിൽ പോലും ഈ റോഡുകൾ ഉൾപ്പെടുത്താതെ ഇത് എം.എൽ.എ. റോഡാണ്, എം.എൽ.എ.യുടെ വീട്ടിലേയ്ക്ക് മാർച്ച് നടത്തിക്കോ അല്ലെങ്കിൽ എം.പി.യുടെ വീട്ടിലേയ്ക്ക് മാർച്ച് നടത്തിക്കോ എന്നുപറഞ്ഞ് ഈ സമരങ്ങളൊക്കെയും ഗവൺമെന്റിന് എതിരെയുള്ള സമരമായി മാറുകയാണ്. അതുകൊണ്ടാണ് പഞ്ചായത്തുകൾ ഈ റോഡുകൾ ഏറ്റെടുക്കാത്തത്. ഇടുക്കി ജില്ലയിൽ മാത്രം പരിശോധിച്ചപ്പോൾ 51 റോഡുകൾ രണ്ട് ഘട്ടങ്ങളിലായി ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്, ഗ്രാമപഞ്ചായത്തുകൾക്ക് ഹാന്റ് ഓവർ ചെയ്ത റോഡുകളുമുണ്ട്. കളക്ടറെക്കൊണ്ട് മീറ്റിംഗ് വിളിച്ചുകൂട്ടി ഈ റോഡുകൾ ഏറ്റെടുക്കുന്നതിനെങ്കിലും നടപടി സ്വീകരിക്കണം. അങ്ങ് മറുപടി പറയുമ്പോൾ തീർച്ചയായും പറയണം, "ഡീസെൻട്രലൈസേഷന്റെ ഭാഗമായി 20 കോടി രൂപ ഇടുക്കി ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. അത്തരത്തിൽ മെയിന്റനൻസ് ഗ്രാന്റ് ഓരോ ഗ്രാമപഞ്ചായത്തുകൾക്കും കൊടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ ആ തുക മെയിന്റനൻസ് ചെയ്യുന്നതിനുവേണ്ടി ഉപയോഗിക്കണം" എന്ന്. എന്നാൽ ഇവരൊന്നും ആ തുക മെയിന്റനൻസിനു വേണ്ടിയല്ല ഉപയോഗിക്കുന്നത്. കെട്ട്, കൾവെർട്ട്, കോൺക്രീറ്റ് റോഡുകൾ തുടങ്ങിയവയ്ക്ക് വേണ്ടിയാണ് ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം കോൺഗ്രസ്സുകാരുടെ ഒരു മാർച്ച് ഉണ്ടായിരുന്നു, പഞ്ചായത്ത്റോഡ് നവീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ.-യുടെ വീട്ടിലേയ്ക്ക് രാവിലെ 9.30 മുതൽ ആരംഭിച്ച മാർച്ചാണ്. നാട്ടുകാരുടെ ഭാഗത്തു നിന്നും നോക്കുമ്പോൾ, ഒരിക്കൽ എം.എൽ.എ. പണിയിച്ച റോഡ് പിന്നെ എം.എൽ.എ. റോഡാണ്. അതിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് ആ എം.എൽ.എ.യാണ് എന്നുപറഞ്ഞാൽ എനിക്കെന്നല്ല ബഹുമാന്യനായ മുഖ്യമന്ത്രിക്കടക്കം ഇവിടെയിരിക്കുന്ന 141 എം.എൽ.എ.-മാർക്കും അത് ചെയ്യാൻ സാധിക്കില്ല. ഞാൻ പരിശോധിച്ചപ്പോൾ മനസ്സിലായത്, പഞ്ചായത്ത് വകുപ്പ് 51 റോഡുകൾക്ക് ഗസറ്റ് നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. അതിൽ പതിനേഴോളം റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട്, പഞ്ചായത്ത് ഭരണസമിതികളുടെ റെസല്യൂഷൻ ഗ്രാമപഞ്ചായത്തിന് ഞാൻ കൊടുത്തതാണ്.

നിർഭാഗ്യവശാൽ ആ റോഡൊന്നും വന്നില്ല. ഒരു എം.എൽ.എ.യുടെ മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി.-യുടെ മാനദണ്ഡങ്ങൾ പാലിക്കുന്ന രണ്ട് റോഡ് എങ്കിലും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ തീരുമാനിക്കണം. അതുസംബന്ധിച്ച് പരിശോധിക്കണം. ഞാൻ എം.എൽ.എ. ആയിട്ട് പന്ത്രണ്ട് വർഷമായി. ഈ രണ്ട് വർഷക്കാലം മാണി സാറിന്റെ മണ്ഡലത്തിലൂടെ നിരന്തരം യാത്രചെയ്ത ഒരാളാണ് ഞാൻ. അദ്ദേഹത്തിന്, വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിമാരുടെ മണ്ഡലങ്ങളിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ ഏറ്റെടുക്കുന്നതിന് യാതൊരു മാനദണ്ഡവും ബാധകമായിരുന്നില്ല. എം.എൽ.എ.-മാർ ചോദിച്ചാൽ കാശില്ല, ഏറ്റെടുക്കാൻ സാധിക്കില്ല, ഏറ്റെടുക്കുന്ന സ്ഥിതിയില്ല എന്ന് പറയും. ഈ ഗവൺമെന്റ് വന്നതിനുശേഷം 51 റോഡുകളുടെ ലിസ്റ്റ് മന്ത്രിയുടെ മുന്നിൽ വന്നു. ഏറ്റെടുക്കാൻ ധനകാര്യ വകുപ്പ് അനുമതി കൊടുത്തിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. റോഡുകൾ ഏറ്റെടുക്കണമെന്ന് അഭിപ്രായമുള്ള ആളാണ് ഞാൻ. പക്ഷേ വിഭവങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിൽ കാണിക്കുന്ന സ്വജനപക്ഷപാതം, സ്വന്തക്കാർക്ക് സാധിച്ചു കൊടുക്കുക എന്ന് മാത്രമല്ല, മന്ത്രിമാർ സ്വന്തം മണ്ഡലങ്ങളിലെ കാര്യം മാത്രം നോക്കുകയും അവരവരുടെ പഞ്ചായത്ത് റോഡുകൾ പി.ഡബ്ല്യൂ.ഡി. റോഡാക്കി മാറ്റുകയും ചെയ്യുന്ന ഏർപ്പാടുകൾ എക്കാലവും തുടർന്നുവരുന്നുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഞങ്ങളോട് പറഞ്ഞു, നിങ്ങൾ അത്യാവശ്യം വേണ്ടതിന്റെ ലിസ്റ്റുകൾ തരുക. പി.ഡബ്ല്യൂ.ഡി.ക്കാരോട് അദ്ദേഹം പറഞ്ഞു, നിങ്ങൾ എം.എൽ.എ.-മാരുമായി കൂടിയാലോചിച്ച് ഒരു ലിസ്റ്റുണ്ടാക്കിത്തരണം. അങ്ങനെയുള്ള പി.ഡബ്ല്യൂ.ഡി. റോഡുകൾ നന്നാക്കി കിട്ടി. റോഡുകൾ നന്നാക്കുന്നതിനുവേണ്ടി പത്ത് കോടി രൂപയുടെ പ്രൊപ്പോസൽ കൊടുക്കാൻ അദ്ദേഹം പറഞ്ഞു. നിലവിലുള്ള റോഡുകൾ നന്നാക്കു ന്നതിനായി ഞങ്ങൾ എഴുതിക്കൊടുത്തു. ഒരു നടപടിയുമുണ്ടായിട്ടില്ല. എവിടെയാണ് ഫയൽ എന്ന് അദ്ദേഹത്തോട് ചോദിച്ചപ്പോൾ ഫയലുമായി ബന്ധപ്പെട്ട് അന്വേഷിക്കേണ്ട, കാശിനുവേണ്ടി ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞു. നടപടിയുണ്ടാകണ്ടേ; പൊതുമരാമത്ത് റോഡുകൾ ഏറ്റെടുക്കണ്ടേ? നാട്ടിൽ ജീവിക്കാൻ നിവൃത്തിയില്ല. ആദ്യം സി.പി.ഐ.(എം)-ന്റെ ഏരിയാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സമരം, ബി.ജെ.പി.-യുടെ നേതൃത്വത്തിൽ സമരം, ഇപ്പോൾ കോൺഗ്രസ്സുകാരുടെ ഉപരോധ സമരം നടക്കുകയാണ്. ഈ പന്ത്രണ്ട് വർഷക്കാല ത്തിനിടയിൽ ഒരൊറ്റ റോഡ് പോലും പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്തിട്ടില്ല, പി.ഡബ്ല്യൂ.ഡി. അതിന് തയ്യാറായിട്ടില്ല എന്നതാണ് വസ്തുത. ഇരുപത്തിയഞ്ച് കിലോമീറ്റർ റോഡ് നാഷണൽ ഹൈവേയായി പ്രഖ്യാപിക്കുമ്പോൾ പകരമായി പി.ഡബ്ല്യൂ.ഡി. റോഡ് ഏറ്റെടുക്കണ്ടേ? അതിനുള്ള മനസ്സ് കാണിക്കുന്നില്ല. ത്രിതല പഞ്ചായത്തിന് വിഹിതം വച്ച് കാശ് കൊടുത്തിരിക്കുകയാണ്. പഞ്ചായത്തിന്റെ അവകാശത്തിന്മേൽ മാത്രമല്ല ഒരു ഭരണസമിതിയുടെ അവകാശത്തിന്മേലും കൈകടത്താൻ ഞങ്ങൾക്ക്

കഴിയില്ല. ഒരു ഭരണസമിതിയുടെ മുന്നിലും എം.എൽ.എ.-മാർക്ക് സത്യാഗ്രഹം ഇരിക്കാനും സമരം ചെയ്യാനും സാധിക്കില്ല. സംസ്ഥാനത്തെ ആകെ ബാധിക്കുന്ന പ്രശ്നമാണിത്. എം.എൽ.എ.മാർക്ക് നാട്ടിലൂടെ നടക്കാൻ കഴിയണം. അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്നും 5 കോടി രൂപ തരുന്നുണ്ട്. റോഡ് പണിയാൻ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്നും കാശ് കൊടുത്താൽ, അതിന് മലയാളത്തിൽ പറയുന്നത്, റോഡിൽ മണ്ണിട്ട് പോകുക എന്നാണ്. ഒരു മഴ പെയ്തുകഴിഞ്ഞാൽ ആ റോഡ് ഒലിച്ചുപോകും. അപ്പോൾ എം.എൽ.എ. കോടിക്കണക്കിനു രൂപ അഴിമതി കാണിച്ചുവെന്ന് പറഞ്ഞ് അടുത്ത സമരം, അഴിമതി ആരോപണം, നാട്ടിൽ പൊതുപ്രവർത്തനം മാന്യമായി നടത്താൻ സാധിക്കാത്ത സാഹചര്യമുണ്ടാകും. ഈ സാഹചര്യം ഗൗരവമായി എടുക്കണം. പഞ്ചായത്ത് വകുപ്പുമന്ത്രിയോട് ശ്രദ്ധക്ഷണിക്കലിലൂടെ ഈ വിഷയം ഉന്നയിച്ചു. വ്യക്തമായി മറുപടിയില്ല. മീറ്റിംഗ് വിളിച്ചുകൂട്ടാമെന്ന് പറഞ്ഞു. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്താമെന്ന് പറഞ്ഞു. നടപടിയുണ്ടായില്ല. കളക്ടർമാരെക്കൊണ്ട് മീറ്റിംഗ് വിളിപ്പിക്കാമെന്ന് പറഞ്ഞു. തുടർ നടപടിയുണ്ടായില്ല. പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ ഉദ്ദേശിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ മാനദണ്ഡങ്ങൾക്ക് വിധേയമായി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇല്ലെങ്കിൽ നാളെ നാട്ടിൽ ജീവിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകും. ഈ പ്രശ്നം സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരികയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ ഒരുപാട് പ്രശ്നങ്ങൾ ഒരുമിച്ച് ഉന്നയിച്ചിരിക്കുകയാണ്. നമ്മുടെ നാട്ടിൽ റോഡുകൾ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ദേശീയപാത, സംസ്ഥാന പാത, മേജർ ഡിസ്ട്രിക്റ്റ് റോഡ്സ്, അദർ ഡിസ്ട്രിക്റ്റ് റോഡ്സ് എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. റോഡിന്റെ ഗുണനിലവാരം, ദൈർഘ്യം, വീതി തുടങ്ങിയവയെല്ലാം മാനദണ്ഡങ്ങളാക്കിയാണ് തരംതിരിവ് തീരുമാനിച്ചിരിക്കുന്നത്. ആ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ചില റോഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മന്ത്രിയുടെ അല്ലെങ്കിൽ മറ്റാരുടെയെങ്കിലും ഇഷ്ടപ്രകാരം റോഡുകൾ ഏറ്റെടുക്കാൻ സാധിക്കില്ല. മറിച്ച്, കൃത്യമായ മാനദണ്ഡമുണ്ടാക്കി, തദ്ദേശ സ്വയംഭരണ വകുപ്പും പൊതുമരാമത്ത് വകുപ്പും ഇന്ന് ഇതാണ് മാനദണ്ഡങ്ങളെങ്കിലും ഈ മാനദണ്ഡങ്ങൾ താഴ്ത്തി ഇന്ന റോഡുകൂടി പി.ഡബ്ല്യു.ഡി.-യുടേതായിരിക്കുമെന്ന് തീരുമാനമെടുത്താൽ അതിൽ വേറെ ഒരു വകുപ്പിനും തർക്കിക്കേണ്ട പ്രശ്നം വരുന്നില്ല. അത്തരത്തിൽ കൃത്യമായ മാനദണ്ഡം തീരുമാനിച്ച് ഏത് റോഡ് പി.ഡബ്ല്യു.ഡി.-ക്ക് വേണമെന്നുള്ളത് സംബന്ധിച്ച് തീരുമാനമെടുക്കണം. അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ മുന്നോട്ട് പോകാം. അതാണ് നമുക്ക് ചെയ്യാവുന്ന

കാര്യം. ആസ്തി വികസന ഫണ്ട് എം.എൽ.എ.-മാർ തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. ആസ്തി വികസന ഫണ്ട് റിപ്പെയറിനും മെയിന്റനൻസിനും ഉപയോഗിക്കണമെന്നതാണ് നിങ്ങളുടെ അഭിപ്രായമെങ്കിൽ അത് സംബന്ധിച്ച് ചർച്ച ചെയ്യാം. നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെങ്കിൽ അത് ചർച്ച ചെയ്ത് തീരുമാനിക്കാം. പക്ഷേ ഏത് സർക്കാർ തീരുമാനിക്കുമ്പോഴും നിലവിലുള്ള മാനദണ്ഡപ്രകാരമാണ് തീരുമാനമെടുക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു കാര്യമുണ്ട്, എം.എൽ.എ.ഫണ്ട് ഉപയോഗിച്ചോ PMGSY-യിലോ പണികഴിപ്പിക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിസമ്മതിക്കുന്നുണ്ടെങ്കിൽ അതിന് നാട്ടിൽ നിയമങ്ങളുണ്ട്. മാനദണ്ഡപ്രകാരം ഏറ്റെടുക്കേണ്ട റോഡാണെങ്കിൽ അത് ഏറ്റെടുത്തേ പറ്റൂ. എവിടെയാണ് അത് നടക്കാത്തത് എന്ന് പരിശോധിച്ച് അതിന് പരിഹാരം കണ്ടെത്താവുന്നതാണ്. ഇനി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റോഡ് ഏറ്റെടുക്കണമെങ്കിൽ കൃത്യമായ മാനദണ്ഡം വയ്ക്കാം. ആ മാനദണ്ഡപ്രകാരം പി.ഡബ്ല്യൂ.ഡി. റോഡുകളായി മാറ്റാവുന്ന റോഡുകൾ അങ്ങോട്ടേയ്ക്ക് മാറ്റാം.

ശ്രീമതി ഇ. എസ്. ബിജിമോൾ: ബഹുമാന്യനായ മുഖ്യമന്ത്രി ക്ഷമിക്കണം. ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ മുഖ്യമന്ത്രിക്കാണ് എഴുതിയത്. സ്പീക്കറുടെ ഓഫീസിൽ നിന്നും വിളിച്ചുപറഞ്ഞു, മുഖ്യമന്ത്രിക്കല്ല, ധനകാര്യ വകുപ്പിനാണ് ഈ ശ്രദ്ധ ക്ഷണിക്കൽ കൊടുക്കേണ്ടത് എന്ന്. അങ്ങനെ പറഞ്ഞപ്പോൾത്തന്നെ ഈ മറുപടി ഞാൻ മുൻകൂട്ടി പ്രതീക്ഷിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ ഇടപെടണം. അങ്ങയുടെ അദ്ധ്യക്ഷതയിൽ വകുപ്പുമന്ത്രിമാരെയെല്ലാം വിളിച്ച് ഒരു യോഗം നടത്തി ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു ഉപചോദ്യമെന്നുള്ള നിലയിൽ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കാര്യത്തിൽ ബഹുമാന്യയായ അംഗത്തിന് ചില തെറ്റിദ്ധാരണകളുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരവും എം.എൽ.എ.-യുടെ പദവിയുമെല്ലാം സംബന്ധിച്ച് ചില അവ്യക്തതകൾ പന്ത്രണ്ട് വർഷത്തെ അനുഭവമുള്ള ബഹുമാന്യയായ അംഗത്തിനുണ്ടെന്നാണ് തോന്നുന്നത്. ആദ്യം ആ കാര്യം സംബന്ധിച്ച് നമുക്കൊന്ന് ചർച്ച ചെയ്യാം. അതിനുശേഷം ഈ പറയുന്ന ചർച്ചകൾ വേണമെങ്കിൽ നടത്തുകയും ചെയ്യാം.

ശ്രീ. മോൻസ് ജോസഫ്: സർ, റോഡിന്റെ പ്രശ്നം പരിഹരിക്കപ്പെടേണ്ട വിഷയമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത്തരത്തിൽ ഒരുപാട് റോഡുകൾ മോശമായി കിടക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ വലിയ പ്രതിസന്ധി നിലനില്ക്കുന്നുണ്ട്. വ്യക്തത വരേണ്ട ഒരു കാര്യമാണ്. ഫണ്ട് ലഭിക്കേണ്ടതുമുണ്ട്. അതിൽ ഒരു സംശയവുമില്ല.

## (2) നാണ്യവിളകൾക്ക് താങ്ങുവില

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കേരളത്തിൽ കാർഷിക മേഖലയിൽ നാണ്യവിളകളുടെ വിലത്തകർച്ചമൂലം കർഷകർ അനുഭവിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെടുത്താനാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ശ്രമിക്കുന്നത്. രാജ്യത്ത് നടപ്പാക്കിയ അന്താരാഷ്ട്ര കരാറുകളാണ് റബ്ബർ ഉൾപ്പെടെയുള്ള കാർഷികവിളകളുടെ വിലത്തകർച്ചയ്ക്ക് കാരണമായത് എന്നുള്ളത് ഒരു വസ്തുതയാണ്. അന്താരാഷ്ട്ര കരാറുകൾ നിലനിൽക്കുന്നതുമൂലം ഒരുപാട് പ്രതിസന്ധി കാർഷിക മേഖലയിൽ ഉണ്ടായി എന്നുള്ളത് അംഗീകരിക്കുമ്പോൾത്തന്നെ സാധ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടുവരേണ്ടത് ഏറ്റവും അനിവാര്യവുമാണ്. എല്ലാ നാണ്യവിളകളും ഇന്ന് വിലത്തകർച്ചമൂലം പ്രതിസന്ധിയിലായിരിക്കുകയാണ്. മിനിമം സപ്പോർട്ട് പ്രൈസ്/താങ്ങുവില എല്ലാ കാർഷികോൽപ്പന്നങ്ങൾക്കും നിശ്ചയിക്കാൻ കഴിയുന്ന സാഹചര്യം ഉറപ്പുവരുത്തണം. ഇത് സംസ്ഥാന ഗവൺമെന്റിന് മാത്രമായി ചെയ്യാൻ കഴിയുന്ന കാര്യമല്ല. കേന്ദ്ര ഗവൺമെന്റുമായി ചർച്ചകൾ നടത്തി, കാർഷിക മേഖലയെ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കാൻ കഴിയുന്ന വിധത്തിൽ ശക്തമായ ഒരു ഇടപെടൽ ആവശ്യമാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം കേന്ദ്രമന്ത്രിയെ കണ്ടത് മാധ്യമങ്ങളിലൂടെ വായിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം പോകുന്നതടക്കമുള്ള കാര്യങ്ങൾ നേരത്തെ നമ്മൾ തീരുമാനിച്ചതാണ്. കേരളത്തിന്റെ ആവശ്യം അംഗീകരിപ്പിക്കാൻ ആത്മാർത്ഥമായ ശ്രമം ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് ഉപകരിക്കുന്ന വിധത്തിൽ മിനിമം സപ്പോർട്ട് പ്രൈസ് നിശ്ചയിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. ചില കാര്യങ്ങളിൽ നമുക്കും അതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കുരുമുളകിന് മിനിമം ഇംപോർട്ട് പ്രൈസ് നിശ്ചയിച്ചത് ആശ്വാസമായി. മിനിമം സപ്പോർട്ട് പ്രൈസും മിനിമം ഇംപോർട്ട് പ്രൈസും വളരെ പ്രധാനപ്പെട്ടതാണ്. മിനിമം സപ്പോർട്ട് പ്രൈസ് നിശ്ചയിക്കപ്പെട്ടാൽ എല്ലാ കാർഷികോൽപ്പന്നങ്ങളുടെയും വിലത്തകർച്ച പരിഹരിക്കുന്നതിന് സഹായകമാകും. മിനിമം ഇംപോർട്ട് പ്രൈസ് (MIP) വരുന്നതിലൂടെ ഇറക്കുമതി അവസാനിപ്പിക്കാൻ കഴിയും. റബ്ബറിന് 160-200 രൂപ MIP നിശ്ചയിക്കപ്പെട്ടാൽ ആ വിലയ്ക്ക് താഴെ ഇറക്കുമതി ചെയ്യാൻ കഴിയില്ല. കഴിഞ്ഞ ഡിസംബർ വരെയുള്ള കണക്കുകളനുസരിച്ച് 4 ലക്ഷം ടൺ റബ്ബർ ഇറക്കുമതി ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. ഇത്രയും വിലത്തകർച്ച നേരിടുമ്പോഴും നിർബാധം റബ്ബർ ഇറക്കുമതി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് ആരെ സഹായിക്കാൻ വേണ്ടിയാണ്? വ്യവസായ ലോബിയെ സഹായിക്കുന്നതിനുവേണ്ടി മാത്രമാണെന്ന് വ്യക്തമാകുകയാണ്.

റബ്ബറിന്റെ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുതകുന്ന നടപടികളെക്കുറിച്ച് പലപ്രാവശ്യം ചർച്ചകൾ നടത്തി. വിലസ്ഥിരതാ ഫണ്ട് ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുക എന്നുള്ളതാണ് ഏക പരിഹാരമാർഗ്ഗം. മുൻ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി സാറിന്റെ ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ 150 രൂപയ്ക്ക് റബ്ബർ സംഭരിക്കുന്ന വിലസ്ഥിരതാ പദ്ധതി കേരളത്തിൽ യാഥാർത്ഥ്യമായി. ഇപ്പോഴും ഗവൺമെന്റ് അത് തുടരുന്നത് സ്വാഗതാർഹമാണ്. റബ്ബർ കർഷകരെ സഹായിക്കാൻ കഴിയുന്നവിധത്തിൽ, റബ്ബറിന്റെ സംഭരണ വില/അടിസ്ഥാന വില 200 രൂപയായി വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യമാണ് കർഷകർ ഇപ്പോൾ ഉന്നയിക്കുന്നത്. തോട്ടവിളകളുടെ സംരക്ഷണത്തിനുവേണ്ട നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതായിട്ടുണ്ട്. തോട്ടവിള കൃഷി ലാഭകരമായി നടത്തേണ്ട സാഹചര്യം ഉറപ്പുവരുത്തേണ്ടതുണ്ട്. മറ്റ് നാണ്യവിളകളുടെ വില ഇടിഞ്ഞു നിന്നപ്പോഴും കുരുമുളകിന്റെ വില പിടിച്ചുനിർത്താൻ കഴിഞ്ഞിരുന്നു. പക്ഷേ ഇപ്പോൾ കുരുമുളകിന്റെ വിലത്തകർച്ച ഏറ്റവും വലിയ പ്രതിസന്ധിയായി തീർന്നിരിക്കുന്നു. നാളികേരത്തിന്റെ ഉത്പാദനം കുറഞ്ഞത് ഉൾപ്പെടെ ഒട്ടേറെ പ്രശ്നങ്ങൾ നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുകയാണ്.

ഇടുക്കി ജില്ലയിൽ ഏലം കർഷകർ ദുരിതത്തിലായിരിക്കുകയാണ്. പതിനായിരത്തിലധികം വരുന്ന ചെറുകിട-ഇടത്തരം ഏലം കർഷകരുടെ കാർഡമം രജിസ്ട്രേഷൻ പുതുക്കൽ ഒരു വർഷമായി അവതാളത്തിലാണ്. പല പ്രാവശ്യം ഈ വിഷയങ്ങൾ സഭയിൽ ചർച്ച ചെയ്യപ്പെട്ടതാണ്. പരിഹാരമുണ്ടായിട്ടില്ല. ഇത്തരം കാര്യങ്ങളിൽ ഗൗരവതരമായ ഇടപെടലിന് ഗവൺമെന്റ് തയ്യാറാകേണ്ടതുണ്ട്. നെല്ലിന്റെ കാര്യവും അതുപോലെ തന്നെയാണ്. അങ്ങ് എല്ലാ മേഖലകളിലും വിതയ്ക്കുവേണ്ടിയും കൊയ്ത്തുൽസവത്തിനുവേണ്ടിയും വരികയുണ്ടായി. നല്ല കാര്യമാണ്. ഹരിതകേരളം പദ്ധതി കേരളത്തിൽ നടക്കുന്നു. പക്ഷേ 8 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നത് ഇപ്പോൾ ഒന്നരലക്ഷം ഹെക്ടറായി കുറഞ്ഞിരിക്കുന്നുവെന്നാണ് ഇക്കണോമിക് സർവ്വേയിൽ പറയുന്നത്. ഇത് ഗൗരവമായി കാണണം. ഞാൻ അപ്പർ കുട്ടനാട്ടിൽ നിന്നാണ് വരുന്നത്. എത്രയോ എം.എൽ.എ.-മാർ ഇവിടെയുണ്ട്. 11-12 ദിവസമായി കൊയ്തുവച്ചിരിക്കുന്ന നെല്ല് മില്ലുകാർ കൊണ്ടുപോകുന്നില്ല. പതിരിന്റെ വിഷയമാണ് പറയുന്നത്. കഴിഞ്ഞ വർഷം മൂന്ന് കിലോ പതിര് കുറച്ചു. 17 കിലോ പതിര് കുറയ്ക്കണമെന്ന് ഇപ്രാവശ്യം മില്ലുകാർ പറയുകയാണ്. 17 കിലോ കുറയ്ക്കണമെന്ന് പറയുമ്പോൾ ഗവൺമെന്റിന് പറ്റില്ല എന്നുപറയാൻ കഴിയുന്നില്ല. ഈ പ്രശ്നം പരിഹരിക്കാതെ രണ്ടാഴ്ചയായി നെല്ല് സംഭരണം നടക്കുന്നില്ല. എം.എൽ.എ.-മാർ ഇടപെട്ട് പല രീതിയിലും നെല്ല് കയറ്റിവിട്ടു. മന്ത്രിമാർ ഇടപെടുന്നുണ്ട്. ഇപ്പോഴും വിഷയം പരിഹരിക്കപ്പെടുന്നില്ല. ഇപ്പോഴും നെല്ല്

കൊയ്യത്ത് പാടത്തിട്ടിരിക്കുകയാണ്. ഇത് അപ്പർ കുട്ടനാട്ടിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. എല്ലാ കാർഷികവിളകളും വലിയ പ്രതിസന്ധി നേരിടുകയാണ്. കേന്ദ്രഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തി കേരളത്തിന്റെ പ്രശ്നങ്ങൾ പരിഹിക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കണമെന്നുകൂടി ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, നാണ്യവിളകളുടെ കാര്യത്തിലുണ്ടാകുന്ന വിലത്തകർച്ചയുടെ പരിപൂർണ്ണമായിട്ടുള്ള ഉത്തരവാദിത്തം കേന്ദ്ര ഗവൺമെന്റ് അനുവർത്തിക്കുന്ന നയങ്ങളാണെന്ന് അങ്ങേയ്ക്കറിയാം. നാണ്യ വിളകളുടെ വിലയിടിവിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ സംസ്ഥാനത്തെ ഇടത്തരം കർഷകരെയും കർഷകത്തൊഴിലാളികളെയും സാരമായി ബാധിക്കുന്നുണ്ട്. സംസ്ഥാനത്തെ പ്രധാന നാണ്യവിളകളായ റബ്ബർ, കാപ്പി, തേയില, കുരുമുളക്, ഏലം, കശുവണ്ടി എന്നിവയുടെ വില അന്താരാഷ്ട്ര മാർക്കറ്റിനനുസരിച്ചാണ് ഒരു പരിധിവരെ നിശ്ചയിക്കുന്നത്. സംസ്ഥാനത്തിന്റെ പ്രധാന കാർഷിക വിളകളെല്ലാം തന്നെ കേന്ദ്രഗവൺമെന്റിന്റെ തെറ്റായ ഇറക്കുമതി നയങ്ങളുടെ ഫലമായി ഭീഷണി നേരിടുകയാണ്. നമ്മുടെ രാജ്യത്തെക്കാൾ ഉൽപ്പാദനച്ചെലവ് കുറഞ്ഞ രാജ്യങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങൾ ലഭ്യമാകുന്നത് വിലയിടിവിന് പ്രധാനപ്പെട്ട കാരണമാകുന്നുണ്ട്. നാണ്യവിളകളുടെ ഇറക്കുമതി പുനഃപരിശോധിക്കണമെന്നും സംസ്ഥാനത്തെ വിളകളെ സംരക്ഷണ പട്ടികയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് സംസ്ഥാന ഗവൺമെന്റ് പലതവണ ആവശ്യപ്പെട്ടിട്ടുള്ളതാണ്. സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പുമന്ത്രി ശ്രീ. സുരേഷ് പ്രഭുവിനെ നേരിൽക്കണ്ട് 22-2-2018-ൽ ചർച്ച നടത്തിയിരുന്നു. കേരളത്തിലെ എം.പി.-മാരും അന്ന് എന്നോടൊപ്പമുണ്ടായിരുന്നു. റബ്ബറിന്റെ വിലത്തകർച്ചമൂലം വിഷമിക്കുന്ന ചെറുകിട കർഷകർക്ക് ആശ്വാസമായി സംസ്ഥാന സർക്കാർ നൽകിവരുന്ന ഉൽപ്പാദന ബോണസ് 200 രൂപയായി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട-നാമമാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും സർക്കാരിന്റെ ലൈവ്ലിഹുഡ് സെക്യൂരിറ്റി ബോക്സിലും രാജ്യാന്തര വാണിജ്യ-വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും ബഹുമാനപ്പെട്ട കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് ആവശ്യപ്പെടുകയുണ്ടായി. നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേരഫെഡിന്റെ സഹകരണത്തോടെ കർഷകരിൽനിന്ന് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ട

ണ്ടായിരുന്നു. ഇപ്പോൾ സംഭരണ വിലയേക്കാൾ ഉയർന്ന നിരക്കിൽ നാളികേരത്തിന് വില ലഭിക്കുന്നതിനാൽ സംഭരണത്തിന്റെ ആവശ്യകത ഇപ്പോൾ ഇല്ല. കേന്ദ്ര ഗവൺമെന്റ് നിലവിൽ മില്ലിംഗ് കൊപ്രയ്ക്കും ബോൾ കൊപ്രയ്ക്കും മാത്രമേ താങ്ങുവില നിശ്ചയിച്ചിട്ടുള്ളൂ. പച്ചനാളികേരത്തിനുകൂടി മിനിമം സപ്പോർട്ട് പ്രൈസ് ബാധകമാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏറ്റവും ഗുണനിലവാരമുള്ള സുഗന്ധവിളകൾ ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലാണ്. കുരുമുളക്, ഏലം, ജാതി, ഗ്രാമ്പൂ എന്നീ സുഗന്ധ വിളകളിൽ നിന്നുമാണ് ഏറ്റവും കൂടുതൽ വിദേശ നാണ്യം കേരളത്തിന് ലഭിക്കുന്നത്. എന്നാൽ ഇപ്പോൾ കുരുമുളക് കർഷകർ വിലത്തകർച്ച നേരിടുകയാണ്. ആസിയാൻ സ്വതന്ത്ര വ്യാപാര കരാറും ഇന്തോ-ശ്രീലങ്ക സ്വതന്ത്ര വ്യാപാര കരാറും രാജ്യത്തേയ്ക്ക് കുരുമുളകിന്റെ വലിയ ഇറക്കുമതിക്ക് വഴിവച്ചിരിക്കുകയാണ്. രാജ്യത്തെ വിവിധ തുറമുഖങ്ങളിലൂടെ ഈ വർഷം ജനുവരിയിൽ മാത്രം 2200 മെട്രിക് ടൺ കുരുമുളക് ഇറക്കുമതി ചെയ്തതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വിയറ്റ്നാം, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ നിന്നും ഗുണനിലവാരം കുറഞ്ഞ കുരുമുളക് ഇറക്കുമതി ചെയ്യുവാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം പുനഃപരിശോധിക്കണമെന്നും ബഹുമാനപ്പെട്ട കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പുമന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ ആവശ്യപ്പെടുക യുണ്ടായി. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള കുരുമുളകിന്റെ ചുരുങ്ങിയ ഇറക്കുമതി വില 500 രൂപയായി നിശ്ചയിച്ചിട്ടും ഇതിന്റെ നേട്ടം കേരളത്തിലെ കർഷകർക്ക് ഇപ്പോൾ ലഭിക്കുന്നില്ല. ഇപ്പോൾ കേരളത്തിലെ വിപണി വിലയെക്കാൾ വളരെക്കുറഞ്ഞ് 400 രൂപയിൽ താഴെയാണ് കുരുമുളകിന്റെ വില കൃഷിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ അർത്ഥം 500 രൂപയായി MIP നിശ്ചയിച്ചിട്ടും മറ്റേതോ മാർഗ്ഗങ്ങളിലൂടെ ഇതിനെ മറികടന്നുകൊണ്ട് കുരുമുളക് വരുന്നുവെന്നുള്ളതാണ്. ഇക്കാര്യം കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ കാര്യമാണ്. കേരളത്തിലെ വിലത്തകർച്ചയുടെ കാരണം പഠിക്കുവാൻ കേന്ദ്ര സർക്കാർ പ്രത്യേക സംഘത്തെ നിയമിക്കണമെന്നുകൂടി കൂടിക്കാഴ്ചയിൽ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയോട് ആവശ്യ പ്പെടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്തമായിട്ടുള്ള ഒരു ടാസ്ക് ഫോഴ്സ് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി രൂപീകരിക്കാമെന്ന് കേന്ദ്ര വാണിജ്യകാര്യ വകുപ്പുമന്ത്രി സംസ്ഥാന ഗവൺമെന്റിന് ഉറപ്പുനൽകിയിട്ടുണ്ട്. ആ ടാസ്ക് ഫോഴ്സ് രൂപീകരിക്കു ന്നതിനാവശ്യമായ നടപടി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

ആന്ധ്രാപ്രദേശിലെ വിജയവാഡയിൽവച്ച് 2018 ജനുവരി മാസത്തിൽ നടന്ന കേന്ദ്ര ഗവൺമെന്റിന്റെ കമ്മീഷൻ ഫോർ അഗ്രിക്കൾച്ചറൽ കോസ്റ്റ് ആന്റ് പ്രൈസസ് (CACP) യോഗത്തിൽ തെക്കൻ സംസ്ഥാനങ്ങളിലെ കാർഷികോൽപ്പ ന്നങ്ങളുടെ താങ്ങുവില നിശ്ചയിക്കുന്നതിനായുള്ള യോഗത്തിൽ ഉത്പാദന ചെലവിന്റെ 150 ശതമാനം താങ്ങുവിലയായി പ്രഖ്യാപിക്കണമെന്ന് കേരള

ഗവൺമെന്റിന്റെ ആവശ്യമായി ഉന്നയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ അനുവർത്തിച്ചു വരുന്ന നയങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ഉത്പാദന ചെലവിന് ആനുപാതികമായ വില ലഭിക്കുകയുള്ളൂ. സ്വാഭാവിക റബ്ബർ വ്യവസായത്തിനുള്ള ഒരു അസംസ്കൃത പദാർത്ഥമായി മാത്രമാണ് കേന്ദ്ര സർക്കാർ കാണുന്നത്. അതുകൊണ്ടുതന്നെ റബ്ബറുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം കൈകാര്യം ചെയ്യുന്നത് വാണിജ്യ മന്ത്രാലയമാണ്. റബ്ബറിനെ കാർഷിക ഉത്പന്നമായി പരിഗണിച്ചാൽ മാത്രമേ താങ്ങുവില പ്രഖ്യാപിക്കുവാൻ സാധിക്കുകയുള്ളൂ. റബ്ബറുമായി ബന്ധപ്പെട്ട ഗവേഷണ വികസന കർഷകക്ഷേമ പ്രവൃത്തികൾ കേന്ദ്ര സർക്കാരിന്റെ കാർഷിക മന്ത്രാലയത്തിന്റെ കീഴിലാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിലെ കർഷകരുടെ ഉത്പ്പന്നങ്ങൾക്ക് മിനിമം സപ്പോർട്ട് പ്രൈസ് ലഭിക്കുന്ന വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുകൾ തുടർന്നുണ്ടാകുന്നതാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കാണുന്നതിനുവേണ്ടി പലതവണ സംസ്ഥാന ഗവൺമെന്റ് കത്തയച്ചിട്ടും അദ്ദേഹത്തെ കാണാനുള്ള അനുമതി കിട്ടാത്തതുകൊണ്ടാണ് വാണിജ്യ മന്ത്രിയെ കാണാൻ തീരുമാനിച്ചത്. കഴിഞ്ഞ നിയമസഭയിൽവച്ച് പ്രമേയം പാസ്സാക്കിയ സന്ദർഭത്തിൽ അദ്ദേഹം കാണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് അവിടെ പോയി അദ്ദേഹത്തെ കണ്ട് ഈ കാര്യങ്ങളെല്ലാം സൂചിപ്പിച്ചത്. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടാണ് വിളകളുടെ കാര്യങ്ങളെല്ലാം നിശ്ചയിക്കുന്നത്. അതുകൊണ്ടുതന്നെ കേന്ദ്ര ഗവൺമെന്റിന്റെ നയവും അവരുടെ സഹായവുമില്ലാതെ മുന്നോട്ടുപോകാൻ വളരെ പ്രയാസമാണ്. കേരളത്തിലെ നെല്ലിന്റെ ഉത്പാദനം കുറഞ്ഞതിനെപ്പറ്റി ഇക്കണോമിക് സർവ്വേയിൽ പറയുന്ന ഒരു കാര്യം അങ്ങ് ഇവിടെ സൂചിപ്പിച്ചു. അത് വളരെ ശരിയായ കാര്യമാണ്. 2016-17-ലെ ഇക്കണോമിക് സർവ്വേയിൽത്തന്നെ പറയുന്നത് 2016-17 വർഷത്തിലാണ് ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ചയുണ്ടായതെന്നാണ്. ആ വരൾച്ചയെത്തുടർന്ന് 49,000 ഹെക്ടർ സ്ഥലത്ത് പാലക്കാട്, തൃശ്ശൂർ ജില്ലകളിലായി 2016-17 വർഷത്തിൽ നെൽകൃഷി ഉപേക്ഷിച്ചുപോകേണ്ടി വന്നു. കൃഷി ചെയ്യാതെ പോകേണ്ടിവന്നതുകൊണ്ടാണ് ഈ കണക്കിൽ ഇങ്ങനെയൊരു കുറവുണ്ടായിരിക്കുന്നത്. എന്നാൽ 2017-18 വർഷത്തിൽ മുമ്പത്തെക്കാളും കൂടുതലായി നെൽകൃഷി ചെയ്യാൻ നമുക്ക് സാധിച്ചിട്ടുണ്ടെങ്കിൽപ്പോലും അതിൽ സൂചിപ്പിച്ച വസ്തുത ശരിയാണ്. കാരണം, ഗുരുതരമായ കാലാവസ്ഥാ വ്യതിയാനംമൂലം ഉണ്ടായിട്ടുള്ള ഒരു കുറവാണ്. മാത്രമല്ല, നെല്ലിന്റെ വില സംബന്ധിച്ച കാര്യത്തിലും സംസ്ഥാന ഗവൺമെന്റ് ചില തീരുമാനം എടുക്കുകയുണ്ടായി. നെല്ലിന്റെ ക്വാളിറ്റി നിശ്ചയിക്കുന്നതിലും ഔട്ട്ടേൺ കൊടുക്കുന്നതുമായി ബന്ധപ്പെട്ടും കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്ന ഒരു പാറ്റേണുണ്ട്. അതുപ്രകാരം 100 കിലോഗ്രാം നെല്ല് കൊടുത്തുകഴിഞ്ഞാൽ മില്ലുകാർ 68 കിലോഗ്രാം അരി തിരിച്ചുതരണമെന്നുള്ളതാണ് ഇതുവരെയുള്ള നിബന്ധന. ആ നിബന്ധനയുണ്ടാക്കിയിരിക്കുന്നത് സംസ്ഥാന ഗവൺമെന്റല്ല, കേന്ദ്ര ഗവൺമെന്റാണ്. ആ നിബന്ധനയിൽ മാറ്റം വരുത്തണമെന്ന്

മില്ലുകാർ നിരന്തരമായി ആവശ്യപ്പെടുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് ഒരു കമ്മിറ്റി വച്ച് പരിശോധിച്ചപ്പോൾ 64.5 കിലോഗ്രാം അരി മാത്രമേ 100 കിലോഗ്രാം നെല്ലിൽനിന്നും കേരളത്തിൽ കിട്ടുകയുള്ളൂവെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 100 കിലോഗ്രാം നെല്ല് കൊടുത്താൽ 64.5 കിലോഗ്രാം അരി തിരിച്ചുതന്നാൽ മതിയെന്ന ഔട്ട് ടേൺ സംസ്ഥാന ഗവൺമെന്റ് ഔദ്യോഗികമായി അംഗീകരിച്ചാലും അത് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമുണ്ടെങ്കിൽ മാത്രമേ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. അതല്ലാതെ മില്ലുകാരിൽനിന്നും 68 കിലോഗ്രാം അരി വാങ്ങിയില്ലെങ്കിൽ അത്രയും അരിയുടെ കുറവ് കേന്ദ്ര ഗവൺമെന്റ് തരുന്ന പി.ഡി.എസ്.ൽ കുറവ് വരുമെന്നുള്ളതു കൊണ്ട് കേന്ദ്ര ഗവൺമെന്റുമായി ഇക്കാര്യം സംബന്ധിച്ചുള്ള കത്തിടപാടുകളും ചർച്ചകളും നടന്നുകൊണ്ടിരിക്കുകയാണ്. ആ പ്രശ്നത്തിന് പരിഹാരമുണ്ടായാൽ മാത്രമേ ഗുണനിലവാരവുമായി ബന്ധപ്പെട്ട പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. എന്നാൽ പലപ്പോഴും മിൽ ഉടമസ്ഥർ അനാവശ്യമായുള്ള ഒരുപാട് വാദഗതികൾ ഉന്നയിച്ചുകൊണ്ട് കൃഷിക്കാരുടെ കയ്യിൽനിന്നും ശുക്കക്കുറവ് വാങ്ങുന്ന ഒരു സംവിധാനം ഉണ്ടാകുന്നുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ വരുത്തിയിട്ടുള്ള ഒരു സംവിധാനം അനുസരിച്ച് പഞ്ചായത്ത് പ്രസിഡന്റുമാരും കൃഷി ഓഫീസർമാരും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു കമ്മിറ്റിക്ക് നെല്ലിന്റെ നിയമാനുസൃതമായ ഗുണനിലവാരം പരിശോധിക്കുന്നതിനു വേണ്ടിയുള്ള മാനദണ്ഡം നിശ്ചയിച്ചുകൊടുത്തിട്ടുണ്ട്. ആ മാനദണ്ഡം അനുസരിച്ച് പരിശോധിക്കുന്ന സ്ഥലങ്ങളിലെല്ലാം ഇതിനുള്ള പരിഹാരമുണ്ടാകുന്നുണ്ട്. നിർഭാഗ്യവശാൽ പല സ്ഥലങ്ങളിലും മിൽ ഉടമസ്ഥരുടെ ഇടനിലക്കാർ ചേർന്ന് നെല്ല് നന്നായി വിളയുന്ന സമയത്ത് ഇടപെട്ട് കൃഷിക്കാരെ ബുദ്ധിമുട്ടിക്കുന്ന സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ചേർന്നുകൊണ്ട് യോഗം വിളിച്ച് പ്രശ്നങ്ങളുള്ള സ്ഥലങ്ങളിലെല്ലാം അത് പരിഹരിക്കാനാവശ്യമായ നടപടികൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അപ്പർ കുട്ടനാട് മേഖലയിൽ പൊതുവായി നെല്ലിന്റെ ഗുണനിലവാരത്തിൽ കുറവുണ്ടായിട്ടുണ്ട്. ആ ഗുണനിലവാരക്കുറവുണ്ടാകുന്നതിന് കാരണം അവിടെ ലൈം ചേർക്കുന്നതിനുള്ള കാലതാമസമായിരുന്നു എന്നാണ് കഴിഞ്ഞ വർഷം വരെ കൃഷിക്കാർ ചൂണ്ടിക്കാണിച്ചത്. ഈ വർഷം മുതൽ ലൈം കൊടുക്കുന്നതിനുള്ള പ്രശ്നം പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്....... പ്ലീസ് കൺക്ലൂഡ്......

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> ആ പ്രശ്നം പരിഹരിച്ചുകഴിഞ്ഞാൽ, മില്ലുകാർ പറയുന്നതുപോലെ ഗുണനിലവാരമില്ലാത്ത നെല്ലല്ല കൃഷിക്കാർ ഉത്പാദിക്കുന്നത്. അതുകൊണ്ട് അതിൽ ഇടപെട്ടുകൊണ്ട് പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്.

<u>ശ്രീ. മോൻസ് ജോസഫ്:</u> നെല്ലിന്റെ കാര്യത്തിൽ അങ്ങ് ചൂണ്ടിക്കാണിച്ച കമ്മിറ്റി ചേർന്നു, ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി വന്നു, അങ്ങ് ഇടപെട്ടു, ചർച്ചകൾ നടത്തി. പക്ഷെ ഞാൻ പറഞ്ഞത്, ഇവിടെ പതിരിന്റെ കാര്യംകൊണ്ടായിരിക്കും, ഓര് കേറുന്ന നെല്ല് അപ്പർ കുട്ടനാട് മേഖലയിൽ ഉള്ളതുകൊണ്ടായിരിക്കാം മില്ലുകാർ കടുത്ത വാശിയിലാണ്. അവർ 17-18 കിലോഗ്രാം കുറയ്ക്കാതെ സമ്മതിക്കില്ലായെന്നാണ്. കൃഷിക്കാർ 2-3 കിലോഗ്രാമിൽ കൂടുതൽ കുറയ്ക്കാൻ സമ്മതിക്കില്ല. എങ്കിലും 5-6 കിലോഗ്രാംവച്ച് കുറയ്ക്കുന്നതിനുള്ള ഒരു ധാരണയ്ക്ക് ശ്രമിക്കുന്നുണ്ട്. ഒരു പരിഹാരവുമുണ്ടാകാതെ ചർച്ച പരാജയപ്പെട്ട് കോട്ടയം മേഖലയിൽ ഇപ്പോൾ നെല്ല് കയറ്റി അയയ്ക്കാൻ പറ്റാതെ നിൽക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒന്നുകൂടി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ മറുപടിയിൽ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കൂടുതൽ ആവശ്യമായ ഇടപെടലുകൾ ഉണ്ടാകുന്നതിനെക്കുറിച്ച് പറഞ്ഞിരുന്നു. അങ്ങ് ചർച്ച ചെയ്തത് സ്വാഗതാർഹമാണ്. നടപടികൾക്കുവേണ്ടി മുൻകയ്യെടുക്കുന്നതും നല്ല കാര്യമാണ്. അത് ഇവിടെ പ്രത്യേകം അങ്ങ് സൂചിപ്പിക്കു കയുണ്ടായി. ഇപ്പോൾ കേന്ദ്ര ബജറ്റിൽ ഒരു ആശ്വാസകരമായ പ്രഖ്യാപനം വന്നിട്ടുണ്ട്. ഉത്പാദന ചെലവിന്റെ 1½ ഇരട്ടി കർഷകർക്ക് കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് സന്നദ്ധമാകുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ 1½ ഇരട്ടി കർഷകർക്ക് കിട്ടുന്നത് നല്ലൊരു പദ്ധതിയായാണ് കൃഷിക്കാർ വിലയിരുത്തുന്നത്. ഇത് കേരളം എങ്ങനെ പ്രയോജനപ്പെടുത്തും; ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തെല്ലാമാണ് ഉദ്ദേശിക്കുന്നത്; ഇതിന്റെ മെക്കാനിസം എന്താണ് ഉദ്ദേശിക്കുന്നത്; എത്ര വിളകളെ നമുക്ക് ഇതിൽ ഉൾപ്പെടുത്താൻ കഴിയും; ഈ പദ്ധതി പ്രയോജനപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിന്റെ പി.എം.കെ.എസ്.വൈ.-യിൽ തമിഴ്നാട് ഉൾപ്പടെയുള്ള സംസ്ഥാനങ്ങൾ ആനുകൂല്യം വാങ്ങിച്ചുകഴിഞ്ഞു. കേരളത്തിന്റെ അപേക്ഷ ചെല്ലുന്നതായുള്ള സ്ഥിതിയിലേയ്ക്ക് വരുന്നതായാണ് ഞങ്ങളൊക്കെ മനസ്സിലാക്കുന്നത്. നമുക്ക് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച, കർഷകർക്ക് പ്രയോജനംകിട്ടുന്ന, ഉത്പാദന ചെലവിന്റെ 1½ ഇരട്ടി ധനസഹായം കിട്ടുമെന്ന് പ്രഖ്യാപിക്കുന്ന പദ്ധതി, കേന്ദ്രം പ്രഖ്യാപിച്ച് ജലരേഖയായി പോകുമോയെന്ന് നമുക്കറിയില്ല, എങ്കിലും കേരളം ശ്രമം നടത്തേണ്ടതായിട്ടുണ്ട്. ഇതിൽ എന്തെല്ലാം കാര്യങ്ങളാണ് സംസ്ഥാന ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> 2018 ജനുവരി മാസത്തിൽ നടന്ന കമ്മീഷൻ ഫോർ അഗ്രിക്കൾച്ചറൽ കോസ്റ്റ് ആന്റ് പ്രൈസസ് കമ്മിറ്റിയിൽ സംസ്ഥാന ഗവൺമെന്റ് ഇടപെടുകയും നമ്മുടെ വിളകളുമായി ബന്ധപ്പെട്ട വിശദമായ വിവരം കൊടുക്കുകയും 150 ശതമാനം വേണമെന്ന ആവശ്യം സംസ്ഥാന ഗവൺമെന്റാണ് ആവശ്യപ്പെട്ടിരിക്കുന്നത്. പക്ഷെ റബ്ബറിന്റെ കാര്യത്തിൽ,

അതിനെ കാർഷിക വിളയായി മാറ്റാത്തിടത്തോളം കാലം മിനിമം സപ്പോർട്ട് പ്രൈസ് കൃഷി വകുപ്പിന്റെ ഭാഗത്തുനിന്നും കിട്ടാൻ പോകുന്നില്ല. ബാക്കിയെല്ലാ വിളകളുമായി ബന്ധപ്പെട്ട വിശദമായ പഠന റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തി വരികയാണ്. നെല്ലുമായി ബന്ധപ്പെട്ട വിഷയത്തിൽ എവിടെയാണ് പ്രശ്നമുള്ളത് അവിടെ ഇടപെട്ട് പരിഹാരമുണ്ടാക്കാം.

## IV സബ്മിഷൻ

### (1) സബൂറാബീവിയുടെ മരണം

ശ്രീ. ബി. സത്യൻ: സർ, ആറ്റിങ്ങൽ മണ്ഡലത്തിൽപ്പെടുന്ന കരവാരം ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ വരുന്ന പുതുശ്ശേരിമുക്കിനടുത്ത് മേലേവിള വീട്ടിൽ വയോധികയായ സബൂറാബീവിയെന്ന അമ്മ കഴിഞ്ഞ ഫെബ്രുവരി മാസം 15-ാം തീയതി മരണപ്പെട്ടു. ആ നാട്ടിലെ എല്ലാ കക്ഷിയിൽപ്പെട്ടവരും എല്ലാ വിഭാഗത്തിൽപ്പെട്ടവരും ഒരുമിച്ച് ആ വയോധികയായ അമ്മയുടെ മരണം സംബന്ധിച്ച ദുരൂഹത അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വകക്ഷിയോഗം ചേരുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മറ്റ് പോലീസ് അധികാരികൾക്കും നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. മരണപ്പെട്ട അമ്മയുടെ സഹോദരനും ഇത് സംബന്ധിച്ചുള്ള പരാതി പോലീസിന് നൽകിയിട്ടുണ്ട്. അവർ മരിക്കുന്നതിനുമുമ്പ് അവരുടെ സ്വത്തുവകകൾ കൈവശപ്പെടുത്താൻ ശ്രമിക്കുന്നുവെന്നും അവരെ ദേഹോപദ്രവ മേൽപ്പിക്കുന്നുവെന്നും പ്രയാസപ്പെടുത്തുന്നുവെന്നും കാണിച്ച് കല്ലമ്പലം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു. ആവശ്യമായ അന്വേഷണവും തൃപ്തികരമായ ഇടപെടലും ഇല്ലാത്തതാണ് പിന്നീട് ഈ മരണത്തിന് ഇടയാക്കിയതെന്നാണ് പ്രദേശവാസികളായ ബഹുജനങ്ങൾ വിശ്വസിക്കുന്നത്. ഇത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി ഇതിൽ കുറ്റവാളികളായ ആളുകളെ ശിക്ഷിക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്ന് വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കല്ലമ്പലം പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട തോട്ടക്കാട് കരവാരം വില്ലേജിൽ താമസിച്ചിരുന്ന സബൂറാബീവി 15-2-2018-ൽ മരണപ്പെട്ട സംഭവത്തിൽ കല്ലമ്പലം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 242/2018 u/s 174 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 15-2-2018-ന് പകൽ 2.00-നും 4.00-നും ഇടയ്ക്കുള്ള സമയത്ത് തൂങ്ങി മരിച്ചതായാണ് പ്രാഥമിക അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. സബൂറാ ബീവിയുടെ ശരീരത്തിൽ മരണ കാരണമായേക്കാവുന്ന മുറിവുകളോ ചതവുകളോ

കാണാൻ കഴിഞ്ഞിട്ടില്ലെന്നും മുങ്ങിമരണപ്പെട്ടതായിട്ടാണ് പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടർ സ്റ്റേറ്റ്മെന്റ് നൽകിയിട്ടുള്ളത്. പോസ്റ്റുമോർട്ടം റിപ്പോർട്ട് ലഭിച്ചശേഷം മരണകാരണത്തെക്കുറിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനായി ശാസ്ത്രീയ അന്വേഷണം ഉൾപ്പടെയുള്ള വിശദമായ അന്വേഷണം തുടരുന്നതാണ്.

11.00 AM]

## (2) പോലീസ് സേനാംഗങ്ങൾക്ക് ക്വാർട്ടേഴ്സ്

ശ്രീ. റോജി എം. ജോൺ: സർ, എന്റെ നിയോജക മണ്ഡലത്തിൽ മൂന്ന് പോലീസ് സ്റ്റേഷനുകളിലായി നിരവധി പോലീസ് സേനാംഗങ്ങൾ ജോലി ചെയ്യുന്നുണ്ട്. ഈ പോലീസ് സ്റ്റേഷനുകളിലൊന്നും പോലീസ് ക്വാർട്ടേഴ്സ് ഇല്ല. പ്രത്യേകിച്ച് അങ്കമാലി, കാലടി പോലുള്ള പ്രദേശങ്ങളിൽ പോലീസിന് താമസിക്കാൻ വാടക ഇനത്തിൽ വലിയ തുക കൊടുക്കേണ്ടി വരുന്നു. ശമ്പളം കിട്ടുന്നതിൽ നല്ലൊരു തുക വാടകയായി കൊടുക്കേണ്ട സാഹചര്യമാണുള്ളത്. അവിടെ പോലീസ് ക്വാർട്ടേഴ്സ് പണിയണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ഞാൻ 30-12-2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിരുന്നു. അത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാനായി അങ്ങയുടെ ഓഫീസിൽ നിന്ന് അത് പോലീസ് മേധാവിക്ക് നൽകുകയും ചെയ്തു. പക്ഷേ ഇപ്പോൾ ഒരു വർഷം കഴിഞ്ഞിട്ടും അക്കാര്യത്തിൽ ക്രിയാത്മകമായ ഒരു നടപടിയുമുണ്ടായിട്ടില്ല. അങ്കമാലിയിലും കാലടിയിലും അയ്യമ്പുഴയിലും സ്ഥലം ലഭ്യമാണ്. സ്ഥലം ലഭ്യമായ സാഹചര്യത്തിൽ Police Housing Construction Corporation-നുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ ഫ്ലാറ്റ് മാതൃകയിൽ പോലീസ് ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം പ്രസ്താവിച്ചതുപോലെ അങ്കമാലി, കാലടി പോലീസ് സ്റ്റേഷനുകളിലെയും സർക്കിൾ ഓഫീസുകളിലെയും ജീവനക്കാർക്ക് താമസിക്കുന്നതിന് അങ്കമാലിയിൽ ഫ്ലാറ്റ് രീതിയിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് modernization പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിവേദനത്തിലെ ആവശ്യങ്ങളിൽ അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത സ്ഥലങ്ങളിൽ ഫ്ലാറ്റ് മോഡൽ ക്വാർട്ടേഴ്സുകൾ, ബാരക്കുകൾ എന്നിവ നിർമ്മിക്കുവാൻ വേണ്ടിയുള്ള പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കാൻ KPHCC എം.ഡി.യോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനത്തിനുള്ള ഫണ്ടിനും ഭരണാനുമതിക്കുമുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് ലഭ്യമാക്കുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് തുടർനടപടി കൈക്കൊള്ളുന്നതാണ്.

## (3) പട്ടയവിതരണം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, എന്റെ മണ്ഡലത്തിലെ മംഗലം ഡാം പ്രദേശത്ത് കടപ്പാറ, മൂർത്തിക്കുന്ന് കോളനിയിലെ ആദിവാസി വിഭാഗം നിരവധി വർഷക്കാലമായി ഭൂസമരത്തിലാണ്. ഇടക്കാലത്ത് തൊട്ടടുത്ത ജില്ലയിൽ കേന്ദ്രീകരിച്ച ചില അരാജകവാദികൾ ആ സമരത്തെ ഹൈജാക്ക് ചെയ്യുകയും അവരെ സർക്കാരിനെതിരെ തിരിക്കാൻ പരിശ്രമിക്കുകയുമൊക്കെ ചെയ്തു. അതിന് അടിസ്ഥാനപരമായ കാരണം നമ്മൾ എടുത്തുകൊണ്ടിരിക്കുന്ന സമീപനമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുതന്നെ ഇതിലൊരു അന്തിമ തീർപ്പ് കൽപ്പിക്കാൻ തീരുമാനമുണ്ടായതാണ്. സംയുക്ത സർവ്വേ ഉൾപ്പെടെ നടത്താൻ തീരുമാനിക്കുകയും നിരവധിതവണ ജില്ലാ കേന്ദ്രത്തിലിരുന്ന് റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത ചർച്ച നടത്തുകയും അതിർത്തി രേഖപ്പെടുത്തി അവർക്ക് ഒരു ഏക്കർവീതം ഭൂമി കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർവ്വേ കല്ലുകൾ ഈ പ്രദേശത്ത് കൊണ്ടിടുകയുമൊക്കെ ചെയ്തു. കഴിഞ്ഞ കുറേക്കാലമായി അവർ താമസിച്ചുവരുന്ന ഭൂമിയാണത്. ഏറ്റവും അവസാന ഘട്ടത്തിൽ ഡി.എഫ്.ഒ.യുടെ ഒരു തെറ്റായ റിപ്പോർട്ട് വരികയും ഈ ഭൂവിതരണം തടസ്സപ്പെടുത്തുകയും ചെയ്തു. സംസ്ഥാനതലത്തിലുള്ള സമിതി ഇതിൽ അന്തിമമായ തീരുമാനം എടുക്കുമെന്ന് പറഞ്ഞിട്ട് നിരവധി മാസക്കാലമായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒന്നും ചെയ്തില്ല. ഇപ്പോൾ നമ്മുടെ ഗവൺമെന്റ് വന്നിട്ട് രണ്ട് വർഷം പിന്നിടാൻ പോകുകയാണ്. അടിയന്തരമായി ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയില്ലെങ്കിൽ കേരളത്തിൽ മറ്റ് അരാജക സംഘങ്ങൾക്ക് കയറി വരാനും ഇത്തരത്തിലുള്ള ആദിവാസി സമൂഹത്തെ തെറ്റിദ്ധരിപ്പിക്കാനും കഴിയുന്ന സ്ഥിതിയുണ്ട്. അതുകൊണ്ട് അടിയന്തര പരിഹാരം കാണണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുവാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കഴിഞ്ഞ കുറെ വർഷങ്ങളായി നിലനിൽക്കുന്ന ഒരു വിഷയമാണിത്. പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ മംഗലം ഡാം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന മൂർത്തിക്കുന്ന് വനഭാഗത്ത് കടപ്പാറ കോളനിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ നടത്തിവന്ന ഭൂസമരം പരിഹരിക്കുന്നതിനായി 15-7-2017-ൽ പാലക്കാട് ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ കോളനി നിവാസികളുടെ കൈവശത്തിലുള്ളതായ ആലത്തൂർ താലൂക്ക് മംഗലം ഡാം വില്ലേജ് ബ്ലോക്ക് നമ്പർ 50, സർവ്വേ നമ്പർ 154 ഉൾപ്പെടുന്ന 60 സെന്റ് ഭൂമിവീതം ആകെ 14.67 ഏക്കർ വനഭൂമി Forest Conservation Act 1980 Section 2 പ്രകാരം ആദിവാസികൾക്ക് കൈമാറുന്നതിനും

പകരമായി മണ്ണാർക്കാട് താലൂക്ക് കോട്ടത്തറ വില്ലേജ് സർവ്വേ നമ്പർ 1819 പാർട്ട് ഉൾപ്പെട്ടതും 1963-ലെ കേരള ഭൂപരിഷ്കരണ നിയമം 96(1)A വകുപ്പ് 77, 1970-ലെ ഭൂ പരിഷ്കരണം പരിധി ചട്ടങ്ങളിലെ 32-ാം ചട്ടം എന്നിവ പ്രകാരം പൊതു ആവശ്യത്തിനായി സംവരണം ചെയ്തിട്ടുള്ളതുമായ 53.44 ഏക്കർ മിച്ചഭൂമിയിൽ നിന്നും 29.34 ഏക്കർ വനം വകുപ്പിന് നൽകുന്നതിനും തീരുമാനിച്ചിരുന്നു. 1980-ലെ Forest Conservation Act വകുപ്പ് 2 പ്രകാരം വനഭൂമി വനേതര ആവശ്യത്തിന് വിനിയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ട്. ആയതിലേയ്ക്കായി 2003-ലെ Forest Conservation Rules-ലെ റൂൾ 6 പ്രകാരം ഫോറം എ-യിൽ അപേക്ഷ നെന്മാറ ഡിവിഷൻ ഓഫീസറുടെ സഹായത്തോടെ ഓൺലൈനായി സമർപ്പിക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർക്ക് 25-9-2017-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി താഴെപ്പറയുന്ന രേഖകൾ ലഭ്യമാക്കുകയും Online submission and monitoring of Environmental Forest and wild life clearances - A single window clearance system എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ പറയുന്ന വിഷയത്തിൽ നേരത്തെതന്നെ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചെങ്കിലും ഡി.എഫ്.ഒ.-യുടെ ഭാഗത്തുനിന്നുണ്ടായ നിർദ്ദേശത്തെത്തുടർന്ന് ആ നടപടി നിർത്തിവയ്ക്കുകയാണുണ്ടായത്. ഞങ്ങൾ രണ്ട് മന്ത്രിമാർ, ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി ഉൾപ്പെടെ ഈ പരിപാടിയിൽ പങ്കെടുക്കുന്നതിന് തീരുമാനിച്ച സാഹചര്യത്തിലാണ് വനം വകുപ്പിന്റെ ഭാഗത്ത് നിന്നും ഉണ്ടായ ഒബ്ജക്ഷനെ തുടർന്ന് ഇത് നിന്നുപോയത്. ഇക്കാര്യം എത്രയും പെട്ടെന്ന് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### (4) തുറവൂർ പ്രാദേശിക കേന്ദ്രത്തിന് കെട്ടിടം

ശ്രീ. എ. എം. ആരിഫ്: സർ, അങ്ങയോട് 2006 മുതൽ കഴിഞ്ഞ 12 വർഷക്കാലമായി നിരന്തരം ആവശ്യപ്പെടുന്ന ഒരു കാര്യമാണിത്. ഇതോടുകൂടി എന്തെങ്കിലുമൊരു മറുപടി തന്നില്ലെങ്കിൽ ഇനി ഇത് ഉന്നയിക്കാൻ ഉദ്ദേശിക്കുന്നില്ല. 1995-ൽ തുറവൂർ കലാരംഗം ഓഡിറ്റോറിയത്തിൽ താൽക്കാലികമായി പ്രവർത്തനം ആരംഭിച്ച സംസ്കൃത സർവ്വകലാശാല തുറവൂർ പ്രാദേശിക കേന്ദ്രം 2005 മുതൽ തുറവൂർ പഞ്ചായത്ത് എൽ.പി. സ്കൂൾ പരിസരത്തും പഞ്ചായത്തുവകയായ എൻ.പി.

തണ്ടാർ സ്മാരക ഹാളും ഉപയോഗിച്ച് പ്രവർത്തിച്ചുവരുന്നു. ഇവിടെ 4 പി.ജി. കോഴ്സുകളിലും (മലയാളം, സംസ്കൃതം, സാഹിത്യം, ഹിസ്റ്ററി) ഡിഗ്രി കോഴ്സുകളിലും (സംസ്കൃതം, സാഹിത്യം) എം.എസ്.ഡബ്ല്യു., കോഴ്സുകളിലുമായി 314 വിദ്യാർത്ഥികളും 30 അധ്യാപകരും 8 അനധ്യാപകരുമടങ്ങുന്ന ഈ സ്ഥാപനം തൊഴുത്തിന് സമാനമായ വാടകക്കെട്ടിടത്തിൽ വച്ചാണ് അധ്യാപനവും വളരെ ശ്രദ്ധേയങ്ങളായ ദേശീയ അന്തർദേശീയ വിഷയങ്ങളെ അധികരിച്ചുള്ള സെമിനാറുകളും മറ്റും നടത്തി വരുന്നത്. അധ്യാപകരിൽ 20 പേർക്ക് പി.എച്ച്.ഡി. ഉണ്ട്. സർവ്വകലാശാല യൂണിയൻ പ്രവർത്തനങ്ങളും ഈ വാടകകെട്ടിടത്തിലാണ് നടക്കുന്നത്. ഈ പ്രാദേശിക കേന്ദ്രത്തിൽ നടത്തുന്ന കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നതിന് തൽപ്പരരായി നിരവധി വിദ്യാർത്ഥികൾ വരുന്നുണ്ടെങ്കിലും പഠിക്കാനോ പഠിപ്പിക്കാനോ ഉതകുന്ന കെട്ടിടമോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാത്തത് നിമിത്തം അഡ്മിഷൻ നേടിയ കുട്ടികളടക്കം മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് അഡ്മിഷൻ കിട്ടിയാൽ ഈ കേന്ദ്രം ഉപേക്ഷിച്ചുപോകുന്ന സ്ഥിതിയാണുള്ളത്. ഒരു റിസർച്ച് സെന്ററായി ഉയർത്താൻ സാധിക്കുന്ന ഈ സ്ഥാപനത്തിൽനിന്നും എല്ലാ വർഷവും ഏറ്റവും കുറഞ്ഞത് 5 വിദ്യാർത്ഥികളെങ്കിലും സെറ്റ് യോഗ്യത നേടുന്നുണ്ട്. കൊല്ലം എസ്.എൻ. കോളേജിനും എറണാകുളം മഹാരാജാസ് കോളേജിനുമിടയിൽ എം.എ. ഹിസ്റ്ററി, എം.എ. മലയാളം, എം.എ. സംസ്കൃതം എന്നിവ പഠിപ്പിക്കുന്ന ഒരു സ്ഥാപനം ഇതുമാത്രമാണ്. കേരളത്തിലെ ഏറ്റവും മികച്ച എം.എസ്.ഡബ്ല്യൂ. ഡിപ്പാർട്ട്മെന്റ് കളിലൊന്നാണ് ഉറവൂർ പ്രാദേശിക കേന്ദ്രത്തിലുള്ളത്. ഇവിടെനിന്നും എം.എസ്.ഡബ്ല്യൂ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്കെല്ലാം പ്ലേസ്മെന്റും ലഭിക്കുന്നുണ്ട്. സാമൂഹികവും സാമ്പത്തികവുമായി ഏറ്റവും താഴെത്തട്ടിൽ നിന്നുള്ള വിദ്യാർത്ഥികളാണ് ഈ സ്ഥാപനത്തിൽ പഠിക്കുന്നത്. ഇവരിൽ ഭൂരിപക്ഷവും വനിതകളാണ്. ഈ സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കാനാവുന്നില്ലെങ്കിൽ ഇതിന്റെ പ്രവർത്തനം നിർത്തുന്ന തിനെക്കുറിച്ച് ചിന്തിക്കണമെന്ന് ഡോ. ബാലമോഹൻ തമ്പി സാറിന്റെ നേതൃത്വത്തിലുള്ള സമിതി പരിശോധിച്ച് സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് സ്ഥലം ലഭ്യമാക്കിയാൽ സർവ്വകലാശാല കെട്ടിടം വച്ച് നൽകാമെന്ന് അറിയിക്കുകയുണ്ടായി. എം.എൽ.എ. എന്ന നിലയിൽ ഞാനടക്കമുള്ള ജനപ്രതി നിധികളും കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സഹായം ചെയ്യാമെന്ന് അറിയിച്ചതിനെ തുടർന്നാണ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. ആയതു പ്രകാരം കഴിഞ്ഞ സർക്കാർ ഉറവൂർ പഞ്ചായത്തിലെ 2.43 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് ജി.ഒ.(ആർടി) നമ്പർ 3142/15/ആർ.ഡി. തീയതി 18-6-2015 പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. ഇതുപ്രകാരമുള്ള തുക വകയിരുത്താത്തതുകൊണ്ട് ഈ ഭൂമി ഏറ്റെടുക്കൽ നടപടി ആലപ്പുഴ ജില്ലാ കളക്ടർ നിർത്തിവച്ചിരിക്കുകയാണ്.

ഭൂമി സൗജന്യമായി കിട്ടുന്നതിനുവേണ്ടി തിരുമല ദേവസ്വം, ശാന്തിഗിരി ആശ്രമം എന്നിവരെയെല്ലാം സമീപിച്ചു. പല സങ്കുചിത കാരണങ്ങളാൽ അതെല്ലാം നഷ്ടപ്പെട്ടുപോയി. ഈ ഭൂമി ഏറ്റെടുക്കുന്നതിനായി 20 കോടി രൂപ റവന്യൂ വകുപ്പിന് കൊടുത്താൽ അത് ഏറ്റെടുക്കാൻ പറ്റും. ഇതുസംബന്ധിച്ച് സർവ്വകലാശാല സമർപ്പിക്കുന്ന ഒരു പ്രോജക്ട് റിപ്പോർട്ടിൽ ഇതുംകൂടി ഉൾപ്പെടുത്തി സമർപ്പിക്കാം എന്നുള്ള അങ്ങയുടെ പതിവ് മറുപടിയാണ് പറയുന്നതെങ്കിൽ അതിപ്പോൾ ഉടനെയൊന്നും ചെയ്യാനുള്ള വൈദഗ്ദ്ധ്യം സർവ്വകലാശാലയ്ക്കില്ല. സർവ്വകലാശാല അത് ചെയ്യുമെന്ന് എനിക്ക് പ്രതീക്ഷയുമില്ല. അതുകൊണ്ട് ഇതൊരു സ്പെഷ്യൽ കേസായി പരിഗണിച്ച് അങ്ങ് ഇതിനുവേണ്ടി പണം വകയിരുത്തിയാൽ നന്നായിരുന്നു. അല്ലെങ്കിൽ ആ ഗവൺമെന്റ് ഉത്തരവിന്റെ കാലാവധി കഴിയും. അതിന്റെ ഇൻഫ്രാസ്ട്രക്ചറിനുവേണ്ടി പണമൊന്നും തരേണ്ടതില്ല, അതെല്ലാം ഞങ്ങൾ ഉണ്ടാക്കിക്കൊള്ളാം. സ്ഥലം ഏറ്റെടുക്കാനുള്ള 20 കോടി രൂപ അനുവദിച്ച് കിട്ടിയാൽ വലിയ ഉപകാരമായിരിക്കും. അക്കാര്യം അങ്ങ് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ 12 വർഷമായി ഇതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ എനിക്ക് അതിനോട് അനുകൂലമായ നിലപാടല്ല ഉണ്ടായിരുന്നത്. സംസ്കൃത സർവ്വകലാശാല പോലുള്ള സർവ്വകലാശാലകൾ എന്തിനാണ് ഒരു സൗകര്യവുമില്ലാത്ത സ്ഥലത്ത് ഇങ്ങനെ ബ്രാഞ്ചുകൾ ആരംഭിക്കുന്നതെന്ന് മനസ്സിലായിട്ടില്ല. പക്ഷേ ഇപ്പോൾ അതൊരു യാഥാർത്ഥ്യമാണ്. ഇത് വേണ്ടെന്ന് വയ്ക്കാൻ നമുക്ക് കഴിയുകയില്ല, നന്നാക്കാനേ പറ്റുകയുള്ളൂ. സർവ്വകലാശാലകൾക്ക് കിഫ്ബിയിൽ നിന്ന് 100-150 കോടി രൂപ ഇങ്ങനെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി പ്രത്യേകം അനുവദിച്ചിട്ടുണ്ട്. ഞാൻ വൈസ് ചാൻസലർ അടക്കമുള്ളവരോട് ഈ സെന്ററടക്കം ഉൾപ്പെടുത്തിക്കൊണ്ട് അതിന്റെ പ്രോജക്ട് പ്രൊപ്പോസൽ തരുന്നതിന് എം.എൽ.എ.-യും കൂടി വന്നപ്പോൾ പറഞ്ഞിരുന്നു. ബജറ്റിൽ ഉള്ള കാര്യം പോലും നടപ്പിലാക്കാൻ ബുദ്ധിമുട്ടുമ്പോൾ എങ്ങനെയാണ് ബജറ്റിന് പുറത്ത് എടുക്കാൻ സാധിക്കുന്നത്? അതുകൊണ്ടാണ് കിഫ്ബിയിൽ അത് വയ്ക്കുന്നത്. ഒരു പരിശ്രമവുംകൂടി നടത്താം. നടന്നില്ലെങ്കിൽ മറ്റു കാര്യങ്ങളെക്കുറിച്ച് ആലോചിക്കാം.

## (5) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കരുനാഗപ്പള്ളി താലൂക്കിലെ ഏറ്റവും പ്രധാനപ്പെട്ട ആതുരശുശ്രൂഷാ കേന്ദ്രമായ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി അസൗകര്യങ്ങൾമൂലം ബുദ്ധിമുട്ടുകയാണ്. പ്രതിദിനം ശരാശരി 1500-ഓളം രോഗികൾ ചികിത്സയ്ക്കായി

എത്തുന്ന ഇവിടെ 200 രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിനുള്ള സൗകര്യം മാത്രമെയുള്ളൂ. ഇതിൽ 50 കിടക്കകൾ സുനാമി പുനരധിവാസ പദ്ധതിയിൽ നിർമ്മിച്ച താൽക്കാലിക കെട്ടിടത്തിലാണുള്ളത്. ഇത് ഷീറ്റുമേഞ്ഞതും വേനൽക്കാലത്ത് അസഹനീയമായ ചൂട് അനുഭവപ്പെടുന്ന നിലയിലുമാണ്. ഇപ്പോൾ ഒ.പി. പ്രവർത്തിക്കുന്ന പ്രധാന കെട്ടിടം ബഹുനിലകൾ നിർമ്മിക്കുന്നതിന് പര്യാപ്തമായ രീതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ ഇതിന്റെ ഒന്നാം നില മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ദേശീയപാതയോരത്തെ സർക്കാർ ആശുപത്രിയെന്ന നിലയിൽ ട്രോമോകെയർ സെന്റർ, ഡയാലിസിസ് സെന്റർ തുടങ്ങിയവ ആരംഭിക്കാനിരിക്കെ സ്ഥല സൗകര്യങ്ങളുടെ വർദ്ധനവ് ആവശ്യമായിത്തീർന്നിരിക്കുന്നു. ആയതിനാൽ ആശുപത്രിയുടെ രണ്ടുംമൂന്നും നിലകളുടെ പൂർത്തീകരണം അടിയന്തിരമായി നടപ്പിലാക്കണമെന്നും മെഡിക്കൽ ഐ.സി.യു, സർജിക്കൽ ഐ.സി.യു, എന്നിവ ആരംഭിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഈ ആശുപത്രിയിലെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും കുറവുമൂലം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് വളരെക്കൂടുതലാണ്. ആയതിനാൽ ഫിസിഷ്യൻ, ശിശുരോഗ വിദഗ്ദ്ധൻ, ഗൈനക്കോളജിസ്റ്റ്, അസ്ഥിരോഗ വിദഗ്ദ്ധൻ എന്നിവരുടെ ഓരോ തസ്തികകൾകൂടി അനുവദിക്കണമെന്നും രണ്ട് സ്റ്റാഫ് നഴ്സ്, 10 ഹോസ്പിറ്റൽ അറ്റൻഡന്റ്, 10 നഴ്സിംഗ് അസിസ്റ്റന്റ്, ഒരു ക്ലാർക്ക് തുടങ്ങിയ വിഭാഗം ജീവനക്കാരെക്കൂടി നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കരുനാഗപ്പള്ളി താലൂക്കിലെ പ്രധാനപ്പെട്ട ഒരു ആശുപത്രിയാണ് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ ദിവസേന 1700-നടുത്ത് ഒ.പി. വരുന്നുണ്ടെന്നുള്ളതാണ് കണക്ക്. 250-ഓളം രോഗികളെ കിടത്തി ചികിത്സിക്കുകയും ചെയ്യുന്നുണ്ട്. ഈ ആശുപത്രിയുടെ പ്രധാന കെട്ടിടത്തിലാണ് ഒ.പി. പ്രവർത്തിച്ചുവരുന്നത്. മെമ്പർ പറഞ്ഞതുപോലെ ഈ കെട്ടിടത്തിന്റെ ഒന്നാം നില മാത്രമേ പൂർത്തീകരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടുള്ളൂ. ഈ ആശുപത്രിയുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി പ്രധാന കെട്ടിടത്തിന്റെ മുകളിൽ രണ്ടും മൂന്നും നിലകൾ നിർമ്മിക്കുന്നതിനായി 2017-18-ലെ സംസ്ഥാന ബജറ്റിൽ പ്രൊപ്പോസൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു പ്രൊപ്പോസൽ സമർപ്പി ക്കുന്നതിനുള്ള നിർദ്ദേശം ബജറ്റിൽ ഉണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 27,39,00,000 രൂപയുടെ ഒരു എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ആശുപത്രി നവീകരണ പദ്ധതിയിൽ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രികൂടി ഉൾപ്പെടുത്തുകയും ഇപ്പോഴുള്ള പ്രൊപ്പോസലിലെ പിഴവുകൾ പരിഹരിച്ച് ഒരു പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുവേണ്ടി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. അത് ലഭ്യമാകുന്ന

മുറയ്ക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി ആശുപത്രിയുടെ രണ്ടുംമൂന്നും നില കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കാൻ സാധിക്കും. അതിനുമുമ്പുതന്നെ മെഡിക്കൽ ഐ.സി.-യുടെ നിർമ്മാണം ആർ.എസ്.ബി.വൈ. ഫണ്ട് ഉപയോഗിച്ച് ഇപ്പോൾ നടത്തിവരുന്നുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിന് നാഷണൽ ഹെൽത്ത് മിഷൻ മുഖേന ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഡയാലിസിസ് യൂണിറ്റ് അനുവദിച്ച 44 ആശുപത്രികളിൽ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയും ഉൾപ്പെടുത്തിയിരുന്നു. ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവിടെ പുരോഗതി പ്രാപിച്ചുവരികയാണ്. അതിന്റെ ഉത്ഘാടനം അടുത്തുതന്നെ ചെയ്യാൻ സാധിക്കും. നിലവിൽ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി, എക്സ്റേ, ഫാർമസി, ആംബുലൻസ് സൗകര്യം എന്നിവ ലഭ്യമാണ്. ഡിജിറ്റൽ എക്സ്റേ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. അത് അന്തിമഘട്ടത്തിലാണ്. മെഡിസിൻ, ഗൈനക്കോളജി, സർജറി, പീഡിയാട്രിക്സ്, ഒഫ്ത്താൽമോളജി, ഓർത്തോ, അനസ്തേഷ്യ, ഡെർമറ്റോളജി, ഇ.എൻ.ടി., സൈക്യാട്രി, റെസ്പിറേറ്ററി മെഡിസിൻ, ദന്തൽ എന്നീ വിഭാഗങ്ങളിൽ അനുവദിക്കപ്പെട്ട 22 ഡോക്ടർമാരെ കൂടാതെ രണ്ട് എൻ.എച്ച്.എം. ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. കാഷ്വാലിറ്റിയിൽ ഒരു ഡോക്ടറെയും മെച്ചപ്പെട്ട സേവനത്തിനായി ഈ ആശുപത്രിയിൽ നിശ്ചയിച്ചിട്ടുണ്ട്. ഇതിനുപുറമെ നവകേരള മിഷന്റെ ഭാഗമായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന ആർദ്രം പദ്ധതിയുടെ ഭാഗമായി അവിടെ പുതിയ പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാ പോസ്റ്റും ക്രിയേറ്റുചെയ്യാൻ കഴിഞ്ഞിട്ടില്ലെങ്കിലും നേരത്തെയുള്ള റിക്വസ്റ്റ് പ്രകാരം ഇ.സി.ജി. ടെക്നീഷ്യൻ, ദന്തൽ മെക്കാനിക് എന്നിവയിൽ ഓരോ തസ്തികകളും സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ന്റെ രണ്ട് തസ്തികയും ലാബ് ടെക്നീഷ്യന്റെ ഒരു തസ്തികയും ഇതിനോടകം അവിടെ സൃഷ്ടിച്ചിട്ടുണ്ട്. കരുനാഗപ്പള്ളി താലൂക്ക് ഹോസ്പിറ്റൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ധനസഹായം ലഭ്യമാകുന്നമുറയ്ക്ക് ആർദ്രം മിഷന്റെ ഭാഗമായിത്തന്നെ നവീകരിക്കുന്നതിനും താലൂക്ക് ഹോസ്പിറ്റലുകൾ സ്പെഷ്യാലിറ്റിയാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഭാവിയിൽ ഏറ്റവും മെച്ചപ്പെട്ട ഒരു ഹോസ്പിറ്റലായി കരുനാഗപ്പള്ളി താലൂക്ക് ഹോസ്പിറ്റൽ വളർന്ന് വരുമെന്നുള്ളത് ഉറപ്പാണ്.

## (6) തസ്തികകൾ സൃഷ്ടിക്കൽ

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലത്തിൽ ഏറ്റവും ദരിദ്രരായ തോട്ടം തൊഴിലാളികളും ആദിവാസികളും ചെറുകിട കൃഷിക്കാരുമെല്ലാം ആശ്രയിക്കുന്ന ഒരു ആശുപത്രിയാണ് അടിമാലി താലൂക്കാശുപത്രി. നിലവിൽ സി.എച്ച്.സി.-യുടെ

തസ്തികയാണ് അവിടെയുള്ളത്. എന്നാൽ ഗോൾഡൻ ടൈം വരെ നിശ്ചയിക്കാവുന്ന, ജീവനെ രക്ഷിക്കാനുള്ള ആശുപത്രിയാണ് അത്. അതിന്റെ പ്രത്യേകത മനസ്സിലാക്കി സി.എച്ച്.സി.യിൽനിന്നും താലൂക്കാശുപത്രിയായി ഉയർത്തുകയും പുതിയ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി സഹായം ചെയ്യണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, അടിമാലി താലൂക്ക് ഹോസ്പിറ്റലിൽ നിലവിൽ 66 കിടക്കകൾ അനുവദിച്ചിട്ടുണ്ടെങ്കിലും അവിടെ അതിൽക്കൂടുതൽ ആളുകളെ കിടത്തി ചികിത്സിപ്പിക്കേണ്ടതായി വരുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആദിവാസി ജനവിഭാഗങ്ങളും മലയോര മേഖലയിലെ തോട്ടം തൊഴിലാളികളുമടക്കം ആശ്രയിക്കുന്ന ആശുപത്രിയാണ് അടിമാലി താലൂക്ക് ആശുപത്രി എന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അവിടെ ശരാശരി 850-ഓളം ഒ.പി.-യും 120 ഐ.പി.യും ഉണ്ടെന്നുള്ളതാണ് ഇപ്പോഴത്തെ പ്രത്യേകത. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, എക്സ്റേ, ലാബ്, ഓപ്പറേഷൻ തിയേറ്റർ, ഗൈനക്കോളജി, അനസ്തേഷ്യ, മെഡിസിൻ, പീഡിയാട്രിക്സ്, ഒഫ്ത്താൽമോളജി, സർജറി, ഇ.എൻ.ടി., ഓർത്തോ എന്നീ വിഭാഗങ്ങളിലെല്ലാംകൂടി 19 ഡോക്ടർമാരുടെ സേവനവും ഈ ആശുപത്രിയിൽ ലഭ്യമാണ്. എന്നാൽ ഒരു താലൂക്ക് ഹോസ്പിറ്റൽ എന്ന നിലയിലുള്ള മുഴുവൻ പോസ്റ്റ്ക്രിയേഷനുമായിട്ടില്ല. അതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ അവിടെ 100 കിടക്കകൾ നേരത്തെ അഡീഷണലായി അനുവദിച്ചിരുന്നു, പക്ഷേ അത് പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. പുതിയ കെട്ടിടം നിർമ്മിച്ചതിനുശേഷം മാത്രമേ അവിടെ ഒ.പി. സൗകര്യം വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇവിടെ പാരാമെഡിക്കൽ സ്റ്റാഫിന്റെ ചില തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നേരത്തെ 2013-ൽ ലഭ്യമായിരുന്ന ഫണ്ട് അനുസരിച്ച് ഏഴരക്കോടി രൂപ ചെലവഴിച്ചുള്ള നാലുനില കെട്ടിടം അവിടെ നിർമ്മിച്ചിട്ടുണ്ടെന്നുള്ളതാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ആർദ്രം മിഷന്റെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൺസൾട്ടന്റ്, ഗൈനക്കോളജിസ്റ്റ്, ഇ.സി.ജി. ടെക്നീഷ്യൻ, ഡെന്റൽ മെക്കാനിക്ക് ഗ്രേഡ്-2, ഫാർമസിസ്റ്റ് ഗ്രേഡ്-2 എന്നിവയിൽ ഓരോ തസ്തികയും സ്റ്റാഫ് നഴ്സിന്റെ 4 തസ്തികയും ലാബ് ടെക്നീഷ്യന്റെ 2 തസ്തികയും ഈ ഗവൺമെന്റ് സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. ഇതോടൊപ്പം അടിമാലി താലൂക്ക് ഹോസ്പിറ്റലിൽ 3,76,00,000 രൂപ കാത്ത് ലാബ് ഇൻസ്റ്റാൾ ചെയ്യുന്നതിനും ഐ.സി.യു നിർമ്മിക്കുന്നതിനുംവേണ്ടി കൊടുത്തിട്ടുണ്ട്. ഡിസ്ട്രിക്ട് ഹോസ്പിറ്റലുകളിൽ കാത്ത് ലാബ് നൽകുക എന്ന തീരുമാനത്തിന്റെ ഭാഗമായി ആർദ്രം മിഷൻ നടപടി സ്വീകരിച്ചപ്പോൾ ഇടുക്കി ജില്ലയിലെ ഡിസ്ട്രിക്ട് ഹോസ്പിറ്റൽ മെഡിക്കൽ

കോളേജായി മാറിയ സാഹചര്യത്തിൽ ഏറ്റവും കൂടുതൽ രോഗികൾ ആശ്രയിക്കുന്ന അടിമാലി ഹോസ്പിറ്റലിൽ കാത്ത് ലാബ് സൗകര്യമുണ്ടാക്കുന്നതിനാണ് ഗവൺമെന്റ് ആലോചിച്ചത്. ഇതിന്റെ ഭാഗമായിട്ടാണ് 3,76,00,000 രൂപ അനുവദിച്ചിട്ടുള്ളത്. അതിനുവേണ്ട പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും കാത്ത് ലാബ് ഇൻസ്റ്റാൾ ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. എന്നാൽ അതിന് മുമ്പുതന്നെ ഐ.സി.യു. പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അവിടെ സ്വീകരിച്ചുവരികയാണ്. അടിമാലി താലൂക്ക് ഹോസ്പിറ്റലിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം നല്ല രീതിയിലുള്ള വികസന സൗകര്യങ്ങൾ ഒരുക്കുന്നതിന് തീരുമാനിക്കുകയും മുന്നോട്ട് പോകുകയുമാണ് ചെയ്യുന്നത്.

## (7) കിടത്തി ചികിത്സ

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ 2006-2007 കാലഘട്ടത്തിലാണ് ഫിഷറീസ് ആശുപത്രി പ്രവർത്തനമാരംഭിച്ചത്. മത്സ്യത്തൊഴിലാളികളുടെ ഏക ആശ്രയ കേന്ദ്രമാണിത്. തീരപ്രദേശത്ത് ഇതല്ലാതെ ആശുപത്രികളൊന്നും തന്നെയില്ല. മത്സ്യത്തൊഴിലാളികൾക്ക് മറ്റ് ആശുപത്രികളെ ആശ്രയിക്കണമെങ്കിൽ 10 കിലോമീറ്ററോളം അകലെ പോകണം. കിടത്തി ചികിത്സ ലഭ്യമാകുന്ന ആശുപത്രി അത്രയും ദൂരെയാണുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2011-ൽ തീരദേശ വികസന കോർപ്പറേഷൻ 1.7 കോടി രൂപ അനുവദിച്ചതിൽ ഒരു കോടി രൂപയോളം ചെലവഴിച്ച് കെട്ടിടം നിർമ്മിക്കുകയും 2013-ൽ അതിന്റെ ഉദ്ഘാടനം നടത്തുകയുമുണ്ടായി. ബാക്കിയുള്ള തുക ഫർണിച്ചർ വാങ്ങുന്നതിനുള്ളതാണ്. അവിടെ 10 ബെഡ്ഡ് എങ്കിലും അനുവദിച്ച് കിടത്തി ചികിത്സ ആരംഭിച്ചാൽ മാത്രമേ മത്സ്യത്തൊഴിലാളികൾക്ക് ഈ ആശുപത്രിയുടെ പ്രയോജനം ലഭിക്കുകയുള്ളൂ. ഈ സർക്കാർ അധികാരത്തിൽവന്ന ഉടൻതന്നെ മന്ത്രിക്ക് ഇതുസംബന്ധിച്ച് നിവേദനം നൽകിയിരുന്നു. വളരെ ഗൗരവമായി ഇക്കാര്യം പരിഗണിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പരപ്പനങ്ങാടി ഫിഷറീസ് ആശുപത്രിക്കായി പഞ്ചായത്ത് നിർമ്മിച്ച കെട്ടിടമുണ്ട്, തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ച മറ്റൊരു കെട്ടിടവുമുണ്ട്. ഇവിടെ ദിവസവും 125-ഓളം ഒ.പി.യാണ് വരുന്നത്. ഈ സ്ഥാപനത്തിൽനിന്നും 3 കി.മീ. അകലെയായി എല്ലാ സൗകര്യങ്ങളോടുംകൂടിയ കിടത്തി ചികിത്സയുള്ള നെടുവ സി.എച്ച്.സി.യും 9. കി.മീ. അകലെയായി തിരൂരങ്ങാടി താലൂക്ക് ഹോസ്പിറ്റലും പ്രവർത്തിച്ചുവരുന്നുണ്ട്. തീരദേശ വികസന കോർപ്പറേഷൻ കിടത്തി

ചികിത്സയ്ക്കായി നിർമ്മിച്ച കെട്ടിടം നഗരസഭയ്ക്ക് കൈമാറിയെങ്കിലും ഇതുവരെ ഈ കെട്ടിടം ആരോഗ്യ വകുപ്പിന് കൈമാറിയിട്ടില്ല. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനായി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരമുള്ള നടപടിക്രമം പൂർത്തീകരിച്ച് സർക്കാരിന്റെ പരിഗണനയ്ക്ക് വരുന്നമുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. എല്ലാ ആശുപത്രികളിലും കിടത്തി ചികിത്സ വേണമെന്ന് വാശി പിടിക്കുന്നത് ശരിയല്ല. അവിടെ 3.കി.മീ. അകലെ സി.എച്ച്.സി.യും 9.കി.മീ. അകലെ താലൂക്ക് ഹോസ്പിറ്റലുമുള്ളതുകൊണ്ട് കിടത്തി ചികിത്സാ സൗകര്യം ലഭ്യമാകുന്നുണ്ട്. എന്നാൽ ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രികൾ രോഗീ സൗഹൃദമാക്കുക വഴി എൻ.സി.ഡി. ക്ലിനിക്, ജീവിതശൈലീ രോഗങ്ങളെല്ലാം പരിശോധിച്ച് ചികിത്സ നൽകാനുള്ള സൗകര്യം ഏർപ്പെടുത്തൽ, കാൻസർ ഡിറ്റക്ഷൻ, ഡിപ്രഷൻ ക്ലിനിക്കുകൾ തുടങ്ങിയ കാര്യങ്ങളാണ് പി.എച്ച്.സി.യിൽ ഉദ്ദേശിക്കുന്നത്. അതുണ്ടായാൽ അവിടെത്തന്നെ കിടത്തി ചികിത്സിക്കണമെന്ന് ആരും വാശിപിടിക്കില്ല. ഇപ്പോൾ ആശുപത്രി മെച്ചപ്പെടുത്താൻ പറയുമ്പോൾ ഉടനെതന്നെ അപ്ഗ്രേഡ് ചെയ്യാൻ പറയുകയാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ അവിടെ നല്ല കെട്ടിടവും മറ്റ് സൗകര്യങ്ങളും വരികയാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളെ ഇന്ന് ജനങ്ങൾ ഹൃദയത്തിലേറ്റുകയാണ്. 25-ഓളം കേന്ദ്രങ്ങൾ ഞാൻ തന്നെ ഉദ്ഘാടനം ചെയ്തു. പക്ഷേ അവിടെ ചെല്ലുമ്പോൾ ആദ്യം പറയുന്നത് അതിനെ ഒരു കിടത്തി ചികിത്സാ കേന്ദ്രമാക്കാനാണ്. എന്നാൽ കാര്യങ്ങൾ വിശദീകരിച്ച് കഴിയുമ്പോൾ, ഇങ്ങനെയൊക്കെയാണെങ്കിൽ ഈ സൗകര്യങ്ങളെല്ലാം ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ മതിയെന്ന് നാട്ടുകാർ ഒന്നടങ്കം സമ്മതിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം ശ്രീ. കെ. സി. ജോസഫ് എം.എൽ.എ.യുടെ മണ്ഡലത്തിൽ രണ്ട് കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്തു. വലിയ സൗകര്യങ്ങളാണ് നാട്ടുകാർ ചേർന്ന് അവിടെ ഒരുക്കിയിട്ടുള്ളത്. കക്ഷി രാഷ്ട്രീയത്തിനതീതമായി ജനങ്ങളുടെ വലിയ പിന്തുണയുണ്ടായി. പക്ഷേ ഇത്തരം സ്ഥലങ്ങളിലെല്ലാം കിടത്തി ചികിത്സ വേണമെന്ന് വാശി പിടിക്കുന്നത് ശരിയാവില്ല. അപൂർവ്വം ചില സ്ഥലങ്ങളിൽ അത്യാവശ്യമുള്ളിടത്ത് പി.എച്ച്.സി.-യെ കിടത്തി ചികിത്സാ കേന്ദ്രമാക്കി മാറ്റണമോയെന്നുള്ള കാര്യം ആലോചിക്കാം. ഈ പറഞ്ഞ സ്ഥലത്ത് തൊട്ടടുത്ത് ഇതിനുള്ള സൗകര്യമുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിയോജക മണ്ഡലത്തിലെ ഈ പി.എച്ച്.സി.-യെ ഏറ്റവും മെച്ചപ്പെട്ട കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിലവാരത്തിലേയ്ക്ക് കൊണ്ടുവരാം. ഘട്ടംഘട്ടമായി ഗവൺമെന്റ് ഇക്കാര്യങ്ങൾ ചെയ്യുന്നമുറയ്ക്ക് ഈ ആശുപത്രിയെയും പരിഗണിക്കാം.

സബ്മിഷനിൽ ചോദ്യങ്ങളില്ലെങ്കിലും പറയുകയാണ്, ആശുപത്രിയെക്കുറിച്ചുള്ള ധാരണയിൽ മാറ്റം വരുത്തിയേ മതിയാകൂ. പ്രസ്തുത ആശുപത്രിയെ നന്നാക്കുമെന്ന് തന്നെയാണ് പറയുന്നത്. ഇപ്പോൾ ഒരു സ്റ്റാൻഡേർഡൈസേഷനുണ്ട്. പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുന്നു, അവിടെ കിടത്തി ചികിത്സയില്ല. സി.എച്ച്.സി. മുതൽ മുകളിലേയ്ക്കാണ് കിടത്തി ചികിത്സയുള്ളത്. ആരോഗ്യമേഖലയിൽ ഒരു സ്റ്റാൻഡേർഡൈസേഷൻ ഉണ്ടാക്കി മുന്നോട്ടുപോയാലേ ശരിയാകുകയുള്ളൂ. ഒരു താലൂക്കിൽ രണ്ടും മൂന്നും താലൂക്ക് ഹോസ്പിറ്റലുകൾ പ്രഖ്യാപിക്കുക, താലൂക്ക് ഹോസ്പിറ്റലാണ്, 9 ഡോക്ടറേയുള്ളൂവെന്ന് നിവേദനം നൽകുക ഇതൊക്കെയാണ് ചെയ്യുന്നത്. 9 ഡോക്ടറുള്ള ആശുപത്രി എങ്ങനെയാണ് താലൂക്ക് ഹോസ്പിറ്റലാകുക? അപൂർവ്വം ചില സ്ഥലങ്ങളിൽ പി.എച്ച്.സി.യിൽ കിടത്തി ചികിത്സയുണ്ട്. തീരദേശ മേഖലയിലെ ഒരു പ്രധാന ഹോസ്പിറ്റലെന്ന നിലയിൽ ഈ ഹോസ്പിറ്റലിനെ ഏറ്റവും നല്ല രോഗീ സൗഹൃദ ആശുപത്രിയാക്കി മാറ്റാൻ മുൻകയ്യെടുക്കും.

## (8) റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

ശ്രീ. എ. പ്രദീപ്കുമാർ: സർ, കോഴിക്കോട് നോർത്ത് അസംബ്ലി മണ്ഡലത്തിനും എലത്തൂർ മണ്ഡലത്തിനുമിടയിൽ ദേശീയപാതയിൽ നിന്നും പുതിയാപ്പ ഫിഷിംഗ് ഹാർബറിലേയ്ക്ക് പോകുന്ന ഒരു പ്രധാന റോഡാണ് പാവങ്ങാട്-പുതിയാപ്പ റോഡ്. അവിടെയുള്ള റെയിൽവേ ക്രോസിൽ റെയിൽവേ ഓവർബ്രിഡ്ജ് വേണമെന്നുള്ളത് ഒരുപാട് കാലത്തെ ആവശ്യമാണ്. ആദ്യമായി അതിനായി ശ്രമമാരംഭിച്ചതും 35 ലക്ഷം രൂപയോളം റെയിൽവേയ്ക്കടച്ചതും ശ്രീ. എം. ദാസൻ എം.എൽ.എ. ആയിരുന്ന കാലത്ത് അദ്ദേഹം മുൻകയ്യെടുത്താണ്. എന്നാൽ ആ പണം മതിയാകുമായിരുന്നില്ല. പിന്നീട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൂടുതൽ പണം ലഭ്യമായി. 2015-ൽ റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിച്ചു. അപ്രോച്ച് റോഡിനായി ഭൂമി ഏറ്റെടുക്കാതെ ഓവർബ്രിഡ്ജിന്റെ പണി നടപ്പിലാക്കി. ഇങ്ങനെ സംഭവിച്ചതിനാൽ ഇപ്പോൾ റെയിൽവേ ഓവർബ്രിഡ്ജ് ആകാശത്തിൽ തൂങ്ങിക്കിടക്കുകയാണ്. രണ്ട് ഭാഗത്തുമുള്ള അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുത്തിട്ടില്ല. അപ്രോച്ച് റോഡിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള റിക്വസിഷൻ പി.ഡബ്ല്യു.ഡി. ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ട് രണ്ട് വർഷം കഴിഞ്ഞു. ലാൻഡ് അക്വിസിഷനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്, പണവുമുണ്ട്. സ്ഥലമുടമകളുടെ മീറ്റിംഗ് ഒരു തവണ വിളിച്ചു, ഗവൺമെന്റ് നിശ്ചയിച്ച തുക പോരെന്നും ന്യായമായ വില നൽകണമെന്നുമുള്ള ആവശ്യം യോഗത്തിൽ ഉന്നയിച്ചുവെന്നേയുള്ളൂ. പിന്നീട് തുടർനടപടികളൊന്നുമുണ്ടായില്ല. സ്ഥലമെടുപ്പിന്റെ കാര്യത്തിൽ നീതീകരിക്കാനാകാത്ത കാലതാമസം പാവങ്ങാട് റെയിൽവേ ഓവർബ്രിഡ്ജ് പൂർത്തീകരണവുമായി

ബന്ധപ്പെട്ട് ഉണ്ടായിരിക്കുകയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുത്തുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും സ്ഥലമുടമകളുടെയും ഒരു മീറ്റിംഗ് വിളിച്ചുചേർത്ത് അക്വിസിഷൻ വേഗത്തിലാക്കുന്നതിനും ആർ.ഒ.ബി.യുടെ പണി പൂർത്തിയാക്കുന്നതിനും ഗതാഗത യോഗ്യമാക്കുന്നതിനും വേണ്ട ഇടപെടൽ നടത്തണം എന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കോഴിക്കോട് വടക്ക്, എലത്തൂർ നിയോജക മണ്ഡലങ്ങളിലുള്ള പാവങ്ങാട് റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് 9-12-2015-ൽ 2,52,00,804 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പാലത്തിന്റെ അലൈൻമെന്റിനുള്ള സംയുക്ത പരിശോധന റവന്യൂ അധികാരികളുമായി ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് പതിനൊന്നാമത്തെ ദിവസം 2-6-2016-ൽ തന്നെ നടത്തിയിട്ടുള്ളതാണ്. ഏറ്റെടുക്കേണ്ട സ്ഥലങ്ങളിൽ ചിലത് റവന്യൂ രേഖകൾ പ്രകാരം നിലമായതിനാൽ പരിവർത്തനം ചെയ്യുന്നതിനുള്ള ഉത്തരവും 22-11-2017-ൽ ഇറക്കിയിട്ടുണ്ട്. കണ്ടിൻജൻസി ചാർജ് അനുവദിക്കുന്നതിനായി ഇത് നിർമ്മിക്കുന്ന റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എം.ഡി. നിർദ്ദേശം നൽകുകയും സർക്കാർ അത് പരിശോധിക്കുകയും പ്രസ്തുത തുക ഏത് കണക്ക് ശീർഷകത്തിൽ നിന്ന് അനുവദിക്കാമെന്നത് സംബന്ധിച്ച് അറിയിക്കാൻ റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. കൂടിയാലോചിച്ചുള്ള ഭൂമി വാങ്ങൽ (നെഗോഷ്യേറ്റഡ് പർച്ചേസ്) പ്രകാരം ഭൂമിയേറ്റെടുക്കുന്നതിന് 7-10-2017-ൽ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. 17-1-2018-ൽ കൂടിയ ഡി.എൽ.പി.സി. മീറ്റിംഗിൽ സ്ഥലത്തിന്റെ വില സംബന്ധിച്ച് ഭൂവുടമകളുമായി ധാരണയിലെത്താൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് കാലതാമസം വന്നിരിക്കുന്നത്. എല്ലാ ഭൂവുടമകളും സമ്മതിക്കുകയാണെങ്കിൽ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം വലിയ കാലതാമസമില്ലാതെ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കുന്നതാണ്, തുടർന്ന് നിർമ്മാണം നടത്താവുന്നതാണ്. അതല്ല എൽ.എ.ആർ.ആർ. 2013 ആക്ട് പ്രകാരമാണ് ഏറ്റെടുക്കേണ്ടതെങ്കിൽ സോഷ്യൽ ഇംപാക്ട് അസസ്സ്മെന്റ് സ്റ്റഡിയടക്കം കുറെയധികം കാലതാമസം വരും. അതിൽ പ്രശ്നങ്ങളുള്ളതാണ്. അതുകൊണ്ട് പ്രമേയാവതാരകൻ ബഹുമാനപ്പെട്ട എ. പ്രദീപ്കുമാറും അതിന്റെ ഒരു ഭാഗത്ത് മണ്ഡലമുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും എല്ലാവരും കൂടിച്ചേർന്ന് പഞ്ചായത്തുകളുമായി ചർച്ചചെയ്ത് ഭൂമി ഏറ്റെടുക്കുന്നതിന് ജനങ്ങളുടെ സമ്മതം വാങ്ങിയാൽ പണി എത്രയുംവേഗം ചെയ്യാം. അതിനായി ഗവൺമെന്റ്

യോഗം വിളിക്കണമെങ്കിൽ അങ്ങനെ ചെയ്യാം. ഇക്കാര്യങ്ങൾ മനസ്സിലാക്കാതെ അവിടെയുള്ള എം.പി. എന്തൊക്കെയോ പറയുന്നുണ്ട്. അദ്ദേഹത്തോട് ഭൂമി ഏറ്റെടുക്കുന്നതിൽ സഹായിക്കാൻ പറയണം. അതിനുശേഷം ഗവൺമെന്റ് യോഗം വിളിക്കുന്നുണ്ട്.

## (9) അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ

ശ്രീ. പി. ഉബൈദുള്ള: സർ, 2015-16 അദ്ധ്യയന വർഷം മലപ്പുറത്ത് ആരംഭിച്ച സർക്കാർ വനിത ആർട്സ് ആന്റ് സയൻസ് കോളേജിന് സ്ഥിരം കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തേണ്ടതിന്റെയും പ്രിൻസിപ്പാൾ തസ്തിക ഉൾപ്പെടെ ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കേണ്ടതിന്റെയും ആവശ്യകത സഭയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് സബ്മിഷൻ അവതരിപ്പിക്കുന്നത്. 14-1-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 13/2015 ഉ.വി.വ പ്രകാരം അനുവദിച്ച മലപ്പുറം ഗവൺമെന്റ് വനിതാ ആർട്സ് ആന്റ് സയൻസ് കോളേജ് ഇപ്പോൾ മലപ്പുറം മുണ്ടുപറമ്പിലുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നഗരസഭ അവരുടെ തനത് ഫണ്ടിൽനിന്നാണ് ഇതിന് വാടക നൽകുന്നത്. കോളേജിന് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള INKEL EDUCITY-യിൽ 5 ഏക്കർ ഭൂമി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ട് രണ്ട് വർഷം കഴിഞ്ഞു. ജി.ഒ. (ആർ.ടി.) നമ്പർ 132/2016 തീയതി 3-2-2016-നാണ് വ്യവസായ വകുപ്പിൽനിന്നും ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഈ സ്ഥലം വിട്ടുകൊടുക്കാൻ തീരുമാനിച്ചത്. പക്ഷേ ഇതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഭൂമി അളന്ന് തിട്ടപ്പെടുത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ച് ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ട് മാസങ്ങളായി. റവന്യൂ വകുപ്പിലും വ്യവസായ വകുപ്പിലുമായി ഫയൽ അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിക്കുകയാണ്. എത്രയും വേഗം ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാകേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഭൂമി കൈമാറിയാൽ മാത്രമേ കെട്ടിട നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. 2015-16 വർഷത്തെ എം.എൽ.എ.-യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്ന് മൂന്ന് കോടി രൂപ ഇതിനുവേണ്ടി മാറ്റിവച്ചെങ്കിലും എസ്റ്റിമേറ്റുപോലും ഇതുവരെ തയ്യാറാക്കിയിട്ടില്ല. ബി.എ. ഇംഗ്ലീഷ്, ബി.എ. ഇസ്ലാമിക് ഹിസ്റ്ററി, ബി.എസ്‌സി ബോട്ടണി, ബി.എസ്‌സി കെമിസ്ട്രി എന്നീ നാല് കോഴ്സുകളാണ് കോളേജിൽ അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ മൂന്ന് ബാച്ചുകളിലായി 398 കുട്ടികൾ പഠനം നടത്തുന്നുണ്ട്. ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ഒരു സ്പെഷ്യൽ ഓഫീസറും ഒരു ക്ലാർക്കും 13 വകുപ്പുകളിലായി കരാറടിസ്ഥാനത്തിൽ ജോലി

ചെയ്യുന്ന 24 അദ്ധ്യാപകരും മാത്രമാണ് ഇപ്പോൾ കോളേജിലുള്ളത്. പ്രിൻസിപ്പാളിന്റെ തസ്തികപോലും സൃഷ്ടിക്കപ്പെട്ടിട്ടില്ല. പുതുതായി അനുവദിക്കപ്പെട്ട കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തിക സൃഷ്ടിക്കാത്ത ഏക കോളേജാണ് മലപ്പുറം വനിതാ കോളേജ്. ഇവിടെ രണ്ട് ഇംഗ്ലീഷ് അദ്ധ്യാപകരുടെയും ഒരു കെമിസ്ട്രി അദ്ധ്യാപകന്റെയും തസ്തിക മാത്രമാണ് സൃഷ്ടിച്ചിട്ടുള്ളത്. മൂന്ന് പേരെ നിയമിച്ചെങ്കിലും രണ്ടുപേർ മാത്രമേ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും മറ്റ് ചില കോളേജുകളിൽ പ്രിൻസിപ്പാൾ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചതായി അറിയാൻ സാധിച്ചിട്ടുണ്ട്. എന്നിട്ടും മലപ്പുറത്ത് മൂന്ന് വർഷം മുമ്പ് ആരംഭിച്ച ഈ കോളേജിൽ ഇതുവരെ പ്രിൻസിപ്പാളിന്റെ തസ്തിക സൃഷ്ടിച്ചിട്ടില്ല എന്നത് വളരെ വേദനാജനകമാണ്. കുട്ടികളുടെ പഠന പാഠ്യേതര രംഗങ്ങളിലും ഓഫീസ് പ്രവർത്തനങ്ങളിലും വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. കോളേജിന്റെ സുഗമമായ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ തസ്തികകൾകൂടി സൃഷ്ടിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് 28-2-2017-ൽ ഞാൻ അവതരിപ്പിച്ച സബ്മിഷന് അന്ന് എനിക്ക് ലഭിച്ച മറുപടി ഇതിനാവശ്യമായ സ്ഥലം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്, പ്രസ്തുത സ്ഥലം കോളേജ് ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് കോളേജ് വിദ്യാഭ്യാസ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്, ഈ ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന് വിട്ടുനൽകുന്നതിനുള്ള നടപടികൾ മലപ്പുറം ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നുണ്ട്, പ്രസ്തുത കോളേജിൽ പ്രിൻസിപ്പാൾ ഉൾപ്പെടെയുള്ള അദ്ധ്യാപക തസ്തികകളും അനദ്ധ്യാപക തസ്തികകളും സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവപരിഗണനയിലാണ് എന്നാണ്. സബ്മിഷന് മറുപടി ലഭിച്ചിട്ട് ഒരു വർഷവും കോളേജിന് സ്ഥലം വിട്ടുകൊടുത്തിട്ട് രണ്ട് വർഷവും കഴിഞ്ഞു. ഇതുപോലുള്ള മറുപടിയല്ല ഞാൻ പ്രതീക്ഷിക്കുന്നത്. ഭൂമി എന്നത്തേയ്ക്ക് വിട്ടു കൊടുത്ത് കെട്ടിടമുണ്ടാക്കാൻ സാധിക്കും, പ്രിൻസിപ്പാളിന്റെയും അദ്ധ്യാപക അനദ്ധ്യാപക തസ്തികകളും എന്നത്തേയ്ക്ക് സൃഷ്ടിക്കാൻ സാധിക്കും എന്നത് സംബന്ധിച്ച് വ്യക്തമായ മറുപടി ഞാൻ പ്രതീക്ഷിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2015-16-ൽ പ്രവർത്തനമാരംഭിച്ച മലപ്പുറം സർക്കാർ വനിതാ കോളേജിൽ പ്രിൻസിപ്പാൾ ഉൾപ്പെടെ 22 അദ്ധ്യാപക തസ്തികകളും 13 അനദ്ധ്യാപക തസ്തികകളുമാണ് ആവശ്യമായിട്ടുള്ളത്. ഇതിൽ ഇംഗ്ലീഷ് വിഭാഗത്തിൽ രണ്ടും കെമിസ്ട്രി വിഭാഗത്തിൽ ഒന്നും അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. മറ്റ് അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വ്യവസായ വകുപ്പിന് കീഴിലുള്ള INKID എന്ന സംരംഭത്തിന് പാണക്കാട് വില്ലേജിൽ അനുവദിച്ച

ഭൂമിയിൽനിന്നും 5 ഏക്കർ ഭൂമിയാണ് മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് അനുവദിച്ചിരിക്കുന്നത്. ഭൂമി അളന്നുതിരിച്ച് അടയാളപ്പെടുത്തി ഭൂമി പതിവിനുള്ള ശിപാർശ റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമി ഇതുവരെ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടില്ല എന്നും റവന്യൂ വകുപ്പിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിന് വ്യവസായ വകുപ്പ് ടി ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് വിട്ടൊഴിഞ്ഞുകൊണ്ടുള്ള ഉത്തരവും റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവും പുറപ്പെടുവിക്കേണ്ടതുണ്ടെന്നും മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഭൂമി കൈമാറ്റ നടപടികൾ പൂർത്തിയാകാത്തതിനാൽ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

## (10) ഗ്രേസ് മാർക്ക്

ശ്രീ. കെ. വി. വിജയദാസ്: സർ, ജൂനിയർ റെഡ്ക്രോസ് വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് ലഭ്യമാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സംസ്ഥാനത്ത് 60000 ജൂനിയർ റെഡ്ക്രോസ് വിദ്യാർത്ഥികളാണുള്ളത്. അതത് പി.എച്ച്.സി.കളുമായി ബന്ധപ്പെട്ട് പാലിയേറ്റീവ് പ്രവർത്തനങ്ങളും അതാത് ഹൈസ്കൂളുകളിൽ പ്രാഥമിക ചികിത്സയെ സംബന്ധിച്ചുള്ള ബോധവൽക്കരണവും പ്രാഥമിക ചികിത്സാ സംവിധാനവും അവർതന്നെ ഏറ്റെടുത്ത് ചെയ്യുന്നുണ്ട്. അവരുടെ യൂണിഫോം പോലും അവർ സ്വന്തം ചെലവിലാണ് വാങ്ങുന്നത്. സർക്കാരിൽനിന്ന് അവർക്ക് യാതൊരു ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. ഗ്രേസ് മാർക്ക് മാത്രമാണ് അവർക്ക് ലഭിക്കുന്നത്. 50 ശതമാനം മാർക്കോടുകൂടി 'സി' ലെവൽ പരീക്ഷ പാസ്സായാൽ മാത്രമേ ഗ്രേസ് മാർക്ക് ലഭിക്കുകയുള്ളൂ. ഒരു ദിവസത്തെ ക്യാമ്പ് നടത്തി ക്യാമ്പ് സർട്ടിഫിക്കറ്റും 'സി' ലെവൽ സർട്ടിഫിക്കറ്റും സഹിതം അപേക്ഷിച്ചാൽ മാത്രമേ ഗ്രേസ് മാർക്ക് ലഭ്യമാകുകയുള്ളൂ. ഇത്തവണ 'സി' ലെവൽ പരീക്ഷ തന്നെ നടത്തിയിട്ടില്ല. അതോടുകൂടി ഗ്രേസ് മാർക്ക് ലഭിക്കുമെന്ന വിദ്യാർത്ഥികളുടെ പ്രതീക്ഷയ്ക്ക് മങ്ങലേറ്റിരിക്കുകയാണ്. അങ്ങ് ഈ പ്രശ്നത്തിൽ അടിയന്തരമായി ഇടപെടണം. ജൂനിയർ റെഡ്ക്രോസ് വിദ്യാർത്ഥികൾക്ക് സർക്കാരിന്റെ ഏകസഹായമായ 10 ശതമാനം ഗ്രേസ് മാർക്ക് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പത്താം ക്ലാസ്സിൽ പഠിക്കുന്ന ജൂനിയർ റെഡ്ക്രോസ് വിദ്യാർത്ഥികളുടെ 'സി' ലെവൽ പരീക്ഷ ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റിയാണ് നടത്തിവന്നിരുന്നത്. എന്നാൽ റെഡ്ക്രോസ്

സൊസൈറ്റിയിലെ ഭരണപരമായ പ്രതിസന്ധികൾ കാരണം 2017-18 വർഷത്തെ 'സി' ലെവൽ പരീക്ഷ നേരിട്ട് നടത്തുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ നടപടി സ്വീകരിക്കുകയും ആയതുസംബന്ധിച്ച തുടർപ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്തിരുന്നു. 2017-18 വർഷത്തെ 'സി' ലെവൽ പരീക്ഷ സംസ്ഥാനത്തെ 14 റവന്യൂ ജില്ലകളിലുമുള്ള വിവിധ സെന്ററുകളിൽവച്ച് 3-2-2018-ൽ നടത്തുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ തീരുമാനിക്കുകയും ചോദ്യപേപ്പറുകളുടെ പ്രിന്റിംഗും വിതരണവും ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി കേരള ഘടകത്തെ പ്രതിനിധീകരിച്ച് ശ്രീ. വി. പി. മുരളീധരൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ 2017-18-ലെ 'സി' ലെവൽ പരീക്ഷയുമായി ബന്ധപ്പെട്ട എല്ലാ നടപടികളും നിർത്തിവയ്ക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2-2-2018-ൽ ഇടക്കാല വിധിന്യായം പുറപ്പെടുവിച്ചതിനാൽ 2017-18-ലെ 'സി' ലെവൽ പരീക്ഷ നാളിതുവരെ നടത്തുവാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സ്റ്റേ നീക്കിക്കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട കോടതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## V ധനകാര്യം

### 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| | | ബജറ്റ് എസ്റ്റിമേറ്റ് 2018-2019 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| XXXVII | വ്യവസായങ്ങൾ | 600,34,42,000 | 995,43,02,000 | 1595,77,44,000 |

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ**
**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1595,77,44,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1595,77,44,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് വ്യവസായ മേഖലയിൽ പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1595,77,44,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കൂടുതൽ വ്യാവസായിക നിക്ഷേപം കൊണ്ടു വരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സമയബന്ധിത പരിപാടികൾ നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1595,77,44,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പുതിയ വ്യവസായ സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1595,77,44,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പുതുതായി ഒരു വൻകിട വ്യവസായ സ്ഥാപനവും പൊതുമേഖലയിൽ ആരംഭിക്കാനാകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1595,77,44,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചെറുകിട/സ്വകാര്യ/ഇടത്തര വ്യാവസായിക മേഖലയിൽ വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1595,77,44,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1595,77,44,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പരമ്പരാഗത വ്യവസായം തകർച്ച നേരിടുമ്പോൾ അവയെ

ശക്തിപ്പെടുത്തുന്നതിനുള്ള നടപടി പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1595,77,44,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കൈത്തറി വ്യവസായം പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1595,77,44,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1595,77,44,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ നഷ്ടം 2015-16-ൽ 2568 കോടി രൂപയായിരുന്നത് 2016-17-ൽ 4459.64 കോടി രൂപയായി വർദ്ധിച്ചതായി പറയപ്പെടുന്ന കാര്യം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1595,77,44,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റിയാബ് തയ്യാറാക്കിയ ലിസ്റ്റിൽനിന്നും മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കാതെ സ്വന്തക്കാർക്കും ബന്ധുക്കൾക്കും രാഷ്ട്രീയ താല്പര്യം വച്ചും പല പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമനം നൽകിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1595,77,44,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിർമ്മാണ മേഖലയിൽ മണൽ, കരിങ്കല്ല് എന്നിവ ആവശ്യാനുസരണം ലഭ്യമല്ലാത്തതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, വ്യവസായം എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. വ്യാവസായിക രംഗത്ത് വലിയ വെല്ലുവിളികൾ നേരിടുന്ന സാഹചര്യമാണ് രാജ്യത്ത് നിലനിൽക്കുന്നത്. പൊതുവായതെല്ലാം ഇല്ലായ്മ ചെയ്ത് കുത്തകകൾക്ക് തീറെഴുതുകയാണ് കേന്ദ്ര സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. നേരത്തെ യു.പി.എ. ഗവൺമെന്റും ഇപ്പോൾ എൻ.ഡി.എ. ഗവൺമെന്റും തുടർന്നു വരുന്ന നയങ്ങൾ ഈ പ്രക്രിയ ത്വരിതപ്പെടുത്തിയിരിക്കുകയാണ്. കറൻസി റദ്ദാക്കലും ജി.എസ്.ടി.യും തൊഴിൽ മേഖലയിൽ വലിയ തിരിച്ചടികൾക്ക് ഇടയാക്കുകയും അത് തുടരുകയും ചെയ്യുന്നു. ചെറുതും വലുതുമായ 224000 വ്യവസായ ശാലകൾ അടച്ചുപൂട്ടിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി 65 ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. കേന്ദ്ര കമ്പനികാര്യ വകുപ്പ് നൽകിയ റിപ്പോർട്ടിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾമൂലം ടെക്സ്റ്റൈൽ മേഖലയിൽ 65 പ്രധാന വ്യവസായശാലകൾ ഇതിനകം അടച്ചുപൂട്ടിയിട്ടുണ്ട്. ഇവിടെ ജോലി ചെയ്തിരുന്ന 1,76,000 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടതായി കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ നിരവധി വ്യവസായശാലകൾ അടച്ചുപൂട്ടലിന്റെ വക്കിലാണ്. അസംഘടിത മേഖലയിൽ നൂറുകണക്കിന് വ്യവസായശാലകൾ ഇതിനകം അടച്ചുപൂട്ടുകയും പതിനായിരക്കണക്കിന് തൊഴിലാളികൾ തൊഴിൽ നഷ്ടപ്പെട്ട് തെരുവിലേയ്ക്ക് വലിച്ചെറിയപ്പെടുന്ന സ്ഥിതിയുമാണ് രാജ്യത്തുണ്ടായത്. ഗുജറാത്തിൽ മാത്രം മൂന്ന് ലക്ഷത്തിൽപ്പരം വസ്ത്ര വ്യാപാരികൾ പ്രതിസന്ധിയിലായതായി റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ഗുജറാത്തിൽ ചെറുകിട വ്യവസായ ഉടമകളും വസ്ത്ര വ്യാപാരികളും തൊഴിലാളികളും ചേർന്ന് ഇതിനെതിരായി നിരവധി പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഇത്തരത്തിൽ വ്യവസായങ്ങൾ, പ്രത്യേകിച്ച് പൊതുമേഖല വലിയ പ്രതിസന്ധിയിലൂടെ കടന്നു പോവുകയാണ് ചെയ്യുന്നത്. ഈ വെല്ലുവിളിയുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് കേരളത്തിലെ പൊതുമേഖലയെയും വ്യവസായങ്ങളെയും സംരക്ഷിക്കുന്നതിനായി ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് നിരവധി നടപടികളുമായി മുന്നോട്ടുപോകുന്നത്. നവകേരള സൃഷ്ടിക്കായി നിരവധി പദ്ധതികളുമായി മുന്നോട്ടുപോകുന്നുണ്ട്. ഈ രംഗത്ത് ശ്രദ്ധേയമായ ചുവടു വയ്പുകളുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. രണ്ടുവർഷം പൂർത്തിയാകാൻ പോകുന്ന ഈ ഘട്ടത്തിൽ കേരള ഗവൺമെന്റ് വാക്കുപാലിക്കുന്ന ഗവൺമെന്റായി മാറുകയാണ്. പ്രഖ്യാപിച്ച പദ്ധതികളെല്ലാം നടപ്പിലാക്കി മുന്നോട്ടുപോകാൻ ശ്രമിക്കുന്നുണ്ടെന്ന് ഇതിനകം ബോദ്ധ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങൾ പരിശോധിച്ചാൽ യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോഴെല്ലാം നഷ്ടത്തിലാവുകയും എൽ.ഡി.എഫ്. ഗവൺമെന്റ് വരുമ്പോൾ അതിനെ പുനരുദ്ധരിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോവുകയും ചെയ്യുന്നതായി കാണാൻ കഴിയും. കേരളത്തിലെ

13 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലെത്തിക്കാൻ കഴിഞ്ഞത് സംബന്ധിച്ചുള്ള വ്യക്തമായ റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായിക്കൂടിയാണ് അങ്ങനെ വന്നിട്ടുള്ളത്. പൊതുമേഖലയെ സഹായിക്കുന്നതിനായി 100 കോടി രൂപയാണ് ആദ്യവർഷം നീക്കിവച്ചിരുന്നതെങ്കിൽ ഈ വർഷം 220 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സംരംഭകരെയും ചെറുകിട മേഖലയെയും സൂക്ഷ്മ ചെറുകിട മേഖലയെയും സഹായിക്കാനും പ്രോത്സാഹിപ്പിക്കാനും ഒട്ടേറെ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുവെന്നത് സ്വാഗതാർഹമായ, അഭിനന്ദനമർഹിക്കുന്ന നടപടിയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജെയിംസ് മാത്യു]

നമ്മുടെ സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിലാണ് ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്തുവരുന്നത്. ബജറ്റിൽ ഇക്കാര്യം എടുത്ത് പറഞ്ഞിട്ടുണ്ട്. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, കയർ, കശുവണ്ടി, ഖാദി തുടങ്ങിയ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത്. കൈത്തറി തകർന്നുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ്. തുണി ആവശ്യമില്ലാത്തത് കൊണ്ടല്ല; പിടിച്ചുനിൽക്കാൻ സാധിക്കാത്തതുകൊണ്ടാണ് കൈത്തറി വ്യവസായം തകർന്നുകൊണ്ടിരിക്കുന്നത്. കൈത്തറിയെ സഹായിക്കാൻ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള സ്കൂളുകളിൽ സൗജന്യ യൂണിഫോം പദ്ധതി ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനുവേണ്ടി സഹായകരമായിട്ടുണ്ട്. ഇത്തവണ 7-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം നൽകുന്നതിന് നടപടി സ്വീകരിച്ചത് ശ്ലാഘനീയമാണ്. ഇതിനകം 23 ലക്ഷത്തിൽപ്പരം മീറ്റർ തുണി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി 3600 തറികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അനുബന്ധമായി ആയിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ട്. ഇത്തരം നടപടികൾ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന് സഹായകരമാണ്. അതോടൊപ്പം തന്നെ കൈത്തറി സംഘങ്ങൾ നേരിടുന്ന വെല്ലുവിളികളുമുണ്ട്. അതിനും പരിഹാരം കാണേണ്ടതായിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം വരെയുള്ള റിബേറ്റ് കുടിശ്ശിക ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൊടുത്തുതീർത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷവും റിബേറ്റ് കൊടുക്കുന്നതിനായി ബജറ്റിൽ പണം വകയിരുത്തിയിട്ടുണ്ടെങ്കിലും അത് മതിയാകില്ല. പരിശോധന പൂർത്തിയാക്കിയതിനുശേഷം 25 കോടി രൂപകൂടി റിബേറ്റ് ഇനത്തിൽ സംഘങ്ങൾക്ക് കൊടുക്കാൻ കണ്ടെത്തേണ്ടതായിട്ടുണ്ട്. അത് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൈത്തറി വ്യവസായത്തെ സംരക്ഷിക്കാനുള്ള നടപടികൾ ഇനിയും ശക്തിപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടി തുടർന്നും സ്വീകരിക്കണം.

കേരളത്തിലെ ഖാദി വ്യവസായ മേഖല ദേശീയ പ്രസ്ഥാനത്തിന്റെ ചിഹ്നമായി നിലനിൽക്കുന്നു. ഈ മേഖലയിൽ ഏതാണ്ട് 13,600 ആളുകൾ ജോലി ചെയ്തുവരുന്നുണ്ട്. ഈ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നം നവീകരിക്കപ്പെട്ടു ന്നില്ലെന്നുള്ളതാണ്. പരമ്പരാഗത രീതിയിൽത്തന്നെ അതിനെ മുന്നോട്ടുകൊണ്ടു പോകുന്നതിനാണ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം പരമ്പരാഗത വ്യവസായങ്ങൾ പഴയരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ലെന്ന് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. അതിനെ നവീകരിച്ച് മാത്രമേ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ഖാദി വ്യവസായത്തിന് ഇത്തവണ 19 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ സെമി ആട്ടോമേഷൻ പദ്ധതി നടപ്പിലാക്കാൻ പരിശ്രമിക്കുമെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഖാദിയുടെ പരമ്പരാഗത രീതി നിലനിർത്തിക്കൊണ്ട് ആ പദ്ധതി നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ വ്യവസായത്തിന് നിലനിൽക്കാൻ സാധിക്കുകയുള്ളൂ. ഖാദിക്കുവേണ്ടി കോടിക്കണക്കിന് രൂപ സർക്കാർ ചെലവഴിക്കുന്നുണ്ട്. കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ഏതാണ്ട് 54 കോടി രൂപ പൂരകവേതന പദ്ധതിക്കുവേണ്ടി സർക്കാർ ചെലവഴിച്ചു. മറ്റ് ആവശ്യങ്ങൾക്ക് വേണ്ടിയും പണം ചെലവഴിക്കുന്നുണ്ട്. കുറഞ്ഞ വരുമാനം പറ്റുന്ന തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടിയാണ് അത്തരം പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഭാഗികമായ യന്ത്രവൽക്കരണം (സെമി ആട്ടോമോഷൻ) നടപ്പിലാക്കി കൂടുതൽ ഉൽപ്പാദിപ്പിക്കാനും തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കാനും സാധിക്കത്തക്ക നിലയിൽ ഖാദിയെ പുനഃസംഘ ടിപ്പിക്കേണ്ടതായും നവീകരിക്കേണ്ടതായുമുണ്ട്. ചില നിർദ്ദേശങ്ങൾ ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുണ്ട്. അത് സ്വാഗതാർഹമായ കാര്യമാണ്. അത് എത്രയുംവേഗം നടപ്പിലാക്കാൻ സാധിക്കണം. അതുപോലെ ഖാദി മേഖലയിൽ റിബേറ്റ് ഇനത്തിൽ 36 കോടി രൂപ സ്ഥാപനങ്ങൾക്ക് കൊടുക്കാനുണ്ട്. അത് കിട്ടാത്തതുകൊണ്ട് അവരുടെ വർക്കിംഗ് കാപ്പിറ്റൽ മുടങ്ങിക്കിടക്കുകയാണ്. അവർക്ക് പഞ്ഞിയും നൂലും വാങ്ങാൻ സാധിക്കണമെങ്കിൽ ആ പണം കിട്ടേണ്ടതായുണ്ട്. റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് പണം മാറ്റിവച്ചിട്ടുണ്ടെങ്കിലും അത് പൂർണ്ണമായും കൊടുത്തുതീർക്കേണ്ടതായുണ്ട്.

മറ്റൊരു കാര്യം ഖാദിയുമായി ബന്ധപ്പെട്ട് ഒരു ക്ഷേമനിധിയുണ്ട്. മറ്റെല്ലാ ക്ഷേമനിധികളും തൊഴിൽ വകുപ്പിന്റെ കീഴിലാണെങ്കിൽ ഖാദിയുടെ ക്ഷേമനിധി വ്യവസായ വകുപ്പിന്റെകീഴിലാണ്. അതിലെ നിബന്ധന പ്രകാരം തൊഴിലാളികളുടെ വിഹിതത്തിന് തുല്യമായി സർക്കാരും പണം നൽകേണ്ടതായിട്ടുണ്ട്. കാലാകാലങ്ങളായി അത് കൊടുക്കാത്തതിന്റെ ഫലമായി ഏകദേശം 9 കോടി രൂപ കുടിശ്ശികയായി കിടക്കുകയാണ്. അത് കൊടുത്ത് തീർത്തില്ലെങ്കിൽ ആ പദ്ധതിയുമായി മുന്നോട്ടു പോകാൻ സാധിക്കുകയില്ല. അതുൾപ്പെടെയുള്ള നടപടികൾ ഖാദിയുമായി ബന്ധപ്പെട്ട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു വ്യവസായം, കേരളത്തിന്റെ ചിത്രത്തിൽ നിന്നുതന്നെ മാഞ്ഞുകൊണ്ടിരിക്കുന്ന, ലക്ഷക്കണക്കിനാളുകൾ ജോലി ചെയ്തിരുന്ന ബീഡി വ്യവസായമാണ്. ഇപ്പോഴും ഒരു ലക്ഷത്തിൽപ്പരം തൊഴിലാളികൾ അതിൽ ജോലി ചെയ്യുന്നുണ്ട്. കേരള ദിനേശ് ബീഡിയിൽ 42000 തൊഴിലാളികൾ ഒരു ഘട്ടത്തിൽ ജോലി ചെയ്തിരുന്നു. ഇന്ന് 5000 തൊഴിലാളികളാണുള്ളത്. അവർക്ക് ജോലിയില്ല. ജി.എസ്.ടി. ഉൾപ്പെടെ 28 ശതമാനം ടാക്സ് വന്നതോടെ ആളുകൾ ബീഡി വാങ്ങുന്നില്ല. അവർക്ക് ആഴ്ചയിൽ നാലുദിവസം മാത്രമാണ് തൊഴിലുള്ളത്. അതും ഇല്ലാതാകുന്ന സാഹചര്യമാണ് ഇവിടെ നിലനിൽക്കുന്നത്. ബീഡി വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താൻ സർക്കാർ സഹായം നൽകില്ലെന്ന് നേരത്തെ വ്യക്തമാക്കിയിരിക്കുകയാണ്. പക്ഷെ നിലവിലുള്ളവരെ സംരക്ഷിക്കേണ്ട ബാധ്യത ഗവൺമെന്റിനുണ്ടല്ലോ; ഇക്കാര്യം പരിഗണിച്ചുകൊണ്ടാണ് 2017-18-ലെ ബജറ്റിൽ ബീഡിത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള ചില നടപടികൾക്കായി 20 കോടി രൂപ വകയിരുത്തിയത്. ബീഡിത്തൊഴിലാളി ക്ഷേമത്തിനായി ഒരു പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആ പണം നൽകുന്നതോടൊപ്പം കൂടുതൽ പണം അവർക്ക് അനുവദിച്ചുകൊണ്ട് തൊഴിൽ നഷ്ടപ്പെട്ട ബീഡിത്തൊഴിലാളികളെ പുനരധിവസിപ്പി ക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി അവരെ സഹായിക്കേണ്ടതായിട്ടുണ്ട്. ഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഈ വ്യവസായങ്ങളിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്ന ഒരു ഗവൺമെന്റാണിത്. ഇവിടെ നേരത്തെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള വിഷയമാണ്. എന്റെ മണ്ഡലംകൂടി ഉൾപ്പെടുന്ന പ്രദേശങ്ങളിൽ വിവിധ ഘട്ടങ്ങളിൽ പുതിയ താലൂക്കുകൾ പ്രഖ്യാപിച്ചപ്പോൾ തുടർച്ചയായി അവഗണിക്കപ്പെട്ട ഒന്നായിരുന്നു പയ്യന്നൂർ താലൂക്ക്. അതുപോലെതന്നെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പ്രതിനിധീകരിക്കുന്ന കുന്ദംകുളം താലൂക്കും ആ പട്ടികയിൽ പ്പെട്ടതായിരുന്നു. കഴിഞ്ഞ ബജറ്റിൽ ഈ രണ്ട് താലൂക്കുകളും അനുവദിച്ചതായി പ്രഖ്യാപിക്കുകയും ഒരു വർഷം പൂർത്തിയാകുന്നതിനുമുമ്പ് താലൂക്ക് യാഥാർത്ഥ്യമാക്കി ഈ മാർച്ച് മാസം 10-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയുമെല്ലാം പങ്കെടുത്തുകൊണ്ട് പയ്യന്നൂർ താലൂക്ക് ഉദ്ഘാടനം ചെയ്യപ്പെടു കയുമാണ്. പയ്യന്നൂർ നിവാസികൾ അതിൽ വലിയ ആഹ്ലാദത്തിലാണെന്ന കാര്യം ഇവിടെ പങ്കുവയ്ക്കുകയാണ്. എന്റെ മണ്ഡലത്തിലെ കണ്ണൂർ സൈബർ പാർക്കിനെ സംബന്ധിച്ച് ഒരു പ്രഖ്യാപനം നേരത്തെയുണ്ടായിരുന്നു. കണ്ണൂർ സൈബർ പാർക്കിന്റെ പ്രവർത്തനം ഇപ്പോൾ നടക്കുന്നില്ല. ചെറുകിട സൈബർ പാർക്കുകൾ ലാഭകരമല്ലാ ത്തതിനാൽ കിൻഫ്രയെ ഏൽപ്പിച്ചുകൊണ്ട് വ്യവസായ പാർക്കാക്കി മാറ്റുമെന്നുള്ള മറുപടി വ്യവസായ വകുപ്പിൽനിന്നും നേരത്തെ ലഭിച്ചിരുന്നു. ആ നടപടി മുന്നോട്ട് കൊണ്ടുപോകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി

നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള ഒട്ടേറെ പദ്ധതികളും പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിൽ തൊഴിലാളികളാകെ ആഹ്ലാദത്തിലാണ്. ഏറ്റവും പിന്നോക്കം നിൽക്കുന്ന തൊഴിലാളികളെ ഉദ്ധരിക്കുന്നതിനുവേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങളെയും പിന്തുണച്ചുകൊണ്ട് വ്യവസായ വകുപ്പിനുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം കടുത്ത പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ എഫ്.എ.സി.ടി.-യുടെ കാര്യം ഈ അവസരത്തിൽ എടുത്ത് പറയാനാഗ്രഹിക്കുകയാണ്. ഇപ്പോൾ എഫ്.എ.സി.ടി. അവരുടെ സ്ഥലം പ്ലെഡ്ജ് ചെയ്ത് 13.5 ശതമാനം പലിശ നിരക്കിൽ 1000 കോടി രൂപ കടമെടുത്തുകൊണ്ടാണ് തൽക്കാലം പിടിച്ചു നിൽക്കുന്നത്. ഏകദേശം 800 കോടി രൂപയോളം ബാധ്യതയായി നിൽക്കുമ്പോഴാണ് 1000 കോടി രൂപ കടമെടുത്തത്. ഇങ്ങനെ 1800 കോടി രൂപ കടമെടുത്തതുമൂലം എല്ലാവർഷവും 220 കോടി രൂപ പലിശ കൊടുത്തുകൊണ്ടിരിക്കുകയാണ്. എഫ്.എ.സി.ടി.-ക്ക് വർഷം തോറും ശരാശരി 40 കോടി രൂപയോളം ഇപ്പോൾ ലാഭമുണ്ട്. എന്നാൽ 220 കോടി രൂപ പലിശ കൊടുക്കുന്നതുമൂലം 180 കോടി രൂപ നഷ്ടത്തിലാണ് ഇപ്പോൾ പോയിക്കൊണ്ടിരിക്കുന്നത്. എഫ്.എ.സി.ടി. രക്ഷപ്പെടണമെന്നുണ്ടെങ്കിൽ കേരള ഗവൺമെന്റ് മുൻകയ്യെടുത്ത് അവസാനമെടുത്ത 1000 കോടി രൂപ എഴുതിത്തള്ളേണ്ട ഒരു സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തണം. നേരത്തെ 800 കോടി രൂപ എടുത്തിരിക്കുന്നത് ഗവൺമെന്റ് ഷെയറായി കൺവെർട്ട് ചെയ്യണം. അമ്പലമേട്ടിൽ 1400-ഓളം ഏക്കർ ഭൂമി എഫ്.എ.സി.ടി.-ക്കുണ്ട്. ഇതിൽ 480 ഏക്കർ പെട്രോ കെമിക്കൽസിനും 170 ഏക്കർ കൊച്ചിൻ റിഫൈനറിക്കുമായി വിൽക്കാൻ ധാരണയായിട്ടുണ്ട്. സെന്റിന് 2.5 ലക്ഷം രൂപയ്ക്കാണ് 650 ഏക്കർ ഭൂമി വിൽക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇപ്രകാരം വിറ്റുകിട്ടുന്ന പണം എഫ്.എ.സി.ടി.-യുടെ പുതിയ പ്ലാന്റുകൾ തുടങ്ങുന്നതിനായി മാറ്റിവച്ചാൽ എഫ്.എ.സി.ടി.-യെ പഴയ കാലത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കും. എഫ്.എ.സി.ടി.-യെ പഴയ കാലത്തിലേയ്ക്ക് കൊണ്ടുവരണമെങ്കിൽ കേന്ദ്ര ഗവൺമെന്റുമായി എഴുത്തുകുത്തുകൾ നടത്തിയാൽ മാത്രം പോരാ.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട വി. പി. സജീന്ദ്രൻ, വലിയൊരു വിഷയമാണ് ഉന്നയിക്കുന്നത്. അൽപ്പംകൂടി പ്രാധാന്യം ഇതിന് കൊടുക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. എച്ച്.എം.ടി.-ക്ക് 12 ഫാക്ടറികൾ സ്ഥാപിക്കുമെന്ന് പറഞ്ഞാണ് സ്ഥലം എടുത്തു നൽകിയത്. കേന്ദ്ര ഗവൺമെന്റ് രണ്ട് ഫാക്ടറി തുടങ്ങിയെങ്കിലും അത് അടച്ചു പൂട്ടിയിരിക്കുകയാണ്. കേരള സർക്കാർ ഭൂമി

ഏറ്റെടുത്ത് കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ട് അത് വിറ്റ് കാശാക്കാൻ കേന്ദ്ര ഗവൺമെന്റിന് എന്ത് അവകാശമാണുള്ളത്? ഇവിടെ റെയിൽ കോച്ച് ഫാക്ടറിക്ക് വേണ്ടി സ്ഥലം കൊടുത്തെങ്കിലും ആ സ്ഥലം വെറുതെ കിടക്കുകയാണ്. പുതിയ ഗവൺമെന്റ് റെയിൽ കോച്ച് ഫാക്ടറി ഉത്തർപ്രദേശിൽ തുടങ്ങിയി രിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന് സൗകര്യംപോലെ ചെയ്യാമോ?

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, എഫ്.എ.സി.ടി.-യുടെ പ്രശ്നത്തിൽ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് ഒരു കമ്മിറ്റി രൂപീകരിച്ചാൽ മാത്രമേ എഫ്.എ.സി.ടി. രക്ഷപ്പെടുകയുള്ളൂ. അതുപോലെതന്നെ അമ്പലമുകളിലെ എച്ച്.ഒ.സി. (ഹിന്ദുസ്ഥാൻ ഓയിൽ കോർപ്പറേഷൻ) പൊതുമേഖലാ സ്ഥാപനമാണ്. അത് ലാഭത്തിൽ പ്രവർത്തിക്കുന്ന കമ്പനിയാണ്. കൊച്ചിൻ റിഫൈനറിയിൽനിന്ന് അസംസ്കൃത വസ്തുക്കൾ ലഭിക്കാത്തതുമൂലം കഴിഞ്ഞ ആറുമാസത്തിനിടയിൽ തുടർച്ചയായി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിലും ഇടയ്ക്കിടെ പ്രവർത്തിപ്പിച്ചപ്പോൾ 6 കോടി രൂപയുടെ ലാഭമുണ്ടാക്കാൻ സാധിച്ചു. എച്ച്.ഒ.സി.യുടെ പ്രശ്നം അവസാനിക്കണമെങ്കിൽ കൊച്ചിൻ റിഫൈനറീസ് ഒരു സഹോദര സ്ഥാപനമായി എച്ച്.ഒ.സി.-യെ ഏറ്റെടുത്തേ മതിയാവുകയുള്ളൂ. പ്രസ്തുത പ്രൊപ്പോസൽ നിലവിലുണ്ട്. ബി.പി.സി.എൽ.ൽ കേരള ഗവൺമെന്റ് സമ്മർദ്ദം ചെലുത്തിയാൽ ഇത് നടക്കുമെന്നുള്ളത് വസ്തുതയാണ്. അങ്ങ് ഗൗരവമായി ഈ വിഷയംകൂടി പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇന്നലെ സി.പി.ഐ.യുടെ സംസ്ഥാന സമ്മേളനം മലപ്പുറത്തുവച്ച് നടന്നു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആ സമ്മേളനത്തിൽ പങ്കെടുത്തതായി പത്രത്തിൽ വായിക്കാൻ കഴിഞ്ഞു. 'കേരളത്തിലെ ഇടതു സർക്കാരിനെ ഒരു ബദൽ രാഷ്ട്രീയ മാതൃകയാക്കി ഉയർത്തിക്കാട്ടണം' എന്ന് അദ്ദേഹം അവിടെ പ്രസംഗിച്ചു. എവിടെയാണ് ഉയർത്തിക്കാട്ടേണ്ടത്; ദേശീയ തലത്തിൽ ബി.ജെ.പി.-യെ നേരിടാനാണ് ഉയർത്തിക്കാട്ടേണ്ടത്. ക്വാറം തികയാതെ കാബിനറ്റുപോലും ചേരാൻ സാധിക്കാത്ത ഒരു ഗവൺമെന്റാണിത്. അങ്ങനെയുള്ള ഗവൺമെന്റിനെയാണോ ബി.ജെ.പി.-ക്ക് ബദലായി ഉയർത്തിക്കാണിക്കുന്നത്? കാബിനറ്റിൽ പോയാൽ ചായ കുടിക്കാം, ബിസ്കറ്റ് കഴിക്കാമെന്നല്ലാതെ പ്രത്യേകിച്ച് കാര്യമൊന്നുമില്ലെന്ന് ഇവിടെയുള്ള അങ്ങേയ്ക്കടക്കമുള്ള മന്ത്രിമാർക്കറിയാം. പുറത്തിറങ്ങി നടന്ന് ഉദ്ഘാടനം നടത്തിയാൽ ആ ചിത്രമെങ്കിലും പത്രത്തിൽ വരും. അതുകൊണ്ട് മന്ത്രിമാർ മനഃപ്പൂർവ്വമാണ് കാബിനറ്റിൽ പങ്കെടുക്കാത്തത്. ഇങ്ങനെ പോയാൽ അധികം വൈകാതെ ബംഗാളിൽനിന്ന് ആളുകളെ കൊണ്ടുവന്ന് മന്ത്രിമാരാക്കി ക്വാറം തികയ്ക്കേണ്ടി വരുന്ന സാഹചര്യം കേരളത്തിലെ മന്ത്രിസഭയ്ക്കുണ്ടാകും. കേരളത്തിൽ ഇപ്പോൾ എല്ലാ കാര്യങ്ങൾക്കും ആശ്രയിക്കുന്നത് ബംഗാളിൽനിന്ന് വരുന്ന 'ഭായി'മാരെയാണ്. പത്രമിടാനും മരത്തിൽ കയറാനും ചായ അടിക്കാനും പെറോട്ട അടിക്കാനും 'ഭായി'മാരെയാണ് വയ്ക്കുന്നത്. എന്നാൽ പിന്നെ നാലഞ്ച് ബംഗാളികളെ ഇവിടെ മന്ത്രിമാരാക്കിക്കൂടെ?

കെ.എസ്.ആർ.ടി.സി.-ക്ക് ഇപ്പോൾ ഡെയ്‌ലി വേജസിലാണ് മന്ത്രിയെ എടുത്തിരിക്കുന്നത്. നാലഞ്ച് ഭായിമാരെക്കൂടി മന്ത്രിമാരാക്കി ക്വാറം തികച്ച് ഇനിയും കേരളത്തെ അപമാനിക്കാതിരിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കണമെന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്. എന്റെ ചെറുപ്പകാലത്ത് ഡി.വൈ. എഫ്.ഐ.-ക്കാർ മുദ്രാവാക്യം വിളിച്ചുകൊണ്ട് പോകുന്നത് കേട്ടിട്ടുണ്ട്. 'കേരളം ഞങ്ങൾ ബംഗാളാക്കും ഓർത്തുകളിച്ചോ സൂക്ഷിച്ചോ' എന്നുള്ളതാണ് ആ മുദ്രാവാക്യം. ഇപ്പോൾ മനസ്സിലായി ഡി.വൈ.എഫ്.ഐ. ഇത്ര ദീർഘവീക്ഷണമുള്ളൊരു സംഘടനയായിരുന്നുവെന്ന്. കാരണം അവർ 10-25 വർഷം മുന്നിൽ കണ്ടുകൊണ്ട് കേരളത്തെ ഒരു ബംഗാളാക്കി മാറ്റിയിരിക്കുകയാണ്. ഇപ്പോൾ ഞായറാഴ്ച ദിവസം പെരുമ്പാവൂരിലേയ്ക്ക് ഇറങ്ങാൻ കഴിയില്ല. പെരുമ്പാവൂർ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെ നിയോജകമണ്ഡലമാണെങ്കിലും എന്റെ താലൂക്കിന്റെ ഹെഡ്ക്വാർട്ടേഴ്സാണ്. അതുവഴിവേണം എനിക്ക് മറ്റൊരു പഞ്ചായത്തിലേയ്ക്ക് പോകാൻ. അതുവഴി ഞായറാഴ്ച പോകാൻ കഴിയുന്നില്ല. അവിടെ ബംഗാളികളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ദൈവത്തിന്റെ സ്വന്തം നാട് ഇപ്പോൾ ബംഗാളികളുടെ നാടാക്കി മാറ്റിയ ഡി.വൈ.എഫ്.ഐ.-യുടെ പഴയ മുദ്രാവാക്യത്തിന് നന്ദി പറയുകയാണ്. ഈ നാട്ടിൽ ആർക്കും ആരെയും കൊല്ലാവുന്ന സ്ഥിതി വന്നുചേർന്നിരിക്കുന്നു. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി ഇവിടെയില്ല. 'ഒരാളെ വെട്ടിക്കൊന്നു, ഒരാളെ കുത്തിക്കൊന്നു, ഒരാളെ തല്ലിക്കൊന്നു, ഒരാളെ തൂക്കിക്കൊന്നു' എന്നത് ബഹുമാനപ്പെട്ട എം.എം.മണിയുടെ പഴയ മുദ്രാവാക്യമാണ്. ഷുഹൈബിനെ വെട്ടിക്കൊന്നു, സഫീറിനെ കുത്തിക്കൊന്നു, മധുവിനെ തല്ലിക്കൊന്നു. അതുപോലെ പ്രവാസിയായ സുഗതനെ ഇപ്പോൾ തൂക്കിക്കൊന്നിരിക്കുകയാണ്. സാധാരണ പള്ളീലച്ചൻമാർക്ക് പള്ളിയിലും അരമനയിലുമൊക്കെ സുഖമായി കഴിയാവുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ പള്ളീലച്ചൻമാർക്കുപോലും ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ്. മലയാറ്റൂരിലുള്ള വികാരി അച്ചനെ കപ്പ്യാര് കുത്തിക്കൊന്നു. കുത്തിക്കൊന്ന കപ്പ്യാർ അവസാനം കാട്ടിലൊളിച്ചു. കാട്ടിലൊളിച്ച കപ്പ്യാരെ നാട്ടുകാരാണ് പിടിച്ച് പോലീസിൽ ഏൽപ്പിച്ചത്. നാട്ടുകാർ പിടിച്ച് പോലീസിൽ ഏൽപ്പിക്കുന്നതിനുമുമ്പ് കപ്പ്യാർ നാട്ടുകാരോട് എനിക്കൊരു ആഗ്രഹമുണ്ടെന്ന് പറഞ്ഞു. എന്താണ് ആഗ്രഹമെന്ന് ചോദിച്ചപ്പോൾ കപ്പ്യാർ പറഞ്ഞത് എനിക്കൊരു സെൽഫി എടുക്കണമെന്നാണ്. അത് ഇപ്പോൾ പറ്റില്ല എന്നുപറഞ്ഞപ്പോൾ നിങ്ങളുടെ കൂടെയല്ല, എനിക്ക് കേരളത്തിലെ മുഖ്യമന്ത്രിയുടെ കൂടെ ഒരു സെൽഫിയെടുക്കണമെന്നാണ് പറഞ്ഞത്. കൊലപാതകികൾക്കൊപ്പവും വെട്ടിയും കുത്തിയും കൊലപ്പെടുത്തുന്ന പ്രതികൾക്കൊപ്പവും നിന്ന് കേരളത്തിലെ മുഖ്യമന്ത്രി സെൽഫി എടുക്കുന്നതുകൊണ്ട് ഇപ്പോൾ കേരളത്തിൽ വെട്ടിക്കൊലയും കുത്തിക്കൊലയും ഒരു സാധാരണ സംഭവമായി മാറിയിരിക്കുന്നു. മുഖ്യമന്ത്രിയോടൊപ്പം സെൽഫിയെടുത്താൽ

എന്ത് കുറ്റം ചെയ്താലും അവർ രക്ഷപ്പെടുന്ന സാഹചര്യത്തിലേയ്ക്ക് ഇന്ന് കേരളം മാറിയിരിക്കുകയാണ്. ഇവിടെ സി.പി.ഐ.(എം) വെട്ടിക്കൊന്നാൽ സി.പി.ഐ. കുത്തിക്കൊല്ലും. കൊലപാതകത്തിൽപ്പോലും സി.പി.ഐ.(എം)-ഉം സി.പി.ഐ.-യും മത്സരിക്കുകയാണ്. ഇങ്ങനെ പോകുന്നൊരു ഗവൺമെന്റ് ഈ സംസ്ഥാനത്തുള്ളപ്പോൾ ഇവിടെ ആർക്കും എന്തും ചെയ്യാൻ കഴിയുന്ന സ്ഥിതിയുണ്ടാകുന്നു.

ആദിവാസി യുവാവിന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് മധുവിനെ രണ്ടുദിവസം മുമ്പ് മർദ്ദിച്ചിരുന്നുവെന്നാണ്. ആരാണ് ഉൾക്കാട്ടിൽ താമസിക്കുന്ന മധുവിനെ രണ്ടുദിവസം മുമ്പ് മർദ്ദിച്ചത്? ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർക്ക് മാത്രമേ മധുവിനെ മർദ്ദിക്കുവാൻ കഴിയുകയുള്ളൂ. എന്തുകൊണ്ടാണ് അവർക്കെതിരെ നടപടിയെടുക്കാത്തത്; ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരെ ഇപ്പോൾ നിരപരാധിയാക്കി വച്ചിരിക്കുന്നു. ഇത് അന്വേഷിക്കണം. മധു നടന്ന് ജീപ്പിൽ കയറിപ്പോയപ്പോൾ ഒരു കുഴപ്പവുമില്ലായിരുന്നു. അയാൾക്ക് പോലീസിന്റെ മർദ്ദനവും ഏറ്റിട്ടുണ്ട്. പാവപ്പെട്ട ആദിവാസിയായ ചെറുപ്പക്കാരനെ മർദ്ദിച്ചുകൊന്ന കേസിൽ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർക്കെതിരെയും ശക്തമായ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധനാഭ്യർത്ഥനയെ എതിർക്കുന്നു.

12.00 Noon]

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ധനാഭ്യർത്ഥനയെ എതിർക്കുന്നു. നമ്മുടെ സംസ്ഥാനത്ത് രണ്ട് വർഷത്തിനിടെ 61 സ്റ്റീൽ കമ്പനികളിൽ 15 എണ്ണമാണ് പൂട്ടിയത്. ബാക്കിയുള്ളവയുടെ ഉത്പാദനം 40 ശതമാനത്തിനും 50 ശതമാനത്തിനും ഇടയിലാണ്. വിറ്റ ഉത്പന്നങ്ങളുടെ തുക തിരിച്ചുകിട്ടുന്നതിനുവേണ്ടി മാത്രമാണ് പല കമ്പനികളും ഇപ്പോൾ പൂട്ടാതിരിക്കുന്നത്. സംസ്ഥാനത്ത് ചെറുകിട ഇടത്തരം സ്ഥാപനങ്ങൾ മാസം 65,000 ടൺ കമ്പിയാണ് ഉത്പാദിപ്പിച്ചിരുന്നത്. അതിപ്പോൾ 30,000-ൽ താഴെയായിരിക്കുന്നു. മാമം നാളികേര കോംപ്ലക്സ് പ്രതീക്ഷയോടെയാണ് പ്രവർത്തനം തുടങ്ങിയത്. രണ്ട് വർഷം കഴിഞ്ഞിട്ടും അവിടെ നടക്കുന്നത് വെളിച്ചെണ്ണയുടെ ചില്ലറ വിപണനവും ചമ്മന്തിപ്പൊടി ഉൾപ്പെടെയുള്ളവയുടെ വിൽപ്പനയുമാണ്. ബി.ടെക്. മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരിയായ പ്ലാന്റ് മാനേജരും അസിസ്റ്റന്റ് മാനേജരും ചേർന്നാണ് ഫാക്ടറിക്കുമുന്നിൽ ചില്ലറ വിൽപ്പന കൗണ്ടറിൽ ഇവ വിൽക്കുന്നത്.

കേരളത്തിൽ കേന്ദ്ര സർക്കാർ നേരിട്ട് നടത്തുന്ന സ്റ്റീൽ ഫാക്ടറികളിൽ രണ്ടാമത്തേതാണ് 1963-ൽ സ്ഥാപിച്ച ആറ്റിങ്ങൽ സ്റ്റീൽ ഫാക്ടറി. പ്രവർത്തനം നിലച്ച ഈ സ്ഥാപനം ഇപ്പോൾ നാശത്തിന്റെ വക്കിലാണ്. കോടികൾ വിലവരുന്ന യന്ത്രസാമഗ്രികൾ തുരുമ്പിച്ച് നശിച്ചുകഴിഞ്ഞു. വ്യവസായ പരിഷ്കരണത്തിനായി

കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം തയ്യാറാക്കിയ റാങ്ക് പട്ടികയിൽ കേരളം നിലവിലുണ്ടായിരുന്ന ഇരുപതാം സ്ഥാനത്തുനിന്ന് ഇപ്പോൾ ഇരുപത്തിയൊന്നാം സ്ഥാനത്തേയ്ക്ക് താഴ്ന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ മുഖത്തുനോക്കി അങ്ങയുടെ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നുവെന്ന് പറയാൻ എനിക്ക് വിഷമമുണ്ട്. പക്ഷെ കേരളത്തിലെ സാഹചര്യം ഇതാണ്. അതുകൊണ്ടാണ് ഞാൻ അങ്ങയുടെ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നത്.

എന്റെ ജില്ലയെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. അത് അങ്ങേയ്ക്കുകൂടി നന്നായി അറിയാവുന്ന കാര്യമാണ്. KEL-ന്റെ ഏറ്റവും വലുതും പുതിയതുമായിരുന്ന കാസർഗോഡ് യൂണിറ്റ് 2011 മാർച്ച് 28-നാണ് BHEL-ന് കൈമാറിയത്. BHEL ഈ സ്ഥാപനത്തിന്റെ Death Knell ആയി മാറിയിരിക്കുന്നുവെന്ന് എന്നെക്കാൾ കൂടുതൽ അങ്ങേയ്ക്കറിയാവുന്നതാണ്. 51 ശതമാനം ഓഹരി BHEL-നും 49 ശതമാനം കേരള സർക്കാരിനുമായി BHEL-EML എന്ന സംയുക്ത സംരംഭം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായി പ്രവർത്തനം ആരംഭിച്ചുവെങ്കിലും ഉടമസ്ഥരായ BHEL അധികൃതർ പുതിയ സാങ്കേതികവിദ്യയോ ഉൽപ്പന്നമോ കൊണ്ടുവന്നില്ല. നിലവിലുള്ള പ്രൊഡക്ഷൻപോലും നിർത്തിവച്ചു. ജീവനക്കാരുടെ ശമ്പള വർദ്ധനവ് നടപ്പിലായില്ലെന്ന് മാത്രമല്ല ഇപ്പോൾ ശമ്പളം കിട്ടാത്തൊരവസ്ഥയാണ് BHEL-ലുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് നന്നായി അറിയാവുന്നതാണ്. അങ്ങ് ഒരു കാര്യം ചെയ്തിട്ടുണ്ട്. അതിന് അങ്ങയോട് നന്ദിയും പറയുന്നു. 9 കോടി രൂപ വായ്പ ചോദിച്ചിരുന്നു. അങ്ങ് അത് അനുവദിച്ചിട്ടുണ്ട്. 2016-ലാണ് വായ്പ ചോദിച്ചത്. 2018 മാർച്ചിൽ അഞ്ച് കോടി രൂപയാണ് വായ്പ അനുവദിച്ചത്. ഒരു വർഷം 70 ലക്ഷം രൂപ ശമ്പളത്തിനും പി.എഫ്.-നും മറ്റുമായി വേണം. ഇപ്പോൾ വർഷത്തിൽ BHEL മൂന്നു മുതൽ നാലുകോടി രൂപവരെ നഷ്ടത്തിലാണ്. BHEL-നെ എങ്ങനെ വിചാരിച്ചാലും രക്ഷിക്കാൻ കഴിയില്ലായെന്ന് എല്ലാവർക്കുമറിയാം. പക്ഷെ രക്ഷിക്കാൻ കഴിയും. കാലഹരണപ്പെട്ട ഉൽപ്പന്നങ്ങളാണ് ഇപ്പോൾ അവിടെ പ്രൊഡ്യൂസ് ചെയ്യുന്നത്. പുതിയ പ്രോഡക്ട് ഇൻട്രൊഡ്യൂസ് ചെയ്യാൻ ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇലക്ട്രിക്കൽ വെഹിക്കിൾ ചാർജ് ചെയ്യുന്ന ഇലക്ട്രിക്കൽ എഞ്ചിൻ ഇന്ത്യയിൽ എവിടെയും ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നില്ല. ടാറ്റാ, മഹീന്ദ്ര, അശോക് ലൈലാൻഡ് തുടങ്ങിയ കമ്പനികൾ ഇത്തരം എഞ്ചിനുകൾ വിദേശത്തുനിന്നുമാണ് ഇറക്കുമതി ചെയ്യുന്നത്. ഇങ്ങനെ വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന എഞ്ചിനുകളുടെ വില 12 ലക്ഷം രൂപയാണ്. ഇതേ എഞ്ചിൻ നമുക്ക് BHEL-ൽ ഉൽപ്പാദിപ്പിക്കാം. നൂറ് ശതമാനം ലാഭത്തോടുകൂടി 6 ലക്ഷം രൂപയ്ക്ക് ഇത്തരം എഞ്ചിനുകൾ ടാറ്റാ, മഹീന്ദ്ര തുടങ്ങിയ കമ്പനികൾക്ക് നൽകാൻ

സാധിക്കും. ഇന്ത്യയിൽ ഒരു കമ്പനിയും ഇത് ഉൽപ്പാദിപ്പിക്കുന്നില്ല. അതുകൊണ്ട് ഇക്കാര്യം അങ്ങ് സജീവമായി പരിഗണനയിലെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത്തരം എഞ്ചിനുകൾ ഇലക്ട്രിക് ബോട്ടുകളിൽ ഘടിപ്പിക്കാം. അതുപോലെ സോളാർ പാനൽ വഴി കുഴൽക്കിണറുകളിൽനിന്ന് വെള്ളമെടുക്കാനും ഈ മോട്ടോറുകൾ ഉപയോഗിക്കാൻ സാധിക്കും. ഇപ്പോൾ 40 കോടി രൂപയുടെ ഓർഡർ BHEL-ൽ വന്നിട്ടുണ്ട്. അത് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. പക്ഷെ ബന്ധപ്പെട്ടവർക്ക് ആ ഓർഡർ അനുസരിച്ച് സാധനങ്ങൾ നൽകാൻ സാധിക്കുന്നില്ല. ക്യാപ്പിറ്റലില്ലാത്തതാണ് കാരണം. അതുകൊണ്ട് BHEL, EML കമ്പനികളുടെ ഓഹരികൾ വിറ്റഴിക്കാൻ BHEL തീരുമാനിച്ച സാഹചര്യത്തിൽ സ്ഥാപനത്തെ കേരള ഗവൺമെന്റ് ഏറ്റെടുത്ത് രക്ഷിക്കണമെന്നാണ് എനിക്ക് അങ്ങയുടെ മുന്നിൽ വയ്ക്കാനുള്ളൊരു നിർദ്ദേശം.

അങ്ങ് സ്പോർട്സ് വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന മന്ത്രിയാണ്. കാസർഗോഡ് ജില്ലയ്ക്ക് 10 കോടി രൂപയുടെ സിന്തറ്റിക് സ്റ്റേഡിയം അനുവദിക്കുമെന്ന് ശ്രീ. ഉമ്മൻ ചാണ്ടി അവതരിപ്പിച്ച ബജറ്റിൽ പറഞ്ഞിരുന്നു. അത് അനുവദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ഒരു ഇൻഡോർ സ്റ്റേഡിയം അനുവദിച്ചിരുന്നു. അത് പ്രാവർത്തികമാക്കാൻ നടപടിയെടുക്കണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. കാസർഗോഡ് നഗരത്തിൽ കെ.എസ്.ഐ.ഡി.സി.യുടെ ഉടമസ്ഥതയിലുള്ള ആസ്ട്രൽ വാച്ചസ് കമ്പനി നടത്തിയിരുന്ന രണ്ടേക്കർ സ്ഥലം വർഷങ്ങളായി അടച്ചുപൂട്ടിയിരിക്കുകയാണ്. അങ്കമാലിയിലും തൃശ്ശൂരിലും മഞ്ചേരിയിലും ഷൊർണ്ണൂരിലും ചെയ്തതുപോലെ ഒരു മൾട്ടി സ്റ്റോറീഡ് വ്യവസായ എസ്റ്റേറ്റ് പ്രസ്തുത സ്ഥലത്ത് സ്ഥാപിക്കുന്നപക്ഷം ജില്ലയിലെ നിരവധി ചെറുകിട സംരംഭകർക്കും ഈ പ്രദേശത്തിനും അത് ഏറെ പ്രയോജനപ്പെടും. അങ്ങയുടെ പരിഗണനയിലുള്ള കാര്യമാണതെന്ന് ഞാൻ മനസ്സിലാക്കുന്നു. ആ കാര്യത്തിലും ഉചിതമായ നടപടി അങ്ങയുടെ ഭാഗത്തുനിന്ന് പ്രതീക്ഷിക്കുകയാണ്. അതുപോലെ വ്യവസായ ഏരിയയായ കാസർഗോഡ് അനന്തപുരത്തിന് 108 ഏക്കർ ഭൂമിയുണ്ട്. ഇതുവരെ യാതൊരു വികസന പ്രവർത്തനങ്ങളും അവിടെ നടത്തിയിട്ടില്ല. ധാരാളം വ്യവസായ സംരംഭകർ പ്രോജക്ടുകളുമായി വരുന്നെങ്കിലും വികസന പ്രവർത്തനങ്ങൾ നടത്താത്തതിനാൽ അവർ പിന്മാറുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. അക്കാര്യത്തിൽ അടിയന്തര നടപടിയെടുക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. വ്യവസായ സംരംഭകർക്ക് അവരുടെ മുതൽമുടക്കിന്റെ അടിസ്ഥാനത്തിൽ നിശ്ചിത ശതമാനം തുക സബ്സിഡിയായി ഇപ്പോൾ നൽകിവരുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ 40 ശതമാനം വരെ തുക സഹായമായി നൽകുന്നുണ്ട്. എന്നാൽ സംരംഭകർക്ക് ആവശ്യമായ മെഷിനറികൾ

പലതും വിദേശത്തുനിന്നും ഇറക്കുമതി ചെയ്യേണ്ടതാണ്. ഇങ്ങനെ ഇറക്കുമതി ചെയ്യുന്ന യന്ത്രസാമഗ്രികളുടെ ബിൽ ഓഫ് എൻട്രി ഉണ്ടെങ്കിൽ മാത്രമേ സബ്സിഡി നൽകാവൂ എന്നതാണ് നിയമം. ഏതെങ്കിലും ഏജൻസി മുഖേനയാണ് ചെറുകിട വ്യവസായ സംരംഭകർ മെഷിനറികൾ ഇറക്കുമതി ചെയ്യുന്നത്. ഏജൻസി മെഷിനറി കൊണ്ടുവരുമ്പോൾ ബിൽ ഓഫ് എൻട്രി ഏജൻസിയുടെ പേരിലാകും ഉണ്ടാകുക. ബിൽ ഓഫ് എൻട്രി ചെറുകിട വ്യവസായ സ്ഥാപനത്തിന്റെയോ ഉടമയുടെയോ പേരിലല്ലാത്തതിനാൽ സംരംഭകർക്കുള്ള സബ്സിഡി നിഷേധിക്കുന്നതായി ധാരാളം പരാതിയുണ്ട്. അക്കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. മറ്റൊന്ന് ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും വ്യവസായ എസ്റ്റേറ്റിനായി ഭൂമി വാങ്ങിവരുന്നു. എന്നാൽ അവയിൽ 90 ശതമാനവും തുടർപ്രവർത്തനങ്ങളില്ലാത്തതിനാൽ വർഷങ്ങളായി വെറുതെ കിടക്കുകയാണ്. ആയിരക്കണക്കിന് ഏക്കർ വരുന്ന ഈ ഭൂമിയിൽ വികസനം നടത്തിയാൽ സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയ്ക്ക് വലിയ മുതൽക്കൂട്ടാകും.

രാഷ്ട്രീയം അധികമൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. ത്രിപുരയിലെ തെരഞ്ഞെടുപ്പ് ഫലം കണ്ട് അപ്പുറത്തുള്ളവർ ഞെട്ടിയോ വേദനിച്ചോ എന്നറിയില്ല. പക്ഷെ ഇപ്പുറത്തുള്ള ഞങ്ങളിൽ അത് വളരെ ദു:ഖവും നിരാശയും ഉണ്ടാക്കി. ശ്രീ. സീതാറാം യെച്ചൂരി തോറ്റു, ശ്രീ. പ്രകാശ് കാരാട്ട് ജയിച്ചു. അതുകൊണ്ട് ത്രിപുരയെ വളരെ നിർവ്വികാരതയോടെയാകാം നിങ്ങൾ കാണുന്നത്. പക്ഷെ ഞാൻ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ കവിതയിലെ ഒരു വരി ഉദ്ധരിക്കാൻ ആഗ്രഹിക്കുന്നു.

"ഞാൻ ജീവിക്കുന്നു എന്നത് മാത്രമല്ല ജീവിതം

പ്രപഞ്ചം ജീവിക്കുന്നുവെന്നതാണ് ജിവിതം"

ഇന്ത്യ എന്നത് ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞതുപോലെ മട്ടന്നൂരോ, തലശ്ശേരിയോ, കൂത്തുപറമ്പോ, ധർമ്മടമോ അല്ല. ഇന്ത്യ എന്നത് വിശാലമാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നമ്മുടെ മനസ്സ് നമുക്ക് വിശാലമാക്കാൻ സാധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ത്യയെ രക്ഷപ്പെടുത്താൻ സാധിക്കണം. വ്യക്തിപരമായി ചില നഷ്ടങ്ങൾ നേരിടേണ്ടി വരും. ഇന്ത്യക്കുവേണ്ടി നില കൊണ്ടവരാണ്, ഇന്ത്യ കെട്ടിപ്പടുക്കുവാൻ നോവ് സഹിച്ചവരാണ് നമ്മുടെ എല്ലാ നേതാക്കളും. നിരവധി ജാതികളിലും മതങ്ങളിലും വിശ്വസിക്കുന്ന സഹോദരീ

സഹോദരൻമാർ സുഖസുന്ദരമായ ഇന്ത്യയ്ക്കുവേണ്ടിയാണ് പൊരുതിയത്. ആ ഇന്ത്യയെ നാം എന്തിനാണ് വർഗ്ഗീയ ഭ്രാന്തൻമാരുടെ കൈകളിലേൽപ്പിക്കുന്നത്. കൊന്നും വെട്ടിയും കാലം കഴിക്കേണ്ടവരല്ല നമ്മൾ. മാഞ്ഞുതേഞ്ഞുപോകുന്ന ഇന്നത്തെ തലമുറ അസ്തമിക്കുകയും നാളത്തെ പുലരി വിടരുകയും ചെയ്താൽ രക്ഷിക്കാനാളില്ലാതെ ഫ്രിഡ്ജിൽ മാംസം സൂക്ഷിച്ചുവെന്നതിന്റെ പേരിൽ വെട്ടിനുറുക്കപ്പെടുന്ന ദുരന്തം നമ്മുടെ മക്കൾക്കുണ്ടാകാൻ പാടില്ല. നമ്മുടെ മനസ്സ് വിശാലമാക്കണം. അതാണ് ശ്രീ. യെച്ചൂരിയും പറഞ്ഞത്. ശ്രീ. ഒ. രാജഗോപാൽ ഇവിടെ എത്തി. അദ്ദേഹം നല്ല മനുഷ്യനാണ്. ......(മൈക്ക് ഓഫ്)......

<u>മി. ചെയർമാൻ</u>: ശ്രീ. ഇ. കെ. വിജയൻ 11 മിനിട്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, യോജിക്കാവുന്ന മേഖലകളിൽ നമ്മൾ ഐക്യപ്പെടണം. ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നു. നോട്ട് നിരോധനത്തെയും ജി.എസ്.ടി.യെയും തുടർന്ന് നമ്മുടെ രാജ്യത്തെ വ്യാവസായിക മേഖലയും ജനജീവിതവും ഏറെ പ്രയാസത്തിലേയ്ക്ക് നീങ്ങുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റുകളുടെ നിലപാടുകളെ തുടർന്ന് കഴിഞ്ഞ കുറേ വർഷങ്ങളായി തുടരുന്ന ഉദാരവൽക്കരണ സ്വകാര്യവൽക്കരണ സമീപനങ്ങളുമായി ബന്ധപ്പെട്ട് നമ്മുടെ രാജ്യത്തിന്റെ വ്യാവസായിക മേഖല തകർന്നിരിക്കുകയാണ്. അത്തരമൊരു സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിലെ വ്യവസായ വകുപ്പിനെ നേരായവഴിയിലൂടെ ഇതൊരു ബദൽ എന്ന നിലയ്ക്ക് മുന്നോട്ടുകൊണ്ടുപോകുന്നത്. ഇവിടെ ശ്രീ. വി. പി. സജീന്ദ്രൻ, സി.പി.ഐ.(എം)-ന്റെ സംസ്ഥാന സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളമൊരു ബദലാണെന്ന് സൂചിപ്പിച്ചതിനെ നിഷേധ രൂപത്തിൽ വിമർശിക്കുകയുണ്ടായി. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെയും ബി.ജെ.പി. ഗവൺമെന്റിന്റെയും നയത്തിന്റെ കെടുതികളാൽ ബുദ്ധിമുട്ടിയ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് കേരളത്തിലെ ഇന്നത്തെ ഗവൺമെന്റ് അതിനൊരു ബദൽ എന്ന നിലയ്ക്ക് സാമ്പത്തിക മേഖലകളിൽ പുതിയ പദ്ധതി ആവിഷ്കരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നത്; കേരളത്തിൽ വ്യാവസായിക രംഗത്ത് ഒരു വലിയ കുതിപ്പിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത് വിജയിക്കുമെന്ന് എൽ.ഡി.എഫ്.-ന് പൂർണ്ണബോധ്യമുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്-ന്റെ ഭരണകാലത്തും യു.ഡി.എഫ്. തകർത്ത എല്ലാ വ്യാവസായിക സ്ഥാപനങ്ങളെയും മുന്നോട്ടുകൊണ്ടു പോകാനും ലാഭത്തിലെത്തിക്കാനും കഴിഞ്ഞിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് വീണ്ടും നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്ന നിലപാടാണ് അവർ സ്വീകരിച്ചിരുന്നത്. കാര്യക്ഷമതയുള്ള

മാനേജ്മെന്റ് സംവിധാനങ്ങളിലൂടെ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കുന്നതിനും വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകൾക്ക് ലാഭ വിഹിതം നൽകുന്ന നിലയിലെത്തിക്കാനും 20 മാസത്തിനുള്ളിൽ കഴിഞ്ഞുവെന്നത് സംസ്ഥാന ഗവൺമെന്റിന് അഭിമാനിക്കാവുന്ന കാര്യമാണ്. മൂന്നരവർഷത്തെ കേന്ദ്ര ഗവൺമെന്റിന്റെ ഭരണത്തെത്തുടർന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയായെടുത്ത നിലപാടുകളുടെ ഭാഗമായ വിഷയങ്ങൾ എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. സി. കൃഷ്ണൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒട്ടേറെ പൊതുമേഖലാ വ്യവസായങ്ങൾ ഇന്ത്യാ രാജ്യത്ത് തകരുന്നുവെന്ന് പറഞ്ഞാൽ ലക്ഷക്കണക്കിന് തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതമാണ് തകരുന്നത്. അത് വിവിധ സംസ്ഥാനങ്ങളിലും ശ്രീ. നരേന്ദ്ര മോദി ഭരിച്ചിരുന്ന ഗുജറാത്തിലും എങ്ങനെയാണ് സംഭവിക്കുന്നതെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് ഞാൻ ആവർത്തിക്കുന്നില്ല. എന്നാൽ ഒരു പരിഷ്കൃത സമൂഹത്തിലൂടെ മുന്നോട്ടുപോകുമ്പോൾ നമ്മുടെ രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകാൻ സാമ്രാജ്യ വിരുദ്ധ പ്രസ്ഥാനത്തിലൂടെ സുദീർഘമായ നാളുകളുടെ പോരാട്ടത്തെത്തുടർന്ന് സ്വാതന്ത്ര്യം പ്രാപിച്ച രാജ്യത്ത് നമ്മുടെ നവരത്നങ്ങൾ എന്നറിയപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങളുൾപ്പെടെ വിറ്റഴിക്കാൻ ഒരു വകുപ്പിനെ സൃഷ്ടിച്ച സമീപനത്തിലേയ്ക്ക് നമ്മുടെ രാജ്യം മാറി. പ്രിയപ്പെട്ടവരെ, പ്രതിപക്ഷ ത്തിരിക്കുന്നവരെ, രാജ്യസ്നേഹമുണ്ടെങ്കിൽ 'ഇത് അരുത്' എന്ന് പറയാനുള്ള സമീപനം നിങ്ങളുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്. ഇന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കാൻ ഒരു വകുപ്പ് തൊഴിലില്ലായ്മ പരിഹരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്ന നിലപാടുകൾ സ്വീകരിക്കുന്നതിനപ്പുറത്ത് രാജ്യ വികസനത്തിനുവേണ്ടി ലോക രാജ്യങ്ങൾ പ്രതീക്ഷയോടെ കണ്ട നമ്മുടെ രാജ്യത്തെ നവരത്നങ്ങൾ എന്നറിയപ്പെടുന്ന സ്ഥാപനങ്ങൾ ഒന്നൊന്നായി വിറ്റഴിക്കുന്ന നിലപാടാണ് നേരത്തെ യു.പി.എ. ഗവൺമെന്റ് സ്വീകരിച്ചത്. അതിനേക്കാൾ വേഗതയിലാണ് ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റ് അത് ചെയ്തുകൊണ്ടിരിക്കുന്നത്. അതിൽ മനം നൊന്തായിരിക്കാം ഒരുപക്ഷെ ഈ സമീപനം ഇവിടെ ശ്രീ. വി. പി. സജീന്ദ്രൻ സൂചിപ്പിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. കോഴിക്കോട് വലിയ റെയിൽവേ സ്റ്റേഷനാണ്. അവിടെ ഇഷ്ടംപോലെ ഭൂമിയുണ്ട്. അതെല്ലാം സ്വകാര്യ മേഖലയ്ക്ക് നൽകുന്നതിനെതിരെ ജനകീയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോർപ്പറേറ്റുവൽക്കരണത്തിന്റെ ഭാഗമായി റെയിൽവേ, ടെലികോം തുടങ്ങിയവയൊക്കെ ലോക മുതലാളിമാരുടെ കൈകളിലേ യ്ക്കെത്താൻ പോകുന്നു.

പെട്രോളിയത്തിന് എങ്ങനെയാണ് അനുനിമിഷം വിലകയറുന്നതെന്ന് കോൺഗ്രസ്സുകാർക്ക് അറിയാമല്ലോ? നിങ്ങളെടുത്ത ഒരു നിലപാടിന്റെ ഭാഗമായല്ലേ ഇങ്ങനെയുണ്ടായത്. അതുപോലെ വ്യോമയാന മേഖലയിൽ, ഊർജ്ജ മേഖലയിൽ തുടങ്ങി എല്ലാ മേഖലകളിലും വിദേശ നിക്ഷേപം കൊണ്ടുവരാനുള്ള ഒരു സമീപനമാണ്

ഇന്ന് ആരംഭിച്ചിട്ടുള്ളത്. അതിനെതിരെയുള്ള പ്രവർത്തനങ്ങളിലേയ്ക്കാണ് നാം നീങ്ങേണ്ടത്. ശ്രദ്ധയിൽപ്പെടുത്തേണ്ട മറ്റൊരു കാര്യം, എച്ച്.ഒ.സി.എൽ. (ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ്) ഉല്പാദിപ്പിക്കുന്ന ഫിനോൾ ബാംബൂ വ്യവസായവുമായി ബന്ധപ്പെട്ട് അവശ്യം വേണ്ടതാണ്. നാദാപുരം മണ്ഡലത്തിൽ ഇതിന്റെ ചെറിയ യൂണിറ്റുണ്ട്. മുളയുമായി ബന്ധപ്പെട്ട നമ്മുടെ പരമ്പരാഗത വ്യാവസായിക മേഖലയെ തകർക്കുന്ന നില അതിന്റെ ഭാഗമായി വരും. അതിനെ പ്രതിരോധി ക്കാനുള്ള മാർഗ്ഗം സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയേണ്ടതുണ്ട്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ വലിയ തോതിൽ ഉയർന്നുവന്ന സാഹചര്യത്തിലാണ് കേരള സർക്കാർ ശക്തമായ നടപടികളുമായി മുന്നോട്ടുപോകുന്നത്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ച കാസർഗോഡ് ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ കാര്യം ശരിയാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ അക്കാര്യം സൂചിപ്പിച്ചതുകൊണ്ട് അതിലേയ്ക്ക് പോകുന്നില്ല. ഇന്ത്യയിൽ സമീപകാലത്ത് 224000 വ്യവസായ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയത്; തീർച്ചയായും അതീവ ഗൗരവമേറിയ ഒരു സാഹചര്യമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് തകർത്ത ഇത്തരം വ്യവസായ മേഖലകളെ സംരക്ഷിക്കാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ, കേരള ഗവൺമെന്റിന്റെ നേതൃത്വത്തിൽ ധീരമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. അതിനെ നിങ്ങൾ സ്വാഗതം ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കണം. പാവപ്പെട്ട തൊഴിലാളികൾ ഏറെയുള്ള മേഖലയാണ് ടെക്സ്റ്റൈൽ മേഖല. അത് തകർന്നുതരിപ്പണമായ സാഹചര്യത്തിലാണ് കേരളത്തിൽ കൈത്തറി മേഖലയെ സംരക്ഷിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നത്. അതാണ് ബദൽ നയം. അത് കോൺഗ്രസ്സിന് മനസ്സിലാകുകയില്ല. ബദൽ നയമല്ല അവർ ആഗ്രഹിക്കുന്നത്. ലോക കോർപ്പറേറ്റുകൾക്ക് ഇന്ത്യയെ എത്തിച്ചുകൊടുക്കാൻ; ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ വിസ്മരിച്ചുകൊണ്ട്; ഗാന്ധിജിക്കുനേരെ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും വന്നപ്പോൾ ഒരു ചെറുവിരൽ അനക്കാൻ ഈ കോൺഗ്രസ്സിന് കഴിഞ്ഞോ? ഗാന്ധിജിയുടെ ഘാതകരെ സംരക്ഷിക്കാനുള്ള സമീപനവുമായി ആർ.എസ്.എസ് പോയപ്പോൾ നിങ്ങൾ എന്തുകൊണ്ട് അറച്ചു നിന്നു? നിങ്ങളുടെ മതേതരത്വം എവിടെ? രാജ്യസ്നേഹമെവിടെ? ഗാന്ധിജിയോടുള്ള സ്നേഹമെവിടെ? ഗാന്ധിജിയുടെ രാമരാജ്യ സങ്കൽപ്പവുമായി മുന്നോട്ടുപോകുന്ന കോൺഗ്രസ്സുകാർ അത്തരം ഒരു നില സ്വീകരിക്കുമ്പോൾ എടുക്കേണ്ട കാഴ്ചപ്പാട് ഇതായിരുന്നോ എന്ന് ഞാൻ ഈ സന്ദർഭത്തിൽ ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ഇത്തരം വെല്ലുവിളികളുടെ പശ്ചാത്തലത്തിലാണ് കേരളത്തിലെ ഗവൺമെന്റ് ഒരു ബദൽ സൃഷ്ടിച്ചുകൊണ്ട് മുന്നോട്ടുപോകുന്നത്. മുൻസർക്കാരിന്റെ ഭരണകാലത്ത് അടച്ചുപൂട്ടലിന്റെ വക്കിലായിരുന്ന 13 വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കി.

കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഓർഡിനൻസ് കൊണ്ടുവരികയും പിന്നീട് ഈ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തതാണ് കോമൺവെൽത്ത് ട്രസ്റ്റ് ഏറ്റെടുക്കൽ ബിൽ. ഇന്ന് അതിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിരിക്കുകയാണ്. അഭിമാനപൂർവ്വം എനിക്ക് പറയാൻ കഴിയും, കേവലമൊരു തൊഴിൽ പ്രശ്നം അല്ലെങ്കിൽ ആനുകൂല്യമെന്ന നിലയ്ക്കല്ല, 10 വർഷമാണ് ആ സ്ഥാപനത്തിലെ തൊഴിലാളികൾ എ.ഐ.ടി.യു.സി.യുടെ നേതൃത്വത്തിൽ കോഴിക്കോടിന്റെ ചരിത്രപാരമ്പര്യം നിലനിൽക്കുന്ന കോമൺവെൽത്ത് ട്രസ്റ്റ് നിലനിർത്തണമെന്ന സമരത്തിൽ വന്നത്. അവരുടെ ആനുകൂല്യങ്ങളല്ല, അവർക്ക് V.R.S (Voluntary Retirement Scheme) കൊടുക്കാൻ; മാന്യമായ വേതനം കൊടുത്ത് അവരെ തിരിച്ചയയ്ക്കാൻ ഭൂസ്വാമികൾ മുന്നോട്ടുവന്നു. സ്വകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ അവരെ വിലയ്ക്കുവാങ്ങുവാൻ മുന്നോട്ടുവന്നപ്പോൾ അതിനെയെല്ലാം തടഞ്ഞുകൊണ്ട് ഇത് നാടിന്റെ സ്ഥാപനമാണ്; ചരിത്രമുറങ്ങിക്കിടക്കുന്ന സ്ഥാപനമാണ്; കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപകനേതാവ് സ.കൃഷ്ണപിള്ള പടുത്തുയർത്തിയ ഒരു ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ തുടക്കംകുറിച്ച മണ്ണാണ് എന്ന് കണ്ടുകൊണ്ട് ആ സ്ഥാപനം നിലനിർത്താനുള്ള പോരാട്ടമാണ് നടത്തിയത്. തീർച്ചയായും കേരളത്തിലെ ഗവൺമെന്റ് ഇടപെടലിന്റെയും ജനകീയ സമരത്തിന്റെയും ഫലമായി പ്രസിഡന്റിന്റെ അനുമതി ഇന്ന് നമുക്ക് ലഭിച്ചിട്ടുണ്ട്. അതിനെ തികച്ചും മാതൃകാപരമായ ഒരു സ്ഥാപനമാക്കി മാറ്റുവാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് എല്ലാവിധ സഹായവുമുണ്ടാകുമെന്ന് എന്നോട് നേരിട്ട് പറഞ്ഞിട്ടുണ്ട്. വളരെ വേഗതയിൽ ആ പ്രവർത്തനം പൂർത്തീകരിക്കാനുള്ള സമീപനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. കേരളത്തിന് മാതൃകയായി, കോഴിക്കോടിന്റെ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന സ്ഥാപനമായി; ചരിത്രപരമായ ഒരു സ്ഥാപനമാക്കി മാറ്റാൻ കഴിയട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് രാവിലെ സഭയിൽ കൊണ്ടുവന്ന അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് ഒരു കാര്യം പറയേണ്ടതുണ്ടെന്ന് എനിക്ക് തോന്നുന്നു. ഏവർക്കും വേദനയുണ്ടാക്കുന്നതാണ് പ്രിയപ്പെട്ട സുഗതന്റെ വേർപാട്. പക്ഷെ അതിനോടനുബന്ധിച്ച യാഥാർത്ഥ്യങ്ങൾ പറഞ്ഞാൽ നമ്മൾ അത് കേൾക്കാൻ തയ്യാറാണ്. യാഥാർത്ഥ്യങ്ങൾക്കപ്പുറത്ത് അദ്ദേഹത്തിന്റെ മക്കൾ 26, 27 തീയതികളിൽ മാതൃഭൂമിയിലും, മീഡിയാ വൺ ചാനലിലും നടത്തിയ സ്റ്റേറ്റ്മെന്റിൽ കൈക്കൂലി ചോദിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്ന് പറഞ്ഞത് ഞാൻ കേട്ടതാണ്. പക്ഷെ ശ്രീ. രമേശ് ചെന്നിത്തല അവിടെ പോയതിനുശേഷം അങ്ങനെ പറഞ്ഞോ എന്ന് എനിക്കറിയില്ല. പക്ഷേ മക്കൾ നടത്തിയ പ്രസ്താവന എനിക്ക് കേൾക്കാൻ കഴിഞ്ഞതാണ്. പണം വാങ്ങിയതുമായി

ബന്ധപ്പെട്ട് 32 ഗ്രാം സ്വർണ്ണം പണയം വച്ച് 63,000 രൂപ കിട്ടി, XXX* എന്ന ആരോപണം ഉന്നയിച്ചു. തീർച്ചയായും അത്തരം ആരോപണം നിയമസഭയിൽ ഉന്നയിക്കുന്നുണ്ടെങ്കിൽ അത് രേഖാമൂലം ഉന്നയിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ മറ്റ് വിഷയങ്ങളിലേയ്ക്കൊന്നും കടന്നുപോകുന്നില്ല. വളരെ വിനയപൂർവ്വം നിയമസഭയ്ക്കകത്ത് ഈ പ്രശ്നങ്ങളെ കണ്ടുകൊണ്ട് മുന്നോട്ടുപോകുന്ന വ്യവസായ വകുപ്പിന്റെ നിലപാടുകളെ പിന്തുണയ്ക്കണമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് എന്റെ പിന്തുണ അറിയിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റ് നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ഇന്ത്യയിലെ വ്യവസായ രംഗം വൻവെല്ലുവിളികൾ നേരിടുന്ന സാഹചര്യത്തിൽ കേരളത്തിലെ വ്യവസായ മേഖലയെ സംരക്ഷിച്ച് കൂടുതൽ വളർച്ചയിലേയ്ക്ക് നയിക്കുന്നതിനാവശ്യമായ സമീപനങ്ങൾ ഈ സർക്കാരിൽ നിന്നുമുണ്ടായി. ഇതിനാവശ്യമായ സഹായം ബജറ്റിൽ വേണ്ടുവോളം നൽകിയെന്നത് ഏറെ പ്രതീക്ഷയോടെയാണ് കേരളം കാണുന്നത്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ, മുൻ കേന്ദ്ര സർക്കാർ തുടർന്നുവന്ന സാമ്പത്തിക - വ്യവസായ നയങ്ങൾ കൂടുതൽ തീവ്രതയോടെ നടപ്പിലാക്കുന്നതുകൊണ്ട് രാജ്യത്തെ പൊതുമേഖലാ വ്യവസായങ്ങൾ വൻതകർച്ചയെ നേരിടുന്ന ഒരു കാലഘട്ടമാണിത്. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആസൂത്രണ കമ്മീഷനെ പിരിച്ചുവിട്ട് നീതി ആയോഗ് എന്ന സംവിധാനം നടപ്പിലാക്കുകയുണ്ടായി. വിറ്റഴിക്കേണ്ടതും സ്വകാര്യവൽക്കരിക്കേണ്ടതുമായ വ്യവസായ സ്ഥാപനങ്ങളുടെ ഒരു പട്ടിക തന്നെ അവർ തയ്യാറാക്കി. മുൻകാലങ്ങളിൽ രാജ്യത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലും വ്യവസായം തുടങ്ങുന്നതിനാവശ്യമായ സാങ്കേതികവിദ്യയും നിക്ഷേപവും കണ്ടെത്തുന്നതിനാണ് സർക്കാർ മുൻഗണന നൽകിയിരുന്നത്. അത്തരത്തിലുള്ള വ്യവസായങ്ങളെയും സംരംഭങ്ങളെയും പ്രോത്സാഹിപ്പിച്ചും അഭിവൃദ്ധിപ്പെടുത്തിയും രാജ്യത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും അതോടൊപ്പം തന്നെ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുന്നതിനും ഒരു സമൂഹത്തെയാകെ ഉൾക്കൊണ്ടുകൊണ്ട് രാജ്യത്തെ പുരോഗതിയിലേയ്ക്ക് നയിക്കാനും കഴിയുന്ന തരത്തിലാണ് ഇന്ത്യയിൽ വ്യവസായമേഖലയെ ഭരണാധികാരികൾ സമീപിച്ചിരുന്നത്. എന്നാൽ വാജ്പേയ് സർക്കാർ പൊതുമേഖലയെ വിറ്റഴിക്കാൻ ഒരു വകുപ്പുമന്ത്രിയെ സൃഷ്ടിച്ചു. അതിനുശേഷം ഡോ. മൻമോഹൻ സിംഗിന്റെ ഭരണകാലത്തും തുടർന്ന് ശ്രീ. നരേന്ദ്ര മോഡി അധികാരത്തിലെത്തിയപ്പോഴും പൂർവ്വാധികം ശക്തിയോടെ അത് തുടരുകയാണ്.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം ഫയൽ നമ്പർ 1399/ഇ.ബി./2018 തീയതി 8-3-2018 രേഖയിൽ നിന്ന് നീക്കം ചെയ്തു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ]

പല സ്ഥാപനങ്ങളും സ്ക്രാപ് വിലയ്ക്ക് വിൽപ്പന നടത്തി വൻ അഴിമതിയാണ് നടത്തുന്നത്. വാജ്പേയ് സർക്കാർ തുടങ്ങി ഡോ. മൻമോഹൻ സിംഗിന്റെ കാലത്ത് തുടർന്നുവന്ന വൻഅഴിമതി കണ്ട് മനം മടുത്ത ജനം ശ്രീ. നരേന്ദ്ര മോദിയെ അധികാരത്തിൽ കൊണ്ടുവന്നു. എന്നാൽ ശ്രീ. നരേന്ദ്ര മോദി പൂർവ്വാധികം ശക്തിയായി വിൽപ്പനയും സ്വകാര്യവൽക്കരണവും നടത്തുന്നു. ഇതുകൊണ്ടാണ് ബി.ജെ.പി.ക്ക് ബദൽ കോൺഗ്രസ്സല്ലെന്ന് നാം തിരിച്ചറിയുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ നോട്ട് നിരോധനവും ജി.എസ്.ടി. നടപ്പിലാക്കിയതും കാരണം തൊഴിൽ മേഖല തകർന്നുതരിപ്പണമായി. ചെറുകിട വ്യവസായ മേഖലയിൽ 2,24,000 വ്യവസായശാലകൾ പൂട്ടിയപ്പോൾ 65 ലക്ഷം പേർക്കാണ് തൊഴിൽ നഷ്ടപ്പെട്ടത്. യു.ഡി.എഫ്. ഭരണകാലത്ത് കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. കേരളത്തിൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോഴൊക്കെ പൊതുമേഖലാ വ്യവസായങ്ങളോട് കടുത്ത അവഗണനയാണ് കാണിച്ചിട്ടുള്ളത്. പൊതുമേഖലയിൽ ഒരു വ്യവസായത്തെപ്പോലും നഷ്ടത്തിൽനിന്ന് കരകയറ്റാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞില്ലെന്ന് മാത്രമല്ല, ലാഭത്തിൽ പ്രവർത്തിച്ച വ്യവസായത്തെയും നഷ്ടത്തിലാക്കുന്ന സമീപനമാണ് അവർ സ്വീകരിച്ചതെന്ന് കാണാൻ കഴിയും. വ്യവസായ മേഖലയെ അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റി. തിരുവണ്ണൂർ കാട്ടറുമ്പിൽ യു.ഡി.എഫ്. സർക്കാർ വ്യവസായശാല അടച്ചുപൂട്ടി തൊഴിലാളികളോട് പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടു. കുറച്ചുപേർ പിരിഞ്ഞു പോയി. ഭൂരിപക്ഷം തൊഴിലാളികളും സമര രംഗത്തായിരുന്നു. വി.എസ്. സർക്കാർ അധികാരത്തിൽ വന്നശേഷം കമ്പനി ആവശ്യമായ മൂതൽ മുടക്കി പ്രവർത്തനക്ഷമമാക്കി നല്ല നിലയിൽ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് വീണ്ടും പ്രവർത്തനം നിലച്ചു. ഈ ബജറ്റിൽ 30 കോടി രൂപ അനുവദിച്ചു. ഇതുപോലെ ടെക്സ്റ്റൈൽ മേഖലയ്ക്ക് വൻതോതിൽ തുക വകയിരുത്തിയെന്ന് നമുക്ക് കാണാൻ കഴിയും.

യു.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം 131.60 കോടി രൂപയായിരുന്നു. എന്നാൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം 71 കോടി രൂപയുടെ നഷ്ടം നികത്തുകയുണ്ടായി. ഈ സാമ്പത്തിക വർഷം 34.19 കോടി രൂപയുടെ റെക്കോർഡ് ലാഭത്തിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞു. അഴിമതി നടക്കാതെ നോക്കിയതുകൊണ്ട് മാത്രമാണ് ലാഭത്തിൽ എത്താൻ പൊതുമേഖലയ്ക്ക് സാധിച്ചത്. പൊതുമേഖലയ്ക്ക് കഴിഞ്ഞ വർഷം 100 കോടി രൂപയായിരുന്ന ബജറ്റ് വിഹിതം ഈ വർഷം 270 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. Ease of doing Business ഉത്പാദനവും തൊഴിലും

വളർത്താൻ ന്യായമായ വ്യവസ്ഥകൾക്ക് വിധേയമായി മൂലധന നിക്ഷേപം വളർത്തുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ കൈക്കൊള്ളുന്നുണ്ട്. ഇത് സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് ഏറെ സഹായകരമാണ്. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് ഇപ്പോൾ നിയമമാകുന്ന ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ബിൽ. ഈ നിയമം ചരിത്രം സൃഷ്ടിക്കും. ഒരു വ്യവസായത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കിയതുകൊണ്ട് മാത്രം വ്യവസായങ്ങൾ വരില്ല എന്ന തിരിച്ചറിവ് ഇവിടെ കാണാൻ സാധിക്കും. വ്യവസായങ്ങൾക്ക് അനുകൂലമായ എല്ലാ സൗകര്യങ്ങളും ഒരുക്കികൊടുത്താണ് മറ്റ് സംസ്ഥാനങ്ങൾ സംരംഭകരെ ആകർഷിക്കുന്നത്. ഇവരോട് മത്സരിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഇതിന് സംരംഭകർക്ക് ആവശ്യമായ ധനസഹായങ്ങൾ നൽകണം, അവർക്കാവശ്യമായ ലൈസൻസുകളും പെർമിറ്റുകളും നിയമവിധേയമായി വേഗത്തിൽ ലഭ്യമാക്കണം, ആവശ്യമായ സാങ്കേതിക സഹായങ്ങളും പരിശീലനങ്ങളും ലഭ്യമാക്കണം, മാസങ്ങളോളം സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങേണ്ട അവസ്ഥ മാറണം, മറ്റ് പ്രതിബന്ധങ്ങൾ മറികടക്കാൻ കഴിയുന്ന വ്യവസ്ഥകളുണ്ടാകണം. ഈ നിയമം പാസ്സാകുന്നതോടുകൂടി ഈ കാര്യങ്ങൾക്കെല്ലാം പരിഹാരമാകുമെന്ന കാര്യം തീർച്ചയാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഉള്ളതിനേക്കാൾ മെച്ചപ്പെട്ടതും വിപ്ലവകരവുമായ നിയമമാണിത്. ഈ നിയമത്തെ കേരളത്തിലെ വ്യവസായ സമൂഹം സഹർഷം സ്വാഗതം ചെയ്തിട്ടുണ്ട്. ഈ നിയമം കൊണ്ടുവന്നതിൽ വ്യവസായ വകുപ്പുമന്ത്രിയെയും മുഖ്യമന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുന്നു. കേരളത്തിൽ 14 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറയുകയും ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ ലാഭം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടലുകളും പ്രവർത്തനവും കൊണ്ടാണ് ഇത് സാധ്യമായത്. ഉയർന്ന ജനസാന്ദ്രതയും ഗ്രാമ-നഗര വ്യത്യാസം ഇല്ലാത്ത ആവാസ വ്യവസ്ഥയും നിലനിൽക്കുന്ന നമ്മുടെ നാട്ടിൽ പുതിയ സംരംഭങ്ങൾക്കായി വൻകിട വ്യവസായികൾ എത്താനുള്ള സാധ്യത കുറവാണ്. അതുകൊണ്ട് ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് നല്ല മുൻഗണനയും പ്രോത്സാഹനവും നൽകണം. ഇതിനായി സർക്കാർ വൈവിദ്ധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. നിലവിലുള്ള പൊതുമേഖലാ വ്യവസായങ്ങളുടെ സാധ്യതകൾ പരമാവധി വികസിപ്പിച്ച് പ്രയോജനപ്പെടുത്താനുള്ള നല്ല ഇടപെടൽ ഈ ബജറ്റിലൂടെ നടത്തിയതായി കാണാം. കെ.എം.എം.എൽ. ചരിത്രത്തിലാദ്യമായി 136 കോടി രൂപ ലാഭത്തിൽ എത്തിയത് ശ്രദ്ധേയമായ നേട്ടമാണ്. ഒരുകാലത്ത് കേരളത്തിൽ ഇലക്ട്രോണിക്സ് സാങ്കേതികവിദ്യയുടെ അവസാന വാക്കായിരുന്ന കെൽട്രോണിന് പഴയ പ്രതാപം തിരിച്ചുപിടിക്കാനുള്ള

വ്യവസായ വകുപ്പിന്റെ നടപടിയെ കേരളം അഭിമാനത്തോടെയാണ് കാണുന്നത്. വ്യവസായ വളർച്ചയ്ക്കായി കേരളത്തിൽ അങ്ങോളമിങ്ങോളം വ്യവസായ വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ നിരവധിയാണ്. എന്റെ നിയോജക മണ്ഡലത്തിലുള്ള രാമനാട്ടുകരയിലെ 10 ഏക്കർ ഭൂമിയിൽ 45 കോടി രൂപ ചെലവിൽ അഡ്വാൻസ് ടെക്നോളജി പാർക്ക് തുടങ്ങുന്നതിനുള്ള നിർമ്മാണത്തിന് തുടക്കംകുറിച്ചുവെന്നത് എടുത്തുപറയത്തക്ക ഒന്നാണ്. കേരളത്തിലെ ആയിരക്കണക്കായ കുടുംബങ്ങൾക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകുന്നതാണ് ടെക്സ്റ്റൈൽ മേഖല. തുണിമില്ലുകളുടെ നവീകരണവും ആധുനികവൽക്കരണവുംകൊണ്ട് മാത്രമേ ഇന്നത്തെ മത്സര കമ്പോളത്തിൽ നിലനിൽക്കാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിലുള്ള മില്ലുകളുടെ നവീകരണത്തിന് 82 കോടി രൂപ ബജറ്റിൽ വകയിരുത്തിയ ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. കേരളത്തിലെ ഓട് വ്യവസായത്തിന് പ്രസിദ്ധിയാർജ്ജിച്ച ഫറോക്ക് എന്റെ മണ്ഡലത്തിലാണ്. ഫറോക്കിലും പരിസരത്തുമായി നിരവധി ഓട് കമ്പനികൾ അടച്ചുപൂട്ടി. നേരിട്ടും അല്ലാതെയും പണിയെടുക്കുന്ന നൂറ് കണക്കിന് ആളുകളുടെ കുടുംബങ്ങൾ പട്ടിണിയിലാണ്. അസംസ്കൃത വസ്തുവായ കളിമണ്ണ് ലഭ്യമാകുന്നില്ല എന്നതാണ് കാരണമായി പറയുന്നത്. കളിമണ്ണ് എടുക്കുന്നതിന് അനുകൂലമായ നിയമം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. ഈ ഓർഡർ വരുന്നതിനുമുമ്പ് അടച്ചുപൂട്ടിയ മലബാർ ടൈൽ, വെസ്റ്റ് കോസ്റ്റ് ടൈൽ, ഹിന്ദുസ്ഥാൻ ടൈൽ, കാലിക്കട്ട് ടൈൽ എന്നീ നാല് സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുകയാണ്. ഈ നാല് വ്യവസായശാലകളും തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. സ്റ്റീൽ കോംപ്ലക്സ് എന്റെ മണ്ഡലത്തിലാണ് പ്രവർത്തിക്കുന്നത്. സ്റ്റീൽ കോംപ്ലക്സ്, SAIL-ന്റെ പണവും സാങ്കേതികവിദ്യയും ഉപയോഗിച്ച് നല്ല രീതിയിൽ വളരുമെന്നാണ് കരുതിയിരുന്നത്. എന്നാൽ ഇന്ന് അവരുടെ സഹായമൊന്നും ലഭിക്കുന്നില്ല. ഗവൺമെന്റ് കുറച്ച് കമ്പിയെടുക്കാം എന്നുപറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവർ മെറ്റീരിയൽ കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ ഒരു സൗകര്യം അതിനുവേണ്ടി ഉണ്ടായിട്ടുണ്ട്. അത് കൂടുതൽ മെച്ചപ്പെടുത്തി നല്ല സ്റ്റീൽ വ്യവസായം എന്ന നിലയിൽ അതിനാവശ്യമായ സഹായം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. വ്യവസായ മേഖലയിൽ സൗഹൃദവും അനുകൂലവുമായ അന്തരീക്ഷത്തിന് നിയമ പ്രാബല്യവും നൽകിക്കൊണ്ടുള്ള കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ നിയമം പാസ്സാക്കിക്കൊണ്ട് ഇടതുപക്ഷ സർക്കാർ വ്യവസായ മേഖലയിൽ വിപ്ലവകരമായ മാറ്റത്തിന് തുടക്കംകുറിച്ചിരിക്കുകയാണ്. വ്യവസായ ലൈസൻസിന് അപേക്ഷ സമർപ്പിച്ചാൽ 30 ദിവസത്തിനുള്ളിൽ ലൈസൻസ് ലഭിക്കും. ലൈസൻസുകളുടെ കാലാവധി അഞ്ച് വർഷമാക്കി. ഏതെങ്കിലും സ്ഥാപനത്തിന്റെ പ്രവർത്തന ഫലമായി ശല്യം ഉണ്ടാകുമെന്ന് പരാതി ലഭിച്ചാൽ സ്റ്റോപ്പ് മെമ്മോ നൽകുന്ന തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കുള്ള അധികാരം

ഇനിയുണ്ടാകില്ല. പരാതിയിൽ സാങ്കേതിക വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേണ്ടി വന്നാൽ മാത്രമായിരിക്കും സ്റ്റോപ് മെമ്മോ നൽകേണ്ടത്. ലൈസൻസ് സംബന്ധമായ ബുദ്ധിമുട്ടുകളും നടപടിക്രമങ്ങളും ലഘൂകരിച്ച് വർഷങ്ങളായി വ്യവസായ മേഖല ആവശ്യപ്പെട്ടുകൊണ്ടിരുന്ന നിർദ്ദേശങ്ങളാണ് സർക്കാർ നിയമം വഴി നടപ്പിലാക്കിയിരിക്കുന്നത്. വ്യവസായ എസ്റ്റേറ്റിലെ 1970-ലെ ജി.ഒ. (എം.എസ്.) നം. 297/70 ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് പ്രകാരം ഹയർ പർച്ചേസ് എഗ്രിമെന്റ് പ്രകാരമാണ് സംരംഭകർക്ക് ഭൂമി നൽകിയിരുന്നത്. ഭൂമിയുടെ മുഴുവൻ തുകയും അടച്ചുകഴിഞ്ഞാൽ ഹയർ പർച്ചേസ് എഗ്രിമെന്റ് പ്രകാരം പ്രസ്തുത ഭൂമിയിൽ വ്യവസായികൾക്ക് പൂർണ്ണ അവകാശത്തിന് അർഹതയുണ്ട്. മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ അടുത്തകാലം വരെ കൈമാറ്റം ചെയ്യുന്നതിനും പണയപ്പെടുത്തി ബാങ്ക് ലോൺ എടുക്കുന്നതിനും വ്യാവസായിക ഉൽപ്പന്നം മാറ്റുന്നതിനും പുതിയ പങ്കാളികളെ ചേർക്കുന്നതിനും വ്യവസായികൾക്ക് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് പൂർണ്ണ അധികാരം നൽകിയിരുന്നതാണ്. വ്യവസായ എസ്റ്റേറ്റിലെ വ്യവസായങ്ങൾക്ക് സാമ്പത്തിക ബാധ്യത മൂലമോ പ്രായാധിക്യംമൂലമോ മറ്റ് കാരണങ്ങൾമൂലമോ വ്യവസായം നടത്തിക്കൊണ്ടുപോകുവാൻ ബുദ്ധിമുട്ട് ഉണ്ടാകുമ്പോൾ മറ്റ് വ്യവസായങ്ങൾക്ക് അനുമതി കൈമാറാൻ സാധിച്ചാൽ തന്മൂലം തൊഴിലാളികളുടെ ആനുകൂല്യം, ബാങ്ക് സെയിൽസ് ടാക്സ്, കുടിശ്ശിക തുടങ്ങിയ എല്ലാവിധ ബാധ്യതകളും തീർക്കുന്നതിന് വ്യവസായികൾക്ക് സാധിക്കുമായിരുന്നു. ഈ നിയമം പഴയതുപോലെ, വ്യവസായികൾക്ക് വ്യവസായം നടത്താൻ കഴിയാതെ വരുമ്പോൾ മറ്റ് ആളുകൾക്ക് വ്യവസായത്തിന് മാത്രം എന്ന വ്യവസ്ഥയിൽ കൈമാറാനുള്ള അനുവാദം കൊടുക്കണം. അങ്ങനെ ചെയ്താൽ അവർക്ക് അത് മറ്റൊരാൾക്ക് വിറ്റ് കടബാധ്യതകൾ തീർത്ത് പോകാൻ സാധിക്കും. ഇന്ന് അതിന് കഴിയുന്നില്ല. ഈ ഭൂമിയുടെ മുഴുവൻ വിലയും അടച്ചതാണ്. അതുകൊണ്ട് ഇതിന് മേലെ പഴയ ജന്മിമാരുടെ സ്വഭാവം ഡിപ്പാർട്ട്മെന്റ് സ്വീകരിക്കരുത്. ആ നിയമം പഴയതുപോലെയാക്കി വ്യവസായികൾക്ക് ഭൂമി ഇഷ്ടം പോലെ കൈമാറാനുള്ള അവസരം ഉണ്ടാക്കികൊടുക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ബജറ്റിനെ ഒരിക്കൽ കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ഡോ. എൻ. ജയരാജ്: സർ, 2015-ൽ ഇറക്കിയിട്ടുള്ള Ministry of Micro Small and Medium Enterprises-ന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ വ്യാവസായിക മേഖലയുടെ വളർച്ച ഏതാണ്ട് 10.95 ശതമാനമാണ്. ആരോഗ്യകരമായ സൂചന ഇക്കാര്യത്തിലുണ്ടെങ്കിലും കേരളത്തിന് ഈ രംഗത്ത് ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി വ്യവസായ രംഗത്ത് പുരോഗതിയുണ്ടാക്കു ന്നതിനുള്ള ഒട്ടേറെ ശ്രമങ്ങൾ നടന്നിട്ടുണ്ട്. അടുത്ത കാലത്ത് ഏഴ് പ്രധാനപ്പെട്ട

നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഒരു സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആരംഭിച്ചിട്ടുണ്ടെന്നുള്ളത് ശുഭോതർക്കമായ കാര്യമാണ്. അതൊക്കെ വളരെ നല്ലനിലയിൽ മുന്നോട്ടുപോകുമ്പോഴും ഇക്കാര്യത്തിൽ എല്ലാവരുടെയും ഒരുമിച്ചുള്ള ധാരണയും അതോടൊപ്പം ഏകജാലക സംവിധാനവും ഉൾപ്പെടെയുള്ള നടപടികൾ കൊണ്ടുവരേണ്ടതുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ നേരിട്ട് വിഷയത്തിലേയ്ക്ക് കടക്കുകയാണ്. കേരളത്തിന്റെ അഭിമാനകരമായ ഒരു സ്ഥാപനമാണ് 1947-ൽ കോട്ടയത്ത് ആരംഭിച്ച നാട്ടകം സിമെന്റ് ഫാക്ടറി. കഴിഞ്ഞ 20 വർഷക്കാലമായി ഈ സ്ഥാപനം നഷ്ടത്തിലാണ് പോകുന്നത്. വൈറ്റ് സിമെന്റുണ്ടാക്കുന്ന ഇന്ത്യയിലെ ഏക കമ്പനിയാണിത്. വേമ്പനാട്ട് കായലിലെ കക്ക ഉപയോഗിച്ച് വൈറ്റ് സിമെന്റ് നിർമ്മിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ ഇവിടെ നിന്നും കക്ക എടുക്കുന്നതിന് പാരിസ്ഥിതിക പ്രശ്നം ഉൾപ്പെടെയുള്ള വിഷയങ്ങളുണ്ടായപ്പോൾ ഈ കമ്പനിയുടെ പ്രവർത്തനങ്ങൾ വളരെയേറെ ബുദ്ധിമുട്ടിലായി. ഇന്ന് ഈ ഫാക്ടറി നഷ്ടത്തിലോടുന്ന അവസ്ഥയിലാണ്. സംസ്ഥാന ബജറ്റിൽ കഴിഞ്ഞ രണ്ട് പ്രാവശ്യമായി 10 കോടി രൂപ അനുവദിച്ചുകൊണ്ട് അവിടെ ഗ്രേ സിമെന്റ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. പക്ഷേ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പുറത്തുനിന്നും ക്ലിങ്കർ ഇറക്കുമതി ചെയ്ത് കക്കയും കൂടി ബ്ലെന്റ് ചെയ്തുള്ള ഉല്പാദന പ്രക്രിയയാണ് ഇപ്പോൾ അവിടെ നടക്കുന്നത്. ഈ സ്ഥാപനത്തിന് ഈ രീതിയിൽ അധികകാലം മുന്നോട്ടുപോകാൻ കഴിയില്ല. മാത്രമല്ല ഇംപോർട്ട് ചെയ്യുന്നതുകൊണ്ട് അതിന്റെ ഉല്പാദനച്ചെലവ് വളരെ കൂടുതലാണ്. ഒരു ചാക്ക് സിമെന്റിന് മാർക്കറ്റിൽ ശരാശരി 800 രൂപയുണ്ടെങ്കിൽ ഉല്പാദന ചെലവുമായി ബന്ധപ്പെട്ട് 1200-ഓളം രൂപയ്ക്ക് വിൽക്കേണ്ട സാഹചര്യമാണുള്ളത്. കോമ്പീറ്റ് ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. അതുപോലെ 600 ജീവനക്കാരുണ്ടായിരുന്ന സ്ഥാപനത്തിൽ ഇന്ന് 280-ൽ താഴെ ജീവനക്കാർ മാത്രമേയുള്ളൂ. വർഷങ്ങളായി അക്യുമുലേറ്റ് ചെയ്തതായ നഷ്ടങ്ങളും അതോടൊപ്പമുള്ള പ്രവർത്തനങ്ങളുംകൊണ്ട് ഈ സ്ഥാപനത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണ്. നാട്ടകം സിമെന്റ് ഫാക്ടറിയുമായി ബന്ധപ്പെട്ട് സമഗ്രമായ ഒരു പ്രോജക്ട് തയ്യാറാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്. എം.സി. റോഡിൽ നിന്നും 100 മീറ്റർ മാത്രം അകലെ കൊടൂരാറിന്റെ തീരത്തായി 53 ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒരു സ്ഥാപനമാണിത്. വ്യവസായം മാറ്റിവയ്ക്കണമെന്നല്ല ഞാൻ പറയുന്നത്, സിമെന്റ് വ്യവസായം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലുള്ള ഡൈവേഴ്സിഫിക്കേഷൻ കൊണ്ടുവന്ന് ഈ സ്ഥാപനത്തെ നിലനിർത്തിക്കൊണ്ട് പോകാനുള്ള ഒരു ശ്രമം തീർച്ചയായുമുണ്ടാകണം. ഗ്രേ സിമെന്റ് നിർമ്മിക്കുന്നതിന് വേണ്ടിയാണ് ഗവൺമെന്റ് ഇപ്പോൾ ബജറ്റിൽ തുക അനുവദിച്ചിട്ടുള്ളത്. അവിടത്തെ മെഷിനറി ഉൾപ്പെടെയുള്ള സാധനങ്ങൾ മാറ്റി

ക്കൊണ്ടുമാത്രമേ ഗ്രേ സിമെന്റ് നിർമ്മാണത്തിലേയ്ക്ക് കടക്കാൻ സാധിക്കൂ. മലബാർ സിമെന്റ് ഫാക്ടറി ഗ്രേ സിമെന്റ് നിർമ്മിക്കുന്നുണ്ട്. തെക്കൻ തിരുവിതാംകൂർ ഉൾപ്പെടുന്ന ഈ മേഖലയിൽ മലബാർ സിമെന്റ് ഫാക്ടറിയുടെ പ്രോഡക്ടുകൾ കാര്യമായി കിട്ടാറില്ല. നാട്ടകം സിമെന്റ് ഫാക്ടറിയേയും മലബാർ സിമെന്റ് ഫാക്ടറിയേയും ക്ലബ്ബ് ചെയ്തുകൊണ്ടുള്ള ഒരു വ്യവസായ സംരംഭവുമായി മുന്നോട്ടുപോകാനും ഒരേ സമയത്തുതന്നെ ഗ്രേ സിമെന്റ് ഉല്പാദിപ്പിക്കാനും കഴിഞ്ഞാൽ മദ്ധ്യതിരുവിതാംകൂർ ഉൾപ്പെടുന്ന മേഖലയിൽ നമ്മുടെ ഉല്പന്നം വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അന്യസംസ്ഥാനങ്ങളിൽനിന്നുള്ള സിമെന്റ് കമ്പനികളാണ് ഇപ്പോൾ ഈ രംഗത്തുള്ളത്. തീർച്ചയായും അക്കാര്യത്തിൽ നാട്ടകം സിമെന്റ് ഫാക്ടറിയെ സംരക്ഷിക്കാനുള്ള വളരെ ആത്മാർത്ഥമായ സമീപനം ഉണ്ടാകണം. ഇപ്പോൾ അനുവദിച്ചിട്ടുള്ള 10 കോടി രൂപയ്ക്ക് സമയബന്ധിതമായി പൂർത്തീകരിച്ചു കൊണ്ടുള്ള ഒരു നല്ല പ്രോജക്ടിന് രൂപംകൊടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഖാദി മേഖലയുമായി ബന്ധപ്പെട്ട് എന്റെ നിയോജ കമണ്ഡലത്തിൽ രണ്ട് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഖാദി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ഗോപിനാഥൻ നായർ ചെയർമാനായിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് നേരത്തെ കൊടുത്തതാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറേ കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന രണ്ട് യൂണിറ്റുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ എനിക്കറിയാം. ഒരു കഴിക്ക് 5.50 രൂപയാണുള്ളത്. ഒരു കഴി തയ്യാറാക്കാൻ ശരാശരി 18 രൂപയിൽ കൂടുതൽ വേണ്ടിവരും. അവിടെ ജോലി ചെയ്യുന്ന ഒരാളിന് ശരാശരി 100 രൂപയുടെ വരുമാനമാണ് ലഭിക്കുന്നത്. കാലാകാലമായി ഈ തുക വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം മുന്നോട്ടുവച്ചിട്ടുണ്ടെങ്കിലും ഇതുവരെ അത് നൽകാൻ കഴിഞ്ഞിട്ടില്ല. അടിസ്ഥാന സൗകര്യ മേഖലയിൽപ്പോലും മാറ്റങ്ങളുണ്ടാക്കാനുള്ള ശ്രമങ്ങളുണ്ടായെങ്കിലും കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ഖാദി ഡിപ്പാർട്ട്മെന്റിന് കെട്ടിടം പണിത് കൊടുക്കാമെന്ന് ഞാൻ പറഞ്ഞു. പക്ഷേ സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന പൊതുജനോപകാരപ്രദമായ ആസ്തികളുടെ സൃഷ്ടിയാണ് ആസ്തി വികസന പദ്ധതി ലക്ഷ്യമിടുന്നത്. ആയതിനാൽ ഖാദി ബോർഡിന് ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി വർക്ക് ഷെഡ്ഡുകൾ നിർമ്മിക്കാൻ അനുവാദമില്ലെന്നുള്ള മറുപടിയാണ് എനിക്ക് ലഭിച്ചത്. ആ മറുപടി മാറ്റി എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് ഇത്തരം സ്ഥാപനങ്ങളെ സഹായിക്കാൻ വിനിയോഗിക്കാമെന്നുള്ള ഉത്തരം നൽകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഖാദി ഡിപ്പാർട്ടുമെന്റിന് കെട്ടിടം പണിത് കൊടുക്കാൻ എം.എൽ.എ.-മാർ തയ്യാറാണ്.

വ്യവസായ വകുപ്പിന്റെകീഴിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് എന്നൊരു സ്ഥാപനമുണ്ട്. അതിന്റെ പ്രവർത്തനത്തെക്കുറിച്ച് വളരെ സമഗ്രമായ ഒരു അന്വേഷണമുണ്ടാകണം. എന്റെ നിയോജകമണ്ഡലം ഉൾപ്പെടെയുള്ള പല എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലും പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള സർക്കാരിന്റെ പദ്ധതി ഏറ്റെടുത്തത് ഈ സ്ഥാപനമാണെന്നാണ് എനിക്ക് തോന്നുന്നത്. ഈ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ച് പോയിരിക്കുകയാണ്. കഴിഞ്ഞ മൂന്നുനാല് വർഷക്കാലമായി ഈ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിലല്ല പോകുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദമായ അന്വേഷണമുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. വളരെ ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ഒരു വ്യവസായ വകുപ്പുമന്ത്രിയാണ് നമുക്കുള്ളത്. അതുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നഷ്ടത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 എണ്ണത്തെ ലാഭത്തിൽ കൊണ്ടുവരാൻ സാധിച്ചത്. ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ 34 കോടി രൂപയുടെ ലാഭമുണ്ടാക്കാൻ സാധിച്ചുവെന്ന് മാത്രമല്ല ബഹുമാനപ്പെട്ട മന്ത്രിതന്നെ ഓരോ ജില്ലയിലും പോയി അവിടത്തെ സാധ്യതകളെക്കുറിച്ച് ആരായുകയും അതനുസരിച്ചുള്ള വ്യവസായങ്ങൾ തുടങ്ങാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. 125 ഏക്കറോളം സ്ഥലത്ത് കരിമ്പ് വ്യവസായത്തിനായി എന്റെ മണ്ഡലത്തിൽ നിർമ്മിച്ച ചിറ്റൂർ ഷുഗർ ഫാക്ടറി തകർന്ന് കിടക്കുകയായിരുന്നു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും എക്സൈസ് വകുപ്പുമന്ത്രിയും ചേർന്ന് അതിന് മാറ്റമുണ്ടാക്കാനുള്ള വലിയ ശ്രമമുണ്ടായതിൽ ഞാൻ അഭിനന്ദിക്കുകയാണ്. വ്യവസായത്തിനും തൊഴിലാളികൾക്കും മാത്രമല്ല അവിടത്തെ കാർഷിക മേഖലയ്ക്കുതന്നെ വലിയൊരു മാറ്റമുണ്ടാക്കാൻ സാധിക്കുന്ന ഒരു പദ്ധതിക്ക് അങ്ങ് വാക്കാൽ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ പ്രത്യേക പ്രോജക്ട് റിപ്പോർട്ടൊക്കെ തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ കൃഷിക്കാർക്കും അത് ഗുണമാണ്, പ്രത്യേകിച്ചും പാലക്കാട് ജില്ലയിലെ കൃഷിക്കാർക്ക്. വാഴപ്പഴത്തിൽനിന്ന് വൈനുണ്ടാക്കുന്ന പുതിയ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ബാംഗ്ലൂരിൽ അത് നല്ല ലാഭത്തിലാണെന്ന് കാണാൻ സാധിച്ചിട്ടുണ്ട്. ഒരു ഏക്കറിൽ കൃഷി ചെയ്താൽ എല്ലാ ചെലവും കഴിഞ്ഞ് 8 ലക്ഷത്തിലധികം രൂപ ലാഭം കിട്ടാൻ സാധ്യതയുണ്ട്. ഇവിടെ ധാരാളം വാഴക്കൃഷി ചെയ്യാനും ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭിക്കാനുമുള്ള സാധ്യതയുണ്ട്. നെല്ലിക്കയിൽനിന്നും കാന്താരി മുളകിൽനിന്നും വൈനുണ്ടാക്കാനുള്ള

സാങ്കേതികവിദ്യയുണ്ട്. ജാതിക്കായുടെ തോട് വെറുതെ കളയുകയാണ്. അതിൽ നിന്നും വൈനുണ്ടാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും എക്സൈസ് വകുപ്പുമന്ത്രിയുംകൂടി ചർച്ചചെയ്ത് അങ്ങനെയൊരു നല്ല പദ്ധതിക്ക് രൂപം നൽകാനുള്ള നടപടിയെടുത്തിട്ടുണ്ട്. അതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. അങ്ങനെയൊരു പദ്ധതി നടപ്പിലായാൽ, കാർഷിക മേഖലയിൽ പ്രത്യേകിച്ചും പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ കാഷ് ക്രോപ്പുകളൊക്കെ നശിച്ചുകൊണ്ടിരിക്കുമ്പോൾ വലിയൊരു മാറ്റമുണ്ടാക്കിയെടുക്കാൻ സാധിക്കുന്നതാണ്. അതുകൊണ്ട് ഈ പദ്ധതിയുമായി മുന്നോട്ടുപോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കർണ്ണാടകത്തിൽ പ്രത്യേകമായി വൈൻ ബോർഡ് തന്നെ ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ ഫലവും അവർക്കുണ്ട്. അവിടെ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ മുഴുവൻ ഇന്ത്യയ്ക്ക് പുറത്താണ് വിൽക്കുന്നത്. അതുകൊണ്ട് വിദേശനാണ്യം ലഭിക്കാനുള്ള സാധ്യതയുണ്ട്. അതുമായി മുന്നോട്ട് പോകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. അതിനുള്ള സ്ഥലവും സൗകര്യങ്ങളുമൊക്കെ ഇവിടെയുണ്ട്.

അതുപോലെ അതിന് തൊട്ടടുത്തുതന്നെ ഫുഡ് പ്രോസസ്സിംഗിനുവേണ്ടി കുറെയേറെ സ്ഥലം വ്യവസായ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. അതിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാനുള്ള നടപടിയുമായിട്ടുണ്ട്. ഇനി അഗ്രികൾച്ചറൽ പ്രോസസ്സിംഗിലേയ്ക്ക് വരുന്നതാണ് ഏറ്റവും നല്ലത്. 50 ഗ്രാം ഉരുളക്കിഴങ്ങിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ 25 രൂപയ്ക്കാണ് വിറ്റുപോകുന്നത്. അതിന്റെ ഒരു നിശ്ചിത ശതമാനം ലാഭം കൃഷിക്കാർക്ക് കിട്ടുന്ന രീതിയിലായിരിക്കണം ആ സംവിധാനം ഏറ്റെടുക്കേണ്ടത്. അങ്ങനെ ഫുഡ് പ്രോസസ്സിംഗിന് ധാരാളം സാധ്യതയുണ്ട്. കേന്ദ്ര ഗവൺമെന്റാണെങ്കിൽ അഗ്രികൾച്ചറൽ പ്രൊഡ്യൂസർ കമ്പനികൾക്ക് ധാരാളം സാമ്പത്തിക സഹായം ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നമുക്ക് അത് പരമാവധി എങ്ങനെ ഉപയോഗിക്കാം? അതിന് ചെറിയ കമ്പനികൾ ഉണ്ടാക്കിയതുകൊണ്ട് കാര്യമില്ല. വലിയ കമ്പനികളുണ്ടാക്കിയാൽ മാത്രമേ മൾട്ടിനാഷണൽ കമ്പനികളുമായി മത്സരിക്കാൻ സാധിക്കുകയുള്ളൂ. അതിൽ ഏറ്റവും വലിയ അപകടം വരാൻ പോകുന്നത് ഈ എഫ്.പി.ഐ. അനുവദിച്ചപ്പോൾ ഫുഡ് പ്രോസ്സസിംഗിന് അനുവാദം നൽകി. അങ്ങനെ അനുവദിച്ചത് മൾട്ടി നാഷണൽ കമ്പനികൾ വരുമ്പോൾ ഇവിടത്തെ ചെറുകിട വ്യവസായികൾക്ക് അവരോട് എങ്ങനെ മത്സരിക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണം.

അതുപോലെ പുതിയ സാങ്കേതികവിദ്യയുടെ വരവ്, ത്രീഡി പ്രിന്റിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇതൊക്കെ വൻകിട വ്യവസായികൾ ഉപയോഗിക്കുമ്പോൾ ഇവിടെയുള്ള വ്യവസായികൾക്ക് പിടിച്ചുനിൽക്കാൻ സാധിക്കുമോയെന്നുള്ളതിനെ കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണം. ആ സാങ്കേതികവിദ്യ കൊണ്ടു

വരുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങൾ പഠിക്കാൻ വിദഗ്ദ്ധൻമാരടങ്ങുന്ന ഒരു ടീമിനെ ഏർപ്പെടുത്തി നമ്മുടെ വ്യവസായികൾക്ക് അതിന്റെ ഉപദേശം നൽകാൻ സംവിധാനമുണ്ടാക്കണം. അല്ലെങ്കിൽ നമുക്ക് അവരോട് പിടിച്ചുനിൽക്കാൻ വളരെയേറെ പ്രയാസപ്പെടേണ്ടിവരും. പ്രത്യേകിച്ച് ഈ സാങ്കേതികവിദ്യ വരുമ്പോൾ ആയിരക്കണക്കിന് തൊഴിലാളികളുടെ തൊഴിലവസരങ്ങളാണ് നഷ്ടപ്പെട്ട് പോകുന്നത്. നമ്മുടെ നാട്ടിൽ അത് എങ്ങനെ കൊണ്ടുവരാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം.

ഇപ്പോൾ ധാതുക്കൾ ലേലം ചെയ്തുവിൽക്കുമ്പോൾ അതിന്റെ ഒരു വിഹിതം അതാത് സ്റ്റേറ്റുകൾക്ക് കൊടുക്കുന്ന കേന്ദ്രഗവൺമെന്റിന്റെ ഒരു പുതിയ നയമാണ് വന്നിരിക്കുന്നത്. അത് നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കില്ല. കാരണം കരിമണൽ ആദ്യം ധാതുക്കളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്. 1963-ലാണെന്ന് തോന്നുന്നു അത് അണുശക്തി വകുപ്പിന്റെ കീഴിലാക്കിയത്. മോണോസൈറ്റിൽ തോറിയം ഉണ്ടെന്ന് പറഞ്ഞാണ് അണുശക്തി വകുപ്പിന്റെ കീഴിലാക്കിയത്. എന്നാൽ ഡോ. മൻമോഹൻ സിംഗ് ഗവൺമെന്റ് അതിനെ വീണ്ടും മിനറൽസിന്റെ കീഴിലാക്കിയിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ നമുക്ക് അതിന്റെ വിഹിതവും ഭൂമിയുടെ അവകാശവും കിട്ടാനുള്ള അർഹതയുണ്ടെങ്കിൽ, നിയമ വകുപ്പുമന്ത്രികൂടി അതിനെപ്പറ്റി വളരെ ഗൗരവമായി ആലോചിക്കേണ്ടതാണ്. അങ്ങനെ ആലോചിച്ചാൽ വലിയൊരു കുതിച്ചുചാട്ടം നമുക്കുണ്ടാക്കാൻ സാധിക്കും. ഒരു റിപ്പോർട്ടുപ്രകാരം 60 ലക്ഷം കോടി രൂപയുടെ തോറിയം 2012 വരെ ഇവിടെനിന്ന് കടത്തിക്കൊണ്ടുപോയിരിക്കുന്നുവെന്നുള്ളതാണ് അറിയുന്നത്. സി.എൻ.എൽ.-ലൊക്കെ ഇതിന്റെ റിപ്പോർട്ടുണ്ട്. ഇന്ത്യാരാജ്യത്തിന് മുഴുവൻ 200 കൊല്ലത്തേയ്ക്കുള്ള ഇലക്ട്രിസിറ്റി ഉല്പാദിപ്പിക്കാനുള്ള തോറിയം നമ്മുടെ കയ്യിലുണ്ടെന്നാണ് ഒരു പഠന റിപ്പോർട്ട്. മദ്രാസ് ഐ.ഐ.ടി.-യിൽ അതിനെക്കുറിച്ച് റിപ്പോർട്ടുണ്ട്. അത് വളരെ ഗൗരവമായി ആലോചിക്കണം. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു ചോദ്യത്തിന് മറുപടിയായി തോറിയം ഉപയോഗിച്ച് ഊർജ്ജം ഉണ്ടാക്കുന്നതിനുള്ള പഠനം കേന്ദ്രസർക്കാരിന്റെകീഴിലുള്ള അറ്റോമിക് എനർജി വകുപ്പാണ് നടത്തി വരുന്നതെന്നാണ് പറഞ്ഞത്. പ്രസ്തുത മന്ത്രാലയത്തിന്റെകീഴിലുള്ള ഇന്ദിരാഗാന്ധി സെന്റർ ഫോർ അറ്റോമിക് റിസർച്ച് എന്ന സ്ഥാപനം പരീക്ഷണാടിസ്ഥാനത്തിൽ ഒരു പ്രോട്ടോ ടൈപ്പ് റിയാക്ടറിന് രൂപം കൊടുത്തിട്ടുള്ളതാണ്. അപ്പോൾ തോറിയം ഉപയോഗിച്ച് റിയാക്ടർ ഉണ്ടാക്കാമെന്ന് നമ്മുടെ റിസർച്ചുകാർ തന്നെ പറയുന്നു. വിദേശത്തും അതിന്റെ ഏറ്റവും നല്ല സാങ്കേതികവിദ്യ അവർ കണ്ടുപിടിച്ചിട്ടുണ്ട്. അതുപയോഗിച്ചാൽ കേരളത്തിന്റെ സമ്പദ്ഘടനയ്ക്കുതന്നെ വലിയൊരു മാറ്റമുണ്ടാകും. അത് വളരെ ഗൗരവമായി ഏറ്റെടുക്കണം.

ഛത്തീസ്ഗഢിൽ കൽക്കരിക്കും ആസാമിൽ പെട്രോളിനും അവർ റോയൽറ്റി കൊടുക്കുന്നു. എന്തുകൊണ്ട് നമുക്ക് ഇത് വാങ്ങിക്കൂടാ എന്നുള്ളതിനെക്കുറിച്ച് ഭരണപക്ഷവും പ്രതിപക്ഷവുമെല്ലാം ഒരുമിച്ച് ആവശ്യപ്പെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരിക്കൽക്കൂടി വ്യവസായ വകുപ്പുമന്ത്രിയെ പ്രത്യേകിച്ചും ഷുഗർ ഫാക്ടറിയെ സംരക്ഷിക്കാനുള്ള നടപടിക്ക് പ്രത്യേകം നന്ദി അറിയിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. പി. സജീന്ദ്രൻ]

ശ്രീ. പി. ഉണ്ണി: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു. 1820-1840 കാലഘട്ടത്തിലാണ് വ്യവസായ വിപ്ലവം എന്ന മാറ്റമുണ്ടാകുന്നത്. കൈകൾ ഉപയോഗിച്ചുമാത്രം നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിരുന്ന സ്ഥാനത്തുനിന്ന് യന്ത്രങ്ങൾ ഉപയോഗിച്ചുള്ള ഉല്പാദന പ്രക്രിയയിലേയ്ക്ക് ലോകം മാറുകയുണ്ടായി. അതായത് ഫാക്ടറിസത്തിലേയ്ക്ക് മാറുകയുണ്ടായി. ആദ്യമായി വ്യവസായ വിപ്ലവത്തിന് വിധേയമായത് തുണി വ്യവസായമായിരുന്നു. തുണി മില്ലുകളുടെ ആവിർഭാവം കുടിൽ വ്യവസായത്തിലേയ്ക്കും പിന്നീട് ഫാക്ടറിസത്തിലേയ്ക്കും മാറി. വ്യവസായ വിപ്ലവം ലോകചരിത്രത്തിന്റെ ഗതിതന്നെ മാറ്റുകയുണ്ടായി. ജനങ്ങളുടെ ജീവിത നിലവാരത്തിനുതന്നെ മാറ്റങ്ങൾ സംഭവിച്ചു. ഏതൊരു രാജ്യത്തിന്റെയും സാമൂഹിക - സാമ്പത്തിക വളർച്ചയ്ക്കും മനുഷ്യക്ഷേമത്തിനും ആ രാജ്യത്തെ വ്യവസായങ്ങളുടെ വികസനം വളരെ നിർണ്ണായകമാണ്. അതിനുപുറമേ വരുമാനം സൃഷ്ടിക്കുന്നതിനും ദാരിദ്ര്യവും തൊഴിലില്ലായ്മയും ഇല്ലായ്മ ചെയ്യുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം വർദ്ധിപ്പിക്കുന്നതിനും വ്യവസായ മേഖലയുടെ വികസനം അത്യന്താപേക്ഷിതമാണ്. വ്യവസായ വകുപ്പിനുവേണ്ടി അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നുവെന്ന് പറയുമ്പോൾ ഏതൊരു വ്യവസായത്തിന്റെയും വളർച്ചയുടെ ചുക്കാൻപിടിക്കുന്നത് തൊഴിലാളികളാണ്. അതിന് തൊഴിലാളികളുടെ ന്യായമായ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അതിനുവേണ്ടി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പ്രവർത്തിക്കുന്ന നമ്മുടെ തൊഴിൽ വകുപ്പുമന്ത്രിയെ ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുന്നു. 2015-16 സാമ്പത്തിക വർഷത്തെ വ്യവസായ സ്ഥാപനങ്ങളുടെ അവസ്ഥയെ സംബന്ധിച്ച് പറയുകയാണെങ്കിൽ 17-ഓളം വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നു; അവ തകർച്ചയുടെ വക്കിലായിരുന്നു; പല സ്ഥാപനങ്ങളും അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്നു; അവിടത്തെ തൊഴിലാളികളുടെ ജീവിതം വഴിമുട്ടി നിൽക്കുകയായിരുന്നു. അടുക്കള ഉപകരണങ്ങൾപോലും വിറ്റ് കഞ്ഞികുടിക്കാൻ കുറച്ച് അരി വാങ്ങേണ്ടിവരുന്ന അവസ്ഥ ഈ കേരളത്തിലു ണ്ടായിട്ടുണ്ട്. ഇന്ന് അതൊരു പഴങ്കഥയാണ്. എന്തുകൊണ്ടാണ് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ എല്ലാ വ്യവസായ സ്ഥാപനങ്ങളും

നഷ്ടത്തിലാകുന്നത്? അവർ ശക്തമായ വ്യവസായ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് സംവിധാനത്തെ തകർക്കുന്നുവെന്നുള്ളതാണ് വസ്തുത. വിത്ത് കുത്തി ചോറുണ്ണുമെന്ന് പറയുന്നതുപോലെ അഴിമതി കൂടിച്ചേരുമ്പോൾ അടച്ചുപൂട്ടലുണ്ടാകുന്നു എന്നതാണ് ഫലം. നവ ഉദാരവൽക്കരണ നയത്തിലൂടെ ആദ്യം കോൺഗ്രസ്സും പിന്നീട് ബി.ജെ.പി.-യും പൊതുമേഖലയെ വിറ്റുതുലയ്ക്കാനല്ലേ ശ്രമിച്ചത്? വിറ്റുതുലച്ച് അത്തരം സ്ഥാപനങ്ങളെ നഷ്ടത്തിലാക്കണം. ആ കുടിലബുദ്ധിയാണ് അവർ പ്രയോഗിക്കുന്നത്. അവർ പൊതുമേഖലയെ മൊത്തം വിറ്റുതുലയ്ക്കാനുള്ള നടപടി സ്വീകരിച്ചു. ആ നയം പിന്തുടർന്ന യു.ഡി.എഫ്.-കാരിൽ നിന്നും തികച്ചും വ്യത്യസ്തമായ സമീപനമാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിൽ നിന്നും പ്രതീക്ഷിക്കേണ്ടത്. കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യം പരിശോധിച്ചാൽ അത് വ്യക്തമാകും. സ്വകാര്യവൽക്കരണമാണ് അവരുടെ ലക്ഷ്യം. ലാഭത്തിലോടുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ കച്ചവടം നടത്തി കാശ് കീശയിലാക്കാനാണ് കേന്ദ്രം ഇന്ന് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. തൊഴിലാളികളുടെ ശക്തമായ ചെറുത്തുനില്പിനെത്തുടർന്ന് തൽക്കാലം കേന്ദ്രം ചില നടപടികളിൽ നിന്ന് പിന്മാറിയ കാഴ്ചയാണ് കാണുന്നത്. എന്റെ ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ അതാണ് കാണാൻ കഴിഞ്ഞത്. ഭീഷണി ഇനിയും വിട്ടൊഴിഞ്ഞുവെന്ന് പറയാറായിട്ടില്ല. ഇവിടെയാണ് വ്യവസായത്തിന്റെ രാഷ്ട്രീയം. പൊതുമേഖലാ സ്ഥാപനങ്ങൾ രാജ്യത്തിന്റെ സമ്പത്താണ്. ഇതെല്ലാം പൊതുമേഖലയിൽ തന്നെ സംരക്ഷിക്കപ്പെടുകയും പൊതുമേഖലയെ സ്വകാര്യവൽ ക്കരിക്കാനുള്ള നടപടികൾ നിർത്തിവയ്പിക്കുകയും ചെയ്തേ മതിയാകൂ. നമ്മുടെ വ്യവസായ വകുപ്പ് ഇന്ത്യയ്ക്കാകെ മാതൃകയായിട്ടാണ് കേരളത്തിൽ പ്രവർത്തിക്കുന്നത് എന്നത് അഭിമാനകരമായ കാര്യമാണ്. ശാന്തിയും സമാധാനവും നിറഞ്ഞ തീരെ കലുഷിതമല്ലാത്ത വ്യവസായ മേഖലയെ സൃഷ്ടിക്കപ്പെടുന്നതിൽ നമ്മുടെ വ്യവസായ വകുപ്പുമന്ത്രി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വൻവിജയമാണ്. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും അതിലൂടെ കൂടുതൽ നിക്ഷേപകരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ നടത്തിവരുന്ന ആത്മാർത്ഥതയും കാര്യശേഷിയുമുള്ള പ്രവർത്തനങ്ങളെ പ്രത്യേകം ഞാൻ അഭിനന്ദിക്കുന്നു.

കേരളത്തിന് പുറത്തും മറ്റ് വിദേശരാജ്യങ്ങളിലുമുള്ള മലയാളികളായ വ്യവസായികളെ ആകർഷിച്ച് കേരളത്തിൽ വ്യവസായം ആരംഭിക്കാനുള്ള സാഹചര്യമുണ്ട്. എല്ലാവർക്കും കേരളത്തിലെ വ്യവസായ അന്തരീക്ഷം ബോദ്ധ്യപ്പെടുത്തുന്നതിലേയ്ക്കായി സംഘടിപ്പിക്കപ്പെട്ട എത്രയെത്ര മീറ്റുകൾ. പങ്കെടുത്ത എല്ലാ വ്യവസായികളെയും കേരളം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാണെന്ന് വളരെ വേഗംതന്നെ

ബോദ്ധ്യപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ ഒരു പൊതുമേഖലാ വ്യവസായ സ്ഥാപനത്തിലും ചെറിയ അഴിമതിയുടെ കഥപോലും കേൾക്കാനില്ലാത്ത സാഹചര്യത്തിലേയ്ക്ക് കേരളത്തിലെ വ്യവസായ അന്തരീക്ഷം മാറിപ്പോയിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിനും സംരംഭകരെ സഹായിക്കുന്ന തിനുമായി ഒരു സംരംഭകത്വ സഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പരിസ്ഥിതി സൗഹൃദമായ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ചെറുകിട വ്യവസായികളെ ആകർഷിക്കേണ്ടതുണ്ട്. എല്ലാ ജില്ലകളിലും ബിസിനസ് ടു ബിസിനസ് മീറ്റ് (വ്യവസായ സംഗമം), ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവ സംഘടിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്കും ഉൽപ്പന്നങ്ങൾക്കും വിപണന സാധ്യത വർദ്ധിപ്പിക്കാൻ കഴിയും. വ്യവസായം തുടങ്ങണമെന്ന മോഹവുമായി വരുന്ന എല്ലാ വ്യവസായികൾക്കും ലൈസൻസും ക്ലിയറൻസും ലഭ്യമാക്കുന്നതിനായി ജില്ല-സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് പ്രവർത്തിക്കുന്നു. പരിസ്ഥിതി നാശവും ഭൂവിനിയോഗം കുറഞ്ഞതുമായ പരമ്പരാഗത മേഖലയെ സമീകരിച്ച് മത്സരപ്രാപ്തി ഉയർത്താനുള്ള പദ്ധതികൾ നടപ്പാക്കിവരുന്ന കേരള വ്യവസായ വകുപ്പിനെ പ്രത്യേകം അഭിനന്ദി ക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് തകർത്തെറിഞ്ഞ പരമ്പരാഗത വ്യവസായ മേഖലയെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനും പ്രതിസന്ധികൾ പരിഹരി ക്കുന്നതിനും ക്രിയാത്മകമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കു കയാണ്. 2015-16-ലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം 226.6 കോടി രൂപയിൽ നിന്നും 2016-17-ൽ 180.5 കോടി രൂപയായി കുറഞ്ഞുവെന്നാണ് കണക്കുകൾ കാണിക്കുന്നത്. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും മറ്റുമായി നടപടി സ്വീകരിച്ചു വരുന്നുവെന്നത് പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. 2017-18 വർഷം വ്യവസായ വകുപ്പിനെ സംബന്ധിച്ച് ശ്രദ്ധേയമായ നേട്ടമുണ്ടാക്കിയ വർഷമാണ്. കേരളത്തിൽ ഏകദേശം 40 പൊതുമേഖലാ സ്ഥാപനങ്ങൾ അറ്റാദായമുണ്ടാക്കിയിട്ടുണ്ട്. 2017-18-ൽ നടപ്പാക്കിവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണ വിപുലീകരണ പദ്ധതികൾ അത്യന്തം പ്രശംസനീയമെന്നതിൽ ഒരു തർക്കവും ഉണ്ടാകാനിടയില്ല. സംസ്ഥാനത്തെ എല്ലാ വീട്ടിലും ഒരു വ്യവസായശാല എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കുന്ന രീതിയിലുള്ള സർക്കാരിന്റെ പുതിയ വ്യവസായ നയം ശ്ലാഘനീയമാണ്. വീടുകളിൽ നാനോ വ്യവസായ യൂണിറ്റുകൾ തുടങ്ങാനുള്ള പദ്ധതി അത്യന്തം സന്തോഷകരമാണ്. സംസ്ഥാനത്തെ ഒരു കുടുംബത്തിലും

തൊഴിൽരഹിതർ ഉണ്ടാകരുതെന്ന വിശാലമായ കാഴ്ചപ്പാട് അത്യന്തം പ്രശംസനീയമാണ്. ഒരു പുരുഷായുസ്സിലെ സുപ്രധാനമായ യൗവനകാലം വിദേശത്ത് തൊഴിൽചെയ്ത് തിരികെയെത്തുന്ന പ്രവാസികളെ വ്യവസായ സംരംഭകരാക്കാനുള്ള തീരുമാനം അത്യന്തം സന്തോഷകരമാണ്. പ്രവാസികൾക്കായി വ്യവസായ എസ്റ്റേറ്റുകളിൽ 5 ശതമാനം സംവരണമെന്നത് ഒരു വലിയ കാര്യമാണെങ്കിൽ തന്നെയും പ്രവാസി ജീവിതത്തിൽ സ്വരൂപിച്ച പണം വ്യവസായ മേഖലയിൽ നിക്ഷേപിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതിനും അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുമായി നിലവിലെ 5 ശതമാനം സംവരണമെന്നത് 10 ശതമാനം സംവരണമാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം. ഒരു സംസ്ഥാനത്തെ വ്യവസായ മേഖല പുഷ്ടിപ്പെട്ടു, വികസിച്ചുവെന്ന് സാക്ഷ്യപ്പെടുത്തണമെങ്കിൽ ആ സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നതായിരിക്കണം. ഏറ്റവും പുതിയ കണക്കനുസരിച്ച് സംസ്ഥാനത്തെ 5 മേജർ വ്യവസായ സ്ഥാപനങ്ങൾ-ട്രാവൻകൂർ ടൈറ്റാനിയം, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, ടെൽക്ക്, ട്രാവൻകൂർ കേബിൾ കമ്പനി ലിമിറ്റഡ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്നിവ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. അതിനായി പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് എല്ലാവിധ വിജയാശംസകളും അർപ്പിക്കുകയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഇടതുപക്ഷ കാഴ്ചപ്പാടിന്റെ പ്രതിഫലനമാണ്. സംസ്ഥാനത്തെ വൻകിട പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വികസനത്തിനും അവ ലാഭകരമാക്കുന്നതിനും സ്വീകരിച്ച നടപടികളാണ് ഇത്രയും നേരം ഞാൻ ചർച്ച ചെയ്തതെങ്കിൽ ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സർക്കാർ സ്വീകരിച്ച ശക്തമായ നടപടികൾ പരാമർശിക്കാതെ ബഡ്ജറ്റ് നിർദ്ദേശത്തെ അനുകൂലിക്കുന്നത് ശരിയാകില്ലെന്ന് ഞാൻ കരുതുന്നു.

കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കുന്നതിനായി ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ എൽ.ഡി.എഫ്. സർക്കാർ നടപടി സ്വീകരിച്ചുകഴിഞ്ഞു. ഒരു വ്യവസായ സ്ഥാപനം തുടങ്ങാൻ ആഗ്രഹിച്ച് മൂലധനം സ്വരൂപിച്ച് അനുമതിക്കും മറ്റു സഹായങ്ങൾക്കുമായി സർക്കാരിനെ സമീപിക്കുന്ന ആളുകൾക്ക്, നിക്ഷേപകർക്ക്, വ്യവസായികൾക്ക് ഇനി നിരാശപ്പെടേണ്ടി വരില്ലെന്ന് ഞാൻ കരുതുന്നു. ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് നിയമപരമായ അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി 2017-ലെ The Kerala Investment Promotion and

Facilitation നിയമത്തിൽ ഭേദഗതി വരുത്തി Ordinance പുറത്തിറക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഒരു സംരംഭകത്വ സംസ്കാരം വളർത്തുന്നതിനായി സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ, നിക്ഷേപ സംഗമങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ, നൈപുണ്യ വികസന പരിശീലനം, സംരംഭകത്വ വികസന ക്ലബ്ബുകൾ, സംരംഭകത്വ വികസന പരിപാടികൾ എന്നിവ ഊർജ്ജിതമാക്കി നടപ്പാക്കിവരുന്നുവെന്നത് ഇടതുപക്ഷ സർക്കാരിന്റെ വ്യവസായ വികസന കാഴ്ചപ്പാട് വെളിപ്പെടുത്തുന്നതാണ്. 2018-19-ൽ അതിസൂക്ഷ്മമായ വ്യവസായങ്ങളിൽപ്പെട്ട നാനോ സംരംഭകർക്ക് ധനസഹായം നൽകുന്നതിൽ പലിശ സബ്സിഡി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വ്യവസായ മേഖലയിൽ വ്യവസായത്തോടൊപ്പം അനേകം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുവാൻ കഴിയുന്ന കാഴ്ചപ്പാടിന്റെ ഭാഗമായി 2017 ഏപ്രിൽ-1-നുശേഷം സൃഷ്ടിക്കപ്പെട്ട എല്ലാ തൊഴിലവസരങ്ങളുടെയും ഇ.എസ്.ഐ., ഇ.പി.എഫ്. പദ്ധതികളിലേയ്ക്കുള്ള തൊഴിലുടമകളുടെ വിഹിതത്തിൽ 75 ശതമാനം നൽകുമെന്ന തീരുമാനം ചെറുകിട വ്യവസായ മേഖല നട്ടെല്ലാണെന്ന തിരിച്ചറിവിൽ നിന്നും ഉണ്ടായതാണ്. ആ തീരുമാനത്തെ സർവ്വാത്മനാ ഞാൻ പ്രശംസിക്കുന്നു. പരമ്പരാഗത ചെറുകിട വ്യാവസായങ്ങൾക്ക് നിലനിൽപ്പുണ്ടാകണമെങ്കിൽ ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടാകണം. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ കഴിയണമെങ്കിൽ ചെറുകിട മേഖലയിൽ നവീകരണം വേണം. അതിനായി സ്വീകരിച്ചുവരുന്ന നടപടികളെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

1.00 PM]

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി എ. സി. മൊയ്തീൻ സാഹിബിന്റെ ഭരണത്തെ കുറ്റപ്പെടുത്താൻ ഒരു മാർഗ്ഗവും കാണുന്നില്ല. വലിയ തർക്കങ്ങളില്ലാതെ, ബഹളമില്ലാതെ വളരെ മാന്യമായി അദ്ദേഹം വകുപ്പ് കൈകാര്യം ചെയ്യുന്നുവെന്നതന്നെയാണ് എന്റെ അഭിപ്രായം. പക്ഷെ വളരെ മന്ദഗതിയിലാകുന്നു എന്നൊരു സംശയമുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ബജറ്റിൽ കോട്ടയം ജില്ലയിൽ ഒരു റബ്ബർ പാർക്ക് പ്രഖ്യാപിച്ചെങ്കിലും അതിന് ആരും സ്ഥലം നൽകാത്തതുകൊണ്ട് പാറത്തോട് പഞ്ചായത്തിൽ എത്ര ഏക്കർ സ്ഥലം വേണമെങ്കിലും തരാമെന്ന് പറഞ്ഞ് ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് കത്ത് കൊടുത്തു. അതനുസരിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി താഴോട്ട് കത്തയച്ചു. ഇപ്പോഴും അതിന് സ്ഥലം എടുത്തിട്ടില്ല. എല്ലാ നടപടിയും പൂർത്തീകരിക്കാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് കഴിയുന്നതാണ്. ഗവൺമെന്റിന്റെ സ്ലോനെസ് ആയിരിക്കും അവിടെ കാണുന്നത്. അത് മാറ്റിയെടുക്കാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നതാണ് എന്റെ അഭിപ്രായം.

എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾ പറയാനുണ്ട്. ശ്രീമതി ഇ. എസ്. ബിജിമോൾ എം.എൽ.എ. ഇന്ന് രാവിലെ സഭയിൽ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചു. ആ രോദനത്തിന് മറുപടി പറയാൻ ഇവിടെ ആരെയും കിട്ടിയില്ലല്ലോ; അതൊരു രോദനം തന്നെയാണ് എന്ന അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്. ഇന്ന് നിയമസഭയിൽ രണ്ട് വ്യക്തികളുടെ വ്യക്തമായ സന്തോഷം കാണാൻ ഇടയായി. I am fully satisfied. ഒന്ന്, കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി സഖാവിന്റെ സന്തോഷമാണ്. അടിയന്തരപ്രമേയത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞ എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. മറുപടി പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മനസ്സിനു കിട്ടിയ ഒരു സുഖം, അദ്ദേഹം സ്വസ്ഥമായിരുന്ന് ആലോചിച്ച് ചിരിക്കുന്നുണ്ടാകും. കൊടുക്കേണ്ടവന് കൊടുത്തല്ലോ, കൂട്ടത്തിലുള്ളവർക്കിട്ട് കൊടുത്തല്ലോ, സി.പി.ഐ.(എം)-ന് മാത്രമല്ല മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലുള്ള ചെറിയ വിഭാഗങ്ങൾക്ക് കൊടുക്കേണ്ട കൊട്ടാണ് അദ്ദേഹം കൊടുത്തത്. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് സന്തോഷവാനാണ്. അതിൽ ഞാൻ അദ്ദേഹത്തെ അനുകൂലിക്കുന്നു.

അടുത്ത സന്തോഷവാൻ ആരാണെന്നറിയാമോ; കുറച്ച് നാളായി ശ്രീ. കാനം രാജേന്ദ്രനെ മര്യാദ പഠിപ്പിക്കാൻ നടക്കുന്ന ബഹുമാന്യനായ കെ. എം. മാണിയാണ്. ശ്രീ. പിണറായി വിജയന്റെ മറുപടി കേട്ടപ്പോൾ ബഹുമാനപ്പെട്ട കെ. എം. മാണി ആവേശംകൊണ്ട് തുള്ളിച്ചാടി, എത്ര ആവേശത്തോടുകൂടിയാണ് അടിയന്തര പ്രമേയത്തിന് വാക്കൗട്ട് നടത്തിയതെന്ന് ഞാൻ ഓർക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട മുൻധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണിയും സന്തോഷിക്കുന്ന ഒരു ദിവസം കാണാൻ കഴിഞ്ഞതിലുള്ള സന്തോഷം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ചുരുക്കുന്നു. നന്ദി, നമസ്കാരം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടിക്കായി ഇടതുപക്ഷ സർക്കാർ കഴിഞ്ഞ ഇരുപത്തിരണ്ട് മാസങ്ങൾ ശ്രദ്ധേയമായ ചുവടുവയ്പാണ് നടത്തിയത്. പ്രതിസന്ധിയുടെ ആഴങ്ങളിലായിരുന്ന തൊഴിലാളികൾക്കും തൊഴിലുടമകൾക്കും പ്രതീക്ഷയുടെ പുതുവെളിച്ചം പകരാനായി എന്നതാണ് ഈ സർക്കാർ കൈവരിച്ച ഏറ്റവും വലിയ നേട്ടം. പൊതുമേഖലാ വ്യവസായങ്ങൾ ലാഭത്തിലാക്കുവാനും നഷ്ടം കുറച്ചുകൊണ്ടുവരാനും സാധിച്ചുവെന്നത് ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ സൂചകങ്ങളാണ്. കൈത്തറിപോലുള്ള പരമ്പരാഗത വ്യവസായങ്ങൾക്ക് സഹായം നൽകുവാനും അടച്ചിട്ട ടെക്സ്റ്റൈൽ മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചതും ഈ സർക്കാരിന്റെ ജനപക്ഷ നിലപാടുകളുടെ

വിജയമാണ്. ഈ സർക്കാർ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിലാക്കുക എന്ന ലക്ഷ്യം കൈവരിക്കാനുള്ള പ്രയത്നത്തിലാണ്. നാനോ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ വളർത്തിയെടുക്കുക എന്ന കാഴ്ചപ്പാടിലൂന്നിയ പദ്ധതികളാണ് സർക്കാർ വിഭാവന ചെയ്ത് നടപ്പിലാക്കിവരുന്നത്. ന്യൂജനറേഷൻ സംരംഭകർക്കും നൂതന ആശയങ്ങളുമായി എത്തുന്ന മറ്റ് സംരംഭകർക്കുമെല്ലാം നവീന പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പുതു സംരംഭങ്ങളെയും പുതു സംരംഭകരെയും സഹായിക്കാനുള്ള നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ സൗഹൃദ സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ മാറ്റാനുള്ള നിരവധി പരിപാടികൾ ആരംഭിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്.

ഇന്നത്തെ അടിയന്തരപ്രമേയത്തിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവ് പ്രവാസി സുഗതന്റെ മരണവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പറഞ്ഞു. സി.പി.ഐ(എം.), എ.ഐ.വൈ.എഫ്. തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് അതിൽ ഏതെങ്കിലും തരത്തിൽ പരോക്ഷമായ കാര്യങ്ങളൊന്നുമില്ല. ആ വിഷയം ചർച്ച ചെയ്യുമ്പോൾ കേവലമായ പബ്ലിസിറ്റി എന്നതിലപ്പുറം ഈ സംസ്ഥാനത്തിലുണ്ടായ പുതിയ ചില കാര്യങ്ങളിലേയ്ക്കുകൂടി വിരൽചൂണ്ടുകയാണ് ഈ സംഭവങ്ങൾ. ഏതൊരു ചെറിയ വിഷയങ്ങളിലും ആത്മഹത്യാ പ്രവണത ഉയർന്നുവരുന്ന ഒരു സാഹചര്യം പരിശോധിക്കപ്പെടേണ്ടതല്ലേ? ആശുപത്രിയെ സംബന്ധിച്ചുള്ള വിഷയം, സ്കൂൾ സംബന്ധിച്ച വിഷയം, തോൽവിയുമായി ബന്ധപ്പെട്ട വിഷയം, കടൽഭിത്തി കെട്ടിക്കൊടുത്തില്ലെന്ന വിഷയം, ഒരു പുതിയ സംരംഭം ആരംഭിക്കാൻ കഴിയാതെ വരുമ്പോൾ, അതിൽ ഒരു ചെറിയ വിഷയവുമായി ബന്ധപ്പെട്ട് ആത്മഹത്യയാണ് പരിഹാരം എന്ന നിലയിലേയ്ക്ക് മലയാളി മാറുകയാണ്. അത് ഇത്തരത്തിൽ വളച്ച്, അവിടെ സ്വർണ്ണം പണയം വച്ചത്, അതിന്റെ മില്ലിഗ്രാം ഉൾപ്പെടെ പറയുകയും XXX* എന്ന് പറയുകയും ചെയ്തത് ഒരു പ്രതിപക്ഷ നേതാവിന് പറ്റിയ പണിയല്ല. നമ്മുടെ നാട്ടിൽ "വായിൽ തോന്നിയത് കോതയ്ക്ക് പാട്ട്" എന്ന ഒരു ചൊല്ലുണ്ട്. ഇത്തരം ഉയർന്ന ഒരു സദസ്സിൽ അങ്ങനെ പറയരുതെന്ന വിനയപൂർവ്വമായ അഭ്യർത്ഥനയാണ് എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളത്.

വ്യവസായ വികസനത്തിൽ കേരളം നേടുന്ന പ്രധാന വെല്ലുവിളികളിലൊന്ന് സ്ഥലദൗർലഭ്യമാണ്. ഇതിന് പരിഹാരമായി ബഹുനില കെട്ടിടങ്ങൾ, വ്യവസായ സമുച്ചയങ്ങൾ അതിനാവശ്യമായ പരിപാടികൾ, കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ വ്യവസായ സംരംഭകർക്കുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ തുടങ്ങിയവ

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം ഫയൽ നമ്പർ 1399/ഇ.ബി./2018 തീയതി 8-3-2018 രേഖയിൽനിന്ന് നീക്കംചെയ്തു

ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-ക്ക് ആവശ്യമായ ട്രാൻസ്ഫോമറുകൾ, മീറ്റർ കേബിൾ എന്നിവ പൊതുമേഖലാ സ്ഥാപനങ്ങളായ ട്രാക്കോ, കെൽ, യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്നിവിടങ്ങളിൽനിന്നും വാങ്ങുന്നതിനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. അതുപോലെ കേരള മെഡിക്കൽ കോർപ്പറേഷനിൽനിന്നും കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, എൻ.എ.ബി.എൽ. അംഗീകാരമുള്ള ലാബ് സജ്ജമാക്കൽ ഉൾപ്പെടെ, കേരളത്തിനാവശ്യമായ നോൺ ബീറ്റാ ലാക്ടം മരുന്നുകൾ, ഇഞ്ചക്ഷനുകൾ, ഹോസ്പിറ്റൽ ഡിസ്പോസിബിൾസ് എന്നിവയുടെ നിർമ്മാണത്തിന് ആരോഗ്യ മേഖലയുമായി സഹകരിച്ചുള്ള പദ്ധതികൾക്കും ഈ സർക്കാർ രൂപംനൽകിയെന്നുള്ളത് വളരെ പ്രധാനപ്പെട്ട വസ്തുതയാണ്. അധികാരമേറ്റ് ചെറിയ കാലയളവിനുള്ളിൽത്തന്നെ സംസ്ഥാനത്ത് വ്യവസായ മേഖലയിൽ പ്രകടമായ വ്യത്യാസം കണ്ടുതുടങ്ങി. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടൽ ഭീഷണി നേരിടുകയായിരുന്ന 13 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുവാൻ ഇതിനകംതന്നെ ഈ സർക്കാരിന് കഴിഞ്ഞു വെന്നുള്ളത് അഭിമാനകരമാണ്. യു.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം 131.6 കോടി രൂപയായിരുന്നു. എൽ.ഡി.എഫ് സർക്കാരിന്റെ ആദ്യവർഷംതന്നെ ഈ നഷ്ടം 71 കോടി രൂപയായി കുറച്ചു. ഈ സാമ്പത്തിക വർഷത്തെ അർദ്ധവാർഷിക കണക്കുകൾ ഇവിടെ സൂചിപ്പിക്കപ്പെട്ടത് 34.19 കോടി രൂപ ലാഭത്തിലാണെന്നാണ്. ഇതാണ് ഇടതു സർക്കാരിന്റെ കാര്യപ്രാപ്തിയും കരുത്തും. ഈ ചരിത്രനേട്ടം കുറിക്കുന്നതിന് സമഗ്രമായ ഇടപെടലുകളാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ളത്. പ്രിയപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ശ്രദ്ധിച്ചാൽ തന്നെ മനസ്സിലാകും, പൊതുമേഖലാ പദ്ധതി വിഹിതം കഴിഞ്ഞ വർഷത്തെ 100 കോടി രൂപയിൽ നിന്നും 270 കോടി രൂപയായി ഉയർത്തപ്പെട്ടിട്ടുണ്ട്. ടെൽക്, കെൽ, ഓട്ടോകാസ്റ്റ്, കേരള ഓട്ടോമൊബൈൽസ്, കെ.എം.എം.എൽ., ട്രാവൻകൂർ ടൈറ്റാനിയം, മലബാർ സിമന്റ്സ് എന്നീ കമ്പനികളുടെ ആധുനിക വിപുലീകരണ പ്രവർത്തനങ്ങൾ അതിവേഗം നടന്നുകൊണ്ടിരിക്കുകയാണ്. വിറ്റുതുലച്ചവർക്കും ഇപ്പോൾ വിറ്റുകൊണ്ടിരിക്കുന്ന കേന്ദ്ര സർക്കാരിനും ഇതൊന്നും പെട്ടെന്ന് മനസ്സിലാകുകയോ ഇഷ്ടപ്പെടുകയോ ചെയ്യില്ലെന്ന് ഞങ്ങൾക്കറിയാം. കോഴിക്കോട് മാനാഞ്ചിറ ഹാന്റ്ലൂം ഫാക്ടറി ഏറ്റെടുത്ത് പുന:സംഘടിപ്പിച്ചതിന്, 2001-ൽ പ്രവർത്തനമാരംഭിച്ച പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ കടബാദ്ധ്യത തീർക്കുന്നതിന് 70.34 കോടി രൂപ, അങ്ങനെ ഈ സർക്കാർ നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വിഹിതം ഉയർത്താനുള്ള പരിപാടികൾ നടത്തി. സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' എന്ന പദ്ധതി നടപ്പിലാക്കുന്നതിലൂടെ

വ്യവസായ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളാണ് ഉണ്ടാകാൻ പോകുന്നത്. ഇന്ന് ഇവിടെ വിശദീകരിച്ചതുപോലെ തൊഴിൽ മേഖലയിലുണ്ടാകുന്ന മാറ്റങ്ങൾ, നോക്കുകൂലി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സംസ്ഥാന സർക്കാർ വലിയ രൂപഭാവം വരുത്തുമെന്ന് മുഖ്യമന്ത്രിയുൾപ്പെടെ ഇവിടെ പറഞ്ഞത് സ്തുത്യർഹമായ കാര്യമാണ്. തൊഴിലവസരങ്ങളും ഉല്പാദനവും വർദ്ധിപ്പിച്ച് രണ്ട് വർഷത്തിനുള്ളിൽ പത്ത് ശതമാനം വളർച്ചാനിരക്ക് പ്രതീക്ഷിച്ച് പ്രവർത്തിക്കുന്ന ഈ സർക്കാരിനെ പ്രതിപക്ഷത്തിനുപോലും പ്രശംസിക്കേണ്ട അവസ്ഥ സംജാതമാവുകയാണ്. ജോലി കൊടുക്കുന്നതിനേക്കാൾ ജോലി നൽകുന്നവരെ സൃഷ്ടിക്കുക എന്ന ലക്ഷ്യമാണ് ഇവിടെ സാർത്ഥകമാകാൻ പോകുന്നത്. സംസ്ഥാന സർക്കാർ ഇത്തരം നടപടികളുമായി മുന്നോട്ടുപോകുമ്പോഴും വ്യാവസായിക രംഗത്ത് വലിയ വെല്ലുവിളികൾ നേരിടുന്ന സാഹചര്യങ്ങൾ രാജ്യത്ത് നിലനിൽക്കുന്നുവെന്ന് പറയാതെ പോകുക സാധ്യമല്ല. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നായി വിറ്റഴിക്കുന്ന തിരക്കിലാണ് കേന്ദ്രസർക്കാർ. വിറ്റഴിക്കേണ്ടതും സ്വകാര്യവത്കരിക്കേണ്ടതുമായ സ്ഥാപനങ്ങളുടെ പട്ടിക നീതി ആയോഗ് തയ്യാറാക്കിയിട്ടുണ്ട്. ഈ പട്ടികയിലെ 74 സ്ഥാപനങ്ങളിൽ 26 എണ്ണം അടച്ചുപൂട്ടാനും 10 എണ്ണത്തിന്റെ ഓഹരി കച്ചവടം നടത്തുന്നതിനുമുള്ള നടപടികൾ കേന്ദ്രസർക്കാർ പൂർത്തിയാക്കിയിരിക്കുകയാണ്. ബി.ഇ.എം.എ. 65000 കോടിയിലധികം രൂപയുടെ ആസ്തികൾ, ഒൻപത് യൂണിറ്റുകൾ കേവലം 518 കോടി രൂപയ്ക്ക് വിൽക്കുവാനുള്ള തീരുമാനം പാർലമെന്റിൽ മോദി സർക്കാർ അവതരിപ്പിച്ചുകഴിഞ്ഞു. പ്രതിരോധം, റെയിൽവെ, ബാങ്കിംഗ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ടുകൾ, ടെലികോം, പെട്രോളിയം, വ്യോമയാനം, ഊർജ്ജം തുടങ്ങിയ മേഖലകളിൽ പ്രത്യക്ഷ വിദേശ നിക്ഷേപങ്ങളുടെ അനുപാതം വർദ്ധിപ്പിച്ച് ആഗോള കുത്തകകൾക്ക് കൈമാറുന്ന നടപടി നമ്മുടെ രാജ്യത്തിന്റെ പരമാധികാരത്തിനുതന്നെ ഭീഷണിയാകുകയാണ്. കോൺഗ്രസ് സർക്കാർ തുടങ്ങിവച്ച നവ ഉദാരവത്കരണ നയങ്ങൾ ഭീതിജനകമാം വിധം കേന്ദ്ര സർക്കാർ പൂർത്തിയാക്കുകയാണ്. കറൻസി റദ്ദാക്കലും ജി.എസ്.ടി.യും നമ്മുടെ രാജ്യത്തെ തൊഴിൽ മേഖലയിലുണ്ടാക്കിയ തിരിച്ചടി പ്രത്യേകം ഓർമ്മിക്കപ്പെടേണ്ടതുണ്ട്. ചെറുതും വലുതുമായി ഏകദേശം 2,24,000 വ്യവസായശാലകൾ ഈ രാജ്യത്ത് അടച്ചുപൂട്ടി. അത് 65 ലക്ഷം പേർക്ക് തൊഴിൽ നഷ്ടമാക്കിയെന്ന് കേന്ദ്രസർക്കാർ തന്നെ സാക്ഷ്യപ്പെടുത്തുന്നു. ഈ നയം കേരളത്തിന്റെ വ്യവസായ മേഖലയെ പ്രത്യേകിച്ച് സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായങ്ങളെ പ്രതിസന്ധിയിലാക്കിയെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇത് മറികടക്കുന്നതിന്, പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സജീവമായ ഇടപെടലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി നേതൃത്വത്തിലുള്ള ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ വ്യാവസായികരംഗം മെച്ചപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

അവതരിപ്പിച്ച രണ്ട് ബജറ്റിലും നിരവധി പദ്ധതികളാണ് ഉൾക്കൊണ്ടിരിക്കുന്നത്. തിരുവനന്തപുരം തോന്നയ്ക്കലിൽ ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനായി 200 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിയും 500 കോടി രൂപ മുടക്കി സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, 180 കോടി രൂപ മുടക്കി മെഡ്സ് പാർക്ക് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും കൊച്ചിയിൽ 1864 കോടി രൂപ ചെലവഴിച്ച് പെട്രോ കെമിക്കൽസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ടതും തിരുവനന്തപുരത്ത് ഗ്ലോബൽ ആയുർവ്വേദ വില്ലേജിൽ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചതും ഒറ്റപ്പാലത്ത് 191 കോടി രൂപ ചെലവഴിച്ച് 60 ഏക്കർ സ്ഥലത്ത് ഡിഫൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതും ഇടതുസർക്കാരിന്റെ ഇച്ഛാശക്തിയുടെ മുന്നേറ്റമായി നമുക്ക് കാണാൻ സാധിക്കും. മെഗാ ഫുഡ് പാർക്ക്, പാലക്കാട്; അഡ്വാൻസ് ടെക്നോളജി ഇൻഡസ്ട്രിയൽ പാർക്ക്, തൃശ്ശൂർ; ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ പ്രോജക്ട്, പാലക്കാട്; വ്യവസായ പാർക്ക്, ഒറ്റപ്പാലം; കിൻഫ്ര വ്യവസായ പാർക്ക്, പിറവന്തൂർ; കിൻഫ്ര വ്യവസായ പാർക്ക് കണ്ണൂർ; സ്പൈസസ് പാർക്ക്, ഇടുക്കി; സ്പെഷ്യൽ ഇക്കണോമിക് സോൺ ഫോർ ആനിമേഷൻ ആന്റ് ഐ.ടി തുടങ്ങി നിരവധി പദ്ധതികളാണ് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്.

കൈത്തറി മേഖലയ്ക്ക് 200.65 കോടി രൂപ കഴിഞ്ഞ രണ്ട് ബജറ്റിലായി വകയിരുത്തി. 10 ലക്ഷം മീറ്റർ കൈത്തറി തുണികളാണ് ഈ സർക്കാർ സ്കൂൾ യൂണിഫോമായി വിതരണം ചെയ്തത്. ജനങ്ങളുടെ ആഗ്രഹത്തിന് അനുസൃതമായിട്ടാകണം വികസനമെന്ന വലിയ കാഴ്ചപ്പാടുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. നവകേരള സൃഷ്ടിക്കായി ഇടതു സർക്കാർ നടത്തുന്ന മുഴുവൻ പ്രവർത്തനങ്ങളെയും, അതിൽ വ്യവസായ രംഗത്തെ മെച്ചപ്പെട്ട പ്രവർത്തനങ്ങളെയും സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് വ്യവസായ വകുപ്പിന്റെ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, വ്യവസായ വകുപ്പിന്റെ ധനാഭ്യർത്ഥനയെ ഞാൻ ശക്തിയായി എതിർക്കുന്നു. ഇന്ന് നമ്മുടെ രാജ്യത്ത് സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. കാരണം ജനദ്രോഹ നടപടികളിൽ രണ്ട് സർക്കാരും വളരെ വാശിയോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പഴയകാല സിനിമയെ കുറിച്ചാണ് എനിക്ക് ഓർമ്മ വരുന്നത്. സിനിമയിൽ ജോസ് പ്രകാശും ബാലൻ കെ. നായരും വില്ലൻ കഥാപാത്രങ്ങളാണ്. പല സിനിമകളിലും ഉണ്ണിമേരിയാണ് നായിക. സത്യം പറഞ്ഞാൽ ഉണ്ണിമേരിയുടെ അവസ്ഥയാണ് ഇന്ന് കേരളത്തിലെ ജനങ്ങളുടെ അവസ്ഥ എന്നാണ് എനിക്ക് ഓർമ്മ വരുന്നത്. കാരണം ജോസ്

പ്രകാശിന്റെ വീട്ടിൽനിന്നും ഓടി രക്ഷപ്പെട്ട് ബാലൻ കെ. നായരുടെ വീട്ടിൽ കയറിയ അവസ്ഥയാണ് ഇന്ന് കേരളത്തിലെ ജനങ്ങളുടെ അവസ്ഥ എന്നുപറയാൻ ഒരു സംശയവുമില്ല. കേന്ദ്ര ഗവൺമെന്റിന്റെ ജനദ്രോഹ നടപടികളിൽ നിന്നും രക്ഷപ്പെടുത്തേണ്ടത് ആരാണ്; സ്വാഭാവികമായും സംസ്ഥാന ഗവൺമെന്റാണ്. നമുക്കറിയാം പെട്രോളിനും ഡീസലിനും വില വർദ്ധിക്കുമ്പോൾ ഉമ്മൻ ചാണ്ടി സർക്കാർ അതിന്റെ അധിക ടാക്സ് കുറച്ചുകൊണ്ട് ജനങ്ങളെ സഹായിച്ചിരുന്നു. പക്ഷേ ഇന്ന് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന ജനദ്രോഹ നടപടികൾക്കപ്പുറ മായിട്ടാണ് സംസ്ഥാന ഗവൺമെന്റ് ജനങ്ങളെ ദ്രോഹിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ഇവിടെ പ്രതിപക്ഷ നേതാവിനെ കുറ്റപ്പെടുത്തുകയുണ്ടായി. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്ററിനെ ഞങ്ങൾ ഒരു മാഷിനെപ്പോലെയാണ് ആദരിക്കുന്നത്. അദ്ദേഹം പ്രതിപക്ഷ നേതാവിനെക്കുറിച്ച് വളരെ മോശമായി ഒരു വാക്ക് പറഞ്ഞത് ശരിയായില്ല. പ്രതിപക്ഷ നേതാവ് എന്തെങ്കിലും പറയുമ്പോൾ അതിനകത്ത് യാഥാർത്ഥ്യം ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിങ്ങൾ പറയുന്നതുപോലെ നുണ പറയാൻ അദ്ദേഹം നിൽക്കുകയില്ല. അത് ബഹുമാനപ്പെട്ട ഇ. ടി. ടൈസൺ മാസ്റ്റർ ഓർക്കുന്നത് നല്ലതാണ്. അത് പിൻവലിച്ചാൽ അദ്ദേഹത്തെ മാഷ് എന്ന നിലയിൽ ഞങ്ങൾ അംഗീകരിക്കും. അത് മാഷിന്റെ വ്യക്തിപരമായ കാര്യമെന്ന നിലയിൽ വിട്ടുതരികയാണ്. അതുപോലെതന്നെ ഇന്ന് കേരളത്തിൽ എന്ത് വ്യവസായമാണ് നടക്കുന്നതെന്ന് കേരള സമൂഹത്തിന് ബോധ്യപ്പെട്ടുവരികയാണ്. ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന സി.പി.ഐ.(എം) എന്ത് വ്യവസായത്തെയാണ് പ്രോത്സാഹിപ്പിക്കുന്നത്; ജനങ്ങളാകെ സംശയത്തിലാണ്. ജനങ്ങളാകെ ഇന്ന് വലിയ ചർച്ചയിലാണ്. കോടാലി, വടിവാൾ, മഴു, ബോംബ്, കൊലക്കത്തി എന്നിവ ഉണ്ടാക്കുന്ന വ്യവസായത്തെയാണ് ഇന്ന് സി.പി.ഐ.(എം) പ്രോത്സാഹിപ്പിക്കുന്നത്. അത് കുടിൽ വ്യവസായമായി കണ്ണൂർ ജില്ലയിൽ തുടങ്ങി കേരളത്തിൽ വ്യാപകമാ ക്കാനുള്ള ശ്രമത്തിലാണ് ഈ ഗവൺമെന്റും അതിന് നേതൃത്വം കൊടുക്കുന്ന സി.പി.ഐ.(എം)-ഉം എന്നുപറയുന്നതിൽ യാതൊരു സംശയവുമില്ല. അതാണ് ഇന്ന് കേരള രാഷ്ട്രീയത്തിൽ, കൊലപാതക രാഷ്ട്രീയത്തിൽ നമുക്ക് കാണാൻ സാധിക്കുന്നത്. പൊതുമേഖലാ സ്ഥാപനത്തെക്കുറിച്ച് പറയുമ്പോൾ എന്റെ നാട്ടിൽ FIT എന്നുപറയുന്ന ഒരു സ്ഥാപനമുണ്ട്. കണക്കനുസരിച്ച് FIT ലാഭത്തിലാണ്. പക്ഷേ വലിയ ദാരിദ്ര്യത്തിലാണ് പോകുന്നതെന്നാണ് അവിടെയുള്ള തൊഴിലാളികളും മറ്റുള്ളവരും പറയുന്നത്. FIT-ൽ കുറെ നാളുകളായി എം.ഡി.-യെ നിയമിച്ചിട്ടില്ല. ഇപ്പോൾ ഒരു എം.ഡി.യെ നിയമിക്കാനുള്ള ശ്രമം നടക്കുന്നുണ്ടെന്ന് അറിയുന്നു. റിയാബിൽ നിന്നാണ് സാധാരണ എം.ഡി.യെ സെലക്ട് ചെയ്ത്, പുതിയ എം.ഡി.മാരെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമിക്കുന്നത്. പക്ഷേ അവിടെ

ലിസ്റ്റിൽപ്പെടാത്ത ഒരാളെ തിരുകിക്കയറ്റാനുള്ള ശ്രമം നടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം ഇപ്പോൾ ഫിനാൻസ് വകുപ്പ് തടഞ്ഞുവച്ചിരിക്കുകയാണ്. അത് വളരെ ശ്രദ്ധാപൂർവ്വം ബഹുമാനപ്പെട്ട മന്ത്രി കൈകാര്യം ചെയ്യണം. അതുപോലെ FIT-യിൽ റവന്യൂ വകുപ്പിന്റെ ഏക്കർ കണക്കിന് സ്ഥലമുണ്ട്. ആ സ്ഥലത്തുനിന്ന് ഏറ്റവും അറ്റത്തായിട്ടുള്ള 20 സെന്റ് സ്ഥലം വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി ആവശ്യപ്പെട്ടിട്ട് ഇതുവരെയും നൽകിയിട്ടില്ല. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഒരു ഹൈടെക് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് അനുവദിച്ചതാണ്. പക്ഷേ FIT 20 സെന്റ് സ്ഥലം നൽകാത്തതുകൊണ്ട് അത് നഷ്ടപ്പെട്ടുപോകുന്ന സാഹചര്യമാണ്. FIT ഇപ്പോൾ ആ സ്ഥലത്ത് പച്ചക്കറി കൃഷി നടത്തുകയാണ്. FIT-യും പച്ചക്കറിയും തമ്മിൽ എന്താണ് ബന്ധം; നമ്മുടെ നാട്ടിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നത് നല്ലതാണ്. പക്ഷേ അവിടെ 20 സെന്റ് സ്ഥലം നൽകാൻ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണമെന്ന് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. 2016 മാർച്ച് വരെയുള്ള കണക്കനുസരിച്ച് കേരളത്തിലെ നൂറിൽപ്പരമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വരുത്തിയ നഷ്ടം 3136.8 കോടി രൂപയാണ്. 2017-ലെ സാമ്പത്തിക സർവ്വേ നൽകുന്ന കണക്കനുസരിച്ച് സംസ്ഥാനത്തെ 50 പൊതുമേഖലാ സ്ഥാപനങ്ങളിലെ മൊത്തം ലാഭം 395 കോടി രൂപയും 56 പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 1019.3 കോടി രൂപയുമാണ്. സത്യം പറഞ്ഞാൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കിൽ നമുക്ക് ലാഭം കാണിക്കാൻ സാധിക്കും. തത്വത്തിൽ അത് നഷ്ടമായിട്ടാണ് വരുന്നത്. കാരണം ഗവൺമെന്റ് പല പൊതുമേഖലാ സ്ഥാപനങ്ങളെയും സഹായിച്ച് കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് എത്രമാത്രം ലാഭകരമായി ഈ സ്ഥാപനങ്ങൾ പോകുന്നുവെന്ന് നമ്മൾ ഒന്ന് ചിന്തിക്കണം. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ കൊലപാതക രാഷ്ട്രീയമാണ് ഇന്ന് കേരളത്തിൽ നടക്കുന്നത്. കേരളത്തിന്റെ മനഃസാക്ഷിയെത്തന്നെ ഞെട്ടിച്ച ഷുഹൈബ് എന്ന സഹോദരന്റെ കൊലപാതകത്തെക്കുറിച്ച് നമുക്കറിയാം. കേരളത്തിലെ പൊതുസമൂഹവും കൊലപാതകത്തിന് നേതൃത്വം നൽകിയ സി.പി.ഐ.(എം)-ന്റെ സഹപ്രവർത്തകർപോലും അതിനെ വളരെ വിമർശിച്ച സാഹചര്യമുണ്ടായി. ഞാൻ കണ്ണൂരിൽ പോയ ആളാണ്. അന്ന് ഞങ്ങൾ കണ്ണൂരിൽ ഷുഹൈബിനുവേണ്ടി പിരിവിനിറങ്ങിയപ്പോൾ അതിൽ പിരിവിടാൻ അവിടത്തെ സി.പി.ഐ.(എം)-ന്റെ സഹപ്രവർത്തകർ, ഡി.വൈ.എഫ്.ഐ.-ക്കാർ പോലും തയ്യാറായി. കാരണം ഷുഹൈബ് എന്ന ചെറുപ്പക്കാരനെ കൊലചെയ്തതിൽ വ്യക്തമായ പ്രതിഷേധമുണ്ട്. ഇവിടെ ഇരിക്കുന്ന സി.പി.ഐ.(എം)-ന്റെ നേതാക്കളോട് ചോദിക്കാൻ ആഗ്രഹിക്കുന്നത് എന്തിനാണ് ഷുഹൈബിനെ കൊല ചെയ്തത്; ഷുഹൈബ് ഏതെങ്കിലും കൊലപാതകത്തിന്

നേതൃത്വം നൽകിയിട്ടുണ്ടോ; ഷുഹൈബ് ക്രിമിനൽ പശ്ചാത്തലമുള്ള ആളാണോ; ഇതൊന്നും ഇല്ലാതെ നല്ലൊരു പൊതു പ്രവർത്തകൻ, സാമൂഹ്യനീതിക്കുവേണ്ടി നിൽക്കുന്ന ഒരു പൊതുപ്രവർത്തകൻ, വീടുവീടാന്തരം കയറിയിറങ്ങി രാഷ്ട്രീയത്തിനപ്പുറം ജനസേവനം നടത്തുന്ന ആ ചെറുപ്പക്കാരനെ കൊലപ്പെടുത്താൻ നിങ്ങൾക്ക് എങ്ങനെ സാധിച്ചു; ഷുഹൈബിനെ കൊന്നത് ഒരു കൊലപാതകം മാത്രമായിട്ടല്ല, സി.പി.ഐ.(എം) നടപ്പിലാക്കിയ ഒരു വധശിക്ഷയായിട്ടാണ് നമ്മൾ അതിനെ കണ്ടത്. അതുകൊണ്ട് വധശിക്ഷ നടപ്പിലാക്കാൻ സി.പി.ഐ.(എം)-ന് എന്ത് അധികാരമാണുള്ളത്; അരിയിൽ ഷുക്കൂറിനെയും അതുപോലെയാണ് വധശിക്ഷ നടപ്പിലാക്കിയതെന്ന് നമ്മൾ കണ്ടു. കേരളത്തിൽ ഇന്ന് വധശിക്ഷ നടപ്പിലാക്കുന്നു. ഇവിടെ ന്യൂനപക്ഷങ്ങളുടെ സംരക്ഷകർ എന്നുപറഞ്ഞ് അധികാരത്തിൽ കയറുവാൻ വേണ്ടി, വോട്ട് ലഭിക്കാൻ വേണ്ടി, സി.പി.ഐ.(എം) പലപ്പോഴും ന്യൂനപക്ഷ പ്രേമം കാണിക്കും. ഞാൻ ചോദിക്കുന്നു, സാധാരണക്കാരനായ, പൊതുരംഗത്ത് സജീവമായി പ്രവർത്തിക്കുന്ന ഒരു ന്യൂനപക്ഷക്കാരനായ ഷുഹൈബിനെ വധിക്കുമ്പോൾ നിങ്ങളുടെ ന്യൂനപക്ഷ സ്നേഹം എവിടെപ്പോയി; നിങ്ങൾക്കൊരു ന്യൂനപക്ഷ സ്നേഹവുമില്ല, എല്ലാം കാപട്യം മാത്രമാണ്. നമുക്കറിയാം ശ്രീ. പ്രകാശ് കാരാട്ടിന്റെ നേതൃത്വത്തിൽ സി.പി.ഐ.(എം) കാരാട്ട് പക്ഷക്കാരായ ആളുകൾ ബി.ജെ.പി.യെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി, ഇന്ത്യൻ രാഷ്ട്രീയത്തെ ബി.ജെ.പി.-യുടെ കാൽക്കൽ കൊണ്ടുവയ്ക്കുവാൻവേണ്ടി നേതൃത്വം നൽകുകയാണ്. അതാണ് ഏറ്റവും ഒടുവിൽ ത്രിപുരയിൽ കണ്ടത്. ത്രിപുരയിൽ സി.പി.ഐ.(എം) തോറ്റതിനെക്കുറിച്ചല്ല അവർ പറയുന്നത്. അവിടെ കോൺഗ്രസ്സിന് സീറ്റൊന്നും കിട്ടിയില്ല എന്നാണ് ഇവിടത്തെ സി.പി.ഐ.(എം)-കാർ പറയുന്നത്. നിങ്ങൾ എന്നും കൊലപാതക രാഷ്ട്രീയത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് ത്രിപുരയിൽ കണ്ടത്. ത്രിപുരയിൽ പത്തോളം ബി.ജെ.പി.-ക്കാരെ കൊലചെയ്തു ചിതാഭസ്മവുമായി നടന്നാണ് അവർ വോട്ടുപിടിച്ചതെന്നാണ് അറിയാൻ സാധിച്ചത്. കൊലപാതക രാഷ്ട്രീയം നിങ്ങളുടെ പാർട്ടിയെ ഇന്ന് ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞതുപോലെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഓഫ് (കേരള) ആക്കി മാറ്റുന്ന രാഷ്ട്രീയ സാഹചര്യത്തിലേയ്ക്ക് കൊണ്ടുവരും. കോൺഗ്രസ്സ് നേതൃത്വം നൽകുന്ന മതേതര ചേരിയെ ദുർബലപ്പെടുത്താനും അതുവഴി ബി.ജെ.പി.യെ ദേശീയ മുഖ്യധാരയിൽ നിലനിർത്താനുമുള്ള പ്രകാശ് കാരാട്ടിന്റെ തന്ത്രങ്ങളുടെ കേരളത്തിന്റെ ഏജന്റായി കേരളത്തിലെ സി.പി.ഐ.(എം)-ന്റെ നേതാക്കൾ പ്രവർത്തിക്കുന്നുവെന്ന് ഈ അവസരത്തിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ത്രിപുരയിൽ 25 വർഷത്തെ സി.പി.ഐ.(എം) ഭരണം അവസാനിച്ചതിൽ കേരളത്തിലെ സി.പി.ഐ(എം)-ന് യാതൊരു സങ്കടവുമില്ല. ഞാൻ നേരത്തേ പറഞ്ഞതുപോലെ കോൺഗ്രസ്സിന് ഒന്നും കിട്ടിയില്ല എന്നാണ് അവർ പറയുന്നത്. പ്രിയപ്പെട്ടവരേ, നിങ്ങൾ എന്നും അക്രമ

രാഷ്ട്രീയത്തെ പ്രോത്സാഹിപ്പിക്കുന്നു. ഷുഹൈബിനെ കൊലചെയ്തതിൽ കേരള സമൂഹം നിങ്ങൾക്ക് അടുത്തകാലത്തുതന്നെ ശക്തമായ തിരിച്ചടി നൽകും എന്നുമാത്രം പറയാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ ജനങ്ങൾ സി.പി.ഐ.(എം)-നെ രാജ്യത്ത് നിന്നുതന്നെ തുടച്ചുനീക്കുന്ന നിലയിലേയ്ക്ക് പോകുന്നതിൽ ഞങ്ങൾക്കും ദുഃഖമുണ്ട്. പക്ഷേ നിങ്ങൾ അത് സ്വയം ഏറ്റുവാങ്ങുന്ന സാഹചര്യമാണുള്ളത്.

ശ്രീ. എം. രാജഗോപാലൻ: സർ, ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു. 'വിദ്യകൊണ്ട് പ്രബുദ്ധരാകുക, വ്യവസായംകൊണ്ട് അഭിവൃദ്ധിനേടുക' ഇത് ശ്രീനാരായണ ഗുരുദേവന്റെ വചനമാണ്. വിദ്യാഭ്യാസ രംഗത്ത് ഏറെ മുന്നോട്ടുപോകാൻ നമുക്ക് കഴിഞ്ഞെങ്കിലും വ്യവസായ രംഗത്ത് ഇനിയുമേറെ വേഗത കൈവരിക്കേണ്ടതുണ്ട്. നമ്മുടെ രാജ്യത്തിന്റെ സ്വാശ്രയത്വവും പരമാധികാരവും സംരക്ഷിക്കുന്നതിന് അടിസ്ഥാനമായി നിൽക്കുന്ന പൊതുമേഖല സ്വകാര്യവൽക്കരിക്കപ്പെടുകയാണ് അല്ലെങ്കിൽ അടച്ചുപൂട്ടുകയാണ്. ഇതിൽ നാം ഉത്കണ്ഠാകുലരാണ്. ഇതിന് മൂന്ന് തലങ്ങളാണുള്ളത്.

1. പൊതുമേഖലാ സ്ഥാപനങ്ങൾ രാജ്യത്ത് വിറ്റഴിക്കുന്നു.
2. 100 ശതമാനം വിദേശ നിക്ഷേപം അനുവദിക്കുന്നു.
3. വെള്ളം, വൈദ്യുതി തുടങ്ങിയ പൊതുസേവനങ്ങൾ സ്വകാര്യവൽക്കരിക്കുന്നു.

ഒരുവശത്ത് കേന്ദ്ര നിക്ഷേപം പൊതുമേഖലയിൽ കുറയുന്നു. മറുവശത്ത് നിലവിലുള്ള പരിമിതമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നു. പൊതുമേഖല സ്വകാര്യവൽക്കരിക്കുന്നതിലൂടെ ജനങ്ങൾക്ക് സേവനങ്ങൾതന്നെ നഷ്ടപ്പെടുന്ന അവസ്ഥയാണ് വരാൻ പോകുന്നത്. ബാങ്കിംഗ് മേഖലയിലെ സ്വകാര്യവൽക്കരണ നയങ്ങളുടെ ഭാഗമായി ലാഭത്തിലിരുന്ന എസ്.ബി.ഐ. നഷ്ടത്തിൽ എത്തിനിൽക്കുകയാണ്. വിറ്റഴിക്കേണ്ടതും സ്വകാര്യവൽക്കരിക്കേണ്ടതുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക നീതി ആയോഗ് തയ്യാറാക്കിയിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി കച്ചവടവും തുടർന്ന് തന്ത്രപരമായ വിൽപ്പനയും നടത്തുകയെന്ന ചുമതലയാണ് കേന്ദ്ര സർക്കാർ നീതി ആയോഗിലൂടെ നിർവ്വഹിക്കുന്നത്. ഇതിനായി കണ്ടെത്തിയ 74 സ്ഥാപനങ്ങളിൽ 26 എണ്ണം അടച്ചുപൂട്ടാനും 10 എണ്ണത്തിന്റെ ഓഹരി കച്ചവടം നടത്തുന്നതിനുമുള്ള നടപടിയായി കഴിഞ്ഞു. പ്രതിരോധം, ഉരുക്ക്, ഊർജ്ജം, മരുന്ന്, വ്യോമയാനം, ഇൻഷ്വറൻസ് മേഖലകളെല്ലാം ഇന്ന് ഭീഷണിയിലാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തിമൂല്യത്തിൽ കുറവ് കാണിച്ച് ചുരുങ്ങിയ വിലയ്ക്ക് വിൽപ്പന നടത്തി സ്വകാര്യ കമ്പനികൾക്ക് സഹായമൊരുക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്. കേന്ദ്ര

സർക്കാർ കേരള സർക്കാരിനോടുള്ള അവഗണന തുടരുകയാണ്. ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കേരളത്തിന് 2012-13-ൽ ലഭിച്ചത് 2.2 ശതമാനം മാത്രമാണ്. 2013-14-ൽ 1.42 ശതമാനവുമാണ്. മഹാരാഷ്ട്രയിൽ ഇത് 16.92 ശതമാനവും ആന്ധ്രാപ്രദേശിൽ 7.26 ശതമാനവും തമിഴ്നാട്ടിൽ 6.84 ശതമാനവുമാണ് ലഭ്യമാകുന്നത്. കേരളത്തിന് 1.4 ശതമാനം മാത്രമാണ് ലഭിച്ചത്. 1951 ഏപ്രിൽ 1-ന് ആരംഭിച്ച ഒന്നാം പഞ്ചവത്സര പദ്ധതിയിൽ 5 പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ഉണ്ടായിരുന്ന നിക്ഷേപം 29 കോടി രൂപയായിരുന്നു. ഇന്ന് 5 പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥാനത്ത് 245 പൊതുമേഖലാ സ്ഥാപനങ്ങളായി ഉയർന്നു. നിക്ഷേപം 29 കോടി രൂപയിൽനിന്നും 10,96,057 കോടി രൂപയായി ഉയരുകയാണ്. ഇതേ സമയത്താണ് വീണ്ടും 80,000 കോടി രൂപയുടെ പൊതുമേഖലാ ഓഹരി വിൽപ്പന കഴിഞ്ഞ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. 1,77,138.43 കോടി രൂപയുടെ ഓഹരി ഇതിനകം വിറ്റുകഴിഞ്ഞു. രണ്ട് ഘട്ടമായി 53 പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിച്ച് 77,000 കോടി രൂപ കണ്ടെത്താൻ നീതി ആയോഗ് ശിപാർശ ചെയ്തിരിക്കുകയാണ്. ഈ ഗുരുതരമായ വെല്ലുവിളി അഭിമുഖീകരിക്കുന്ന ഘട്ടത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുവാൻ കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് ശക്തമായ ശ്രമങ്ങൾ ആരംഭിച്ചിട്ടുള്ളത്. യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരിക്കുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം 131.60 കോടി രൂപയായിരുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ ആദ്യവർഷംതന്നെ ആ ഇനത്തിലുള്ള നഷ്ടം 71 കോടി രൂപയായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. രണ്ട് വർഷംകൊണ്ട് പൊതുമേഖലയുടെ ലാഭം 40 കോടി രൂപയായി വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ കഴിഞ്ഞു. പി.എസ്.യു.-വിന്റെ പെർഫോർമൻസ് ഓഡിറ്റുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചിരിക്കുകയാണ്. പെർഫോർമൻസ് ഹൈലൈറ്റ്സ് എന്ന തലവാചകത്തിൽ ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളത് PSUs under Industries Department reported a turn over of Rs.1928.24 crores എന്നാണ്. നെറ്റ് പ്രോഫിറ്റ് 34.30 കോടി രൂപയാണ്. 11 units have reported profits. Profit made by profit making units Rs.216.43 crores. വരുമാന വർദ്ധനവിനെക്കുറിച്ച് വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. 19 കമ്പനികൾക്ക് വരുമാനം വർദ്ധിപ്പിക്കാനും 8 കമ്പനികൾക്ക് നഷ്ടം കുറയ്ക്കാനും കഴിഞ്ഞു. ഇത് ആധികാരികമായ രേഖയുടെ പിൻബലത്തിൽ നമുക്ക് പറയാൻ കഴിയും.

ചെറുകിട വ്യവസായം:- വികസിത രാജ്യങ്ങളിലും വികസ്വര രാജ്യങ്ങളിലും ചെറുകിട വ്യവസായങ്ങൾ വളർച്ചയുടെ കേന്ദ്രങ്ങളായാണ് കരുതപ്പെടുന്നത്. ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്തും പത്താം പഞ്ചവത്സര പദ്ധതിക്കാലത്തുമുൾപ്പെടെ

സൂക്ഷ്മ-ചെറുകിട സംരംഭങ്ങളും ഇടത്തരം സംരംഭങ്ങളുമാണ് വ്യവസായ മേഖലയുടേതിനെക്കാൾ ഉയർന്ന വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത്. ചെറുകിട മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾക്കും ഇടത്തരം സംരംഭങ്ങൾക്കും അനുകൂലമായ മുഖ്യവാദഗതിയുമുണ്ട്. അത് കുറച്ചുപേരുടെ കയ്യിൽ വരുമാനവും സ്വത്തും കേന്ദ്രീകരിക്കുന്നത് കുറയ്ക്കാൻ സാധിക്കും. ചെറിയ നിക്ഷേപംകൊണ്ടുതന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. അത് സംരഭകത്വത്തിന്റെ നഴ്സറി കൂടിയാണ്. അതിന്റെ സന്തുലിതമായ പ്രാദേശിക വളർച്ചയ്ക്കും മൊത്തത്തിലുള്ള ദാരിദ്ര്യനിർമ്മാർജ്ജനത്തിനും വഴിതെളിക്കും. കേരളത്തിലെ സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെയും ഇടത്തരം സംരംഭങ്ങളുടെയും മേഖലകളിലുണ്ടായ വളർച്ച പ്രധാനമായും ഇടതു മുന്നണി സർക്കാരിന്റെ പുരോഗമനാത്മകമായ നടപടികളുടെ ഭാഗമായാണ് ഉണ്ടായതെന്ന് കാണാൻ കഴിയും. ഇപ്പോഴും അത്തരം മേഖലയ്ക്ക് കൂടുതൽ മുൻഗണന നൽകിക്കൊണ്ടിരിക്കുകയാണ്. സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെയും ഇടത്തരം സംരംഭങ്ങളുടെയും വളർച്ചയ്ക്ക് കേരളത്തിൽ ഇനിയും ഒട്ടേറെ സാധ്യതകളുണ്ട്. അതുകൊണ്ടുതന്നെ കുറെയധികം നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇത്തരം സംരംഭങ്ങളുടെ വികസനത്തിനായുള്ള പശ്ചാത്തല സൗകര്യ വികസനത്തിന് പ്രാദേശിക സ്വയംഭരണ സർക്കാരുകളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ സഹായകമായ രീതിയിൽ പ്രത്യേക സംവിധാനം കേരളത്തിൽ ഉണ്ടാക്കേണ്ടിയിരിക്കുന്നു. സ്ത്രീകൾക്ക് മാത്രമായുള്ള ഇൻഡസ്ട്രിയൽ പാർക്ക് നിർമ്മിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. സൂക്ഷ്മ-ചെറുകിട മേഖലയ്ക്കും ഇടത്തരം മേഖലകൾക്കുംവേണ്ടി ആവശ്യമായ ധനസഹായം ലഭിക്കുന്നതിന് സഹകരണ ബാങ്കുകളുടെയും കൊമേഴ്സ്യൽ ബാങ്കുകളുടെയും കൺസോർഷ്യം ഫലപ്രദവും കാര്യക്ഷമവുമായ രീതിയിൽ പ്രവർത്തിപ്പിക്കാൻ നമുക്ക് കഴിയണം. ഒപ്പം കേരള സംസ്ഥാനത്തിന്റെ വികസനത്തിൽ ശാസ്ത്ര-സാങ്കേതിക ഗവേഷണത്തിന് പ്രധാനമായ പങ്ക് വഹിക്കാൻ കഴിയും. തിരികെ സംസ്ഥാനത്തിൽ നിന്നാകട്ടെ, സാമൂഹിക പുരോഗതിക്കായി ശാസ്ത്ര-സാങ്കേതിക ഗവേഷണത്തിന് ശക്തമായ പിന്തുണ നൽകാനും കഴിയും. പല രംഗങ്ങളിലും പരമ്പരാഗതമായി നാം നേടിയെടുത്ത ശാസ്ത്ര-സാങ്കേതിക രംഗത്തെ മേൽക്കൈ നിലനിർത്തുന്നതോടൊപ്പം തന്നെ ഈ രംഗങ്ങളിൽ പുരോഗതി നേടുകയെന്നതാണ് നമ്മൾ നേരിടുന്ന വെല്ലുവിളി. ഇൻഫർമേഷൻ ടെക്നോളജി, ബയോ ടെക്നോളജി, നാനോ ടെക്നോളജി എന്നിങ്ങനെയുള്ള പുത്തൻ മേഖലകൾ സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിലാകണം ഇതിന്റെ ആസൂത്രണം. ഇന്ന് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്നുണ്ടാകുന്ന പല ഗവേഷണ ഫലങ്ങളും സംസ്ഥാനത്തിന്റെ പുരോഗതിക്കായി ഉപയോഗിക്കുന്നുണ്ടോ എന്നുള്ളത് വിമർശനാത്മകമായി പരിശോധിക്കേണ്ട കാര്യമാണ്. അതല്ലെങ്കിൽ ഇതിന് പ്രയോഗ സാധ്യതയുണ്ടോ എന്നുകൂടി പരിശോധനയ്ക്ക് വിധേയമാക്കണം.

ഇവിടെയാണ് അറിവിന്റെ, സാമൂഹികവൽക്കരണത്തിന്റെ പ്രാധാന്യം നാം തിരിച്ചറിയേണ്ടത്. ഏത് ശാസ്ത്ര-സാങ്കേതിക മേഖലയിലെ ഗവേഷണമായാലും ശരി അതിന്റെ ഫലങ്ങൾ സമൂഹത്തിൽ അവതരിപ്പിക്കപ്പെടണം. ആ രീതിയിൽ സാമൂഹിക പ്രതിബദ്ധതയുള്ള ശാസ്ത്രകാരന്മാരും ശാസ്ത്രബോധമുള്ള സമൂഹവും ഉണ്ടായാൽ മാത്രമേ സംസ്ഥാനത്തിന്റെ വികസനം സാധ്യമാകൂ. ഇവിടെ ഇടതുപക്ഷത്തിന്റെ ഇടപെടൽ ആ ലക്ഷ്യത്തോടെയാണ്. പ്രായോഗിക രൂപം കൈവരിക്കണമെങ്കിൽ അതിന് വ്യാവസായിക അഥവാ ഉത്പാദനതലം ഉണ്ടാകണം. വ്യവസായ സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളുമായി നല്ല ബന്ധം ഉറപ്പു വരുത്താൻ കഴിയണം. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർവ്വകലാശാലകളുമായും മറ്റ് ഗവേഷണ സ്ഥാപനങ്ങളുമായും യോജിച്ച് ശാസ്ത്ര-സാങ്കേതിക ഗവേഷണ ഫലങ്ങൾ സാമൂഹിക വികസനത്തിനായി ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. അത്തരത്തിലുള്ള ഒരു ഉദ്ഗ്രഥിത സമീപനം വികസിപ്പിക്കേണ്ട വർത്തമാനകാല സാഹചര്യത്തിലാണ് നാം ഇതിനെ പിന്താങ്ങുന്നതും. ഇന്ത്യൻ വ്യവസായം ആഗോളമായി മത്സരക്ഷമമായിക്കൊണ്ടിരിക്കുകയാണ്. ഉന്നതതല എഞ്ചിനീയറിംഗ് വിദ്യാഭ്യാസം പണ്ഡിതോചിതമായ ഗവേഷണരംഗമായി സ്വയം മാറിയിരിക്കുന്നു. എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിൽ കൂടുതൽ ഗവേഷണാധിഷ്ഠിത സമീപനം വികസനത്തിനായുള്ള നിർണ്ണായക ഘടകങ്ങളിലൊന്നായി മാറിയിരിക്കുകയാണ്. സ്ഥലലഭ്യതയില്ലാത്ത തിനാൽ നമ്മുടെ സംസ്ഥാനത്ത് വൻകിട ഖനവ്യവസായങ്ങൾക്ക് സാധ്യത വളരെ വിരളമാണ്. സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തെ തുടർന്നുള്ള വിദ്യാഭ്യാസ വിപ്ലവത്തിന്റെ അടുത്ത ഘട്ടമെന്ന നിലയിൽ എഞ്ചിനീയറിംഗിലും സാങ്കേതിക വിദ്യയിലുമുള്ള ഗവേഷണവും മനുഷ്യവിഭവശേഷി വികസനവുംമൂലധനമെന്ന നിലയിൽ വികസിപ്പിക്കാനുള്ള സാധ്യത ഇവിടെയുണ്ട്. അത് പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയേണ്ടതുണ്ട്. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് സംവിധാനത്തിന്റെ വികസനവും ഗവേഷണവും മെച്ചപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള നയങ്ങൾ അവലോകനം ചെയ്യുന്നതിനും സംസ്ഥാനത്തെ എഞ്ചിനീയറിംഗ് ഗവേഷണ വികസന സംവിധാനങ്ങളെക്കുറിച്ച് അവലോകനം നടത്തുന്നതിനും ഒരു ഉന്നതതല വിദഗ്ധ ഉപദേശക സംഘത്തിന് രൂപം നൽകാൻ സർക്കാർ തയ്യാറാകണം. അതൊരു സ്ഥിരം സംവിധാനമായിത്തന്നെ കേരളത്തിൽ നിലനിർത്തിയാൽ വളരെ ഫലപ്രദവും കാര്യക്ഷമവുമായുള്ള ഇടപെടലുകൾ നടത്താൻ നമുക്ക് സാധിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. കേരളത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒട്ടേറെ മേഖലകളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിപ്പിച്ച് സ്വകാര്യവൽക്കരണത്തിന്റെ നയങ്ങൾക്കെതിരായുള്ള പോരാട്ടത്തിന് കരുത്ത് പകരാനുള്ള ശ്രമമാണ് നടത്തിയത്. കയർ പുനഃസംഘടനാ

പദ്ധതി, സൗജന്യ സ്കൂൾ യൂണിഫോമിന് 25 ലക്ഷം മീറ്റർ കൈത്തറി തുണി ഉപയോഗിക്കുന്നതിനുള്ള പദ്ധതിക്കുള്ള നേതൃത്വം നൽകൽ, കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിന് കേരളാ കാഷ്യൂ ബോർഡ് എന്ന കമ്പനിക്ക് രൂപം നൽകിക്കൊണ്ടുള്ള പ്രവർത്തനം, വ്യവസായ സംരംഭങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ പ്രക്രിയയുടെ വേഗത വർദ്ധിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പൊതുമേഖലാ പദ്ധതി വിഹിതം കഴിഞ്ഞ വർഷത്തെ 100 കോടി രൂപയിൽനിന്നും ഈ വർഷം 270 കോടി രൂപയായി ഉയർത്താനുള്ള തീരുമാനം, ടെൽക്, കെൽ, ഓട്ടോകാസ്റ്റ്, കെ.എ.എൽ. തുടങ്ങിയ കമ്പനികളിലെ ആധുനികവൽക്കരണ നടപടികളുടെ അന്തിമ ഘട്ടത്തിലേയ്ക്കുള്ള പ്രയാണം, കെ.എം.എം.എൽ., ട്രാവൻകൂർ ടൈറ്റാനിയം, മലബാർ സിമന്റ്സ് തുടങ്ങിയ സ്ഥാപനങ്ങളിലെ വിപുലീകരണ പദ്ധതികൾക്ക് നേതൃത്വം കൊടുത്തുകൊണ്ടുള്ള ശക്തമായ ഇടപെടലുകൾ, വിപണി താൽപ്പര്യങ്ങൾക്കനുസരിച്ച് ഉൽപ്പന്നങ്ങളുണ്ടാക്കുന്ന ആധുനിക വ്യവസായ പദ്ധതികളുമായി മുന്നോട്ടുപോകാനുള്ള ഇടപെടലുകൾ തുടങ്ങിയവയെല്ലാംതന്നെ ശ്രദ്ധേയമായിട്ടുള്ളതാണ്. മലബാറിലെ വ്യാവസായിക പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഇനിയും കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനും നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനും ആവശ്യമായിട്ടുള്ള ഇടപെടലുകൾ കേരളത്തിലെ ഗവൺമെന്റിൽനിന്നും ഉണ്ടാകണമെന്നാണ് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

കാസർഗോഡ് BHEL ഫാക്ടറിയുമായി ബന്ധപ്പെട്ട് 5 കോടി രൂപയുടെ സഹായം ലഭ്യമാക്കിക്കൊണ്ട് ഏറ്റവും ശ്രദ്ധേയമായ ഇടപെടലാണ് കേരളത്തിലെ സർക്കാർ ആ മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്നത്. അതുപോലെ ഉദുമ സ്പിന്നിംഗ് മിൽ, പഴയ ആസ്ട്രൽ വാച്ച് വർക്സ് തുടങ്ങിയ ഒട്ടേറെ പൊതുമേഖലാ സംരംഭങ്ങൾ കാസർഗോഡുണ്ട്. അതിനെയൊക്കെ പുനരുജ്ജീവിപ്പിക്കാനും അതോടൊപ്പം മലബാറിൽ ഭൂമി ലഭ്യമായിട്ടുള്ള പഞ്ചായത്തുകളിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള കാഴ്ചപ്പാടിനെ മുൻനിർത്തിയുള്ള വ്യവസായങ്ങൾ കൊണ്ടുവരുന്നതിനാവശ്യമായുള്ള ഇടപെടൽ നടത്തണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ബീഡി മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് ബഹുമാനപ്പെട്ട സി. കൃഷ്ണൻ, എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ മേഖല ഗുരുതരമായ പ്രതിസന്ധിയിലാണ്. അവരുടെ രക്ഷയ്ക്കുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വ്യാവസായിക മേഖലയിൽ വിസ്മയകരമായ നേട്ടങ്ങളുമായി മുന്നേറുമ്പോൾ കേന്ദ്രത്തിന്റെയും കേരളത്തിന്റെയും വ്യാവസായിക നയം ഒരു പോലെയാണെന്ന് എന്റെ ഒരു സുഹൃത്ത് ഇവിടെ പ്രസംഗിച്ചു. അതുസംബന്ധിച്ച് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. ആധികാരികമായിത്തന്നെ രേഖകളുടെ

പിൻബലത്തിൽ നമുക്ക് തെളിയിക്കാൻ കഴിയും. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമായി രാഷ്ട്രീയ ദുഷ്ടലാക്കോടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്താനുള്ള വ്യഗ്രതയാണ് ആ അംഗങ്ങളുടെ പ്രതികരണത്തിലൂടെ വ്യക്തമാകുന്നതെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്.

അക്രമ രാഷ്ട്രീയത്തെക്കുറിച്ച് ഉദ്ഘോഷിക്കുന്ന സുഹൃത്തുക്കൾ തോക്ക് രാഷ്ട്രീയത്തെക്കുറിച്ചും കൊലപാതകത്തെക്കുറിച്ചുമൊക്കെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റുകാരെ കൊല്ലാൻ തോക്ക് കൊടുക്കണമെന്ന് ആദ്യമായി പൊതുയോഗത്തിൽ പ്രസംഗിച്ചത് 1972-ലെ അർദ്ധ ഫാസിസ്റ്റ് ഭീകരവാഴ്ചയുടെ കാലയളവിൽ വെസ്റ്റ് ബംഗാളിലെ സിദ്ധാർത്ഥ് ശങ്കർ റേയും പ്രിയരഞ്ചൻ ദാസ് മുൻഷിയുമായിരുന്നു. ഓരോ കമ്മ്യൂണിസ്റ്റുകാരനെയും കൊന്ന് അവന്റെ ചോര ഹൂഗ്ലി നദിയിൽ ഒഴുക്കണമെന്നാണ് അന്ന് അവിടെ പ്രഖ്യാപിച്ചത്. ഇപ്പോൾ ഇലക്ഷൻ നടന്ന ത്രിപുരയിലെ ഞങ്ങളുടെ വന്ദ്യവയോധികനായ നേതാവ് നൃപൻ ചക്രവർത്തിയെ ബൂത്തിനകത്തിട്ട് മാരകമായി പരിക്കേൽപ്പിച്ച സംഭവം ഉണ്ടായി. ആയിരക്കണക്കിന് കമ്മ്യൂണിസ്റ്റുകാരെയാണ് ത്രിപുരയിലും ബംഗാളിലും നിങ്ങൾ കൊന്നൊടുക്കിയത്. ഞാൻ വരുന്നത് കയ്യൂർ ചീമേനിയിൽ നിന്നാണ്. ഒരു പച്ചമനുഷ്യനെ എങ്ങനെ ചുട്ടുകൊല്ലാമെന്ന് ഈ കേരളത്തിനും നാടിനും പഠിപ്പിച്ച കൊലപാതക രാഷ്ട്രീയത്തിന് അരങ്ങൊരുക്കിയ സ്ഥലമായിരുന്നു ചീമേനി. കൂട്ടക്കൊലയായിരുന്നു നിങ്ങൾ അവിടെ നടത്തിയത്. ജാലിയൻ വാലാബാഗിൽ നടന്ന കൂട്ടക്കൊലയ്ക്ക് സമാനമാണ് അവിടെ നടന്നതെന്നാണ് മഹാനായ ഇ.എം.എസ്. അതിനെ വിശേഷിപ്പിച്ചത്. തോക്കിനിരയായ സഖാവ് ശ്രീ. ഇ.പി. ജയരാജൻ എം.എൽ.എ. എന്റെ വലതുവശത്ത് ഇവിടെ ഇരിക്കുന്നുണ്ട്. അങ്ങനെ എത്രയെത്ര കൊലപാതകങ്ങൾ. നിങ്ങളാണോ ക്രിമിനൽ രാഷ്ട്രീയത്തെക്കുറിച്ച് പറയുന്നത്?

ഇപ്പോൾ കോൺഗ്രസിന്റെ അവസ്ഥ എന്താണ്; ഇന്ത്യൻ നാവികസേന തിരച്ചിൽ നടത്തി തിരച്ചിലെല്ലാം അവസാനിപ്പിച്ച് നിരാശരായി ത്രിപുരയിൽനിന്ന് മടങ്ങിയിരിക്കുകയാണ്. ഒരു കോൺഗ്രസ് എം.എൽ.എ.യെ എങ്ങനെയെങ്കിലും കിട്ടുമോയെന്ന് നോക്കാൻ വേണ്ടിയാണ് തിരച്ചിൽ നടത്തിയത്. മേഘാലയയിൽ കോൺഗ്രസ്സിന്റെ എം.എൽ.എ.-മാർ ഒളിച്ചോടുകയാണ് ചെയ്തത്. രണ്ട് എം.എൽ.എ.-മാരുള്ള ഒരു പാർട്ടിയാണ് ഇന്ന് മുൻകയ്യെടുത്ത് അവിടെ സർക്കാർ രൂപീകരിച്ചത്. 'വിൽക്കാനുണ്ട് സ്വപ്നങ്ങൾ' എന്ന സിനിമ നമ്മളെല്ലാം കണ്ടിട്ടുണ്ട്. വിൽക്കാനുണ്ട് കോൺഗ്രസ് എന്ന സിനിമയ്ക്കുവേണ്ടിയുള്ള തിരക്കഥയും രചനയും സംവിധാനവുമാണ് ഇപ്പോൾ എ.ഐ.സി.സി. പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധി ഒരുക്കിയിട്ടുള്ളത്. കേരളത്തിലെ കോൺഗ്രസ്സുകാർ തിയേറ്റർ അന്വേഷിച്ച് നടക്കുകയാണ്. വിലയ്ക്ക് വാങ്ങാം എന്നൊരു പ്രസംഗം സാംബശിവൻ നടത്തിയിരുന്നു. ഇന്നാണെങ്കിൽ കോൺഗ്രസ്സിന്റെ കാര്യംകൂടി ഉൾപ്പെടുത്തുമായിരുന്നു. ഇങ്ങനെയുണ്ടോ ഒരു പാർട്ടി?

ത്രിപുരയിൽ തോറ്റതിൽ ഞങ്ങൾക്ക് നിരാശയുണ്ട്. കോൺഗ്രസ്സൊന്നും അങ്ങനെ ദുർബലപ്പെടരുതായിരുന്നു. പക്ഷേ ത്രിപുരയിലെ വോട്ടിംഗ് ശതമാനത്തിൽ ഞങ്ങൾക്ക് നല്ല രീതിയിൽ പിടിച്ചുനിൽക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഇലക്ഷനിൽ ഇടതുപക്ഷത്തിന് 52 ശതമാനം വോട്ട് നേടിയ സ്ഥാനത്ത് ഇത്തവണ 44.3 ശതമാനം വോട്ടെങ്കിലും ത്രിപുരയിൽ നേടാൻ കഴിഞ്ഞിട്ടുണ്ട്. അവിടത്തെ ജനങ്ങൾ സി.പി.ഐ.(എം.)-നെ കൈയൊഴിഞ്ഞിട്ടില്ല. എന്നാൽ കോൺഗ്രസിന്റെ അവസ്ഥ എന്താണ്; കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 8.04 ലക്ഷം വോട്ടർമാരാണ് നിങ്ങൾക്കനുകൂലമായി ത്രിപുരയിൽ വോട്ട് രേഖപ്പെടുത്തിയത്. എന്നുപറഞ്ഞാൽ 36.53 ശതമാനം വോട്ടർമാർ. ഈ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് കിട്ടിയത് 41,000 വോട്ട് അതായത് 1.8 ശതമാനം വോട്ട്. എന്നിട്ടാണോ വീമ്പിളക്കുന്നത്? എന്തൊരു പാർട്ടിയാണ് ഇത്; അതുകൊണ്ട് പർച്ചേസിംഗിന് ഏറ്റവും എളുപ്പമുള്ള പാർട്ടിയാണ് കോൺഗ്രസ് എന്ന് അത് തെളിയിച്ചു. ത്രിപുരയിൽത്തന്നെ എങ്ങനെയാണ് ബി.ജെ.പി. പ്രതിപക്ഷ നേതാവായത്; 7 എം.എൽ.എ.മാർ ഒളിച്ചോടി അപ്പുറത്ത് പോയപ്പോഴാണ്. ഏറ്റവും അപകടകാരികളായ, വിഘടന വാദികളായ ഐ.പി.എഫ്.ടി. പോലെയുള്ള തീവ്രവാദ സംഘടനയുമായി യോജിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ബി.ജെ.പി.ക്ക് അനുകൂലമായി, അല്ലെങ്കിൽ വളരെ അപകടകരമായ സ്ഥിതിവിശേഷത്തിലേയ്ക്കാണ് കാര്യങ്ങളുടെ പോക്ക്. നിങ്ങൾ ആലോചിക്കുക. ഇന്ത്യ രക്ഷപ്പെടണമെങ്കിൽ നിങ്ങളും നയം മാറ്റണം.

"പ്ലേഗ് പരന്നാലുണ്ട് നിവൃത്തി

ഫ്ലാഗ് പരന്നാലില്ല നിവൃത്തി"- എന്ന് കുഞ്ഞുണ്ണി മാഷിന്റെ ഒരു കവിതയുണ്ട്. അതുപോലെ ഈ കാവിക്കൊടി ഇനിയും പറക്കാൻ തുടങ്ങിയാൽ ഇന്ത്യയുടെ മതനിരപേക്ഷത ചോദ്യം ചെയ്യപ്പെടും. ജനാധിപത്യത്തെ കശാപ്പു ചെയ്യും. അതുവഴി ഇന്ത്യതന്നെ ഇല്ലാതാകാൻ പോകുകയാണ്. ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ കരുത്ത് വർദ്ധിപ്പിച്ചുകൊണ്ട് ഇനിയും മുന്നേറാൻ നമുക്ക് കഴിയണം എന്നുമാത്രമാണ് ഈ അവസരത്തിൽ ഓർമ്മപ്പെടുത്താനുള്ളത്. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. സംസ്ഥാനത്ത് കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ ലഭ്യമാകുന്നത് ചെറുകിട-ഇടത്തരം വ്യവസായ രംഗത്താണ്. സംസ്ഥാനത്ത് തൊഴിലില്ലാത്ത എഞ്ചിനീയറിംഗ് ബിരുദധാരികളുടെയും ഡിപ്ലോമക്കാരുടെയും ഐ.ടി.ഐ. സർട്ടിഫിക്കറ്റ് ഹോൾഡേഴ്സിന്റെയും എണ്ണം കൂടിക്കൂടിവരികയാണ്. ഏകദേശം 30000-ൽ അധികം വരുന്ന എഞ്ചിനീയറിംഗ് ബിരുദധാരികൾ,

48000-ൽ അധികം വരുന്ന ഡിപ്ലോമക്കാർ, 86000-ത്തോളം ഐ.ടി.ഐ. സർട്ടിഫിക്കറ്റ് ഹോൾഡേഴ്സ് എന്നിവർ ഇപ്പോഴും തൊഴിലില്ലാതെ അങ്ങോട്ടു മിങ്ങോട്ടും തെക്കുവടക്ക് നടക്കുകയാണ്. മറ്റ് വിഭാഗത്തിൽപ്പെട്ട തൊഴിലില്ലാത്ത യുവജനങ്ങളുടെ എണ്ണം 32.67 ലക്ഷമാണ്. ഇവർക്കെല്ലാം നേരിട്ട് തൊഴിൽ നൽകാൻ കഴിയില്ലെങ്കിലും തൊഴിൽ സംരംഭകരായി മാറ്റാൻ സർക്കാരിന് കഴിയും. Ease of doing Busines-ൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ താഴെയാണെന്നത് സർക്കാർ തൊഴിൽ സംരംഭകർക്ക് അനുകൂലമായ നിലപാട് സ്വീകരിക്കാത്തതുകൊണ്ടാണ്. നിയമത്തിന്റെ നൂലാമാലകളിൽ കുടുങ്ങാതെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ സഹായിക്കണം.

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നമ്മുടെ സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിനും വ്യവസായ വികസനം സാധ്യമാക്കുന്നതിനും നിക്ഷേപ സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിനും നിരവധി പരിപാടികളാണ് സംഘടിപ്പിച്ചത്. Emerging Kerala 2012, YES 2014, YES Can 2015, WE Mission 2015 എന്നീ പരിപാടികൾ ആഗോള ശ്രദ്ധയാകർഷിച്ചവയാണ്. Emerging Kerala സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. ഇതിൽ 56 പദ്ധതികൾ ആരംഭിക്കുകയും ഏകദേശം 32,137 കോടി രൂപയുടെ ആകെ നിക്ഷേപം ഉറപ്പാക്കാനും കഴിഞ്ഞിരുന്നു. വ്യവസായ വകുപ്പിന്റെ കീഴിൽ മാത്രം ആരംഭിച്ച 14 പദ്ധതികളിൽ 23,334 കോടി രൂപയുടെ നിക്ഷേപം ഉറപ്പാക്കാൻ കഴിഞ്ഞു എന്നത് വലിയ നേട്ടമായിരുന്നു.

വിദ്യാർത്ഥി യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ യുവസംരംഭക സംഗമം നടത്തി. 2012 ഏപ്രിലിൽ കഴിഞ്ഞ സർക്കാർ ആരംഭിച്ച സംരംഭകത്വ സഹായ പദ്ധതി പ്രകാരം വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 3 ലക്ഷം രൂപ വരെ സ്റ്റാർട്ട്അപ് സപ്പോർട്ട് നൽകുകയും സംരംഭം തുടങ്ങിയതിനുശേഷം നിക്ഷേപത്തിന്റെ 15 ശതമാനം ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. മാത്രമല്ല വനിത, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവർക്ക് നിക്ഷേപത്തിന്റെ 20 ശതമാനം ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് നൽകുകയും ചെയ്തതുമൂലം കൂടുതൽ നിക്ഷേപകരെ ആകർഷിക്കാൻ കഴിഞ്ഞിരുന്നു. വനിതാ സംരംഭകരായ സ്ത്രീകളെ പ്രോത്സാഹിപ്പിക്കുന്നതിന് രൂപം നൽകിയ WE Mission Kerala-യും കൊച്ചിയിൽ നടത്തിയ വനിതാ സംരംഭകത്വ സമ്മേളനവും സംരംഭകരായ സ്ത്രീകൾക്ക് നൽകിയ വലിയ പ്രോത്സാഹനമായിരുന്നു. Investment Promotion Council, Investment Clearance Board, Investment Promotion

Board എന്നിവ രൂപീകരിച്ചതും നിക്ഷേപത്തെ പ്രോത്സാഹിപ്പിച്ചു. സംരംഭകരെ സഹായിക്കുന്ന തരത്തിൽ ജലം, വൈദ്യുതി, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ തയ്യാറാക്കി സംരംഭകർക്ക് നൽകിയതും നിക്ഷേപ സൗഹൃദമായ പദ്ധതിയായിരുന്നു. എന്നാൽ ഇന്ന് ഈ സർക്കാരിന് നിക്ഷേപക അനുകൂല സാഹചര്യമൊരുക്കി നൽകാൻ കഴിഞ്ഞിട്ടില്ല. ചെറുകിട വ്യവസായ ആവശ്യത്തിനായി പുതിയ വ്യവസായ വികസന പ്ലോട്ടുകൾ ആരംഭിക്കുന്നതിനോ ഭൂമി ഏറ്റെടുത്ത് വികസിപ്പി ക്കുന്നതിനോ പുതിയ വ്യവസായ ക്ലസ്റ്ററുകൾ ആരംഭിക്കുന്നതിനോ കഴിഞ്ഞിട്ടില്ല. നിക്ഷേപക അനുകൂല സാഹചര്യമൊരുക്കി നൽകാൻ കഴിയാതിരുന്നതുകൊണ്ടാണ് കേന്ദ്രസർക്കാരിന്റെ Department of Industrial Policy and Promotion തയ്യാറാക്കിയ നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം 21-ാം സ്ഥാനത്തായത്. എന്നാൽ ഇപ്പോൾ നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ഉറപ്പാക്കുന്നതിന് എന്ന പേരിൽ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് 7 നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രകൃതി വിഭവങ്ങളുടെ ചൂഷണത്തിന് ഇടയാക്കുന്ന വ്യവസ്ഥകൾ ഉൾപ്പെട്ട ഭേദഗതികളോടുകൂടിയ ഈ നിയമം സുസ്ഥിര വികസനം എന്ന സങ്കൽപ്പത്തെതന്നെ തകിടം മറിക്കുന്നതാണ്. കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ, 2018 എന്ന നിയമം വഴി ഭേദഗതി ചെയ്യപ്പെടുന്ന ഒരു നിയമമായ Kerala Ground Water Control and Regulation Act 2002-ലെ പുതിയ വ്യവസ്ഥകൾ സംസ്ഥാനത്ത് ഭൂഗർഭ ജലത്തിന്റെ അനിയന്ത്രിതമായ ചൂഷണത്തിന് ഇടയാക്കുന്ന സാഹചര്യമാണ് സൃഷ്ടിക്കാൻ പോകുന്നത്.

ഈ സർക്കാരിന്റെ 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ 5 ബൃഹത് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടത്തിയിരുന്നു. മട്ടന്നൂർ പനയത്തുപറമ്പിൽ 1000 ഏക്കർ, തൊടുപുഴയിൽ 900 ഏക്കർ, വിഴിഞ്ഞത്ത് 500 ഏക്കർ, കാസർഗോഡ് 500 ഏക്കർ, മങ്കടയിൽ 700 ഏക്കർ എന്നിങ്ങനെ ഭൂമി ഏറ്റെടുക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ കണ്ണൂരും തൊടുപുഴയിലും ഭൂമി കണ്ടെത്തിയെന്നും വിഴിഞ്ഞത്തും കാസർഗോഡും ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ തുടരുകയാണെന്നും ഭൂമി അനുയോജ്യ മല്ലാത്തതിനാൽ മങ്കടയിൽ ഈ പദ്ധതി ഉപേക്ഷിച്ചെന്നുമാണ് പറയുന്നത്. മലപ്പുറം ജില്ലയിൽ ഈ പദ്ധതി ഉപേക്ഷിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം. പിന്നോക്ക ജില്ലയായ മലപ്പുറത്തിനോടുള്ള ഈ സമീപനം മാറ്റണം. മലപ്പുറത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി പദ്ധതി നടപ്പിലാക്കണം.

വിദേശത്തുനിന്നും മടങ്ങിയെത്തിയ തൊഴിൽ നൈപുണ്യമുള്ള പ്രവാസികൾക്ക് നാട്ടിൽ വ്യവസായ സംരംഭങ്ങൾ ഉറപ്പാക്കാൻ ഈ സർക്കാർ യാതൊരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ല. ഇത് അത്യന്തം ഖേദകരമാണ്. മറ്റുള്ളവർക്കുള്ള സംരംഭങ്ങൾ

ഇവർക്കുകൂടി പ്രയോജനപ്പെടുത്തട്ടെ എന്നാണ് സർക്കാർ നിലപാട്. പ്രവാസി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനോ നിക്ഷേപ താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനോ പ്രത്യേക പദ്ധതികളൊന്നും ആസൂത്രണം ചെയ്യുന്നില്ലെങ്കിൽ എന്തിനാണ് നമ്മൾ ലോക കേരള സഭ എന്നൊക്കെ പറഞ്ഞ് വലിയൊരു പരിപാടി ഇവിടെ സംഘടിപ്പിച്ചത്; ഇന്ന് രാവിലെ അടിയന്തര പ്രമേയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറെ കാര്യങ്ങൾ പറഞ്ഞു. അത് സ്വാഗതാർഹം തന്നെയാണ്. പക്ഷേ പ്രവാസികൾക്കുവേണ്ടി പ്രത്യേക പദ്ധതികൾതന്നെ കൊണ്ടുവരേണ്ടതുണ്ട്. 2017-18-ൽ 888 കോടി രൂപ വകയിരുത്തിയതിൽ 335 കോടി രൂപ മാത്രമാണ് ഒക്ടോബർ വരെ ചെലവഴിച്ചിരുന്നത്. അതായത് 37 ശതമാനം. പദ്ധതിച്ചെലവ് വർഷാന്ത്യത്തിലേയ്ക്ക് മാറ്റുന്നത് കാര്യക്ഷമമല്ലെന്ന് സർക്കാർതന്നെ വിലയിരുത്തിയിട്ടുള്ള സാഹചര്യത്തിലാണ് ഈ അവസ്ഥ. ഉൽപ്പന്ന മേഖലയിൽ വളർച്ചാ നിരക്ക് 2015-16-ൽ 12 ശതമാനം ആയിരുന്നത് ഈ സർക്കാർ വന്നതോടെ കേവലം 2.2 ശതമാനമായി കുറഞ്ഞു എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 137 വ്യാവസായിക അപകടങ്ങൾ ഉണ്ടായതിൽ 4 ജീവഹാനി വരെ ഉണ്ടായിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ മതിയായ സുരക്ഷാ സംവിധാനം ഒരുക്കുന്നതിൽ പരാജയപ്പെടുന്നു എന്നുള്ളത് ഖേദകരം തന്നെയാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ 27 എണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുകയാണ്. ജീവനക്കാർക്ക് യഥാസമയം ശമ്പളംപോലും ലഭിക്കാത്തവിധത്തിൽ അടച്ചുപൂട്ടലിന്റെ വക്കിലുള്ള ഈ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് കാര്യക്ഷമമായ നടപടികളൊന്നും ഇനിയും കൈക്കൊണ്ടിട്ടില്ല. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഉയർന്ന കസ്റ്റംസ് ഡ്യൂട്ടിയുടെയും ആന്റി ഡമ്പിംഗ് ഡ്യൂട്ടിയുടെയും ഫലമായി കെ.എം.എം.എൽ., ടി.ടി.പി. തുടങ്ങിയ സ്ഥാപനങ്ങൾ ലാഭത്തിലുണ്ടെങ്കിലും മലബാർ സിമന്റ്സിനെ പോലെയുള്ള സ്ഥാപനത്തെ അഴിമതി ആരോപണങ്ങളുടെ പുകമറ സൃഷ്ടിച്ചുകൊണ്ട് നഷ്ടത്തിലാക്കുകയാണ് ഈ സർക്കാർ ചെയ്തിട്ടുള്ളത്. കഴിഞ്ഞ ഒന്നരവർഷം കൊണ്ട് ഭീമമായ നഷ്ടത്തിനും മാർക്കറ്റിൽ ഇടിവുണ്ടാക്കാനും ഇത്തരം ആരോപണങ്ങൾ ഇടയാക്കുകയാണുണ്ടായത്. കെൽട്രോണിന്റെ ഇന്നത്തെ സ്ഥിതിയും മെച്ചമല്ല. മേക്ക് ഇൻ ഇന്ത്യ പോലുള്ള പദ്ധതികൾ പ്രയോജനപ്പെടുത്തി ഡിഫൻസിന്റെയും നേവിയുടെയും ഓർഡറുകൾ നേടിയെടുക്കാൻ കഴിയാത്തത് നമ്മുടെ പരാജയം തന്നെയാണ്. ഇൻകെൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച പെറ്റ്കോക്ക് ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നിർദ്ദേശം ഇനിയും ആരംഭിച്ചിട്ടില്ല. സ്റ്റാർട്ട്-അപ് സംരഭകത്വം പ്രോൽസാഹിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാർ ആരംഭിച്ചതാണ് കേരളാ സ്റ്റാർട്ട്അപ്പ് മിഷൻ. ഇതിനായി ഏകദേശം 80 കോടി രൂപയാണ് 2015-16-ൽ മാത്രം മാറ്റിവച്ചത്. സംരംഭകത്വ വികസനത്തിനു മാത്രം ബജറ്റിന്റെ ഒരു

ശതമാനം നീക്കിവച്ച രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് കഴിഞ്ഞ സർക്കാരിന് കഴിഞ്ഞു. എം.എസ്.എം.ഇ.കളുടെ എണ്ണത്തിൽ വർദ്ധനവ് 10.95 ശതമാനം മാത്രമാണ്. ഇത് ദേശീയ ശരാശരിയെക്കാൾ, അയൽ സംസ്ഥാനങ്ങളെക്കാൾ കുറവാണ്. എം.എസ്.എം.ഇ.-കൾക്ക് വിപണന സൗകര്യം ഒരുക്കിനൽകാനും സർക്കാരിന് കഴിഞ്ഞിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒഴിഞ്ഞുകിടക്കുന്ന ഭൂമി ഇത്തരം സംരംഭങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. ഈ സർക്കാരിന്റെ കാലത്ത് 61 സ്റ്റീൽ കമ്പനികളിൽ 15-ലധികം കമ്പനികൾ പൂട്ടിപ്പോയി. ഈ മേഖലയിൽ സർക്കാർ യാതൊന്നും ചെയ്യുന്നില്ലെന്നതിന്റെ തെളിവാണ് ഇത്. ബാക്കിയുള്ളതിൽ ഉൽപ്പാദനം 40 ശതമാനം മാത്രമായതും വൈദ്യുതി നിരക്കുപോലും താങ്ങാനാകാത്ത വിധം പലതും പ്രതിസന്ധിയിലാണെന്നതും കണ്ടില്ലെന്ന് നടിക്കാൻ പാടില്ല. ഈ പ്രതിസന്ധി കാരണം നാലായിരത്തിലധികം വരുന്ന തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടമാകാനിടയായിട്ടുള്ളത്. സ്റ്റീൽ ഇൻഡസ്ട്രിയൽ ആന്റ് ഫോർജിംഗ്സ് ലിമിറ്റഡിന് 2017-18-ൽ 4.8 കോടി രൂപയും സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന് 6.3 കോടി രൂപയും മാറ്റിവച്ചിരുന്നു. എന്നാൽ നവീകരണത്തിന്റെ പാതയിലാണെന്ന് അവകാശപ്പെടുമ്പോഴും ഒരു രൂപപോലും ഇതുവരെയും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് സങ്കടകരമായ കാര്യം. സംസ്ഥാനത്തെ ഖനന മേഖലയിലുണ്ടായ പ്രതിസന്ധി കാരണം ക്വാറി, ക്രഷർ ഉൽപ്പന്നങ്ങൾക്കും നിർമ്മാണ സാമഗ്രികൾക്കും കടുത്ത ക്ഷാമം നേരിടുകയാണെന്ന് മാത്രമല്ല വിലയും അനിയന്ത്രിതമായി വർദ്ധിച്ചിരിക്കുകയാണ്. ലൈസൻസുള്ള ക്വാറി ഉടമകൾ യഥേഷ്ടം വില വർദ്ധിപ്പിക്കുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഇത് നിയന്ത്രിക്കുന്നതിന് സർക്കാർ സംവിധാനങ്ങളൊന്നുമില്ല. ഇതുകാരണം സർക്കാരിന്റെ ലൈഫ് മിഷൻ മുതൽ വിഴിഞ്ഞം പ്രോജക്ട് വരെയുള്ള പദ്ധതികൾ പ്രതിസന്ധിയിലാണെന്ന് സർക്കാർ തന്നെ സമ്മതിച്ചിട്ടുള്ളതാണ്. ഈ അവസ്ഥയിൽ സാധാരണക്കാരുടെ അവസ്ഥ പ്രത്യേകം പറയേണ്ടതില്ല. അതിനാൽ പൊതുജനങ്ങൾക്ക് ന്യായമായ വിലയിൽ നിർമ്മാണ സാമഗ്രികൾ ലഭിക്കത്തക്കതരത്തിലുള്ള ഇടപെടൽ സർക്കാർ നടത്തണം. നമ്മുടെ ഈ കൊച്ചു കേരളത്തിന് കുറെയധികം റിക്കോർഡുകൾ ഉണ്ട്. ലോകത്തുതന്നെ ആദ്യമായി ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് എന്ന സ്ഥാനം നമ്മുടെ കേരളത്തിലാണ്. എന്റെ നാട്ടുകാരനായ സഖാവ് ഇ.എം.എസ്. ആയിരുന്നു ആദ്യത്തെ ഇലക്ടഡ് കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി. ഇതേ രീതിയിലുള്ള നയങ്ങളുമായാണ് നിങ്ങൾ മുന്നോട്ടു പോകുന്നതെങ്കിൽ ത്രിപുരയ്ക്കുശേഷം ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ നിന്ന് പുറത്തുപോകുന്ന ലോകത്തിലെ അവസാനത്തെ ഇലക്ടഡ് കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് എന്ന സ്ഥാനവും കേരളത്തിനായിരിക്കും. ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. കേരളത്തിനുതന്നെ മാതൃകയാകുന്ന നിരവധി പദ്ധതികൾ ചുരുങ്ങിയ നാളുകൾക്കുള്ളിൽ കൊണ്ടുവരാൻ ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഈ ഗവൺമെന്റിന് കഴിഞ്ഞു. നമ്മുടെ പ്രിയങ്കരനായ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ നേരിട്ട് ഇടപെട്ടുകൊണ്ടുതന്നെയാണ് ഏറ്റവും മാതൃകാപരമായ നിരവധി പദ്ധതികൾ, ഡസൻ കണക്കിന് പദ്ധതികളാണ് ഇവിടെ കൊണ്ടുവരുന്നത്. കെ.എസ്.ഡി.പി. ആലപ്പുഴ, മരിച്ചുകിടന്നിരുന്ന ഒരു സ്ഥാപനമാണ്. ആ സ്ഥാപനത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ, നോൺ ബിറ്റാലാറ്റം പ്ലാന്റ് ഇപ്പോൾ പൂർത്തിയാകുകയാണ്. ഈ മാസം ഒടുവിൽ അല്ലെങ്കിൽ അടുത്ത മാസം അത് കമ്മീഷൻ ചെയ്യാൻ പോകുകയാണ്. 232 കോടി ടാബ്‌ലെറ്റുകൾ, കേവലം ഒന്നരക്കോടി ടാബ്‌ലെറ്റുകൾ മാത്രം ഉൽപ്പാദിപ്പിച്ചിരുന്ന സ്ഥാനത്താണ് വ്യവസായമന്ത്രിയും ധനകാര്യമന്ത്രിയും പൊതുമരാമത്ത് മന്ത്രിയും പ്രത്യേക താൽപ്പര്യമെടുത്ത് ഈ പ്ലാന്റിനെ രാജ്യത്തിനുതന്നെ മാതൃകയാകുന്ന ഒരു പ്ലാന്റാക്കി മാറ്റിയത്. പുതിയ പ്ലാന്റിൽ നിന്നുള്ള രണ്ടുകോടി ആന്റിബയോട്ടിക് ക്യാപ്സ്യൂളുകൾ, അതിന്റെ കമ്മീഷനിംഗ് നടന്നുകഴിഞ്ഞിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ആന്റിബയോട്ടിക് ഡ്രഗ് പൗഡർ ആദ്യമായി അവിടെ ഉൽപ്പാദിപ്പിച്ച് കഴിഞ്ഞിരിക്കുന്നു. മരുന്ന് പരിശോധനകൾക്കുള്ള നാഷണൽ അക്രഡിറ്റേഷൻ ഈ സ്ഥാപനത്തിന് ലഭിച്ചിരിക്കുന്നു. ലിക്വിഡ് ഇൻജക്ഷൻ 500 മില്ലി - 50 ലക്ഷം, 250 മില്ലി - 50 ലക്ഷം, 100 മില്ലി - 25 ലക്ഷം. ടി.ടി. അടക്കമുള്ള ആംപ്യൂളുകൾ ഒന്നരക്കോടി, ഇതെല്ലാം യാഥാർത്ഥ്യമായിരിക്കുന്നു. എങ്ങനെയാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കെ.എസ്.ഡി.പി.ഉണ്ടായിരുന്നത്? അവിടെ നിന്ന് ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഒരു വ്യവസായ മന്ത്രിയുടെ നേരിട്ടുള്ള തലോടൽ ഏറ്റുവാങ്ങിയപ്പോൾ ഈ സ്ഥാപനത്തിനെന്താണ് വന്നിരിക്കുന്നത്? ഇപ്പോൾ വിദേശരാജ്യങ്ങളിൽ നിന്ന് മരുന്നുകൾ വാങ്ങാൻ വിദേശ പ്രതിനിധികൾ എത്തുകയാണ്, ചർച്ച നടത്തുകയാണ്. മ്യാൻമർ, ശ്രീലങ്ക പ്രതിനിധികൾ അവിടെ നിന്നും മരുന്നുവാങ്ങാനുള്ള ചർച്ചകൾ ഏതാണ്ട് പൂർത്തിയാക്കിക്കഴിഞ്ഞു. കർണ്ണാടക ഗവൺമെന്റും തമിഴ്നാട് ഗവൺമെന്റും ഓരോ കോടി രൂപയുടെ മരുന്നുകൾ അഡ്വാൻസായി വാങ്ങി. കർണ്ണാടക രണ്ടുകോടി രൂപയുടേത് വാങ്ങിക്കഴിഞ്ഞു. ഒരു വ്യവസായത്തിന്റെ മാറുന്ന മുഖം ഈ കേരളത്തിൽ കാണുകയാണ്. ബഹളമൊന്നുമില്ലാതെ നിശബ്ദനായി ഒരു നിശബ്ദ വിപ്ലവത്തിന് നമ്മുടെ വ്യവസായ വകുപ്പുമന്ത്രി നേതൃത്വം കൊടുക്കുന്നുവെന്നുള്ളത് ഞാൻ ഒരു ഉദാഹരണം കൊണ്ട് ഇവിടെ ചൂണ്ടിക്കാട്ടിയെന്നു മാത്രം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിലെ സംഭാവന എന്താണ്? കഴിഞ്ഞ ഐക്യജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിൽ കേരളത്തിൽ പുതുതായി ഏത് വ്യവസായം കൊണ്ടുവന്നു? ഒരു വ്യവസായമെങ്കിലും

കൊണ്ടുവന്നോ? വി. എസ്. സർക്കാരിന്റെ കാലഘട്ടത്തിൽ ശ്രീ. എളമരം കരീം വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അഞ്ചെട്ട് ഫാക്ടറികളുടെ പ്രവർത്തനം ആരംഭിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ ഫാക്ടറികൾ കമ്മീഷൻ ചെയ്തതല്ലാതെ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഗവൺമെന്റുടമയിൽ, ഗവൺമെന്റ് നേതൃത്വം കൊടുത്തുകൊണ്ട് ഒരു യൂണിറ്റെങ്കിലും തുടങ്ങിയോ? ഫാക്ടറി തുടങ്ങിയോ? തുടങ്ങാൻ കഴിയുകയില്ല, കാരണം അത് വമ്പിച്ച പരാജയമായിരുന്നു. ആ പരാജയമുള്ളതുകൊണ്ട് വ്യവസായ മേഖലയിലെ നഷ്ടം എത്രയായിരുന്നു? 131 കോടി രൂപ. 131 കോടി രൂപയുടെ നഷ്ടത്തിൽ നിന്നാണ് ഈ ഗവൺമെന്റ് ആദ്യവർഷം 71 കോടി രൂപയുടെ നഷ്ടം നികത്തിയത്. അതാണ് ഭരണം. നിങ്ങൾ എന്ത് അവകാശവാദമാണ് ഉന്നയിക്കുന്നത്? ഒരു നിയമസഭയിൽ അവകാശവാദം ഉന്നയിക്കുന്നതിൽ നിങ്ങൾ നടത്തിയ നേട്ടങ്ങൾ, ആ നേട്ടങ്ങൾ എണ്ണിയെണ്ണി പറയണമായിരുന്നു. ആ നേട്ടങ്ങൾ എണ്ണിപ്പറയാൻ കഴിയില്ലെന്നു മാത്രമല്ല, 131 കോടി രൂപയുടെ നഷ്ടത്തിന്റെ കണക്കാണ് ആ നേട്ടമെന്ന രൂപത്തിൽ പറയേണ്ടിവരുന്നത്. അവിടെ നിന്നാണ് 71 കോടി രൂപയിലധികം നഷ്ടം നികത്തിയതെന്ന് മാത്രമല്ല, 34 കോടി രൂപയുടെ ലാഭത്തിലേയ്ക്ക് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ പോയിരിക്കുന്നത്. അത് ഒരു തുടക്കമാണ്, തുടങ്ങിയതേയുള്ളൂ. കാരണം ഇവിടെ നിരവധി ഫാക്ടറികൾ ലാഭത്തെ വർദ്ധിപ്പിക്കുകയാണ്. കെ.എം.എം.എൽ-ൽ 136 കോടിരൂപയുടെ ലാഭമുണ്ടെന്ന് പറയുമ്പോൾ ഇതിനുമുമ്പ് ഇതിന്റെ ലാഭം 15 കോടി രൂപ മാത്രമായിരുന്നു. ആ 15 കോടി രൂപയിൽ നിന്നാണ് 136 കോടി രൂപയിലേയ്ക്ക് കെ.എം.എം.എൽ.ന്റെ ലാഭം ഇപ്പോൾ വർദ്ധിച്ചിരിക്കുന്നത്. അതിനനുസരിച്ച് 64 കോടി രൂപയുടെ നവീകരണ പദ്ധതികൾ കെ.എം.എം.എൽ-ൽ ആരംഭിക്കാൻ ഈ ഗവൺമെന്റ് തയ്യാറായി. ടി.സി.സി.എൽ. 97 ലക്ഷം രൂപ മാത്രമായിരുന്നു ലാഭം, അവിടെനിന്ന് അത് 18 കോടി രൂപ ലാഭത്തിലേയ്ക്ക് മാറി. മലബാർ സിമന്റ്സിന്റെ നവീകരണത്തിനുവേണ്ടി 285 കോടി രൂപയുടെ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞു. ആദ്യപാദത്തിൽ തന്നെ 3 കോടി രൂപ മാത്രമായിരുന്നു ടൈറ്റാനിയത്തിന്റെ ലാഭമെങ്കിൽ ഇപ്പോൾ അത് 20 കോടി രൂപയിലേറെയായി വർദ്ധിച്ചിരിക്കുന്നു, കുതിച്ചുചാട്ടമാണ്. ഇവിടെ അഴിമതി അവസാനിപ്പിക്കാൻ കഴിഞ്ഞുവെന്നത് തന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അഴിമതി അവസാനിപ്പിച്ചുകൊണ്ടാണ് ഓരോ സ്ഥാപനങ്ങളും, എല്ലാ സ്ഥാപനങ്ങളുടെയും പേരെടുത്ത് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഓട്ടോകാസ്റ്റ്, കേരളാ സിറാമിക്സ് ലിമിറ്റഡ്, ആട്ടോമൊബൈൽ ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, എഫ്.ഐ.ടി (ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്) തുടങ്ങിയവയുടെ കാര്യത്തിലെല്ലാം ഈ നിലയിലുള്ള സമീപനങ്ങളാണ്

ഗവൺമെന്റ് സ്വീകരിക്കുന്നത്. രണ്ട് ഗവൺമെന്റുകളെ തമ്മിൽ താരതമ്യപ്പെടുത്താൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ശ്രമിച്ചത് ദൗർഭാഗ്യകരമായിപ്പോയി. കേന്ദ്രമെടുക്കുന്ന നിലപാടെന്താണ്? കേന്ദ്രം അടയ്ക്കുകയാണ്, കേരളം തുറക്കുകയാണ്. ഒരുഭാഗത്ത് അടച്ചുപൂട്ടുമ്പോൾ, കേരളത്തിൽ അടച്ചുപൂട്ടിയ വ്യവസായങ്ങൾ തുറക്കുന്നു. അടച്ചുപൂട്ടിയ വ്യവസായങ്ങൾ തുറക്കുന്നതിനെ രാഷ്ട്രീയമായി കാണുകയാണെങ്കിലും അഭിനന്ദിക്കുകയല്ലേ വേണ്ടത്. നിങ്ങൾ അധികാരത്തിലിരുന്നപ്പോൾ നല്ലകാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ, അത് നല്ലകാര്യങ്ങളാണെന്ന് ഞങ്ങൾ പറഞ്ഞിട്ടുള്ളതാണ്. പക്ഷേ വ്യവസായത്തിന്റെ കാര്യത്തിൽ ഒരു വലിയ കുതിച്ചുചാട്ടം കേരള സംസ്ഥാനത്തുണ്ടാകുമ്പോൾ കേന്ദ്രത്തിൽ കാണിക്കുന്നത് തന്നെയാണ് ഇവിടെയും കാണിക്കുന്നത്. കേന്ദ്രത്തിൽ കാണിക്കുന്നതെന്താണ്? നിങ്ങൾ തുടങ്ങിവച്ച കാര്യമാണ്, നവ ഉദാരവൽക്കരണ നയങ്ങൾക്ക് തുടക്കമിട്ടത് നിങ്ങളാണ്. ആ നയത്തിന്റെ ഭാഗമായിട്ടാണ് വാജ്പേയ് ഗവൺമെന്റാണെങ്കിലും നരസിംഹറാവു ഗവൺമെന്റാണെങ്കിലും ശ്രീ. മൻമോഹൻ സിംഗിന്റെ ഗവൺമെന്റാണെങ്കിലും ഫാക്ടറികളെ ഊക്കി പാട്ടവിലയ്ക്ക് വിറ്റത്. പാട്ടവിലയ്ക്ക് വിൽക്കുമ്പോൾ കോടികൾ ലാഭമുണ്ടാകും. ആ കോടികളിലൊരു ഭാഗം ഖജനാവിലേയ്ക്ക് പോകും, ഒരുഭാഗം പോക്കറ്റിലേയ്ക്ക് പോകും. ആ വ്യവസായ നയമാണോ ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചത്? ഇവിടെ ഏതെങ്കിലും വ്യവസായത്തെ പൂട്ടിക്കുവാൻ ശ്രമിച്ചോ? മാത്രമല്ല ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന പുതിയ ബിൽ ഒരു ചരിത്ര സംഭവമാകാൻ പോകുകയാണ്. ഇവിടെ ഓർഡിനൻസ് ഇറങ്ങിക്കഴിഞ്ഞു. ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2017 - ഏഴ് ആക്ടുകളും പത്ത് ചട്ടങ്ങളും ഭേദഗതി ചെയ്തുകൊണ്ടാണ് ഈ ആക്ട് കൊണ്ടുവരുന്നത്. അപേക്ഷ കൊടുത്തുകഴിഞ്ഞാൽ ഒരു മാസം കൊണ്ട് അനുമതി ലഭിക്കുന്നില്ലെങ്കിൽ സ്വാഭാവികമായും അനുമതി ലഭിച്ചു എന്ന നിലയിൽ സംരംഭം തുടങ്ങാമെന്ന് പ്രവാസി സംഗമത്തിൽ കേരളത്തിന്റെ മുഖ്യമന്ത്രി പ്രസംഗിച്ചിട്ടുണ്ടെങ്കിൽ അത് യാഥാർത്ഥ്യമായി കഴിഞ്ഞിരിക്കുകയാണ്. ബിൽ ഓർഡിനൻസായി വന്നിരിക്കുന്നു, ഇവിടെ ബിൽ അവതരിപ്പിച്ച് കഴിഞ്ഞിരിക്കുന്നു.

2.00 PM]

ഏതെങ്കിലും രാഷ്ട്രീയ പാർട്ടിക്കാരനോ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ആര് വിചാരിച്ചാലും വ്യവസായ വളർച്ചയെ തടയാൻ കഴിയില്ല എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഈ ബിൽ എന്നുപറയുമ്പോൾ കേന്ദ്ര ഗവൺമെന്റിന് തന്നെ വഴികാട്ടിയായി ഈ ബിൽ മാറുകയാണ്. ഇവിടെ ശ്രീ. മഞ്ഞളാംകുഴി അലി സൂചിപ്പിച്ചതുപോലെ ചില പ്രശ്നങ്ങളുണ്ട്. മണൽ രംഗത്ത് പ്രശ്നങ്ങളുണ്ട്, വിദേശത്തു നിന്നും വരുന്ന മണൽ എറണാകുളത്ത് ലോഡ് കണക്കിന് കെട്ടിക്കിടക്കുകയാണ്.

അതിന് അനുമതി കിട്ടിയിട്ടില്ല. കളിമൺ മേഖലയിൽ പ്രശ്നങ്ങളുണ്ട്. സിമന്റ് ഉത്പാദകരെ വിളിച്ച് മന്ത്രിതന്നെ സംസാരിച്ചു, ഏറ്റവും നല്ല കാര്യമാണ്. ഓട് നിർമ്മാണം പ്രതിസന്ധിയിലാണ്. അത്തരം പ്രശ്നങ്ങളിൽ നമുക്ക് ഇടപെടാൻ കഴിയണം. വീട് നിർമ്മാണത്തിന് ലൈഫ് പദ്ധതി വരികയാണ്, കിഫ്ബിയുടെ ഇരുപത്തയ്യായിരം കോടി രൂപയുടെ റോഡ്, പാലം നിർമ്മാണ പ്രവൃത്തികൾ വരികയാണ്. മെറ്റലില്ല, എം സാൻഡില്ല, പ്രതിസന്ധിയുണ്ട്. കേന്ദ്ര നിയമമാണ്, ആ നിയമപ്രകാരം ഇവിടെ പരിസ്ഥിതി അനുമതി കൊടുത്ത പൂട്ടിക്കിടക്കുന്ന ക്വാറികൾ പ്രവർത്തിപ്പിക്കേണ്ടത് നമ്മുടെ ജില്ലാ കളക്ടർമാരാണ്, നമ്മുടെ ഇ.സി. കമ്മിറ്റിയാണ്. ഇവിടെ വളരെ ഗുരുതരമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ഫ്ലിംസിയായ കാരണങ്ങൾകൊണ്ട് അടച്ചുകിടക്കുന്ന പല ക്വാറികൾക്കും ലൈസൻസ് കൊടുക്കുന്നില്ല. ഇവിടെ ജില്ലാ കളക്ടർമാർ കൃത്യസമയത്ത് ബന്ധപ്പെട്ട കമ്മിറ്റികൾ കൂടുകയോ, സംസ്ഥാനതല പാരിസ്ഥിതിക കമ്മിറ്റി കൃത്യമായി കൂടിക്കൊണ്ട് നിയമപരമായി കൊടുക്കേണ്ട അനുമതികൾ കൊടുക്കുകയോ ചെയ്യാത്തതുകൊണ്ടാണ് ഇത്രയും രൂക്ഷമായ മെറ്റീരിയൽ ക്ഷാമത്തിന്റെ പ്രശ്നം ഉണ്ടായിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു സ്ഥാപനം കാലാവധി തീരുന്നതിന് മൂന്ന് മാസം മുമ്പ് അപേക്ഷ കൊടുത്തു. 122 ദിവസം കഴിഞ്ഞിട്ടും പുതുക്കിക്കൊടുത്തില്ല. നമ്മുടെ സംസ്ഥാനത്ത് ഇങ്ങനെയുള്ള ഉദ്യോഗസ്ഥർ മനോഭാവത്തിൽ മാറ്റംവരുത്താതെ നിലനിൽക്കുന്നു എന്നുള്ളതുതന്നെ ചില രംഗങ്ങളിൽ നമുക്ക് ചില ഉടച്ചുവാർക്കലുകൾ വേണ്ടിവരും എന്നാണ് കാണിക്കുന്നത്. കേരളത്തെ സംബന്ധിച്ച് നമ്മുടെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്ന ഇത്തരം ഉൽപ്പന്നങ്ങളുടെ വിലകൾ വലിയ തോതിൽ ഉയർന്നിരിക്കുകയാണ്. അത് നിയന്ത്രിക്കണം. അനുമതിയും പെർമിറ്റും ലൈസൻസുമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് കൂച്ചുവിലങ്ങിടണം. അത്തരം നിയന്ത്രണങ്ങൾ കർശനമായി കൊണ്ടുവരുന്നതോടൊപ്പം, നമ്മുടെ പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് വികസനപ്രവർത്തനങ്ങൾ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാം എന്നതിനെ സംബന്ധിച്ച്, വളരെ ഗഹനമായ രൂപത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുക എന്നുള്ളതാണ് നമ്മുടെ മുന്നിലുള്ള പ്രധാന വെല്ലുവിളി.

പത്തനംതിട്ട ജില്ലയിൽ റബ്ബർ പാർക്ക് നമ്മുടെ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. ബഹുമാനപ്പെട്ട പി. സി. ജോർജിന്റെ സംസാരത്തിൽ കോട്ടയത്തും പത്തനംതിട്ടയിലും സ്ഥലം ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല എന്ന് സൂചിപ്പിച്ചു. ഇത് വേഗത്തിൽ ചെയ്യേണ്ടതാണ്. അതിനായി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ചേർന്നുകൊണ്ട് ചർച്ചകൾ നടന്നെങ്കിലും കാര്യങ്ങൾ വേഗതയിൽ മുന്നോട്ടുപോകുന്നില്ല എന്നുള്ളത് ഒരു പ്രധാനപ്പെട്ട വസ്തുതയാണ്. മൂല്യവർദ്ധിത

ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതികളെപ്പറ്റി വളരെയേറെ ചർച്ചകൾ നമ്മൾ നടത്തിയിട്ടുണ്ട്. ഇന്നും ഫിലിപ്പൈൻസും ശ്രീലങ്കയും വിയറ്റ്നാമും കൊറിയയുമൊക്കെ ഈ രംഗത്ത് നല്ലനിലയിൽ മുന്നോട്ടുപോകുമ്പോൾ അവരുടെ ഉത്പന്നങ്ങൾ നമ്മൾ ഇറക്കുമതി ചെയ്യേണ്ട അവസ്ഥയിൽ നിൽക്കുന്നു. മൂല്യവർദ്ധിത ഉത്പന്നങ്ങൾ കൂടുതൽ ഉണ്ടാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ നാം വൻ തോതിൽ ആരംഭിക്കേണ്ടിയിരിക്കുന്നു. പ്രതീക്ഷ നൽകുന്ന നമ്മുടെ ഫുഡ് പാർക്കുകൾ നഷ്ടപ്പെട്ടു എന്ന രീതിയിലുള്ള പരാമർശങ്ങൾ ശ്രീ. മഞ്ഞളാംകുഴി അലി നടത്തി, അത് നിർഭാഗ്യകരമായിപ്പോയി. അവയൊന്നും നഷ്ടപ്പെട്ടിട്ടില്ല. ഒറ്റപ്പാലത്തെ വ്യവസായ പാർക്കിന്റെ നടപടികൾ തുടരുകയാണ്. 82 ഏക്കർ ഏറ്റെടുത്തുകഴിഞ്ഞു. കിൻഫ്രാ വ്യവസായ പാർക്ക്-പിറവന്തൂരിന്റെയും നടപടികൾ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. സ്മാർട്ട് സിറ്റി, ഇൻഫോപാർക്ക്, കെ.ഇ.പി.ഐ.പി. ഈ പദ്ധതികൾക്കൊക്കെ ആവശ്യമായ ഭൂമി കണ്ടെത്തിക്കഴിഞ്ഞു. കിൻഫ്രാ പാർക്ക്, മട്ടന്നൂരിനായി 180 ഏക്കർ ഏറ്റെടുത്തുകഴിഞ്ഞു. സ്പൈസസ് പാർക്ക്, തൊടുപുഴയ്ക്കായി കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതി വാങ്ങിക്കഴിഞ്ഞു. സ്പെഷ്യൽ എക്കണോമിക് സോൺ ഫോർ അനിമേഷൻ ആന്റ് ഐ.ടി., കഴക്കൂട്ടം നേരത്തെയുള്ള സംരംഭമാണെങ്കിലും അതിന്റെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ശ്രീ. രാജു എബ്രഹാമിന്റെ പ്രസംഗം കേട്ട് സുഖിച്ചിരിക്കുകയാണ്. മന്ത്രിസ്ഥാനം കിട്ടിയില്ലെങ്കിലും മന്ത്രിക്കുവേണ്ടി മറുപടി പറയുന്ന ജോലി സി.പി.ഐ.(എം) അങ്ങയെ ഏൽപ്പിച്ചു എന്നുള്ള സന്തോഷം രേഖപ്പെടുത്തുകയാണ്.

ശ്രീ. രാജു എബ്രഹാം: സർ, ശ്രീ. പി. സി. ജോർജ് മാന്യനാണെങ്കിലും ഇടക്കിടയ്ക്ക് ലൂസ് ടോക്ക് വരാറുണ്ട്. ഇവിടെ 3717 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളത് ഏറ്റവും അഭിമാനകരമായ കാര്യമാണ്. പ്രതിപക്ഷത്തിന് ധനാഭ്യർത്ഥനയെപ്പറ്റി പറയാനില്ലാത്തതിനാലാണ് ദേശീയ രാഷ്ട്രീയത്തിലേയ്ക്ക് പോയത്. ശ്രീ. അൻവർ സാദത്ത് ത്രിപുര തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഇത്ര സന്തോഷത്തോടെ പറഞ്ഞതിൽ ഞാൻ അത്ഭുതപ്പെടുകയാണ്. അപ്പുറത്തിരിക്കുന്ന എന്റെ സ്നേഹിതന്മാരിൽ എത്രപേർ ഇനി അടുത്ത നിയമസഭാ സമ്മേളനമാകുമ്പോൾ ആ പാർട്ടിക്കകത്ത് കാണുമെന്ന് ഞാൻ ചോദിക്കുകയാണ്. വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന ഒരു പാർട്ടിയാണത്. ഷോപ്പിംഗ് കോംപ്ലക്സുകളിൽ വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന ഒരു പാർട്ടിയായി കോൺഗ്രസ് പാർട്ടി അധഃപതിക്കുമ്പോൾ നമ്മൾ സങ്കടപ്പെടുകയാണ്, നമുക്ക് ദുഃഖമുണ്ട്. അങ്ങനെയൊരു പാർട്ടി മാറാൻ പാടില്ല. ഗോവയിലും ത്രിപുരയിലും മേഘാലയയിലും നടന്നത് നമ്മൾ കണ്ടു. ത്രിപുരയിൽ കൂട്ട

വിൽപ്പനയാണ് നടന്നത്. എത്ര കോടി രൂപയാണ് ഒരു കോൺഗ്രസ് എം.എൽ.എ.-യ്ക്കും എം.പി.-യ്ക്കും കോൺഗ്രസ് നേതാവിനും വിലയിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കിക്കൊണ്ട് ത്രിപുരയിലെ കാര്യം പറഞ്ഞിരുന്നെങ്കിൽ നമുക്ക് അഭിമാനിക്കാൻ കഴിയുമായിരുന്നു. നിങ്ങൾ അതാണ് പറയേണ്ടത്, സി.പി.ഐ.(എം)-ൽ അങ്ങനെയൊന്നുമില്ല. അവിടെ ഇടതുപക്ഷത്തിന് കേവലം ചില ശതമാനം വോട്ട് കുറഞ്ഞിട്ടുണ്ട്. ഒരു സംശയവും വേണ്ട, സി.പി.ഐ.(എം)-ഉം ഇടതുപക്ഷവും അഭിമാനകരമായിത്തന്നെ അവിടെയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകും. അതുകൊണ്ട് ഞങ്ങളെ ഓർത്ത് ദുഃഖിക്കേണ്ട, നിങ്ങളെ ഓർത്ത് തന്നെ ദുഃഖിച്ചാൽ മതി. ഇന്ന് നിങ്ങളുടെ കുപ്പായം ഇട്ടിരിക്കുന്ന എത്ര ആളുകൾ ആ പാർട്ടിക്കകത്ത് കാണും എന്ന് സ്വയം വ്യക്തമാക്കാനെങ്കിലും തയ്യാറാകണം എന്ന് സൂചിപ്പിച്ചുകൊണ്ട് ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കേരളം ഇന്ന് ഒരു വ്യാവസായിക സംസ്ഥാനമല്ല. കേരളത്തിന്റെ വ്യാവസായിക സ്വപ്നങ്ങളെല്ലാം 1970-കളുടെ തുടക്കത്തിൽത്തന്നെ തല്ലിത്തകർത്തു. അതിൽ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കുള്ള പങ്ക് എന്താണെന്ന് നിങ്ങൾ പരിശോധിക്കേണ്ടതാണ്. ഇന്ന് പ്രധാനപ്പെട്ട വൻകിട വ്യവസായങ്ങളൊന്നും കേരളത്തിലേയ്ക്ക് കടന്നുവരുന്നില്ല. വ്യാവസായിക അന്തരീക്ഷം മെച്ചപ്പെട്ടിട്ടും ട്രേഡ് യൂണിയൻ മിലിറ്റൻസി അവസാനിച്ചിട്ടും അന്തരീക്ഷമെല്ലാം ഒരുക്കിക്കൊടുത്തിട്ടും നിക്ഷേപകർക്ക് വിശ്വാസമുണ്ടാകുന്നില്ല. നിക്ഷേപകരുടെ മനസ്സിലുണ്ടായിരിക്കുന്ന വിശ്വാസത്തകർച്ച എങ്ങനെ മറികടക്കാൻ പറ്റുമെന്നുള്ള കൂട്ടായ ആലോചന ഉണ്ടാകണമെന്നാണ് പ്രാഥമികമായി അഭ്യർത്ഥിക്കാനുള്ളത്. എന്നാൽ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനം നമ്മുടെ സംസ്ഥാനത്തുണ്ട്. ചെറുകിട വ്യവസായികൾ പല സെക്ടറുകളിലും നേരിടുന്ന വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളുണ്ട്. ജി.എസ്.ടി. ഏകപക്ഷീയമായി നടപ്പിലാക്കിയതോടുകൂടി വൻകിട കോർപ്പറേറ്റ് കമ്പനികളുമായി കോമ്പീറ്റ് ചെയ്യാൻ കഴിയാതെ പല ചെറുകിട വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടുകയാണ്. കാരണം അവർ നൽകുന്ന റേറ്റിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് നൽകാൻ കഴിയുന്നില്ല. ഒരേ തരത്തിലുള്ള ടാക്സുകളാണ് കൊടുക്കുന്നത്. പ്രത്യേകമായ പാക്കേജുകളുണ്ടാക്കി ചെറുകിട വ്യവസായ സംരംഭങ്ങളെ താങ്ങിനിർത്തേണ്ട ചുമതല സംസ്ഥാന സർക്കാരിനുണ്ടെന്ന് ഗവൺമെന്റ് വിസ്മരിക്കരുതെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. വളരെ ജനസാന്ദ്രതയുള്ള സംസ്ഥാനമാണ് കേരളം. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിക്കൊണ്ടുള്ള പല വ്യവസായങ്ങളും കേരളത്തിൽ ആരംഭിക്കാൻ കഴിയില്ല. ഇപ്പോഴുള്ള വ്യവസായ സ്ഥാപനങ്ങൾ പലതും പാരിസ്ഥിതികമായ പ്രശ്നങ്ങളുടെ പേരിൽ ഭീഷണി നേരിടുകയാണ്. പല സ്ഥലത്തും ജെനുവിനായിട്ടുള്ളതും അല്ലാത്തതുമായ പാരിസ്ഥി

തികമായ സമരങ്ങൾ നടക്കുന്നുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തെ സംബന്ധിച്ച പൊതുവായ നയം രൂപീകരിക്കണം. ഇല്ലെങ്കിൽ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിടേണ്ട അവസ്ഥയുണ്ടാകും. പാരിസ്ഥിതിക പ്രശ്നങ്ങൾ എവിടെയാണുള്ളതെന്ന് പരിശോധിക്കപ്പെടുകയും അത് പരിഹരിക്കാനുള്ള സംവിധാനങ്ങളുണ്ടാവുകയും വേണം. പാരിസ്ഥിതിക പ്രശ്നങ്ങളുള്ള സ്ഥലങ്ങളിലെല്ലാം പൊല്യൂഷൻ കൺട്രോൾ ഡിവൈസസ് സ്ഥാപിക്കുകയും അവ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം. ഇതുസംബന്ധിച്ച് സുപ്രീംകോടതി വിധിയിൽ പറഞ്ഞിട്ടുള്ളത്, let the pollutor pay the money എന്നാണ്. എംപ്ലോയറാണ് പൊല്യൂഷൻ ഉണ്ടാക്കുന്നതെങ്കിൽ ആ എംപ്ലോയറാണ് പണം ചെലവാക്കി പൊല്യൂഷൻ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത്. ഇക്കാര്യത്തിൽ ഗവൺമെന്റ് നിയന്ത്രണം വേണം. അതുപോലെ പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുന്നത് നിയന്ത്രിക്കാനുള്ള ഡിപ്പാർട്ട്മെന്റാണ് ജിയോളജി ഡിപ്പാർട്ടുമെന്റ്. പക്ഷേ പലപ്പോഴും ജിയോളജി ഡിപ്പാർട്ടുമെന്റ് പ്രകൃതിവിഭവങ്ങൾ കവർന്നെടുക്കുന്നതിന് ലൈസൻസ് നൽകുന്ന ഡിപ്പാർട്ട്മെന്റായി മാറിയിരിക്കുന്നു എന്നത് ദൗർഭാഗ്യകരമായ അവസ്ഥയാണ്. ഏറ്റവും കൂടുതൽ ആക്ഷേപങ്ങളുള്ള ഈ ഡിപ്പാർട്ട്മെന്റിനോട് ഗവൺമെന്റ് ഗൗരവത്തോടെ സമീപിച്ചില്ലെങ്കിൽ പ്രകൃതി വിഭവങ്ങൾ പൂർണ്ണമായി ഇല്ലാതായിപ്പോകുന്ന ദുരന്തപൂർണ്ണമായ അവസ്ഥയിലേയ്ക്ക് എത്തിച്ചേരും.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മുഖ്യമന്ത്രിയുടെ വകുപ്പായ ഐ.ടി. ഡിപ്പാർട്ട്മെന്റുകൂടി ഈ ചർച്ചയിൽ വരുന്നതിനാൽ ഇവിടെ മുഖ്യമന്ത്രി ഉണ്ടാകുമെന്നാണ് ഞാൻ കരുതിയത്. അദ്ദേഹം ഇവിടെ ഉണ്ടാകേണ്ടതായിരുന്നു. ആ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട വിഷയം ഞാൻ ഇവിടെ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ അത് അഴിമതി ആരോപണമായി ഉന്നയിക്കുകയോ എഴുതിക്കൊടുക്കുകയോ ചെയ്തിട്ടില്ല. പക്ഷേ അത് വളരെ ഗുരുതരമായ ക്രമക്കേടാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഐ.ടി. ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് കേരളത്തിലെ 150 എഞ്ചിനീയറിംഗ് കോളേജുകളിൽ skill development platform of Kerala എന്ന പദ്ധതി നടപ്പിലാക്കുകയാണ്. ഏകദേശം 40 കോടി രൂപ കിഫ്ബിയുടെ ഫണ്ടിൽനിന്ന് എടുത്തുകൊണ്ടാണ് 150-ഓളം എഞ്ചിനീയറിംഗ് കോളേജുകളിൽ വിർച്വൽ ക്ലാസ് റൂമുകളുണ്ടാക്കുന്നത്. ഇതിൽ 135-ൽപ്പരം കോളേജുകളും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ്. നിങ്ങൾ എന്ന് മുതലാണ് നയം മാറ്റിയത്; സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് ഇൻഫ്രാസ്ട്രക്ചർ ഉണ്ടാക്കിക്കൊടുക്കുന്ന ചുമതല എന്ന് മുതലാണ് ഈ ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ളത്? ഇന്ന് രാവിലെ പറഞ്ഞതിന്

വിരുദ്ധമായിട്ടാണല്ലോ; വിദ്യാഭ്യാസ വകുപ്പ് ശ്രദ്ധിച്ചിട്ടുണ്ടോ? കേരളത്തിലെ 135-ൽപ്പരം വരുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് ഒരു കോളേജിന് ശരാശരി 25 ലക്ഷത്തോളം രൂപവച്ച് ആകെ 40 കോടിയോളം രൂപ ചെലവാക്കി വിർച്വൽ ക്ലാസ് റൂമുകൾ ഉണ്ടാക്കിക്കൊടുക്കുകയാണ്. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് ഇത് ചെയ്യുന്നത്. ഈ വർഷം തന്നെ അഞ്ച് സ്വാശ്രയ കോളേജുകൾ പൂട്ടുകയുണ്ടായി. കഴിഞ്ഞ വർഷം രണ്ടെണ്ണം പൂട്ടി. പല സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും വിദ്യാർത്ഥികളോ ആവശ്യത്തിന് അദ്ധ്യാപകരോ ഇല്ല. പല സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും പൂട്ടൽ ഭീഷണി നേരിടുകയാണ്. സാങ്കേതിക സർവ്വകലാശാലയുടെ വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കും ഇൻഫ്രാസ്ട്രക്ചർ സൗകര്യം ഒരുക്കാൻവേണ്ടി സൗകര്യം കൊടുത്തിരിക്കുകയാണ്. ഇതൊക്കെ വാങ്ങിക്കൂട്ടുന്നതിൽ ഒരു ugly haste കാണുന്നു എന്ന് ഞാൻ ആക്ഷേപിക്കുകയാണ്. ഇത് നടപ്പിലാക്കണമെങ്കിൽ Kerala State Wide Area Network (KSWAN) വേണം. അതായത് മിനിമം 10 എം.ബി. ലീസ്ഡ് ലൈൻ ഈ കോളേജുകളിലേയ്ക്കെല്ലാം വലിക്കണം. അതൊന്നും ചെയ്തിട്ടില്ല. 150 കോളേജുകളിൽ വിർച്വൽ ക്ലാസ് റൂം വേണമെങ്കിൽ അവിടേയ്ക്ക് ഓവർ ഹെഡ് ആയോ ഗ്രൗണ്ട് കേബിളായോ KSWAN വലിക്കണം. അതിനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. മറ്റൊന്ന്, എല്ലാ കോളേജുകളും ഇതുസംബന്ധിച്ച സിവിൽ വർക്ക് പൂർത്തിയാക്കേണ്ടതുണ്ട്. അതിനായി സ്വാശ്രയ കോളേജുകൾ 20 ലക്ഷത്തോളം രൂപ ചെലവാക്കണം. സിവിൽ വർക്ക് പൂർത്തിയായാൽ മാത്രമേ വിർച്വൽ ക്ലാസ് റൂം സ്ഥാപിക്കാൻ കഴിയുകയുള്ളൂ. സിവിൽവർക്ക് ആരും പൂർത്തിയാക്കിയിട്ടില്ല, അതിനാവശ്യമായ ഡിസൈൻപോലും തയ്യാറാക്കിയിട്ടില്ല. ഒരു സ്ഥലത്തും ഇതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. സിവിൽ വർക്ക് ചെയ്യുന്നതിനായി 20 ലക്ഷത്തോളം രൂപ കോളേജുകൾ ചെലവാക്കുമോ? പല സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും സാലറിപോലും കൊടുക്കുന്നില്ല. ഇതെല്ലാം പരിശോധിക്കാതെ കിഫ്ബിയിൽ ഫണ്ടുണ്ടെന്ന് കരുതി സർക്കാരിന്റെ 40 കോടിയോളം രൂപ ധൂർത്തടിക്കാൻ കൊടുക്കുന്നത് ശരിയാണോ? മാത്രമല്ല, 80 ഇഞ്ചിന്റെ എൽ.ഇ.ഡി. ഡിസ്പ്ലേയാണ് ഒരു കോളേജിൽ വയ്ക്കാൻ പറഞ്ഞിട്ടുള്ളത്. ശരാശരി ഒരു കോളേജിന് 27 ലക്ഷം രൂപ ചെലവാകും. ഇതെല്ലാം ആവശ്യമുള്ള കാര്യമാണോ? ഇപ്പോൾ ചെലവാക്കുന്ന തുകയുടെ 25 ശതമാനം ചെലവാക്കി വിർച്വൽ ക്ലാസ് റൂം സ്ഥാപിക്കാൻ കഴിയുമെന്ന് എന്നെക്കാൾ നന്നായി വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കറിയാം. 150 കോളേജുകളിൽ വിർച്വൽ ക്ലാസ് റൂമുകളുണ്ടാക്കാൻ എന്തിനാണ് 40 കോടി രൂപയോളം ചെലവാക്കുന്നത്? കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽത്തന്നെ വിർച്വൽ ക്ലാസ് റൂമുകളുണ്ടാക്കി ബഹുമാനപ്പെട്ട മന്ത്രിതന്നെ ക്ലാസ് എടുത്തിട്ടില്ലേ? അദ്ദേഹമെടുത്ത

കെമിസ്ട്രി ക്ലാസ് എത്ര സ്ഥലങ്ങളിലെ കുട്ടികൾ കേട്ടു. അവിടെ എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി അന്വേഷിക്കണം. കേരളത്തിലെ 150 എഞ്ചിനീയറിംഗ് കോളേജുകളിൽ വിർച്വൽ ക്ലാസ് റൂമുകളുണ്ടാക്കാൻ ഇത്രത്തോളം തുക ചെലവാക്കേണ്ട ആവശ്യമുണ്ടോ? 150 കോളേജുകളെ കണക്ക് ചെയ്ത് വിർച്വൽ ക്ലാസ് റൂമുകളുണ്ടാക്കാൻ എങ്ങനെയാണ് 40 കോടി രൂപ ആകുന്നത്. മാത്രമല്ല, ഇതിനെല്ലാം പർച്ചേസ് ഓർഡർ കൊടുക്കാൻ പോവുകയാണ്. കോളേജുകളിലേയ്ക്ക് ലൈൻ വലിച്ചിട്ടില്ല, കേബിൾ വലിച്ചിട്ടില്ല, സിവിൽ വർക്ക് പൂർത്തിയായിട്ടുമില്ല. അതുകൊണ്ടാണ് ഞാൻ ugly haste എന്ന പദം ഉപയോഗിച്ചത്. വിദ്യാഭ്യാസ വകുപ്പിന് ഇതിൽ എന്ത് പങ്കാണുള്ളത്; വിദ്യാഭ്യാസ വകുപ്പ് ഇക്കാര്യങ്ങളൊക്കെ അറിയുന്നുണ്ടോ? ധനകാര്യ വകുപ്പുമന്ത്രി ഇവിടെയില്ല. കിഫ്ബിയിൽ വളരെ സ്ട്രിക്ട് സ്ക്രൂട്ടിണിയാണെന്നാണ് പറയുന്നത്. അങ്ങനെ സ്ട്രിക്ടായിട്ടുള്ള സ്ക്രൂട്ടിണി കിഫ്ബിയുടെ നേതൃത്വത്തിൽ നടന്നിട്ടുണ്ടോ? പണം ചെലവാക്കുന്നതിന് മുമ്പ് കൃത്യമായി പരിശോധിക്കാനുള്ള സംവിധാനം വേണ്ടേ? മാത്രമല്ല, ഇത് ഗോദ്റെജ് ക്വാട്ട് ചെയ്തുകഴിഞ്ഞപ്പോൾ ഒരു സ്പെസിഫിക്കേഷനുണ്ടായിരുന്നു- 10X optical zoom വേണമായിരുന്നു. അവർക്ക് optical zoom ഇല്ലാതിരുന്നതിനാൽ അവർ ഡെമോയിൽ പരാജയപ്പെട്ടു. അവർക്ക് സ്പെസിഫിക്കേഷൻ ഇളവ് ചെയ്ത് PX 80 എന്ന മോഡൽ മാറ്റി ചെയ്യാൻ കൊടുത്തു. ഒരു സ്പെസിഫിക്കേഷൻ വച്ചാൽ ആ സ്പെസിഫിക്കേഷനുള്ള മെറ്റീരിയൽ കൊടുക്കേണ്ടതല്ലേ? അത് കൊടുത്തില്ലെങ്കിൽ അവരെ ഡിസ്ക്വാളിഫൈ ചെയ്യേണ്ടതല്ലേ; അല്ലെങ്കിൽ മറ്റുള്ളവർക്കുകൂടി രണ്ടാമത് കോമ്പീറ്റ് ചെയ്യാനുള്ള അവസരം കൊടുക്കണ്ടേ; അല്ലെങ്കിൽ മറ്റുള്ളവരോട് നെഗോഷ്യേറ്റ് ചെയ്യണ്ടേ? ഞാൻ അഴിമതി ആരോപണം ഉന്നയിക്കുന്നില്ല. നടപടിക്രമങ്ങളിലെ പാളിച്ചകൾ, ugly haste സംസ്ഥാനത്തെ പൊതുഖജനാവിൽ നിന്ന് ഇത്തരം കാര്യങ്ങൾക്ക് പണം ചെലവാക്കുന്നത് സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. ഞാൻ രാഷ്ട്രീയമൊന്നും പറയുന്നില്ല. പക്ഷേ ഈ മന്ത്രിസഭയുടെ പ്രവർത്തനം ഗൗരവതരമാണ്. മൂന്ന് നാല് മാസമായി നിങ്ങളാരും ഇവിടെ വന്നിട്ടില്ല. എല്ലായിടത്തും പാർട്ടി സമ്മേളനമാണ്. സി.പി.ഐ.(എം)-ന്റെ 14 ജില്ലകളിലെയും സമ്മേളനം അവസാനിച്ചപ്പോൾ ഏകകണ്ഠമായി തീരുമാനിച്ചത് സി.പി.ഐ.-യുടെ 4 മന്ത്രിമാരെയും ഒന്നിനും കൊള്ളില്ല എന്നാണ്. ശ്രീ. ഇ. ചന്ദ്രശേഖരന്റെ മുഖത്തുനോക്കി സി.പി.ഐ.(എം) ജില്ലാ സമ്മേളനത്തിൽ പറഞ്ഞ വാക്കുകൾ പറയാൻ എനിക്ക് കഴിയില്ല. അതുപോലെ സി.പി.ഐ. ജില്ലാ സമ്മേളനം പൂർത്തിയാക്കിയപ്പോൾ എല്ലാ സി.പി.ഐ.(എം) മന്ത്രിമാരും ശരിയാണോ എന്നാണ് പറഞ്ഞത്. ഈ വാർത്തകളൊക്കെ മാധ്യമങ്ങളിൽ നിന്നല്ലേ ലഭിക്കുന്നത്. ത്രിപുരയിൽ കോൺഗ്രസ്സുകാർ സി.പി.ഐ.(എം)-ൽ ചേർന്ന വാർത്തയൊക്കെ അങ്ങനെയല്ലേ ലഭിച്ചത്. ഞങ്ങൾ നിങ്ങളുടെ ജില്ലാ സമ്മേളനത്തിന്റെ വാർത്തയൊക്കെ

മാധ്യമങ്ങളിൽ നിന്നാണ് പഠിക്കുന്നത്. സി.പി.ഐ(എം) സമ്മേളനവും സി.പി.ഐ. സമ്മേളനവും അവസാനിച്ചപ്പോഴുണ്ടായ കൺക്ലൂഷൻ സി.പി.ഐ.(എം) മന്ത്രിമാരും സി.പി.ഐ. മന്ത്രിമാരും ഒന്നിനും കൊള്ളാത്തവരാണ് എന്നതാണ്. നിങ്ങൾ ഒരുമിച്ചിരിക്കുന്നില്ല, ഒരുമിച്ച് കൂടുന്നില്ല എന്നുള്ള ഗൗരവതരമായ പ്രശ്നമുണ്ട്. ഒരുമിച്ച് കൂടിയാൽത്തന്നെ നിങ്ങൾ അഭിപ്രായം പറയുന്നില്ല. അതുകൊണ്ടാണ് ഞങ്ങൾ കേന്ദ്ര ഗവൺമെന്റിനെയും സംസ്ഥാന ഗവൺമെന്റിനെയും തമ്മിൽ താരതമ്യപ്പെടുത്തിയത്. കേന്ദ്ര ക്യാബിനറ്റ് കൂടുമ്പോഴും കേരള ക്യാബിനറ്റ് കൂടുമ്പോഴും മന്ത്രിമാർ അഭിപ്രായം പറയുന്നില്ല, ഗൗരവതരമായ ചർച്ചകൾ നടക്കുന്നില്ല. മുഖ്യമന്ത്രിയുടെയും പ്രധാനമന്ത്രിയുടെയും കമാൻഡാണ് നടക്കുന്നത്. ഞാൻ അവസാനിപ്പിക്കുകയാണ്. ക്രൂഷ്ചേവിന്റെ ഓർമ്മക്കുറിപ്പുകളിൽ അദ്ദേഹം രസകരമായ ഒരു കഥ പറയുന്നുണ്ട്. സ്റ്റാലിന്റെ കാലത്തുള്ള കഥയാണ്. സ്റ്റാലിൻ മന്ത്രിസഭാംഗങ്ങളും സഹപ്രവർത്തകരുമായി സംസാരിക്കുന്നതിനിടയിൽ തമാശകൾ പറയും. അദ്ദേഹം തമാശ പറയുമ്പോൾ എല്ലാവരും ചിരിക്കണം. ചിരിക്കാത്തവരെ നാടുകടത്തുകയോ കാണാതാവുകയോ ചെയ്യും. സ്റ്റാലിൻ ഒരു ദിവസം പറഞ്ഞു, "എനിക്ക് വീട്ടിലിരുന്നപ്പോൾ നായാട്ടിന് പോകണമെന്ന് തോന്നുകയും നിറതോക്കുമായി 13 കിലോമീറ്റർ നടന്ന് കാട്ടിൽ പോവുകയും ചെയ്തു. അവിടെ ഒരു മരത്തിൽ 28 പക്ഷികളെ കണ്ടു. ഞാൻ ഓരോ പക്ഷിയെയായി വെടിവച്ചുവീഴ്ത്തുകയും 14 എണ്ണം താഴെ വീഴുകയും ചെയ്തപ്പോൾ തോക്കിലെ വെടിയുണ്ടകൾ തീരുകയും ഞാൻ തിരിച്ച് വീട്ടിലേയ്ക്ക് വരികയും നിറതോക്കുമായി വീണ്ടും കാട്ടിലേയ്ക്ക് പോവുകയും ചെയ്തു. അവിടെ ബാക്കിയുള്ള 14 പക്ഷികളും മരത്തിൽ ഇരിക്കുന്നുണ്ടായിരുന്നു. 14 പക്ഷികളെയും ഓരോന്നോരോന്നായി ഞാൻ വെടിവച്ചുവീഴ്ത്തി."

എല്ലാവരും Fantastic, Fabulous, Amazing തുടങ്ങിയ ഇംഗ്ലീഷ് പദങ്ങൾക്ക് അനുരോദമായ റഷ്യൻ പദങ്ങൾ ഉരുവിട്ടുകൊണ്ട്, അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് അങ്ങേയ്ക്ക് എങ്ങനെ 28 പക്ഷികളെ ഇത്രയുംവേഗം വെടിവച്ചിടാൻ സാധിച്ചെന്ന് ചോദിച്ചു. ഒരു പക്ഷിയെ വെടിവച്ചിട്ടാൽ ബാക്കി 27 പക്ഷികൾ പറന്നുപോകില്ലേയെന്ന് ചോദിക്കാൻ എനിക്കുപോലും തോന്നിയില്ലെന്നാണ് ക്രൂഷ്ചേവ് പറയുന്നത്. അതുപോലെ ഈ മന്ത്രിസഭാംഗങ്ങൾ ബാത്ത്റൂമുകളിൽ പോയി കണ്ണാടിയിൽ അവരുടെ പ്രതിബിംബങ്ങളിൽ നോക്കി, നിന്നെ എന്തിന് കൊള്ളാമെന്നും നിനക്ക് വായ് തുറന്ന് സംസാരിക്കാൻ കഴിയില്ലേയെന്നും ചോദിക്കും. ഈ മന്ത്രിസഭയിലെ അംഗങ്ങളിൽ ഡോ. ടി. എം. തോമസ് ഐസക് എങ്കിലും ബാത്ത്റൂമിൽ പോയി കണ്ണാടിയിലെ പ്രതിബിംബത്തിനോട് സംസാരിക്കുമെന്നാണ് ഞാൻ കരുതുന്നത്. മന്ത്രിമാരെക്കുറിച്ച് നടന്ന ചർച്ചകളിൽ നമ്മൾ എത്ര അഗ്രസ്സീവായി പറഞ്ഞുവോ അതിനെക്കാൾ നൂറിരട്ടി അഗ്രസ്സീവായാണ് സി.പി.ഐ.(എം.), സി.പി.ഐ. സമ്മേളനങ്ങളിൽ ചർച്ച ചെയ്യപ്പെട്ടതെന്നറിയാം. മന്ത്രിമാർക്ക് സംസാരിക്കാനുള്ള

ധൈര്യവും സ്വാതന്ത്ര്യവും കൊടുക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് ത്രിപുരയിലെ കാര്യം ഇവിടെ പറയണ്ട. ബംഗാളിൽ നിങ്ങളുടെ ആളുകൾ മുഴുവൻ തൃണമൂൽ കോൺഗ്രസ്സിലേയ്ക്കും ബി.ജെ.പി.യിലേയ്ക്കുമാണ് പോയത്. ത്രിപുരയിൽ കോൺഗ്രസ്സിൽ നിന്നും ആളുകൾ ബി.ജെ.പി.യിലേയ്ക്ക് പോയിട്ടുണ്ട്. അതിന് കാരണം നിങ്ങളുടെ കൊലയാളി രാഷ്ട്രീയത്തെ നേരിടാൻ അവിടത്തെ പാവം കോൺഗ്രസ്സുകാർക്ക് കഴിയാത്തതാണ്. നിങ്ങൾ അടുത്ത കാലത്ത് 10 പേരെ കൊന്നു. അതെല്ലാം ബി.ജെ.പി. തിരിച്ചുവരുന്നതിന് കാരണമായി. ഈ കൊലയാളി രാഷ്ട്രീയം, കൊലപാതക രാഷ്ട്രീയം നിങ്ങൾ അവസാനിപ്പിച്ചില്ലെങ്കിൽ രാജ്യത്തിനുതന്നെ അപകടകരമാകുമെന്നാണ് ഞങ്ങൾക്ക് നിങ്ങളോട് പറയാനുള്ളത്. അത് നമ്മുടെ മതേതര ജനാധിപത്യ ശക്തികൾ തകർന്ന് വീഴുന്നതിന് കാരണമാകും. വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾക്ക് ഇന്ത്യയിൽ കൊടി ഉയർത്താൻ ഇന്ന് നിങ്ങൾ അറിഞ്ഞോ അറിയാതെയോ പിന്തുണ കൊടുക്കുന്നു. നിങ്ങളുടെ പാർട്ടിയിൽ എടുക്കുന്ന തീരുമാനങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ ഇന്ത്യയിൽ ഫാസിസ്റ്റ് ശക്തികൾ അധികാരത്തിൽ നിലനിൽക്കുന്നതിനും തുടരുന്നതിനും എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയാണ്. എന്തെങ്കിലും ഗുണം നിങ്ങൾക്ക് കിട്ടുന്നുണ്ടോയെന്ന് എനിക്കറിയില്ല. പക്ഷേ ഈ കൊടുംപാതകം ചെയ്താൽ ചരിത്രം നിങ്ങൾക്ക് മാപ്പ് തരില്ല. നിങ്ങൾ ഭാവിയിൽ ഇന്ത്യയിലെ ജനങ്ങളോട് മറുപടി പറയേണ്ടിവരും. ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശ്രീ. വി.ഡി. സതീശൻ സംസാരിച്ച് അവസാനിപ്പിക്കുമ്പോൾ പറഞ്ഞ കാര്യങ്ങൾ ആ ഗതികേടിൽ നിന്ന് ഉയരുന്നതാണെന്നാണ് തോന്നുന്നത്. ത്രിപുരയിലെ കോൺഗ്രസ് പാർട്ടിക്ക് ഉണ്ടായ പതനം ആരിലും സഹതാപം ഉണ്ടാക്കുന്ന ഒന്നാണ്. ഒരു പാർട്ടിയാകെ ബി.ജെ.പി.-യിലേയ്ക്ക് പോവുകയെന്നത് സാധാരണഗതിയിൽ പ്രതീക്ഷിക്കാൻ കഴിയുന്ന ഒന്നല്ല. ഇവിടെ കോൺഗ്രസ് പാർട്ടിയുടെകൂടെ ഉണ്ടായിരുന്ന ഏറെക്കുറെ മുഴുവൻ ആളുകളും ബി.ജെ.പി.യിലേയ്ക്ക് പോകുന്ന നിലയാണ് ഉണ്ടായത്. അവിടെ അക്രമം നടക്കുന്നുവെന്നാണ് അതിന് അദ്ദേഹം പറഞ്ഞ കാരണം. ത്രിപുരയുടെ കാര്യത്തിൽ ഞങ്ങൾക്ക് മാത്രമല്ല, രാജ്യത്തിന്റെ ഭദ്രതയെക്കുറിച്ച് ആലോചിക്കുന്ന ആർക്കും അഭിമാനിക്കാൻ കഴിയുന്ന ഭരണ സംവിധാനമാണ് ഞങ്ങൾ അവിടെ നൽകിയിട്ടുള്ളത്. ഒരു കാലത്ത് ത്രിപുര ഉപജാതി ജൂബ സമിതി ഉണ്ടാക്കിയിരുന്ന പ്രശ്നങ്ങൾ വലിയ വിഘടനവാദവും അതിന്റേതായ ഏറ്റുമുട്ടലുകൾ, ആദിവാസികളും ആദിവാസി ഇതര ജനവിഭാഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലുകൾ, പല തരത്തിലുള്ള കൊലപാതകങ്ങൾ തുടങ്ങി അശാന്തിയുടേതായ ഒരു സംസ്ഥാനമായിരുന്നു

അവിടം ശാന്തിയുടെയും സമാധാനത്തിന്റെയും വിളഭൂമിയാക്കി മാറ്റിയത് ഇടതുപക്ഷ ഭരണമാണെന്നതിൽ ഞങ്ങൾക്ക് എപ്പോഴും അഭിമാനമുണ്ട്. ത്രിപുര ഉപജാതി ജുബ സമിതിയുമായി കൂട്ടുപിടിച്ച് ഇടതുപക്ഷത്തെ ഭരണത്തിൽനിന്ന് ഒഴിവാക്കാനായി എല്ലാ ജനാധിപത്യ മര്യാദകളും ലംഘിച്ച് പോളിംഗ് ബൂത്തുകൾ പിടിച്ചടക്കി ഭരണം സ്ഥാപിച്ചത് ശ്രീ. വി. ഡി. സതീശൻ മറന്ന് കാണാൻ ഇടയില്ല. സാധാരണഗതിയിലുള്ള ജനാധിപത്യ വഴക്കങ്ങളാകെ അവിടെ ഉപേക്ഷിക്കുകയായിരുന്നു. ആ ഭരണം എന്തൊരു നാശമായിരുന്നു അവിടെ വിതച്ചത്? ആ നാശത്തിന്റെ ഫലം ജനങ്ങൾ ഒന്നടങ്കം അതിനെതിരെ തിരിഞ്ഞുവെന്നതായിരുന്നു. അങ്ങനെയാണ് 25 വർഷം മുമ്പ് വീണ്ടും ത്രിപുരയിൽ ഇടതുപക്ഷ ഭരണം അധികാരത്തിലേറിയത്. കഴിഞ്ഞ 25 വർഷം ത്രിപുരയിൽ കാഴ്ചവച്ച ഭരണം അവിടെ എല്ലാ രീതിയിലും സമാധാനം നിലനിർത്തുന്നതായിരുന്നു. ഒരുതരത്തിലുള്ള ആദിവാസി ആദിവാസിയേതര ഏറ്റുമുട്ടലുകളും അവിടെ ഉണ്ടായില്ല; ഒരു പ്രശ്നവും ഉണ്ടായില്ല, എല്ലാവരും സമ്മതിക്കുന്ന യാഥാർത്ഥ്യമാണ് അത്. ഇപ്പോൾ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.പി.എ. ഗവൺമെന്റിന്റെ കാലത്തും അതിനുശേഷം ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ. ഗവൺമെന്റ് അധികാരത്തിൽ ഇരുന്ന ഘട്ടത്തിലും അതിർത്തി സംസ്ഥാനമെന്ന നിലയ്ക്ക് ത്രിപുര സംസ്ഥാനത്തിന് ആവശ്യമായ വികസനത്തിനുള്ള സാമ്പത്തിക സഹായം ചെയ്തില്ലെന്നുള്ളത് പരക്കെ ഉയർന്ന വിമർശനമാണ്. എന്നിട്ടും ഭദ്രമായ ക്രമസമാധാനനില പാലിച്ചു പോകാൻ കഴിഞ്ഞു. അതിന്റെ തുടർച്ച, ജനങ്ങളാകെ പിന്തുണ നൽകുന്ന അവസ്ഥ, എങ്ങനെയാണ് ഈ പറയുന്ന ഭൂരിപക്ഷത്തിലേയ്ക്ക് ബി.ജെ.പി. എത്തിയത്. ബി.ജെ.പി.ക്ക് ഉണ്ടായിരുന്ന രണ്ട് ശതമാനത്തിന്റെ കൂടെ 35 ശതമാനം വോട്ടാണ് കോൺഗ്രസ് പാർട്ടിയുടേതായി അങ്ങോട്ട് ചെന്നത്. എന്ത് ഗതികേടാണിത്? സാധാരണ ഗതിയിൽ ആരും ലജ്ജകൊണ്ട് തലകുനിച്ചുപോകും. ഇവിടെ തലയുയർത്തി ശ്രീ. വി. ഡി. സതീശൻ അവിടെ ഇടതുപക്ഷ ഭരണം കോൺഗ്രസ്സുകാർക്കെതിരെ പ്രവർത്തിച്ചതിന്റെ ഭാഗമായാണ് ഇങ്ങനെ സംഭവിച്ചതെന്നാണ് പറയുന്നത്. അവിടെയാണ് നിങ്ങൾ ചിന്തിക്കേണ്ടത്. മതനിരപേക്ഷമാണെന്ന് പറഞ്ഞാൽ പോര. മതനിരപേക്ഷത സംരക്ഷിക്കുന്നതിനുവേണ്ടി വർഗ്ഗീയതയോട് വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കണം. വർഗ്ഗീയതയ്ക്കെതിരെ ഉറച്ച നിലപാടോടെ നിൽക്കാൻ കഴിയണം. ഈ രാജ്യത്ത് ഇതഃപര്യന്തമായുള്ള ഏതെങ്കിലും ഒരു സംഭവത്തിൽ അങ്ങനെ ഒരു അവകാശം നിങ്ങൾക്ക് ഉന്നയിക്കാൻ കഴിയുമോ; ഏതെങ്കിലും ഒരു കാര്യത്തിൽ ഞങ്ങൾ ഉറച്ചുനിന്നുവെന്ന് പറയാൻ സാധിക്കുമോ? അതിന്റെ ഗതികേടാണ് ഇപ്പോൾ ഉണ്ടായത്. 59 സീറ്റുകളാണ് അവിടെ ഉണ്ടായിരുന്നത്. ആ 59 സീറ്റിൽ ഐ.പി.എഫ്.ടി.-ക്ക് കൊടുത്ത സീറ്റൊഴിച്ച് ബി.ജെ.പി. സ്ഥാനാർത്ഥികളായി മത്സരിച്ചതിൽ 36 പേർ കഴിഞ്ഞ കോൺഗ്രസ്

സ്ഥാനാർത്ഥികളായിരുന്നുവെന്നത് നാം ഓർക്കണം. എന്തൊരു ഗതികേടാണിത്. എത്രമാത്രം അപമാനകരമായ അവസ്ഥയിലേയ്ക്ക് ഒരു പാർട്ടി എത്തുകയാണ്. ഇതിനെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. അത്തരം അപമാനകരമായ നില ഉണ്ടായതിൽ സ്വന്തം പാർട്ടിയേയും പാർട്ടി നേതൃത്വത്തേയും തിരുത്തുന്നതിനുള്ള ശ്രമം നടത്താതെ മറ്റുള്ളവരുടെ പെടലിക്കിട്ട് രക്ഷപ്പെടാൻ ശ്രമിക്കരുത്. ത്രിപുരയുടെ കാര്യത്തിൽ ഇപ്പോഴും ഞങ്ങൾക്ക് തീർത്തും അഭിമാനമുണ്ട്. ഞങ്ങളുടെ ജനകീയ അടിത്തറ അവിടെ ഭദ്രം തന്നെയാണ്. അവിടെ ഒഴുക്കിയ പണം, ഉപയോഗിച്ച മറ്റ് രീതികൾ, ആരാണ് ഐ.പി.എഫ്.ടി.; ഐ.പി.എഫ്.ടി. എന്നുപറയുന്നത് ത്രിപുര ഉപജാതി ജുബ സമിതി (Tripura Upajati Juba Samiti)-യുടെ രാഷ്ട്രീയ രൂപമാണ്. ആ ഐ.പി.എഫ്.ടി.യുമായി യോജിക്കാൻ ഒരു ശങ്കയും ബി.ജെ.പി.ക്കുണ്ടായില്ല. ബി.ജെ.പി. അധികാരത്തിനുവേണ്ടി ആരുമായും കൂട്ടുചേരും. ഒന്നും അവർക്ക് തടസ്സമല്ല. ബീഫിന്റെ പേരിൽ എത്രയോ ആളുകളെ കൊലപ്പെടുത്താൻ ബി.ജെ.പി.-യും സംഘപരിവാറും തയ്യാറായില്ലേ? മേഘാലയയിൽ 'നിങ്ങൾ ബീഫ് കഴിച്ചോളൂ' എന്നാണ് പറഞ്ഞത്. ബീഫ് കഴിക്കാനുള്ള അവകാശമാണ് നൽകിയത്. അതിന്റെ കൂടെയാണ് ബി.ജെ.പി. നിലകൊണ്ടത്. കാരണം, ക്രൈസ്തവ വിശ്വാസികൾ 70 ശതമാനമുള്ള ഒരു സംസ്ഥാനമെന്ന നിലയ്ക്ക് അവരുടെ പിന്തുണ ബി.ജെ.പി.ക്ക് വേണമായിരുന്നു. ആ ബി.ജെ.പി. ത്രിപുര ഉപജാതി ജുബ സമിതിയുടെ രാഷ്ട്രീയ രൂപമായ ഐ.പി.എഫ്.ടി.-യെ കൂട്ടുപിടിച്ചു. ഇതെല്ലാം നമ്മുടെ നാടും രാജ്യവും കാണുകയല്ലേ? അങ്ങനെ കേന്ദ്രമന്ത്രിമാരെ, മറ്റ് ബി.ജെ.പി. നേതാക്കന്മാരെ, രാം മാധവിന്റെ നേതൃത്വത്തിലുള്ള ആർ.എസ്.എസ്. സംഘം മുഴുവൻ, ഒരു ചെറിയ സംസ്ഥാനത്ത് നമ്മുടെ മലപ്പുറം ജില്ലയുടെ അത്രത്തോളമില്ല അവിടത്തെ ജനസംഖ്യയെന്ന് എല്ലാവർക്കുമറിയാം, അത്തരമൊരു സംസ്ഥാനത്ത് കേന്ദ്രീകരിക്കുകയാണ് ചെയ്തത്. നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യത്തിന് എത്രമാത്രം ഭീഷണി ഉയരുന്നുവെന്നും ഏതെല്ലാം രീതിയിൽ അട്ടിമറിക്കാനുള്ള ശ്രമം നടക്കുന്നു എന്നുമാണ് നാം ഇതിലൂടെ കാണേണ്ടത്. അതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്. അങ്ങനെ ആലോചിക്കാത്തതിൽ സഹതാപം തോന്നുന്നുവെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 15 ബഹുമാനപ്പെട്ട എം.എൽ.എ.-മാർ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുക്കുകയുണ്ടായി. കേരളത്തിലെ, പ്രത്യേകിച്ച് ഇന്ത്യയിലെ പുതിയ നയങ്ങൾ നമ്മുടെ രാജ്യത്തെ വ്യവസായത്തിനുണ്ടാക്കുന്ന, പ്രത്യേകിച്ച് കേരളത്തിനുണ്ടാക്കുന്ന പ്രതിസന്ധിയെ സംബന്ധിച്ച് വളരെ കൃത്യമായി നമുക്ക് ബോധ്യമുള്ള കാര്യമാണ്. ഞാൻ ഇവിടെ ചർച്ചചെയ്ത കാര്യങ്ങളിലെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. നയങ്ങളുടെ ഭാഗമായുള്ള വിറ്റഴിക്കലിലൂടെ

നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭാവിതന്നെ ഇരുളടഞ്ഞതാക്കുന്ന സ്ഥിതി ഇന്നുണ്ടായിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച എച്ച്.എൻ.എൽ. പോലുള്ള സ്ഥാപനങ്ങൾ, നമ്മൾ ഭൂമി ഏറ്റെടുത്ത് നൽകുകയും റോ-മെറ്റീരിയലുകൾ സൗജന്യ വിലയ്ക്ക് നൽകിയും നടത്തുന്ന സ്ഥാപനമാണ്. അത് വിൽക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ അതിശക്തമായ ഇടപെടൽ നടത്തിയിട്ടുള്ളതാണ്. പക്ഷെ 'ഞങ്ങൾ ലേലത്തിന് വയ്ക്കുമ്പോൾ നിങ്ങൾക്ക് വേണമെങ്കിൽ പങ്കെടുക്കാമെന്ന' ധിക്കാരപൂർവ്വമായ മറുപടിയാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നുണ്ടായത്. അത്തരമൊരു സമീപനം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിലും സ്വീകരിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട വി. പി. സജീന്ദ്രൻ എഫ്.എ.സി.ടി.-യുടെ കാര്യം ഉന്നയിക്കുകയുണ്ടായി. എഫ്.എ.സി.ടി.-യുടെ തകർച്ചയ്ക്കിടയാക്കുന്ന നയങ്ങളും ഇറക്കുമതിയുംമൂലമുള്ള പ്രശ്നങ്ങളും ഫാക്ടറി നേരിടുകയാണ്. കടമെടുത്താണ് എഫ്.എ.സി.ടി. പ്രവർത്തിക്കുന്നതെന്ന് നേരത്തെ പറഞ്ഞത് വസ്തുതയാണ്. എഫ്.എ.സി.ടി.യുടെ മിച്ചമുള്ള 450 ഏക്കറിലധികം സ്ഥലം പെട്രോകെമിക്കൽസ് പാർക്കിനുവേണ്ടി ഏറ്റെടുക്കുമ്പോൾ സർക്കാർ അവരുമായി വച്ചിട്ടുള്ള MoU-യുടെ അടിസ്ഥാനത്തിൽ കിട്ടുന്ന സംഖ്യ എഫ്.എ.സി.ടി.-യുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കണം എന്നുള്ളതാണ്. ഈ സർക്കാർ അതിൽ ഉറപ്പുണ്ടാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനും വിറ്റുതുലയ്ക്കാനും ശ്രമിക്കുമ്പോൾ ഇവിടെ സൂചിപ്പിച്ചതുപോലെ അവയെ സംരക്ഷിക്കാനും പരമാവധി ചെറുത്തുനിൽപ്പിന് എല്ലാവരെയും കൂട്ടിയോജിപ്പിക്കുവാനും വിറ്റഴിക്കൽ നടപടികളിൽനിന്ന് പിന്തിരിയണമെന്ന ആവശ്യം ഉയർത്തിക്കൊണ്ടുവരാനുമാണ് സർക്കാർ ശ്രമിക്കുന്നത്. അതോടൊപ്പം സർക്കാരിന് ഇടപെടാൻ കഴിയുന്ന തോതിൽ ഒരു സംസ്ഥാന സർക്കാരിന്റെ പരിമിതിക്കകത്ത് നിന്നുകൊണ്ട് ഇടപെടാൻ ശ്രമിക്കുകയാണ്. അതിലൊന്നാണ് വിൽക്കാൻ തീരുമാനിച്ച ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കാൻ ഈ സർക്കാർ സ്വീകരിച്ച തീരുമാനം. അതിന്റെ ആസ്തി ബാധ്യതകളുടെ കണക്കെടുപ്പ് കഴിഞ്ഞു. 53 കോടി രൂപയുടെ ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കണം. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഏകദേശം 50 കോടിയോളം രൂപ വരുമെന്നാണ് അറിയുന്നത്. കേന്ദ്ര ഗവൺമെന്റ് 2007 മുതൽ നടപ്പാക്കുന്ന ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി നൽകേണ്ട കുടിശ്ശിക നൽകാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറല്ലാത്ത സ്ഥിതിയിലാണ് വരുന്നത്. കോടതിയിൽ കേസുണ്ട്. ആ കേസിന്റെ വിധിക്ക് വിധേയമായി ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുത്ത് വികസിപ്പിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നല്ല രീതിയിൽ നടത്താനാവും എന്ന് കരുതിയാണ് കാസർഗോഡുള്ള BHEL EML (BHEL-Electricals Machines Limited) സംരംഭം തുടങ്ങിയത്. പക്ഷേ കേന്ദ്ര ഗവൺമെന്റിന്റെ

നയത്തിന്റെ ഭാഗമായി പൈസ മുടക്കാൻ അവർ തയ്യാറല്ല. കാസർഗോഡുള്ള ഏക പൊതുമേഖലാ വ്യവസായ സ്ഥാപനമാണിത്. ജോയിന്റ് വെഞ്ച്വറാണ്. ഒരു മുതൽമുടക്കിനും കേന്ദ്ര ഗവൺമെന്റ് തയ്യാറല്ല. സംസ്ഥാന സർക്കാർ ഇപ്പോൾ അതിനെ സഹായിക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയുടെ പഠന റിപ്പോർട്ട് വന്നിട്ടുണ്ട്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ അതുവരെ സ്ഥാപനത്തിന്റെ പ്രവർത്തനം നിലച്ചുപോകരുതെന്ന് കേരള ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതിന്റെ ഭാഗമായാണ് പ്രവർത്തന മൂലധനമായി 5 കോടി രൂപ സർക്കാർ ഇപ്പോൾ നൽകിയിട്ടുള്ളത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ വേണ്ടിയല്ല, രണ്ട് സമീപനങ്ങൾ സൂചിപ്പിക്കുന്നതിനുവേണ്ടി പറഞ്ഞതാണ്. കേന്ദ്ര ഗവൺമെന്റ് അത്തരമൊരു സമീപനം സ്വീകരിക്കുമ്പോൾ ഇവിടെ സംസ്ഥാന ഗവൺമെന്റിന്റെ പരിമിതികൾക്കകത്ത് നിന്നുകൊണ്ട് ഈ സ്ഥാപനങ്ങളെ എങ്ങനെ രക്ഷിച്ചെടുക്കാമെന്നും അവിടത്തെ തൊഴിലാളികളെ എങ്ങനെ സംരക്ഷിക്കാമെന്നും ഇന്ത്യയ്ക്ക് മാതൃകയായ ഒരു ബദൽ നയമുയർത്താൻ പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ ഗവൺമെന്റ് ഇടപെട്ടിട്ടുണ്ട് എന്ന പൊതുവായ കാര്യം സൂചിപ്പിക്കാനാണ് പറഞ്ഞത്. ഓരോ വസ്തുതയിലേയ്ക്കും കടന്ന് സമയമെടുക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല.

ഇവിടെ സ്റ്റീൽ മേഖലയിലെ തകർച്ചയെക്കുറിച്ച് പറഞ്ഞു. ഇന്ത്യയിലെ സ്റ്റീൽ വ്യവസായത്തിന്റെ സ്ഥിതിയെന്താണ്; കേരളത്തിൽ മാത്രം ഒതുങ്ങുന്നതല്ലല്ലോ സ്ഥിതി? ഇവിടെ 15 ഫാക്ടറികൾ അടച്ചുപൂട്ടിയെന്ന് പറഞ്ഞു. സ്റ്റീൽ ഇറക്കുമതി ചെയ്യാൻ തീരുമാനിക്കുന്നതിന്റെ പ്രത്യാഘാതങ്ങളുമായി ബന്ധപ്പെട്ട് വലിയ പ്രശ്നങ്ങളുണ്ട്. SAIL-മായുള്ള ജോയിന്റ് വെഞ്ച്വറാണ് കോഴിക്കോടുള്ള സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്. പ്രവർത്തനമൂലധനത്തിന് ഒരു പൈസയും മുതൽമുടക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറല്ല. സംസ്ഥാന ഗവൺമെന്റ് ഇടപെടുകയാണ്. സംസ്ഥാനത്തിന്റെ പൊതു നിർമ്മാണങ്ങൾക്കുവേണ്ടിയുള്ള സ്റ്റീൽ അവരുടെ കയ്യിൽനിന്ന് വാങ്ങിക്കുമെന്ന് പറഞ്ഞുകൊണ്ട് ഇടപെടാൻ ശ്രമിക്കുകയാണ്. അങ്ങനെയാണ് സർക്കാർ അതിലിടപെടുന്നത്. ഇതുപോലുള്ള വിവിധ പ്രശ്നങ്ങളുണ്ട്. ടെൽക് (ട്രാൻസ്ഫോമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്)-ന്റെ കാര്യത്തിൽ ഇതേ സമീപനം കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നു. അതും ജോയിന്റ് വെഞ്ച്വറാണ്. എൻ.റ്റി.പി.സി.-യിലും മുതൽമുടക്കാൻ തയ്യാറാകില്ലെന്ന് പറയുകയാണ്. ഈ പ്രയാസങ്ങൾക്കിടയിലാണ് നമ്മൾ ഈ നിലപാടും ബദൽ നയവും സ്വീകരിക്കുന്നത്. സ്റ്റീൽ കമ്പനികൾ സ്വകാര്യ മേഖലയിൽ പൂട്ടിപ്പോകുന്നത് ഇന്ത്യയിലാകെ കണക്കെടുത്താൽ വൻതോതിലാണെന്ന് നമുക്കറിയാം. ടെക്സ്റ്റൈൽ

മേഖല വലിയ തകർച്ചയിലാണ്. അത് ഇവിടെ മാത്രമല്ല, വിദേശത്തുനിന്നുൾപ്പെടെ നൂൽ ഇറക്കുമതി ചെയ്യുന്നു. ഈ കാര്യത്തിലുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമീപനം ടെക്സ്റ്റൈൽ മേഖലയിൽ പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്. കേരളത്തിൽ പ്രത്യേകതകൾ വേറെയുണ്ട്. യഥാസമയം മോഡേണൈസേഷൻ നടക്കാത്തതിന്റെയും പ്രവർത്തന മൂലധനം ലഭ്യമാകാത്തതിന്റെയും ഭാഗമായി തകർച്ചയിലായിരുന്നു കേരളത്തിലെ ടെക്സ്റ്റൈൽ വ്യവസായമെന്ന് നമുക്കറിയാം. സർക്കാരിന് കഴിയുന്നവിധത്തിൽ സഹായിക്കുകയാണ്. അവയുടെ പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കുകയാണ്. ഇതാണ് സർക്കാർ പൊതുവായി ഓരോ മേഖലയിലും സ്വീകരിക്കുന്ന സമീപനം. ഇതോടൊപ്പം പരസ്പരം സഹകരിക്കാവുന്ന സ്ഥാപനങ്ങളെ സഹകരിപ്പിച്ചുകൊണ്ട് ഈ സ്ഥാപനങ്ങളെ സംരക്ഷിക്കാൻ കഴിയുമോ എന്നുള്ള നിലപാട് സ്വീകരിക്കുന്നുണ്ട്. അതാണ് കെ.എസ്.ഇ.ബി. ലിമിറ്റഡുമായി ഉണ്ടാക്കിയിട്ടുള്ള ധാരണ. ഇലക്ട്രിക്കൽ ഉൽപ്പന്നങ്ങളുടെ ഒരു നിശ്ചിത ശതമാനം വാങ്ങുന്ന നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ രക്ഷപ്പെടുകയാണ്. ഇതുപോലെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനും വളർച്ചയ്ക്കും ആവശ്യമായ രീതിയിൽ മറ്റ് വകുപ്പുകളുടെകൂടി സഹകരണം ഉറപ്പാക്കിക്കൊണ്ട് മുന്നോട്ടുപോകണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആ നയം വിജയം കാണുന്നുവെന്നുള്ള സൂചനകളാണുള്ളത്. കേരളത്തിലെ വ്യവസായ ലോകത്തിന്റെ ആകെ പ്രശ്നങ്ങൾ പരിഹരിച്ചുവെന്നൊന്നും ഞാൻ അവകാശപ്പെട്ടിട്ടില്ല. പൊതുമേഖല ഇന്ന് നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളെന്താണെന്ന് പരിശോധിക്കാനും പരിഹാരം കാണാനുമുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്. അതിനെത്തുടർന്നാണ് നഷ്ടം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞത്. ആകെ നഷ്ടം കുറച്ചുവെന്നൊന്നും സംസ്ഥാന ഗവൺമെന്റ് അവകാശപ്പെട്ടിട്ടില്ല. പക്ഷെ, ഈ വർഷം വ്യവസായ വകുപ്പിനുകീഴിലുള്ള 40 പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ നഷ്ടം ഒഴിവാക്കി, എല്ലാ സ്ഥാപനങ്ങളുമല്ല. നേരത്തെ പറഞ്ഞ കണക്ക് ശരിയാണ്. 13 എണ്ണമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. 27 എണ്ണം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പക്ഷെ, അറ്റദായം 40 കോടി രൂപയായി, അത് പ്രത്യേക സെക്ടറിൽനിന്നാണ്. അതിനുള്ള സാഹചര്യങ്ങളൊക്കെയുണ്ട്. പക്ഷെ ഇതൊരു സൂചകമാണ്. മറ്റ് പല സ്ഥാപനങ്ങളും നഷ്ടം കുറച്ചുകൊണ്ടുവരികയാണ്. ഇവിടെ നേരത്തെ ശ്രീ. രാജു എബ്രഹാം കെ.എസ്.ഡി.പി.(കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്)-യുടെ സ്ഥിതിയെക്കുറിച്ച് പറഞ്ഞു. കെ.എസ്.ഡി.പി.-യുടെ ഗുണനിലവാരമുള്ള മരുന്ന് വാങ്ങാൻ കേരളത്തിലെ ആരോഗ്യ വകുപ്പ് കഴിഞ്ഞ കാലത്ത് തയ്യാറായിരുന്നോ? അതിലിടപെട്ടു. ആരോഗ്യ വകുപ്പ് ഇപ്പോൾ മരുന്ന് വാങ്ങുകയാണ്. മറ്റ് സ്റ്റേറ്റ് ഗവൺമെന്റുകളും വിശ്വാസപൂർവ്വം കെ.എസ്.ഡി.പി.-യുടെ മരുന്നുകൾ അന്വേഷിച്ചുവരുന്നു. വിദേശ മാർക്കറ്റിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചല്ലോ. അർബുദ രോഗത്തിനുള്ള മരുന്ന് ഉൽപ്പാദിപ്പിക്കാനുള്ള വേൾഡ് ഹെൽത്ത്

ഓർഗനൈസേഷന്റെ അംഗീകാരം ഇപ്പോൾ കെ.എസ്.ഡി.പി.-ക്ക് ലഭിച്ചു. അതിന്റെ ഭാഗമായിട്ടുള്ള വളർച്ചയിലേയ്ക്ക് ആ സ്ഥാപനം പോകുകയാണ്. പരസ്പര സഹകരണത്തിന്റെ അന്തരീക്ഷമുണ്ടാക്കിയെടുത്ത് മുന്നോട്ടുപോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭാവി വളർച്ചയ്ക്കുവേണ്ടിയുള്ള പദ്ധതികളും നമ്മൾ ആസൂത്രണം ചെയ്യുകയാണ്. സാമ്പത്തിക പ്രയാസവും സാമ്പത്തിക മാന്ദ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളൊക്കെ നമ്മളെ ബാധിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നോട്ട് നിരോധനവും ജി.എസ്.ടി.യുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നമ്മുടെ സമ്പദ്ഘടനയ്ക്ക് ഏൽപ്പിച്ച ആഘാതം ഒറ്റതിരിഞ്ഞു നിൽക്കുന്നതല്ലല്ലോ? അത് എല്ലാ മേഖലയെയും ബാധിക്കുന്നതാണ്. വ്യവസായത്തേയും അത് പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് കണ്ടുവേണം നമുക്ക് അത് പരിഹരിച്ചുപോകേണ്ടത്. MSME (Ministry of Micro, Small and Medium Enterprises)-കളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞ ഒരു മേഖലയാണിത്. പുതിയ സംരംഭകർ വരുന്നു. എന്റെ കയ്യിലുള്ള കണക്കനുസരിച്ച് രണ്ട് വർഷക്കാലംകൊണ്ട്, മേയ് മാസം മുതൽ 27141 പുതിയ സംരംഭങ്ങൾ, അതിന്റെ ഭാഗമായി ഏകദേശം 94908 തൊഴിലവസരങ്ങൾ ആ മേഖലയിൽ പ്രദാനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഇത് അഭിമാനകരമായ വളർച്ചയായി കാണേണ്ട. ഇനിയും വളരണം. പുതിയ തൊഴിലവസരങ്ങളുണ്ടാകണം. പ്രവാസികളുടെ തിരിച്ചുവരവ്, അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലുണ്ടാകാനുള്ള സാഹചര്യം ഇതൊക്കെ ബന്ധപ്പെടുത്തി നോക്കുമ്പോൾ ഈ വളർച്ച പോര. ഇന്ന് കേരളത്തിൽ വ്യവസായം തുടങ്ങുന്നതിന് മോശപ്പെട്ട അന്തരീക്ഷമാണെന്ന ചില സന്ദേശങ്ങളുണ്ട്. രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ അത് സൂചിപ്പിച്ചു. തൊഴിലാളികളുടെ പ്രശ്നംകൊണ്ട് ഒരു സ്ഥാപനവും അടച്ചുപൂട്ടപ്പെടുന്നില്ല. പക്ഷേ നിയമത്തിന്റെ നൂലാമാലകൾ പറഞ്ഞുകൊണ്ട് വ്യവസായികളെയും സംരംഭകരെയും പുറകോട്ടടിപ്പിക്കുന്ന നയങ്ങളിൽ മാറ്റമുണ്ടാക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. അത് ഗവൺമെന്റ് പ്രകടനപത്രികയിൽ പറഞ്ഞതാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി വളരെ എളുപ്പത്തിൽ ലൈസൻസുകൾ സമ്പാദിക്കാനും വ്യവസായം തുടങ്ങാനും അല്ലെങ്കിൽ സംരംഭം തുടങ്ങാനുമുള്ള അന്തരീക്ഷത്തിന് പ്രയോജനപ്പെടുത്താനുള്ള നിയമഭേദഗതി വന്നപ്പോൾ വിഭവങ്ങളുടെ അമിത ചൂഷണം നടക്കുന്ന എന്നുള്ള ആക്ഷേപം ഇവിടെ ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി ഉന്നയിക്കുകയുണ്ടായി. ആ ബിൽ അവതരിപ്പിച്ചപ്പോൾ ഞാൻ അത് പറഞ്ഞതാണ്. അതിൽ ജലം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ചാണ് അദ്ദേഹം സൂചിപ്പിച്ചതെന്ന് ഞാൻ കണക്കാക്കുന്നു. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ അതിൽ വ്യക്തതയുണ്ടാക്കാമെന്ന് അന്നുതന്നെ പറഞ്ഞതാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്കെതിരായി അമിതമായി വിഭവങ്ങൾ ചൂഷണം ചെയ്യുന്ന സംരംഭങ്ങൾ

തുടങ്ങുക എന്നതല്ല, നിയമവിധേയമായ കാര്യങ്ങൾ ചെയ്യുമെന്നുള്ളത് തന്നെയാണ് അതിനെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്. അത് ആരംഭിക്കുകയാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനംകൂടി വരുന്നതോടുകൂടി വ്യവസായ സംരംഭങ്ങൾക്ക് ഒരു ഓഫീസിന്റെയും പടിക്കൽ കാത്തുകെട്ടിക്കിടക്കാതെ സംരംഭങ്ങളാരംഭിക്കാൻ കഴിയുന്ന സ്ഥിതിയുണ്ടാകുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതൊരു വലിയ മാറ്റമായി വരും. അത് കേരളത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും ആഗ്രഹിച്ചുകൊണ്ടിരുന്ന മാറ്റങ്ങളിൽ ഒന്നാണ്. ആ രീതിയിൽ ആ വിഷയത്തെ കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ ചർച്ചയിൽ പങ്കെടുത്ത ഓരോരുത്തരും പറഞ്ഞ വിഷയത്തിന് മറുപടി പറയണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല.

ഖാദി മേഖലയിലെ കുടിശ്ശികയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശികയുണ്ടായിരുന്നതിൽ ഒരു വലിയ ഭാഗം ധനകാര്യ വകുപ്പിന്റെ സഹായത്തോടുകൂടി കൊടുത്തുതീർത്തു. ഖാദിയിലും കൈത്തറിയിലുമൊക്കെയായി ഇനിയും പഴയ കുടിശ്ശിക നൽകാനുണ്ട്. അത് നൽകാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങളെ സംബന്ധിച്ച് പ്ലാനിംഗ് ബോർഡുമായി ചർച്ച ചെയ്തപ്പോൾ 100 ഏക്കറോളം സ്ഥലം തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശമുണ്ടെന്ന വിവരമാണ് ലഭിച്ചിട്ടുള്ളത്. പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിനാവശ്യമായ പഞ്ചായത്തുകളുടെ സ്ഥലത്തിൽ അവർകൂടി പങ്കാളികളായുള്ള പി.പി.പി. മോഡലിലുള്ള പദ്ധതികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്. നമുക്ക് പുതിയ സ്ഥലങ്ങൾ കണ്ടെത്താനാവശ്യമായ സൗകര്യങ്ങളുണ്ടാകും. അത് പ്രയോജനപ്പെടുത്താൻ വ്യവസായ വകുപ്പിനാവശ്യമായ നടപടികളുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കാസർഗോഡിനെ പ്രതിനിധീകരിച്ച് സംസാരിച്ചപ്പോൾ ശ്രീ. എൻ. എ. നെല്ലിക്കുന്ന് അനന്തപുരത്തെ വ്യവസായ പാർക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ലെന്ന് പറഞ്ഞു. അവിടെ ഇപ്പോൾ 2 കോടി രൂപ റോഡ് നിർമ്മാണത്തിന് ചെലവഴിച്ചിട്ടുണ്ട്. ഈ വർഷം 4.8 കോടി രൂപ ചെലവഴിക്കാനിരിക്കുകയാണ്. കാസർഗോഡ് പാക്കേജിന്റെ ഭാഗമായിട്ടുള്ള 2 കോടി രൂപയുടെ സഹായം കൂടിയുണ്ട്. ആ പാർക്കിന്റെ വികസനത്തിന് അത് പ്രയോജനപ്പെടുത്തും, സംരംഭകരെ അവിടേയ്ക്ക് എത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വ്യവസായികളുടെ ഭൂമിയുടെ പ്രശ്നത്തെക്കുറിച്ച് ശ്രീ. വി. കെ. സി. മമ്മത് കോയ ഇവിടെ ഉന്നയിച്ചു. നൽകിയ ഭൂമിയിൽ വ്യവസായം നടക്കണമെന്നാണ് എല്ലാവരുടെയും താൽപ്പര്യം. അതിന് വിധേയമായി ഇപ്പോൾ അനുഭവപ്പെടുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണാനുള്ള നടപടികളും ആ കാര്യത്തിൽ സ്വീകരിക്കുമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഖാദി മേഖലയിലെ തൊഴിലാളികളുമായി ബന്ധപ്പെട്ട

പ്രശ്നങ്ങൾ ഇവിടെ സൂചിപ്പിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഖാദി മേഖലയിലെ തൊഴിലാളികളുടെ ഉൽപ്പാദന ഇൻസെന്റീവ് 100 ശതമാനം വർദ്ധിപ്പിച്ചു. നൂൽപ്പിന് ഒരു കഴിക്ക് 60 പൈസയും നെയ്ത്ത് നൂലിന് ഒരു കഴിക്ക് 1.80 രൂപയും ഇപ്പോൾ നൽകുന്നുണ്ട്. അത് നിലവിലുണ്ടായിരുന്നതിന്റെ ഇരട്ടി വർദ്ധിപ്പിക്കുകയാണ്. ഡോ. എൻ. ജയരാജ് ഇവിടെ സൂചിപ്പിച്ചത് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച സംഖ്യയെക്കുറിച്ചാണ്. കേന്ദ്ര ഗവൺമെന്റാണ് അതിൽ മാറ്റം വരുത്തേണ്ടത്. അവിടെ കൂലിയിനത്തിൽ ഒരു കഴിക്ക് 5.50 രൂപ എന്ന് നിശ്ചയിച്ചാൽ ആവശ്യമായ മാറ്റം വരണം. നമ്മൾ അതിൽ വലിയ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇത് മതിയായതാണോ എന്ന് ചോദിച്ചാൽ പോര! നമ്മുടെ സാമ്പത്തിക പരിമിതിക്കകത്ത് നിന്നുകൊണ്ട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പൂരകവേതന പദ്ധതി പ്രകാരം അവരുടെ വരുമാനം വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള നടപടികൾക്കായി 54 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഇൻസെന്റീവ് ഇനത്തിൽ 8 കോടി 30 ലക്ഷം രൂപ 3600 തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ രണ്ട് വർഷക്കാലത്തിനുള്ളിൽ കഴിഞ്ഞിട്ടുണ്ട്. ഖാദി മേഖലയിൽ ഇനിയും പ്രശ്നങ്ങളുണ്ട്, കുടിശ്ശികയുണ്ട്. അതൊന്നും ഇല്ലെന്ന് ആരും പറഞ്ഞിട്ടില്ല. പക്ഷേ സർക്കാർ ആകുന്ന രീതിയിൽ ആ കാര്യത്തിൽ ഇടപെടുന്നുണ്ട്. കോട്ടയത്ത് ഒരു ഖാദി വിൽപ്പന കേന്ദ്രം പുതിയതായി ആരംഭിക്കുകയാണ്. അവിടെ സ്ഥലമുണ്ട്. അതിന്റെ റീജിയണൽ ഓഫീസുമായി ബന്ധപ്പെട്ട 'ഖാദി പ്ലാസ' നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഖാദി മേഖലയിൽ മിനിമം കൂലി പരിഷ്കരിക്കുന്നതിനുള്ള കമ്മിറ്റി റിപ്പോർട്ട് ആയിട്ടുണ്ടെന്നാണ് ഗവൺമെന്റ് മനസ്സിലാക്കുന്നത്. ആവശ്യമായ നോട്ടിഫിക്കേഷനുശേഷം വൈകാതെ ഖാദി മേഖലയിലെ കൂലി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കും.

കരിമണലുമായി ബന്ധപ്പെട്ട മേഖലയിൽ ചില പ്രശ്നങ്ങൾ വന്നിട്ടുണ്ട്. ആ മേഖലയിൽ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ചുള്ള ചർച്ച ഈ സഭയിൽ വന്നിട്ടുള്ളതാണ്. കരിമണൽ സംഭരിക്കുന്ന കാര്യത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അപ്പുറത്തു നിന്നും സഹായവും യോജിപ്പുമുണ്ടാകണം. കേരള സമ്പദ്‌വ്യവസ്ഥയ്ക്ക് ഏറെ സഹായകരമായ കരിമണലിനെ പ്രയോജനപ്പെടുത്തിയുള്ള ഉൽപ്പന്നങ്ങളുണ്ടാക്കിയെടുക്കാൻ നമുക്ക് കഴിയണമെങ്കിൽ ആ മേഖലയിലുള്ള ജനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും മറ്റും പരിഹരിക്കാൻ എല്ലാ പ്രസ്ഥാനങ്ങളും രാഷ്ട്രീയ പാർട്ടികളും മതസംഘടനകളുമൊക്കെ കൂടിച്ചേർന്ന് അഭിപ്രായ സമന്വയമുണ്ടാകണം. അതിനുള്ള ശ്രമങ്ങൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. അത് നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയും. തോറിയം പ്രയോജനപ്പെടുത്തിയിട്ടുള്ള വൈദ്യുതി ഉൽപ്പാദനം ഇപ്പോൾ ആരംഭിക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. അതൊരു ഇന്ധനമായി

ഉപയോഗിക്കാനുള്ള സാധ്യതകളെപ്പറ്റിയുള്ള വിശദമായ പഠനം നടക്കുകയാണ്. അത് കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ടതാണ്. അതിന്റെ പ്രോട്ടോ ടൈപ്പ് വികസിപ്പിച്ചെടുത്തിട്ടുണ്ടെങ്കിലും ഇത് പ്രയോജനപ്പെടുത്തുന്നതിനുള്ള, തോറിയം ഇന്ധനമായി ഉപയോഗിച്ചുതുടങ്ങുന്ന സംവിധാനം ഇന്ത്യയിൽ ഒരു സ്ഥലത്തും ആരംഭിച്ചിട്ടില്ല. നിർദ്ദേശം പ്രായോഗികമാണ്. പക്ഷേ കേന്ദ്ര ഗവൺമെന്റുകൂടി അക്കാര്യത്തിൽ ഇടപെട്ട് മിനറൽസ് ഡിപ്പാർട്ടുമെന്റിന്റെ അനുമതികൂടി വാങ്ങി ഇത് ഉപയോഗിക്കാൻ കഴിയുന്ന സാധ്യതകളെ ശാസ്ത്രീയമായി കണ്ടെത്തി തീരുമാനിക്കേണ്ടതാണ്. ചവറയിലെ മിനറൽ കോംപ്ലക്സിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് വില നിർണ്ണയിച്ചു കഴിഞ്ഞു. അവിടെയുള്ള 180 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിയായിട്ടുണ്ട്. ആ മേഖലയിലുള്ളവർ ഭൂമി ഏറ്റെടുക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടതാണ്. അതിന്റെ വില നിശ്ചയിക്കുന്നതിനെ സംബന്ധിച്ച യോഗം കഴിഞ്ഞ ദിവസം നടന്നിരുന്നു. വളരെ വേഗത്തിൽ അതിന്റെ നടപടി മുന്നോട്ടുപോകുകയാണ്. ചവറയിലെ മിനറൽ കോംപ്ലക്സുമായി ബന്ധപ്പെട്ട് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനുള്ള പഠനം ഇപ്പോൾ നടന്നുകഴിഞ്ഞിട്ടുണ്ട്. CRISIL (Credit Rating Information Services of India Limited) എന്നുപറയുന്ന ഏജൻസിയാണ് പഠന റിപ്പോർട്ട് തയ്യാറാക്കിയത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പുതിയ പദ്ധതികൾ അവിടെ കൊണ്ടുവരണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ഡി.പി.ആർ. തയ്യാറാക്കി മുന്നോട്ടുപോകേണ്ടതുണ്ട്. അതുകൂടി വന്നാൽ മാത്രമേ അവിടെ ഏതൊക്കെ പദ്ധതികൾ വിജയകരമായി നടപ്പിലാക്കാൻ കഴിയൂവെന്ന് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ചവറയിലെ ഈ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തണമെന്ന രീതിയിലാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: കരിമണൽ അണുശക്തി വകുപ്പിന്റെ കീഴിലാണോ മിനറൽ വകുപ്പിന്റെ കീഴിലാണോ വരുന്നത്?

ശ്രീ. എ. സി. മൊയ്തീൻ: മിനറൽ വകുപ്പിന്റെ കീഴിൽത്തന്നെയാണ്. ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസിന്റെ കാര്യം ഇവിടെ പറഞ്ഞു. ഓഫ്താൽമിക് ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ളവ നിർമ്മിക്കാനും ഒരു ഫാർമ മെഡിക്കൽ പ്രോഡക്ടിന്റെ പാർക്ക് അതുമായി ബന്ധപ്പെട്ട് സ്ഥാപിക്കുന്നതിനുമുള്ള സ്ഥലം അവിടെയുണ്ട്. കൂടുതൽ സ്ഥലം വേണ്ടിവരികയാണെങ്കിൽ ആ സ്ഥലമെടുപ്പ് ഈ വർഷം നടത്തണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ട്രാവൻകൂർ സിമന്റ്സുമായി ബന്ധപ്പെട്ട പ്രശ്നം ഇവിടെ ഉന്നയിച്ചു. കക്ക വാരുന്നത് പാരിസ്ഥിതിക പ്രത്യാഘാതമുണ്ടാക്കുന്നുവെന്നതിന്റെ പേരിലാണ്. വൈറ്റ് സിമന്റുണ്ടാക്കുന്നതിന് കക്ക കിട്ടാനില്ല. അതാണ് അവിടെ ഉൽപ്പാദനം നിലയ്ക്കാനിടയാക്കിയത്. അതുകൊണ്ടാണ് വിദേശത്തുനിന്ന് ക്ലിങ്കർ ഇറക്കുമതി ചെയ്ത് വൈറ്റ് സിമന്റ് ഉൽപ്പാദിപ്പിക്കേണ്ടി

വരുന്നത്. അതിന്റെ പ്രയാസങ്ങളും പ്രതിസന്ധിയുമുണ്ട്. വൈറ്റ് സിമന്റ് ഉൽപ്പാദിപ്പിച്ചുകൊണ്ടുതന്നെ അതിന്റെ പ്രവർത്തനം നടത്തുകയും അതിന്റെ ചൂള നവീകരിക്കേണ്ടതുമുണ്ട്. അതിനാവശ്യമായ പ്രോജക്ട് ഈ വർഷം തയ്യാറാക്കുകയാണ്. അടുത്തവർഷത്തെ പൈസകൂടി ഈ വർഷത്തെ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. അതുപയോഗിച്ച് വൈറ്റ് സിമന്റിന്റെ ഉൽപ്പാദനംകൂടി നടത്താം. മലബാർ സിമന്റുമായി ബന്ധപ്പെട്ട് ഗ്രേ സിമന്റ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികളും ഈ വർഷം ആരംഭിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. പെട്രോകെമിക്കൽ പാർക്കിനുള്ള 481 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ധാരണാപത്രം ഇപ്പോൾ ഒപ്പിട്ടിട്ടുണ്ട്. അതിനാവശ്യമായ ഫണ്ട് കിഫ്ബി വഴിയാണ് ലഭ്യമാക്കുന്നത്. അതിന്റെ ഡി.പി.ആർ.-ഉം മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇലക്ട്രിക്കൽ മേഖലയിലെ പുതിയ മോട്ടോർ കാറുകളുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. ഇലക്ട്രിക്കൽ കാറുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുതിയ സാധ്യതകൾ തെളിഞ്ഞുവരുന്നുണ്ട്. അതോടൊപ്പം അവിടെ മത്സരവുമുണ്ട്. അതുംകൂടി കാണണം. കേരളത്തിലെ ഇലക്ട്രിക്കൽ മേഖലയിലുള്ള കമ്പനികൾക്ക് ഇതുമായി ബന്ധപ്പെട്ട് സഹകരിക്കാനാകും. അവയെ പ്രയോജനപ്പെടുത്തി ഓരോ കമ്പോണന്റ് ഓരോ സ്ഥാപനങ്ങൾ നിർമ്മിക്കുകയാണെങ്കിൽ ഇലക്ട്രിക്കൽ മേഖലയിലുള്ള മൂന്നോ നാലോ കമ്പനികളെ രക്ഷിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡും ട്രാക്കോ കേബിളും യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസും ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുണ്ട്. തിരുവനന്തപുരത്തെ ആട്ടോമൊബൈൽസിന് ആവശ്യമായ ഇൻഫ്രാസ്ട്രക്ച്ചറുണ്ട്. അതിന്റെ സാങ്കേതിക സഹായവും മറ്റു കാര്യങ്ങളും നമുക്ക് ലഭ്യമാക്കാൻ കഴിയും. അത് പ്രയോജനപ്പെടുത്തി ഈ സംരംഭങ്ങളെ വിജയിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്. ആട്ടോകാസ്റ്റിൽ പ്രശ്നങ്ങളുണ്ട്. കഴിഞ്ഞ കുറേ നാളുകളായി പ്രതിസന്ധിയിലാണ്. അത് ഈ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതല്ലെന്ന് നിങ്ങൾക്കറിയാം. ആട്ടോകാസ്റ്റിന്റെ പ്രവർത്തനം ഇപ്പോൾ മെച്ചപ്പെട്ടുവരികയാണ്. അവിടെ സാന്റ് റിക്ലമേഷൻ പ്ലാന്റ് പൂർത്തിയായിക്കഴിഞ്ഞു. കുറേ വർഷങ്ങളായി പണി നടക്കാതിരിക്കുകയായിരുന്നു. സ്ഥാപിച്ച കമ്പനിയുടെ ആളുകൾ പോലുമില്ലായിരുന്നു. പക്ഷെ അത് പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞു. റെയിൽവേ കോച്ചുകൾക്കുള്ള ഫാബ്രിക്കേഷൻ നടത്താൻ കഴിയുന്ന രീതിയിൽ ആട്ടോകാസ്റ്റ് തയ്യാറായി വരികയാണ്. കേരള ആട്ടോമൊബൈൽസിൽ പ്രശ്നങ്ങളുണ്ട്. അവരുൽപ്പാദിപ്പിക്കുന്ന വാഹനം ഇപ്പോൾ കേന്ദ്ര മോട്ടോർ വാഹന നിയമമുപയോഗിച്ച് ഉപയോഗിക്കാൻ കഴിയുന്നതല്ല. പുതിയ നിയമം വന്നപ്പോൾ പുകയും മറ്റുമായി ബന്ധപ്പെട്ട കാര്യത്താൽ

നിലവിലുള്ള നിയമത്തിന് വിധേയമായി വിറ്റഴിക്കാൻ കഴിയുന്നില്ല. അവിടെ സാങ്കേതികമായ മാറ്റമുണ്ടാകേണ്ടതുണ്ട്. ഐ.എസ്.ആർ.ഒ.-യുടെ ഓർഡറുകൾ അവർക്ക് ലഭ്യമായിട്ടുണ്ട്. 2017-18-ലെ ബജറ്റിൽ അവർക്ക് തുക വകയിരുത്തി യിട്ടുണ്ട്. അടുത്തവർഷത്തെ ബജറ്റിലും ആ പ്രൊപ്പോസലുണ്ട്. അത് നമുക്ക് വിജയിപ്പിക്കാനാകും എന്നാണ് കരുതുന്നത്. കെൽട്രോണിന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യത്തിൽ നല്ല ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. പക്ഷെ ആഗോള പ്രശസ്തമായ ആ സ്ഥാപനം കുറച്ചുനാളായി പ്രതിസന്ധിയി ലാണെന്ന് നമ്മളൊക്കെ കാണുന്നതാണ്. അതിന് പലവിധ കാരണങ്ങളുണ്ട്. ഞാൻ ആരെയും കുറ്റപ്പെടുത്താനും പ്രത്യേകിച്ച് അപ്പുറത്തുള്ള ആളുകളെ ആക്ഷേപിക്കാനും ഈ സന്ദർഭം പ്രയോജനപ്പെടുത്തുന്നില്ല. അത്തരമൊരു സ്ഥാപനത്തെ രക്ഷിക്കുന്നതിനുള്ള പരിശ്രമമാണ് ഇപ്പോൾ നടക്കുന്നത്. ഹാർഡ്‌വെയർ ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 40 കോടി രൂപയാണ് കെൽട്രോണിന്റെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി തയ്യാറാകുന്നത്. ടെക്നോളജി കൂടുതൽ ലഭ്യമാകാനും ഇവിടെ ഉൽപ്പാദനം നടത്താനുമുള്ള സംരംഭങ്ങളെക്കുറിച്ചും കെൽട്രോണിന്റെ കാര്യത്തിൽ ആലോചനകൾ നടക്കുകയാണ്. ഈ വർഷം തന്നെ ആരംഭിക്കാൻ കഴിയുമെന്നാണ് തോന്നുന്നത്. കുണ്ടറയിലെ സിറാമിക്സ് ലിമിറ്റഡിൽ പെയിന്റ് നിർമ്മാതാക്കൾക്ക് ആവശ്യമായ നിലവാരം കൂടിയ ക്ലേ ഉൽപ്പാദിപ്പിക്കു ന്നതിനുവേണ്ടിയുള്ള rotary dryer നവീകരിക്കുന്ന പദ്ധതി ഈ വർഷം നടക്കുകയാണ്. കുണ്ടറ സിറാമിക്സ് നഷ്ടത്തിന്റെ കണക്കിൽ നിന്ന് അടുത്ത വർഷം ലാഭത്തിന്റെ കണക്കുപറയുന്ന സ്ഥാപനമായി മാറുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അവിടെ പ്രകൃതി വാതകം ഉപയോഗിച്ചാൽ 65 ശതമാനം ഇന്ധനച്ചെലവ് കുറയ്ക്കാൻ കഴിയും. 2018-19-ൽ അതിലേയ്ക്ക് മാറാൻവേണ്ടിയുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചിട്ടുണ്ട്. 45 വർഷമായി ഒരു നവീകരണവും നടക്കാത്ത പ്ലാന്റാണ്. ആ പ്ലാന്റ് നവീകരി ക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. മൈനിംഗിന് ആവശ്യമായ സ്ഥലമുണ്ടാകണം. അതിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ട്. 15 വർഷത്തേയ്ക്ക് മൈനിംഗ് നടത്താനുള്ള സ്ഥലം അവിടെ ലഭ്യമാക്കുന്നതിനുള്ള നടപടികളും നടക്കുകയാണ്. ഇവിടെ ഉന്നയിച്ചതുപോലെ സിഡ്കോ കേരളത്തിലെ ചെറുകിട സംരംഭകർക്ക് ഏറ്റവും സഹായകരമായി പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളിലൊന്നാണ്. സിഡ്കോയുടെ അധോഗതിക്ക് ഈ ഗവൺമെന്റല്ല കാരണമെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അതിന് ശക്തമായ നടപടികൾ സ്വീകരിക്കുകയാണ്. അതിന്റെ ഭാഗമായി കുടിശ്ശികയായുണ്ടായിരുന്ന 60 ശതമാനം വർക്കുകളും സിഡ്കോ ഒരു വർഷം കൊണ്ട് പൂർത്തീകരിച്ചു. ചീത്തപ്പേരിൽ നിന്ന് കരകയറാൻ കുറച്ച് സമയമെടുക്കും. കഴിഞ്ഞ കാലങ്ങളിൽ വ്യക്തികളിൽ നിന്ന് ഓർഡർ വാങ്ങിയതിന് കണക്കില്ല, മറ്റ് പ്രയാസങ്ങളുണ്ട്, അവിടെ കണക്കുകളില്ലാത്തതിനാൽ മൂന്ന് വർഷമായി ആഡിറ്റ്

നടത്താൻ സാധിക്കാത്ത പ്രശ്നമുണ്ട്. ആഡിറ്റ് നടത്താനുള്ള സംവിധാനം ഇപ്പോൾ സർക്കാരുണ്ടാക്കിയിട്ടുണ്ട്. ആ സ്ഥാപനത്തിന് ഇപ്പോൾ അക്രഡിറ്റേഷൻ നൽകിയിട്ടുണ്ട്. സംരംഭങ്ങൾ ഏറ്റെടുത്ത് നടത്താൻ ശേഷിയുള്ള സ്ഥാപനമായി പ്രയോജനപ്പെടുത്താൻ കഴിയും. അതിലെ പാർക്കുകളുടെ നവീകരണ പ്രവർത്തനങ്ങൾ പാർക്കുകളുടെ സംരംഭകരുടെ സഹായത്തോടെ ചെയ്യാൻ അവർ തയ്യാറാണ്. സർക്കാർ അങ്ങനെയൊരു പദ്ധതി ആവിഷ്കരിച്ചു. അടിസ്ഥാന സൗകര്യങ്ങളായ, റോഡ്, വെള്ളം, വൈദ്യുതി എന്നിവ തടസ്സമില്ലാതെ ലഭിക്കുന്നതിനുള്ള പദ്ധതികൾ സിഡ്കോയുടെ പാർക്കുകളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

ടെക്സ്റ്റൈൽ മേഖലയിൽ വലിയ പ്രയാസം നമ്മൾ അനുഭവിച്ചിട്ടുണ്ട്. ഈ വർഷം അതിനൊരു വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ മുന്നിലുണ്ട്. പ്ലാനിംഗ് ബോർഡും ധനകാര്യ വകുപ്പുമായുള്ള ചർച്ചകൾ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം വളരെപ്പെട്ടെന്ന് പ്രവർത്തിച്ച് ലാഭകരമാക്കാൻ കഴിയുന്ന ചില മില്ലുകളെടുത്ത് സഹായിക്കാൻ സർക്കാർ ബജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്. പ്രഭുറാം മിൽ, മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽ, കോമളപുരം സ്പിന്നിംഗ് മിൽ തുടങ്ങിയവയ്ക്ക് നല്ല പിന്തുണകൊടുത്ത് ലാഭത്തിൽ പ്രവർത്തിപ്പാക്കാനാകും. ലാഭവും നഷ്ടവുമില്ലാത്ത അവസ്ഥയെങ്കിലുമുണ്ടാക്കിയെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന്റെ ആധുനികവൽക്കരണവും വിപുലീക രണവുമാണ് ഇതിന്റെ ഭാഗമായി ഉന്നയിക്കുന്നത്. പ്രവർത്തനമൂലധനമില്ലാത്തതിനാൽ ആവശ്യമായ കോട്ടൺ കിട്ടുന്നില്ല. പലപ്പോഴും മാർവാടികളുടെ കയ്യിൽ നിന്ന് അവർ പറയുന്ന തുക കൊടുത്ത് കോട്ടൺ വാങ്ങുന്ന സ്ഥിതിയാണുണ്ടായിരുന്നത്. കോട്ടൺ ഒരുമിച്ച് പർച്ചേസ് ചെയ്യാൻ, സീസണിൽ വാങ്ങാൻ സെൻട്രലൈസ്ഡ് പർച്ചേസ് സ്കീം കൊണ്ടുവന്നു. അതിന്റെ ഭാഗമായി ആവശ്യത്തിന് കോട്ടൺ നൽകാൻ കഴിഞ്ഞതുകൊണ്ടാണ് ടെക്സ്റ്റൈൽ മേഖലയിൽ ജോലി കൊടുക്കാൻ കഴിയുന്നത്. നൂൽ ഇറക്കുമതി ചെയ്യുകയാണ്. എന്നാൽ തിരുവനന്തപുരത്തെ ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ ചൈനയിലേക്കും തായ്വാനിലേയ്ക്കും ഈ വർഷം നൂൽ കയറ്റി അയച്ചുവെന്ന സന്തോഷ വാർത്തകൂടിയുണ്ട്. അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നല്ല മറിച്ച് നമുക്കുള്ള സാധ്യതകൾവച്ച് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുകയാണ്.

പരമ്പരാഗത മേഖലയിൽ നിരവധി പ്രശ്നങ്ങളുണ്ട്. കൈത്തറിയുമായി ബന്ധപ്പെട്ട കാര്യത്തിൽ ഈ വർഷത്തെ ടാർജറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 7-ാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകാൻ 21 ലക്ഷം മീറ്റർ തുണിയാണ് വേണ്ടത്. 23 ലക്ഷം മീറ്റർ ഉൽപ്പാദിപ്പിച്ച് കഴിഞ്ഞിട്ടുണ്ട്. ആ മേഖലയിൽ

പുതിയ തൊഴിലാളികൾ വരികയും വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ 3000 തറികൾ കൊണ്ടുവരുന്നതിനുള്ള ശ്രമം നടക്കുകയാണ്. 'യുവാവീയം പദ്ധതി'യുടെ ഭാഗമായി ആയിരത്തോളം യുവാക്കളായ തൊഴിലാളികളെ പരിശീലിപ്പിക്കുന്ന പദ്ധതിയുണ്ട്.

ബാംബൂ കോർപ്പറേഷന് ഡി.എ. കുടിശ്ശികയുണ്ട് എന്നത് വസ്തുതയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുറച്ച് തുക കൊടുക്കാനുണ്ട്. അതിന്റെ വൈവിദ്ധ്യവൽക്കരണം, ബാംബൂ ടൈൽ ഉൽപ്പാദനത്തിന്റെയും നവീകരണത്തിന്റെയും പ്രശ്നം, ബാംബൂ മാറ്റ് നെയ്യുന്നതിന് തൊഴിലാളികളുടെ അദ്ധ്വാനം കുറയ്ക്കുന്നതിനു വേണ്ടിയുള്ള ചെറിയ യന്ത്രങ്ങൾ, നേരത്തെ ശ്രീ. സി. കൃഷ്ണൻ പറഞ്ഞതുപോലെ ലഘുയന്ത്രങ്ങൾ പ്രയോജനപ്പെടുത്തി തൊഴിലാളിയുടെ അദ്ധ്വാനഭാരം കുറയ്ക്കുകയും കൂടുതൽ ഉൽപ്പാദനം നടത്തുകയും ചെയ്യുന്ന സ്ഥിതിയിലേയ്ക്ക് പുതിയ സുവനീറുകൾ ഉൾപ്പെടെ പ്രയോജനപ്പെടുത്തുന്ന സ്ഥിതി തുടങ്ങിയവ ഇതിന്റെ ഭാഗമായി ചെയ്യുന്നു.

ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്ന പദ്ധതികളാണ് നടപ്പാക്കുന്നത്. തൊഴിലാളികൾക്ക് ആവശ്യമായ സ്ലൈവർ (Sliver) ഉൽപ്പാദിപ്പിച്ചുകൊടുക്കാൻ ഒരു പുതിയ കേന്ദ്രംകൂടി ആരംഭിക്കുകയാണ്. ഖാദി ബോർഡിന്റെ വിൽപ്പന കേന്ദ്രങ്ങൾ നവീകരിക്കൽ, കമ്പ്യൂട്ടർവൽക്കരണം, ഗോഡൗൺ നവീകരിക്കൽ, പുതിയ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കൽ എന്നിവ ചെയ്തിട്ടുണ്ട്. വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനുമായി പയ്യന്നൂർ ഖാദി കേന്ദ്രത്തിന് കീഴിൽ ഒരു കിടക്ക നിർമ്മാണ യൂണിറ്റ് മാർക്കറ്റുണ്ടെന്ന് കണ്ട് ആരംഭിക്കുകയാണ്. എറണാകുളം ജില്ലയിലെ കിഴക്കമ്പലത്ത് പേപ്പർ ബാഗ്, കൈക്കടലാസ് എന്നീ യൂണിറ്റുകളുടെ നിർമ്മാണവും നവീകരണവും കോഴിക്കോട് ജില്ലയിലെ മൂച്ചിക്കുന്ന് കളിമൺ വ്യവസായ യൂണിറ്റിന്റെ നവീകരണം തുടങ്ങി നിരവധി പദ്ധതികൾ ഇന്നലെ വരെ ശ്രദ്ധിക്കാതിരുന്ന ഖാദി മേഖലയിൽ ശ്രദ്ധിക്കാനായിട്ടുണ്ട്. അതുപോലെ തന്നെ ഹാൻവീവ്, ഹാന്റക്സ്, കൈത്തറി സംഘങ്ങൾ എന്നിവയെ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആ സംഘങ്ങളുടെ പ്രവർത്തന മൂലധനവുമായി ബന്ധപ്പെട്ടും അതുപോലെ അവരുടെ സാങ്കേതിക സഹായമുൾപ്പെടെയുമുള്ള കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന്റെ സഹായം നൽകാൻ ഈ വർഷം തുക വകയിരുത്തിയിട്ടുണ്ട്. ഹാൻവീവിന്റെ 50-ാം വാർഷികം പ്രമാണിച്ച് തൊഴിലാളികൾക്ക് കൂടുതൽ ജോലിയും സൗകര്യവും ലഭിക്കുന്ന ഒരു ഹാൻഡ്‌ലൂം വില്ല തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഈ വർഷം ആരംഭിക്കും. എറണാകുളത്ത് ഹാൻവീവിന് റീജിയണൽ ഓഫീസ് നിർമ്മിക്കുന്നതും ഈ വർഷത്തെ പദ്ധതിയുടെ ഭാഗമായി

വരുന്നുണ്ട്. കൈത്തറി നവീകരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്തും കണ്ണൂരും പ്രോസസ് ഹൗസ് സ്ഥാപിക്കുന്നുണ്ട്. ഇപ്പോൾ സ്കൂൾ യൂണിഫോമിനുവേണ്ടി ഉൽപ്പാദിപ്പിക്കുന്ന തുണി ഡൈ ചെയ്യാൻ തമിഴ്നാട്ടിലെ സർക്കാർ സ്ഥാപനങ്ങളെയും സഹകരണ സ്ഥാപനങ്ങളെയുമാണ് ആശ്രയിക്കുന്നത്. കേരളത്തിൽ ഡൈ ചെയ്യുന്നതിനുള്ള യൂണിറ്റ് ആരംഭിക്കുന്നതിന് നാട്ടുകാണിയിലാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്. ഈ സാമ്പത്തിക വർഷം ഡൈയിംഗ് യൂണിറ്റുകൂടി കൈത്തറി മേഖലയിൽ ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

കിൻഫ്രയുടെ കീഴിലുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ ചർച്ചയ്ക്ക് വരികയുണ്ടായി. സ്ഥലമെടുക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ടെങ്കിലും അതിന്റെ നിരവധി നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആ നടപടിക്രമങ്ങൾ നടക്കുകയാണ്. കണ്ണൂർ വിമാനത്താവളവുമായി ബന്ധപ്പെട്ട്, ബാംഗ്ലൂർ ഇടനാഴിയുമായി ബന്ധപ്പെട്ടൊക്കെ ഭൂമി ഏറ്റെടുക്കാനാണ് ശ്രമിച്ചിട്ടുള്ളത്. മങ്കടയിലെ ഭൂമി അനുയോജ്യമല്ലാത്തതിനാൽ ഉപേക്ഷിക്കപ്പെട്ടു, മലപ്പുറത്തെ അവഗണിക്കുന്നു എന്നൊക്കെ ശ്രീ. മഞ്ഞളാംകുഴി അലി സംസാരിക്കുമ്പോൾ പറഞ്ഞു. മലപ്പുറത്തെ അവഗണിക്കുന്ന പ്രശ്നമൊന്നുമില്ല. മലപ്പുറത്തെ കുറ്റിപ്പുറത്തും കാക്കഞ്ചേരിയിലുമൊക്കെയുള്ള പുതിയ പദ്ധതികളെക്കുറിച്ച് സമയക്കുറവുള്ളതുകൊണ്ട് അതിലേയ്ക്ക് പോകുന്നില്ല. അന്നത്തെ ഗവൺമെന്റ് നിർദ്ദേശിച്ച സ്ഥലം വളരെ കുത്തനെയുള്ള ഒരു പ്രദേശമാണ്.

3.00 PM]

അത് വ്യവസായ ആവശ്യത്തിനുവേണ്ടി പ്രയോജനപ്പെടുത്തുന്നതിൽ പരിമിതികളുണ്ടെന്നുള്ളത് കൊണ്ടാണ് അനുയോജ്യമല്ലെന്ന് തീരുമാനിച്ചത്. അതിലൊന്നും സർക്കാർ ഇടപെടുന്നതല്ലല്ലോ. ഉദ്യോഗസ്ഥരുടെയും കളക്ടറുടെയും പരിശോധനയുടെ ഭാഗമായാണ് ആ തീരുമാനം. മലപ്പുറം ജില്ലയോട് യാതൊരു അവഹേളനവുമില്ല. മലപ്പുറത്തെ വ്യവസായ സംരംഭങ്ങളെ സഹായിക്കാൻവേണ്ട നടപടികൾ തന്നെയാണ് സ്വീകരിക്കുന്നത്. കൊച്ചിയിലെ ഫാർമ പാർക്ക്, കുറ്റിപ്പുറത്തെ വ്യവസായ പാർക്ക് അതാണ് ഞാൻ സൂചിപ്പിച്ചത്. അത് മുമ്പ് നടത്താൻ കഴിയാതെ കിടന്നിരുന്നതാണ്. അവിടെ പുതിയ വ്യവസായ പാർക്ക് വരുന്നു. അതുപോലെ രാമനാട്ടുകരയിൽ ഇൻഡസ്ട്രിയൽ പാർക്ക് വരുന്നു. കൊച്ചിയിൽ അടിസ്ഥാന സൗകര്യമുൾപ്പെടെ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് സോണിന് കീഴിൽ മേജർ അടിസ്ഥാന പദ്ധതിക്കായി സ്ഥലമെടുപ്പ് നടപടികളൊക്കെ തുടർന്നുവരികയാണ്. ഭക്ഷ്യ സംസ്കരണ വ്യവസായത്തിന് ഒരു കയറ്റുമതി സംരംഭം തുടങ്ങുന്നതിനുവേണ്ടിയാണ് മട്ടന്നൂരിലെ പാർക്ക് ഉദ്ദേശിക്കുന്നത്. കാക്കഞ്ചേരിയിലെ

കിൻഫ്രാ ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ കയറ്റുമതി ഇൻകുബേഷൻ ഹബ്ബ് ഈ വർഷം ആരംഭിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. പാലക്കാട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ, അതുമായി ബന്ധപ്പെട്ട വ്യവസായ മേഖലയിൽ വൈദ്യുതിയുടെ ലഭ്യതക്കുറവുണ്ട്. വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ഈ വർഷം ഏറ്റെടുക്കുകയാണ്. തിരുവനന്തപുരത്തെ പള്ളിപ്പുറത്ത് ഗ്ലോബൽ ആയുർവ്വേദ വില്ലേജിനുവേണ്ട നടപടിക്രമങ്ങൾ അതിവേഗം നടന്നുകൊണ്ടിരിക്കുകയാണ്.

സ്ത്രീ തൊഴിലാളികൾക്ക് വലിയ പങ്കാളിത്തമുള്ള കെ.എസ്.ഐ.ഡി.സി.-യുടെയും കിൻഫ്രയുടെയും പാർക്കുകളിൽ സ്ത്രീകൾക്കുള്ള വിശ്രമകേന്ദ്രം, കുട്ടികളെ പരിപാലിക്കുന്നതിനുള്ള ക്രഷുകൾ, പൊതുസൗകര്യ കേന്ദ്രങ്ങൾ ഇവയൊക്കെ ഈ വർഷം ആരംഭിക്കുന്നതിനുവേണ്ടി പണം നീക്കിവച്ചിട്ടുണ്ട്. സ്ത്രീ തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അഡ്രസ്സ് ചെയ്യുകയാണ്. സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഈ പാർക്കുകളിൽ ആവശ്യത്തിനുള്ള സൗകര്യങ്ങളുണ്ടാകും.

കണ്ണൂരിൽ വിവിധ വികസന പദ്ധതികൾക്കായി 2000 ഏക്കർ ഭൂമി, വിമാനത്താവളം അവിടെയാണ് വരുന്നത് എന്നുള്ളതുകൊണ്ട് അതിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. റാന്നിയിലെ റബ്ബർ പാർക്കുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ദിവസം റവന്യൂ വകുപ്പുമന്ത്രിയുമായി യോഗം ചേർന്നിരുന്നു. സ്ഥലമെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആലോചിക്കുകയാണ്. കേരളത്തിലെ റബ്ബർ മേഖലയിലുണ്ടായ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി റബ്ബർ ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട് സിയാൽ മോഡലിൽ ഒരു കമ്പനി രൂപീകരിക്കുന്നതിനെക്കുറിച്ച് മുഖ്യമന്ത്രിതലത്തിലുള്ള ചർച്ച കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും നടപടിക്രമങ്ങൾക്കുംവേണ്ടി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു സമിതി ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആ പ്രോജക്ട് കേരളത്തിലെ റബ്ബർ കൃഷിക്കാരെ ഉൾപ്പെടെ സഹായിക്കാൻ കഴിയുന്നതാകും. അതിവേഗത്തിൽ ആ പദ്ധതി നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. സ്പീഡ് കുറവുണ്ട് എന്നത് സാങ്കേതികത്വത്തിന്റെ ചില കുറവുകളാണ് ഉദ്ദേശിച്ചത്. അതല്ലാതെ അത് വേണ്ട എന്നു വച്ചതല്ല. മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് ആ കാര്യം നിർവ്വഹിച്ചിട്ടുണ്ട്.

ചിറ്റൂർ ഷുഗർ മിൽ പൂട്ടിക്കിടക്കുന്ന സ്ഥാപനമാണെന്ന് ശ്രീ. കെ. കൃഷ്ണൻകുട്ടി സൂചിപ്പിക്കുകയുണ്ടായി. ചിറ്റൂർ ഷുഗർ മിൽ പ്രയോജനപ്പെടുത്തി കാർഷികോൽപ്പന്നങ്ങൾ, പഴങ്ങൾ, ഇവിടെ പറഞ്ഞതുപോലെ ജാതിയുടെ തൊണ്ട് ഉൾപ്പെടെ പ്രയോജനപ്പെടുത്തി പല സ്ഥലത്തും വിജയകരമായി വൈനുണ്ടാക്കാൻ കഴിയുമെന്ന ഒരു ആശയം വന്നു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായി ഒരുമിച്ചിരുന്ന് ഇക്കാര്യം ചർച്ച

ചെയ്തിട്ടുണ്ട്. അതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെയും സാധ്യതാ പഠനത്തിന്റെയും അടിസ്ഥാനത്തിൽ ഭാവി പ്രവർത്തനങ്ങൾ തീരുമാനിക്കാമെന്നാണ് കരുതുന്നത്. കെ.എസ്.ഐ.ഡി.സി. ഈ വർഷം തോന്നയ്ക്കൽ ജൈവപാർക്കിൽ ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട് മെഡ്സ് പാർക്ക് എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിക്കുകയാണ്. മെഡിക്കൽ ഉപകരണങ്ങളുടെ നിലവാര പരിശോധന, ഉൽപ്പാദനം, സാങ്കേതിക മികവിനുള്ള സൗകര്യങ്ങൾ ഉൾപ്പെടെയുള്ള ഒരു സ്ഥാപനമായിട്ടാണ് മെഡ്സ് പാർക്ക് എന്ന മെഡിക്കൽ ഡിവൈസസ് പാർക്ക് കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഈ വർഷം തോന്നയ്ക്കലിൽ ആരംഭിക്കാൻ ധാരണയായിട്ടുള്ളത്.

നാളികേര വ്യവസായ രംഗത്ത് കോഴിക്കോട് കുറ്റ്യാടിയിൽ സ്ഥലമെടുത്തിട്ടുണ്ടെങ്കിലും തുടർ പ്രവർത്തനങ്ങളൊന്നും നടന്നിരുന്നില്ല. ഈ വർഷം അതിന്റെ പ്രവർത്തനം കെ.എസ്.ഐ.ഡി.സി. ആരംഭിക്കുകയാണ്. 12 കോടി രൂപ നിക്ഷേപത്തോടുകൂടി കെ.എസ്.ഐ.ഡി.സി. ഈ വർഷം 58 സ്റ്റാർട്ട് അപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഐ.ടി.യിൽ മാത്രമല്ല മറ്റ് മേഖലയിലും സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കുകയാണ്. 58 സ്റ്റാർട്ട് അപ്പുകളിലായി ഒരു വർഷത്തിനുള്ളിൽ 650 തൊഴിലവസരങ്ങൾ. അതൊരു വലിയ സംഖ്യയല്ല. പക്ഷേ അത് വിജയകരമാണ് എന്നുള്ളതുകൊണ്ടാണ് ഞാൻ സൂചിപ്പിക്കുന്നത്. അതിനാവശ്യമായ എയ്ഞ്ചൽ ഫണ്ട് സ്കീം, യുവാക്കളുടെ സമ്മിറ്റ് എന്നിവയൊന്നും സർക്കാർ ഉപേക്ഷിച്ചിട്ടില്ല. ആ പദ്ധതികളൊക്കെ നല്ലപോലെ നടത്തിക്കൊണ്ടുപോകുകയാണ്. അതിന്റെ ഭാഗമായിട്ടുള്ള ഫണ്ടിംഗ് സ്കീം ഇപ്പോഴും നിലവിലുണ്ട്. അതിന്റെ സഹായം പ്രയോജനപ്പെടുത്തിയാണ് ഈ സംരംഭങ്ങൾ ആരംഭിക്കുന്നത്.

ആമ്പല്ലൂരിലെ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കിനുള്ള ഭൂമിയേറ്റെടുക്കൽ നടപടിക്രമങ്ങൾ നടക്കുകയാണ്. 15 ഏക്കർ ഭൂമിയാണ് വിട്ടുകിട്ടിയിട്ടുള്ളത്. 100 ഏക്കർ ഭൂമിയെങ്കിലും വേണം എന്നാണ് കണക്കാക്കിയിട്ടുള്ളത്. മുമ്പുകണ്ട ഭൂമിയിൽ കുറച്ച് വെറ്റ്‌ലാന്റായിരുന്ന എന്നുള്ള വിഷയമുണ്ട്. അതുകൊണ്ട് ജില്ലാ കളക്ടറുമായി ചർച്ചചെയ്ത് ആ ഹാർഡ്‌വെയർ പാർക്കിന്റെ ഭൂമിയേറ്റെടുക്കൽ നടപടികൾ തുടങ്ങുകയാണ്. ലോജിസ്റ്റിക്സുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കണമെന്നാണ് കരുതുന്നത്. കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളത്ത് ഒരു ലോജിസ്റ്റിക്സ് ഹബ്ബ് സ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപടി സ്വീകരിക്കും.

ചേർത്തലയിലെ പള്ളിപ്പുറത്തെ ഫുഡ് പാർക്ക് ഒന്നുമായില്ലെന്ന് ഇവിടെ ആരോ പറഞ്ഞു. മുഖ്യമന്ത്രിയാണ് ആ പദ്ധതിക്ക് തറക്കല്ലിട്ടത്. ചേർത്തലയിൽ അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അതിവേഗം നടന്നുകൊണ്ടിരിക്കുകയാണ്.

അത് സീ ഫുഡുമായി ബന്ധപ്പെട്ടതാണ്. പാലക്കാട് കഞ്ചിക്കോട്ട് കാർഷിക വിഭവങ്ങളുടെ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുകയാണ്. 2019-ൽ അത് കമ്മീഷൻ ചെയ്യും. കൃഷിക്കാർക്കും മത്സ്യമേഖലയിലെ ആളുകൾക്കുമൊക്കെ പ്രയോജനം ചെയ്യുന്ന പ്രോജക്ടുകളാണ്. സീ ഫുഡ് മേഖലയിൽ നമ്മൾ ഇടപെടുന്നുണ്ട്. വ്യവസായ സംരംഭകരുടെ ഒരു വിവരവും സർക്കാരിന്റെ കൈവശമുണ്ടായിരുന്നില്ല. വ്യവസായ വകുപ്പിലെ താലൂക്കുതല ഉദ്യോഗസ്ഥന്മാർ നേരിട്ട് സ്ഥലം സന്ദർശിച്ച് അവിടെയുള്ള മുഴുവൻ അടിസ്ഥാന വിവരങ്ങളും ശേഖരിച്ച് ജിയോ ടാഗിംഗ് നടത്തി വിവരങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഒരു സംരംഭകനാവശ്യമായ റോ മെറ്റീരിയൽ എവിടെയൊക്കെയുണ്ട് എന്ന് വിഭവത്തെക്കുറിച്ചുള്ള വിവരശേഖരണം നടത്തിയിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് എവിടെയൊക്കെ, എന്തൊക്കെ അനുകൂല അന്തരീക്ഷമാണുള്ളതെന്ന് മനസ്സിലാക്കാൻ കഴിയുന്ന സൗകര്യങ്ങളും വ്യവസായ വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. എം.എസ്.എം.ഇ.-കൾക്ക് കേന്ദ്ര പദ്ധതിയുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടുകൂടി അത്തരം ഒരു പദ്ധതി ആരംഭിക്കണമെന്ന് ആലോചിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള പൊതുസൗകര്യ കേന്ദ്രങ്ങൾ, ഇൻകുബേഷൻ സെന്ററുകൾ, സി.എഫ്.സി.-കൾ, മറ്റുള്ള സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ചെറുകിട-സൂക്ഷ്മ-ഇടത്തരം സംരംഭങ്ങളിൽ ചിലത് പരാജയപ്പെടുന്നുണ്ട്. അത് മാനേജ്മെന്റ് സമ്പ്രദായത്തിലെ കുറവ്, സാമ്പത്തിക ലഭ്യതക്കുറവ്, വിപണനത്തിലെ പ്രശ്നങ്ങൾ എന്നീ കാരണങ്ങൾ കൊണ്ടാണ്. ഓരോ പ്രശ്നങ്ങളും മനസ്സിലാക്കി തകർന്നുപോകാനിടയാകുന്ന വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കാൻ വേണ്ടിയുള്ള ഒരു പുതിയ പാക്കേജിനുവേണ്ടി ബജറ്റിൽ സംഖ്യയുണ്ട്. കൂടുതൽ പണം വേണമെങ്കിൽ കണ്ടെത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒരു വ്യവസായ സംരംഭം തകർച്ചയിലേയ്ക്ക് പോകാതിരിക്കാൻ സഹായിക്കുന്ന നിലപാടുകൂടി ഇതിന്റെ ഭാഗമായി സ്വീകരിക്കുകയാണ്.

വാണിജ്യമിഷൻ ഈ വർഷം നിലവിൽ വരും. വിപണനത്തിനും മാർക്കറ്റിംഗിനുമായി ഇന്ന് നടക്കുന്ന പരിശ്രമങ്ങളെക്കുറിച്ചൊക്കെ പറയാനുള്ള സമയമില്ല. ആ അർത്ഥത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ക്രിയാത്മകമായ പദ്ധതികളാണ് സംസ്ഥാന സർക്കാർ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ച ഒരുകാര്യം കൂടി സൂചിപ്പിക്കുകയാണ്. ഒരു വ്യവസായ സംരംഭമുണ്ടാകുമ്പോൾ പാരിസ്ഥിതിക പ്രശ്നത്തിന്റെ പേരിൽ അതിനെതിരായിട്ടുള്ള ശബ്ദം ചിലയിടത്തെങ്കിലുമുണ്ടാകുന്നുണ്ട്. ഏത് സ്ഥലമെന്നൊന്നും പറയുന്നില്ല. ആ പാരിസ്ഥിതിക പ്രശ്നത്തിന് പരിഹാരം കാണുന്നതിനുപകരം അത് അടച്ചുപൂട്ടാൻ നടത്തുന്ന നിലപാടുകൾക്കെതിരായ പൊതുസമീപനവും നമ്മുടെ രാജ്യത്ത് വ്യവസായ അന്തരീക്ഷം രൂപപ്പെടുന്നതിൽ പ്രധാനപ്പെട്ടതാണ് എന്ന് അദ്ദേഹം പറഞ്ഞത് വസ്തുതയാണ്. ആ അർത്ഥത്തിലുള്ള ഒരു പൊതുബോധം

നമ്മുടെ രാജ്യത്തുണ്ടാകണം. ക്വാറി, ക്രഷർ മേഖലയിലുള്ള പ്രശ്നം സുപ്രീം കോടതിയുടെയും കേന്ദ്ര ഗവൺമെന്റിന്റെയും വിധിയുടെ ഭാഗമായിട്ടാണ്. സംസ്ഥാന സർക്കാർ പരമാവധി ഇടപെട്ട് അതിന്റെ ലഭ്യത ഉറപ്പുവരുത്താൻവേണ്ടി നിയമപരമായ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വിദേശത്തുനിന്നും മണൽ കൊണ്ടുവരാൻ ശ്രമിക്കുന്ന ആളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. കഴിഞ്ഞ ദിവസം വിദേശത്തുനിന്ന് പാറ ഇറക്കുമതി ചെയ്യാൻ തയ്യാറാണെന്ന് പറഞ്ഞ് ഒരു കമ്പനി വന്നിട്ടുണ്ട്. നമുക്ക് ഇവിടെ ജനസാന്ദ്രത കൂടുതലാണ്, പാറയുടെ അളവ് കുറവാണ്. ഈ പ്രശ്നങ്ങളൊക്കെയുണ്ട്. നിർമ്മാണ മേഖലയിൽ ഇതിന്റെ ഭാഗമായിട്ടുള്ള പ്രശ്നങ്ങൾ സംഭവിച്ചിട്ടുണ്ട്. കളിമണ്ണിന്റെ കാര്യത്തിൽ കോഴിക്കോടും തൃശ്ശൂരും അതിന്റെ പഠനം പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ മാർച്ചിൽ തന്നെ കളിമണ്ണ് എടുക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പരമ്പരാഗത വ്യവസായങ്ങളെയും ചെറുകിട സംരംഭങ്ങളെയുമൊക്കെ സഹായിക്കാൻ കഴിയുന്ന നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. നയങ്ങളുടെ ഭാഗമായുള്ള ആക്രമണവും കോർപ്പറേറ്റുകളുടെ മത്സരവുമെല്ലാം അതിജീവിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുന്ന സഹായവും പിന്തുണയും സർക്കാരിന്റെ ഭാഗത്തുനിന്ന് നൽകാൻ വേണ്ടിയാണ് ഉദ്ദേശിക്കുന്നത്. ഇവിടെപ്പറഞ്ഞ ഐ.ടി.-യുമായി ബന്ധപ്പെട്ട കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്നുണ്ട്. ഞാൻ മറുപടി അവസാനിപ്പിക്കുന്നു. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ വി. ഡി. സതീശൻ സ്കിൽ ഡെവലപ്മെന്റ് പ്ലാറ്റ്ഫോം ഓഫ് കേരളയെ സംബന്ധിച്ച് ചില പ്രശ്നങ്ങൾ ഉന്നയിക്കുകയുണ്ടായി. അതൊരു കിഫ്ബി പദ്ധതിയാണെന്നാണ് അദ്ദേഹം കരുതിയിട്ടുള്ളത്. കിഫ്ബിയിൽ നിന്നായാലും തകരാറൊന്നുമില്ല. പക്ഷെ ബജറ്റിൽ നിന്നാണ് അതിനാവശ്യമായ തുക കണ്ടെത്തുന്നത്. കഴിഞ്ഞ വർഷത്തെ നയപ്രഖ്യാപന പ്രസംഗത്തിൽതന്നെ ഈ ഭാഗം ഉൾപ്പെടുത്തിയിരുന്നു. ഇക്കാര്യങ്ങളിൽ എന്തോ ugly haste ഉണ്ടെന്നാണ് ഇദ്ദേഹം സൂചിപ്പിച്ചത്. വൃത്തികെട്ട വ്യഗ്രത ഉണ്ടെന്നാണ് അദ്ദേഹത്തിന് സംശയം. നമ്മുടെ സംസ്ഥാനത്ത് മാറുന്ന സാങ്കേതികവിദ്യകൾ കോളേജുകളിൽ പരിചയപ്പെടുത്തേണ്ടതായിട്ടുണ്ട്. ആ ഒരു ഉദ്ദേശ്യമാണ് സ്കിൽ ഡെവലപ്മെന്റ് പ്ലാറ്റ്ഫോം ഓഫ് കേരളയ്ക്ക് രൂപം കൊടുക്കുന്നതിന് പിന്നിലുണ്ടായത്. മാറുന്ന സാങ്കേതികവിദ്യ എന്ന് പറഞ്ഞാൽ, artificial intelligence, cyber security, data analysis, augmented reality, virtual reality, block chain തുടങ്ങിയ ഒട്ടേറെ പുതിയ മേഖലകൾ വരും. ഈ മേഖലകളിൽ പ്രാവീണ്യമുള്ള ആളുകളെ നമ്മുടെ വ്യവസായങ്ങൾക്ക് വേണം. അങ്ങനെയുള്ളവരെ സൃഷ്ടിക്കുകയാണ് വേണ്ടത്.

ഇതൊന്നും സാധാരണ സിലബസിൽ ഇല്ല. ഇത്തരം സ്കിൽസ് ഓൺലൈനായി നൽകുകയാണ് യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്ന കാര്യം. ഇതിൽ ആവശ്യമായ സ്കിൽ കുട്ടികൾക്ക് നേരിട്ട് നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇത് നമുക്ക് ചെയ്യാൻ സാധിക്കാതിരുന്നാൽ എഞ്ചിനീയറിംഗ് കോളേജിൽനിന്ന് പഠിച്ചിറങ്ങുന്ന കുട്ടികളിൽ പലരും തൊഴിലില്ലാത്തവരായി മാറും. അതാണ് ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് സംഭവിക്കുന്നത്. അത്തരമൊരു സാഹചര്യത്തിലാണ് സ്കിൽ ഡെവലപ്മെന്റ് പ്ലാറ്റ്ഫോം ഓഫ് കേരളയ്ക്ക് രൂപംകൊടുക്കുന്നതിന് സന്നദ്ധമായത്. പ്രസ്തുത പദ്ധതിക്ക് 90 കോടി രൂപയാണ് അടങ്കൽ തുകയെങ്കിലും ടെണ്ടറിൽ 46 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. 150 എഞ്ചിനീയറിംഗ് കോളേജുകളെ ബാധിക്കുന്ന പദ്ധതിയാണ്. അതാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 10 എം.ബി.യുടെ കണക്ടിവിറ്റി ബി.എസ്.എൻ.എൽ. വഴിയാണ് എടുക്കുന്നത്. മൂന്ന് ഘട്ടങ്ങളായാണ് ഇത് ചെയ്യുന്നത്. ഒന്ന്, ക്ലാസ് മുറികൾ തയ്യാറാക്കണം. അതിനുള്ള ഉത്തരവാദിത്തം കോളേജുകൾക്ക് ഉള്ളതാണ്. ഇതിനുവേണ്ട നിർദ്ദേശം കേരള സാങ്കേതിക സർവ്വകലാശാല നൽകിക്കഴിഞ്ഞിട്ടുണ്ട്. രണ്ട്, ഇക്കാര്യത്തിൽ ആവശ്യമായ കോഴ്സുകൾ തയ്യാറാക്കണം. ഇതിനുള്ള ചുമതല ICT അക്കാദമിക്കാണ്. ശ്രീ. ഷിബുലാൽ ചെയർമാനായ സ്ഥാപനമാണ് ICT അക്കാദമി. ഇവർ കേരളത്തിലെ പ്രമുഖ ഐ.ടി. കമ്പനികളുമായും National Association of Software and Services Companies (Nasscom), Irish Software Association (ISA) തുടങ്ങിയ ദേശീയ വ്യവസായ സംഘടനകളുമായും നിരന്തരം ചർച്ച ചെയ്താണ് ഇതിന് രൂപം കൊടുത്തത്. മൂന്ന്, ഓൺലൈൻ കോഴ്സുകൾ ചെയ്യാൻ കഴിയുന്ന ഇന്ററാക്ടീവായ ഐ.ടി. സംവിധാനം. ഇതാശുക ഇപ്പോൾ ടെണ്ടർ ചെയ്തിട്ടുള്ളത്. ഇതിന്റെ പ്രൊക്യൂർമെന്റ് കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്. പ്രോ-റേറ്റാ ബേസിസിൽ ക്ലാസ് മുറികൾ ഒരുക്കണം. അതിനുശേഷം ഈ പദ്ധതിയിൽ ചേരാൻ മുന്നോട്ടുവരാൻ തയ്യാറാകുന്ന എഞ്ചിനീയറിംഗ് കോളേജുകളെ മാത്രമാണ് ഇതിൽ ഉൾക്കൊള്ളിക്കുന്നത്. ഇക്കാര്യത്തിൽ നാം ശ്രദ്ധിക്കേണ്ട കാര്യം, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഹാർഡ്വെയർ സ്റ്റാർട്ട് അപ്പുകളാണ് വരുന്നത്. ഇതിന് പ്രധാന കാരണം Massachusetts Institute of Technology (MIT)-യുടെ കീഴിലുള്ള Fab Academy വഴി നൽകിയ ഓൺലൈൻ പരിശീലനമാണ്. ഇതുകാരണം കുറേയധികം കുട്ടികൾ Fab Lab-കൾ ഉപയോഗിച്ച് തുടങ്ങി. വിജയകരമായ മാതൃക കോളേജുകളിൽ കൂടുതൽ മേഖലകളിൽ എത്തിക്കുക എന്നതാണ് സ്കിൽ ഡെവലപ്മെന്റ് പ്ലാറ്റ്ഫോം ഓഫ് കേരളയുടെ പദ്ധതി വഴി ഉദ്ദേശിക്കുന്നത്. K-FON പദ്ധതി പൂർത്തിയാകുമ്പോൾ എസ്.റ്റി.പി.കെ.യുടെ കണക്ടിവിറ്റി അതുവഴി ലഭ്യമാകും. പദ്ധതി നടപ്പാകണമെന്നതിൽ വ്യഗ്രതയുണ്ട്. വൃത്തികെട്ട വ്യഗ്രതയില്ലായെന്ന് മാത്രം.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പദ്ധതി പരിശോധിക്കുന്നതിനുവേണ്ടിയാണ് നിയമസഭയിൽ പറഞ്ഞത്. ഞാൻ രണ്ടുമൂന്ന് കാര്യങ്ങളാണ് ഉന്നയിച്ചത്. കേരളത്തിലെ 150 കോളേജുകളിൽ 135-ഓളം കോളേജുകൾ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ്. അങ്ങ് പറഞ്ഞു ബഡ്ജറ്റ് പ്രൊവിഷൻ ആണെന്ന്. ബജറ്റിലെ പണം മുടക്കി ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യം ഒരുക്കിക്കൊടുക്കേണ്ട ആവശ്യമുണ്ടോയെന്നാണ് ഞാൻ ചോദിച്ചത്. രണ്ടാമത്തെ കാര്യം, ഇതിന്റെ കണക്റ്റിവിറ്റി കൊടുക്കണം. കണക്റ്റിവിറ്റി കൊടുത്തു കഴിഞ്ഞതിന് ശേഷം മാത്രമാണ് ഇതിന്റെ പ്രൊക്യൂർമെന്റ് നടത്തേണ്ടത്. അങ്ങ് പ്രൊക്യൂർമെന്റ് നടത്തിയിട്ടില്ലായെന്ന് പറഞ്ഞു. പക്ഷെ, പർച്ചേസ് ഓർഡർ സർക്കാർ അംഗീകരിക്കുന്ന സ്റ്റെപ്പ് വരെ എത്തിനിൽക്കുകയാണ്. എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിരിക്കുകയാണ്. അവിടത്തെ സിവിൽ വർക്കുകൾ പൂർത്തിയാക്കണം, അവരുടെ സമ്മതം വേണം. ഈ കോളേജുകൾ തയ്യാറായി മുന്നോട്ടുവരാതെ അതിന് മുമ്പുതന്നെ ഇത്രയും സാധനങ്ങൾ പ്രൊക്യൂർ ചെയ്യാനുള്ള നടപടിക്രമങ്ങൾ എങ്ങനെയാണ് പൂർത്തിയാക്കിയത്; എത്ര കോളേജുകളാണ് മുന്നോട്ട് വരുന്നതെന്ന് നമ്മൾ അറിയണ്ടേ; അറിഞ്ഞതിനുശേഷം അതിന്റെ അടിസ്ഥാനത്തിലല്ലേ മെറ്റീരിയലുകൾ നമ്മൾ വാങ്ങിക്കേണ്ടത്. അങ്ങ് പറഞ്ഞത് വച്ചാണെങ്കിൽ 30 ലക്ഷം രൂപയോളം ഒരു കോളേജിന് ചെലവ് വരുന്നുണ്ട്. 46 കോടി രൂപയോളം ചെലവഴിക്കുന്ന പ്രോജക്ടാണ്. ഞാൻ അഴിമതി ആരോപണമായിട്ടൊന്നും ഉന്നയിച്ചിട്ടില്ല. ഇതിനേക്കാൾ 25 ശതമാനം ചെലവ് കുറഞ്ഞ നിരക്കിൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയും. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് തന്നെ അറിയാം. അദ്ദേഹം അവിടെ പോയി ക്ലാസ് എടുക്കുന്ന ആളാണെന്ന് ഞാൻ സൂചിപ്പിച്ചു. ഈ വെർച്വൽ ക്ലാസ് മുറികൾ കുറേക്കൂടി അപ്ഗ്രേഡ് ചെയ്താൽ പോലും ഇത്രയും തുക ഇതിനാകില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് ഒരു സംവിധാനം ഏർപ്പെടുത്തി ഇത്രയും തുക ആവശ്യമുണ്ടോയെന്നും ഇത്രയും തുക ചെലവഴിക്കേണ്ടതുണ്ടോയെന്നും ഇതിന്റെ നടപടിക്രമങ്ങൾ ശരിയാണോ എന്നുമുള്ള കാര്യങ്ങൾ പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ അദ്ദേഹം ചൂണ്ടിക്കാണിച്ചത് സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട കാര്യമാണ്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് നിലവാരം കുറവാണെന്ന അഭിപ്രായം നമ്മുടെ സമൂഹത്തിൽ ഉയർന്നുവരാറുണ്ട്. ആ നിലവാരം ശക്തിപ്പെടുത്തുന്നതിനു വേണ്ടി പല ഇടപെടലുകളും പല തലങ്ങളിലും ഉയർന്നതുമാണ്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്/ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നിന്നായാലും യോഗ്യതയോടുകൂടി പഠിച്ചിറങ്ങുന്ന വിദ്യാർത്ഥിയെ ആ ഫീൽഡിലുള്ള

വിദഗ്ധനായാണ് കണക്കാക്കുന്നത്. യോഗ്യത സമ്പാദിക്കുന്നതിന് ആവശ്യമായ വിഭവങ്ങളില്ലെങ്കിൽ യോഗ്യതയിൽ വലിയ കുറവുണ്ടാകും. ചിലർ ശരാശരി യോഗ്യത പോലും ഇല്ലാതെയാണ് പഠിച്ചിറങ്ങുന്നത്. അങ്ങനെയുള്ള വ്യക്തി സമൂഹത്തിന് ബാധ്യതയായിട്ടാണ് വരുന്നത്. എല്ലാ മേഖലയിലുമുള്ളവരെ സ്വാഭാവികമായും എക്യുപ്ഡ് ആക്കുക എന്നത് വളരെ പ്രധാനമാണ്. അവർ ശരിയായ രീതിയിൽ യോഗ്യത സമ്പാദിച്ചിരിക്കണം. ഈ പദ്ധതി പൂർണ്ണമായും അവരുടെ സ്കിൽ ഡെവലപ് ചെയ്യാനുള്ള സംവിധാനമാണ് ഒരുക്കുന്നത്. അവരുടെ ഓരോരുത്തരുടെയും സാങ്കേതിക മികവ് വർദ്ധിപ്പിക്കാനാണ് സഹായിക്കുന്നത്. ഏത് കോളേജ് തയ്യാറാകുമെന്ന കാര്യത്തിൽ അദ്ദേഹം ശങ്കിക്കുന്നുണ്ട്. അക്കാര്യം നമുക്ക് നോക്കാം. തയ്യാറാകുന്ന കോളേജുകളിലാണ് ഇത് നടപ്പിലാക്കുന്നത്. ഇത് ആരെയും നിർബന്ധിച്ച് നടപ്പിലാക്കുന്ന കാര്യമല്ല. പക്ഷെ കോളേജുകളിൽ ഈ സൗകര്യം ഉണ്ടെങ്കിൽ സാധാരണ നിലയിൽ കോളേജിന് ഒഴിഞ്ഞുനിൽക്കാൻ സാധിക്കില്ല. ലോകത്ത് ആവശ്യമായി വരുന്ന സാങ്കേതികവിദ്യകളാണ് കുട്ടികൾക്ക് കിട്ടാൻ പോകുന്നത്. അതിന്റെ ഭാഗമായി മാറാൻ ഓരോ കുട്ടിയും കോളേജും ആഗ്രഹിക്കും. അതിന്റെ ഭാഗമായുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. നടപടിക്രമങ്ങളിൽ ഒരുതരത്തിലുള്ള വീഴ്ചയും വരാതെ ശ്രദ്ധിച്ചുതന്നെയാണ് നടപ്പിലാക്കാൻ പരിശ്രമിക്കുന്നത്. ഒരു വീഴ്ചയും അക്കാര്യത്തിൽ ഉണ്ടാകില്ല. എല്ലാ കാര്യങ്ങളും വേഗം നടക്കണമെന്ന താൽപ്പര്യം സ്വാഭാവികമായും ഗവൺമെന്റിനുണ്ടാകും. അതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാകുന്നുണ്ടാകും. എന്നാൽ സാങ്കേതികമായ പിഴവുകൾ വരാതെ തന്നെ കാര്യങ്ങൾ നടത്താനാണ് ശ്രദ്ധിക്കുന്നത്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന് ഒരുതരത്തിലുള്ള ആശങ്കയും ആവശ്യമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടത്തെ പ്രധാന വിഷയം request for proposal വച്ച് ടെണ്ടർ സ്വീകരിച്ച് അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി എന്നുള്ളതാണ്. മെറ്റീരിയലിന് പർച്ചേയ്സ് ഓർഡർ കൊടുക്കാൻ പോകുകയാണ്. 150 കോളേജുകൾക്കുവേണ്ടിയുള്ള മെറ്റീരിയലാണ് ടെണ്ടർ ചെയ്തിരിക്കുന്നത്. മെറ്റീരിയൽസ് വാങ്ങിവച്ചതിനുശേഷമാണോ ഏതെല്ലാം കോളേജുകൾ തയ്യാറായി മുന്നോട്ടുവരുമെന്ന് പരിശോധിക്കാൻ പോകുന്നത്? 150 കോളേജുകൾക്കും സാധനങ്ങൾ വാങ്ങിവച്ചാൽ 50 കോളേജുകൾ മാത്രമേ തയ്യാറായി വരുന്നുള്ളൂവെങ്കിൽ ബാക്കി 100 കോളേജുകളുടെ സാധനങ്ങൾ എങ്ങോട്ട് കൊണ്ടുപോകും? അങ്ങനെയുള്ള വളരെ ഗുരുതരമായ കാര്യങ്ങളാണ് ഞാൻ ഈ സഭയിൽ വളരെ ആധികാരികമായി ഉന്നയിച്ചത്. അക്കാര്യം പരിശോധിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണമെന്നാണ് ഞാൻ സൂചിപ്പിച്ചത്.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ഉന്നയിക്കുന്ന കാര്യങ്ങൾ സദുദ്ദേശപരമാണെന്നാണ് ഞാൻ ഇപ്പോഴും ധരിക്കുന്നത്. ഒരുതരത്തിലുമുള്ള ദുരുദ്ദേശത്തോടെ അദ്ദേഹം ഉന്നയിക്കുകയാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഇക്കാര്യം വേഗം നടക്കുന്നതിനുള്ള നടപടികൾ മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. സാങ്കേതികമായ പിഴവുകളുണ്ടാകരുതെന്നാണ് അദ്ദേഹം ഉന്നയിക്കുന്നത്. ഒരു സാങ്കേതിക പിഴവും ഇല്ലാതിരിക്കാൻ ഇപ്പോൾത്തന്നെ ശ്രദ്ധിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞതിന്റെ ഭാഗമായി ഒന്നുകൂടി ശ്രദ്ധിക്കാം.

മി. സ്പീക്കർ: സർവ്വശ്രീ മഞ്ഞളാംകുഴി അലി, പി. ബി. അബ്ദുൽ റസ്സാക്ക്, പി. ഉബൈദുള്ള, എൻ. എ. നെല്ലിക്കുന്ന്, പി. ടി. തോമസ്, അബ്ദുൽ ഹമീദ് പി., ടി. വി. ഇബ്രാഹിം, റോജി എം. ജോൺ, പി. കെ. അബ്ദു റബ്ബ്, എൻ. ഷംസുദ്ദീൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, കെ. സി. ജോസഫ്, ഡോ. എം. കെ. മുനീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി

4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ പി.
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ്കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. കെ. രാജു
50. ശ്രീ. രാജു എബ്രഹാം
51. ശ്രീ. ആർ. രാമചന്ദ്രൻ

52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീമതി വീണാ ജോർജ്ജ്
75. ശ്രീ. കെ. വി. വിജയദാസ്

76. ശ്രീ. ഇ. കെ. വിജയൻ

77. ശ്രീ. പിണറായി വിജയൻ

78. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ</u> :

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. അടൂർ പ്രകാശ്

4. ശ്രീ. മഞ്ഞളാംകുഴി അലി

5. ശ്രീ. അനിൽ അക്കര

6. ശ്രീ. അനൂപ് ജേക്കബ്

7. ശ്രീ. അൻവർ സാദത്ത്

8. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

9. ശ്രീ. ഹൈബി ഈഡൻ

10. ശ്രീ. കെ. സി. ജോസഫ്

11. ശ്രീ. സി. മമ്മൂട്ടി

12. ഡോ. എം. കെ. മുനീർ

13. ശ്രീ. കെ. മുരളീധരൻ

14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

15. ശ്രീ. രമേശ് ചെന്നിത്തല

16. ശ്രീ. വി. പി. സജീന്ദ്രൻ

17. ശ്രീ. എൻ. ഷംസുദ്ദീൻ

18. ശ്രീ. വി. ഡി. സതീശൻ

19. ശ്രീ. കെ. എം. ഷാജി

20. ശ്രീ. വി. എസ്. ശിവകുമാർ

21. ശ്രീ. സണ്ണി ജോസഫ്

22. ശ്രീ. പി. ടി. തോമസ്

23. ശ്രീ. പി. ഉബൈദുള്ള

24. ശ്രീ. എം. ഉമ്മർ

25. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>:

അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 25

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## VI അറിയിപ്പ്

### യോഗ ക്ലാസ്

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട നിയമസഭാ സാമാജികർക്കുവേണ്ടി നാളെ മുതൽ ഒരു യോഗാ ക്ലാസ് ആരംഭിക്കുന്നുണ്ട്. വളരെ കുറച്ച് അംഗങ്ങൾ മാത്രമാണ് അതിന് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്. രാവിലെ 6 മണിക്കാണ് ക്ലാസ് വച്ചിട്ടുള്ളത്. എല്ലാവർക്കും കത്തയച്ചിരുന്നു. ഇനിയും താൽപ്പര്യമുള്ള എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. പരമാവധി അംഗങ്ങൾ അതിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് മാസം 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.24-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.